Date of publication : 1 ഏപ്രിൽ 2022
വോള്യം 18/ലക്കം 23
ISSN 2319-9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത




## പെൺ പത്രപ്രവർത്തന ചരിത്രം



വായിക്കാം സംഘടിതയിലൂടെ
പുതിയ കാലത്തെ
സ്ത്രീയെ
പുനർനിർവ്വചിക്കുന്ന
സ്ത്രീപക്ഷ മാസിക
സംഘടിത
www.sanghaditha.com

# സംഘടിത

ഏപ്രിൽ 2022/ വോള്യം 18/ലക്കം 23


**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**ഗസ്റ്റ് എഡിറ്റർ**
മഞ്ജു എം. ജോയ്
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഡോ.ഷർമ്മിള ആർ.
ഗാർഗി ഹരിതകം
ഡോ.മുത്തുലക്ഷ്മി കെ.
ശ്രീജിത
**ഉപദേശകസമിതി** :
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ** :
സുവിജ കെ.
**വെബ്സൈറ്റ്** :
വസന്ത പി.


........................................


**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com


........................................


Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4



പത്രപ്രവർത്തനരംഗത്തെ സ്ത്രീ ചരിത്രം
**ഗീതാനസീർ** 7

'കേരളീ സുഗുണബോധിനി' മുതൽ 'സംഘടിത' വരെ
**കെ.എ.ബീന** 16

ജീവിത പന്ഥാവായ 'ബോവ ചി'
**പ്രേമ മന്മഥൻ** 37

ഒരു മാധ്യമ പ്രവർത്തകയുടെ അനുഭവ സഞ്ചാരങ്ങൾ 40
**മഞ്ജു എം. ജോയ്**

മലയാളത്തിലെ ആദ്യകാല വനിതാപത്രപവർത്തകർ
**കെ.എ.ബീന** 46

കെ.റെയിൽ എന്ന വികസന മാതൃക?
**പെൺപക്ഷം /അജിത കെ.** 65

പത്രപ്രവർത്തന യാത്രകൾ...
**കെ.എ.ബീന** 66

നിരാശക്കും പ്രത്യാശക്കുമിടയിൽ
**വഴിത്താരകൾ /ജാനകി** 71

ആദ്യകാല സ്ത്രീലേഖനങ്ങൾ 73

ഒരു പത്രപ്രവർത്തകയുടെ ഓർമ്മകൾ
**വി.പി. റജീന.** 109

സ്ത്രീയുടെ അസ്തിത്വത്തെക്കുറിച്ചുള്ള ബുവേറിയൻ നിലപാട്
**പഠനം /മായ എസ്.** 110

വലമണിയും ചില അനുബന്ധചിന്തകളും
**കഥ /എൻ.കെ.ഷീല** 114

വിനായകനെ വായിക്കുമ്പോൾ
**വാസ്തവം /ഡോ.ജാൻസി ജോസ്** 117

ആകാശ വിസ്മയങ്ങളിലേക്ക് മിഴിനട്ട സിസിലിയ ഗാഷോഷ്കിൻ
**ശാസ്ത്രം /സീമ ശ്രീലയം** 118

# മുഖവുര



ഷീബ കെ.എം.

**ശ്രീ**ലങ്കയിലെ സമ്പദ്ഘടന ഗുരുതരാവസ്ഥയിൽ തുടരുകയാണ്. സാമ്പത്തിക ഞെരുക്കങ്ങൾ സാധാരണ ജനങ്ങളെ തീവ്രമായി ബാധിക്കുന്നുണ്ട്. ഭക്ഷണത്തിനും മരുന്നിനും ഇന്ധനത്തിനും കടുത്ത ക്ഷാമവും വിലക്കയറ്റവും നേരിടുന്ന ഘട്ടത്തിൽ ഏതൊരു സംഘർഷാവസ്ഥയിലുമെന്ന പോലെ ആ രാജ്യത്തെ സ്ത്രീകൾ ഇതിന്റെ പ്രത്യാഘാതങ്ങൾ കഠിനമായി അനുഭവിക്കുന്നുണ്ട്.

ഇന്ത്യാരാജ്യത്തെ വിലക്കറ്റത്തിന്റെ പരിധികൾ സാമാന്യ ജനജീവിതം അസാധ്യമാക്കുന്ന തരത്തിൽ മുന്നേറുകയാണ്. ഇന്ധനവില, പാചകവാതക വില , ഭൂനികുതി, വെള്ളക്കരം , അവശ്യമരുന്ന് വില എല്ലാം സാധാരണ ജനങ്ങളുടെ നട്ടെല്ലൊടിക്കും വിധം അനുദിനം കുതിക്കുകയാണ്. പൊതു തെരഞ്ഞെടുപ്പ് കഴിയാൻ കാത്തു നിന്നേ പോലെയാണ് ഈ കൊടും വർദ്ധനവ്. ചുടു വേനലിലെന്ന പോലെ നീറുകയാണ് പ്രജകൾ എന്ന യാഥാർത്ഥ്യം ഭരണകർത്താക്കൾ കണ്ടില്ലെന്ന് നടിക്കുന്നത് അപലപനീയമാണ്.

പുനെയിലെ അറുപതോളം സ്ത്രീകൾക്ക് സ്വന്തം കൃഷിയിടത്തിനുമേൽ കൂട്ടുടമസ്ഥത കൈവന്നു എന്ന വാർത്ത ഏറെ സന്തോഷകരമാണ്. ഒരു ദശകത്തോളമായി സ്വന്തം ഭൂമിയിൽ വെറും കർഷകത്തൊഴിലാളികളായി ജോലിയെടുത്തു വരികയായിരുന്നു ഇവർ. 'ലക്ഷ്മി മുക്തി യോജന' എന്ന പേരിൽ മുപ്പത് വർഷമായി ഈ പദ്ധതി നിലവിലുണ്ടായിരുന്നെങ്കിലും അതിന്റെ ഗുണഭോക്താക്കളാവാൻ സ്ത്രീകൾ ഇത്രയും ദീർഘമായ കാലം കാത്തിരിക്കേണ്ടി വന്നു എന്നത് ഖേദകരമാണ്.

സാങ്കേതികവിദ്യയും സ്ത്രീകളും തമ്മിൽ വലിയ അന്തരം സ്ഥാപിക്കുന്ന മട്ടിലുള്ള ലിംഗവാർപ്പുമാതൃകകൾ നിലനിൽക്കുമ്പോൾ  നൂതന സാങ്കേതിക വിദ്യയുടെ ഉപകരണങ്ങൾ ഉപയോഗിക്കുന്നവരിൽ 40% സ്ത്രീകളാണ് എന്നാണ് 2022 ൽ പുറത്തുവന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. കോവിഡ് മഹാമാരി കാലം ഈ  വർദ്ധനവിന് കാരണമായതായും പറയുന്നു.സ്ത്രീകളുടെ വാഹന ഉപയോഗത്തിലും ഈ മാറ്റം പ്രതിഫലിച്ചിരിക്കുന്നു എന്നുള്ള ആശാവഹമാണ്.

അകംലോകങ്ങളിൽ ജീവിക്കാൻ പ്രേരിപ്പിക്കപ്പെട്ടിട്ടുള്ള സ്ത്രീകൾ പൊതു ഇടത്തിന്റെ വിവരശേഖരണത്തിൽ പങ്കാളികളാവുന്നതിന് എക്കാലത്തും തടസ്സങ്ങളുണ്ടായിരുന്നു. എന്നാൽ ഒരു നൂറ്റാണ്ടോളം തന്നെ പഴക്കമുണ്ട് സ്ത്രീകളുടെ ഈ മേഖലയിലുള്ള പരിശ്രമങ്ങൾക്ക്. സ്ത്രീകളുടെ 'പത്രപ്രവർത്തന ചരിത്രം' ചർച്ച ചെയ്യുന്ന മഞ്ജു എം. ജോയ് അതിഥി പത്രാധിപയായ സംഘടിത കരുത്തുറ്റ ശബ്ദങ്ങളുടെ ആ ലോകങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ട് പോകും. സ്നേഹപൂർവം സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്



**മഞ്ജു എം. ജോയ്**
കേരളകൗമുദി
സീനിയർ സബ് എഡിറ്റർ.

വാർത്താ സ്രോതസുകളുടെ ബാഹുല്യം നിമിത്തം സംഭവങ്ങൾക്കൊപ്പം അവയുടെ വിശകലനവും ദൃശ്യപ്പൊലിമയും ആസൂത്രണവും ചേർത്ത് വാർത്തയ്ക്കപ്പുറമുള്ള വിവരങ്ങൾ പ്രേക്ഷകർക്ക് മുന്നിലെത്തിക്കാൻ ഓഫ് ലൈൻ, ഓൺലൈൻ മാദ്ധ്യമങ്ങൾ മത്സരിക്കുന്ന ഇക്കാലത്ത് മലയാള വനിതാ പത്രപ്രവർത്തന ചരിത്രത്തിലൂടെയുള്ള സമഗ്ര യാത്രയാണ് സംഘടിത ഈ ലക്കം നടത്തുന്നത്. വാർത്തകളും വിശകലനങ്ങളും സ്ത്രീപക്ഷ ചിന്തയിലൂടെ വായനക്കാരിലെത്തിക്കാൻ അന്നത്തെ ഉത്പതിഷ്ണുക്കളായ സ്ത്രീരത്നങ്ങൾ നടത്തിയ പോരാട്ടം തലമുറകളിലേക്ക് പകരേണ്ടതാവശ്യമാണ്.

സ്ത്രീ സ്വാതന്ത്ര്യമർഹിക്കുന്നില്ലെന്ന് ആവർത്തിച്ച് അരക്കിട്ടുറപ്പിച്ചിരുന്ന അക്കാലത്ത്, അറിവും ജിജ്ഞാസയും ഉത്സാഹവും കർമ്മനിരതയും കൊണ്ടു മാത്രം ചരിത്രത്തിലിടം പിടിച്ച മനോരമത്തമ്പുരാട്ടി, കെ.എം. കുഞ്ഞിലക്ഷ്മി കെട്ടിലമ്മ, തോട്ടയ്ക്കാട് ഇക്കാവമ്മ, തരവത്ത് അമ്മാളുവമ്മ തുടങ്ങിയവർ എക്കാലത്തും അച്ചടി മാദ്ധ്യമ സമൂഹത്തിനാകെ മാതൃകയാണ്.

‘മല്ലാരിപ്രിയയായ ഭാമ സമരം ചെയ്തീലയോ?
തേർ തെളിച്ചില്ലേ പണ്ടു സുഭദ്ര?
പാരിതു ഭരിക്കുന്നില്ലെ വിക്ടോറിയ?
മല്ലാക്ഷീ മണിമാർക്കു പാടവമിവയ്ക്കെല്ലാം
പുരുഷന്മാരെപ്പോലെ ഭവിച്ചീടുകിൽ
ചെല്ലേറും കവിതയ്ക്കു മാത്രമിവരാള
ല്ലെന്നു വന്നീടുമോ?’

സ്ത്രീകൾക്ക് സാഹിത്യത്തിൽ സ്ഥാനമില്ലെന്ന് വിമർശിച്ചവർക്ക് മറുപടിയായി തോട്ടയ്ക്കാട്ട് ഇക്കാവമ്മ ‘സുഭദ്രാർജ്ജുനം’ നാടകത്തിലെഴുതിയ വരികൾ ഇന്നും പ്രസക്തമാണ്. സ്ത്രീപക്ഷവാദം പ്രചാരത്തിലില്ലായിരുന്ന അക്കാലത്ത് പോലും സ്ത്രീകളെ ഇടിച്ചു താഴ്ത്തുന്ന എല്ലായിടത്തും ഇക്കാവമ്മ അതിശക്തമായി പ്രതികരിച്ചിരുന്നു. സ്ത്രീകൾ കൈവയ്ക്കാതിരുന്ന നാടക രചനാരംഗത്തേയ്ക്ക് ധീരമായി കടന്നു വന്ന ആദ്യ സ്ത്രീയാണിവർ. ‘സുഭദ്രാർജജുനം’ നാടകം രചിക്കുക മാത്രമല്ല അതിൽ പുരുഷവേഷം ധരിച്ച് അഭിനയിക്കുകയും ചെയ്ത ധീരയാണിവർ. സ്ത്രീകളിലെ തുഞ്ചത്തെഴുത്തച്ഛനെന്ന സംജ്ഞയ്ക്ക് ഈ ഗ്രന്ഥകാരി അർഹയാണെന്ന് സി.പി. അച്യുതമേനോൻ ‘വിദ്യാവിനോദിനി’ മാസികയിൽ പരാമർശിച്ചിരുന്നു.

കൊച്ചിരാജാവിന്റെ സാഹിത്യസഖി ബഹുമതി നിരസിച്ച ഏക എഴുത്തുകാരി (1119) യാണ് തരവത്ത് അമ്മാളുഅമ്മ. മലയാളത്തിൽ ഒരു സ്ത്രീ എഴുതിയ ആദ്യത്തെ അപസർപ്പകനോവലാണ് അമ്മാളുഅമ്മ 1914ൽ രചിച്ച ‘കമലാഭായി അഥവാ ലക്ഷ്മീവിലാസത്തിലെ കൊലപാതകം’ . മലയാളത്തിന്റെ അഗതാ ക്രിസ്റ്റിയെന്നിവർ പിന്നീട് അറിയപ്പെട്ടു. 1904 ൽ കൊച്ചിയിൽനിന്ന് പ്രസിദ്ധീകരണമാരംഭിച്ച ‘ശാരദ’യുടെ പ്രസാധികമാരിൽ പ്രധാനിയായിരുന്നു ടി.സി. കല്യാണിയമ്മ (1879–1956). പത്രപ്രവർത്തക, എഴുത്തുകാരി എന്നീ നിലകളിൽ ഇവർ പ്രാഗത്ഭ്യം തെളിയിച്ചു. എഴുത്തുകാരി, പത്രപ്രവർത്തക, അധ്യാപിക, സാമൂഹിക പരിഷ്കർത്താവ് എന്നുതുടങ്ങി പല നിലകളിൽ സ്വന്തം ജീവിതത്തെ അടയാളപ്പെടുത്തിയ ബി. കല്യാണിയമ്മ പത്രപ്രവർത്തകനും എഴുത്തുകാരനുമായിരുന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ഭാര്യയായി മാത്രമല്ല അറിയപ്പെട്ടിരുന്നത്.

മലയാള മാദ്ധ്യമ പ്രവർത്തനത്തിന്റെ ചരിത്രത്തിൽ വഴിവിളക്കായിരുന്ന സ്ത്രീകളാണിവർ. ഉന്നതകുലത്തിൽ ജനിച്ചത്, ഉയർന്ന വിദ്യാഭ്യാസം ലഭിച്ചത്, ശക്തമായ സാമ്പത്തിക അടിത്തറയുള്ളത്, ജീവിത പങ്കാളിയുടെ നിരുപമമായ പിന്തുണ നേടിയത് ഇവയൊക്കെ മലയാള സാഹിത്യ, മാദ്ധ്യമപ്രവർത്തനവുമായി മുന്നോട്ട് പോകാൻ ഈ സ്ത്രീകൾക്ക് സഹായകമായ സാഹചര്യങ്ങളാണ്. എന്നാൽ തൊട്ടടുത്ത തലമുറയ്ക്ക് നേരിടാൻ വെല്ലുവിളികളേറെയുണ്ടായിരുന്നു. എന്നിട്ടും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഭാഗമായും മറ്റും നിരവധി സ്ത്രീകൾ അച്ചടി മാദ്ധ്യമ രംഗത്തെത്തി. ശാരദ, മഹിളാ മിത്രം തുടങ്ങി വനിതാ മാസികകൾ പ്രസിദ്ധീകരിച്ചു തുടങ്ങി. സരോജിനി നായിഡു, ആനി തയ്യിൽ, അക്കാമ്മ ചെറിയാൻ തുടങ്ങിയ സ്ത്രീകൾ സാമൂഹിക പ്രവർത്തനത്തിന്റെ മുൻനിരയിലെത്തി. ഒപ്പം എഴുത്തിലും തിളങ്ങി.

1950ന് ശേഷം തങ്കം മേനോൻ, പാറുക്കുട്ടിയമ്മ , ലീലാമേനോൻ, പ്രേമാ മന്മഥൻ തുടങ്ങിയ സ്ത്രീകൾ തൂലിക പടവാളാക്കി. 1985ന് ശേഷം കെ.എ. ബീന, ആർ പാർവതീദേവി, ഗീതാ നസീർ, അനിതാ പ്രതാപ് തുടങ്ങിയവരെത്തി.പത്ര പ്രവർത്തന മേഖലയിലേക്കെത്തിയ പുതിയ തലമുറകൾക്കെല്ലാം പുതിയ വെല്ലുവിളികളാണ് സമൂഹം ഒരുക്കിയിരുന്നത്. സ്ത്രീകൾ പത്രപ്രവർത്തകരാകാൻ അപേക്ഷിക്കേണ്ടതില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചിരുന്ന പത്രസ്ഥാപനങ്ങളിലേക്ക് ജേർണലിസം കോഴ്സ് പാസ്സായ സർട്ടിഫിക്കറ്റുമായി മിടുക്കികൾ കയറിച്ചെന്നു.

ഫോട്ടോഗ്രാഫർക്കൊപ്പം ഹണിമൂൺ ആഘോഷിക്കുകയാണെന്ന് ആക്ഷേപിച്ചവരുടെ മുന്നിൽ വീണ്ടുമെത്തി സ്റ്റോറികളെടുത്തു. രാത്രിയാത്ര ബുദ്ധിമുട്ടാണെങ്കിലും ഡെസ്കിൽ പുലരുവോളം ജോലി ചെയ്തു. യാത്രാസൗകര്യം ചോദിച്ചു വാങ്ങിയെടുത്തു. പ്രസവാവധിയുടെ പ്രധാന്യം പുരുഷകേന്ദ്രീകൃതമായ മാധ്യമം സമൂഹത്തിന് ബോധ്യപ്പെടുത്തിക്കൊടുത്തു. പാഷനേറ്റായ സ്ത്രീകൾക്ക് കുടുംബത്തിനൊപ്പമോ, അതിന് മുകളിലോ ആണ് ജോലിയെന്ന് തെളിയിച്ചു. ഒടുവിൽ സ്ത്രീ ജീവനക്കാർക്ക് മാസത്തിലൊരിക്കൽ ആർത്തവ അവധി നൽകാൻ തീരുമാനമെടുക്കാൻ മാനേജ്മെന്റിനെ പ്രേരിപ്പിക്കത്തക്കവണ്ണം പത്പ, ദൃശ്യ മാദ്ധ്യമരംഗത്ത് സ്ത്രീകൾ നിർണായകമായി.

സമാധാനത്തിനുള്ള 2021ലെ നൊബേൽ സമ്മാനം നേടിയവർ പത്ര ദൃശ്യ മാധ്യമപ്രവർത്തകരാണെന്നതും അതിലൊരാൾ വനിതയാണെന്നതും പുതുതലമുറയ്ക്ക് അഭിമാനിക്കാവുന്ന നേട്ടമാണ്. നവമാദ്ധ്യമരംഗത്തെ മാറ്റത്തിന്റെ വിളംബരം കൂടിയാണത്. ഫിലിപ്പീൻസിലെ അന്വേഷണാത്മക ഓൺലൈൻ മാധ്യമമായ 'റാപ്ലറി'ന്റെ സ്ഥാപകയായ മരിയ റെസയുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടമാണ് പുരസ്കാരത്തിലെത്തിച്ചത്. ഫിലിപ്പീൻസ് പ്രസിഡന്റ് റോഡ്രിഗോ ഡുട്ടെർട്ടിന്റെ വിവാദ ലഹരിമരുന്നുവേട്ടയിലെ മനുഷ്യാവകാശലംഘനങ്ങൾ അന്വേഷിച്ചുകണ്ടെത്തിയ 'റാപ്ലർ' എന്ന ന്യൂസ് വെബ്സൈറ്റിന്റെ (2012) സഹസ്ഥാപകയാണ് റെസ. സമൂഹമാദ്ധ്യമങ്ങൾ ഉപയോഗിച്ച് അധികാരികൾ നടത്തിയ നുണപ്രചരണങ്ങളെയും അവർ തുറന്നുകാട്ടി. ജനാധിപത്യത്തിനും ശാശ്വത സമാധാനത്തിനും അനിവാര്യമായ ആവിഷ്കാര സ്വാതന്ത്ര്യത്തിനുവേണ്ടി ഇരുവരും നടത്തിയ ധീരമായ പോരാട്ടത്തിനാണ് അംഗീകാരമെന്ന് നൊബേൽ സമ്മാന സമിതി അറിയിച്ചു. മാദ്ധ്യമ പ്രവർത്തനം തുടർച്ചയായ വെല്ലുവിളികൾ നേരിടുന്ന ലോകത്ത് ആവിഷ്കാര സ്വാതന്ത്ര്യത്തിനായി പൊരുതുന്ന എല്ലാ മാദ്ധ്യമപ്രവർത്തരുടെയും പ്രതിനിധികളാണ് ഇരുവരും. ആഗോള മാദ്ധ്യമ കൂട്ടായ്മയായ വാൻ ഇഫ്രയുടെ ഗോൾഡൻ പെൻ ഓഫ് ഫ്രീഡം പുരസ്കാരവും മരിയ റെസയെ തേടിയെത്തി. 126 വർഷം പിന്നിടുന്ന നൊബേൽ സമ്മാന ചരിത്രത്തിൽ പുരസ്കാരം നേടുന്ന 18ാമത്തെ വനിതയാണ് മരിയ റെസയെന്നത് പുരസ്കാരത്തിളക്കം വർദ്ധിപ്പിക്കുന്നു.

വെല്ലുവിളികളെ മറികടന്ന് ഇനിയുമേറെ വനിതകൾക്ക് മാദ്ധ്യമരംഗത്ത് തങ്ങളുടെ കയ്യൊപ്പ് പതിപ്പിക്കാൻ സംഘടിതയുടെ മലയാള വനിതാ പത്രപ്രവർത്തനത്തിലൂടെയുള്ള ചരിത്രയാത്ര പ്രചോദനമാകട്ടെയെന്ന് ആശംസിക്കുന്നു.


ചർച്ചാവിഷയം




**ഗീതാനസീർ**
എഴുത്തുകാരി, മുതിർന്ന
പത്രപ്രവർത്തക
റിട്ട.ഡെപ്യൂട്ടി എഡിറ്റർ
ജനയുഗം


# മലയാള പത്രപ്രവർത്തന രംഗത്തെ സ്ത്രീ ചരിത്രം

വാർത്തകളുടെ ലോകം അത്ഭുതം നിറഞ്ഞതാണ്. എന്നും പുതിയ പുതിയ ആശയങ്ങളും സാങ്കേതികതകളും വാർത്താലോകത്ത് വന്നു കൊണ്ടിരിക്കും. നിലക്കാത്ത ഒഴുക്കുള്ള ഒരു പുഴ പോലെയാണ് അത നമുക്ക് അനുഭവപ്പെടുക. വാർത്ത നമ്മിലേക്ക് എത്തുന്നതിന് ഒരു സാധ്യതയും ഇല്ലായിരുന്ന കാലത്ത് നിന്നും വാർത്തകൾക്ക് കുമിളകളുടെ ആയുസ്സു പോലും ഇല്ലാത്ത ഇന്നിന്റെ കാലത്തേക്ക് വാർത്താലോകം എത്തിച്ചേർന്നതെങ്ങിനെയെന്ന് അറിയാൻ ആർക്കാണ് കൗതുകം ഇല്ലാതിരിക്കുക?



പുരാണങ്ങളിൽ വാർത്തകൾ കൈമാറുന്ന രീതിയെക്കുറിച്ച് മനോഹര വർണ്ണനകൾ ഉണ്ട്. അരയന്നങ്ങളേയും പക്ഷികളേയും വാനരന്മാരെയും ദൂതുമായി അയക്കുന്ന കഥകൾ അവയിൽ ചിലതാണ്. തുടക്കത്തിൽ സന്ദേശങ്ങൾ കൈമാറുക എന്നതായിരുന്നു ലക്ഷ്യമെങ്കിൽ പിന്നീടത് വിളംബരങ്ങളായും വിളംബരപത്രങ്ങളായും ഉയർത്തപ്പെട്ടു.രണ്ടുപേർ തമ്മിൽ അറിയേണ്ടവ എന്നത് പ്രജകൾ  അറിയേണ്ടവയെന്ന തരത്തിൽ വിപുലീകരിക്കപ്പെട്ടു.

അതോടെ അവയ്ക്ക് അനുസൃതമായ രീതികൾ മനുഷ്യൻ കണ്ടെത്താനും അവലംബിക്കാനും തുടങ്ങി. ശിലാരൂപങ്ങൾ കൊത്തിത്തുടങ്ങി. ആംഗ്യഭാഷക്ക് പകരം സംസാരഭാഷകൾ ഉദയം ചെയ്തു, എഴുത്തോലകൾ വന്നു, ലിപികൾ കണ്ടുപിടിച്ചു കടലാസുകൾ ഉണ്ടായി, അച്ചടിയ

ന്ത്രങ്ങളും കല്ലച്ചുകളും നിർമ്മിക്കപ്പെട്ടു. അങ്ങനെ ഇന്നത്തെ ഏറ്റവും ആധുനികമായ വിവരസാങ്കേതിക വിദ്യകളിൽ നാം എത്തിപ്പെട്ട് നിൽക്കുന്നു.

ആധുനിക വാർത്താ മാധ്യമങ്ങളുടെ ചരിത്രത്തിന് വലിയ കാലപ്പഴക്കമൊന്നുമില്ല. കയ്യെഴുത്തുപ്രതികളായും ന്യൂസ്‌ലെറ്ററുകളായും ഉദയം ചെയ്ത പലതും അക്കാലത്തെ സോദ്ദേശ സാഹിത്യങ്ങളായിരുന്നു. സാഹിത്യത്തിൽ നിന്നും വാർത്തകളെ വേർതിരിക്കുന്ന മാധ്യമ പ്രവർത്തന ശൈലി കേരളത്തിൽ ആരംഭിക്കുന്നത് 19ാം നൂറ്റാണ്ടിലാണ് . തുടക്കത്തിൽ ഇവയിൽ മിക്കതും മാസികകളായാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. പത്രപ്രവർത്തന ചരിത്രത്തിൽ നമ്മൾ കേൾക്കുന്ന പേരുകൾ ഏറെയും പുരുഷൻമാരുടേതാണ്. പത്രപ്രവർത്തനത്തിൽ മാത്രമല്ല പൊതുവായ ചരിത്രങ്ങളിലും സ്ത്രീകളുടെ സംഭാവനകൾ അടയാളപ്പെടുത്തിയിട്ടുള്ളത് വളരെ വിരളമാണ്.ഹിസ്റ്ററി, ഹിസ് സറ്റോറി (അവന്റെ കഥ)യാകുന്നത് കൊണ്ടാണ് ഇത് സംഭവിക്കുന്നത് എന്നാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. ചരിത്രത്തിൽ സ്ത്രീപക്ഷവായനക്കുള്ള ശ്രമങ്ങൾ ഇപ്പോൾ ലോകത്ത് പലയിടത്തും ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ഒട്ടുമിക്ക സമര പോരാട്ട ചരിത്രങ്ങളും സ്ത്രീകളുടെകൂടി അവകാശങ്ങൾക്ക് വേണ്ടിയായിരുന്നു. അത് മാറ് മറയ്ക്കാനായാലും, വിദ്യാഭ്യാസ വിവാഹ അവകാശങ്ങൾക്ക് വേണ്ടിയായാലും സഞ്ചാരസ്വാതന്ത്ര്യം, ആഭരണം ധരിക്കാനുള്ള സ്വാതന്ത്ര്യം തുടങ്ങി എല്ലാ അവകാശങ്ങളും നേടിയെടുക്കുന്നതിനുവേണ്ടിയടക്കം നടന്ന അത്തരം പോരാട്ടങ്ങൾ ആത്യന്തികമായി സ്ത്രീ സ്വാതന്ത്ര്യം ലക്ഷ്യം വെച്ചുള്ളവ തന്നെയായിരുന്നു. ഇതിലൊക്കെ തന്നെ രക്തസാക്ഷികളായ ആയിരക്കണക്കിന് സ്ത്രീകളുണ്ട്-നേതൃത്വം കൊടുത്തവരായും,പോരാട്ടങ്ങളിൽ പങ്കെടുത്തവരായും- ഇവരെക്കുറിച്ചൊക്കെയുള്ള വിവരങ്ങൾ ചരിത്ര പുസ്തങ്ങളിൽ അപൂർവ്വമായി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.അതിന് പലകാരണങ്ങളുണ്ട്. അവ കേരളത്തിന്റെ പശ്ചാത്തലത്തിൽ ഒന്ന് വിലയിരുത്തിയാൽ മാത്രമേ വാർത്താലോകത്തെ സ്ത്രീ സാന്നിധ്യത്തെക്കുറിച്ച് നമുക്ക് പറയാനാകൂ.

## കേരളത്തിലെ സ്ത്രീബോധം

സ്ത്രീമുന്നേറ്റ ചരിത്രത്തിൽ ശ്രദ്ധേയമായ പലസംഭാവനകളും നൽകിയ സംസ്ഥാനമാണ് കേരളം. സാക്ഷരതയിലും ആരോഗ്യ,വിദ്യാഭ്യാസ,തൊഴിൽ മേഖലകളിലും രാജ്യത്തെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ദിശാസൂചികകളിൽ നാം മുന്നിട്ട് നിൽക്കുന്നത് ഇതുകൊണ്ടുകൂടിയാണ്. വിദ്യാഭ്യാസം ചെയ്യാനും വസ്ത്രം ധരിക്കാനും വഴി നടക്കാനും തൊഴിലെടുക്കാനുമൊക്കെ അവകാശം നിഷേധിക്കപ്പെട്ട കാലത്ത് പോലും ഒട്ടും പ്രതീക്ഷിക്കാത്ത ചില മേഖലകളിൽ കേരളത്തിലെ സ്ത്രീകൾ പ്രകടിപ്പിച്ച വൈഭവം,നൽകിയ സംഭാവനകൾ പ്രശംസാർഹമാണ്. സ്ത്രീകൾക്ക് കടന്നുചെല്ലാൻ കഴിയാതിരുന്ന നിരവധി മേഖലകൾ അതേസമയം ഉണ്ടായിരുന്നു താനും. വാർത്തകളുടെ ലോകം അത്തരത്തിലൊന്നായിരുന്നു. വാർത്ത സൃഷ്ടിക്കാൻ, വാർത്ത പ്രചരിപ്പിക്കാൻ, വാർത്ത വാർത്തയാക്കാൻ പരിമിതമായ സാങ്കേതികത ഉണ്ടായിരുന്ന കാലത്ത് ആ ദൗത്യം ഏറ്റെടുക്കാനും ചില സ്ത്രീകൾ ഉണ്ടായിരുന്നു എന്ന ചരിത്രം ഏറെ വിചിത്രമായി തോന്നാം. സ്ത്രീകൾക്ക് അക്ഷരാഭ്യാസത്തിന് കാര്യമായ ഒരു അവസരവും 19ാം നൂറ്റാണ്ടുവരെ കേരളത്തിൽ ഉണ്ടായിരുന്നില്ല. വീട് വിട്ട് പുറത്ത് പോകാൻ പോയിട്ട് വീടിന് അകത്തുള്ള പലസ്ഥലങ്ങളും സ്ത്രീകൾക്ക്



പ്രവേശനം പോലുമില്ലാതിരുന്ന ഒരു കാലത്തെക്കുറിച്ച് ഇന്നത്തെ തലമുറക്ക് ചിന്തിക്കാൻ കഴിയുമോ? എന്നാൽ അങ്ങനെയൊരു കാലം നമുക്കുണ്ടായിരുന്നു.

രാജ്യം സ്വതന്ത്രമാകും മുൻപ്, കേരളസംസ്ഥാനം രൂപീകൃതമാകുന്നതിന് മുൻപ് നാട്ടു രാജാക്കൻമാരും ജന്മികളുമാണ് ഇവിടെ അധികാരം കയ്യാളിയിരുന്നത്. ജാതിസമ്പ്രദായം ഓരോ സമുദായങ്ങൾക്കും കല്പിച്ചു നൽകിയ നിയന്ത്രണ രേഖകൾക്ക് അകത്താണ് സ്ത്രീകൾ ജീവിച്ചിരുന്നത്. ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് അവരുടേതായ മാമൂലുകളും ആചാരങ്ങളും പാലിക്കേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിന് നമ്പൂതിരി സമുദായത്തിൽ വിധവകൾക്ക് വീണ്ടും വിവാഹം ചെയ്യാനോ പുറത്തേക്ക് ഇറങ്ങാനോ അവകാശം ഉണ്ടായിരുന്നില്ല. പ്രായപൂർത്തി എന്ന ഒരു ഏർപ്പാടു പോ

ലുമുണ്ടായിരുന്നില്ല.പതിനഞ്ച് വയസ്സുപോലും തികയുന്നതിന് മുൻപ് വിവാഹം ചെയ്യപ്പെടുന്ന പെൺകുട്ടികൾ താമസിയാതെ ഭർത്താവ് നഷ്ടപ്പെട്ടെന്ന് വരികിൽ തലമുണ്ഡനം ചെയ്ത് വെളുത്ത വസ്ത്രം ധരിച്ച് അടുക്കളയിലെ കരി അടുപ്പുകൾക്ക് മുന്നിൽ ജീവിതം ഹോമിച്ച് തീർക്കണം. മത പുരോഹിതന്മാർ നടപ്പിലാക്കിയ ഈ ദുരാചാരത്തെ എതിർത്ത് കൊണ്ടാണ് വി.ടി. ഭട്ടതിരിപ്പാടെന്ന സാമൂഹികപരിഷ് കർത്താവ് 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്'എന്ന രചനയിലൂടേയും മറ്റ് പോരാട്ടങ്ങളിലൂടേയും വിധവാവിവാഹം അനുവദിക്കുന്നതിന് വേണ്ടി ധീരമായി പ്രവർത്തിച്ചത്. ഈ പ്രവർത്തനങ്ങളുടെ ഫലമായി അന്തർജ്ജനങ്ങൾ ഘോഷ ബഹിഷ്കരിച്ചും മറക്കുടകൾ വലിച്ചെറിഞ്ഞും പൊതുവേദികളിൽ എത്തുകയുണ്ടായി. അങ്ങനെ ആദ്യത്തെ വിധവാവിവാഹം ഉമാദേവി അന്തർജ്ജനവും എം ആർ ബിയുമായി നടത്തി വിപ്ലവം സൃഷ്ടിച്ചു.ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യം ഇല്ലാതാക്കുന്നതിന് വേണ്ടി പുലപ്പേടിപോലുള്ള ആചാരങ്ങളും അടിച്ചേൽപ്പിച്ചിരുന്നു. താണ ജാതിയിൽപ്പെട്ട പുരുഷന്റെ മുൻപിൽ ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീപെടുന്ന പക്ഷം അവളെ സമുദായത്തിൽനിന്നും പുറത്താക്കും. പിന്നീട് താണജാതിക്കാരന്റെ കൂടെ കഴിയുകയേ നിവൃത്തിയുള്ളൂ. അതേസമയം താണജാതിയിൽപ്പെട്ട സ്ത്രീകൾക്ക് മാറ് മറയ്ക്കാൻ അവകാശം ഉണ്ടായിരുന്നില്ല. കുപ്പിച്ചില്ലും,കല്ലു മുപയോഗിച്ചുള്ള ആഭരണങ്ങൾ മാത്രമേ അണിയാൻ പാടുണ്ടായിരുന്നുള്ളൂ. കണങ്കാൽ മറച്ച് മേൽമുണ്ട് ധരിക്കാനോ,മൂക്കുത്തി അണിയാനോ അവകാശമില്ല, പള്ളിക്കൂടത്തിലും, ക്ഷേത്രങ്ങളിലും പ്രവേശിക്കാനും അവകാശമുണ്ടായിരുന്നില്ല. ഈ സ്ത്രീ അവസ്ഥകൾ മറികടക്കാൻ നീണ്ട പോരാട്ടങ്ങളാണ് നടന്നിട്ടുള്ളത്. ആറാട്ടുപുഴ വേലായുധപ്പണിക്കർ,അയ്യങ്കാളി,ശ്രീനാരായണഗുരു,ചട്ടമ്പിസ്വാമി,പൊയ്കയിൽ അപ്പച്ചൻ,പണ്ഡിറ്റ് കറുപ്പൻ , സ്വാമി ആനന്ദതീർഥൻ തുടങ്ങിയപേരുകൾ ചരിത്രത്തിന്റെ ഭാഗമായത് അവർ കീഴാള വിമോചനത്തിനും സ്ത്രീ വിമോചനത്തിനും വേണ്ടി നടത്തിയ ധീരമായ പോരാട്ടങ്ങളുടെ പേരിലാണ്. നങ്ങേലി, പഞ്ചമി,കുറിയേടത്ത് താത്രി, ഉമ അന്തർജനം, പാർവ്വതി നെന്മേനി മംഗലം, ലളിതാംബിക തോട്ടയ്ക്കാട് ഇക്കാവമ്മ, തരവത്ത് അമ്മാളു അമ്മ,മുതുകുളം പാർവ്വതിയമ്മ, കൗമുദി ടീച്ചർ, വേളത്ത് ലക്ഷ്മിക്കുട്ടി,പിസി കുറുമ്പ, മംഗലത്ത് ആര്യാദേവി തുടങ്ങി നിരവധിയായ സ്ത്രീ നാമങ്ങൾ അക്കാലത്ത് നടന്ന സാമുദായിക പരിഷ്കരണ പോരാട്ട ചരിത്രത്തിൽ മുഴങ്ങി കേൾക്കുന്നവയാണ്.



അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്

സാമൂഹികമായ ജീർണ്ണാവസ്ഥ സ്ത്രീ ജീവിതങ്ങൾക്ക് മേൽ സൃഷ്ടിച്ച മഹാനരകത്തിൽ നിന്ന് പുറത്ത് കടക്കാൻ ജീവന്മരണ പോരാട്ടം നടത്തുന്ന സ്ത്രീകൾക്ക് ഉണ്ടാകുന്ന പരിമിതികളും പിന്നാക്കാവസ്ഥയും അവസര അവകാശനിഷേധവും തട്ടിമാറ്റിയാണ് സ്ത്രീകൾ വാർത്തകളുടെ ലോകത്തേക്ക് എത്തിപ്പെട്ടതെന്ന യാഥാർഥ്യം എല്ലാ പേരുടെയും മനസിൽ ഉണ്ടായിരിക്കണം.

## ചരിത്രത്തിലെ മാധ്യമസ്ത്രീ

വാർത്തകൾ അറിയണമെങ്കിൽ പുറംലോകവുമായി സംവദിക്കാൻ മനുഷ്യനാകണം. അതിന് കഴിയാതിരുന്ന സ്ത്രീ സമൂഹം അവരുടേതായ പരിമിതമായ രീതിയിൽ വാർത്തകൾ അറിയാനും, അറിയിക്കാനും ശ്രമിച്ച ചരിത്രം ഏറെ കൗതുകമുള്ളതാണ്. വീടുകളിൽ ഒതുങ്ങിക്കൂടിയ സ്ത്രീകളിൽ ചിന്താശേഷിയും ബുദ്ധിപരമായ ഔന്നത്യവും കാല്പനിക ബോധവും ഉള്ളവരാണ് ഇത്തരത്തിൽ മുന്നോട്ട് വരാൻ ഉത്സാഹം കാട്ടിയത്.അവർക്കതിനുള്ള സാമൂഹ്യ ഭൗതികസാഹചര്യങ്ങൾ ഉണ്ടായിരുന്നു. പക്ഷേ പാണ്ഡിത്യവും വിവരവുമൊക്കെയുള്ള ഈ സ്ത്രീകൾക്ക് വേണ്ടി ആദ്യമായി ഒരു പ്രസിദ്ധീകരണം തുടങ്ങുന്നത് പുരുഷന്മാരാണ്. തിരുവനന്തപുരത്ത് നിന്നും 1885-ൽ ആരംഭിച്ച പ്രസിദ്ധീകരണത്തിന്റെ പേർ 'കേരളീയ സുഗുണ ബോധിനി'എന്നായിരുന്നു. ആറു മാസത്തോളം പ്രസിദ്ധീകരണം നടത്തിയശേഷം അത് നിലച്ചു പിന്നീട് 1892-ൽ വീണ്ടും പ്രസിദ്ധീകരണം ആരംഭിച്ച സമയത്ത് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ച് പ്രസാധകർ എഴുതിയത് ഇങ്ങനെയാണ്

"കേരളത്തിൽ മലയാള ഭാഷയിൽ അനേകം വർത്തമാന പത്രങ്ങളും മാസികാപുസ്തകങ്ങളും ഓരോ മഹാൻമാരാൽ ശ്ലാഘനീയമായ വിധത്തിൽ നടത്തപ്പെട്ടു വരുന്നുണ്ട്. എന്നാൽ അവയെല്ലാം കേരളീയ പുരുഷന്മാരെ ഉദ്ദേശിച്ചു പ്രസിദ്ധം ചെയ്യപ്പെട്ടു വരുന്നവയാകുന്നു. സ്ത്രീ ജനങ്ങളുടെ ജ്ഞാനവർദ്ധനവിനും വിനോദത്തിനുമായി പ്രത്യേ

കിച്ച് ഒരു പുസ്തകമാവട്ടെ 'കേരളീയ സുഗുണ ബോധിനി'.

ഈ മാസിക പ്രസിദ്ധീകരിച്ച കാലത്ത് മഹാറാണി എന്നൊരു മലയാള മാസിക മദ്രാസിൽ നിന്ന് റാവുബഹദൂർ കൃഷ്ണമാചാരിയുടെ ഉടമസ്ഥതയിലും പത്രാധിപത്യത്തിലുമായി സ്ത്രീകളെ ഉദ്ദേശിച്ച് പ്രസിദ്ധീകരിച്ചിരുന്നു. ദ്വൈമാസികയായാണ് അത് പ്രസിദ്ധീകരിച്ചിരുന്നത്. അതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ലെന്ന് കണ്ടാണ് മുടങ്ങിക്കിടന്ന സുഗുണബോധിനി പുന:പ്രസിദ്ധീകരിക്കാൻ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ


സുഗുണബോധിനി

നേതൃത്വത്തിൽ 1892-ൽതയ്യാറായത്. കെ. ചിദംബര വാധ്യാർ ബി എ, എം.സി.നാരായണപിള്ള ബി എ., എന്നിവരായിരുന്നു ഇതിന്റെ പത്രാധിപന്മാർ. കേളവർമ്മവലിയകോയിതമ്പുരാന്റെ 'സ്ത്രീവിദ്യാഭ്യാസം' എന്ന കവിത ആമുഖമായി കൊടുത്തുകൊണ്ടാണ് സുഗുണബോധിനി പ്രസിദ്ധീകരിക്കപ്പെട്ടത്. അതിൽ ഒരു ശ്ലോകം ഇങ്ങനെയായിരുന്നു –

"കേരളീയ ഗുണ ബോധിനിമൂലം
സാരളീ ഭവിതമായതി വേലം
കേരളീയ വനിതാ ജനജാലം
സാരലീന മതിയായ് ഭവിതാലം"

എന്നാൽ ഈ മാസികയിലെ എഴുത്തുകാരിൽ സ്ത്രീകളായി ആരും തന്നെ ആദ്യകാലത്ത് ഉണ്ടായതായി കാണുന്നില്ല. അതൊരു വനിതാമാസിക എന്നതിലുപരി ഒരു സാഹിത്യമാസികയായാണ് നിലനിന്നിരുന്നത്.

രണ്ടാമത്തെ വനിതാമാസികയായി കണക്കാക്കുന്നത് 'ശാരദയാണ്'. 1904-ൽ തൃപ്പൂണിത്തുറയിൽ നിന്നും പ്രസിദ്ധീകരണം ആരംഭിച്ച ഈ മാസികയുടെ ഉടമസ്ഥനും മാനേജരും കെ. നാരായണമേനോൻ ആണെങ്കിലും പൂർണ്ണമായും മാസികയുടെ മറ്റ് പ്രവർത്തകരെല്ലാം തന്നെ സ്ത്രീകളായിരുന്നു. റാണി സേതു ലക്ഷ്മിഭായി, റാണി പാർവ്വതീഭായി, ഇക്കുവമ്മ തമ്പുരാട്ടി എന്നിവർ രക്ഷാധികാരികളും ടി. സി കല്ല്യാണിയമ്മ, ടി. അമ്മുക്കുട്ടിയമ്മ, ബി. കല്ല്യാണിയമ്മ എന്നിവർ പ്രസാധകരും ആയിരുന്ന ശാരദ അച്ചടിച്ചത് ഭാരതീവിലാസം പ്രസ്സിലാണ്. ടി. സി കല്ല്യാണിയമ്മയും ടി.അമ്മുക്കുട്ടിയമ്മയും എറണാകുളത്തുനിന്നും ബി.കല്ല്യാണിയമ്മ തിരുവന്തപുരത്തു നിന്നുമാണ് ശാരദയുമായി സഹകരിച്ച് പ്രവർത്തിച്ചത്. ഇത് വാസ്തവത്തിൽ ഒരപൂർവ്വ സംഗമമായിരുന്നു. ശാരദ തുടങ്ങാൻ ടി.സി കല്യാണിയമ്മ ചിന്തിച്ച അതേ കാലയളവിൽ തന്നെയാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ പത്നി ബി.കല്ല്യാണിയമ്മ തിരുവന്തപുരത്ത് നിന്നും അത്തരമൊരു മാസിക തുടങ്ങാൻ ആലോചിക്കുന്നത്.

ബി.കല്യാണിയമ്മ ബി. എ പരീക്ഷ കഴിഞ്ഞ് മദ്രാസിൽനിന്ന് മടങ്ങുന്നവഴി എറണാകുളത്ത് ടി. സി.കല്യാണി അമ്മയുടെ അതിഥിയായി തങ്ങാൻ ഇടവന്നു. ഈ കൂടിക്കാഴ്ചയിലാണ് ഇവർ തങ്ങളുടെ ആഗ്രഹം പരസ്പരം പറയുകയും ഒരുമിച്ച് സ്ത്രീകൾക്കായി ഒരു മാസിക തുടങ്ങാൻ തീരുമാനിക്കുകയും ചെയ്തത്.

ശാരദയുടെ ലേഖനങ്ങൾ സ്ത്രീകൾക്ക് വേണ്ടിയും സ്ത്രീകളെക്കുറിച്ചും സ്ത്രീകൾ തന്നെ എഴുതുകയായിരുന്നു. ആ അർത്ഥത്തിൽ ഇത് മലയാള മാധ്യമരംഗത്തെ ആദ്യത്തെ വനിതാമാസികയായി കണക്കാക്കപ്പെടുന്നു. സ്ത്രീധർമ്മം, ഭർതൃശുശ്രൂഷ, വീട്ടുവേല, സ്ത്രീകളും വൈദ്യവും, ഗർഭിണികൾ അറിഞ്ഞിരിക്കേണ്ടവ, സ്ത്രീവിദ്യാഭ്യാസം, ചാരിത്ര്യം, മാതൃസ്നേഹം, കുടുംബസൗഖ്യം, ആഭരണ ഭ്രമം തുടങ്ങിയ വിഷയങ്ങളാണ് ശാരദയുടെ മുഖ പ്രസംഗങ്ങളിൽ അധികവും കൈകാര്യം ചെയ്തിരുന്നത്. 'സ്ത്രീ ലോകം' എന്നതായിരുന്നു ഈ പക്തിയുടെ പേർ. പ്രധാനപത്രാധിപയായിരുന്ന ടി. സി . കല്ല്യാണിയമ്മയാണ് ഈ പംക്തി മിക്കവാറും എഴുതിയിരുന്നത് ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിലേയും, അമേരിക്ക, ഇംഗ്ലണ്ട്, ജപ്പാൻ ചൈന തുടങ്ങിയ ലോകരാജ്യങ്ങളിലേയും സ്ത്രീജീവിതങ്ങളെ കുറിച്ചും ടി. അമ്മുക്കുട്ടിയമ്മ, കെ. മാധവിയമ്മ,കെ. പത്മാവതിയമ്മ എന്നിവരാണ് എഴുതിയിരുന്നത്. ഇത്തരം വിവരങ്ങൾ അവർ എങ്ങനെ ശേഖരിച്ചുവെന്നത് സംബന്ധിച്ച പരാമർശങ്ങൾ ലഭ്യമല്ല. പ്രശസ്തരായ പലസ്ത്രീകളെ കുറിച്ചും 'മഹതികൾ'എന്ന പേരിൽ ബി.കല്ല്യാണിയമ്മ ഒരു പ്രത്യേക തുടർ പംക്തി എഴുതിയത് പിന്നീട് സമാഹരിച്ച് 'മഹതികൾ' എന്ന പേരിൽ ജീ

വചരിത്ര ഗ്രന്ഥം പുറത്ത് വന്നത് ശാരദയുടെ ഏറ്റവും വലിയ സംഭാവനയായാണ് വിലയിരുത്തുന്നത്. ഫ്ളോറൻസ് നൈറ്റിംഗേൽ , എലിസബത്ത് ,ഫൈവ, ലേഡി റെയ്ച്ചൽ റസ്സൽ, ലേഡീജെയിൻ ഗ്രെ തുടങ്ങിയ പല വിദേശ വനിതകളെയും ഈ പംക്തിയിലൂടെ അവതരിപ്പിക്കുകയുണ്ടായി .ആനന്ദബായിജോഷിയുടെ

ജീവചരിത്ര കുറിപ്പാണ് ആദ്യം പ്രസിദ്ധീകരിച്ചത് . എന്നാൽ തൃപ്പൂണിത്തുറയിൽ നിന്നുള്ള ശാരദയുടെ പ്രസിദ്ധീകരണം രണ്ടുവർഷം മാത്രമേ നീണ്ടുനിന്നുള്ളൂ. ഡമ്മി 1/4ൽ 20 പേജുകളോടു കൂടി ഇറങ്ങിയിരുന്ന ശാരദ ഒരു കൊല്ലം കഴിഞ്ഞ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ മുപ്പത്തിരണ്ട് പേജുകളായാണ് പുന: പ്രസിദ്ധീകരണം

ആരംഭിച്ചത്. ശാരദയെ കൂടാതെ 'കേരളൻ''വിദ്യാർത്ഥി'എന്നീ രണ്ടു മാസികകളും സ്വദേശാഭിമാനി പത്രത്തോട് ഒപ്പം നടത്തുന്നുണ്ടായിരുന്നു. ബി. കല്ല്യാണിയമ്മയുടെ നേതൃത്വത്തിൽ ശാരദ തുടർന്ന് കൊണ്ട് പോകാൻ അത് കൊണ്ടുതന്നെ വളരെ ബുദ്ധിമുട്ടേണ്ടി വന്നു. എന്നിരുന്നാലും ശ്രദ്ധേയമായ പല ലേഖനങ്ങളും പംക്തികളും കൊണ്ടു ശാരദ മികച്ച മാസികയായിത്തന്നെ നിലകൊണ്ടു. ആരോഗ്യശാസ്ത്രം എന്ന പേരിൽ കല്ല്യാണിയമ്മ ഇസ്ബൽ ബ്ലാണ്ടർ എഴുതിയ ടാക്സ് ഓൺ ഹെൽത്ത് 'എന്ന പുസ്തകം തർജ്ജമ ചെയ്ത് ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചത് എടുത്ത് പറയത്തക്ക നേട്ടങ്ങളിൽ ഒന്നാണ് . അത് പിന്നീട് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച് 1910 മുതൽ തിരുവിതാംകൂറിലെ വിദ്യാലയങ്ങളിൽ നാലും അഞ്ചും ക്ലാസുകളിൽ പാഠപുസ്തകമായിരുന്നു. ഒടുവിൽ 1910 സെപ്തംബർ 26-ാം തീയതി സ്വദേശാഭിമാനി പത്രവും പ്രസ്സും തിരുവിതാംകൂർ രാജഭരണകൂടം കണ്ടു കെട്ടുകയും പത്രാധിപരെ നാടുകടത്തുകയും ചെയ്തതോടെ ഗത്യന്തരമില്ലാതെ കല്ല്യാണിയമ്മക്കും ഭർത്താവിനൊപ്പം പോകാതെ തരമില്ലെന്ന് വന്നു. കല്ല്യാണിയമ്മയുടെ ആരോഗ്യ ശാസ്ത്രം അച്ചടി പൂർത്തിയായദിവസമായിരുന്നു പ്രസ് കണ്ടു കെട്ടിയത്. ശാരദ പ്രസിദ്ധീകരണം നിലച്ചു. ഇതിനിടെ പുനലൂരിൽനിന്ന് 1913ൽ ശാരദ എന്ന പേരിൽ ഒരു മാസിക ആരംഭിച്ചു . തെക്കേക്കുന്നത്ത് (ടി കെ )കല്യാണികുട്ടിയമ്മയുടെ പത്രാധിപത്യത്തിൽ ഈ വനിതാമാസിക അഞ്ചു കൊല്ലം പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ പേരിൽ മാത്രമേ പഴയ'ശാരദ'യുമായി ബന്ധമുണ്ടായിരുന്നുള്ളൂ. അങ്ങനെ വനിതാമാധ്യമരംഗത്ത് 'മൂന്ന് കല്ല്യാണി'മാർ ചരിത്രം രചിച്ചു എന്ന് വേണം അനുമാനിക്കാൻ. പുനലൂരിൽ നിന്നുതന്നെ 1915-ൽ'ഭാഷാ ശാരദ' എന്ന പേരിൽ അഞ്ചൽ ആർ. വേലുപിള്ളയുടെ പത്രാധിപത്യത്തിൽ സാഹിത്യ മാസിക പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ സ്ത്രീകൾ എഴുതുക പതിവായിരുന്നു.

ആദ്യകാല വനിതാ പത്രാധിപരായിരുന്ന ടി സി കല്ല്യാണിയമ്മയുടേയും,ബി. കല്ല്യാണിയമ്മയുടേയും സംഭാവനകൾ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. ഇവരാരായിരുന്നു എന്ന് അറിഞ്ഞാൽ മാത്രമേ ഇവരുടെ മാധ്യമ സംഭാവനകളുടെ ആഴവും പരപ്പും, വൈദഗ്ധ്യവും മനസ്സിലാക്കാനാകൂ.

ടി.സി.കല്ല്യാണിയമ്മ തെക്കേ കറുപ്പത്ത് നാരായണിയുടേയും വടയോട് മിത്രൻ ഭട്ടതിരിയുടേയും മകളാണ്. ശാരദയുടെ പ്രസാധക കൂടിയായ ഇവർ പേരെടുത്ത വിവർത്തക കൂടിയാണ്. ഡബ്ല്യൂ സ്റ്റെഡിന്റെ 'ഫെയറി ടെയിൽസ് ഫ്രം ഇന്ത്യ എന്ന പുസ്തകം 'ഒരു കഴുതയടെ കഥ'എന്ന പേരിൽ കുട്ടികൾക്കായി വിവർത്തനം ചെയ്തു.'ഇസോപ്പിന്റെ സാരോപദേശ കഥകൾ തർജ്ജമ ചെയ്തു.മലയാള ഭാഷയിൽ ബാലസാഹിത്യം എന്ന പേർ കേൾക്കാത്ത കാലത്താണ് 'ഈദൃശകൃതികൾ' എന്ന പേരിൽ കുട്ടികൾക്കായി അവർ കഥകൾ വിവർത്തനം ചെയ്തത്.. ബങ്കിം ചന്ദ്രചാറ്റർജിയുടെ 'വിഷവൃക്ഷം' കൃഷ്ണകാന്തിന്റെ 'മരണപത്രം'എന്നീ നോവലുകളും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. സാഹിത്യ നിപുണൻ ടി.കെ. കൃഷ്ണ മേനോന്റെ പത്നി കൂടിയാണ് കല്ല്യാണിയമ്മ. എട്ടാം ക്ലാസിൽ വിദ്യാഭ്യാസം അവസാനിപ്പിക്കാൻ നിർബന്ധിതയായ കല്ല്യാണിയമ്മയെ ഇംഗ്ലീഷും മറ്റ് വിഷയങ്ങളും പഠിപ്പിച്ചത് ഇദ്ദേഹമാണ്.

തിരുവനന്തപുരം കുതിരവട്ടത്ത് കുഴിവിളാകത്ത് ഭഗവതി അമ്മയുടേയും കോട്ടക്കകത്ത് സുബ്ബരായർ പോറ്റിയുടേയും മകളായി 1884ലാണ് ബി. കല്ല്യാണിയമ്മ ജനിച്ചത്. 1902-ൽ മെട്രിക്കുലേഷൻ പാസായശേഷം വിമൻസ് കോളേജിൽ ചേർന്നു. അവിടെ പഠിച്ച് കൊണ്ടിരിക്കുമ്പോഴാണ് സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയെ വിവാഹം ചെയ്യുന്നത്. ശാരദയുടെ പ്രസാധകരിൽ പ്രമുഖയായിരുന്ന ഇവർ നിരവധി പുസ്തകങ്ങൾ രചിക്കുകയുണ്ടായി. വ്യാഴവട്ട സ്മരണകൾ,കർമ്മഫലം,ഓർമ്മയിൽ നിന്ന് എന്നിവ കൂടാതെ രവീന്ദ്രനാഥടാഗോറിന്റെ 'എറ്റ് ഹോം ആന്റ് ഔട്ട്സൈഡ് 'വീട്ടിലും പുറത്തും ' എന്ന പേരിലും ഇസ്ബൽ ബ്രാണ്ടൻ എഴുതിയ ടാക്സ് ഓൺ ഹെൽത്ത്'ആരോഗ്യ ശാസ്ത്രം എന്ന പേരിലും വിവർത്തനം ചെയ്യുകയുണ്ടായി. മദ്രാസിൽ നിന്നും എഫ് എ പരീക്ഷ പാസ്സായശേഷമാണ് ശാരദയുടെ പ്രസാധക പദവി ഏറ്റെടുക്കുന്നത്. അധ്യാപികയായും പ്രവർത്തിക്കുകയുണ്ടായി.

ശാരദ എന്ന ആദ്യവനിതാമാസികക്ക് പലപ്രത്യേകതകളും ഉണ്ടായിരുന്നു. ആ മാസിക തുടക്കമിട്ട പല പംക്തികളുമാണ് ഇന്നും വനിതാ മാ

സികകളും വാരികകളും രൂപം മാറ്റി പല തലക്കെട്ടുകളോട് കൂടി പ്രസിദ്ധീകരിക്കുന്നത്. വനിതകൾ പ്രസാധകരായ വനിതാമാസികയിൽ അക്കാലത്തെ എണ്ണപ്പെട്ട പല സാഹിത്യകാരന്മാരും അവരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. കേരളവർമ്മ, എൻ വേലുപിള്ള, സി രാമുണ്ണി മേനോൻ, എം ഉദയവർമ്മ രാജ, കെ. നാരായണ മേനോൻ, ടി.കെ. കൃഷ്ണമേനോൻ, സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള, സി. ഗോവിന്ദൻ എളേടം, കുഞ്ഞിക്കുട്ടൻ തമ്പുരാൻ,കെ.സി കേശവപിള്ള, എം.രാജരാജ വർമ്മ,സി.എസ്. സുബ്രഹ്മണ്യം പോറ്റി, ഏവൂർ എൻ വേലുപ്പിള്ള, കെ.നാരായണ കുരുക്കൾ, കൊട്ടാരത്തിൽ ശങ്കുണ്ണി എന്നിവർ ഇവരിൽ പ്രമുഖർ. തോട്ടയ്ക്കാട് ഇക്കാവമ്മയുടെ നളചരിതം ഭാഷാനാടകം ഖണ്ഡ:ശ പസിദ്ധീകരിച്ചതും 'ശാരദ'യിലാണ്. 'സുഭദ്രാർജ്ജുനം'എന്ന നാടകരചനയിലൂടെ ചരിത്രം സൃഷ്ടിച്ച ഇക്കാവമ്മ ടി. സി.കല്ല്യാണിയമ്മയുടെ ഭർതൃസഹോദരികൂടിയായിരുന്നു. ഇത്തരത്തിൽ ഉന്നത നിലവാരം പുലർത്തിയ ഏതാണ്ട് പൂർണ്ണമായും വനിതകളുടെ നേതൃത്വത്തിൽ പ്രസിദ്ധീകൃതമായ ഈ മാസിക അക്ഷരാർത്ഥത്തിൽ മാധ്യമരംഗത്ത് ചരിത്രം സൃഷ്ടിച്ചു എന്നതാണ് യാഥാർത്ഥ്യം. ഇതിൽ ഭാഗമായ മുഴുവൻ സ്ത്രീകളും വരേണ്യവർഗ്ഗത്തിൽപ്പെട്ടവർ കൂടിയായിരുന്നു എന്ന കാര്യം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്.ശാരദ പ്രസിദ്ധീകൃതമാകുന്ന 1904–ാംവർഷത്തിലും വിദ്യാഭ്യാസവും സഞ്ചാരസ്വാതന്ത്ര്യവും സ്ത്രീകൾക്ക് കിട്ടാക്കനി തന്നെയായിരുന്നു. പത്യേകിച്ചും അധ:സ്ഥിത വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക്.സമ്പന്ന കുടുംബങ്ങളിൽപ്പെട്ട പുരോഗമന ചിന്തയുള്ളവർക്ക് മാത്രം ലഭിക്കുന്ന ഇത്തരം അവസരങ്ങൾ വഴി സമർത്ഥരും മിടുക്കരുമായ സ്ത്രീകൾ ചില ചരിത്രനേട്ടങ്ങൾ സൃഷ്ടിച്ചു എന്നതാണ് വസ്തുത. അതാകട്ടെ സ്ത്രീകൾക്ക് തികച്ചും അന്യമായ ഒരു മേഖലക്ക് മുതൽ കൂട്ടാകുകയും ചെയ്തു.

ശാരദയുടെ ആദ്യലക്കത്തിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു.

1 കൈരളീപ്രശസ്തി–കേരളവർമ്മ വലിയകോയി തമ്പുരാൻ

2 സ്ത്രീ വിദ്യാഭ്യാസം (തുടർച്ച) –ടി.അമ്മുക്കുട്ടിയമ്മ

3 സേതുസ്നാനം (തുടർച്ച)–കെ. ലക്ഷ്മികുട്ടിയമ്മ

4 പാചകവിദ്യ– എൻ.വേലുപ്പിള്ള

5 ആരോഗ്യരക്ഷ (തുടർച്ച) –സി.രാമുണ്ണിമേനോൻ

6 ഒരു കഴുതയുടെ കഥ– (തുടർച്ച) ടി. സി കല്ല്യാണിയമ്മ (ഡബ്ല്യൂസെറ്റഡിന്റെ 'ഫെയറി ടെയിൽസ് ഫ്രം ഇന്ത്യ'യുടെ പരിഭാഷ)

7 ആഭരണഭ്രമം –ഒരു വാരിഷ്ഠൻ

8 സൗന്ദര്യം– എൻ.എം.

9 നളചരിതം ഭാഷാനാടകം–തോട്ടയ്ക്കാട് ഇക്കാവമ്മ. ഇതിൽ പാചകവും സൗന്ദര്യവും സംബന്ധിച്ച കോളം കൈകാര്യം ചെയ്തിരുന്നത് പുരുഷന്മാരായിരുന്നു എന്നത് ഏറെ കൗതുകമുള്ള കാര്യം.

ശാരദയെക്കുറിച്ച് അല്പം വിസ്തരിച്ച് പറഞ്ഞത് മാധ്യമപഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ നിരീക്ഷണവും ചരിത്രബോധവും രൂപപ്പെടുത്തുന്നതിന് വേണ്ടികൂടിയാണ്. എല്ലാ മേഖലയിലുമെന്നപോലെ മാധ്യമരംഗത്ത് സ്ത്രീകൾ ഇല്ലാതെ പോയതിന്റെ സാമൂഹ്യസാഹചര്യത്തിന്റേയും ആ പ്രതികൂലസാഹചര്യത്തിലും വീണുകിട്ടുന്ന അനുകൂല അവസരങ്ങൾ സ്ത്രീകൾ പ്രയോജനപ്പെടുത്തിയതിന്റേയും ഒരു രേഖാചിത്രം ഈ ചരിത്രവായനയിൽ നിങ്ങൾക്ക് ലഭിക്കും. ശാരദയെക്കുറിച്ച് സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള നടത്തിയ പരാമർശം അതിന് തെളിവാണ്. "പത്രങ്ങൾ ഒരു രാജ്യത്തിലെ വിദ്യാഭ്യാസപ്രചാരത്തെക്കുറിക്കുന്ന അടയാളങ്ങളാണെങ്കിൽ, കേരളദേശത്ത് സ്ത്രീജനങ്ങളുടെ ഉപയോഗത്തിനായി സ്ത്രീജനങ്ങളാൽ നടത്തപ്പെടുന്ന ഒരു പത്രിക നടന്നുപോകുന്നത് വിസ്മയ പ്രദമല്ലതന്നെ. ഇന്ത്യയിലെവിടെ നോക്കിയാലും, സ്ത്രീവിദ്യാഭ്യാസ വിഷയത്തിൽ, കേരളദേശത്തെപ്പോലെ പ്രാഥമ്യത്തെ അർഹിക്കുന്ന നാടുകൾ ചുരുക്കമാകുന്നു. മാതൃഭാഷയിൽ നല്ലവണ്ണം പാണ്ഡിത്യമുള്ള പല കേരളീയ സ്ത്രീകളുമുള്ളപ്പോൾ, 'ശാരദയെപ്പോലെ ഒരു സ്ത്രീജന പത്രികയുടെ ജീവിതം മുമ്പുതന്നെ സിദ്ധമായ ഒരു അനുമാനമത്രേ! കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ, 'ശാരദ'യിൽ ചേർത്തുകണ്ട പല സ്ത്രീജനങ്ങളുടേയും ലേഖനങ്ങൾ, കേരളത്തിൽ സ്ത്രീകളാൽ തന്നെ പ്രസിദ്ധങ്ങളായും സ്ത്രീകളുടെ തന്നെ സ്വത്തുക്കളായും സ്ത്രീകൾതന്നെ കൈകാര്യം ചെയ്യുന്നവയായും ഉള്ള പത്രികകൾ ഉണ്ടായിരിക്കുവാൻ ധാരാളം അവകാശം ഉണ്ടെന്ന് വിളിച്ചു പറയുന്നു"എന്നാണ്.

നേരത്തെ സൂചിപ്പിച്ചതുപോലെ വാർത്താമാധ്യമങ്ങൾ ഇന്നത്തെ രീതിയിൽ അവതരിക്കും മുൻപ് നിലനിന്ന സാഹിത്യപ്രവർത്തനങ്ങൾ ഒരർത്ഥത്തിൽ അതാതുകാലത്തെ വെളിവാക്കപ്പെടേണ്ട പല വസ്തുതകളും തുറന്നു കാട്ടുന്നവയായിരുന്നു. വനിതാമാസിക രൂപപ്പെടും മുൻപ് സാഹിത്യരംഗത്തും സാമൂഹ്യഎഴുത്തിന്റെ രംഗത്തും അത്തരം പ്രവർത്തനം നടത്തിയ സ്ത്രീകളെ നമുക്ക് ഓർക്കേണ്ടതായിട്ടുണ്ട്.

മനോരമത്തമ്പുരാട്ടി, കെ.എം. കുഞ്ഞിലക്ഷ്മി കെട്ടിലമ്മ, തോട്ടയ്ക്കാട് ഇക്കാവമ്മ, തരവത്ത് അമ്മാളുവമ്മ തുടങ്ങിയവർ അവരിൽ ചിലരാണ്. കോ

ഴിക്കോട് സാമൂതിരി കുടുംബത്തിൽ ജനിച്ച പ്രശസ്ത സംസ്തൃക ഭാഷാ പണ്ഡിതയാണ് മനോരമത്തമ്പുരാട്ടി. 1760 ൽ ജനിച്ച് 1828 ൽ അന്തരിച്ചു. ഹൈദരാലിയുടെ ആക്രമണത്തെതുടന്ന് ചിതറിപ്പോയ രാജകുടുംബാംഗമെന്ന നിലയിൽ മനോരമയുടെ ബാല്യകാലം സംഘർഷങ്ങളും പ്രയാസങ്ങളും നിറഞ്ഞതായിരുന്നു. മൂന്നു വയസ്സിൽ അമ്മ നഷ്ടപ്പെട്ട മനോരമ വളർന്നതും വിദ്യഅഭ്യസിച്ചതും പൊന്നാനിയിലെ വാകയൂർ കോവിലകത്താണ്. പിന്നീട് ടിപ്പു സുൽത്താൻ മലബാർ ആക്രമിച്ചതോടെ സാമൂതിരി കോവിലകത്തെ അംഗങ്ങൾ തിരുവിതാംകൂറിലേക്ക് പലായനം ചെയ്തു. മനോരമത്തമ്പുരാട്ടി ഭർത്താവ് പാക്കത്ത് ഭട്ടതിരിയോടും മക്കളോടുമൊത്ത് ധർമ്മരാജാവിന്റെ മധ്യ തിരുവിതാംകൂറിലെ എണ്ണക്കാട്ട് കോവിലകത്ത് ഏതാണ്ട് ഒരു വ്യാവഴട്ടക്കാലം താമസിക്കുകയുണ്ടായി. സംസ്കൃതഭാഷയിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്ന തമ്പുരാട്ടി സംസ്കൃതപണ്ഡിതരോടും മഹാരാജാവിനോട് പോലും ശ്ലോകങ്ങളിലൂടെയായിരുന്നു കത്തിടപാടുകൾ നടത്തിയിരുന്നത്. മലബാറും തിരുവിതാംകൂറും തമ്മിലുള്ള സാംസ്കാരിക ഏകീകരണത്തിന് മനോരമത്തമ്പുരാട്ടി വഹിച്ച പങ്ക് നിസ്തുലമാണ്.

“കേരളത്തിലെ സ്ത്രീജനങ്ങളിൽ കിഴക്കേ കോവിലകത്തെ മനോരമത്തമ്പുരാട്ടിയെപ്പോലെ വൈദുഷ്യം സമ്പാദിച്ചവരായി ആരെയും നാം അറിയുന്നില്ല.” എന്നാണ് മഹാകവി ഉള്ളൂർ ഇവരെക്കുറിച്ച് അഭിപ്രായപ്പെട്ടത്.

കെ.എം. കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ മലബാറിലെ കോട്ടയം താലൂക്കിൽ കണ്ണാരത്തു മല്ലോളിൽ തറവാട്ടിൽ 1877 ലാണ് ജനിച്ചത്. പ്രശസ്ത അഭിഭാഷകൻ കൊയ്യോടൻ കുന്നത്തു കണ്ണൻ നമ്പിയാരുടേയും ലക്ഷ്മിയമ്മയുടേയും മകളായി ജനിച്ച കുഞ്ഞിലക്ഷ്മിക്ക് ഏറ്റവും നല്ല വിദ്യാഭ്യാസമാണ് അവർ നൽകിയത്. കാവ്യനാടകങ്ങളും അലങ്കാര വൃത്തങ്ങളും ഹൃദിസ്ഥമാക്കിയ കുഞ്ഞിലക്ഷ്മി സ്വന്തമായി സദാശിവസ്തോത്രം ഓടാട്ടിൽ കേശവമേനോന്റെ നവരത്ന മാലികയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ചന്ത്രോത്ത് കുഞ്ഞിയനന്തൻ വലിയ നമ്പിയാരുമായുള്ള വിവാഹം 19-ാം വയസ്സിലാണ് നടന്നത്. അതിനുശേഷവും സംസകൃതപഠനം തുടരുകയുണ്ടായി. ഭതൃകുടുംബവുമായുണ്ടായ വ്യവഹാരതർക്കം മൂലം വിവാഹബന്ധം വേർപ്പെടുത്തിയ കുഞ്ഞിലക്ഷ്മി നീലകണ്ഠൻ തിരുമുമ്പിനെ വിവാഹം ചെയ്തു. അതോടെ കുട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പിന്റെ അയൽവാസിയായി. ഇത് കുഞ്ഞിലക്ഷ്മിയുടെ സാഹിത്യവാസന പരിപോഷിപ്പിച്ചു. സംസ്കൃതത്തിൽ രചിച്ച പ്രാർത്ഥനാജ്ഞലി, മലയാളത്തിൽ രചിച്ച സാവിത്രിവൃത്തം കൈകൊട്ടിക്കളിപ്പാട്ട്, കൗസല്യാദേവി, പുരാണചന്ദ്രിക എന്നീ കാവ്യങ്ങൾ, കടാംകോട്ടുമാക്കം കിളിപ്പാട്ട് എന്നിവയാണ് വിഖ്യാത കൃതികൾ. കവനകൗമുദി, ആത്മപോഷിണി, സമുദായ ദീപിക, ശാരദ എന്നീ മാസികകളിൽ കുഞ്ഞിലക്ഷ്മി ലേഖനങ്ങളും കാവ്യങ്ങളും എഴുതുകയുണ്ടായി. കുഞ്ഞിലക്ഷ്മിയുടെ ഏറ്റവും വലിയ സംഭാവന 1916 ൽ അവരുടെ പ്രസാധനത്തിൽ ഇറങ്ങിയ മഹിളാരത്നം മാസികയാണ്. ശാരദക്കു ശേഷം സ്ത്രീപ്രസാധക എന്ന ഖ്യാതി അവർ നേടുകയുണ്ടായി.

സ്ത്രീകൾ പൊതുവെ കടന്നുവരാൻ മടിച്ചിരുന്ന നാടക രചനാരംഗത്തേക്ക് ധീരമായി കടന്നുവന്ന ആദ്യ സ്ത്രീ എന്നതാണ് തോട്ടയ്ക്കാട്ട് ഇക്കാവമ്മയെ ശ്രദ്ധേയയാക്കുന്നത്. 'സുഭദ്രാർജജുനം' നാടകം രചിക്കുക മാത്രമല്ല അതിൽ അഭിനയിക്കുകയും ചെയ്തു. സ്ത്രീവേഷം പുരുഷൻ ചെയ്യുന്ന കാലത്താണ് ഈ ധീരത അവർ കാട്ടിയത്. അതും പുരുഷവേഷം ധരിച്ച്. 1892 ൽ തൃശ്ശൂരിൽ സംഗീതനൈഷധം നാടകത്തിൽ അവർ നളനായി വേഷമിട്ടു-അമ്പാട്ടുഗോവിന്ദമേനോൻ ദമയന്തിയും. എറണാകുളത്ത് തോട്ടയ്ക്കാട്ട് വീട്ടിൽ കുട്ടിപ്പാറു അമ്മയുടേയും ഇരിങ്ങാലക്കുട നന്തിക്കര വീട്ടിൽ ചാത്തുപണിക്കരുടേയും മകളായി 1864 ൽ ആണ് ഇക്കാവമ്മ ജനിക്കുന്നത്. നല്ല കഥകളി നടനും സംഗീതത്തിലും സാഹിത്യത്തിലും ശിൽപകലയിലും പ്രഗത്ഭനുമായിരുന്ന പിതാവ് ചാത്തുപണിക്കർ തന്നെയായിരുന്നു ഇക്കാവമ്മയുടെ ആദ്യഗുരു. വ്യാകരണവും പഞ്ചാംഗ ഗണനവും കാവ്യനാടകവും മറ്റും അതോടൊപ്പം അവർ അഭ്യസിച്ചു.

താൻ നേടിയ അറിവുകൾ പ്രകടിപ്പിക്കാനും പ്രചരിപ്പിക്കാനും അവർ എന്നും തയ്യാറായിരുന്നു. കാരണം സ്ത്രീകളുടെ അഭിമാനം കാത്തുസൂക്ഷിക്കേണ്ടത് വിദ്യാസമ്പന്നകളായ സ്ത്രീകളുടെ ഉത്തരവാദിത്തമാണെന്നവർ ഉറച്ചു വിശ്വസിച്ചിരുന്നു. സ്ത്രീകൾ കൈയ്യാളാൻ മടിക്കുന്ന ശൃംഗാരസാഹിത്യത്തിൽ ഇക്കാവമ്മ നടത്തിയ ഇടപെടലുകൾ ധീരവും ഉജ്വലവുമായിരുന്നു. വെൺമണിസാഹിത്യം കൈകാര്യം ചെയ്തിരുന്ന ഈ കവയിത്രിയെ അശ്ലീലച്ചുവ കലർന്ന ഈരടികളാൽ ആക്ഷേപിച്ചപ്പോഴൊക്കെ ഉരുളക്ക് ഉപ്പേരിപോലെ അവർ അതിന് കവിതയിൽ തന്നെ ചുട്ടമറുപടി നൽകി പുരുഷവിമർശകരെ നിർവീര്യമാക്കിയത് സാഹിത്യചരിത്രത്തിലെ തിളങ്ങുന്ന ഏടുകളാണ്. സന്മാർഗോപദേശം ഓട്ടൻതുള്ളൽ, രാസക്രീഡ കുറത്തിപ്പാട്ട്, പുരാണശ്രവണ മാഹാത്മ്യം കിളിപ്പാട്ട് (വിവർത്തനം) കൽക്കിപുരാണം കിളിപ്പാട്ട്, നളചരിതം നാടകം തുടങ്ങി നിരവധികൃതികൾ ഇക്കാവമ്മ രചിക്കുകയുണ്ടായി. ഇതിൽ നളചരിതം നാടകം 'ശാരദ'യിൽ ഖണ്ഡ:ശ പ്രസിദ്ധീകരിച്ചിരുന്നു. സുഭദ്രാർജ്ജുനം നാടകം കരമന കേശവശാസ്ത്രി

സംസ്കൃതത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

സ്ത്രീകളെ ഇടിച്ചു താഴ്ത്തുന്ന എല്ലായിടത്തും ഇക്കാവമ്മ ശക്തമായി പ്രതികരിച്ചിരുന്നു. ഒരിക്കൽ 'കേരളനന്ദിനി'യിൽ സമസ്യക്കു വന്ന പൂരണം സ്ത്രീകളെ അവഹേളിക്കുന്നതാണെന്ന് കണ്ടതോടെ അതിശക്തമായ സ്ത്രീപക്ഷവരികളോടെ ഇക്കാവമ്മ മറു പൂരണം നൽകിയത് അക്കാലത്തെ സജീവ സാഹിത്യചർച്ചാ വിഷയമായിരുന്നു. 'സുഭദ്രാർജ്ജുന'ത്തിലെ സ്ത്രീശക്തി വിളിച്ചോതുന്ന വരികൾ ഇന്നും പ്രസക്തം.

മല്ലാരിപ്രിയയായ ഭാമ സമരം ചെയ്തീലയോ?
തേർതെളിച്ചില്ലേ പണ്ട് സുഭദ്ര?
പാരിതു ഭരിക്കുന്നില്ലേ വിക്ടോറിയ ?
മല്ലാക്ഷി മണിമാർക്കു പാടവമിവ
ക്കെല്ലാം ഭവിച്ചീടുകിൽ
ചെല്ലേറും കവിതക്കു മാത്രമിവരാള
ല്ലെന്ന് വന്നിടുമോ?

പതിനാലാമത്തെ വയസ്സിൽ കാരക്കാട്ട് നാരായണമേനോനെ വിവാഹം കഴിച്ച ഇക്കാവക്ക് ആറു പെൺമക്കളും നാല് ആൺമക്കളുമുണ്ടായിരുന്നു. ഇവർക്കെല്ലാം ഉന്നതവിദ്യാഭ്യാസം നൽകുന്നതിൽ ഇക്കാവമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കൊച്ചിൻ സർക്കാർ സർവ്വീസിൽ പേഷ്ക്കാറുദ്യോഗം വരെ ഉയർന്ന ഇക്കാവമ്മയുടെ സംഭബഹുലമായ ജീവിതം 1902ൽ അവസാനിച്ചു.

കൊടുവായൂർ ചിങ്ങച്ചംവീട്ടിൽ ശങ്കരൻ നായരുടേയും തരവത്ത് കുമ്മിണിയമ്മയുടേയും മകളായി 1973ലാണ് തരവത്ത് അമ്മാളുവമ്മ ജനിക്കുന്നത്. തോട്ടയ്ക്കാട് ഇക്കാവമ്മയ്ക്കുശേഷം മധ്യകേരളം കണ്ട ഏറ്റവും വലിയ പണ്ഡിതയും പത്രപ്രവർത്തകയുമായിരുന്നു അമ്മാളുവമ്മ. ടിപ്പുസുൽത്താന്റെ ആക്രമണകാലത്ത് വടക്കേ മലബാറിൽ നിന്ന് പാലക്കാട്ടു വന്ന് അഭയം പ്രാപിച്ചവരായിരുന്നു അമ്മാളുവമ്മയുടെ പൂർവ്വികർ. അതുകൊണ്ട് മലയാളത്തിൽ മാത്രമല്ല സംസ്കൃതത്തിലും തമിഴിലും ഇവർക്ക് നല്ല അറിവുണ്ടായിരുന്നു. കൂടാതെ സംഗീതത്തിലും ഗണിതശാസ്ത്രത്തിലും അമ്മാളുവമ്മ മിടുക്കുള്ളവരായിരുന്നു. പതിനൊന്ന് ഗ്രന്ഥങ്ങൾ അമ്മാളുവമ്മ രചിച്ചു. ഭക്തമാല (3 ഭാഗങ്ങൾ) ശിവഭക്തവിലാസം, ലീല, ബാലബോധിനി, കൃഷ്ണഭക്തി ചന്ദ്രിക, ബുദ്ധചരിതം, ബുദ്ധഗാഥ, കോമളവല്ലി (2 ഭാഗങ്ങൾ) സർവ്വവേദാന്തസിദ്ധാന്ത സംഗ്രഹം, ഒരു തീർത്ഥയാത്ര, ശ്രീ ശങ്കരവിജയം എന്നിവയാണ് പ്രധാന രചനകൾ. സംസ്കൃതത്തിൽ നിന്ന് വിവർത്തനം ചെയ്ത കൃതികളാണ് ഭക്തമാലയും ശിവശക്തിവിലാസവും. സർ എഡ്വിൻ അർനോൾഡിന്റെ 'ലൈറ്റ് ഓഫ് ഏഷ്യ' എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി രചിച്ച ഗദ്യപുസ്തമാണ് 'ബുദ്ധചരിതം'. തമിഴിൽ നിന്നുള്ള വിവർത്തനഗ്രന്ഥങ്ങളാണ് ശ്രീ ശങ്കരവിജയവും ലീലയും.

**സ്ത്രീകളും പുരുഷന്മാരോടൊപ്പമോ അതിൽ കൂടുതലോ സാഹിത്യബോധവും രചനാപാടവുമുള്ളവരാണെന്ന് ഉറച്ചു വിശ്വസിച്ച അമ്മാളുവമ്മ അക്കാലത്തെ മാസികകളിലും പത്രങ്ങളിലും ഗഹനമായ സാഹിത്യവിഷയങ്ങളെക്കുറിച്ചും സ്ത്രീപക്ഷനിലപാടുകളെക്കുറിച്ചും എഴുതുമായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയും പത്നി ബി. കല്ല്യാണിയമ്മയുമായുള്ള സൗഹൃദം അമ്മാളുവമ്മക്ക് തന്റെ സാഹിത്യപത്രപ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തും ഊർജ്ജവും നൽകിയിരുന്നു.**

അമ്മാളുവമ്മയാണ് സാഹിത്യപരിഷത്തിൽ സജീവമായ ആദ്യ വനിത. പരിഷത്തിന്റെ 31.12.1927 ൽ തൃശൂരിൽ വെച്ച് നടന്ന യോഗത്തിൽ അവർ അദ്ധ്യക്ഷയായിരുന്നു അന്നാചാണ്ടിയുടെ നേതൃത്വത്തിലുള്ള ആദ്യ മലയാളം വാരിക 'ശ്രീമതി' യുടെ പത്രാധിപസമിതി അംഗമായിരുന്നു ഇവർ.

സ്ത്രീകളും പുരുഷന്മാരോടൊപ്പമോ അതിൽ കൂടുതലോ സാഹിത്യബോധവും രചനാപാടവുമുള്ളവരാണെന്ന് ഉറച്ചു വിശ്വസിച്ച അമ്മാളുവമ്മ അക്കാലത്തെ മാസികകളിലും പത്രങ്ങളിലും ഗഹനമായ സാഹിത്യവിഷയങ്ങളെക്കുറിച്ചും സ്ത്രീപക്ഷനിലപാടുകളെക്കുറിച്ചും എഴുതുമായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയും പത്നി ബി. കല്ല്യാണിയമ്മയുമായുള്ള സൗഹൃദം അമ്മാളുവമ്മക്ക് തന്റെ സാഹിത്യപത്രപ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തും ഊർജ്ജവും നൽകിയിരുന്നു.

മേൽപ്പറഞ്ഞ നാലു വനിതകളും ഭാഷയിലും മറ്റ് വിഷയങ്ങളിലും അസാമാന്യ കഴിവ് തെളിയിച്ചവരായിരുന്നു. ഇവരുടെ രചനകൾ പലതും വെളിച്ചം കണ്ടത് അക്കാലത്തെ സാഹിത്യമാസികകളിലൂടേയും പത്രപ്രവർത്തനവേദികളിലൂടേയുമാണ്. ഇവരുടെ ധീരമായ എഴുത്തും നിലപാടുകളും പിൽക്കാലത്തെ വനിതാമാധ്യമ പ്രവർത്തനത്തിനും സ്ത്രീപോരാട്ടങ്ങൾക്കും ഊർജ്ജമായിട്ടുണ്ട് എന്നതാണ് വസ്തുത.

'ശാരദ'ക്കുശേഷം 1916 ലാണ് ഒരു വനിതാ മാസിക പ്രസിദ്ധീകരിക്കപ്പെടുന്നത് ; കെ.എം കുഞ്ഞുലക്ഷ്മിക്കെട്ടിലമ്മ എന്ന മഹാപണ്ഡിതയുടെ പ്ര

സാധനത്തിൽ 'മഹിളാരത്നം' എന്ന പേരിൽ അവരെക്കുറിച്ച് നമ്മൾ നേരത്തെ പരാമർശിച്ചിരുന്നു. വനിതാമാസികയാണെങ്കിലും ഇതിൽ എഴുത്തുകാർ ഒട്ടുമിക്കവരും പുരുഷന്മാരായിരുന്നു. മൂർക്കോത്ത്, ഒടുവിൽ, കോയിപ്പള്ളി, പന്തളം, കുമാരനാശാൻ, ഉള്ളൂർ തുടങ്ങിയവർ - പ്രസാധകക്കു പുറമെ കെ.ചിന്നമ്മ, തൈക്കുന്നത്ത്

കല്ല്യാണിക്കുട്ടിയമ്മ, മയ്യനാട് ഇക്കാവമ്മ എന്നിങ്ങനെയുള്ള ചില സ്ത്രീകളും 'മഹിളാരത്ന'ത്തിൽ എഴുതിയിരുന്നു. ചെങ്ങന്നൂർ മഹിളാലയത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച 'മഹിള'യാണ് ഏറ്റവുമധികകാലം പ്രസിദ്ധീകരിക്കപ്പെട്ട വനിതാമാസിക.1921 ൽ തുടങ്ങി ഏതാണ്ട് 20 വർഷക്കാലം അത് നിലനിന്നു. ആറ്റുകാൽ നീലകണ്ഠപിള്ളയുടെ പത്നി ബി. ഭാഗീരഥിയമ്മയായിരുന്നു അതിന്റെ പ്രസാധക. സുമംഗല, വനിതാമിത്രം, സ്ത്രീസഹോദരി, മുസ്ലീംവനിത, വനിതാകുസുമം തുടങ്ങി ആ കാലത്ത് പല വനിതാമാസികകളും പ്രസിദ്ധീകരണം നടത്തുകയുണ്ടായി. ഇവയിൽ സ്ത്രീസ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും വേണ്ടി ശക്തമായി നിലകൊണ്ട മാസിക 'വനിതാകുസുമ'മാണ്. 1927 ൽ കോട്ടയത്തു നിന്നും' പ്രതിദിനം' ദിനപത്രത്തിന്റെ പത്രാധിപർ വി.സി.ജോണിന്റെ നേതൃത്വത്തിലാണ് 'വനിതാകുസുമം' പ്രസിദ്ധീകൃതമായത്. കവറുൾപ്പെടെ 42 പേജുണ്ടായിരുന്ന മാസികയുടെ വാർഷിക വരിസംഖ്യ 2 രൂപയായിരുന്നു. രണ്ടായിരത്തിലേറെ വരിക്കാർ അന്നീ മാസികക്കുണ്ടായിരുന്നു. ഇത് സ്വതന്ത്ര സ്ത്രീപക്ഷനിലപാടുകൾ അന്ന് കേരളത്തിലെ സ്ത്രീകൾ എങ്ങിനെയാണ് സ്വീകരിച്ചത് എന്നുള്ളതിന്റെ ഒരു ഉദാഹരണം കൂടിയാണ്.

വനിതകൾ മാസികകൾ മാത്രമല്ല വാരികയും നടത്തിയിരുന്നു. തിരുവനന്തപുരത്തുനിന്നും സി. കാർത്ത്യായനിയമ്മയുടെ നേതൃത്വത്തിൽ 'ശ്രീമതി' എന്ന പേരിലാണ് വാരിക നടത്തിയത്. 1935 ൽ ഒരു വിശേഷാൽ പ്രതിയുൾപ്പെടെ നാലുകൊല്ലം വാരിക പ്രസിദ്ധീകരിക്കുകയുണ്ടായി.

## വനിതാപത്രപ്രവർത്തനവും സ്വാതന്ത്ര്യസമരവും

ഇതിഹാസം, ഭക്തികേന്ദ്രീകൃതവും സംസ്കൃതഭാഷാ വിശകലനം അടിസ്ഥാനമാക്കിയുമുള്ള സാഹിത്യാസ്വാദനങ്ങൾ, സ്ത്രീപ്രശ്നങ്ങൾ എന്നിവ കേന്ദ്രീകരിച്ച് അതുവരെ നടന്ന മാസിക വാരിക പ്രവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു ശൈലി കേരളത്തിൽ ഉദയം ചെയ്തതിന് പ്രധാനമായും കാരണമായത് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ശക്തിപ്രാപിച്ച സ്വാതന്ത്ര്യസമര പോരാട്ടങ്ങളും ഒപ്പം രൂപീകൃതമായ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് - കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളുമായിരുന്നു.

**1927 ൽ കോട്ടയത്തു നിന്നും 'പ്രതിദിനം' ദിനപത്രത്തിന്റെ പത്രാധിപർ വി.സി.ജോണിന്റെ നേതൃത്വത്തിലാണ് 'വനിതാകുസുമം' പ്രസിദ്ധീകൃതമായത്. കവറുൾപ്പെടെ 42 പേജുണ്ടായിരുന്ന മാസികയുടെ വാർഷിക വരിസംഖ്യ 2 രൂപയായിരുന്നു. രണ്ടായിരത്തിലേറെ വരിക്കാർ അന്നീ മാസികക്കുണ്ടായിരുന്നു. ഇത് സ്വതന്ത്ര സ്ത്രീപക്ഷനിലപാടുകൾ അന്ന് കേരളത്തിലെ സ്ത്രീകൾ എങ്ങിനെയാണ് സ്വീകരിച്ചത് എന്നുള്ളതിന്റെ ഒരു ഉദാഹരണം കൂടിയാണ്.**

കെ. കല്ല്യാണിക്കുട്ടിയമ്മ, എ.വി.കുട്ടിമാളുവമ്മ, യശോദടീച്ചർ എന്നിവർ പത്രപ്രവർത്തനം രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയവരാണ്. ഡോക്ടറായ മുത്തേടത്ത് കൃഷ്ണമേനോന്റേയും കോച്ചാട്ടിൽ കൊച്ചുകുട്ടി അമ്മയുടേയും മകളായി ജനിച്ച കല്ല്യാണിക്കുട്ടിയമ്മയുടെ ഉന്നത വിദ്യാഭ്യാസം മദ്രാസിലെ ക്വീൻ മേരീസ് കോളേജിലായിരുന്നു. വിദ്യാഭ്യാസപരമായും ചിന്താപരമായും ഉയർന്നു നിൽക്കുന്ന കുടുംബാന്തരീക്ഷത്തിൽ വളർന്ന കല്ല്യാണിക്കുട്ടിയമ്മ സ്വതന്ത്രയും ധീരയുമായാണ് വളർന്നത്. അഡയാറിലെ ബ്രഹ്മവിദ്യാസംഘത്തിലെ പ്രവർത്തനം മഹാത്മാഗാന്ധി, ആനിബസന്റ്, ജിദ്ദുകൃഷ്ണമൂർത്തി, റൊമെയിൻ റോളണ്ട്, വി.കെ.കൃഷ്ണമേനോൻ, സുഭാഷ്ചന്ദ്രബോസ് തുടങ്ങിയവരുമായി അടുത്തിടപഴകാനും സൗഹൃദമുണ്ടാക്കാനും അവസരം നൽകി. കോൺഗ്രസ്സ് പ്രവർത്തകനായ കുട്ടൻനായരുമായുള്ള വിവാഹശേഷം സ്ത്രീസംഘടനകളിൽ കല്ല്യാണിക്കുട്ടിയമ്മ സജീവമാവുകയുണ്ടായി.

അഖിലേന്ത്യാമഹിളാസമ്മേളനങ്ങളിലും വിദ്യാഭ്യാസ സമ്മേളനങ്ങളിലും അവർ പങ്കെടുത്തു. കോൺഗ്രസ്സിന്റെ 1929ലെ ബോംബെ സമ്മേളനത്തിലും 1932 ലെ ബാംഗ്ലൂർ സമ്മേളനത്തിലും അവർ സജീവസാന്നിദ്ധ്യമായിരുന്നു. 1935 മേയ് മാസത്തിൽ കല്ല്യാണിക്കുട്ടിയമ്മ ഉൾപ്പെടെ 20 പേർ അടങ്ങുന്ന സംഘം കപ്പലിൽ യൂറോപ്യൻ പര്യടനത്തിന് പോവുകയുണ്ടായി. ഈ പര്യടനത്തെപ്പറ്റി ഹിന്ദുസ്ഥാൻ ടൈംസിൽ അവർ എഴുതിയ ലേഖന പരമ്പര മലയാളത്തിൽ വിവർത്തനം ചെയ്ത് മനോരമ, ഗോമതി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ചു.




കെ.എ.ബീന
എഴുത്തുകാരി,
പത്രപ്രവർത്തക

ചർച്ചാവിഷയം

# 'കേരളീ സുഗുണബോധിനി' മുതൽ 'സംഘടിത' വരെ

## (മലയാളത്തിലെ പ്രമുഖ വനിതാ മാസികകൾ)

മലയാളഭാഷയിലുള്ള പത്രപ്രവർത്തനം യഥാർത്ഥ രൂപത്തിൽ ആരംഭിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ്. ആശയങ്ങളിലും ചിന്താഗതികളിലും നിലപാടുകളിലും പുതിയ കാഴ്ചപ്പാടുകൾ ഇക്കാലത്ത് കടന്നുവന്നു. സാഹിത്യത്തിലും ഈ മാറ്റം പ്രകടമായിരുന്നു. പത്രങ്ങളിലൂടെ, മാസികകളിലൂടെ സാഹിത്യവും ഭാഷയും നവീകരിക്കപ്പെട്ട കാലമായിരുന്നു ഇത്. മലയാളത്തിലെ ആദ്യത്തെ പത്രമെന്ന് വിശേഷിപ്പിക്കപ്പെടുന്ന 'രാജ്യസമാചാരം' 1847-ൽ പ്രസിദ്ധീകരിക്കപ്പെട്ടുവെങ്കിൽ 'പ്രതിദിനം' എന്ന ആദ്യത്തെ ദിനപത്രം വൈക്കം സത്യാഗ്രഹകാലത്താണ് പുറത്തുവന്നത്. 1847നും 1885 നുമിടയിൽ 26 മാസികകൾ പ്രസിദ്ധീകരിക്കപ്പെട്ടുവെന്നും ഇവയിൽ ആദ്യത്തെ വനിതാമാസികയായ 'കേരളീസുഗുണബോധിനി' ഉൾപ്പെട്ടിരുന്നുവെന്നും ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്.



രാജ്യസമാചാരം

അറിവിനെയും വിജ്ഞാനത്തെയും ജനകീയമാക്കാൻ വാരികകളും മാസികകളും കാരണമായി. അന്ധവിശ്വാസങ്ങൾക്കും അസമത്വങ്ങൾക്കെതിരെയൊക്കെ ചിന്തിക്കാൻ ഇത് വഴിയൊരുക്കി. ഈ മാറ്റം കേരളത്തിന്റെ പിൽക്കാല മുന്നേറ്റങ്ങൾക്ക് അടിസ്ഥാനമായി എന്നത് പറയേണ്ടിയിരിക്കുന്നു.


സ്ത്രീകൾക്ക് വേണ്ടിയുള്ള മലയാളത്തിലെ ആദ്യപ്രസിദ്ധീകരണം 'കേരളീ സുഗുണബോധിനി' പുറത്തിറക്കിയത് 1885 ജൂലൈയിലാണ്. 'രാജ്യസമാചാരം' പ്രസിദ്ധീകരിക്കപ്പെട്ട്38 വർഷം കഴിഞ്ഞ്. സ്ത്രീകൾക്കുവേണ്ടി പുരുഷന്മാർ നടത്തിയ പ്രസിദ്ധീകരണമായിരുന്നു കേരളീ സുഗുണബോധിനി. കേരളവർമ വലിയകോയിത്തമ്പുരാന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കളായ കെ. ചിദംബരവാദ്ധ്യാർ, എം.പി. നാരായണപിള്ള എന്നിവർ പത്രാധിപർമാരായി ആരംഭിച്ച കേരളീ സുഗുണബോധിനിയുടെ മാനേജർ മരുതനായകം പിള്ളയായിരുന്നു. രണ്ട് രൂപയായി

രുന്നു വാർഷിക വരിസംഖ്യ (വില).

പുരുഷന്മാർ പുറത്തിറക്കിയിരുന്ന ഈ പത്രത്തിൽ സ്ത്രീകൾ എഴുതിയിരുന്നു എന്ന് സംശയമാണ് (പുതുപ്പള്ളി രാഘവൻ). അക്കാലത്ത് എഴുത്തുകാർ പേര് വച്ചെഴുതുന്നത് പതിവായിരുന്നില്ല. 'കേരളീസുഗുണബോധിനി'യുടെ ചില ലക്കങ്ങളിൽ 'ഭഗവതി അമ്മ' എന്ന പേരിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇത് പുരുഷ എഴുത്തുകാർ ആരെങ്കിലും സ്ത്രീപേരിൽ എഴുതിയതാകാം എന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

1894 സെപ്റ്റംബറിലെ 'കേരളീസുഗുണബോധിനി'യിൽ പ്രസിദ്ധീകരിച്ച 'ഒരു മൂങ്ങയും അതിന്റെ വിദ്യാശിലയും – ഒരു രസകരമായ സംഭാഷണം' എന്നീ കഥകളും 1894 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച 'കൂപനിവാസിയായ കുരുട്ടാമ' എന്ന കഥയും ജെ. ഭഗവതിയമ്മയുടെ പേരിലുള്ളതാണ്. സാഹിത്യവിഷയങ്ങൾക്കായിരുന്നു 'കേരളീസുഗുണബോധിനി'യിൽ ഊന്നൽ കൊടുത്തിരുന്നത്. അടുക്കളക്കുള്ളിൽനിന്നും സ്ത്രീയെ പുറത്തുകൊണ്ടുവരണമെങ്കിൽ അറിവും വിദ്യാഭ്യാസവും കൂടിയേ തീരൂവെന്ന ചിന്ത 'കേരളീസുഗുണബോധിനി' പങ്കുവെച്ചിരുന്നു. ആദ്യലക്കഷം എഡിറ്റോറിയൽ ഇതു വ്യക്തമാക്കുന്നുണ്ട്.

"മലയാളത്തിൽ നിരവധി പ്രസിദ്ധീകരണങ്ങളിലൂടെ എഴുത്തുകാർ അവരുടെ ചിന്തകളും ആശയങ്ങളും പങ്കുവയ്ക്കുന്നുണ്ട്. എന്നാൽ ഇവയൊക്കെ പൂർണ്ണമായും പുരുഷന്മാർക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകൾക്കുവേണ്ടി ഒന്നും തന്നെയില്ല.




സ്ത്രീകളുടെ വായനാശീലത്തിനും അവർക്ക് ആനന്ദം നൽകാനുംവേണ്ടി ഒരു പ്രസിദ്ധീകരണവും ഇല്ല എന്നത് സങ്കടകരമാണ്. അതുകൊണ്ട് ഇന്നു മുതൽ കേരളീ സുഗുണബോധിനി എന്ന പേരിൽ ഒരു മാസിക സ്ത്രീകൾക്കായി തുടങ്ങുന്നു'' എന്നായിരുന്നു ആമുഖക്കുറിപ്പ്. "ഈ പ്രസിദ്ധീകരണം രാഷ്ട്രീയവും മതപരവുമായ ചർച്ചകൾ ഉദ്ദേശിക്കുന്നില്ല. മൂല്യബോധം, കടമകൾ, പാചകം, സംഗീതം, മൂല്യബോധം ഉയർത്തുന്ന കഥകൾ, വിനോദത്തിനുള്ള വഴികൾ, കഥകൾ, സ്ത്രീകളുടെ ജീവിതകഥകൾ, രാജ്യചരിത്രം, സാഹിത്യവിമർശനം, തത്ത്വശാസ്ത്രം, മനുഷ്യശരീരശാസ്ത്രം തുടങ്ങിയ വിഷയങ്ങളായിരിക്കും ഇതിൽ മുഖ്യം" എന്നും തുടക്കത്തിലേ പറഞ്ഞിട്ടുണ്ട്.

'സ്ത്രീ വിദ്യാഭ്യാസം' എന്ന പേരിൽ കേരളവർമ എഴുതിയ ഒരു കവിതയാണ് പ്രഥമ ലക്കത്തിലെ ആദ്യ ഇനം.

"സ്ത്രീകൾക്ക് നല്ലറിവു നൾകവതാണു നന്നു
ലോകത്തിലുത്തമപരഷ്കൃതികൾക്കു പാർക്കിൽ
ആക പ്രജാസമുദായത്തിനു സൽഗുണങ്ങ–
ളേകപ്പെടുന്നതിനന്നലമൊന്നുതന്നെ
മാതാവിനുള്ള ഗുണമാണൊരു കുത്തിലേറ്റ–
ജാതാവലംബനമതായി വരുന്നതെന്നും
ഓതാമിതൊന്നു ദൃഢമായ സതീടെ കൂട്ടി
ക്കേതാനുമമ്മയുടെ ദുർഗുണമൊക്കെയുണ്ടാം.
കേരളീസുഗുണബോധിനിമൂലം
സാരളീഭവിതമായതിവേലം
കേരളീയവനിതാജലജാലം
സാരലീനമതിായ് ഭവിതാലം.

ആദ്യലക്കത്തിൽ ദഹനവ്യവസ്ഥയെക്കുറിച്ചുള്ള ലേഖനം, ദന്തസംരക്ഷണം, വി. രാമയ്യാരുടെ ജീവചരിത്രം, ഹൽവ ഉണ്ടാക്കുന്നതെങ്ങനെ, തിലോത്തമ എന്ന ചെറുകഥ തുടങ്ങിയവയായിരുന്നു ഉള്ളടക്കത്തിൽ. തിരുവിതാംകൂർ ചരിത്രം 'കേരളീസുഗുണബോധിനി'യിൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ചിരുന്നു.

കലാകാരന്മാരെക്കുറിച്ചും എഴുത്തുകാരെക്കുറിച്ചും കൃതികളെക്കുറിച്ചും കേരളീസുഗുണബോധിനി വിശദമായ ലേഖനങ്ങൾ നൽകിയിരുന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പാലൊളിചരിതം, എ.ആർ. രാജരാജവർമയുടെ കേരളപാണിനീയം, മേഘദൂതം, കുചശതകം ഇവയെക്കുറിച്ചൊക്കെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുത്തുസ്വാമി ദീക്ഷിതർ, സ്വാതിതിരുനാൾ തുടങ്ങിവരുടെ ജീവചരിത്രങ്ങളും പ്രധാനപ്പെട്ടവയായിരുന്നു. പഞ്ചാംഗഗണിതത്തെക്കുറിച്ച് പറവൂർ കേശവനാശാൻ (10321092) എഴുതിയ ലേഖനം കേരളീസുഗുണബോധിനിയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രധാനപ്പെട്ട ഒരു എഴുത്തുകാരനും 'സുജനനന്ദിനി' എന്ന

പ്രസിദ്ധീകരണത്തിന്റെ പത്രാധിപരും ആയിരുന്നു പറവൂർ കേശവനാശാൻ. പ്രമുഖ കവിയും എഴുത്തുകാരനുമായിരുന്നു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും ഈ വനിതാ മാസികയിൽ എഴുതുമായിരുന്നു.

മലയാളിസ്ത്രീകളെ പത്രപ്രവർത്തനത്തിന്റെയും എഴുത്തിന്റെയും വഴികളിലേക്ക് നയിക്കുന്നതിൽ ഈ പ്രസിദ്ധീകരണം കാരണമായി എന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആദ്യത്തെ കേരളീ സുഗുണബോധിനി ആറുമാസമേ പുറത്തിറങ്ങിയുള്ളൂ. പിന്നീട് 1892-ൽ ഈ മാസിക വീണ്ടും പ്രസിദ്ധീകരിക്കപ്പെട്ടു. കെ. ചിദംബരവാദ്ധ്യാർ, എം.സി. നാരായണപിള്ള എന്നിവരായിരുന്നു രണ്ടാമത്തെ തവണ പത്രാധിപന്മാരായത്.

'പാതിവ്രത്യം' കേരളീസുഗുണബോധിനി ഗൗരവത്തോടെ കൈകാര്യം ചെയ്തിരുന്നു. 'പതിവ്രതാധർമം' എന്ന പേരിൽ ഒരു ലേഖനം 'ഒരു മാന്യസ്ത്രീ' എഴുതിയിരിക്കുന്നു. ഭർത്താവിന്റെ ഇച്ഛയ്ക്കനുസരിച്ച് അയാൾക്ക് സുഖവും സൗകര്യങ്ങളും ഉണ്ടാകുന്ന വിധത്തിൽ ജീവിക്കേണ്ടതിന്റെ ആവശ്യകത ഈ ലേഖനം ഊന്നിപ്പറയുന്നു.

**'ശാരദാ' പ്രത്യേകം സ്ത്രീകളുടെ ഉപയോഗത്തിനായി തുടങ്ങുന്നതാകുന്നു. മലയാളഭാഷയിൽ പരിചയമുള്ള സകല സ്ത്രീജനങ്ങളുടെയും അഭ്യുദയത്തിനായി അവശ്യം വേണ്ടുന്ന സംഗതികളെപ്പറ്റി ലളിതവും സുഗമവുമായ ഭാഷയിൽ പ്രതിപാദിക്കുവാനും മാസിക മൂലമായി അവർക്ക് നിത്യമായ ഗുണങ്ങളെ ഉണ്ടാക്കാനുമാവുന്നു ഞങ്ങളുടെ ശ്രമം.**

1892-ൽ 'മഹാറാണി' എന്നൊരു മാസിക മദ്രാസിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്നു. രണ്ടുമാസത്തിലൊരിക്കൽ പ്രസിദ്ധീകരിച്ചിരുന്ന ഈ മാസികയുടെ എഡിറ്ററും പ്രസാധകനും റാവു ബഹദൂർ കൃഷ്ണമാചാര്യ ആയിരുന്നു (പുതുപ്പള്ളി രാഘവൻ).

ഈ മാസികകൊണ്ട് സ്ത്രീകൾക്ക് പ്രത്യേകിച്ച് പ്രയോജനം ഉണ്ടാകുന്നില്ല എന്ന ചിന്തയുടെ ഫലമായാണ് 1892-ൽ 'കേരളീ സുഗുണബോധിനി' പുനഃപ്രസിദ്ധീകരിക്കാൻ കേരളവർമ വലിയ കോയിത്തമ്പുരാന്റെ നേതൃത്വത്തിൽ തീരുമാനിച്ചത്. 1904-ൽ പുറത്തിറക്കിയ ശാരദയെക്കുറിച്ച് പുതുപ്പള്ളി രാഘവന്റെ പത്രപ്രവർത്തനചരിത്രത്തിൽ പറയുന്നുണ്ട്. പിന്നീട് ഈ വിഷയത്തെക്കുറിച്ച് എഴുതിയവരും ഇതുതന്നെ പറയുന്നു. 'മലയാളസ്ത്രീമാസികകൾ ചരിത്രവും ഭാവുകത്വപരിണാമവും' എന്ന ഗവേഷണപ്രബന്ധത്തിൽ. ആദ്യലക്കം പരിശോധിച്ചതിൽനിന്ന് 1905-ലാണ് 'ശാരദാ' പ്രസിദ്ധീകരിച്ചത് എന്നാണ് കണ്ടത്, എന്ന് സംഗീത തിരുവുൾ പി.പി. പറയുന്നത്.

"1905-ലാണ് 'ശാരദാ' എന്ന സ്ത്രീ മാസിക രൂപമെടുത്തത് എന്നാണ് ശാരദയുടെ പ്രഥമലക്കം പരിശോധിച്ചതിൽനിന്ന് മനസ്സിലാക്കാനായത്.

"ഉല്ലാസത്തൊടു വൈദുഷീമഹിമയേ പ്രാപിച്ചു ദിച്ചീടും

ചൊല്ലാർന്നോരബലാത്രയേണ കലിതശ്രദ്ധം പ്രസിദ്ധീകൃതം

നല്ലാർക്കീനവയായ മാസിക യശോവിസ്തരദാ "ശാരദ"

മല്ലാരേരനുകമ്പയാചിരതരം കേഴാതെ വാഴേണമേ"

എന്ന കേരളവർമ്മയുടെ (19051) മംഗളത്തോടെയാണ് 'ശാരദാ'യുടെ ആദ്യലക്കം ആരംഭിക്കുന്നത്. തുടർന്ന് മാനേജരും ഉടമസ്ഥനുമായ കെ. നാരായണമേനോന്റെ പ്രസ്താവനയുമുണ്ട്. ഈ പ്രസ്താവന 'ശാരദാ'യുടെ ലക്ഷ്യങ്ങൾ വെളിപ്പെടുത്തുന്നു (സംഗീത തിരുവുൾ പേജ് 25).

'ശാരദാ' പ്രത്യേകം സ്ത്രീകളുടെ ഉപയോഗത്തിനായി തുടങ്ങുന്നതാകുന്നു. മലയാളഭാഷയിൽ പരിചയമുള്ള സകല സ്ത്രീജനങ്ങളുടെയും അഭ്യുദയത്തിനായി അവശ്യം വേണ്ടുന്ന സംഗതികളെപ്പറ്റി ലളിതവും സുഗമവുമായ ഭാഷയിൽ പ്രതിപാദിക്കുവാനും മാസിക മൂലമായി അവർക്ക് നിത്യമായ ഗുണങ്ങളെ ഉണ്ടാക്കാനുമാവുന്നു ഞങ്ങളുടെ ശ്രമം."

"ശാരദാ മാസികയുടെ രീതി മലയാളത്തിന് പുതിയതാണ്. ഈ ഉദ്യമം ഞങ്ങൾക്കും പുതിയതാണ്. അതുകൊണ്ട് ആദ്യകാലങ്ങളിൽ വളരെ ന്യൂനതകൾ ഉണ്ടായേക്കാം. മാസികയെ സംബന്ധിച്ച് ഏതെങ്കിലും ഭേദഗതികൾ വരുത്തേണ്ടതുണ്ടെങ്കിൽ മഹാജനങ്ങൾ അവയെ അനുഗ്രഹബുദ്ധിയോടെ കാണിച്ചുതരുവാൻ യഥാശക്തി ഞങ്ങളെ സഹായിക്കുവാനും വളരെ താഴ്മയോടെ അപേക്ഷിക്കുന്നു" (നാരായണമേനോൻ കെ., 1905-1).

കെ. നാരായണമേനോന്റെ ഉടമസ്ഥതയിൽ ഭാരതീവിലാസം പ്രസ്സിലാണ് 'ശാരദാ' അച്ചടിച്ചിരു

ന്നത്. 'കേരളീസുഗുണബോധിനി'യിൽനിന്ന് വ്യത്യസ്തമായി 'ശാരദാ'യിൽ സ്ത്രീകൾ തന്നെയാണ് ഏറെക്കുറെ ഉള്ളടക്കം എഴുതിയിരുന്നത്. റാണി സേതുലക്ഷ്മിഭായി, റാണി പാർവതീഭായി, ഇക്കുവമ്മ തമ്പുരാൻ എന്നിവർ പേട്രൺമാരായിരുന്നു. ടി.ബി. കല്യാണികുട്ടിയമ്മ, ടി.സി. കല്യാണിയമ്മ, ടി. അമ്മുക്കുട്ടി എന്നിവരായിരുന്നു 'ശാരദാ'യുടെ പ്രസാധകർ. ഒരുപക്ഷേ കേരളത്തിലെ ആദ്യ പ്രസാധകരും ഇവർ തന്നെയായിരിക്കുമെന്ന് ഗവേഷകർ പറയുന്നു (സംഗീത).

സ്ത്രീധർമം, ഭർതൃശുശ്രൂഷ, സ്ത്രീവിദ്യാഭ്യാസം, ചാരിത്ര്യം, മാതൃസ്നേഹം, ആഭരണഭ്രമം, പ്രസവം തുടങ്ങിയ നിരവധി വിഷയങ്ങൾ 'ശാരദാ'യിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ സ്ത്രീകൾ തന്നെയാണ് എഴുതിയിരുന്നുവെന്നതിന് തെളിവ് പിറന്നാൾപ്പതിപ്പിലെ പ്രസ്താവനയാണ്.

"ശാരദാ'യുടെ ഈ കഴിഞ്ഞ പന്ത്രണ്ട് ലക്കങ്ങളിൽനിന്നും നമ്മുടെ മലയാളത്തിൽ ഗദ്യമെഴുതാൻ പ്രാപ്തിയുള്ള സ്ത്രീകൾ എത്രയുണ്ടെന്ന് അറിയാമല്ലോ. 'ശാരദാ'യുടെ ആവിർഭാവത്തിന് മുമ്പായി ഈ കഥ ആരും മനസ്സിലാക്കിയിരുന്നില്ല" ('ശാരദാ', 1906–1).

സ്ത്രീകൾ എഴുതുന്നത് രണ്ടുതരത്തിൽ ഗുണം ചെയ്യുമെന്ന് ശാരദാപ്രവർത്തകർ വിലയിരുത്തുന്നു. എഴുതുന്ന സ്ത്രീയുടെ പുരോഗതിക്കൊപ്പം വായിക്കുന്നവർക്കുണ്ടാകുന്ന നേട്ടവും അവർ വ്യക്തമാക്കുന്നു. സ്ത്രീകൾ എഴുതുന്നത് വായിക്കാൻ സ്ത്രീകൾക്ക് ഇഷ്ടമാണ് എന്നും സ്ത്രീകൾക്ക് സ്ത്രീകളോടാണ് മമതയെന്നും 'ശാരദാ' പറയുന്നുണ്ട്. പുരുഷന്മാർക്കല്ലാതെ ഗദ്യവും പദ്യവും എഴുതാൻ കഴിയില്ല എന്ന അഭിപ്രായം നിലനിൽക്കുന്നതിനെക്കുറിച്ച് ഖേദത്തോടെ 'ശാരദാ' പ്രവർത്തകർ രേഖപ്പെടുത്തിയിട്ടുണ്ട്.

"ഒന്നുകിൽ ഇവർ വിദുഷികളായ സ്ത്രീകളെ അറിയായ്കയോ അല്ലെങ്കിൽ പുരുഷന്മാരായ തങ്ങൾക്ക് ത്രാണിയില്ലാത്ത വിഷയത്തിൽ അബലകളായ സ്ത്രീകൾ പ്രാപ്തകളാവുന്നതല്ലെന്നുള്ള മൂഢവിശ്വാസമോ; തങ്ങൾക്കല്ലാതെ മറ്റുള്ളവർക്ക് ഒന്നിനും സാമർത്ഥ്യമില്ലെന്നുള്ള അഹംഭാവമോ ആയിരുന്നിരിക്കണം. നാം ഇവരെ നിന്ദിക്കുന്നില്ലെങ്കിലും ഭയപ്പെടേണ്ട ആവശ്യമില്ല ('ശാരദാ', 1906). ഇതിൽ പ്രസിദ്ധീകരിച്ച 'സ്ത്രീകളും പത്രപ്രവർത്തനവും' എന്ന ലേഖനം കേരളൻ, പത്രാധിപർ കെ. രാമകൃഷ്ണപിള്ള എഴുതിയത്) ഈ കാലഘട്ടത്തിലെ പത്രപ്രവർത്തനവും സ്ത്രീകളുടെ പ്രാതിനിധ്യവും വ്യക്തമാക്കുന്നു.

"പാശ്ചാത്യദേശത്തു നിന്ന് ഇന്ത്യയിൽ കൊണ്ടുവന്ന് നട്ടുപിടിപ്പിച്ചിട്ടുള്ള ചെടികളിൽ വച്ച്, ഇവിടത്തെ മണ്ണിൽ നല്ലവണ്ണം വേരുറച്ച് തഴച്ചുവളർന്നു വന്ന വൃത്താന്തപത്രപ്രവർത്തനം കേരളീയരുടെ ഇടയിലും പല അത്ഭുതങ്ങളും ജനിപ്പിക്കുന്നുണ്ടെന്നത് ഏറ്റവും ചാരിതാർത്ഥ്യം നൽകുന്നു. സ്ത്രീജനങ്ങളുടെ മനോവിനോദത്തിനും ജ്ഞാനവർധനവിനും പത്രികകൾ നടത്തുന്ന തൊഴിൽ പുരുഷന്മാർ മാത്രം ചെയ്യേണ്ട ഒന്നല്ലെന്നും സ്ത്രീജനങ്ങൾതന്നെ അതിൽ ഉദ്യോഗിക്കുന്നത് അധികം ഉചിതമായിരിക്കുമെന്നും പാശ്ചാത്യദേശക്കാരുടെ ഇടയിലുള്ള നിശ്ചയം, ഇന്ത്യയുടെ ഒരു കോണായ കേരളത്തിൽ ഇത്രവേഗം പകരുമെന്നോ ഇത്രമേൽ സ്തുത്യർഹമായ ഫലം ആദ്യമേ ഉണ്ടാകുമെന്നും നാം മുമ്പു കരുതിയിരുന്നതല്ല.'' 'ശാരദാ'യിൽ സ്ത്രീകൾ എഴുതുന്ന ലേഖനങ്ങൾ ഇത്തരം പ്രസിദ്ധീകരണങ്ങൾ ഇനിയും ഉണ്ടാകുന്നതിന് കാരണമാകുമെന്നും കെ. രാമകൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്നു.

മുൻകൂറായി പണമടയ്ക്കാത്തവർക്ക് മാസിക അയക്കില്ല എന്ന് 'ശാരദാ'യിൽ പരസ്യം ഉണ്ടായിരുന്നു. അക്കാലത്തെ മാസികകളിൽ ഇത്തരമൊരു പരസ്യം കാണാൻ കഴിയും. രണ്ടുവർഷത്തിനുശേഷം 'ശാരദാ'യുടെ പ്രസിദ്ധീകരണം നിലച്ചു. എന്നാൽ അടുത്തവർഷം സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ആഭിമുഖ്യത്തിൽ 'ശാരദാ' വീണ്ടും പ്രസിദ്ധീകരണം ആരംഭിച്ചു. 'കേരളൻ', 'വിദ്യാർത്ഥി' തുടങ്ങിയ രണ്ട് പ്രസിദ്ധീകരണങ്ങളും 'സ്വദേശാഭിമാനി' മാസികയും അക്കാലത്ത് രാമകൃഷ്ണപിള്ള പ്രസിദ്ധീകരിച്ചിരുന്നു. നാല് മാസികകൾ ഒരുമിച്ച് പ്രസിദ്ധീകരിക്കാൻ ബുദ്ധിമുട്ട് നേരിട്ടതിനാൽ 'ശാരദാ' ഉൾപ്പെടെയുള്ള മാസികകൾ നിർത്തിവെച്ചു. 'സ്വദേശാഭിമാനി' മാത്രം നിലനിർത്തി. 1916–ൽ പത്രവും പ്രസ്സും കണ്ടുകെട്ടി നാടുകടത്തപ്പെട്ടപ്പോൾ 'സ്വദേശാഭിമാനി' പത്രവും നിർത്തലായി. രാമകൃഷ്ണപിള്ളയുടെ ഭാര്യ ബി. കല്യാണിയമ്മ രാമകൃഷ്ണപിള്ളയ്ക്കൊപ്പം തിരുവനന്തപുരം വിട്ടു.

'ശാരദാ' സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ച് (1909 ജനുവരി) പ്രസിദ്ധീകരിച്ച ലേഖനം സ്ത്രീകളുടെ പുരോഗതിയിൽ അന്ന് നിലനിന്നിരുന്ന പിന്തിരിപ്പൻ കാഴ്ചപ്പാടുകൾ നിഴലിക്കുന്നതാണ്.

"ഇന്ത്യൻ ബാലികയ്ക്ക് അവളോടും കുടുംബത്തോടും രാജ്യത്തോടുമുള്ള ചുമതലയെപ്പറ്റി ബോധമുണ്ടാക്കാൻ തക്ക പഠിപ്പ് നൽകണം. ഈ പഠനത്തിന്റെ അധിഷ്ഠാനം മതം ആയിരിക്കണം. അവളുടെ ഹൃദയത്തിൽ പരിശുദ്ധ മതഗ്രന്ഥങ്ങളുടെ അടയാളവും അവളുടെ മേൽ പരിശുദ്ധ ഗീതാവാക്യങ്ങളും ആയിരിക്കട്ടെ. ഒരു സൽപുത്രിയായും സദ്ഭാര്യയായും സന്മാതാവായും ഇരിക്കാൻ അവൾക്കുള്ള കടമയെ നിർവഹിക്കുവാൻ അവൾക്ക് അധികം ശക്തിയുണ്ടാക്കിക്കൊടുക്കുകയാണ് വി

ദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം", ('ശാരദാ', 1909, പേജ് 20–21).

സ്ത്രീകളെ വീട്ടിനുള്ളിലെ 'ലക്ഷ്മി'യാക്കുന്ന പ്രക്രിയ 'ശാരദാ'യിലെ പല ലേഖനങ്ങളും നിർവഹിച്ചിരുന്നു എന്ന് പറയേണ്ടിയിരിക്കുന്നു.

'ഭർതൃശുശ്രൂഷ' (ചെല്ലമ്മ തങ്കച്ചി, 'ശാരദാ' 1909, പേജ് 31)

ഒരു ഭർത്താവിന്റെ സുഖസർവ്വസ്വം ഭാര്യയുടെ ഹിതാനുവർത്തത്തിൽ അടങ്ങിയിരിക്കുന്നു. ഈ ഹിതാനുവർത്തനംകൊണ്ടുള്ള ചാരിതാർത്ഥതയാണ് ഭാര്യയുടെ സർവോൽകൃഷ്ടമായ ഭൂഷണം."

പാതിവ്രത്യമാഹാത്മ്യം വനിതാമാസികകളുടെ ഒഴിവാക്കാനാവാത്ത ഘടകമായി പിന്നീട് മാറി. വിദ്യാഭ്യാസമുള്ള സ്ത്രീ പുരുഷന് വിധേയയായി കഴിയണമെന്ന കുലീന സ്ത്രീസങ്കല്പം പതുക്കെപ്പതുക്കെ സ്ത്രീമാസികകൾ മുന്നോട്ടുവച്ചു. ഇതു വായിക്കാൻ ഇടയായ മധ്യവർഗ്ഗസ്ത്രീസമൂഹം ആ നിലയ്ക്ക് ചിന്തിക്കാൻ തുടങ്ങി (സംഗീത തിരുവുൾ, പേജ് 30).

1913ൽ പുനലൂരിൽ നിന്ന് 'ശാരദാ' എന്ന പേരിൽ മറ്റൊരു വനിതാപ്രസിദ്ധീകരണം ആരംഭിച്ചു.

**"ഇന്ത്യൻ ബാലികയ്ക്ക് അവളോടും കുടുംബത്തോടും രാജ്യത്തോടുള്ള ചുമതലയെപ്പറ്റി ബോധമുണ്ടാക്കാൻ തക്ക പഠിപ്പ് നൽകണം. ഈ പഠനത്തിന്റെ അധിഷ്ഠാനം മതം ആയിരിക്കണം. അവളുടെ ഹൃദയത്തിൽ പരിശുദ്ധ മതഗ്രന്ഥങ്ങളുടെ അടയാളവും അവളുടെ മേൽ പരിശുദ്ധ ഗീതാവാക്യങ്ങളും ആയിരിക്കട്ടെ. ഒരു സൽപുത്രിയായും സദ്ഭാര്യയായും സന്മാതാവായും ഇരിക്കാൻ അവൾക്കുള്ള കടമയെ നിർവഹിക്കുവാൻ അവൾക്ക് അധികം ശക്തിയുണ്ടാക്കിക്കൊടുക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം", ('ശാരദാ', 1909, പേജ്20–21).**

ടി.കെ. കല്യാണിക്കുട്ടിഅമ്മ എഡിറ്റ് ചെയ്തിരുന്ന ഈ ആറ് വർഷത്തോളം പ്രസിദ്ധീകരിച്ചിരുന്നു (പുതുപ്പള്ളി).

"പട്ടം എൻ. കൊച്ചുകൃഷ്ണപിള്ളയുടെ ഭാര്യയായിരുന്നു ടി.കെ. കല്യാണിക്കുട്ടിയമ്മ എന്ന തെക്കേക്കുന്നത്ത് കല്യാണിയമ്മ. എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ ചേന്ദമംഗലം സ്വദേശിയായിരുന്നു അവർ. കല്യാണിക്കുട്ടിയമ്മ ഭർത്താവുമൊന്നിച്ച് പുനലൂർ പുനലൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'ശാരദാ'യുടെ പ്രസാധകയായിരുന്നുവെന്നും കൊച്ചുകൃഷ്ണപിള്ള 'ശാരദാ'യുടെ പത്രാധിപരായിരുന്നുവെന്നും പദ്യസാഹിത്യചരിത്രത്തിൽ ടി.എം. ചുമ്മാർ (1936, പേജ് 402) പ്രതിപാദിക്കുന്നുണ്ട്. മലയാളസ്ത്രീകളുടെ സ്വത്വാവിഷ്കരണത്തിന് 'ശാരദാ' നൽകിയ സംഭാവനകൾ ചെറുതായിരുന്നില്ല (സംഗീത തിരുവുൾ, പേജ് 36).

**ലക്ഷ്മിഭായി**

സ്ത്രീകൾക്ക് 1905-ൽ ആരംഭിച്ച മറ്റൊരു മാസികയാണ് 'ലക്ഷ്മീഭായി.' വെളായൂർ നാരായണമേനോൻ ആയിരുന്നു ഇതിന്റെ ഉടമസ്ഥനും പത്രാധിപരും. റാണി ലക്ഷ്മിഭായി തമ്പുരാട്ടിയുടെ സ്മാരകമായിട്ടാണ് ഇത് തുടങ്ങിയത്. തൃശ്ശൂർ ഭാരതവിലാസം പ്രസ്സിൽനിന്നും അച്ചടിച്ച് പ്രസിദ്ധീകരണമാരംഭിച്ച 'ലക്ഷ്മീഭായി', വിദ്യാവിനോദിനി പ്രസ്സ്, തൃശൂർ വാണികളേബരം പ്രസ്സ്, ലക്ഷ്മിഭായി അച്ചുകൂടം, ഭാരതവിലാസം പ്രസ്സ്, തൃശൂർ കേരളോദയം തുടങ്ങി നിരവധി സ്ഥലങ്ങളിൽ അച്ചടിച്ച് 35 വർഷത്തോളം മുടങ്ങാതെ പ്രസിദ്ധീകരിച്ചിരുന്നു. തോട്ടക്കാട് ഇക്കാവമ്മ, തരളത്ത് അമ്മാളു അമ്മ, ബി. കല്യാണിയമ്മ, ടി.സി. കല്യാണിയമ്മ, കുട്ടിക്കുഞ്ഞിതങ്കച്ചി, ഐ. ദേവകിയമ്മ, കോയിപ്പള്ളി പാർവ്വതിയമ്മ ബി.എ, തച്ചാട്ടെ ദേവകിയമ്മ, കൽത്തറ കാർത്ത്യായനിക്കുട്ടി, പള്ളില്ലത്ത് പാർവ്വതിയമ്മ, ടി. ഭാരതിയമ്മ ബി.എ എന്നിവരായിരുന്നു പ്രധാനപ്പെട്ട ലേഖികമാർ.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ, നടുവത്ത് അച്ഛൻ നമ്പൂതിരി, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, മൂർക്കോത്ത് കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, സി. കേശവപിള്ള, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ എന്നിവർ 'ലക്ഷ്മീഭായി'യിൽ എഴുതിയിരുന്നു.

'ലക്ഷ്മീഭായി'യുടെ ആദ്യലക്കത്തിലെ പ്രസ്താവന ഇങ്ങനെയായിരുന്നു: "സ്ത്രീവിദ്യാഭ്യാസവിഷയങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരു മാസിക തുടങ്ങിയാൽ നന്നായിരിക്കും എന്ന് വിചാരിച്ച് പൊതുജനാഭിപ്രായവും ആരാഞ്ഞറിഞ്ഞ് സ്വന്തമായി ഒരു അച്ചുകൂടവും സ്ഥാപിച്ചപ്പോഴാണ്, 'ശാരദാ'യുടെ രംഗപ്രവേശം. സ്ത്രീമാസികയുടെ കർത്തവ്യം യഥാവിധം നിറവേറ്റിവന്ന ശാരദയെ കണ്ട് ഇനിയൊരു സ്ത്രീമാസികയുടെ ആവശ്യമുണ്ടോ എന്ന് ശങ്കിച്ച് നിൽക്കുമ്പോഴാണ് 'പ്രത്യേകം സ്ത്രീകൾക്കായുള്ള പത്രങ്ങളോ മാസികക

ളോ എത്രതന്നെ ഉണ്ടായാലും തരക്കേടില്ല. സ്ത്രീകളുടെ ഇടയിൽ ജ്ഞാനാഭിവൃദ്ധി എത്രമാത്രം ഉണ്ടാകുന്നോ അത്രത്തോളമാണ് നാട്ടിൽ പരിഷ്കാരം വർദ്ധിക്കുന്നത്" എന്ന കേരളവർമ്മയുടെ വാചകം സംശയത്തെ ദൂരീകരിച്ചു."

'ലക്ഷ്മീഭായി'യുടെ ഉള്ളടക്കത്തെ ഗർഭരക്ഷ, ശിശുപരിപാലനം, ആരോഗ്യ രക്ഷാമാർഗ്ഗം, പാചകവിധി, ഗൃഹഭരണം, ഭർത്തൃശുശ്രൂഷ, പാതിവ്രത്യ മാഹാത്മ്യം, മാന്യന്മാരായ ഓരോ സ്ത്രീരത്നങ്ങളുടെ ജീവചരിത്രം, സാരോപദേശങ്ങൾ തുടങ്ങിയ പല വിനോദ കഥകൾ -കവിതകൾ മുതലായി മലയാളഭാഷാപരിജ്ഞാനമുള്ള സൗഭാഗ്യവനിതകൾക്ക് അവശ്യം അറിഞ്ഞിരിക്കേണ്ടതായ പല വിഷയങ്ങളും വാചകരൂപമായും ശ്ലോകരൂപമായും ഗാനരൂപമായും എഴുതപ്പെടുന്നതാകുന്നു. ('ലക്ഷ്മീഭായി', 1905, പേജ് 6) എന്നുപറഞ്ഞിട്ടുണ്ട്

ഭാര്യത്വം, പാതിവ്രത്യം, മാതൃത്വം എന്നിവ സ്ത്രീകളിൽ വളർത്തുക എന്ന ധർമ്മമായിരുന്നു ഒരളവുവരെ ഈ മാസികയും അനുവർത്തിച്ചിരുന്നത്. 'അബലമാരാകുന്ന സ്ത്രീകൾ ഹൃദയാനുസരണമായി എല്ലാവരിലും അനുസരണമുള്ളവരായിരിക്കണം. ഈ ഗുണം തീരെ ഇല്ലാത്തവർ ഏവരോ അവർ ഏറ്റവും നികൃഷ്ടകളും ലോക നിരുപാത്രങ്ങളും ആയിരിക്കുമെന്നതിന് സംശയമില്ല" എന്ന് നാരായണർ തമ്പി തേലപ്പുറത്ത് 'ലക്ഷ്മീഭായി''യിൽ എഴുതിയ 'അനുസരണം" എന്ന ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

ഭർത്താവ് എന്തെങ്കിലും അവിഹിതമായി പ്രവർത്തിച്ചാൽ തന്നെയും അത് സഹിക്കാനേ ഭാര്യക്ക് അവകാശമുള്ളൂ എന്ന് പുരാണകഥാപാത്രമായ ദമയന്തിയെ ഉദാഹരിച്ചുകൊണ്ട് ഈ ലേഖനം പറഞ്ഞുറപ്പാക്കുന്നു.

മൂർക്കോത്തു കുമാരൻ എഴുതിയ 'സീത'യും ഇതുപോലെയുള്ള ഒന്നാണ്. സീതയെ കാട്ടിൽ ഉപേക്ഷിക്കുമ്പോഴുള്ള സീതയുടെ പ്രതികരണം.

'തന്നെ കാട്ടിൽ ത്യജിപ്പാൻ കൊണ്ടുവന്നതാണെന്ന പരമാർത്ഥം സീത അറിഞ്ഞ ഉടനെ അവർ വ്യസനിച്ചു മൂർച്ഛിക്കുന്നു. തന്നോട് കാണിച്ച ക്രൂരതയെപ്പറ്റി ആരേയും കുറ്റപ്പെടുത്തുന്നില്ല. ദുഷ്കീർത്തി ഉണ്ടാക്കിയ പൗരന്മാരെക്കുറിച്ച് ഒരായിരമെങ്കിലും ശബ്ദിക്കുന്നില്ല.'

'ലോകാപവാദം ശങ്കിച്ചെന്ന സ്സത്യജീചിതു
ലോകനായകൻ മമ ഭർത്താ ശ്രീരാമചന്ദ്രൻ.'

എന്ന് മാത്രം പറയുന്നു. ഭർത്താവിൽ വിപ്രിയം ചെയ്യരുത് നികൃതയെന്നാകിലും കോപമൂലം എന്ന ഉപദേശം ഇതിലധികം ശക്തിയോടുകൂടി അനുഭവത്തിൽ കാൺമാൻ സാധിക്കുമോ?" (മൂർക്കോത്തു കുമാരൻ, 1906, പേജ് 175).

സ്ത്രീകൾക്ക് വേണ്ടി നടത്തപ്പെടുന്ന മാസിക എന്ന നിലയിൽ ഏറ്റവും കൂടുതൽ കാലം നിലനിന്ന മാസിക 'ലക്ഷ്മീഭായി'യാണ്. 'ഗേഹിനികളും ഗൃഹദേവതകളുമായിരുന്ന് ശിശുപരിപാലനം, ഭർത്തൃശുശ്രൂഷ മുതലായ വിശിഷ്ടകൃത്യനിർവഹണത്തിൽ ലോകക്ഷേമമരുളിയിരുന്ന പതിവുവിട്ട് നാനാജാതിമതസ്ഥരാൽ നിബിഡീകൃതമായ ജനതാമധ്യേ മഞ്ചത്തിലേറി നിന്നു പിന്തിരിഞ്ഞോടേണ്ടതായ വാക്കുകൾ ചിലവാക്കേണ്ടവരല്ല മലനാട്ടിലെ മഹിളമാർ. അങ്ങനെ വേണമെങ്കിൽ സമസ്ത ഭാരത മഹിളാസമ്മേളനത്തെ അവർ അനുകരിക്കുകയോ അതിൽ പങ്കുകൊള്ളുകയോ ചെയ്യട്ടെ,' എന്നാണ് 'ലക്ഷ്മീഭായി' 1929-ൽ മാസികയു?ടെ ഇരുപത്തിയഞ്ചാം വാർഷികലക്കത്തിൽ പ്രസിദ്ധീകരിച്ചത്. സ്ത്രീകൾക്കുവേണ്ടി പുരോഗമനപരമായ വിഷയങ്ങൾ (ശൈശവവിവാഹം, സ്ത്രീവിദ്യാഭ്യാസം, സ്ത്രീസമത്വം തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനൊപ്പം ഇത്തരത്തിലുള്ള നിലപാടുകളും 'ലക്ഷ്മീഭായി'' പിന്തുടർന്നിരുന്നു.

**'ലക്ഷ്മീഭായി'യുടെ ആദ്യലക്കത്തിലെ പ്രസ്താവന ഇങ്ങനെയായിരുന്നു: "സ്ത്രീവിദ്യാഭ്യാസവിഷയങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരു മാസിക തുടങ്ങിയാൽ നന്നായിരിക്കും എന്ന് വിചാരിച്ച് പൊതുജനാഭിപ്രായവും ആരാഞ്ഞറിഞ്ഞ് സ്വന്തമായി ഒരു അച്ചുകൂടവും സ്ഥാപിച്ചപ്പോഴാണ്, 'ശാരദാ'യുടെ രംഗപ്രവേശം. സ്ത്രീമാസികയുടെ കർത്തവ്യം യഥാവിധം നിറവേറ്റിവന്ന ശാരദയെ കണ്ട്ഇനിയൊരു സ്ത്രീമാസികയുടെ ആവശ്യമുണ്ടോ എന്ന് ശങ്കിച്ച് നിൽക്കുമ്പോഴാണ് 'പ്രത്യേകം സ്ത്രീകൾക്കായുള്ള പത്രങ്ങളോ മാസികകളോ എത്രതന്നെ ഉണ്ടായാലും തരക്കേടില്ല. സ്ത്രീകളുടെ ഇടയിൽ ജ്ഞാനാഭിവൃദ്ധി എത്രമാത്രം ഉണ്ടാകുന്നോ അത്രത്തോളമാണ് നാട്ടിൽ പരിഷ്കാരം വർദ്ധിക്കുന്നത്" എന്ന കേരളവർമ്മയുടെ വാചകം സംശയത്തെ ദൂരീകരിച്ചു."**

## മേരിറാണി

തൃപ്പൂണിത്തുറയിൽനിന്ന് 1913-ൽ പ്രസിദ്ധീകരണമാരംഭിച്ച മാസികയാണ് 'മേരിറാണി'. കൊച്ചിയിലെ സ്റ്റാർകൊച്ചിൻ പ്രസിൽ നിന്നാണ് കെ.പി. വർഗീസ് പബ്ലിഷറും ജോസഫ് ചാക്കോ പണിപ്പിള്ളിൽ മാനേജരുമായി 'മേരിറാണി' പ്രസിദ്ധീകരിച്ചിരുന്നത്.

'മാറീടാതെ മഹത്വമൊത്ത് പലദേശത്തും നടന്നിഷ്ടമാം

മാറീടാർന്നുപദേശമെങ്ങു മണവോർക്കേകി തെളിഞ്ഞങ്ങിനെ

ഏറീടും ഗുണപൂർത്തിയാലുലകി നിങ്ങാകല്പമാകല്പമായ്

'മേരിറാണി' മഹിപതിക്ക് ഹിതമാം വണ്ണം വിളക്കിടേണം.'

'മേരിറാണി'യുടെ ആദ്യലക്കത്തിൽ കുണ്ടൂർ നാരായണമേനോന്റെ മംഗളം (1913, പേജ് 1) ഇങ്ങനെയായിരുന്നു.

'രാജന്യസ്ത്രീമണികൾ മുടിമേൽ ചാർത്തീടും രത്നമാകും' ഭാരതചക്രവർത്തിനി തിരുമനസ്സിലെ തിരുനാമധേയസ്മാരകമായി പുറപ്പെടുന്ന ഈ മാസികാഗ്രന്ഥത്തിന്റെ ആദ്യലക്കത്തിൽ ഇതിന്റെ അവതാരത്തെക്കുറിച്ച് അല്പം പ്രസ്താവിക്കുന്നത് യുക്തമായിരിക്കുമെന്ന് വിശ്വസിക്കുന്നു' എന്ന പ്രസ്താവനയുമുണ്ട്. 'മേരിറാണി' ചക്രവർത്തിനിയുടെ ഓർമ്മക്കായിട്ടാണ് ഈ മാസിക തുടങ്ങിയതെന്ന് ഇതിൽനിന്ന് അനുമാനിക്കാം.

എ.പി. വർക്കി, എ. പുല്ലർ, യമളൻ കെ.വി., കെ.കെ.എം., കെ. നാരായണമേനോൻ, കെ.പി. കറുപ്പർ, കെ. കൊച്ചുണ്ണി തിരുമുൽപ്പാട്, കെ.സി. കേശവപിള്ള, കുണ്ടൂർ നാരായണമേനോൻ, കല്ലറയ്ക്കൽ കുട്ടപ്പ മേനോൻ, ചാലിൽ സി. വർഗീസ്, റങ്കൂൺ, പി.സി. വർക്കി, കല്യാണിയമ്മ തുടങ്ങിയവർ 'മേരിറാണി'യിൽ എഴുതിയിരുന്നു. എഴുത്തുകാരിലേറെയും പുരുഷന്മാരായിരുന്നു. എലിസബത്ത് കുര്യൻ, കെ. ലക്ഷ്മിക്കുട്ടിഅമ്മ, തെക്കുന്നത്ത് കല്യാണികുട്ടിയമ്മ, അമ്പാടി നാരായണി പുതുവാരസ്യാർ തുടങ്ങിയവർ 'മേരിറാണി'യിൽ എഴുതിയിരുന്ന സ്ത്രീകളിൽ പെടുന്നു. സ്ത്രീവിദ്യാഭ്യാസം, ഗൃഹജീവിതം, വീട് നോക്കൽ തുടങ്ങിയ വിഷയങ്ങൾ 'മേരിറാണി"യിൽ കൈകാര്യം ചെയ്തിരുന്നു.

മലയാളത്തിലെ മറ്റൊരു വനിതാമാസികയായ 'ഭാഷാശാരദ' 1915 ഏപ്രിലിൽ പുനലൂരിൽ നിന്ന് പ്രസിദ്ധീകരണമാരംഭിച്ചു. 'സ്ത്രീകളുടെ പൊതുനന്മയെ ഉദ്ദേശിച്ച് വിവിധ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഒരു വിശിഷ്ട മാസിക' എന്ന് ഇതിന്റെ പുറംചട്ടയിൽ രേഖപ്പെടുത്തിയിരുന്നു.

കൊല്ലം മനോമോഹനം പ്രസ്സിൽനിന്ന് അച്ചടിച്ച് പുനലൂർ ഡബ്ലി.യു.പി. ഹൗസിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'ഭാഷാ ശാരദ'യുടെ പത്രാധിപർ ടി.വി. രായപ്പക്കുറുപ്പും മാനേജർ പി.എൻ. ശങ്കരപ്പിള്ളയും ആയിരുന്നു.

'കേരളത്തിലെ പത്രങ്ങളിലും മാസികകളിലും ഭാഷാഭിമാനികളായ പല ലേഖകൻമാരുടേയും ഉപന്യാസങ്ങൾ സ്ഥലംപിടിച്ചു കാണുന്നുണ്ട്. എങ്കിലും സാധാരണ സ്ത്രീജനങ്ങളുടെ ലേഖനങ്ങൾ അതുകളിൽ പ്രവേശിച്ചു കാണാത്തതുകൊണ്ട് അവരെ ആ വിഷയങ്ങളിൽ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കണമെന്ന് ഞങ്ങൾക്ക് ഉദ്ദേശ്യമുണ്ടായിരുന്നു (1916, പേജ് 1). ഇന്ത്യയിലെ നിലയോട് താരതമ്യം ചെയ്താൽ കേരളത്തിൽ സൈഡ് ഉന്നതനിലക്ക് വേണ്ട പ്രവർത്തനങ്ങൾ നടക്കുന്നില്ല.' 'സ്ത്രീജനങ്ങളുടെ നില അത്ര ആശാസ്യമാണെന്ന് ഞങ്ങൾക്കു തോന്നുന്നില്ല. ഇതുകൊണ്ട് സ്ത്രീകൾ പുരുഷന്മാരോട് മല്ലിടണം, പത്രങ്ങളിൽ പരസ്യമായി എന്തും എഴുതണം എന്നൊന്നും ഞങ്ങൾക്ക് അഭിപ്രായമുള്ളതായി ആരും ശങ്കിക്കരുത്. വിദ്യാഭ്യാസമുള്ള സ്ത്രീകൾ, തങ്ങളുടെ അറിവിനെ മറ്റുള്ളവർക്ക് കൂടി ഉപയോഗപ്രദമാക്കി തീർക്കത്തക്കവണ്ണം വേണ്ടത് ചെയ്യുകയും സ്വവർഗ്ഗത്തിന്റെ അഭിവൃദ്ധിയിൽ കഴിയുന്നതും ശ്രദ്ധിക്കുകയും ചെയ്യണമെന്നത്രെ ഞങ്ങൾ പറയുന്നത്' (1916, പേജ് 2).

'ഭാഷാശാരദ'യിലെ പ്രസ്താവനകളിൽ ചിലവയാണിത്. വളരെ കുറച്ച് സ്ത്രീകൾ മാത്രമേ എഴുത്തുകാരായി 'ഭാഷാശാരദ'യിൽ ഉണ്ടായിരുന്നുള്ളൂ എന്നതാണ് യാഥാർത്ഥ്യം. പല ലക്കങ്ങളിലും മുഴുവൻ എഴുത്തുകാരും പുരുഷന്മാരായിരുന്നു.

## മഹിളാരത്നം

തിരുവനന്തപുരത്തുനിന്ന് 1916 സെപ്റ്റംബറിൽ പ്രസിദ്ധീകരിച്ചിരുന്ന മറ്റൊരു വനിതാമാസിക 'മഹിളാരത്നം' ആയിരുന്നു. കെ.എം. കുഞ്ഞിലക്ഷ്മി കെട്ടിലമ്മയായിരുന്നു പത്രാധിപ. ആദ്യകാല പത്രപ്രവർത്തക എന്ന നിലയിൽ എഴുത്തുകാരി കൂടിയായ കെ.എം. കുഞ്ഞിലക്ഷ്മി കെട്ടിലമ്മയെ കണക്കാക്കാവുന്നതാണ്.

തൈക്കുന്നത്ത് കല്യാണിക്കുട്ടിഅമ്മ, കെ. ചിന്നമ്മ, മയ്യനാട് ഇക്കാവമ്മ തുടങ്ങിയവർ കുഞ്ഞുലക്ഷ്മി കെട്ടിലമ്മയോടൊപ്പം 'മഹിളാരത്നം' പ്രസിദ്ധീകരിക്കുന്നതിന് പ്രവർത്തിച്ചു. അധികകാലം നീണ്ടുനിന്നില്ല എങ്കിലും വനിതാമാധ്യമ ചരിത്രത്തിൽ 'മഹിളാരത്ന'ത്തിന് പ്രധാനപ്പെട്ട സ്ഥാനമുണ്ട്. സ്ത്രീപ്രശ്നങ്ങളാണ് 'മഹിളാരത്നം' മുഖ്യമായും ചർച്ച ചെയ്തിരുന്നത്. കുമാരനാശാൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, മൂർക്കോത്ത് കുമാ

രൻ തുടങ്ങിയ പ്രശസ്ത എഴുത്തുകാർ ഇതിൽ എഴുതിയിരുന്നു. കെ.എം. കുഞ്ഞുലക്ഷ്മിക്കെട്ടിലമ്മ, കെ.ചിന്നമ്മ, തെക്കെക്കുന്നത്ത്കല്യാണിക്കുട്ടിയമ്മ, മയ്യനാട് ഇക്കാവമ്മ തുടങ്ങിയവർ ഈ മാസികയിൽ എഴുതിയിരുന്നു'' (പുതുപ്പള്ളി രാഘവൻ, 1985, പേജ് 146).

## സുമംഗല

'പൊന്നും ചിങ്ങമാസത്തിൽ നാളെ 'സുമംഗല'യുടെ ജനനം. അതുകൊണ്ട് അവളുടെ ഭാവിക്ഷേമത്തെക്കുറിച്ച് വ്യാകുലപ്പെടേണ്ടതില്ലെന്നാണ് തോന്നുന്നത്. എന്നാൽ ഭൂലോകത്തെ മുഴുവൻ ഗ്രഹപ്പിഴയിൽ ചാടിച്ച് സകലജീവജന്തുക്കളെയും ദരിദ്രാഗ്നിയിൽ തള്ളിപ്പൊരിച്ചു നട്ടംതിരിക്കുന്ന അവസരത്തിൽ ജനിക്കുന്ന ഒരു കുട്ടിക്ക് ബാലാരിഷ്ടതകൾ സംഭവിക്കില്ലെന്ന് നിശ്ചയമായി വിചാരിക്കാനും നല്ല ഉറപ്പുതോന്നുന്നില്ല. പക്ഷേ 'തീയിൽ കുരുത്തത് വെയിലത്ത് വാടില്ല' എന്ന ഗുണം 'സുമംഗലാ'ക്ക് നൽകുമെങ്കിൽ അത് ഒരു അനുഗ്രഹം തന്നെയാകുമല്ലോ. ഗൃഹസ്ഥന്മാർക്കും ഗൃഹഭാരം വാസ്തവത്തിൽ ഭരിക്കേണ്ടിവരുന്ന ഗൃഹനായികമാർക്കും 'സുമംഗലാ' ഒരു ഉത്തമ ഉപദേഷ്ടാവായിരിക്കണം എന്നാണ് ഞങ്ങളുടെ മോഹം' (സുമംഗലാ, 1916, പേജ് 1)

മുഖക്കുറിപ്പിൽ പറഞ്ഞതിനനുസരിച്ച് സ്ത്രീകൾക്കും പുരുഷന്മാർക്കും ഉത്തമ ഉപദേഷ്ടാവ് എന്ന നിലയിലായിരുന്നു ഇതിലെ ഉള്ളടക്കം. സന്മാർഗതത്വങ്ങൾ, ജീവിതവിജയം കൈവരിക്കുന്നതിനുള്ള ലേഖനങ്ങൾ, കഥകൾ, വിനോദ കഥകൾ, ആദർശവതികളായ സ്ത്രീകളുടെ ജീവചരിത്രങ്ങൾ, ഗൃഹഭരണത്തെക്കുറിച്ചുള്ള കുറിപ്പുകൾ ഇവയൊക്കെ 'സുമംഗലാ'യിൽ ഉണ്ടായിരുന്നു.

ആദ്യലക്കത്തിൽ ഗൃഹനായിക (ബ്രഹ്മശ്രീ സി.എസ്. സുബ്രഹ്മണ്യൻ പോറ്റി) ജപ്പാനിലെ ഹരൂക ചക്രവർത്തിനി (എ. ശങ്കുണ്ണിമേനവൻ അവർകൾ ബി.എ. എൽ.ടി.), സുഖസ്മൃതി (കെ. ഗോവിന്ദൻ തമ്പി അവർകൾ), ഹാരിയുടെ വിവാഹം (പി.വി. ഗോപാലപിള്ള അവർകൾ) എന്നിവയായിരുന്നു ഉണ്ടായിരുന്നത്. കായംകുളത്തെ സുവർണ്ണരത്നപ്രഭാപ്രസ്സിലാണ് 'സുമംഗലാ' അച്ചടിച്ചിരുന്നത്. ഈ.എൻ. കേശവപിള്ളയും എരുവയിൽ ചക്രപാണി വാര്യരുമായിരുന്നു പത്രാധിപന്മാർ.

## സംഘമിത്ര

1921–ൽ കേരളത്തിലെ ഈഴവസ്ത്രീകളുടെ ഉന്നമനത്തിനായി ആരംഭിച്ച മാസികയാണ് സംഘമിത്ര. കൊല്ലം വി.വി. പ്രസ്സിൽനിന്ന് പി.ആർ. നാരായണൻ മാനേജരും പി.കെ.എൻ. വൈദ്യർ പ്രസാധകനുമായിട്ടാണ് 'സംഘമിത്ര' പുറത്തിറങ്ങിയിരുന്നത്.

സി.വി. കുഞ്ഞിരാമൻ 1921 (1096 ധനുലക്കം) ൽ 'സംഘമിത്ര' എന്ന പേരിൽ ലേഖനത്തിൽ എന്തുകൊണ്ടാണ് ഈ മാസികക്ക് 'സംഘമിത്ര' എന്ന് പേരിട്ടതെന്നും എന്താണ് ഇങ്ങനൊരു മാസികക്ക്പിന്നിലെ ഉദ്ദേശ്യമെന്നും എഴുതിയിരിക്കുന്നു.

കേരളീയ സിംഹള സ്ത്രീകളുടെ ഉപയോഗത്തിനായി ഒരു മാസിക എപ്പോഴെങ്കിലും നടത്തേണ്ട ആവശ്യകത നേരിടുമെങ്കിൽ ആ മാസികക്ക്'സംഘമിത്ര'യെന്ന് പേരിടണമെന്ന് ഞാൻ തീർച്ചയാക്കി വെച്ചിട്ട് നാളുകൾ വളരെയായി. ഈ മാസികയുടെ പ്രവർത്തകന്മാർ എന്നോട് പേരിടാൻ ആവശ്യപ്പെട്ടപ്പോൾ ഞാൻ ഈ വിവരം പറയുകയും താമസിയാതെ 'സംഘമിത്ര'യെ സ്ത്രീജനങ്ങളുടെ ഉപയോഗത്തിനുള്ള ഒരു മാസികയാക്കിക്കൊള്ളാം എന്ന് അവർ ഏൽക്കുകയും ചെയ്തതിനനുസരിച്ചാണ് ഈ മാസികക്ക് 'സംഘമിത്ര' എന്ന് പേരിട്ടിട്ടുള്ളത്" (കുഞ്ഞിരാമൻ സി.വി. 1921, പേജ് 76).

സിംഹള വനിതകളുടെ ആദിമമതാചാര്യയായിരുന്ന വനിതയാണ് സംഘമിത്രയെന്നും അശോകന്റെ പുത്രിയായ സംഘമിത്ര സിലോണിൽ ബുദ്ധമതം പ്രചരിപ്പിച്ചുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ട്.

ആദ്യലക്കങ്ങളിൽ ബി.എൻ. മീനാക്ഷിയമ്മ, മയ്യനാട് കെ. വാസന്തി എന്നിവരുടേത്ഒഴിച്ചാൽ സ്ത്രീകളുടെ എഴുത്തുകൾ 'സംഘമിത്ര'യിൽ കാണാൻ കഴിയുന്നില്ല. തുടർന്നൊരു ലേഖനത്തിൽ (1922ൽ) 'സംഘമിത്ര' പത്രാധിപസമിതി തന്നെ ഈ വിഷയത്തെക്കുറിച്ച് എഴുതുന്നുണ്ട്.

'സാഹിത്യവാസനയുള്ള നമ്മുടെ സ്ത്രീകൾക്ക് എഴുതി ശീലിക്കാൻ ഉപയോഗപ്പെടണമെന്ന ലക്ഷ്യത്തോടെയാണ് 'സംഘമിത്ര' നടത്തുന്നത്. അങ്ങനെയുള്ളവരുടെ ഔദാസീന്യംകൊണ്ടോ, അലംഭാവംകൊണ്ടോ ലേഖനങ്ങൾ എഴുതിക്കാണുന്നില്ല. വാസനയും കഴിവും ഉള്ളവർ സംഘമിത്രാ പംക്തികൾ വഴി സാഹിത്യപരിശ്രമത്തെ പോഷിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു."

ഇതിനു ശേഷമുള്ള ലക്കങ്ങളിൽ സ്ത്രീകളുടെ എഴുത്തുകളുടെ എണ്ണം വർദ്ധിച്ചു. ശ്രീമതി പി.കേ. കുഞ്ഞുഅമ്മ, ശ്രീമതി പാറുക്കുട്ടിയമ്മ, ശ്രീമതി കാർത്ത്യായനി അമ്മ, ശ്രീമതി കയ്യാലയ്ക്കൽ ശാരദാമ്മ, ആർ. മന്ദാകിനി അമ്മ, ശ്രീമതി എം.കേ. പാർവതിഅമ്മ, ശ്രീമതി കനകലത, ബി. ഭാഗീരാഥി അമ്മ, കെ. വാസന്തി, കെ.എം. കുഞ്ഞിലക്ഷ്മി കെട്ടിലമ്മ, മുതുകുളം പാർവതിയമ്മ, ഡോ. അന്നാ തോമസ് തുടങ്ങിയ സ്ത്രീകളെ 'സംഘമിത്ര'യുടെ പേജുകളിൽ കാണാനാവുന്നു.

'സംഘമിത്ര'യിൽ പ്രസിദ്ധീകരിച്ച ശ്രീമതി പി.ആർ. മന്ദാകിനിയമ്മയുടെ 'അമ്മ' എന്ന ലേഖ

നത്തിൽ സ്ത്രീകളുടെ പേരിനോട് ചേർത്തുവെക്കുന്ന 'അമ്മ" സ്ഥാനത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. അക്കാലത്ത് ഈഴവ സ്ത്രീകളുടേയും ക്രിസ്ത്യാനി സ്ത്രീകളുടേയും പേരിനോട് ചേർത്ത് 'അമ്മ' വെക്കുന്നതിന് ചില ഹെഡ്മിസ്ട്രസുകാർക്ക് വൈമുഖ്യം ഉണ്ടായിരുന്നുവെന്ന് ലേഖനത്തിൽ പറയുന്നു.

ഡോക്ടർ അന്ന തോമസ് ശിശുസംരക്ഷണത്തെക്കുറിച്ച് തുടർച്ചയായി 'സംഘമിത്ര'യിൽ എഴുതിയിരുന്നു.

'സ്ത്രീലോകം' എന്ന ഒരു പംക്തി അതിലുണ്ടായിരുന്നു. ലോകത്തിന്റെ വിവിധ കോണുകളിലുള്ള പ്രധാനപ്പെട്ട സ്ത്രീകളെക്കുറിച്ച് ഇതിൽ ലേഖനങ്ങൾ കൊടുത്തിരുന്നു. മൂന്നുവർഷത്തോളം നീണ്ടുനിന്നതിനുശേഷം പ്രസിദ്ധീകരണം നിലച്ചുവെങ്കിലും അക്കാലത്തെ സ്ത്രീകളുടെ മുന്നേറ്റത്തിന് 'സംഘമിത്ര' വഴിയൊരുക്കി.

ഈഴവസ്ത്രീകളുടെ ഉന്നമനത്തിന് എന്നുപറഞ്ഞ് ആരംഭിച്ചുവെങ്കിലും 'സംഘമിത്ര' ദേശീയവും നവോത്ഥാനപരവുമായ നിരവധി ആശയങ്ങളും ചിന്തകളും പങ്കുവെച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്. 'ഇന്ത്യയിലെ വർഗീയ മത്സരവും ജാതിജന്യമായ ദുർഘടങ്ങളെ പുലർത്തുന്ന അനാചാരങ്ങളും ഇല്ലായ്മ ചെയ്ത് ഇന്ത്യാനിവാസികളുടെ ഇടയിൽ ഏകമതീഭാവം ഉറപ്പിക്കുന്ന കാലത്തല്ലാതെ സ്വയംഭരണത്തിന്റെ ആവശ്യം ഉണ്ടാവുകയില്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം. സ്വരാജ്യസ്നേഹികളായ വീരന്മാർ അവിടെ സർവശക്തികളും പ്രയോഗിച്ച് ജാതിശല്യത്തെ ഇല്ലായ്മ ചെയ്യുവാനുദ്യമിക്കുമെങ്കിൽ അന്നാണ് ഇന്ത്യയുടെ ഭാവി ശോഭനമാകുന്നത്" എന്ന് 1921 ഡിസംബറിലെ 'സംഘമിത്ര'യുടെ പത്രക്കുറിപ്പിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ചെങ്ങന്നൂർ മഹിളാലയം നടത്തിയിരുന്ന വനിതാമാസികയാണ് 'മഹിള' (1921 ജനുവരി) മഹാറാണി സേതു പാർവതീഭായി പേട്രണായിരുന്ന 'മഹിള'യുടെ പത്രാധിപർ ബി. ഭാഗീരഥിഅമ്മയായിരുന്നു. 20 വർഷത്തോളം നീണ്ടുനിന്ന 'മഹിള' ആദ്യം തിരുവനന്തപുരത്തുനിന്നും പിന്നീട് തിരുവല്ലയിൽ നിന്നുമാണ് പുറത്തുവന്നിരുന്നത്. ആറ്റിങ്ങൽ ഇളയതമ്പുരാന്റെ മദിരാശി സന്ദർശനവേളയിൽ അവിടത്തെ തിരുവിതാംകൂറുകാരായ സ്ത്രീകൾ നൽകിയ മംഗളപത്രത്തിനുള്ള മറുപടി 1921 ഫെബ്രുവരി ലക്കം 'മഹിള'യിൽ പ്രസിദ്ധീകരിച്ചിരുന്നു.

'ഒട്ടധികം കേൾവിപ്പെട്ടിട്ടുള്ള ഈ വലിയ നഗരത്തെ ഞാൻ ഇദംപ്രഥമമായിട്ടാണ് സന്ദർശിക്കുന്നത്. എന്റെ സഹോദരികളായ നിങ്ങൾ ഇവിടെ അധികകാലമായി താമസിക്കുന്നവരും നിങ്ങളിൽ അനേകംപേർ ജീവിതത്തിൽ ഉന്നതപദവിയെ പ്രാപിച്ചിട്ടുള്ളവരും ആകുന്നു (മഹിള, 1921, പേജ് 81).

'മഹിള'യിലെ 'മഹിളാഭാഷണം' എന്ന പംക്തി പുരോഗമനാത്മകമായ ചിന്തകൾ പങ്കുവെക്കുന്നതായിരുന്നു. മിശ്രപഠനം, പൗരാവകാശം, ഉദ്യോഗസ്ഥഗർവ്വ്, സ്ത്രീവിദ്യാഭ്യാസപദ്ധതി, പുതിയ മാസികകൾ, സ്ത്രീകളുടെ തൊഴിൽ, സാമൂഹികാഭിവൃദ്ധി തുടങ്ങി നിരവധി വിഷയങ്ങൾ ഇതിൽ കൈകാര്യം ചെയ്തിരുന്നു. 'സ്ത്രീലോകം' എന്ന പംക്തി ലോകത്തിലെ സ്ത്രീവിഷയങ്ങളെ കുറിച്ചുള്ള വാർത്തകൾ ഉൾപ്പെടുത്തിയതായിരുന്നു.

ആദ്യകാല സ്ത്രീമാസികകളിൽ പ്രധാനസ്ഥാനത്ത് നിൽക്കുന്ന ഒന്നാണ് 'മഹിള.' തിരുവിതാംകൂറുകാരായ സ്ത്രീകളുടെ മദിരാശിവാസം മലയാളിസ്ത്രീകളുടെ ഉണർവിനും പുരോഗമനത്തിനും സഹായിച്ചിട്ടുണ്ട്. മദിരാശിയിലെ സ്ത്രീപ്രസ്ഥാനങ്ങളുമായും സ്ത്രീപ്രസിദ്ധീകരണങ്ങളുമായും ഉണ്ടായ പരിചയം കേരളത്തിലും അത്തരം ശ്രമങ്ങൾ നടത്താൻ അവർക്ക് പ്രേരണയായി.

മദിരാശിയിൽനിന്ന് അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന 'മഹാറാണി', 'ഇന്ത്യൻ ലേഡീസ് മാഗസിൻ', 'സ്ത്രീധർമ' എന്നീ മാസികകൾ മലയാളത്തിലും അത്തരം മാസികകൾ ആരംഭിക്കുന്നതിനുള്ള ചിന്തകൾ നൽകി. ബി. കല്യാണിയമ്മയുടെ ഓർമ്മക്കുറിപ്പുകൾ ഇത് ശരിവയ്ക്കുന്നു.

'1901-ൽ ഞാൻ കോളേജിൽ പഠിക്കുമ്പോഴാണ് 'ഇന്ത്യൻ ലേഡീസ് മാഗസിൻ' എന്ന ഇംഗ്ലീഷ് മാസിക സ്ത്രീകളാൽ സ്ത്രീകൾക്കുവേണ്ടി മദിരാശിയിൽനിന്നും മിസ്സിസ് സത്യനാഥൻ എം.എ.യുടേയും അവരുടെ സഹോദരിയുടേയും പ്രസാധനത്തിലും പ്രധാന കർതൃത്വത്തിലുമാണ് പ്രസിദ്ധീകരണം തുടങ്ങിയത്. ആരംഭംമുതൽക്കേ ഞാൻ അതിന്റെ വരിക്കാരിയായിരുന്നു. കൂടാതെ ചെറിയ ചില ഉപന്യാസങ്ങളും ലേഖനങ്ങളും അപരനാമത്തിൽ എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ മാസികയിൽ പ്രസിദ്ധപ്പെടുത്തിയ ഒരു കഥയാണ് ഞാൻ തർജ്ജമ ചെയ്ത് 'രസികരഞ്ജിനി" മാസികയിൽ പ്രസിദ്ധീകരണത്തിന് അയച്ചത്. ഇതായിരുന്നു മലയാളസാഹിത്യ ലോകത്തിലേക്കുള്ള എന്റെ ഇദംപ്രഥമമായ പുറപ്പാട്' (കല്യാണിയമ്മ ബി, 1964, പേജ് 172).

സദാചാരവും ഭക്തിയും ബൈബിൾ കഥകളും ക്രിസ്ത്യൻ വിശുദ്ധരുടെ ജീവിതകഥകളും മറ്റും ക്രിസ്ത്യൻ സ്ത്രീകൾക്കിടയിൽ പ്രചരിപ്പിക്കാൻ വേണ്ടി നടത്തിയിരുന്ന പ്രസിദ്ധീകരണമാണ് 'ക്രൈസ്തവമഹിളാമണി'. പി.എം. മാമ്മൻ പത്രാധിപരായിരുന്ന 'ക്രൈസ്തവമഹിളാമണി' തിരുവല്ലയിലെ കെ.വി. പ്രസിൽ നിന്നാണ് 1920-ൽ പ്രസിദ്ധീകരിച്ചിരുന്നത്. വീട്ടമ്മമാരുടെ കടമകൾ, ശിശുസംരക്ഷണം, പാചകം, ആരോഗ്യസംരക്ഷണം തുടങ്ങിയ വിഷയങ്ങൾ ഇതിൽ ഉൾപ്പെടുത്തിയി

രുന്നു. മംഗലത്ത് ലക്ഷ്മിഅമ്മ, അമ്പാടി ഇക്കാവമ്മ, ഏലിയാമ്മ തോമസ്, അന്നമ്മാ സെബാസ്റ്റ്യൻ, മറിയാമ്മ മാമ്മൻ, അന്നമ്മ മാത്യു, ശോശാമ്മ തോമസ്, സാറാമ്മ ജോസഫ് എന്നിവർ ക്രൈസ്തവ മഹിളാമണിയിൽ എഴുതിയിരുന്നു. ഈ.വി. കൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ 1924-ൽ പുറത്തുവന്നിരുന്ന മാസികയാണ് 'സേവിനി'. റാണി ലക്ഷ്മിഭായിയുടെ രക്ഷാകർതൃത്വത്തിൻ കീഴിൽ കൊല്ലത്തെ പെരിനാട് നിന്നാണ് 'സേവിനി' പുറത്തുവന്നിരുന്നത്. മേലെ തെക്കതിൽ ശങ്കരൻ എന്ന ബിസിനസുകാരനാണ് തുടക്കത്തിൽ സാമ്പത്തികചുമതല ഏറ്റെടുത്തത്. 52 പേജുകളുണ്ടായിരുന്ന സേവിനി മെച്ചപ്പെട്ട പേപ്പറിൽ മനോഹരമായ മുഖചിത്രത്തോടെയാണ് അച്ചടിച്ചിരുന്നത്. സേവിനിയുടെ ഉള്ളടക്കം സ്ത്രീകളുടേയും കുട്ടികളുടേയും പലവിധത്തിലുള്ള പുരോഗതി ലക്ഷ്യമിട്ടുള്ളവയായിരുന്നു. സേവിനിയുടെ പത്രാധിപക്കുറിപ്പിൽ ഇത് വ്യക്തമായി പറയുന്നുമുണ്ട്. മുതുകുളം പാർവ്വതിഅമ്മ, മിസിസ്സ് പുന്നൻ ലൂക്കോസ്, ബിയാട്രിസ് ഡാനിയൽ, ബി. ആനന്ദവതിയമ്മ തുടങ്ങിയവർ 'സേവിനി'യിൽ സ്ഥിരമായി എഴുതിയിരുന്നു. ഒപ്പം സി.വി. കുഞ്ഞിരാമൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, കുറ്റിപ്പുഴ കൃഷ്ണപിള്ള എന്നിങ്ങനെ പ്രശസ്തരായ എഴുത്തുകാർ 'സേവിനി'ക്ക് വേണ്ടി എഴുതി. 'സേവിനി'യിലെ ആദ്യലക്കത്തിൽ കുമാരനാശാന്റെ 'മഗധയിൽ ബുദ്ധമുനി' എന്ന കവിത പ്രസിദ്ധീകരിച്ചിരുന്നു.

പി.ആർ. മന്ദാകിനിയുടെ പത്രാധിപത്യത്തിൽ ഇറക്കിയിരുന്ന 'സഹോദരി' കൊല്ലത്ത് ആശ്രാമത്തുള്ള വി.വി. പ്രസ്സിലാണ് അച്ചടിച്ചിരുന്നത് (1925). പി.ആർ. നാരായണൻ മാനേജരായിരുന്ന 'സഹോദരി'യിൽ കെ.എം. കുഞ്ഞിലക്ഷ്മി കെട്ടിലമ്മ, മിസ്സിസ് പൽപു, തോട്ടക്കാട്ട് മാധവിയമ്മ, മുതുകുളം പാർവതിഅമ്മ, മേരി ജോൺ തുടങ്ങി നിരവധി സ്ത്രീകൾ സ്വന്തം കഥകൾ 'സഹോദരി''യിലൂടെ പ്രസിദ്ധപ്പെടുത്തി.

'സത്യം ശ്വസിച്ചും സമത്വം കണ്ടും

സ്നേഹസത്തു നുകർന്നും കൃതാർത്ഥരായി

സധർമ്മത്തോടെ നടക്കട്ടെ മാനവർ.' എന്ന് 'സഹോദരി' പുറംപേജിൽ അച്ചടിച്ചിരുന്നു. 'സഹോദരി''യുടെ ആവിർഭാവം സ്ത്രീസമുദായത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി യഥാശക്തി പ്രവർത്തിക്കുന്നതിനായിട്ടാകുന്നു' എന്ന് പ്രഥമ ലക്കം പ്രസാധനക്കുറിപ്പിൽ പറയുന്നു.

എൺപതുലക്ഷം ജനങ്ങൾ അധിവസിക്കുന്ന ഈ കേരളത്തിൽ മാസികകളും പത്രങ്ങളുമായി 125-ൽപ്പരം ഇപ്പോൾ പ്രചാരത്തിലുണ്ട്. ഇതിൽ നൂറിലധികവും തിരുവിതാംകൂറിലുള്ളതാണ്. നായർ സമുദായത്തിൽനിന്നും ക്രൈസ്തവ സമുദായത്തിൽനിന്നും മുഹമ്മദീയ സമുദായത്തിൽനിന്നും മഹിളാമാസികകൾ നടത്തുന്നുണ്ട്. ഈഴവമഹിളകളുടെ ഉപയോഗത്തിനായി 'സംഘമിത്ര' സ്വല്പകാലം നടന്നിരുന്നത് ഞങ്ങൾ വിസ്മരിക്കുന്നില്ല. എന്നാൽ അവരുടെ അഭിവൃദ്ധിയെ പ്രത്യേക ലക്ഷ്യമാക്കി പ്രവർത്തിക്കാൻ ഒരു സഞ്ചിക ഉണ്ടാകുന്നത് കാലോചിതവും ആവശ്യവും ആണെന്ന് തോന്നുകയാലാണ് 'സഹോദരി'യെ ഞങ്ങൾ സജ്ജനസമക്ഷം അവതരിപ്പിക്കുന്നത്' (പ്രഥമ പ്രസാധനകുറിപ്പ്, 'സഹോദരി', 1925, പേജ് 19).

വൈക്കം സത്യാഗ്രഹം, തുഞ്ച ജയന്തി, നിയമസഭ, പിടിഅരി, സ്ത്രീബാരിസ്റ്റർ തുടങ്ങി നിരവധി വിഷയങ്ങൾ 'സഹോദരി'യുടെ പ്രസാധന കുറിപ്പുകളിൽ ഉൾപ്പെടുത്തിയിരുന്നു. സ്ത്രീകളുടെ നേട്ടങ്ങൾക്കൊപ്പം സ്ത്രീകൾക്ക് സാധ്യമാവുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും 'സഹോദരി' സ്ത്രീകളെ ബോധവതികളാക്കാൻ ശ്രമിച്ചു. സ്ത്രീകളെ മുന്നോട്ടു കൊണ്ടുവരാനും കാലത്തിനൊത്ത് പുരോഗമിക്കാനും 'സഹോദരി' ശ്രമങ്ങൾ നടത്തി.

1926 ജനുവരിയിൽ മുസ്ലിംസ്ത്രീകൾക്കു വേണ്ടി തുടങ്ങിയ മാസികയാണ് 'മുസ്ലിംമഹിള'. കൊച്ചിയിലെ കൊമേഴ്സ്യൽ സ്റ്റാർ പ്രസ്സിൽനിന്ന് പി.കെ. മൂസ്സാക്കുട്ടി പ്രസിദ്ധീകരിച്ചിരുന്ന മുസ്ലിം മഹിളയുടെ പേട്രൺ എസ്തർ എലിയ റാബിയായിരുന്നു. വി.കെ. കൊച്ചു റാബിയ, ഇടവിലങ്ങ് കെ.എം. കൊച്ചു ഖദീജ, ഡോ. റൂത്ത് തുടങ്ങിയവരും അക്കാലത്തെ പ്രധാനപ്പെട്ട സ്ത്രീവ്യക്തിത്വമായിരുന്ന ശ്രീ. മറിയാമ്മയും ഇതിൽ എഴുത്തുകാരായിരുന്നു.

പ്രധാനപ്പെട്ട മറ്റൊരു വനിതാമാസികയായിരുന്നു 'വനിതാകുസുമം.' 1927 ഫെബ്രുവരിയിൽ കോട്ടയത്തു നിന്നാരംഭിച്ച ഈ മാസിക സ്ത്രീകളെക്കുറിച്ചുള്ള ഒരു വിജ്ഞാനകോശമായി കണക്കാക്കപ്പെടുന്നു. മലയാളത്തിലെ ആദ്യത്തെ ദിനപത്രമായി കണക്കാക്കപ്പെടുന്ന 'പ്രതിദിന'ത്തിന്റെ എഡിറ്ററായിരുന്ന വി.സി. ജോൺ ആയിരുന്നു ഇതിന്റെ പ്രസാധകൻ.

ഒരു വർത്തമാന പത്രത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ആദ്യത്തെ സ്ത്രീമാസികയായിരുന്നു 'വനിതാകുസുമം' എന്ന് ജി. പ്രിയദർശനൻ നിരീക്ഷിക്കുന്നു (2011, പേജ് 89). കേരളത്തിലെ സ്ത്രീജനങ്ങളുടെ സർവതോന്മുഖമായ അഭിവൃദ്ധി ലക്ഷ്യംവെച്ചാണ് ഈ മാസിക പ്രസിദ്ധീകരിക്കുന്നത് എന്ന് ആദ്യ ലക്കത്തിൽ കുറിച്ചിട്ടുണ്ട്.

സ്ത്രീകളായിരുന്നു ഇതിലെ പ്രധാന എഴുത്തുകാർ. സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനും അവകാശത്തിനും വേണ്ടി നിലകൊണ്ട മാസികയായിരു

ന്നു 'വനിതാകുസുമം' എന്നത് വിഷയങ്ങളിൽനിന്നും എഴുത്തുകാരിൽനിന്നും ആദ്യലക്കത്തിൽ നിന്നുതന്നെ വ്യക്തമാണ്. ബാലികാ വിദ്യാഭ്യാസം (തോട്ടയ്ക്കാട് മാധവിയമ്മ) സ്ത്രീകളുടെ ഉയർച്ചയും പുരോഗതിയും (ഡോ. മുത്തുലക്ഷ്മി എം.ബി.ഡി.എം ഡെപ്യൂട്ടി പ്രസിഡന്റ്, മദ്രാസ് നിയമസഭ, സ്ത്രീസ്വാതന്ത്ര്യം അഥവാ ഭാരതിയുടെ വിവാഹം (കഥ. മിസ് ഏ. ജോൺ), ആധുനിക വനിതകൾ (റോസ് സേവ്യർ ബി.എ. ഓണേഴ്സ്) തിരുമാടമ്പുമഹോത്സവം (കവിത, സ്വാതിതിരുനാൾ തമ്പുരാട്ടി) സ്ത്രീകളും പ്രസവരക്ഷയും (ഡോ. സൂര്യനാരായണറാവു) സ്ത്രീധർമ്മം (അംബാദേവി തമ്പുരാട്ടി) ഇന്നത്തെ ബംഗാളി വനിതകൾ (സ്റ്റേറ്റ്സ്മാൻ പത്രത്തിൽ നിന്നെടുത്തത്) ആദർശങ്ങളും അനുകരണങ്ങളും (റ്റി.റ്റി. എബ്രഹാം എം.എ.ബി.എൽ) സ്വഭാഷയിൽ തന്നെ വിദ്യ അഭ്യസിപ്പിക്കണം (സാഹിത്യസഖി, ടി.സി. കല്യാണിയമ്മ) ഇസ്ലാംമതത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം (പിക്താൾ സാഹബ്).

സ്ത്രീകളുടെ സ്വാതന്ത്ര്യം, വികാസം, അവകാശങ്ങൾ എന്നിവക്കുവേണ്ടി നിലകൊണ്ട മാസികകളിൽ പ്രധാനപ്പെട്ടതായിരുന്നു 'വനിതാകുസുമം'. ഇത് 'വനിതാകുസുമ'ത്തിന്റെ താളുകളിൽ നിന്നുതന്നെ നമുക്കറിയാൻ കഴിയും. ഒന്നാം പുസ്തകത്തിന്റെ പന്ത്രണ്ടാം ലക്കത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:

'സ്ത്രീകളുടെ രാഷ്ട്രീയസ്വാതന്ത്ര്യത്തിനും അവകാശസ്ഥാപനത്തിനുംവേണ്ടി പോരാടിക്കൊണ്ടിരിക്കുക എന്ന വ്രതം സ്വീകരിച്ചിട്ടുള്ള മാസികയാണിതെന്ന് പറയുന്നതിൽ നിഷ്പക്ഷമതികൾക്ക് വിരുദ്ധാഭിപ്രായം ഉണ്ടാകാൻ തരമില്ല. സ്ത്രീസ്വാതന്ത്ര്യാർഥം 'വനിതാകുസുമം' ചെയ്യുന്ന പരിശ്രമങ്ങൾ യാഥാസ്ഥിതികന്മാരായ പലരെയും ക്ഷോഭിപ്പിക്കുകയും ഈ ഉദ്യമം ഇപ്പോൾ വേണ്ടെന്ന് അങ്ങനെയുള്ളവർ പലരും ഞങ്ങളെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്. വനിതാസ്വാതന്ത്ര്യപ്രസ്ഥാനങ്ങൾക്കെതിരായി നിൽക്കുന്ന ഇക്കൂട്ടരുടെ ഉപദേശങ്ങളേയും അഭിപ്രായങ്ങളേയും ഞങ്ങൾ തിരസ്കരിക്കുകയാണ് ചെയ്തത്. ഇത് സ്ത്രീകൾക്കുവേണ്ടി മാത്രം നടത്തുന്ന ഒന്നാകയാൽ സ്ത്രീസമുദായത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കായി പോരാടേണ്ട കടമ വനിതാകുസുമത്തിനുണ്ട് ആരെല്ലാം ക്ഷോഭിച്ചാലും എന്തെല്ലാം ഭീഷണികൾ പ്രയോഗിച്ചാലും ആ കടമ നിർവഹിക്കുക തന്നെ ചെയ്യും' (പ്രിയദർശനൻ ജി., 2011, പേജ് 93).

'വനിതാകുസുമ'ത്തിന്റെ വിറ്റുവരവ് ജി. പ്രിയദർശനൻ (2011, പേജ് 93) രേഖപ്പെടുത്തിയിട്ടുണ്ട്. 1927-ൽ 2153 പ്രതികളായിരുന്നു വിറ്റിരുന്നത് ഇതിൽ സമുദായം തിരിച്ചുള്ള കണക്ക് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്:

ക്രിസ്ത്യാനികൾ – 823
നായന്മാർ – 738
ഈഴവർ – 317
മുഹമ്മദീയർ – 149
മലയാളി ബ്രാഹ്മിൻസ് – 18
പരദേശി ബ്രാഹ്മിൻസ് – 13
ക്ഷത്രിയർ – 221
പുലയർ – 9
പറയർ – 2
മാറ്റത്തിന് – 35
സൗജന്യത്തിന് – 25

'വനിതാകുസുമം' എല്ലാ സമുദായങ്ങൾക്കുമിടയിൽ പ്രചരിച്ചിരുന്നു എന്നതിന് തെളിവാണിത്. 1927-ൽ 9 പുലയരും 2 പറയരും 'വനിതാകുസുമ'ത്തിന്റെ വരിക്കാരായിരുന്ന വിവരം കേരളത്തിലെ ജാതിചരിത്രത്തിലും വിദ്യാഭ്യാസചരിത്രത്തിലും ഒരു പുതിയ അറിവായിരിക്കും. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ഓരോ ജാതികളിലുമുണ്ടായിരുന്ന വിദ്യാഭ്യാസത്തെ സംബന്ധിച്ച പഠനം സർക്കാർതലത്തിൽ നടക്കുന്നുണ്ടെങ്കിലും ഒരു മാസികയുടെ വരിക്കാരാകുന്ന ദലിത് ജനതയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല. ഇത്തരം വിവരങ്ങൾ ഇന്ന് ആദ്യകാല സ്ത്രീമാസികകളിൽനിന്ന് കണ്ടെടുക്കാനാവുന്നുണ്ട്. ലക്ഷ്യബോധത്തോടെ, പുരോഗമനപരമായ ആശയങ്ങൾക്കായി നിലകൊണ്ട 'വനിതാകുസുമ"ത്തിൽ സ്ത്രീകളുടെ രചനകൾക്കും സ്ത്രീപ്രശ്നങ്ങൾക്കുമായിരുന്നു മുൻഗണന (സംഗീത തിരുവുൾ 2010, 54).

രണ്ട് രൂപ വാർഷിക വരിസംഖ്യയിൽ വിറ്റിരുന്ന ഈ മാസിക പ്രതിദിനം പ്രസ്സിൽനിന്ന് തന്നെയാണ് പുറത്തുവന്നിരുന്നത്.

തോട്ടക്കാട്ട് മാധവിഅമ്മ, മേരി ജോൺ കൂത്താട്ടുകുളം, മേരി ജോൺ തോട്ടം, തരവത്ത് അമ്മാളു അമ്മ, മിസിസ്സ് ഐ.സി. ചാക്കോ, മിസിസ്സ് പുന്നൻ ലൂക്കോസ്, റോസ് സേവിയർ, കടത്തനാട്ട് മാധവിയമ്മ, അനന്തപുരത്ത് അംബാദേവി തമ്പുരാട്ടി, കെ. കല്യാണിക്കുട്ടിയമ്മ തുടങ്ങി നിരവധി പ്രമുഖർ 'വനിതാകുസുമ"ത്തിനുവേണ്ടി എഴുതിയിരുന്നു.

മൂവായിരത്തോളം പേർ 'വനിതാകുസുമ'ത്തിന്റെ വരിസംഖ്യ എടുത്തിരുന്നു. അക്കാലത്ത് ഒരു പ്രസിദ്ധീകരണത്തിന് ഇത് അപൂർവ്വമായിരുന്നു. ഉള്ളടക്കവും സർക്കുലേഷനുംകൊണ്ട് 'വനിതാകുസുമം' ഉയർന്നുനിന്നു. സ്ത്രീമുന്നേറ്റത്തിന് വഴിയൊരുക്കുന്നതിൽ ഈ മാസിക നല്ല പങ്ക് വഹിച്ചിട്ടുണ്ടെന്ന് ഗവേഷകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

തിരുവനന്തപുരത്തെ ശ്രീമൂലം ഷഷ്ടിപൂർത്തി മെമ്മോറിയൽ മഹിളാമന്ദിരത്തിൽനിന്ന് 1927-ൽ എം. പത്മനാഭപിള്ളയുടെ നേതൃത്വത്തിൽ പ്രസി

ദ്ധീകരിച്ചിരുന്ന 'മഹിളാമന്ദിരം' ഹിന്ദുസ്ത്രീകളെ ആത്മീയമായി ഉയർത്താനും മൂല്യബോധത്തോടെ കുടുംബജീവിതം നയിക്കാനും പ്രാപ്തരാക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. പ്രശസ്ത എഴുത്തുകാരായിരുന്ന വള്ളത്തോൾ നാരായണമേനോൻ, പി. കേശവദേവ്, വെണ്ണിക്കുളം, ബോധേശ്വരൻ, തീർത്ഥപാദ പരമഹംസ സ്വാമി, സ്വാമി ബ്രഹ്മവ്രതൻ എന്നിവരൊക്കെ ഇതിൽ എഴുതിയിട്ടുണ്ട്. എം. പാറുക്കുട്ടിയമ്മ, കോന്നിയൂർ മീനാക്ഷിഅമ്മ, ശാരദാ കയ്യാലക്കൽ, പി. ചെല്ലമ്മ തുടങ്ങിയവരായിരുന്നു പ്രമുഖ സ്ത്രീഎഴുത്തുകാർ.

വടക്കൻകേരളത്തിൽ നിന്ന് (കോഴിക്കോട്) 1930-ൽ പുറത്തിറക്കിയിരുന്ന മനോരമ സമാജം മലയാളം മാസിക മനോരമ സമാജം എന്ന പേരിൽ 1929-ൽ സ്ഥാപിക്കപ്പെട്ട വനിതാസംഘടനയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചതാണ്. മലബാർ ഭാഗത്തുനിന്ന് വനിതാമാസികകൾ അധികമുണ്ടായിരുന്നില്ല. കോട്ടക്കൽ ലക്ഷ്മി സഹായം പ്രസ്സിൽനിന്ന് കെ. മാധവൻ ഉണ്ണിത്താൻ ആണ് ഇത് പ്രസിദ്ധീകരിച്ചിരുന്നത്.

'സ്വന്തം കാര്യം' എന്ന പ്രസ്താവനയിൽ മലയാള മാസിക അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുന്നുണ്ട്.

'ഈ മാസിക സ്ത്രീകളുടെ വിദ്യാഭ്യാസരീതിയേയും അവർക്ക് പ്രത്യേകമായ മറ്റ് കാര്യങ്ങളേയും മാത്രം പ്രതിപാദിക്കുന്നതായിരിക്കും. ഈ ആവശ്യത്തിന് മാത്രമുള്ള ഒരു പത്രമോ പത്രഗ്രന്ഥമോ മലബാറിലെങ്ങുമുള്ളതായി ഞങ്ങളറിഞ്ഞിട്ടില്ല. കൊച്ചിശ്ശീമയിൽ തൃശ്ശിവപേരൂർനിന്ന് 'ലക്ഷ്മീഭായി' എന്ന ഒരു മാസിക രണ്ട് വ്യാഴവട്ടത്തോളമായി നടത്തിവരുന്നുണ്ട്. ഇതു സ്ത്രീകൾക്ക് വേണ്ടിയാണെങ്കിലും നടത്തുന്നത് സ്ത്രീകളല്ല. ഇതേ ഉദ്ദേശത്തോടുകൂടി തിരുവിതാംകൂറിൽ 'മഹിള' എന്നൊരു മാസികയും 'ശ്രീമതി' എന്നൊരു പത്രവുമുണ്ട്. ഇതു രണ്ടും ഏറെക്കുറെ യോഗ്യതയുള്ള സ്ത്രീകൾതന്നെ നടത്തിവരുന്നവയുമാണ്. പക്ഷേ ഇവക്കെല്ലാം മലബാറിൽ വേണ്ടുന്ന പ്രചാരമുണ്ടോ എന്നു സംശയിക്കുന്നു' (മലയാള മാസിക 1930, പേജ് 2). സ്ത്രീയുടെ അവകാശങ്ങളെക്കുറിച്ചോ രാഷ്ട്രീയകാര്യങ്ങളെക്കുറിച്ചോ സ്ത്രീസമത്വത്തെക്കുറിച്ചോ 'മലയാള മാസിക' ചർച്ച ചെയ്തിരുന്നില്ല. ഇക്കാര്യത്തിൽ മാസികയുടെ നിലപാട് പിന്തിരിപ്പനുമായിരുന്നു. 'കത്തിജ്ജ്വലിച്ചു കൊണ്ടിരിക്കുന്ന ഇന്നത്തെ രാഷ്ട്രീയവിഷയത്തിനടുത്ത് പോലും ഈ ചെറുകുട്ടിയെ കൊണ്ട് ചെല്ലാൻ പാടില്ല. സ്ത്രീകളെ മാത്രം ബാധിക്കുന്ന കാര്യങ്ങളിൽ നല്ല കരുതലോടെയിരിക്കണം. പെണ്ണുങ്ങളായാലും പൗരുഷം നടിക്കുന്നവരെ പേടിക്കുക തന്നെ വേണം എന്നാണ് ഞങ്ങൾക്ക് തോന്നിയിട്ടുള്ളത്. ആണത്തം ചമയുന്ന പെണ്ണുങ്ങൾ ആണും പെണ്ണും കെട്ടവരായേക്കുമോ എന്നാണ് ഞങ്ങളുടെ ഭയം. അസമത്വം കൊണ്ടുള്ള അവശത തീർക്കുവാൻ മോഹിച്ചു 'സ്വത്വം' കളയുന്നത് ശുദ്ധ കമ്പമാണെന്നു ഞങ്ങൾ വിചാരിക്കുന്നത് ശുദ്ധഗതി കൊണ്ടാണെന്ന്പറയുന്നവരോട് ഞങ്ങൾക്കശേഷം ശണ്ഠയില്ല'(മലയാള മാസിക 1930, പേജ് 4).

സ്ത്രീകളെക്കുറിച്ചുള്ള നിരവധി വിഷയങ്ങളും സ്ത്രീകൾ എഴുതിയ സാഹിത്യവും പ്രസിദ്ധീകരിക്കുമ്പോഴും സ്ത്രീകളുടെ അവകാശങ്ങളും സമത്വവുമൊന്നും 'മലയാളമാസിക'ക്ക് ലക്ഷ്യങ്ങളായിരുന്നില്ല. ഗൃഹഭരണം, മൂല്യബോധം, ധാർമികത, ആഡംബരജീവിതം സ്ത്രീവിദ്യാഭ്യാസം, ഫാഷൻഭ്രമം, സ്ത്രീമുന്നേറ്റം എന്നിവയൊക്കെയായിരുന്നു ഇതിൽ ഉൾപ്പെടുത്തിയിരുന്ന വിഷയങ്ങൾ. എം. പത്മാവതിയമ്മ, എം. കുഞ്ഞുക്കുട്ടിഅമ്മ, പി. ലക്ഷ്മിക്കുട്ടിഅമ്മ, മിസിസ്സ് പി.കെ. വാര്യർ, ഡി. കമലാക്ഷിഅമ്മ, ചിന്നമ്മു കോവിലമ്മ, അമ്പാടി ഇക്കാവമ്മ, ബി. കല്യാണി അമ്മ, വി.പി. ഓമന അമ്മ, കെ.സി. കുഞ്ഞിയനുജത്തി തമ്പുരാട്ടി, റ്റി.എം. നങ്ങുണ്ണി കോവിലമ്മ,ഇ. നരായണി കുട്ടിയമ്മ, പി. മാധവിഅമ്മ, എം. അമ്മുക്കുട്ടി അമ്മ തുടങ്ങിയവർ മനോരമസമാജം മാസികയിൽ എഴുത്തുകാരായിരുന്നു.

സ്ത്രീകളെ മുന്നിലേക്ക് കൊണ്ടുവരണം എന്ന ലക്ഷ്യത്തോടെ കെ. സഹോദരൻ അയ്യപ്പൻ 1933-ൽ ആരംഭിച്ച മാസികയാണ് 'സ്ത്രീ'. അദ്ദേഹത്തിന്റെ ഭാര്യ പാർവതി അയ്യപ്പൻ ആയിരുന്നു 'സ്ത്രീ'യുടെ പത്രാധിപ. സഹോദരൻ പ്രസ്സിൽ നിന്ന് അച്ചടിച്ചിരുന്ന ഈ മാസികയിൽ എഴുത്തും സ്ത്രീകൾതന്നെയാണ് ഏറെക്കുറെ എഴുതിയിരുന്നത്. 'സ്ത്രീ'യുടെ പത്രാധിപക്കുറിപ്പുകളിൽ നിരവധി സ്ത്രീവിഷയങ്ങളെക്കുറിച്ച് ധീരമായി പ്രതികരിച്ചിരുന്നു. സ്ത്രീവിദ്യാഭ്യാസം, നമ്പൂതിരി സ്ത്രീകളുടെ അവസ്ഥ, ഗൃഹജീവിതം, സമകാലീന സ്ത്രീപ്രശ്നങ്ങൾക്ക് വേണ്ടിയുള്ള സംവാദവേദിയായിരുന്നു ഈ മാസിക. സ്ത്രീകളെക്കുറിച്ച് ഉച്ചത്തിൽ ചിന്തിക്കുവാനും ചർച്ച ചെയ്യാനും 'സ്ത്രീ' വഴിയൊരുക്കി.

അമ്പാടി കാർത്ത്യായനിയമ്മ, പാർവതി നെന്മേനിമംഗലം, പി.കെ. ലക്ഷ്മിക്കുട്ടി നേത്യാരമ്മ, നരിക്കാട്ടിരി ദേവകി അന്തർജനം, പി. മീനാക്ഷി, ലക്ഷ്മിക്കുട്ടിഅമ്മ ബി.എ.എൽ.ടി., ഡോ. ആയിഷ അലി, ശാരദ പൊന്നൻ എം.എസ്സി. തുടങ്ങിയവർ 'സ്ത്രീ'യിൽ എഴുതിയിരുന്നു.

ആദ്യലക്കത്തിൽ 'ഇന്ത്യയിലെ സ്ത്രീപ്രസ്ഥാനം അതിന്റെ ക്രമികമായ പുരോഗതി' എന്ന വിഷയത്തെക്കുറിച്ച് രാജകുമാരി അമൃതകൗർ സാഹിബിന്റെ ലേഖനം ഇന്ത്യയിലെ സ്ത്രീപ്രസ്ഥാനങ്ങളെക്കുറിച്ച് വ്യക്തവും വിശദവുമായ വിവരങ്ങൾ നൽകുന്നു. സ്ത്രീകളെക്കുറിച്ചുള്ള ലോക

വാർത്തകൾ നൽകിയിരുന്നു.

സഹോദരൻ അയ്യപ്പന്റെ പ്രസാധനത്തിൻകീഴി ലാ യിരുന്നതിനാൽ അക്കാലത്തുണ്ടായ പല സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളും 'സ്ത്രീ'ക്ക് വിഷയങ്ങളായി.

കേരളത്തിലെ ആദ്യത്തെ നമ്പൂതിരി വിധവാ വിവാഹം ഇതിൽ പ്രധാനപ്പെട്ടതാണ്. 1110 ചിങ്ങം 28ന് (1934 സെപ്റ്റംബർ 13ന്) വി.ടി. ഭട്ടതിരിപ്പാടിന്റെ ഇല്ലത്ത്‌വച്ച് വി.ടിയുടെ ഭാര്യാസഹോദരിയും ഇ.വി. നാരായണൻ നമ്പൂതിരിയുടെ വിധവയുമായ ഉമാ അന്തർജനവും എം.ആർ.ബിയും (മുല്ലമംഗലത്ത് രാമൻ ഭട്ടതിരി) തമ്മിലുള്ള വിവാഹത്തെക്കുറിച്ച് 'സ്ത്രീ'യുടെ 1110 ചിങ്ങം മുഖപ്രസംഗമെഴുതി. മലയാളസ്ത്രീകളുടെ കൂട്ടത്തിൽ വേറിട്ടുനിൽക്കുന്ന ഒന്നായിരുന്നു 'സ്ത്രീ'.

'ഏതാണ്ട് മൂന്ന് കൊല്ലക്കാലമേ ഈ മാസിക ജീവിച്ചിരുന്നുള്ളൂ' എന്ന് (പ്രിയദർശനൻ ജി., 2011, പേജ് 109) ഓർക്കേണ്ടിയിരിക്കുന്നു.

മിശ്രഭോജനം, മിശ്രവിവാഹം എന്നിവ പ്രോത്സാഹിപ്പിച്ച്അയിത്തവും തീണ്ടലും തൊടീലുമൊക്കെ ഇല്ലാതാക്കാൻ ശ്രമിച്ച സഹോദരൻ അയ്യപ്പൻ 'സ്ത്രീ'ക്ക് പുറമേ സ്ത്രീജീവിതം ഒക്കെ ആഴത്തിൽ തന്നെ ചർച്ച ചെയ്യപ്പെട്ടു. വിദ്യാസമ്പന്നരെയും സാധാരണക്കാരെയും ഒരുപോലെ സ്വാധീനിക്കാൻ കഴിയുന്ന മുഖപ്രസംഗങ്ങൾ 'സ്ത്രീ'യുടെ സവിശേഷതയായിരുന്നു.

സി. കാർത്ത്യായനിയമ്മ തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന വാരികയാണ് 'ശ്രീമതി'. പ്രത്യേക സപ്ലിമെന്റ് വരെ ഇതിന്റെ ഭാഗമായി ഇറക്കിയിരുന്നു.

ത്രേസ്യാമ്മ ഐസക് പത്രാധിപയായി (1942 മുതൽ) പുറത്തിറങ്ങിയിരുന്ന മാസികയാണ് 'വനിതാരാമം.' വിദ്യാർത്ഥിനികൾക്ക് വേണ്ടിയാണ് ഈ മാസിക മുഖ്യമായും പ്രസിദ്ധീകരിച്ചിരുന്നത്. സാഹിത്യവും ഭാഷയും ഇതിലെ മുഖ്യവിഷയങ്ങളായിരുന്നു. പല വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇത് വായനശാലകളിൽ സൂക്ഷിച്ചു വച്ചിരുന്നു. ജാതിമത വിവേചനങ്ങൾക്കപ്പുറത്ത് വിവിധ തലങ്ങളിൽ സ്ത്രീകളുടെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന പ്രസിദ്ധീകരിച്ചിരുന്ന 'വനിതാമിത്രം' (1944 മുതൽ) റ്റി.എൻ. കല്യാണിക്കുട്ടിയമ്മയുടെ പത്രാധിപത്യത്തിനു കീഴിലായിരുന്നു. എം. പ്രഭ, എൻ.ഡി. ചന്ദ്രമതി അന്തർജനം, കമലാഭായി, സുധർമ, മുല്ലക്കൽ അംബുജാക്ഷി അമ്മ, എം. ഭഗീരഥി തമ്പുരാൻ, മുതുകുളം പാർവതി അമ്മ, മിസ് ജെ.ആർ. ജോഷ.

സ്വാതന്ത്ര്യം, വിദ്യാഭ്യാസം, വീട്ടുഭരണം, കരകൗശലം തുടങ്ങി നിരവധി വിഷയങ്ങൾ ആദ്യകാലത്തെ സ്ത്രീഎഴുത്തുകാർ കൈകാര്യം ചെയ്തിരുന്നു. ഭേദപ്പെട്ട ജീവിതനിലവാരമുള്ള സാഹചര്യങ്ങളിൽനിന്ന് കടന്നുവന്നവരായിരുന്നു എന്നതിനാൽ തന്നെ സ്വന്തം അനുഭവപരിധിയിലുള്ള ഇത്തരം കാര്യങ്ങളാണ് അവരുടെ പരിഗണനയിൽ ഉണ്ടായിരുന്നത്. തങ്ങളേക്കാൾ ജീവിതനിലവാരം കുറഞ്ഞ സ്ത്രീകളുടെ പ്രശ്നങ്ങൾ അവർക്ക് മുന്നിൽ കടന്നുവന്നിരുന്നില്ല എന്നുവേണം കരുതാൻ.

'സ്ത്രീപുരുഷസമത്വത്തിനുള്ള ചില പ്രതിബന്ധങ്ങൾ' എന്ന ലേഖനത്തിൽ (1938 ആഗസ്റ്റിലെ മാതൃഭൂമി സ്പെഷ്യൽ സപ്ലിമെൻറ്) കൊച്ചാട്ടിൽ കല്യാണിയമ്മ (മിസ്സിസ് സി. കുട്ടൻ നായർ) എഴുതിയിരുന്നത് ഇങ്ങനെയാണ്: 'സമത്വം ഞങ്ങളുടെ ഇന്നത്തെ പലേ ദുരിതങ്ങളെയും നീക്കംചെയ്യുമെന്ന് സ്ത്രീകളായ ഞങ്ങളിൽ പലരും ബലമായി വിശ്വസിക്കുന്നു. എല്ലാവരെയും ഒരേ അച്ചിലിട്ട്‌വാർക്കാനല്ല സമത്വവാദിനികൾ ഉദ്ദേശിക്കുന്നത്. നേരെമറിച്ച് സമത്വം കൊണ്ടേ വ്യക്തിപരമായ വളർച്ച സാധ്യമാകൂ. നമുക്ക് നമ്മുടെ സ്വഭാവവിശേഷങ്ങളെപ്പറ്റി ഇന്നും എത്രയും അപൂർണ്ണമായ ജ്ഞാനമേ ഉള്ളൂ. 'പുരുഷത്വം', 'സ്ത്രീത്വം' എന്നീ അവ്യക്തവചനങ്ങൾകൊണ്ട് നാം യഥാർഥത്തിൽ സൂചിപ്പിക്കുന്നതെന്ത്? മനശ്ശാസ്ത്ര ഗവേഷണങ്ങൾ ലിംഗപരമായ സംഗതിയെക്കുറിച്ച് നമുക്കുള്ള അജ്ഞതയെ വെളിവാക്കുന്നില്ലേ? നമ്മുടെ അപൂർണ്ണജ്ഞാനത്തിന്റെ സന്താനങ്ങളായ സദാചാരനിബന്ധനകൾ എത്ര വ്യക്തികളുടെ വളർച്ചയെ തടയുന്നു'പക്ഷേ ഇതൊക്കെ കേവലം ഒറ്റപ്പെട്ട ശബ്ദങ്ങളായിരുന്നു. ലിംഗവ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തിയ ഒരു പുതിയ സമുദായമാന്യത അപ്പോഴേക്കും രൂപമെടുത്തുകഴിഞ്ഞിരുന്നു. സ്ത്രീയുടെ സ്ഥാനം ഗൃഹത്തിനുള്ളിലാണെന്നും ഭർത്താവിലൂടെയാണ് അവളുടെ സാമൂഹികഅംഗത്വമെന്നുമുള്ള ധാരണകൾ ഇവിടത്തെ സമുദായ പരിഷ്കരണ പ്രസ്ഥാനങ്ങളിൽ രൂഢമൂലമായിക്കഴിഞ്ഞിരുന്നു (ജെ. ദേവിക, 'കുലസ്ത്രീയും ചന്തപ്പെണ്ണും', പേജ് 72).

ജാതിവ്യവസ്ഥക്കെതിരെ വിമർശനം ഉയർന്നുവന്ന കാലമായിരുന്നു പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനദശകങ്ങൾ. ദൈവം സൃഷ്ടിച്ച മനുഷ്യരെ എങ്ങനെ വേർതിരിക്കുമെന്ന്മിഷണറിമാർ ചോദിച്ചു. പാശ്ചാത്യരാഷ്ട്രീയചിന്തയുമായി ചേർന്ന് സമത്വചിന്തയെക്കുറിച്ച് വാദിച്ചവരും ജാതിവ്യവസ്ഥയെ എതിർത്തു. എന്നാലിവർ ഒരുമിച്ച ഒരു കാര്യം സ്ത്രീകളുടെ ഇടം വീടാണെന്ന് ഉറപ്പിക്കുന്നതിൽ ആയിരുന്നു. യഥാർഥ സ്ത്രീത്വത്തെ പരിപോഷിപ്പിക്കുന്ന വിദ്യാഭ്യാസം നൽകാനും സ്ത്രീയുടെ സ്നേഹം, ദയ, വാത്സല്യം, വാക്കുകളിലൂടെയും കണ്ണീരിലൂടെയും അഭ്യർത്ഥനയിലൂടെയും മറ്റ്മനുഷ്യരെ സ്വാധീനിക്കാനുള്ള ശക്തി ഇവയൊക്കെ പരിപോഷിപ്പിച്ച്ഉത്തമകുടുംബങ്ങൾ സൃഷ്ടിക്കണമെന്നും ഇരുകൂട്ടരും ഉദ്ഘോഷിച്ചു. സ്ത്രീ

കളുടേയും പുരുഷന്മാരുടേയും മാന്യതയെക്കുറിച്ചുള്ള പുതിയ ധാരണകൾ രൂപപ്പെടുത്തുന്നതിൽ ഇത്തരം ചിന്തകൾ വലിയ പങ്കുവഹിച്ചു. പല സ്ത്രീകളും ഈ ചിന്താഗതിക്ക് പിന്തുണയേകി എന്നതാണ് ശ്രദ്ധേയം.

ഭർതൃപരിചരണം, നവജാതശിശുവിന്റെ പരിചരണം, കുട്ടികളെ വളർത്തൽ തുടങ്ങിയ വിഷയങ്ങൾ 'ശാരദാ' ഉൾപ്പെടെയുള്ള വനിതാമാസികകളിൽ ധാരാളമായി പ്രസിദ്ധീകരിച്ചു. ഉത്തമ ഭാര്യയുടെ ചുമതലകൾ, ആദർശഭാര്യ ഇവയൊക്കെ വനിതാമാസികകളുടെ പ്രിയവിഷയങ്ങളായിരുന്നു. പിൽക്കാലത്ത് സമത്വം, സ്ത്രീവിദ്യാഭ്യാസം, സ്വാതന്ത്ര്യം, തൊഴിൽ, സ്വയംപര്യാപ്തത തുടങ്ങിയ വിഷയങ്ങൾ പലരും എഴുതിയിരുന്നു.

'സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേതരം വിദ്യാഭ്യാസം നൽകുന്നത് ആശാസ്യമല്ല. പ്രകൃതി ഇരുകൂട്ടരെയും ഒരേ ധർമ്മത്തിനല്ല സൃഷ്ടിച്ചതെന്ന് അവരുടെ ശരീരം, മാനസികാവസ്ഥ, ബുദ്ധിപരമായ കഴിവുകൾ എന്നിവയിൽനിന്ന് തെളിയുന്നുണ്ട്. സ്ത്രീയുടെ ശരീരസ്ഥിതിയും മനഃസ്ഥിതിയും പരിശോധിച്ചാൽ കൂടുതൽ ശരീരശക്തി വേണ്ടാത്ത, എന്നാൽ അധികം സഹനശേഷി ആവശ്യമുള്ള പ്രവൃത്തികൾക്കാണ് അവൾ സൃഷ്ടിക്കപ്പെട്ടതെന്ന് തീർച്ചയാണ്. പ്രായേണ സ്ത്രീയുടെ മനോഘടന കോമളവും വേഗത്തിൽ പരിപക്വമാകുന്നതും ഭാവനാപൂർണവും വികാരങ്ങൾക്ക് വേഗം അടിമപ്പെടുന്നതും സൂക്ഷ്മസ്ഥിതികളെ ഗ്രഹിക്കുന്നതും വേഗം ഇളകുന്നതുമാണ്. ദയ, സ്നേഹം, ക്ഷമ മുതലായ ഗുണങ്ങളിൽ പുരുഷൻ സ്ത്രീയുടെ സമീപത്ത് ഒരിക്കലും എത്തുകയില്ല.

സ്ത്രീകൾ പൊതുരംഗത്ത് പ്രവേശിച്ചില്ലെങ്കിലും അവർ കഴിവുള്ള സന്തതികളെ വളർത്തിയാൽ, അതുതന്നെ ലോകക്ഷേമത്തിനവർ നൽകുന്ന സംഭാവനയല്ലിയോ? അതുകൊണ്ട് അവരുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അവരെ രണ്ടാംകിട പുരുഷന്മാരാക്കലല്ല, മറിച്ച് ദയ, കരുണ, സ്നേഹം, മമത, ക്ഷമ മുതലായ ഗുണങ്ങളെ വളർത്തലാണ്. ജീവിതസമരത്തിൽ പുരുഷന്റെ സഹായിയായി, തന്റെ സ്ത്രീത്വത്തിലൂടെ അവന്റെ അധ്വാനത്തെ ലഘൂകരിക്കലാണ് സ്ത്രീയുടെ ധർമം. ദയാപൂർണമായ വാക്കിലൂടെയും പ്രവൃത്തിയിലൂടെയുമാണ് സ്ത്രീ വിജയം വരിക്കേണ്ടത്, മത്സരത്തിലൂടെയല്ല' (തച്ചാട്ട്ദേവകിയമ്മ, സ്ത്രീവിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം, ലക്ഷ്മിഭായി 20 (1) 191314).

അക്കാലത്തെ പല വനിതാഎഴുത്തുകാരും സ്ത്രീയുടെ ഇടം വീടാണെന്ന് എഴുതി ഉറപ്പിക്കാൻ ശ്രമിച്ചിരുന്നു.

പുരുഷാധിപത്യത്തിന്റെ മതിൽക്കെട്ടുകളെ തകർക്കാൻ ശ്രമിച്ച ധാരാളം സ്ത്രീകൾ ആദ്യകാല പത്രപ്രവർത്തനരംഗത്തുണ്ടായിരുന്നു. ചരിത്രത്തിൽ അവരുടെ പേരുകൾ വരാതെ പോയി. അവരിലേറെയും ഉയർന്ന സമുദായങ്ങളിൽ നിന്നായിരുന്നു. ദാക്ഷായണി വേലായുധൻ മാത്രമാണ് അപവാദം.

1885 നും 1947 നുമിടയിൽ 23 വനിതാമാസികകൾ പ്രസിദ്ധീകരിച്ചിരുന്നതായി ചരിത്രം പറയുന്നു. ഇവയിൽ പത്രാധിപമാരും എഴുത്തുകാരും സ്ത്രീകൾതന്നെയാണ്. ഇവർക്ക് ധാരാളം വെല്ലുവിളികൾ നേരിടേണ്ടിവന്നു.

## മഹിളാമിത്രം

ഒരു ആംഗ്ലോ മലയാള സ്ത്രീമാസികയായിരുന്നു 'മഹിളാമിത്രം'. 1933-ൽ കൊല്ലത്തെ പി.വി. പ്രസ്സിൽ നിന്നാണ് പ്രസിദ്ധീകരിച്ചിരുന്നത്.

തിരുവനന്തപുരത്തെ കാര്യങ്ങൾ നോക്കാൻ മി. കെ.സി. ചാക്കോയെ ഏൽപ്പിച്ചു എന്ന് 1933 മാർച്ച് ലക്കത്തിൽ കാണുന്നതൊഴിച്ചാൽ ഈ മാസികക്ക് പിന്നിൽ ആരൊക്കെ പ്രവർത്തിച്ചിരുന്നു എന്നതിനെക്കുറിച്ച് വിവരങ്ങൾ ലഭ്യമല്ല.

മാസികയുടെ വരിസംഖ്യ പിരിക്കൽ, പുതിയ വരിക്കാരെ ചേർക്കൽ, മാസിക വിതരണം ചെയ്യൽ, പ്രസിദ്ധപ്പെടുത്തിയ ലേഖനങ്ങൾ, ഫോട്ടോകൾ എന്നിവ ശേഖരിക്കൽ എന്നിവയാണ് മി. കെ. സി. ചാക്കോ ചെയ്യേണ്ടതെന്ന് കാര്യദർശിയുടെ അറിയിപ്പിൽ പറയുന്നു. ഇതിന്റെ ആദ്യലക്കത്തിൽ 'സരസു എന്റെ സരസ്വതി' (ഒരു ഇന്റർമീഡിയറ്റ് വിദ്യാർഥിനി) 'അമേരിക്കയിലെ ഒരുത്തമ മഹിളാപാഠശില' (ജെ. ചെല്ലമ്മാൾ, ആറ്റിങ്ങൽ), A perfect example of Travancore Womanhood (The Late Mrs. C.V. Raman Pillai) 'ഭാഷാ താരതമ്യപഠനം കൊണ്ടുള്ള പ്രയോജനം (ശ്രീമതി അന്നാചാണ്ടി ബി.എ, തിരുവനന്തപുരം), ഒരു മാതൃകാ മാതാവിന് സർവ്വകലാശാലാ ബഹുമതി, ശൈശവവിവാഹം (H.C.D.), ഭാരതീയമഹിളകളുടെ സ്ഥാനം, പർദ്ദ (നസ്രാണി ദീപിക), കാർഷിക വിദ്യാഭ്യാസ പദ്ധതി, ഭാരതോദ്ധാരണത്തിനുള്ള ആധുനികശ്രമം, 'സാഹിത്യ സരണി" (ഇക്കാവമ്മ), സമ്പാദനം (സി.എൻ. അനന്തരാമ ശാസ്ത്രി എം.എ.) ജയിപ്പൂതാക (കെ. ഭാർഗവിയമ്മ വൈക്കം) മഹാത്മജിയുടെ നിസ്വാർത്ഥത, 'Advance of Women education in Punjab (Mr. IT MC Nair MA) 'അധികാരപദവികളും മഹിളകളും', ആരോഗ്യവീഥി, ഭക്ഷണസാധനങ്ങളും അവയിലെ പോഷകാംശങ്ങളും മഹിളാലോകവാർത്തകൾ എന്നിവയായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്.

## മുരളി

കടത്തനാട്ട് മാധവിയമ്മയുടെ പത്രാധിപത്യത്തിൽ കോഴിക്കോട് നോർമൻ പ്രിന്റിങ് ബ്യൂറോ

യിൽ നിന്ന് പുറത്തു വന്നിരുന്ന സ്ത്രീപ്രസിദ്ധീകരണമാണ് 'മുരളി'.

1933ലിറക്കിയ ആദ്യ ലക്കത്തിൽ മംഗളമെഴുതിയിരിക്കുന്നത് മഹാകവി വള്ളത്തോൾ നാരായണ മേനോനാണ്.

'സരസമാം വിഷയം ലഭിക്കായ്കയിൽ
ച്ചിരമുണങ്ങി വരണ്ട മുഖങ്ങളാൽ
സരഭസം നുകരട്ടെ സുധിജനം
മുരളി? നിൻ മധുരസ്വരമാധിയെ!'
(നിർവൃതി, എൻ. ബാലാമണിയമ്മ)

തൊഴിലാളികളും മുതലാളികളും (കെ. കേളപ്പൻ), അണുപ്രാണികൾ (മൂർക്കോത്ത് കുമാരൻ), മധുരസ്മരണ (വിദ്വാൻ വി.പി.കെ. നമ്പ്യാർ, അഭിലഷണീയ സമുദായവ്യവസ്ഥ (കെ. പ്രേമം, പി. കുഞ്ഞിരാമൻ നായർ) ധർമ്മസങ്കടം (കെ. മാധവി അമ്മ), മുരളി (എം.എൻ. പിഷാരടി) ചീഫ് ഗുഡ്സ് ക്ലാർക്ക് മിസ്റ്റർ രഘുനാഥറാവു (വി. ദാമോദരൻ നായർ) ഓണം (വി. കുഞ്ഞുലക്ഷ്മി അമ്മ) എന്നിവയാണ് ഒന്നാമത്തെ ലക്കത്തിലുണ്ടായിരുന്നത്.

## ശ്രീമതി വിശേഷാൽപ്രതി

'ശ്രീമതി' അന്നാചാണ്ടിയുടെ നേതൃത്വത്തിൽ സ്ത്രീകൾക്കായി നടത്തിയിരുന്ന വാരികയായിരുന്നു എന്ന് 'മലയാള മാസിക' (1930, പേജ് 2) ആദ്യത്തെ ലക്കത്തിൽ പറഞ്ഞിട്ടുണ്ട്. സ്ത്രീകളുടെ മുന്നോട്ടുള്ള പോക്കിന് സഹായകമായ രീതിയിലായിരുന്നു ഈ പ്രസിദ്ധീകരണം പുറത്തുവന്നിരുന്നത്. സ്ത്രീസ്വാതന്ത്ര്യത്തിന് ഊന്നൽ നൽകിയിരുന്ന ഈ പ്രസിദ്ധീകരണം 1935–ൽ സി. കാർത്ത്യായനിയമ്മയുടെ നേതൃത്വത്തിൽ ഒരു വിശേഷാൽ പ്രതി പുറത്തിറക്കി.

'ഇവിടുത്തെ സ്ത്രീജനങ്ങളുടെ സാമുദായികവും രാഷ്ട്രീയവും വിദ്യാഭ്യാസവിഷയകവും തൊഴിൽപരവുമായ സകല താൽപര്യങ്ങളും വേണ്ടവിധം പരിരക്ഷിക്കുകയും പരിഷ്ക്കാരപ്രചരണത്തിന്റെ പുരോഗതിയോടുകൂടി കേരളീയ ജനസമുദായത്തിൽ പൊതുവേ ഉണ്ടായിട്ടുള്ള ഉണർവിനും സ്വോൽകർഷത്തിനും അനുസരണമായി സ്ത്രീസമുദായത്തെക്കൂടി മുന്നോട്ട് ത്വരിപ്പിക്കുകയും, ഇന്ത്യയുടെ ഇതരഭാഗങ്ങളിലും പാശ്ചാത്യലോകത്തും അനുനിമിഷം സംഭവിച്ചുകൊണ്ടിരിക്കുന്ന പുരോഗമനോന്മുഖമായ സംഭവപരമ്പരകളിൽ നമ്മുടെ സഹോദരിമാരുടെ ശ്രദ്ധയും ആലോചനയും ക്ഷണിക്കുകയുമാണ് ഈ പത്രപ്രവർത്തന സംരംഭത്തിൽ ഞങ്ങളുടെ ഹൃദയത്തിൽ മുന്നോട്ടുനിൽക്കുന്ന ഉദ്ദേശങ്ങൾ (കാർത്ത്യായനിയമ്മ സി, 135:9).

സ്ത്രീകളും സമുദായസേവനവും (ടി. നാരായണിയമ്മ ബി.എ.) സ്ത്രീകളുടെ മനോഭാവം മാറണം (പാർവതി നെന്മേനിമംഗലം), സ്ത്രീകളും വായനശാലകളും (മിസിസ്സ് ദീനാമ്മ ഫിലിപ്പോസ്, ബി.എ, എൽ.റ്റി.) നമ്മുടെ ആദർശം (അമ്പാടി ഇക്കാവമ്മ സംഘടനയുടെ ആവശ്യം (തോട്ടയ്ക്കാട്ട് മാധവിയമ്മ, ഒരു നിയമ വൈകല്യം (മിസിസ്സ് അന്നാചാണ്ടി എം.എ.ബി.എൽ) ഗ്രാമീണ പുനരുദ്ധാരണം (പി.സി. ജാനകിയമ്മ ബി.എ.എൽ.റ്റി., ചേർത്തല) സ്ത്രീധർമത്തെപ്പറ്റി (മിസിസ്സ് പാർവ്വതി അയ്യപ്പൻ) തുടങ്ങിയവ ഈ വിശേഷാൽപ്രതിയിലെ ചില ലേഖനങ്ങളാണ്. ലളിതാംബിക അന്തർജനത്തിന്റെ 'ഏഴാമിടം' എന്ന ചെറുകഥ ഈ വിശേഷാൽപ്രതിയിൽ ഉണ്ടായിരുന്നു.

പ്രശസ്തരും പ്രഗൽഭരുമായ സ്ത്രീകളുടെ ചിത്രങ്ങൾ ഈ വിശേഷാൽപ്രതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ആദ്യത്തെ ഫോട്ടോ ശ്രീമതി. കെ. ദാക്ഷായണിയമ്മ ബി.എയുടേതാണ്. 'കേരളത്തിൽ ഇദംപ്രഥമമായി ബി.എ. ബിരുദം നേടിയ കൊച്ചിയിലെ ഹരിജന യുവതി' എന്ന് ബ്രാക്കറ്റിൽ എഴുതിയിട്ടുണ്ട്. അതിനൊപ്പം ആശാന്റെ 'ദുരവസ്ഥ'യിലെ വരികളും ചേർത്തിട്ടുണ്ട്.

തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും കല്ലുകൾ ഭാരതാംബേ!
താണുകിടക്കുന്നു നിൻ കുക്ഷിയിൽ ചാണ
കാണാതൊറാറേഴു കോടിയിന്നും'
(ശ്രീമതി വിശേഷാൽപ്രതി 1935–31)

കീഴാള വിഭാഗത്തിൽനിന്ന് കഴിവുതെളിയിച്ച ദാക്ഷായണിയെ ഉൾപ്പെടുത്താൻ അന്നത്തെ 'ശ്രീമതി' മാസികക്ക് കഴിഞ്ഞു. അന്നാചാണ്ടിയെ പോലെയുള്ള ഒരു പരിഷ്കരണവാദി നേതൃസ്ഥാനത്ത് ഉണ്ടായിരുന്നതുകൊണ്ടാണ് ഇത് സാധ്യമായത് എന്നത് ഉറപ്പാണ്.

'കെ. ദാക്ഷായണി എന്ന് മാത്രമായിരുന്നു ദാക്ഷായണിയുടെ യഥാർഥ നാമധേയമെന്നാണ് അവരുടെ മക്കളായ മീരാ വേലായുധനിൽ (ചരിത്ര ഗവേഷക) നിന്നും അറിയാൻ കഴിഞ്ഞത്. എന്നാൽ 1935–ലെ 'ശ്രീമതി വിശേഷാൽപ്രതി'യിൽ ശ്രീമതി കെ. ദാക്ഷായണിയമ്മ ബി.എ. എന്നാണ് ഇവരുടെ പേര് രേഖപ്പെടുത്തിക്കണ്ടത് ഇക്കാലയളവിൽ സ്ത്രീമാസികകളിൽ ഉണ്ടായ പ്രധാന സംവാദം സ്ത്രീകളുടെ 'അമ്മ' സ്ഥാനത്തെ സംബന്ധിച്ചുള്ളതായിരുന്നു. പഠിപ്പും പരിഷ്കാരവുമില്ലാത്ത നായർസ്ത്രീക്ക് പേരോടുകൂടി അമ്മസ്ഥാനം വെക്കാമെങ്കിൽ പഠിപ്പും പരിഷ്കാരവുമുള്ള ഈഴവ സ്ത്രീകൾ തുടങ്ങിയ നായരിതര സ്ത്രീകൾക്ക് അമ്മസ്ഥാനം വെക്കാമെന്ന പി.ആർ. മന്ദാകിനിയമ്മയുടെ (1922:325) അഭിപ്രായം തന്നെയാണ് 'ശ്രീമതി വിശേഷാൽപ്രതി' പ്രാവർത്തികമാക്കിയിരിക്കുന്നത്' (സംഗീത തിരുവുൾ 2010, 62).

സാമ്പത്തികമായി മെച്ചപ്പെട്ട നിലയും സ്വന്ത

മായി പ്രസ്സും ഇല്ലാതിരുന്നിട്ടും സ്ത്രീകൾക്ക് വേണ്ടി 'ശ്രീമതി' ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു.

## മുസ്ലീംവനിത

മലയാള പത്രപ്രവർത്തക ചരിത്രത്തിൽ ഇതുവരെ ഉൾപ്പെടുത്താത്ത ഒരു പ്രസാധകയും പത്രപ്രവർത്തകയുമായിരുന്നു ഹലീമ ബീവി .'മുസ്ലിം വനിത' എന്ന മാസികയുമായി പ്രസാധന രംഗത്തേക്കും പത്രപ്രവർത്തന രംഗത്തേക്കും അവർ കടന്നുവന്നത് 1938 ലായിരുന്നു .

'മുസ്ലിംവനിത', 'ഭാരത ചന്ദ്രിക', 'വനിത', 'ആധുനിക വനിത' എന്നീ നാല് പ്രസിദ്ധീകരണങ്ങൾ പലകാലങ്ങളായി അവർ പുറത്തിറക്കിയിരുന്നു .

മുസ്ലിം സ്ത്രീകൾ കടന്നുപോകുന്ന പലതരത്തിലുള്ള ദുരിതങ്ങൾ ഹലീമാബീവിക്ക് നേരിട്ട് അനുഭവം ഉള്ളതായിരുന്നു.




അവരുടെ ജീവിതം മെച്ചപ്പെടുത്താൻ തനിക്ക് കഴിയുന്നത് ചെയ്യണം എന്നുള്ള അവരുടെ തീരുമാനത്തിന്റെ ഫലമാണ് 'മുസ്ലിംവനിത' എന്ന മാസിക. ജീവിത പങ്കാളിയായ മുഹമ്മദ് മൗലവി അവർക്ക് എല്ലാ സ്വാധീനവും പ്രോത്സാഹനവും നൽകി . 'മുസ്ലിംവനിത'യുടെ മാനേജിങ് എഡിറ്ററായിരുന്നു ഹലീമാബീവി. പ്രിൻറിംഗു മായി ബന്ധപ്പെട്ട സാങ്കേതിക ജോലികളിലും അവർ ശ്രദ്ധിച്ചിരുന്നു .സ്ത്രീകളുടെ ജീവിതം അവലോകനം ചെയ്യുകയും അവരുടെ സാമൂഹിക മത പുരോഗതിയുടെ ആവശ്യകതയെക്കുറിച്ച് ഹലീമബീവി വാദിക്കുകയും ചെയ്തു. മുസ്ലിംസ്ത്രീകളുടെ ഉന്നമനം ലക്ഷ്യം വിട്ടുള്ള പ്രസിദ്ധീകരണങ്ങൾ അക്കാലത്ത് ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ 'മുസ്ലിം വനിത' എന്ന പ്രസിദ്ധീകരണം ഒരു അത്ഭുതമായിരുന്നു. ശൈലികൊണ്ടും പ്രതിപാദ്യ വിഷയങ്ങൾ കൊണ്ടും ഈ പ്രസിദ്ധീകരണം വായനക്കാരെ ആകർഷിച്ചു . ഏറെ സാമ്പത്തിക ബുദ്ധിമുട്ടുകളെ നേരിട്ടുകൊണ്ടാണ് മുസ്ലിംവനിത മുന്നോട്ടുപോയത് .

സാമ്പത്തികമായ അടിത്തറ ഇല്ലാതിരുന്നിട്ടും ഇക്കാലത്ത് ഒരു പ്രസാധന ശാല കൂടി അവർ ഉണ്ടാക്കിയെടുത്തു. പത്രപ്രവർത്തനരംഗത്ത് മുൻകാല പരിചയം ഇല്ലാത്ത ഹലീമബീവിയെ സംബന്ധിച്ച് അതൊരു വെല്ലുവിളിയായിരുന്നു . ഏജൻറു മാരുടെ നിസ്സഹകരണവും സമൂഹത്തിന്റെ സഹകരണ കുറവും മറ്റു പല സമ്മർദങ്ങളും സാമ്പത്തിക തകർച്ച മൂലം കുറച്ചു കാലം കഴിഞ്ഞപ്പോൾ ആ പ്രസിദ്ധീകരണം നിർത്തിവച്ചു .

## വനിത

ഭാരത ചന്ദ്രിക എന്ന മാസിക ഇക്കാലത്ത് ഹലീമാബീവി പ്രസിദ്ധീകരിച്ചിരുന്നു .അതിനു സമാന്തരമായി 'വനിത' എന്ന പേരിൽ ഒരു മാസിക 1943 ൽ അവർ പ്രസിദ്ധീകരിച്ചു .മുസ്ലിം വനിതയുടെ തുടർച്ചയെന്നോണമാണ് വനിതയുടെ വാല്യങ്ങൾ കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഉള്ളടക്കത്തിന്റെ കാര്യത്തിൽ രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. വനിതയിൽ സാഹിത്യം, സ്ത്രീജീവിതം, കുടുംബം, ലോക വിശേഷങ്ങൾ, കഥകൾ തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങൾ ഉണ്ടായിരുന്നു . ചെറുകഥകൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിരുന്നു.

എസ്.കെ. പൊറ്റക്കാട്, കമുകറ, കെ.സരസ്വതി അമ്മ , എം എം സാലി,മിസ്സിസ് ലീല എൻ കുറുപ്പ് , തങ്കമ്മ വർഗീസ് , ഇടക്കിടം പങ്കജാക്ഷിയമ്മ തുടങ്ങിയ ധാരാളം എഴുത്തുകാർ വനിതയിൽ എഴുതിയിരുന്നു. ഭാരതചന്ദ്രികയുടെ ഒപ്പംതന്നെ ഹലീമ ബീവി വനിതയുടെ മാനേജിങ് എഡിറ്റർ സ്ഥാനവും വഹിച്ചിരുന്നു. കേരളത്തിലെ വനിതകൾക്ക് വേണ്ടിയുള്ള ഏറ്റവും പ്രചാരമുള്ള സമ്പൂർണ്ണ വനിത മാസിക ആയിട്ടാണ് വനിതയെ ഭാരത ചന്ദ്രികയിലൂടെ ബോധ്യപ്പെടുത്തുന്നത്. ആദ്യകാലങ്ങളിൽ തിരുവല്ലയിലെ സെൻറ് ജോസഫ് പ്രിൻറിംഗ് പ്രസ്സിലായിരുന്നു അച്ചടി . നാലണ ആയിരുന്നു വില .മിലിറ്ററി പതിപ്പുകൾ കൂടി പ്രസിദ്ധീകരിച്ചിരുന്ന വനിതക്ക് കൊളംബിലും പ്രചാരമുണ്ടായിരുന്നു.

## ആധുനിക വനിത

1970 ൽ തന്റെ അമ്പത്തിരണ്ടാം വയസ്സിൽ ഹലീമാബീവി മറ്റൊരു മാസിക ആരംഭിച്ചു, 'ആധുനിക വനിത'. കെട്ടിലും മട്ടിലും നല്ല മികവോടെ ജൂൺ മാസത്തിൽ പുറത്തിറങ്ങിയ 'ആധുനിക വനിത'ക്ക് പിന്നിൽ മാനേജിംഗ് എഡിറ്ററായ ഹലീമ ബീവിക്ക് പുറമേ പത്രാധിപസമിതിയിൽ ഫിലോമിന കുര്യൻ, ബേബി വർഗീസ്, ബി.സുധ,കെ കെ കമാലാക്ഷി, എം റഹുമാബീഗം, സാറാമ്മ കുര്യൻ, ബി.എസ്.ശാന്തകുമാരി എന്നീ സ്ത്രീകൾകൂടി ഉണ്ടായിരുന്നു. വർഷങ്ങൾക്കുമുമ്പ് 'ഭാരതചന്ദ്രിക'യും 'മുസ്ലിംവനിത'യും അണിയിച്ചൊരുക്കിയ ആത്മവിശ്വാസത്തോടുകൂടി തന്നെയാണ് 'ആധുനിക വനിത' അണിയിച്ചൊരുക്കുന്നത് എന്നാണ് ഹലീമ ബീവിയുടെ മുഖക്കുറിപ്പിൽ പറഞ്ഞിട്ടുള്ളത്. പരിചയസമ്പത്തും ആത്മവിശ്വാസവും 'ആധുനിക വനിത'യുടെ ഗുണമേന്മയിൽ നിന്ന് വ്യക്തമായിരുന്നു.

കേരളത്തിലെ സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാനാണ് 'ആധുനിക വനിത'ശ്രമിച്ചിരുന്നത്. സാമൂഹിക ചർച്ചകളും മാസികയിൽ ഉണ്ടായിരുന്നു .

രാഷ്ട്രീയ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ ചൂടും വെളിച്ചവും പകരുന്ന നിരവധി പ്രസിദ്ധീകരണങ്ങൾ അന്ന് ഉണ്ടായിരുന്നിട്ടും ജനസംഖ്യയുടെ ഭൂരിപക്ഷം വരുന്ന സ്ത്രീസമൂഹത്തെ പ്രതിനിധാനം ചെയ്യുന്നതും അവർക്ക് വേണ്ടി പ്രവർത്തിക്കുന്നതുമായ പ്രസിദ്ധീകരണങ്ങൾ വളരെ കുറവാണ് എന്ന തിരിച്ചറിവിലാണ് ആധുനികവനിതക്ക് അവർ ചുക്കാൻ പിടിച്ചത്. സ്ത്രീകളെ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് അപ്പുറം സ്ത്രീ ജീവിതവുമായി ബന്ധപ്പെട്ട ആഴമേറിയ സാമൂഹിക-സാംസ്കാരിക വിഷയങ്ങൾ ചർച്ചചെയ്യാൻ 'ആധുനിക വനിത' ശ്രമിച്ചിരുന്നതായി കാണാം. വായനക്കാരുമായി സജീവ ബന്ധം കാത്തുസൂക്ഷിക്കാൻ 'ആധുനിക വനിത' ശ്രമിച്ചിരുന്നു. വളരെ ഗൗരവത്തോടെ തുടങ്ങിയ ആധുനിക വനിതക്ക് അധികകാലം നിലനിൽക്കാൻ ആയില്ല .കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം ഒരു വർഷം കഴിഞ്ഞതോടെ ആധുനിക വനിത അടച്ചുപൂട്ടി .

**രാഷ്ട്രീയ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ ചൂടും വെളിച്ചവും പകരുന്ന നിരവധി പ്രസിദ്ധീകരണങ്ങൾ അന്ന് ഉണ്ടായിരുന്നിട്ടും ജനസംഖ്യയുടെ ഭൂരിപക്ഷം വരുന്ന സ്ത്രീസമൂഹത്തെ പ്രതിനിധാനം ചെയ്യുന്നതും അവർക്ക് വേണ്ടി പ്രവർത്തിക്കുന്നതുമായ പ്രസിദ്ധീകരണങ്ങൾ വളരെ കുറവാണ് എന്ന തിരിച്ചറിവിലാണ് ആധുനികവനിതക്ക് അവർ ചുക്കാൻ പിടിച്ചത്. സ്ത്രീകളെ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് അപ്പുറം സ്ത്രീ ജീവിതവുമായി ബന്ധപ്പെട്ട ആഴമേറിയ സാമൂഹിക-സാംസ്കാരിക വിഷയങ്ങൾ ചർച്ചചെയ്യാൻ 'ആധുനിക വനിത' ശ്രമിച്ചിരുന്നതായി കാണാം**

(എം.ഹലീമാബീവിയുടെ ജീവിതം, പത്രാധിപ, നൂറ, നൂർജഹാൻ,ബുക്കഫേ,കോട്ടക്കൽ, 2020)

## മൈത്രി

1936-ൽ എറണാകുളത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'മൈത്രി' ഒരുത്തമ ആംഗ്ലോ ഇന്ത്യൻ 'മാസിക', 'കേരളത്തിലെ ഏക വനിതാമാസിക ഗ്രന്ഥം'' എന്നിവയാണെന്ന് ആദ്യപേജിൽ തന്നെ നൽകിയിരുന്നു. എൻ. ശങ്കരവർമയായിരുന്നു 'മൈത്രി'യുടെ പത്രാധിപർ.

ധാരാളം പരസ്യങ്ങൾ ഇതിലുണ്ടായിരുന്നു. ലൈംഗികതൃപ്തിക്കും ലൈംഗികഉണർവിനുമുള്ള ഔഷധങ്ങളെക്കുറിച്ച് ഒക്കെയുള്ള പരസ്യങ്ങൾ 'മൈത്രി'യിൽ അക്കാലത്തുതന്നെ പ്രസിദ്ധീകരിച്ചിരുന്നു.

## വനിതാമിത്രം

കൊല്ലത്തുനിന്ന് 1944-ൽ പ്രസിദ്ധീകരിച്ചിരുന്ന സ്ത്രീമാസികയാണ് 'വനിതാമിത്രം'. ടി.എൻ. കല്യാണിക്കുട്ടിയമ്മയായിരുന്നു പത്രാധിപ. സ്ത്രീകളുടെ പുരോഗതിയും സാംസ്കാരികാഭിവൃദ്ധിയും ഐക്യവും ഈ മാസികയുടെ ലക്ഷ്യങ്ങളായിരുന്നു. ജാതി-മത-സങ്കുചിത ചിന്തകൾക്ക് സ്വാധീനമില്ലാത്ത സ്ത്രീസമൂഹത്തെ സൃഷ്ടിക്കാൻ മാസിക ശ്രമിച്ചിരുന്നു. 'വനിതാമിത്ര'ത്തിന്റെ പ്രസ്താവന ഇക്കാര്യം ഊന്നിപ്പറയുന്നുണ്ട്. നല്ല കടലാസ് ലഭിക്കാത്തതിനാൽ മെച്ചപ്പെട്ട രീതിയിൽ മാസിക ഇറക്കാനാവാത്തതിനെക്കുറിച്ച് പ്രസ്താവന ചൂണ്ടിക്കാട്ടുന്നു. അക്കാലത്ത് എല്ലാ മേഖലകളിലും സ്ത്രീകൾ പ്രവർത്തിച്ചിരുന്നു എന്നും സ്ത്രീകളുടെ ആശയാദർശങ്ങൾ പ്രകടനം ചെയ്യാനുള്ള വേദിയായി 'വനിതാമിത്രം' നിലകൊണ്ടു. സദസ്യതിലകൻ കെ. വേലുപ്പിള്ളയുടെ സന്ദേശം 'വനിതാമിത്ര"ത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.

'നമ്മുടെ നാട്ടിൽ പത്രപ്രവർത്തനം ജാതിമത

ങ്ങളുടെ പ്രേരണക്ക് അധീനമാകാറുണ്ട്. ദൈവം ജാതിയെ സൃഷ്ടിച്ചിട്ടില്ലല്ലോ, അതിനാൽ ജാതിചിന്തകളും അനാവശ്യമായ മറ്റു വിചാരങ്ങൾ മാറ്റി രാജ്യക്ഷേമത്തിനും ലോകക്ഷേമത്തിനുമായി സ്ഥിര പരിശ്രമം ചെയ്യാൻ ഈ മാസികക്ക് സാധിക്കും.'

അക്കാലത്ത് നിലനിന്നിരുന്ന ഒരു പതിവ് ശീലത്തിന് വിപരീതമായി സ്ത്രീഎഴുത്തുകാരുടെ മംഗളാശംസകളോടെയാണ് പുറത്തിറങ്ങിയത്. 1944 ആഗസ്റ്റ് ലക്കത്തിൽ ലേഡി വിദ്വാൻ മുതുകുളം പാർവതിയമ്മയുടേയും നെയ്ക്കലാവിൽ കെ.കെ. ദേവകി അന്തർജനത്തിന്റേയും മംഗളാശംസയായിരുന്നു കൊടുത്തിരുന്നത്. Divorce for Hindu Woman (Dr. Sarada) Woman out of kitchen (Mr. Anna Mathew) തുടങ്ങിയ പുരോഗമനപരമായ പല വിഷയങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരുന്നു.

## വനിത (1959)

പി.കെ. ജാനകിയമ്മ പത്രാധിപരും കെ. ഭാരതി ബി.എ. പ്രസാധകയും പ്രിൻററുമായി തൃശ്ശൂരു നിന്ന് പുറത്തുവന്നിരുന്ന 'വനിത" മാസികയുടെ ഉടമസ്ഥൻ തോമസ്പൊന്നർ ആയിരുന്നു. 1959 മാർച്ച് മുതലാണ് 'വനിത" പ്രസിദ്ധീകരണമാരംഭിച്ചത്. മുഖചിത്രത്തോടൊപ്പം 'വിദ്യയാമുരു മശ്നതേ" എന്ന് അച്ചടിച്ചിരുന്നു. അതേവരെ ഇറങ്ങിയ സ്ത്രീമാസികകളിൽനിന്ന് വളരെയേറെ മാറ്റങ്ങൾ 'വനിത"ക്ക് ഉണ്ടായിരുന്നു. ആദ്യലക്കത്തിലെ 'വനിത" പരസ്യം.

'നിങ്ങളുടെ വീട്ടിലുള്ള സ്ത്രീകളും കുഞ്ഞുങ്ങളും ഇഷ്ടപ്പെടുന്ന രീതിയിൽ, അവർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ 'വനിത'യെ മുന്നോട്ടുകൊണ്ടുപോകുന്നതിന് വേണ്ട നിർദ്ദേശങ്ങൾ തന്ന് സഹായിക്കുക. നിങ്ങളുടെ ഭാര്യ, അമ്മ, സഹോദരി, മകൾ ആരെങ്കിലും ഒരാളെ 'വനിത'യുടെ സ്ഥിരം വരിക്കാരാക്കുന്നതിന് നിർബന്ധിക്കുമല്ലോ' (വനിത 1959 – IV ) പുരുഷന്മാരെ സ്വാധീനിച്ച് സ്ത്രീകളെ വായനക്കാരാക്കാനുള്ള ശ്രമമാണ് നടത്തിയിരുന്നത്.

ശാസ്ത്രവിഷയങ്ങളും കോളേജ് വിദ്യാർത്ഥികളുടെ എഴുത്തുകളും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. കുടുംബാസൂത്രണ പദ്ധതികളെക്കുറിച്ച് വായനക്കാരുടെ പ്രതികരണം കൊടുത്തിരുന്നു. സ്ത്രീവിദ്യാഭ്യാസപുരോഗതി ഉണ്ടായിട്ടും സാഹിത്യരംഗത്ത് സ്ത്രീകളുടെ സാന്നിധ്യം കുറഞ്ഞിരിക്കുന്നതിനെക്കുറിച്ച് അമ്പാടി കാർത്യായനിയമ്മ എഴുതിയിരിക്കുന്നത് ഇക്കാലത്തും പ്രസക്തമാണ്.

'ഉദ്യോഗസ്ഥനായ പുരുഷന്ഉദ്യോഗത്തിൽ മാത്രം ശ്രദ്ധിച്ചാൽ മതി. എന്നാൽ സ്ത്രീക്ക് ഗൃഹജോലികളും ശിശുപരിപാലനവും വൃദ്ധജനപരിപാലനവും ഉദ്യോഗത്തോടൊപ്പം ചേർത്തു കൊണ്ടുപോകേണ്ടിവരുന്നു. ഇത് സ്ത്രീയുടെ ബാധ്യതയായി അവളും സമൂഹവും കാലാകാലങ്ങളായി വിശ്വസിച്ചുവരുന്നു. എന്നാൽ ഉദ്യോഗസ്ഥരല്ലാത്ത അഭ്യസ്തവിദ്യരായ സ്ത്രീകൾ ബുദ്ധിപരമായ ചിന്തകളിലും പ്രവർത്തനങ്ങളിലും ഏർപ്പെടുന്നുമില്ല എന്നത് സ്ത്രീസമൂഹത്തിന്റെ എക്കാലത്തെയും കുറവുതന്നെയാണ്. ബുദ്ധിയും ഹൃദയവും സമന്വയിപ്പിച്ച് ഏകാഗ്രമായ പ്രവർത്തനത്തിലൂടെയേ ഇത് സാധ്യമാവൂ. ഭാഷ, ആശയം, സ്വാതന്ത്ര്യവാഞ്ഛ എന്നിവ കൂടിച്ചേർന്നാൽ മാത്രമേ സ്ത്രീസാ




ഹിത്യരചന സാധ്യമാവൂ.'

സ്ത്രീകളെക്കുറിച്ചുള്ള വാർത്തകൾക്ക് 'വനിത' പ്രാധാന്യം നൽകി. ബി. കല്യാണിയമ്മയുടെ മരണം 1959 ഒക്ടോബർ ലക്കത്തിൽ ഫുൾ പേജ് വാർത്തയായാണ് നൽകിയത്. 'പുത്തൻ നൂറ്റാണ്ടിനെ സത്യയുഗത്തോട്കോർത്തിണക്കിയ ഒരു സ്വർണ്ണനൂൽ' എന്നാണ് കല്യാണിയമ്മയെക്കുറിച്ച് 'വനിത' എഴുതിയത് (വനിത, 1959:52)

മുതുകുളം പാർവതിയമ്മ, പി. മീനാക്ഷിയമ്മ, കുഞ്ചിയമ്മ, സാവിത്രി അന്തർജ്ജനം, ശാരദാമണി, വി.ജി. ഭവാനി, ഈ.കെ. വാസന്തി തുടങ്ങി നിരവധി സ്ത്രീകൾ ഇതിൽ എഴുതിയിരുന്നു.

സർക്കുലേഷൻ കൂട്ടാനായി പരസ്യതന്ത്രങ്ങൾ ആവിഷ്കരിക്കുന്ന രീതി 'വനിത'യുടെ കാലത്താണ് തുടങ്ങുന്നത്. ഈ മാസിക സ്ത്രീകൾക്ക് 'ചെ

റുകഥാമത്സരം' സംഘടിപ്പിച്ചു. 'വനിതാ' വരിക്കാർക്ക് ഇതിൽ എഴുതാൻ അവസരം നൽകിയിരുന്നു.

വായനക്കാരുടെ പ്രതികരണത്തിന് പേജ് മാറ്റിവെച്ചിരുന്നതും അതിൽ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള പ്രതികരണങ്ങൾ നൽകിയിരുന്നു എന്നതും എടുത്തുപറയേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ മുഖചിത്രങ്ങൾ ഇതിൽ കുറവായിരുന്നു. അതിനുള്ള കാരണം പത്രാധിപ നൽകുന്നത് ഇങ്ങനെയാണ്:

'സ്ത്രീകളെ മുന്നിൽ നിർത്തി മുതലെടുക്കാൻ ശ്രമിക്കാത്തതിന്റെ പ്രധാന കാരണം മറ്റൊന്നാണ്. സ്ത്രീകൾ അധികം ഇഷ്ടപ്പെടുക പുരുഷന്മാരുടെ മുഖം കാണാനല്ലേ? വനിത ഈ നിയമത്തിന് വ്യത്യസ്തയാകുന്നത് ശരിയാണോ? ആയതിനാൽ സുന്ദരന്മാരായ പുരുഷന്മാരുടെ ചിത്രങ്ങൾ മുഖചിത്രത്തിൽ ഉപയോഗിക്കാനാണത്രേ അവൾ അധികം ഇഷ്ടപ്പെടുന്നത്. വായനക്കാരിൽ നല്ലൊരു വിഭാഗം പുരുഷന്മാരാണെന്ന് വന്നാൽ സ്ത്രീകളുടെ ചിത്രങ്ങളും ഇടുന്നതാണെന്നറിയുന്നു. ഏതായാലും അടുത്ത ലക്കത്തിൽ നിങ്ങൾക്കൊരു സുന്ദരനെ പ്രതീക്ഷിക്കാം (വനിത, 1959-34).

1960 മാർച്ചിൽ വനിത ഒന്നാം പിറന്നാൾ പതിപ്പ് ഇറക്കി. സ്ത്രീകൾ മാത്രം എഴുതിയ ഈ ലക്കത്തിൽ അച്ച് നിരത്തിയതുപോലും സ്ത്രീകളായിരുന്നു.

ഭവാനി തൃശൂർ, റ്റി.എസ്. പൊന്നമ്മ, കെ. ഗോമതിയമ്മ, നന്ദിനിക്കുട്ടി, പി.റ്റി. വസുമതിയമ്മ, പി.എൻ. ശാന്തകുമാരി, ഗ്രേയ്സി ബി.എ., പി. മീനാക്ഷിഅമ്മ, കെ. ദേവകി, റബേക്ക ജോസഫ്, റാബിയ പുനയൂർ എന്നിവർ എഴുതി. 'നാളത്തെ പുലരിയിൽ വിടരാൻ വെമ്പുന്ന കലാകലിക' എന്ന തലക്കെട്ടോടെ ഒരു കൊച്ചു പെൺകുട്ടിയുടെ ചിത്രമാണ് മുഖചിത്രമായി കൊടുത്തത്

അന്താരാഷ്ട്ര തലത്തിൽ വനിതാദിനം ആചരിക്കാൻ ഐക്യരാഷ്ട്ര സംഘടന മുന്നോട്ടുവന്നത് 1975-ലാണ്. അതിനും 15 വർഷംമുമ്പ് സ്ത്രീകൾക്കായി ഒരു ലക്കം 'വനിത' മാറ്റിവച്ചിരുന്നു.

സ്ത്രീകളോട് ധാരാളമായി എഴുതാനും വായിക്കാനും 'വനിത' ഉദ്ബോധിപ്പിച്ചു. വിവിധ മേഖലകളിൽ സ്ത്രീകൾ മുന്നോട്ടുവരണമെന്ന ആശയം ഈ മാസിക മുന്നോട്ടുവെച്ചു.

വനിതാമാസികകളുടെ ആദ്യകാലഘട്ടം സ്ത്രീകളെ ചിന്തിപ്പിക്കാനും മുഖ്യധാരയുമായി ബന്ധിപ്പിക്കാനും ശ്രമിച്ചിരുന്നു എന്ന് കാണാം. കേരള സമൂഹത്തിന്റെ മാറ്റത്തിന് വഴിയൊരുങ്ങിയ ഒരു കാലഘട്ടത്തിൽ ഇത്തരം പ്രസിദ്ധീകരണങ്ങൾക്ക് ആ മാറ്റത്തിന് ആക്കംകൂട്ടാൻ കഴിഞ്ഞു. വിവിധ മേഖലകളിൽ കേരളം മുമ്പോട്ടുപോയി."

സ്ത്രീവിദ്യാഭ്യാസത്തിൽ കേരളം കൈവരിച്ച പുരോഗതി, ആഗോളവൽക്കരണ ഫലമായുണ്ടായ പുത്തൻ സാമ്പത്തിക വ്യവസ്ഥ എന്നിവ കേരളത്തിന്റെ നില മെച്ചപ്പെടുത്തി. ഇതെല്ലാം സ്ത്രീമാസികകളുടെ പ്രസിദ്ധീകരണത്തിലും സാരമായ വ്യതിയാനങ്ങൾ ഉണ്ടാക്കി. ആദ്യകാല സ്ത്രീമാസികകളുടെ ഉള്ളടക്കത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടാണ് 1970 നുശേഷമുണ്ടായ ജനപ്രിയസ്ത്രീമാസികകൾ തങ്ങളുടെ സഞ്ചാരപഥം രൂപപ്പെടുത്തിയത്. ഇവ ഗൗരവമായ സ്ത്രീപ്രശ്നങ്ങൾ ചർച്ച ചെയ്ത് പോയവയല്ല. എന്നാൽ സ്ത്രീപ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്ന മാസികകൾ എന്ന ധാരണ സമൂഹത്തിൽ പരത്താൻ അവയ്ക്ക് കഴിഞ്ഞു (സംഗീത തിരുവൾ, 72).

**അന്താരാഷ്ട്ര തലത്തിൽ വനിതാദിനം ആചരിക്കാൻ ഐക്യരാഷ്ട്ര സംഘടന മുന്നോട്ടുവന്നത് 1975-ലാണ്. അതിനും 15 വർഷംമുമ്പ് സ്ത്രീകൾക്കായി ഒരു ലക്കം 'വനിത' മാറ്റിവച്ചിരുന്നു. സ്ത്രീകളോട് ധാരാളമായി എഴുതാനും വായിക്കാനും 'വനിത' ഉദ്ബോധിപ്പിച്ചു. വിവിധ മേഖലകളിൽ സ്ത്രീകൾ മുന്നോട്ടുവരണമെന്ന ആശയം ഈ മാസിക മുന്നോട്ടുവെച്ചു. വനിതാമാസികകളുടെ ആദ്യകാലഘട്ടം സ്ത്രീകളെ ചിന്തിപ്പിക്കാനും മുഖ്യധാരയുമായി ബന്ധിപ്പിക്കാനും ശ്രമിച്ചിരുന്നു എന്ന് കാണാം. കേരള സമൂഹത്തിന്റെ മാറ്റത്തിന് വഴിയൊരുങ്ങിയ ഒരു കാലഘട്ടത്തിൽ ഇത്തരം പ്രസിദ്ധീകരണങ്ങൾക്ക് ആ മാറ്റത്തിന് ആക്കംകൂട്ടാൻ കഴിഞ്ഞു. വിവിധ മേഖലകളിൽ കേരളം മുമ്പോട്ടുപോയി."**

'പരസ്യങ്ങളും ഉപഭോഗസംസ്കാരവും പുത്തൻ സാങ്കേതികവിദ്യകളും സ്ത്രീമാസികകളെ അവയുടെ ആദ്യകാലലക്ഷ്യങ്ങളിൽനിന്ന് പിന്നോട്ട് വലിച്ചു. പൊതുജനാഭിപ്രായ രൂപീകരണത്തി

നു പകരം പൊതുജനങ്ങളുടേതല്ലാത്ത ഒരു പൊതുജനാഭിപ്രായവും പൊതുതാൽപര്യവും സൃഷ്ടിച്ചെടുക്കുക എന്ന കുത്തകമുതലാളിത്തത്തിന്റെ തന്ത്രമാണ് ഇക്കാലത്തെ സ്ത്രീമാസികകളും പിൻപറ്റിയത്. ആദ്യകാല സ്ത്രീമാസികകൾ ചർച്ചചെയ്ത ഗൗരവമായ സ്ത്രീ, സാമൂഹികപ്രശ്നങ്ങൾക്കുപകരം ഫിക്ഷനും ലളിതവായനാരൂപങ്ങളുമാണ് ഈ കാലയളവിലെ സ്ത്രീമാസികകൾ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചുവന്നത്' (സംഗീത തിരുവുൾ, പേജ് 72).

1970കൾക്കു ശേഷമുണ്ടായ പ്രധാന സ്ത്രീമാസികകളിൽ രൂപകല, വനിത, പെണ്മണി, ഗൃഹലക്ഷ്മി, മഹിളാരത്നം, കന്യക, കേരളകൗമുദി വിമൻസ് മാഗസിൻ, ഉത്തമസ്ത്രീ, സ്ത്രീധനം, ഗൃഹശോഭ, മഹിളാചന്ദ്രിക, ദീപിക എന്നിവ ഉൾപ്പെടുന്നു.

1977–ലാണ് എസ്.കെ. പൊറ്റക്കാടിന്റെ ഭാര്യ ജയ പൊറ്റക്കാട് കോഴിക്കോടുനിന്ന് 'രൂപകല' ആരംഭിക്കുന്നത് (മലയാളസ്ത്രീമാസികകളുടെ ഉള്ളടക്കം അന്നും ഇന്നും, വി.ബി. ലൽകാർ. 1999 : 118) സിനിമയെപ്പറ്റിയുള്ള ലേഖനങ്ങൾ, കഥ, കവിത, മനഃശാസ്ത്രം, സൗന്ദര്യം, ഫാഷൻ, ആരോഗ്യം, ശിശുപരിപാലനം, സാമൂഹികസേവനം, പാചകം, ഹോബി, തൊഴിൽ തുടങ്ങിയ രീതിയിലായിരുന്നു 'രൂപകല"യുടെ ഉള്ളടക്കം. 'രൂപകല"യുടെ ഉള്ളടക്കത്തിൽ സ്ത്രീകൾ അയച്ച കത്തുകൾ ചേർത്തിരിക്കുന്നത് ശ്രദ്ധേയമാണ്. 'സ്ത്രീകൾക്കായുള്ള മാസിക" എന്ന ചിന്തക്കെതിരായ അഭിപ്രായങ്ങളും കത്തുകളിൽ ഉൾപ്പെടുന്നു.

'സ്ത്രീവിമോചനസമരത്തിനുള്ള ഒരു ഉപാധി കൂടി ആകട്ടെ ഈ മാസിക" (എൻ. സുവർണ, പട്ടാമ്പി)

'വനിതകൾക്കായി ഒരു പുതിയ മാസിക – 'രൂപകല". പത്രങ്ങളിൽനിന്നും റേഡിയോവിൽനിന്നും ഈ വാർത്ത ഞാൻ അറിഞ്ഞു. സ്ത്രീപുരുഷസമത്വത്തിന്റേയും സ്ത്രീവിമോചനസമരത്തിന്റേയും ഈ കാലഘട്ടത്തിൽ 'സ്ത്രീകൾക്ക് മാത്രമായി" എന്ന ലേബലിൽ ഒരു മാസിക പുറത്തിറക്കുകയോ? പുരുഷന്മാർക്ക് സ്ത്രീകളെ കബളിപ്പിക്കുന്നതിലെ രസം ഇനിയും അവസാനിക്കുന്നില്ലെന്നോ? വനിതാവർഷം എന്ന പേരിൽ ഒരു സൗജന്യം അനുവദിച്ചുതന്ന് അവർ സ്ത്രീകളെ മുതലെടുത്തത് നാം മറക്കേണ്ട കാലമായിട്ടില്ല. പുരുഷനോടൊപ്പമെന്നുള്ള സ്ത്രീയുടെ അഭിവാഞ്ഛകളെ 'വനിതാമാസിക'' എന്ന സങ്കല്പം ഒരതിരുവരെയെങ്കിലും നിറംകെടുത്തിക്കളയുന്നുണ്ട്" (പി. രാധ, 1977:6).

വനിതാമാസികകളുടെ പ്രസക്തിയെ ചോദ്യം ചെയ്യുന്ന ഈ കത്ത് 'രൂപകല'യിൽ പ്രസിദ്ധപ്പെടുത്തിയെന്നത് എടുത്തുപറയേണ്ടിയിരിക്കുന്നു.

എല്ലാ മേഖലകളിലും അതായത് ഉദ്യോഗപരമായും കായികമായും സമസ്തമേഖലകളിലും പുരുഷന്റെ സഹപ്രവർത്തകരായ സ്ത്രീകളെ അപമാനിക്കലാണ് ഇത്തരം വനിതാമാസികകൾക്ക് പിന്നിൽ പ്രവർത്തിക്കുന്നവരും അവ വായിച്ചാസ്വദിക്കുന്നവരും പ്രചാരം ചെയ്യുന്നവരും ചെയ്യുന്നത് എന്ന് രാധ കത്തിൽ ഓർമ്മിപ്പിക്കുന്നുണ്ട്.

## സ്ത്രീശബ്ദം (2008)

'തുല്യത' എന്നപേരിൽ കണ്ണൂരിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന സ്ത്രീമാസികയുടെ തുടർച്ചയായി 2000 മുതലാണ് 'സ്ത്രീശബ്ദം" പ്രസിദ്ധീകരിച്ചു തുടങ്ങിയത്. ജനാധിപത്യ മഹിളാ അസോസിയേഷനാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. സ്ത്രീസമത്വം, സ്വാതന്ത്ര്യം, പൗരാവകാശങ്ങൾ എന്നിവക്ക് 'സ്ത്രീശബ്ദം'' ഊന്നൽകൊടുക്കുന്നു. സ്ത്രീകൾക്കും മറ്റ് പ്രാന്തവൽക്കരിക്കപ്പെട്ടവർക്കുംവേണ്ടി ഈ മാസിക ശബ്ദമുയർത്തുന്നു.

## സംഘടിത (2010)

സ്ത്രീകൾക്കുവേണ്ടി പ്രവർത്തിക്കുന്ന 'അന്വേഷി'യുടെ ആഭിമുഖ്യത്തിൽ 2008–ൽ ന്യൂസ് ലെറ്ററിന്റെ രൂപത്തിലാണ് 'സംഘടിത'യുടെ തുടക്കം.



**കെ.എം. ഷീബ, ജാൻസി ജോസ്, ദീദി ദാമോദരൻ എന്നിവരും 'അന്വേഷി'യുടെ പിറകിലുള്ളവരുമാണ് 'സംഘടിത'യുടെ പ്രസിദ്ധീകരണത്തിന് നേതൃത്വം നൽകിയിരുന്നത്. 2010-ൽ 'സംഘടിത' എന്ന സ്ത്രീമാസികയായി ഇതു രൂപാന്തരപ്പെട്ടു. സ്ത്രീകൾക്ക് എഴുതാനുള്ള ഒരു പ്രസിദ്ധീകരണം എന്നതായിരുന്നു ലക്ഷ്യം. പുരുഷകേന്ദ്രീകൃതമായ മാധ്യമരംഗത്ത് ഇതിനുള്ള പ്രസക്തി വലുതാണെന്ന് ഇതിന്റെ പിന്നിലുള്ളവർക്ക് ഉറപ്പായിരുന്നു.**

2010 വരെ സ്ത്രീകളെക്കുറിച്ചുള്ള വാർത്തകൾ, റിപ്പോർട്ടിങ്, പ്രതികരണങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുന്ന ഒരു ന്യൂസ് ലെറ്ററായി ഇതു തുടർന്നു.

കെ.എം. ഷീബ, ജാൻസി ജോസ്, ദീദി ദാമോദരൻ എന്നിവരും 'അന്വേഷി'യുടെ പിറകിലുള്ളവരുമാണ് 'സംഘടിത'യുടെ പ്രസിദ്ധീകരണത്തിന് നേതൃത്വം നൽകിയിരുന്നത്. 2010-ൽ 'സംഘടിത' എന്ന സ്ത്രീമാസികയായി ഇതു രൂപാന്തരപ്പെട്ടു. സ്ത്രീകൾക്ക് എഴുതാനുള്ള ഒരു പ്രസിദ്ധീകരണം എന്നതായിരുന്നു ലക്ഷ്യം. പുരുഷകേന്ദ്രീകൃതമായ മാധ്യമരംഗത്ത് ഇതിനുള്ള പ്രസക്തി വലുതാണെന്ന് ഇതിന്റെ പിന്നിലുള്ളവർക്ക് ഉറപ്പായിരുന്നു. മുമ്പ് 1905-ൽ 'ശാരദാ' മാസിക ഇത്തരമൊരു ലക്ഷ്യം മുന്നോട്ടുവെച്ചുവെങ്കിലും അതിനു പിന്നിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ പോലെയുള്ളവരുടെ ശ്രമങ്ങളുണ്ടായിരുന്നു. 'സവർണ മധ്യവർഗ്ഗ സ്ത്രീ'കളെയായിരുന്നു 'ശാരദാ' പോലെയുള്ള മാസികകൾ സ്ത്രീയായി കൽപിച്ചിരുന്നതെങ്കിൽ 'സംഘടിത' എല്ലാ സ്ത്രീകൾക്കുംവേണ്ടി നിലകൊള്ളുന്നു. സ്ത്രീകളെക്കുറിച്ചുള്ള 'സംഘടിത'യുടെ കാഴ്ചപ്പാട് വിശാലമാണ്; ആ കാഴ്ചപ്പാടിനൊപ്പം സാഹിത്യവും ചേരുന്നു എന്നത് 'സംഘടിത"യുടെ പ്രത്യേകതയാണ്. സ്ത്രീകളുടെ സന്നദ്ധപ്രവർത്തനംകൊണ്ട് പ്രസിദ്ധീകരിക്കുന്ന ഒരു മാസിക എന്ന് ഇതിനെ വിശേഷിപ്പിക്കാം. എഴുത്തുകാരികളോ അണിയറപ്രവർത്തകരോ പ്രതിഫലം വാങ്ങുന്നില്ല എന്നത് 'സംഘടിത"യെ വ്യത്യസ്തമാക്കുന്നു.

ഒരു ലക്കത്തിൽ ഒരു പ്രത്യേക വിഷയമെടുത്ത് വിവിധ സ്ത്രീകൾ എഴുതുന്ന 'സംഘടിത'ക്ക് ഓരോ ലക്കത്തിനും ഓരോ 'ഗസ്റ്റ് എഡിറ്റർ'മാർ ഉണ്ട്. 2010 ഡിസംബർ മാസം സാറാജോസഫ് ചീഫ് എഡിറ്ററായിട്ടാണ് 'സംഘടിത" ആരംഭിച്ചത്. 2015 ജനുവരി മുതൽ കെ.എം. ഷീബയാണ് ചീഫ് എഡിറ്റർ.

ജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന ഒരു വനിതാമാസികയെന്ന് 'സംഘടിത'യെ വിശേഷിപ്പിക്കാം.

**ഉടൻ പ്രസിദ്ധീകൃതമാവുന്ന കെ .എ. ബീനയുടെ 'മലയാളപെൺമാധ്യമചരിത്രം' എന്ന പുസ്തകത്തിൽ നിന്ന്.**

**സഹായകഗ്രന്ഥങ്ങൾ**


1. Changes In the Status Of Women as Reflected in Women's Magazines of Kerala During The Past Fifty Years. Thesis submitted By P.B. Balakrishna Lalkar January 1992 University Of Kerala

2. മലയാളത്തിലെ സ്ത്രീമാസികകളുടെ ഉള്ളടക്കം, അന്നും ഇന്നും, ഒരു വിശകലനം, പി.ബി.ലൽകാർ (മലയാള പത്രപ്രവർത്തനത്തിന്റെ അമ്പതുവർഷം.1947-1997)കേരളം പ്രസ് അക്കാദമി, കൊച്ചി.

3. മലയാള സ്ത്രീമാസികകൾ..ചരിത്രവും ഭാവുകത്വ പരിണാമവും, ഡോ.സംഗീത തിരുവൾ പി.പി., ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാംസ്കൃട്ട്, കാലടി, 2019

4. വനിതാപത്രപ്രവർത്തനം, ചരിത്രവും വർത്തമാനവും, കൃഷ്ണകുമാരി.എ, കേരളം സാഹിത്യ അക്കാഡമി, തൃശൂർ,2010


5. കല്പനയുടെ മാറ്റൊലി, ദേവിക.ജെ, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് തിരുവനന്തപുരം, 2011

6. ആദ്യകാലമാസികകൾ, പ്രിയദർശൻ.ജി., കേരളം സാഹിത്യ അക്കാദമി,തൃശൂർ, 2007

7. മണ്മറഞ്ഞ മലയാള മാസികകൾ. പ്രിയദർശൻ ജി, സാഹിത്യപ്രവർത്തക സഹകരണ സംഘം,കോട്ടയം, 2011

8. കേരള പത്രപ്രവർത്തന ചരിത്രം, പുതുപ്പള്ളി രാഘവൻ, കേരളം സാഹിത്യ അക്കാദമി,തൃശൂർ 1985

**ചർച്ചാവിഷയം**



# ജീവിത പന്ഥാവായ 'ബോവ ചി'




**പ്രേമ മന്മഥൻ**
റിട്ട.ദ ഹിന്ദു, സീനിയർ അസിസ്റ്റന്റ് എഡിറ്റർ


കുട്ടിക്കാലത്ത് കുടുംബസമേതം മലേഷ്യയിലായിരുന്നു താമസം. ഞാൻ അഞ്ചാം ക്ലാസിൽ പഠിക്കുകയായിരുന്നു.

അച്ഛന് റബ്ബർ എസ്റ്റേറ്റിലാണ് ജോലി. ഞങ്ങൾക്ക് വായിക്കാൻ ഇന്ത്യയിൽ നിന്ന് ധാരാളം പത്രങ്ങളും മാസികകളും അച്ഛൻ വരുത്തി തന്നിരുന്നു. ടാബ്ലോയിഡ് വലിപ്പമുള്ള ദി ഹിന്ദു, ഗോസമർ തിൻ പേപ്പറിലെ പ്രതിവാര അന്താരാഷ്ട്ര പതിപ്പ്, ഇല്ലസ്ട്രേറ്റഡ് വീക്കിലി, ദി ഇന്ത്യൻ മൂവി ന്യൂസ് എന്നിവയാണവ.

ദ റീഡേഴ്സ് ഡൈജസ്റ്റും കൂട്ടത്തിലുണ്ടായിരുന്നു. അതിന്റെ ഒരു ലക്കത്തിൽ, വിയറ്റ്നാം യുദ്ധത്തെക്കുറിച്ചുള്ള ഒരു പത്രപ്രവർത്തകന്റെ റിപ്പോർട്ടുണ്ടായിരുന്നു. യുദ്ധ റിപ്പോർട്ടിംഗിനിടെ അദ്ദേഹം കൊല്ലപ്പെടേണ്ടതായിരുന്നു. തുരുതുരാ വെടിയുണ്ടകൾ തന്റെ നേർക്ക് വരുന്നത് കണ്ട അദ്ദേഹം ബോവ ചി... ബോവ ചി...( പ്രസ്) എന്ന് അലറി വിളിച്ചു. അതുകേട്ട സൈനികർ വെടിവെയ്പ് നിറുത്തിയത് കൊണ്ട് അദ്ദേഹം ജീവനോടെ രക്ഷപെട്ടു. ഈ സംഭവം എന്റെ മനസ്സിൽ പതിഞ്ഞു.

പത്രപ്രവർത്തകയാകണമെന്ന് എന്റെയുള്ളിലും മോഹം ഉദിച്ചു. എന്റെ അമ്മയെപ്പോഴും അവരുടെ അച്ഛനായ പള്ളിപ്പുറം നാരായണപിള്ളയെക്കുറിച്ച് (നായർ സർവീസ് സൊസൈറ്റിയുടെ 14 സ്ഥാപകരിൽ ഒരാൾ) അഭിമാനപൂർവം സംസാരിക്കുമായിരുന്നു. മുത്തച്ഛൻ ദിനവും ചങ്ങനാശ്ശേരിയിൽ നിന്ന് കോട്ടയം വരെ നടന്ന് മനോരമയിലെത്തി പത്രത്തിൽ എഡിറ്റോറിയലുകൾ എഴുതിയിരുന്നു. 1920 കളുടെ അവസാനത്തിലായിരുന്നു അത്. ഇതും എന്നെ ആഴത്തിൽ സ്വാധീനിച്ചു. 1977ൽ ഞങ്ങൾ ഇന്ത്യയിൽ തിരിച്ചെത്തി. ഞാൻ ഇംഗ്ലീഷ് സാഹിത്യത്തിൽ പി.ജി പൂർത്തിയാക്കി. ഭാരതീയ വിദ്യാഭവനിൽ നിന്ന് ജേർ

ണലിസത്തിൽ ഡിപ്ലോമ നേടി. ജോലി അന്വേഷിച്ച് തുടങ്ങി. ബന്ധുക്കളും സുഹൃത്തുക്കളും പത്രപ്രവർത്തനം മോശം ജോലിയാണെന്ന് കരുതിയപ്പോഴും മാതാപിതാക്കൾ എനിക്കൊപ്പം നിന്നു. പക്ഷേ, ഞാൻ ജോലി അന്വേഷിച്ചെത്തിയ പത്രങ്ങൾക്കൊന്നും സ്ത്രീ ജീവനക്കാരെ ആവശ്യമില്ലായിരുന്നു.

ഒരു ദിവസം, അച്ഛൻ ഏത്തപ്പഴം വാങ്ങിക്കൊണ്ടുവന്നപ്പോൾ, അത് പൊതിഞ്ഞിരുന്ന പത്രക്കടലാസിൽ ഒരു പരസ്യം കണ്ടു.

ദി ഇന്ത്യൻ എക്സ്പ്രസിൽ ട്രെയിനി ജേർണലിസ്റ്റുകളെ ആവശ്യമുണ്ടെന്നായിരുന്നു പരസ്യം. ഞാനുടനെ അപേക്ഷിച്ചു. ഏഴ് ദിവസത്തെ പ്രാദേശിക സംഭവങ്ങളുടെ ഏഴ് റിപ്പോർട്ടുകൾ അയക്കണമെന്നത് കഠിനമായ അഭിമുഖത്തിന്റെ ഭാഗമായിരുന്നു. തിരുവനന്തപുരം ബ്യൂറോയുടെ തലവനായ എസ്.കെ. അനന്തരാമനാണ് റിപ്പോർട്ട് അയച്ചത്. എന്നെ ടെസ്റ്റിന് വിളിച്ചു. വിവർത്തനങ്ങൾ അടങ്ങിയ നീണ്ട പരീക്ഷ എഴുതിക്കഴിഞ്ഞ്, അടുത്ത ദിവസം രണ്ട് ഫീച്ചർ സ്റ്റോറികൾ എഴുതാൻ ആവശ്യപ്പെട്ടു. ഒന്ന് പോസ്റ്റ് വുമണായി ജോലി ലഭിച്ച സ്ത്രീകളെക്കുറിച്ചും മറ്റൊന്ന് യൂണിവേഴ്സിറ്റി കോളേജിലെ ഒരു ആർട്ട് എക്സിബിഷനും. (സംവിധായകനായ പ്രിയദർശനായിരുന്നു അന്ന് സംഘാടകരിലൊരാൾ.) അത് എഴുതി സമർപ്പിച്ച ശേഷമായിരുന്നു ഇന്റർവ്യൂ.

പതിവ് ചോദ്യങ്ങൾക്ക് ശേഷം, എസ്.കെ (അങ്ങനെയാണ് അനന്തരാമനെ ആളുകൾ വിളിച്ചിരുന്നത്) എന്നോട് ചോദിച്ചു, 'രാത്രിയിലെ ഒരു പരിപാടി കവർ ചെയ്യാൻ ഞാൻ നിങ്ങളെ അയച്ചാൽ നിങ്ങളെന്ത് ചെയ്യും?'



'സ്ട്രീറ്റ്ലൈറ്റുകൾ എന്തിനുവേണ്ടിയാണെന്നായിരുന്നു' എന്റെ മറുപടി. എസ്.കെ. ചിരിച്ചു. തിരിഞ്ഞു നോക്കുമ്പോൾ, എന്തൊരു മണ്ടത്തരമായിരുന്നു പറഞ്ഞത്. എന്നാൽ ജീവിതാനുഭവ പരിചയക്കുറവും ജോലി ലഭിക്കാനുള്ള ആഗ്രഹവുമാണ് എന്നെ അങ്ങനെ പറയാൻ പ്രേരിപ്പിച്ചത്. എന്നിട്ടും എനിക്ക് ജോലി ലഭിച്ചു.കേരളത്തിലെ ഇന്ത്യൻ എക്സ്പ്രസ് പത്രത്തിലെ ആദ്യ വനിതാ സ്റ്റാഫ് റിപ്പോർട്ടർ. അമ്നി ശിവറാമും പ്രേമ വിശ്വനാഥനും എനിക്ക് മുമ്പ് ഉണ്ടായിരുന്നെങ്കിലും അവർ ജോലി വിട്ടിരുന്നു. ഫോർട്ട് കൊച്ചിയിലെ വിശാലമായ ആസ്പിൻവാൾ കെട്ടിടത്തിലായിരുന്നു ഇന്ത്യൻ എക്സ്പ്രസ് പ്രവർത്തിച്ചിരുന്നത്. ആദ്യഘട്ടത്തിൽ കാര്യങ്ങൾ ഒട്ടും എളുപ്പമായിരുന്നില്ല. എസ്.കെ അനന്തരാമനൊപ്പം ഉണ്ടായിരുന്ന റെസിഡന്റ് എഡിറ്റർ ശിവറാമാണ് എന്നെ തിരഞ്ഞെടുത്തത്. വൈകാതെ അദ്ദേഹത്തിന് അഹമ്മദാബാദിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. ഓഫീസിലെ ആദ്യ ദിവസം സഹപ്രവർത്തകരുടെ കൗതുകവും ജിജ്ഞാസയും നിറഞ്ഞ നോട്ടങ്ങൾ എന്നെ അമ്പരപ്പിച്ചു. പല സീനിയേഴ്സും അവരുടേതായ രീതിയിൽ എന്നെ അഭിമുഖം ചെയ്തു. ഒരാൾ ചോദിച്ചു. 'മാനേജ്മെന്റ് സ്ഥാപനത്തിന്റെ മുഖം മിനുക്കാൻ ആസൂത്രണം ചെയ്യുന്നുവെന്ന് കേട്ടു. നിങ്ങളുടെ അപ്പോയിന്റ്മെന്റ് അതിന്റെ ഭാഗമാണോ?' ഞാനൊന്നും പറഞ്ഞില്ല.

എനിക്കോർമ്മയുള്ളത് മുറിവേറ്റതിന്റെ നീറ്റലും ഭയപ്പെടുത്തുന്ന ഒരു പുഞ്ചിരിയും മാത്രമാണ്. പത്രപ്രവർത്തകരുടെ ജോലിക്ക് നിശ്ചിത സമയമില്ലെന്ന് ഭയന്നതിനാൽ എന്നെ താമസിപ്പിക്കാൻ ഒരു ഹോസ്റ്റലും തയാറായില്ല. അക്കാലത്ത്, വൈകിട്ട് 6 മണിയാണ് പെൺകുട്ടികൾക്ക് വീട്ടിൽ കയറാനുള്ള സമയം.

അമ്നി ശിവറാം എനിക്ക് അടുത്തുള്ള അവളുടെ സഹോദരി ജെസ്സിയുടെ വീട്ടിൽ പേയിംഗ് ഗസ്റ്റായി താമസമൊരുക്കി. അമ്നി ശിവറാമിന്റെ ഭർത്താവിന് സ്ഥലം മാറ്റം ലഭിച്ചെങ്കിലും അവർ ഒപ്പം പോയിരുന്നില്ല. അത് അടിയന്തരാവസ്ഥ ദിവസങ്ങളായിരുന്നു. എന്നെ അവർ പലയിടത്തും ഒപ്പം കൊണ്ടുപോയി. ആളുകൾക്ക് എന്നെ പരിചയപ്പെടുത്തി.

ഒരിക്കൽ ഞാൻ ഒരു ഫോട്ടോഗ്രാഫർക്കൊപ്പം

സ്റ്റോറിയെടുക്കാൻ പോയപ്പോൾ, ആരോ പറയുന്നത് കേട്ടു, 'അയ്യോ അവർ ഹണിമൂണിന് കൊച്ചിയിൽ വന്നിരിക്കുന്നു'! എന്ന്.

അന്ന് അപരിചിതരായ ആളുകൾ വനിതാ റിപ്പോർട്ടർമാരെക്കുറിച്ച് കരുതിയിരുന്നത് അങ്ങിനെയാണ്.

ജീവിതം ഒട്ടും എളുപ്പമായിരുന്നില്ല. എനിക്ക് എഡിറ്റ് ചെയ്യാൻ നൽകിയ റിപ്പോർട്ടുകളുടെ ചെറിയ കഷണങ്ങൾ പോലും എനിക്ക് വലിയ സംതൃപ്തി നൽകി. അവർ തലക്കെട്ടുകൾ മാറ്റി! പേജ് നിർമ്മാണം കല്ലിൽ ആയിരുന്നു. പ്രൂഫുകൾ ഗാലി ട്രേകളിൽ വന്നു. പതുക്കെ ഞാൻ എന്റെയിടം കണ്ടെത്തി. ഡെസ്കിലെ ഏക വനിത.



അപ്പോഴേക്കും ഡെസ്കിൽ മറ്റ് മൂന്ന് പേർ കൂടിയെത്തി. രാത്രി ജോലി കഴിഞ്ഞ് എല്ലാവരും ഒറ്റക്കൊറ്റക്ക് വീട്ടിലേക്ക് പോയി. എന്നാൽ ഞങ്ങൾക്ക് രാത്രി വീട്ടിൽ പോകാൻ വാഹന സൗകര്യം ഏർപ്പെടുത്താനായി ഞാൻ പല്ലും നഖവും ഉപയോഗിച്ച് പോരാടി. കുറച്ച് മാസങ്ങൾക്ക് ശേഷം ഞങ്ങളത് നേടിയെടുത്തു.

48ാം വയസിൽ, കൊച്ചിയിൽ ദ ഹിന്ദുവിൽ ചേരുന്നതിന് മുമ്പ് ഞാൻ തിരുവനന്തപുരത്തും ചെന്നൈയിലും ജോലി ചെയ്തു. ഇന്ത്യൻ എക്സ്പ്രസിലെ സന്തോഷകരമായ ജീവിതം ഒരു ഉന്നത വ്യക്തിയുടെ ടീം വർക്കില്ലായ്മ കാരണം മോശമായി. എനിക്ക് മുന്നോട്ട് പോകാനുള്ള സമയമായെന്ന് എനിക്ക് തോന്നി. ഹിന്ദുവിനൊപ്പം യാത്ര തുടങ്ങി.

ഹിന്ദുവിന്റെ മെട്രോപ്ലസ് എനിക്ക് ഇഷ്ടപ്പെട്ട ഒന്നായിരുന്നു. അപ്പോഴേക്കും ഞാൻ പത്രപ്രവർത്തക രംഗത്തെത്തുമ്പോഴുള്ള സ്ഥിതി പാടേ മാറിയിരുന്നു. ഡെസ്കിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളെത്തി. ലിംഗഭേദം ഇനി പ്രശ്നമല്ല. തീർച്ചയായും ലിംഗ വിവേചനത്തിന്റെ കേസുകൾ ഇപ്പോഴും ഉണ്ടായിട്ടുണ്ട്. പക്ഷേ ഇപ്പോൾ ഒരുപാട് മാറ്റമുണ്ടായിട്ടുണ്ട്. വീട്ടുജോലിക്കാർ, നെഴ്സുമാർ, സെയിൽസ് ഗേൾസ് തുടങ്ങി മിക്കവാറും എല്ലാ ജോലി മേഖലകളിലും സ്ത്രീകൾ ഒരുപാട് നേട്ടങ്ങൾ കൈവരിച്ചു. എല്ലാ ജോലി മേഖലകളിലും പെൺകുട്ടികൾക്ക് വളരെയധികം പിന്തുണയുണ്ട്.

**ജീവിതം ഒട്ടും എളുപ്പമായിരുന്നില്ല. എനിക്ക് എഡിറ്റ് ചെയ്യാൻ നൽകിയ റിപ്പോർട്ടുകളുടെ ചെറിയ കഷണങ്ങൾ പോലും എനിക്ക് വലിയ സംതൃപ്തി നൽകി. അവർ തലക്കെട്ടുകൾ മാറ്റി! പേജ് നിർമ്മാണം കല്ലിൽ ആയിരുന്നു. പ്രൂഫുകൾ ഗാലി ട്രേകളിൽ വന്നു. പതുക്കെ ഞാൻ എന്റെയിടം കണ്ടെത്തി. ഡെസ്കിലെ ഏക വനിത.**

എന്നെ സംബന്ധിച്ചിടത്തോളം, ഞാൻ എന്റെ തൊഴിൽ ജീവിതം ആസ്വദിച്ചു. പത്രപ്രവർത്തകയായതിൽ തെല്ലും ഖേദമില്ല. ഞാൻ യുദ്ധമോ രാഷ്ട്രീയമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

വാക്കുകൾ, കടലാസുകൾ, ആളുകൾ, പ്രശ്നങ്ങൾ, നിറം, സൗഹൃദം, പ്രതീക്ഷകൾ എന്നിവയാൽ ചുറ്റപ്പെട്ട ഒരു ജീവിതമായിരുന്നു എന്റേത്. അങ്ങനെയല്ലാതെ മറ്റൊരു വഴിയും എന്റേതാകുമായിരുന്നില്ല.

**ചർച്ചാവിഷയം**

# ഒരു മാധ്യമ പ്രവർത്തകയുടെ അനുഭവ സഞ്ചാരങ്ങൾ




**മഞ്ജു എം. ജോയ്**
കേരളകൗമുദി
സീനിയർ സബ് എഡിറ്റർ.


**അ**നിതാ പ്രതാപ് പ്രശസ്ത ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാരിയും മാധ്യമപ്രവർത്തകയുമാണ് അനിതാ പ്രതാപ്. കോട്ടയം സ്വദേശി. 1983ൽ ശ്രീലങ്കയെ വിറപ്പിച്ച എൽ.ടി.ടി.ഇ തലവൻ വേലുപിള്ള പ്രഭാകരനെ ഇന്റർവ്യൂ ചെയ്ത ആദ്യ മാധ്യമപ്രവർത്തക. സി.എൻ.എൻ ഇന്ത്യ ബ്യൂറോ ചീഫ് ആയിരുന്നു. താലിബാൻ കാബൂളിൽ ആധിപത്യം സ്ഥാപിച്ചതിനെക്കുറിച്ചുള്ള റിപ്പോർട്ടുകൾക്ക് മികച്ച ദൃശ്യമാധ്യമ റിപ്പോർട്ടർക്കുള്ള ജോർജ് പോൾക്ക് പുരസ്കാരം നേടി. ശ്രീലങ്കയിലെ തമിഴ്പുലികളെക്കുറിച്ച് ഐലൻഡ് ഒഫ് ബ്ളഡ് എന്ന പുസ്തകമെഴുതി. 2014 ലോക്സഭാ തിരഞ്ഞെടുപ്പിൽ എറണാകുളത്ത് നിന്നുള്ള ആം ആദ്മി പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

2013ൽ കേരള കലാമണ്ഡലത്തിന്റെ സ്ത്രീ രത്ന പുരസ്കാരം നേടി.

ടാറ്റാ ഗ്രൂപ്പിൽ ഉദ്യോഗസ്ഥനായിരുന്നു അനിതയുടെ അച്ഛൻ. ജോലിയുടെ ഭാഗമായി ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ജോലി ചെയ്യേണ്ടി വന്നു. ഒപ്പം കുടുംബത്തേയും കൊണ്ടുപോയതിനാൽ പല നാടുകളിൽ പല സ്കൂളുകളിലായായിരുന്നു അനിതയുടെ വിദ്യാഭ്യാസം.

**ചമേലി ജയ്ൻ അവാർഡ് സ്വീകരിച്ച് പ്രശസ്ത പത്രപ്രവർത്തക അനിത പ്രതാപ് നടത്തിയ പ്രസംഗം**



ഡൽഹിയിൽ ബി.എ ഇംഗ്ലീഷ് പൂർത്തിയാക്കി ബംഗളൂരു സർവകലാശാലയിൽ നിന്ന് ജേണലിസത്തിൽ ഡിപ്ലോമ പൂർത്തിയാക്കിയ അനിതയെ ഡൽഹിയിലെ ഇന്ത്യൻ എക്സ്പ്രസിന്റെ അന്നത്തെ എഡിറ്ററാറായ അരുൺ ഷൂരി ജോലിക്കെടുത്തു.

പിന്നീട് ബംഗളൂരുവിലേക്ക് സ്ഥലം മാറ്റം വാങ്ങി മാതാപിതാക്കൾക്കൊപ്പം താമസിച്ച് ജോലി ചെയ്തു. അധികം താമസിയാതെ സൺഡേ മാഗസിനിൽ ചേർന്നു. അന്താരാഷ്ട്ര രാഷ്ട്രീയത്തിലായിരുന്നു അനിതയ്ക്ക് താത്പര്യം. ശ്രീലങ്കയിലെ വംശീയ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് നേരിട്ടുള്ള വിവരങ്ങൾ ശേഖരിക്കാൻ അനിത പലയിടത്തും അലഞ്ഞു. 1983ൽ അവർ ലിബറേഷൻ ടൈഗേഴ്സ് ഓഫ് തമിഴ് ഈഴത്തിന്റെ തലവൻ വേലുപ്പിള്ള പ്രഭാകരനുമായി അഭിമുഖം നടത്തി. എൽ.ടി.ടി.ഇ സ്ഥാപിക്കുന്നതിനുള്ള തത്ത്വചിന്തകളെക്കുറിച്ചും സർക്കാരിനെയും തന്റെ മുന്നോട്ടുള്ള പദ്ധതികളെയും ആശ്രയിക്കാതെ കാര്യങ്ങൾ സ്വന്തം കൈകളിലേക്ക് കൊണ്ടുപോകുന്നതിനെക്കുറിച്ചും പ്രഭാകരൻ ലോകത്തിന് നൽകിയ ആദ്യത്തെ അഭിമുഖമായി ഇത് മാറി. പിന്നാലെ അനിത അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടു. ശ്രീലങ്കയിൽ ജോലി തുടർന്നു അനിത 2003ൽ തന്റെ ആദ്യ പുസ്തകമായ ഐലൻഡ് ഓഫ് ബ്ലഡ് പ്രസിദ്ധീകരിച്ചു.

ഇന്ത്യാ ടുഡേയിലും പ്രവർത്തിച്ചു, തുടർന്ന് എട്ട് വർഷത്തോളം ടൈം മാഗസിന്റെ ലേഖികയായിരുന്നു. 1993ലെ ബോംബെ സ്ഫോടനത്തിന് ശേഷം, ശിവസേനാ നേതാവ് ബാൽ താക്കറെയെ ടൈമിനായി അഭിമുഖം ചെയ്തു.

1996ൽ സി.എൻ.എന്നിൽ ടെലിവിഷൻ ജേണലിസ്റ്റായി ചേർന്നു. അറ്റ്ലാന്റ, ബാങ്കോക്ക് ബ്യൂറോകളിൽ ജോലി ചെയ്തു. തുടർന്ന് കാബൂൾ താലിബാൻ ഏറ്റെടുത്തതിനെക്കുറിച്ചുള്ള വാർത്തകൾ റിപ്പോർട്ട് ചെയ്തു.



അച്ചടി മാദ്ധ്യമത്തിൽ നിന്ന് ടെലിവിഷനിലേക്ക് മാറിയ അനിത, സാമൂഹിക വിഷയങ്ങളിൽ വിവിധ ഡോക്യുമെന്ററികളും ചെയ്തു. ലൈറ്റ് അപ്പ് ദി സ്കൈയിൽ, കലാപകാരിയായ മിസോറാമിനെ ഒരു ജനാധിപത്യ രാജ്യമാക്കി മാറ്റുന്നത് വ്യക്തമാക്കിത്തരുന്നു. ഓർഫൻസ് ഓഫ് ആൻ ആൻഷ്യന്റ് സിവിലൈസേഷൻ ഡോക്യുമെന്ററി, കരകൗശല വിദഗ്ദ്ധരുടെ ദയനീയാവസ്ഥയും വെൻ ദ സോൾ ഗ്ലോസ് നാടോടി നൃത്ത പാരമ്പര്യങ്ങളും രേഖപ്പെടുത്തുന്നു. നാഗാ റെജിമെന്റിനെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററിയായിരുന്നു ശബാഷ് ഹല്ലേലൂജ.

2007ൽ ബാംഗ്ലൂരിലെ ഫോട്ടോഗ്രാഫറായ മഹേഷ് ഭട്ടുമായി ചേർന്ന് രണ്ടാമത്തെ പുസ്തകമായ അൺസങ് പ്രസിദ്ധീകരിച്ചു. സമൂഹത്തെ സേവിക്കുന്ന ഒമ്പത് സാധാരണ ഇന്ത്യക്കാരെക്കുറിച്ചാണ് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നത്.

*(കേരള പ്രസ് അക്കാദമിയുടെ 'അനുഭവസഞ്ചാരങ്ങൾ', വനിതാ മാധ്യമപ്രവർത്തകരുടെ ഓർമ്മകൾ എന്ന പുസ്തകത്തിൽ നിന്ന്)*

വനിക്ക് ചമേലി ദേവി ജെയിൻ അവാർഡ് ലഭിച്ച 1997 , മാധ്യമമേഖലയിൽ ഘടനാപരമായ ഒരു മാറ്റം ദൃശ്യമായ കാലമാണ് . ആശയപരവും കാലാനുസൃതവും സാംസ്കാരികവും സാമൂ

ഹികവും ഒക്കെയായുള്ള മാറ്റമായിരുന്നു അത് . നിഷ്കളങ്കതയുടെ ആ യുഗത്തിൽ മാധ്യമപ്രവർത്തകർ പ്രശ്നപരിഹാരകരെന്ന നിലക്കാണ് വീക്ഷിക്കപ്പെട്ടത്. ഇന്നാവട്ടെ, പലരുടേയും അഭിപ്രായത്തിൽ മാധ്യമപ്രവർത്തകർ പ്രശ്നങ്ങളുടെ ഭാഗമാണ്. ഇന്ത്യയിലും ലോകത്തെമ്പാടുമുള്ള മിക്കവാറും എല്ലാ മുഖ്യധാരാമാധ്യമങ്ങളുടേയും വിശ്വാസ്യ തക്കും സ്വതന്ത്ര നിലപാടുകൾക്കും കനത്ത പ്രഹരമേറ്റു കൊണ്ടിരിക്കുന്ന കാലമാണിത് . കോർപറ്റേറ്റുകൾ, ഗവൺമെന്റ്, രാജ്യങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിങ്ങനെ പലവിധ ലോബികളുടെ വക്താക്കളായി മാറിയിരിക്കുന്നു നടപ്പുകാല മാധ്യമങ്ങൾ. ലോബികളും മാധ്യമങ്ങളും തമ്മിലുള്ള ഗൂഢാലോചന എക്കാലത്തും ഉണ്ടായിരുന്നു. അന്നുമിന്നുമുള്ള പ്രധാന വ്യത്യാസം പണ്ട് ഈ ഗൂഢാലോചനയും ഒത്തുകളിയും അത്ര കണ്ട് പ്രകടമല്ലായിരുന്നു എന്നതാണ്. അല്ലെങ്കിൽ, അത്രക്ക് സജീവമല്ലായിരുന്നു. എന്നാൽ ഇന്നത് മറനീക്കി പുറത്തു വന്നിരിക്കുന്നു. മാധ്യമങ്ങൾ ഇന്ന് കോർപറേറ്റുകളുമായും ഗവൺമെന്റുമായും അവിഹിത

സ്വതന്ത്രവും, ധീരവും, സത്യസന്ധവുമ ല്ലാത്തിടത്തോളം കാലം നമ്മുടെ രാഷ്ട്രം മാത്രമല്ല ഈ ഭൂഗോളമാകെ അപകടത്തിലാണ്. 2006 ൽ പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ അതിന്റെ 40 -ാം വാർഷികത്തിൽ 'ആഗോളവൽക്കരണ കാലത്തെ മാധ്യമപ്രവർത്തനവും അതിന്റെ ധാർമ്മികതയും' എന്ന വിഷയത്തിൽ ഒരു പഠനം തയ്യാറാക്കാൻ എന്നെ ചുമതലപ്പെടുത്തി. അതിൽ ഞാനെഴുതി 'ആശയങ്ങളും കാഴ്ചപ്പാടുകളും സ്വതന്ത്രമായും സത്യ സന്ധമായും ആവിഷ്ക്കരിച്ചിരുന്ന അങ്ങേയറ്റം മാന്യ മായ അവസ്ഥയിൽ നിന്ന് യഥാർത്ഥ പ്രശ്നങ്ങൾ അനുഭവിക്കുന്നവയെ കാണുകയും കേൾക്കുകയും ചെയ്യാത്ത വിധത്തിൽ പണക്കാർക്കും അധികാരമുള്ള വർക്കും ബലവാന്മാർക്കും അസന്മാർഗികൾക്കും വേണ്ടിയുള്ള തരംതാണ പ്രവർത്തനങ്ങളിലേക്ക് മാധ്യ മപ്രവർത്തകർ അധഃപതിച്ചിരിക്കുന്നു എന്നതാണ് ഏറ്റവും വിഷമകരമായ ഒരു വസ്തുത. മാധ്യമമേഖല അസഹിഷ്ണുതയുടേയും വിഷലിപ്തമായ ചിന്തകളു ടേയും കമ്പോളമായി മാറിയിരിക്കുന്നു . അവിടെ കേവ

> **തമിഴ്നാട് മുഖ്യമന്ത്രി എം.ജി.ആറിനെതിരെ ഞാൻ പുറത്തുകൊണ്ടു വന്ന മദ്യ അഴിമതിയാണ്. ദൈവത്തെപ്പോൽ കരുതപ്പെട്ടിരുന്ന മനുഷ്യനെതിരെ സൂക്ഷ്മപരിശോധനയിലേക്കു നയിച്ചത്. ഒരു അനാഥാലയത്തിന്റെ പേരിലുള്ള ഭൂമി തട്ടിയെടുക്കാനുള്ള ഭൂമാഫിയയുടെ ശ്രമങ്ങളെ മുളയിലേ നുള്ളിക്കളയാൻ കഴിഞ്ഞത് ഞാനത് റിപോർട്ട് ചെയ്തത് കൊണ്ടാണ്.**

ബന്ധത്തിലേർപ്പെട്ടിരി ക്കുകയാണ് . ഇറാഖ് യുദ്ധത്തോടുകൂടിയാണ് എംബഡഡ് ജേണലിസം ശക്തമാവുന്നത്. ഈ പ്രതിഭാസം സ്വതന്ത്ര പത്രപ്രവർത്തനത്തെ തരംതാഴ്ത്തിക്കഴിഞ്ഞു . നിർഭാഗ്യമെന്നു പറയട്ടെ, ഈയൊരു ആശയം കാൻസർ പോലെ പ്രചരിക്കുകയും പത്രപ്രവർത്തകർ പട്ടാളത്തോടു മാത്രമല്ല ഗവൺമെന്റ്, കോർപറേറ്റുകൾ തുടങ്ങി പൊതുവായ എല്ലാ സ്ഥാപിതതാൽപ്പര്യങ്ങളോടും കൈകോർത്തിരിക്കുന്നു . ഫോർത്ത് എസ്റ്റേറ്റിന്റെ തൂണുകൾ തകർന്നു തുടങ്ങിയിരിക്കുന്നു . ജനാധിപത്യത്തിന്റെ വിശ്വസ്തനായ കാവൽ നായയായി മാധ്യമങ്ങൾ വർത്തിക്കുന്നിടത്തോളം കാലം , ഇവ പ്രശ്നപരിഹാരത്തിനുള്ള ഉപാധിയാണ് . എന്നാൽ മാധ്യമങ്ങൾ അനുസരണയുള്ള വളർത്തു നായയായി, കുരക്കുന്നതായി അഭിനയിക്കുകയോ, പ്രത്യേകതരം കള്ളനെ കാണുമ്പോൾ മാത്രം കുരക്കുയോ ചെയ്യുമ്പോൾ അതു പ്രശ്നങ്ങളുടെ സ്രഷ്ടാവാകുന്നു . സ്ഥാപിതതാൽപര്യങ്ങളെ പ്രതിരോധിക്കാനുള്ള ഏകവഴി , ജനാധിപത്യത്തിന്റെ അവസാന അത്താണി യായ സ്വതന്ത്ര മാധ്യമങ്ങളും നീതിന്യായവ്യവസ്ഥയുമാണ്. അവ

ലം അഭിപ്രായങ്ങൾ വസ്തുതതകളായും മുൻവിധി അപഗ്രഥനമായും തെറ്റിദ്ധരിക്കപ്പെടുന്നു. അതിന്റെ ഫലമോ വക്രമായ, സത്യസന്ധമല്ലാത്ത സംവാദങ്ങളുണ്ടാവുന്നു . പേ പിടിച്ച് കുറച്ചുപേർക്ക് 5 മിനിട്ട് നേരത്തെ പ്രശസ്തി ലഭിക്കുന്നു . മനുഷ്യകു ലത്തെ മൊത്തം പ്രതിനിധാനം ചെയ്യുന്ന കാര്യമാത്ര പ്രസക്തവും നിയന്ത്രിതവും മിതത്വമാർന്നതുമായ ശബ്ദങ്ങൾ അവഗണിക്കപ്പെട്ടു . പണക്കാരുടെ പ്രവൃത്തി കൾ മാത്രം ഒപ്പിയെടുത്തു . പാവങ്ങളുടേതാവട്ടെ പാടെ അവഗണിക്കപ്പെട്ടു . എന്റെ തലമുറയിലെ പ്രതിഭാധനരായ മാധ്യമ പ്രവർത്തകർ ആഗ്രഹിച്ചത് ദശലക്ഷക്കണക്കിനു വരുന്ന നിരാലംബരായ ഇന്ത്യക്കാരുടെ ശബ്ദവും മുഖവും അടയാളപ്പെടുത്താനാണ് . സമ്പന്നർക്ക് എൽ.ടി.ടി.ഇ. നേതാവ് പ്രഭാകരനെ ഇന്റർവ്യൂ ചെയ്യുന്ന അനിത പ്രതാപിന് പബ്ലിക്ക് റിലേഷൻസ് ഏജന്റുമാരെ വിലക്കെടുക്കാൻ കഴിയുമെന്ന് ഞങ്ങൾക്കറിയാമായിരുന്നു . ദരിദ്രർക്ക് ഞങ്ങൾ മാത്രമേ ഉള്ളൂ . അതുകൊണ്ടാണ് ഞാനൊരു പത്രപ്രവർത്തകയായത് . ഈ ലോകത്തെ നല്ലതാക്കു ന്നതിന് എന്റേതായ രീതിയിൽ പരിശ്രമിക്ക

ണമെന്ന് എനിക്കു നിർബന്ധമുണ്ടായിരുന്നു . സത്യം , നീതി , സമത്വം , നല്ല ഭരണം തുടങ്ങിയ വലിയ കാര്യങ്ങളൊക്കെയാണ് എന്നെ പ്രചോദിപ്പിച്ചത് . പക്ഷെ എന്റെ റിപോർട്ടിങ് ഇവിടെ എന്തെങ്കിലും വ്യത്യാസം കൊണ്ടുവന്നോ ? ഇല്ല . ഇല്ലേയില്ല . സത്യസന്ധമായി പറഞ്ഞാൽ , എന്റെ റിപോർട്ടിങ് ഒരു വ്യത്യാസം ഉണ്ടാക്കുമായിരുന്നു എന്നു പറയുന്നതിൽ ആത്മപ്രശംസയും പൊങ്ങച്ചവും ഉണ്ട്.' വ്യത്യാസം ഉണ്ടാക്കുക എന്ന ആശയത്തെ തന്ത്രപരവും നയപരവുമാക്കി വിഘടിച്ചുകൊണ്ടാണ് ഞാനിതു വിശദീകരിക്കാൻ ആഗ്രഹിക്കുന്നത് . തന്ത്രപരമായി നോക്കുകയാണെങ്കിൽ എന്റെ റിപ്പോർട്ടിങ് ചില മാറ്റങ്ങൾ കൊണ്ടുവന്നു എന്നതിന് ഒരുപാട് ഉദാഹരണങ്ങൾ പറയാൻ കഴിയും . 1983 , യുദ്ധത്തിൽ ഛിന്നഭിന്നമാക്കപ്പെട്ട കൊളംബോയെക്കുറി ച്ചുള്ള എന്റെ ദൃക്സാക്ഷി വിവരണങ്ങളാണ് . ന്യൂനപക്ഷമായ തമിഴരെ സംരക്ഷിക്കാനെന്ന വ്യാജേന ശ്രീലങ്കയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ ഇന്ദിരാ ഗാന്ധി ഉപയോഗപ്പെടുത്തിയത്. (മുമ്പ് രഹസ്യമായി അവർ തന്നെയാണ് തമിഴരെ ആയുധമെടുക്കാൻ പ്രേരിപ്പിച്ചതും എന്നത് മറ്റൊരു കഥ). തമിഴ്നാട് മുഖ്യമന്ത്രി എം.ജി.ആറിനെതിരെ ഞാൻ പുറത്തുകൊണ്ടു വന്ന മദ്യ അഴിമതിയാണ്  ദൈവത്തെപ്പോൽ കരുതപ്പെട്ടിരുന്ന മനുഷ്യനെതിരെ സൂക്ഷ്മപരിശോധനയിലേക്കു നയിച്ചത്. ഒരു അനാഥാലയത്തിന്റെ പേരി ലുള്ള ഭൂമി തട്ടിയെടുക്കാനുള്ള ഭൂമാഫിയയുടെ ശ്രമങ്ങളെ മുളയിലേ നുള്ളിക്കളയാൻ കഴിഞ്ഞത് ഞാനത് റിപോർട്ട് ചെയ്തത് കൊണ്ടാണ് . അങ്ങനെ എത്രയെത്ര കാര്യങ്ങൾ. നയപരമായി നോക്കിയാൽ ഇതൊക്കെ എന്തെങ്കിലും മാറ്റം ഇവിടെ ഉണ്ടാക്കിയോ? ഇന്ത്യ ശ്രീലങ്കയിലെ തമിഴരെ രക്ഷിച്ചോ? അഴിമതി മുഴുവനായും തുടച്ചു നോക്കിയോ? ഭൂമാഫിയയുടെ ഭൂമികയ്യേറ്റം അവസാനിച്ചോ? ചെറിയ തോതിൽപ്പോലും ഒന്നിനും വ്യത്യാസം വന്നില്ല. നയപരമായി എന്റെ അന്വേഷണാത്മക റിപ്പോർട്ടുകൾ ഒരു വ്യത്യാസവും ഉണ്ടാക്കിയില്ല . അഴിമതി നാൾക്കുനാൾ വർദ്ധിക്കുന്നു. എന്റെ സുഹൃത്തുക്കൾ പറയുന്നത് ഞാനതിൽ ദുഃഖിക്കേണ്ട കാര്യമില്ലെന്നാണ്. എന്തെന്നാൽ എന്റെ റിപോർട്ടിങ് അഴിമതിക്കും, തെറ്റായ പ്രവൃത്തികൾക്കുമെതിരെ യുള്ള മതിൽക്കെട്ടുകൾ പണിതിട്ടുണ്ട്. 1980കളിലും 90കളിലും ഉള്ള എന്റെ അതേ തലമുറയിൽപ്പെട്ട പത്രപവർത്തകരുടെ പ്രവർത്തനങ്ങൾ ഇന്ത്യയിലെ അഴിമതി ക്കെതിരെ നിലകൊണ്ടിട്ടുണ്ടോ? 1980 കളിൽ 10 കോടിയുടെയോ 600 കോടിയുടെയോ അഴിമതിയുടെ പേരിൽ നടന്ന ദേശീയസമരങ്ങളും ഗവൺമെന്റ് അട്ടിമറിയും ഒക്കെ ഓർക്കുമ്പോൾ ഇപ്പോഴെനിക്ക് ചിരി അടക്കാൻ കഴിയുന്നില്ല . അനുഭവങ്ങളുടെ യുഗത്തിൽ ഇപ്പോൾ നമുക്ക് 1.76 ലക്ഷം കോടി എന്നൊക്കെയുള്ള ഗ്രഹിക്കാൻ ബുദ്ധിമുട്ടുള്ള തുക പറയാൻ കഴിയും . പണ്ടൊക്കെ ഒന്നുകിൽ ലക്ഷങ്ങളുടെ അല്ലെങ്കിൽ കോടികളുടെ അഴിമതിയായിരുന്നു നടക്കുക. അല്ലാതെ ലക്ഷവും കോടിയും ഒരുമിച്ചുവരില്ല. ആശയപരമായി നോക്കിയാൽ അഴിമതി, അനീതി , അസമത്വം തുടങ്ങി ഞങ്ങൾ പുറത്തു കൊണ്ടുവന്ന പല അപകടകരമായ പ്രശ്നങ്ങളും ഇന്ന് ഇന്ത്യയിൽ അങ്ങേയറ്റം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ് . അങ്ങേയറ്റം ആകാംക്ഷയോടും ആവേശത്തോടും ഊർജ്ജത്തോടുംകൂടി 20 -ാം വയസ്സിൽ ഞാൻ പ്രവേശിച്ച ലോകത്തേക്കാൾ, ഒരുപാട് മോശമായിരിക്കുന്നു ഇന്നത്തെ അവസ്ഥ. ഈ ലോകം മോശമാണെന്ന് ഞാൻ കരുതാൻ കാരണം ഞാൻ അന്നുമിന്നും എപ്പോഴും പ്രാധാന്യം നൽകുന്നത് മനുഷ്യന്റെ അന്തസ്സ്, സ്വാതന്ത്ര്യം, നീതി, ന്യായയുക്തത, സമാധാനം തുടങ്ങിയ സാർവ്വലൗകികമായ മൂല്യങ്ങൾക്കാണ്. ഐ ഫോണോ, ടിറ്ററോ എന്നെ ആവേശം കൊള്ളിക്കുന്നില്ല. തെറ്റിദ്ധരിക്കരുത്, പുതിയ സാങ്കേതികവിദ്യ പ്രത്യേകിച്ച് റോബോട്ടിക്സ് എന്നെ അദ്ഭുതപ്പെടുത്തുന്നു. പുതിയ കണ്ടുപിടുത്തങ്ങൾ എന്നെ ത്രസിപ്പിക്കുന്നു. ശാസ്ത്രസംബന്ധമായ കണ്ടുപിടുത്തങ്ങൾ എന്നെ ആവേശം കൊള്ളിക്കുന്നു . സംഗീതവും കലയും എന്നെ സ്വാധീനിക്കുന്നതുപോലെത്തന്നെ . 1990 കളിൽ വരെ വളരെക്കുറച്ചു പേർക്കുമാത്രമായിരുന്നു വിമാനയാത്ര പ്രാപ്യമായിരുന്നത്. എന്നാലിന്ന് ദശലക്ഷക്കണക്കിന് ഇന്ത്യക്കാർ വിമാനത്തിൽ യാത്ര ചെയ്യുന്നത് കാണുമ്പോൾ, സെൽ ഫോണും കാറും വാഷിങ് മെഷീനും ഒക്കെ ധാരാളം ഇന്ത്യക്കാർ സ്വന്തമാക്കുന്നത് കാണുമ്പോൾ എനിക്ക് അതിയായ സന്തോഷം തോന്നാ റുണ്ട് . വിശേഷാവകാശമുള്ള ഒരു വ്യക്തി എന്ന് നിലക്ക് വർഷങ്ങളായി എന്റെ ജീവിതം ഇന്റർനെറ്റ് , ആരോഗ്യപരമായ ഭക്ഷണക്രമം, എയർകണ്ടീഷണറുകൾ , ജെറ്റിലുള്ള സഞ്ചാരം, ജിം , സ്കൈപ്പ് തുടങ്ങിയവയാൽ അഭിവൃദ്ധി പ്രാപിച്ചതാണ്. ലോകത്തിലെ ആകെയുള്ള ജനങ്ങളിൽ വളരെ ചെറിയൊരു വിഭാഗത്തിനു മാത്രം ലഭിക്കുന്ന ഈ സുഖസൗകര്യങ്ങളെ ഞാൻ താരതമ്യം ചെയ്യുന്നത് 200 കോടിയിലധികം വരുന്ന പാവങ്ങളുടെ ദാരിദ്ര്യത്തോടും ദുരിതത്തോടുമാണ്. അതുകൊണ്ടാണ് എനിക്ക് ഈ ലോകം അങ്ങേ യറ്റം മോശമാണെന്ന് തോന്നുന്നത്. ഈ 200 കോടി ആൾക്കാർ ജീവിക്കുന്നത്. അങ്ങേയറ്റം വൃത്തിഹീനവും, മലിനവും, നീതിയുക്തവുമല്ലാത്ത ഇടങ്ങളിലാണ്. അതുകൊണ്ടുതന്നെ മുഖ്യധാരാവാർത്താമാധ്യമങ്ങളുടെ ജോലി ഈ പാവങ്ങളുടെ ദുരിതമയ ജീവിതത്തിൽ ശ്രദ്ധയൂന്നുകയാണ് എന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. (അല്ലാതെ പണക്കാരുടെ

ഏറ്റവും പുതിയ വേഷഭൂഷാദികളെ ഒഴിയാബാധ പോലെ പിന്തുടരുകയല്ല വേണ്ടത് . ഈ ദരിദ്രജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനാവശ്യമായ നയങ്ങളും സാങ്കേതികവിദ്യയും, പ്രശ്നപരിഹാരമാർഗ്ഗങ്ങളും ഉയർത്തിക്കാട്ടണം). അതിനു കാരണമായി പറയുന്നത് ഇതൊക്കെയാണ് പ്രേക്ഷകർ ആവശ്യപ്പെടുന്നത് എന്നാണ്. ഇതാണ് ടി.ആർ.പി. എന്ന വിഡ്ഢിത്തം ഞാനൊരു വിഡ്ഢിയാണെന്ന് ചിന്തിക്കാൻ കാരണം നല്ല മാധ്യമപ്രവർത്തനം എന്തുകൊണ്ടാണ് മോശം ടി.ആർ.പി. ആകുന്നതെന്ന് എനിക്കിതുവരെ മനസ്സി ലാകാത്തതാണ് . ഞാൻ ടെലിവിഷനിൽ കാണുന്ന മിക്കവാറും പരിപാടികളെല്ലാം വളരെ വിരസമാണ്. അവ ടി.ആർ.പി. കുറയാൻ പാകത്തിൽ പുതുമയും മൂല്യവും നഷ്ടപ്പെട്ടവയാണ് . ചില പ്രമുഖ പത്രങ്ങളും ചാനലു കളും പ്രേക്ഷകരിൽ നിന്ന് വളരെ സത്യസന്ധമായി വിവരങ്ങൾ ശേഖരിക്കാറുണ്ട് . ജനങ്ങൾ നല്ല മാധ്യമപ്ര വർത്തനത്തിനുവേണ്ടി ദാഹിക്കുകയാണെന്ന് അവർ തിരിച്ചറിയുന്നു. പക്ഷെ ഞങ്ങളോട് അവർ പറയുന്നത്. ഗൗരവകരമായ കാര്യങ്ങളെല്ലാം വിരസമാണെന്നാണ്. പക്ഷെ ഞാൻ ജേർണലിസം വിദ്യാർത്ഥികളോട് പറയുന്നത് മറ്റൊന്നാണ്. വിരസമായ സംഭവ വിവരണങ്ങളല്ല, മറിച്ച് അരസികരായ വിവരണക്കാരാണ് ഉള്ളത്. പത്രപ്രവർത്തനം നമ്മെ ഒരുപാട് പാഠങ്ങൾ പഠിപ്പിക്കും. ഞാൻ പഠിച്ച ഏറ്റവും വലിയ പാഠം ദാരിദ്ര്യത്തിൽ മൂലകാരണം അഴിമതിയാണ് എന്നതാണ്. ദാരിദ്ര്യനിർമാർജ്ജനത്തിനായി വകയിരുത്തുന്ന പണം മുഴുവൻ കൃത്യമായി അതർഹിക്കുന്നവരിലേക്ക് എത്തി യിരുന്നെങ്കിൽ അവരിന്നും പാവങ്ങളായി തുടരില്ലായിരുന്നു. അഴിമതിയിൽ ആറാടിയ വരേണ്യ അധികാര വർഗം പാവങ്ങൾക്കുവേണ്ടി ആശുപത്രികൾ നിർമ്മിച്ചിരുന്നെങ്കിൽ അവരൊരിക്കലും നിത്യരോഗികളായി മാറില്ലായിരുന്നു. വിദ്യാലയങ്ങൾ ഉണ്ടായിരുന്നെങ്കിൽ, അവരുടെ കുട്ടികൾ, ജോലി നേടുന്നതിനാവശ്യമായ ഏതെങ്കിലും കഴിവുകൾ ആർജ്ജിച്ചേനെ. വ്യവസായികൾക്ക് കള്ളപ്പണം ഉണ്ടാക്കാനും അത് നികുതി കേന്ദ്ര ങ്ങളിൽ നിന്ന് ഒളിപ്പിക്കാനും കഴിഞ്ഞിരുന്നില്ലെങ്കിൽ, അവർ ഇന്ത്യയിൽ ധാരാളം ഫാക്ടറികൾ സ്ഥാപിക്കുമാ യിരുന്നു . അത് ദരിദ്രർക്ക് കൂടുതൽ ജോലി സാധ്യ തയും തുറന്നു നൽകും. നമ്മുടെ വ്യവസ്ഥ അഴിമതിയിൽ ആറാടി നിൽക്കുമ്പോൾ ദാരിദ്ര്യം എന്നന്നേക്കുമുണ്ടാവും. എങ്ങനെ ഒരു നല്ല ഭരണസംവിധാനത്തിന് ഒരു രാജ്യത്തെ സമൃദ്ധിയിലേക്ക് നയിക്കാൻ കഴിയും എന്നതിന്റെ മികച്ച ഉദാഹരണമാണ് നോർവെയും ജപ്പാനും. രാഷ്ട്രത്തിന്റെ സമ്പത്ത് എങ്ങനെ ബുദ്ധിപരമായും ധാർമ്മികമായും രാജ്യത്തെ പൗരന്മാരുടെ നന്മക്കുവേണ്ടി ഉപയോഗിക്കാമെന്നും അവർ കാണിച്ചു തന്നു. അഴിമതി വിരുദ്ധ കൊടുങ്കാറ്റ് ഇന്ത്യയിൽ ആഞ്ഞടിക്കുകയാണ്. പക്ഷേ ഇത് ഗവൺമെന്റിനെ അട്ടിമറിക്കാൻ മാത്രമുള്ളതാണോ? അതോ വരേണ്യ അധികാരവർഗ്ഗത്തിന് മാത്രം ജീവിക്കാൻ തക്കവിധത്തിൽ പ്രത്യേകമായി ഉണ്ടാക്കപ്പെട്ടതും ഒരു മന്ദമാരുതനാക്കി ഇണക്കിയെടുത്തതുമാണോ ? ഇന്ത്യയിലെ സാധാരണ ജനങ്ങൾ അതായത് മധ്യവർഗവും ദരിദ്രരും തെരുവിലേക്കിറങ്ങി ഇന്ത്യയെ പ്രക്ഷുബ്ധമാക്കിയില്ലെങ്കിൽ ഈ കാറ്റ് ഒരു ചുഴലിക്കൊടുങ്കാറ്റായി ഒരി ക്കലും മാറുകയില്ല . അഴിമതിയിലും അനീതിയിലും മുങ്ങിയ ഒരു സമൂഹത്തിന് ദീർഘനാൾ നിലനിൽക്കാനാവില്ല . ഈ തകർച്ച ഒഴിവാക്കാനായി ഒരു പക്ഷേ 20 വർഷങ്ങൾക്കുശേഷം ഒരു ശുദ്ധീകരണം നടന്നേക്കാം . അങ്ങനെ ഇന്ത്യ അഴിമതിയിൽ നിന്നു സ്വതന്ത്രമായേക്കാം . ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതുപോലെ ഒരു ചരിത്രപരമായ പ്രക്രിയയുടെ ഭാഗമാവുകയാണെങ്കിൽ ഇതൊക്കെ സംഭവിച്ചേക്കാം . 1857 ൽ സംഭവിച്ചതു പോലെ , 90 വർഷങ്ങൾക്കു ശേഷം 1947 ൽ നടന്നതു പോലെ , അതുകൊണ്ടാണ് വ്യക്തി ചരിത്രത്തെ സൃഷ്ടിക്കുന്നില്ല , മറിച്ച് ചരിത്രം വ്യക്തികളെ ഉണ്ടാക്കുകയാണ് എന്ന് വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ ഞാനും ഉൾപ്പെടുന്നത്. ചരിത്രപരമായ പ്രക്രിയകൾക്കെല്ലാം അവ സ്വാതന്ത്ര്യസമരമോ ദേശീയോദ്ഗ്രഥനമോ സാമ്പത്തിക പ്രതിസന്ധിയോ ആവട്ടെ – അതിനു പിന്നിൽ വളരെ നീളത്തിലുള്ള പാതയുണ്ട് . വളരെ പെട്ടെന്നുള്ള മാറ്റങ്ങളും സംഭവങ്ങളും ഒക്കെ ആഴ്ചതോറും സംഭവിച്ചേക്കാം. പക്ഷേ, യഥാർത്ഥ്യവും അർത്ഥപൂർണ്ണവു മായ മാറ്റം സംഭവിക്കാൻ ദശാബ്ദങ്ങളെടുക്കും . എന്നെ ഞാനാക്കി വാർത്തെടുത്തത് പത്രപവർത്തനമാണ്. അതെന്നെ വശീകരിച്ചു. പ്രചോദിപ്പിച്ചു. രോഷം കൊള്ളിച്ചു. സങ്കടപ്പെടുത്തി. പത്രപ്ര വർത്തനമായിരുന്നു എന്റെ ജീവിതം. ഇന്ത്യയിലെ നിരവധി സ്ത്രീകൾ പത്രപ്രവർത്തകരും യുദ്ധലേഖകരും ഒക്കെ ആയതിനു പിന്നിൽ എന്റെ ജീവിതം നൽകിയ ധൈര്യമുണ്ട്. അവർ കേവലം അമ്മമാരിൽ നിന്നു നിർഭയരും സ്വതന്ത്രരുമായ സ്ത്രീകളായി മാറാൻ എന്റെ ജീവിതം പ്രചോദനമായിട്ടുണ്ട്. ഞാനിതൊന്നും ചെയ്തില്ലായിരുന്നെങ്കിൽ മറ്റാരെങ്കിലും ഇതുവഴി വന്നേനെ. ഒരു പക്ഷേ, കുറച്ചു വൈകിയാവാം, അല്ലെങ്കിൽ വളരെ പതുക്കെ ഇന്ത്യയിലെ സ്ത്രീകൾ മുമ്പേ തന്നെ സ്വാതന്ത്ര്യത്തിന്റേയും നേട്ടങ്ങളുടേയും പാതയിൽ പ്രവേശിച്ചതു കൊണ്ട് ഇതൊക്കെ സാധ്യമാവും. ഞാനൊരു പ്രതിഭാസമുണ്ടാക്കിയിട്ടില്ല. മറിച്ച് പ്രതിഭാസം എന്നെയാണ് സൃഷ്ടിച്ചത്. ഇന്ത്യ അഴിമതിയിൽ നിന്നും അനീതിയിൽ നിന്നും മുക്തമാവും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെ സംഭവിച്ചാൽ അതെന്നെ അടിമുടി ത്രസി

പ്പിക്കും. ഇതിനു വേണ്ടി ഞാൻ എത്ര കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ടെങ്കിലും ഞാൻ യാതൊരു അവകാശവാദവും ഉന്നയിക്കില്ല . ജീവിതം വ്യർത്ഥമാണെന്ന് ഞാൻ ഒരിക്കലും പറയില്ല. നിങ്ങൾ എന്തിൽ അടിയുറച്ചു വിശ്വസിക്കുന്നുവോ, അതുതന്നെ പ്രവൃത്തിയിലും വരുത്തണം. വിജയിച്ചാലും ഇല്ലെങ്കിലും നാമതിൽ നിന്ന് പിന്മാറാൻ പാടില്ല.' നിങ്ങൾ ഫലം ഇച്ഛിക്കാതെ നിങ്ങളുടെ കർമ്മം ചെയ്യുക എന്നാണല്ലോ ഗീതയിൽ പറയുന്നത്. കർമ്മം എന്നത് ആധുനിക യുഗത്തിന്റെ ഭാഷയിൽ ജോലി എന്നർത്ഥമാവും. അതൊരിക്കലും വ്യക്തിപരമായ ഉന്നമനമോ, നേട്ടങ്ങളോ പ്രശസ്തിയോ സമ്പത്തോ ലക്ഷ്യം വച്ചുള്ളതാവരുത്. നമ്മുടെ ജോലിയിൽ ഇതൊക്കെ കടന്നുവന്നേക്കാം. പക്ഷേ സമൂഹത്തിനും മനുഷ്യകുലത്തിനും പരിസ്ഥിതിക്കും ഒക്കെ ഗുണകരമാവുന്ന പ്രവൃത്തിയാവണം നമ്മൾ ചെയ്യേണ്ടത്. പത്രപ്രവർത്തനം വഴിയുണ്ടാക്കിയ നേട്ടങ്ങളുടെ കാര്യത്തിൽ ഞാനൊരു പരാജയമാണ്. പക്ഷേ, സമ്പന്നവും അർത്ഥപൂർണ്ണവും അഭിനന്ദനാർഹവും സന്തോഷം നിറഞ്ഞതുമായ ഒരു ജീവിതമാണ് ഞാൻ ജീവിക്കുന്നതെന്ന് എനിക്ക് വളരെ വ്യക്തമായിട്ടറിയാം . ഇനി എന്താണ് അടുത്തതായി എനിക്ക് ബാക്കി യുള്ളത്. ഞാൻ എല്ലായ്പ്പോഴും എന്നെ പുതുതായി കണ്ടെത്തിക്കൊണ്ടിരിക്കുന്നു. പക്ഷെ, ഞാൻ എന്നെ പുതുക്കിപ്പണിഞ്ഞതെല്ലാം പത്രപ്രവർത്തനത്തിന്റെ നാലു ചുവരുകൾക്കുള്ളിലായിരുന്നു. ദേശീയപത്രങ്ങൾക്കു വേണ്ടിയുള്ള റിപ്പോർട്ടിങ്ങിൽ നിന്നും മാസികകളിലേക്ക് അച്ചടി മാധ്യമങ്ങളിൽ നിന്നും ടെലിവിഷൻ മാധ്യമമേഖലകളിലേക്ക്, ഒരു സിറ്റി റിപ്പോർട്ടറിൽ നിന്നും അന്തർദേശീയ ടെലിവിഷൻ ലേഖികയിലേക്ക് മുഴുവൻ സമയ പത്രപ്രവർത്തനത്തിൽ നിന്നും ഫ്രീലാൻസിലേക്ക് അങ്ങനെ എത്രയെത്ര പുത്തൻ കണ്ടെത്തലുകൾ. ഈ ലോകത്തെ വളരെ നല്ലൊരിടമാക്കി മാറ്റാൻ ഞാനിപ്പോഴും പരിശ്രമിക്കുന്നു . പക്ഷേ സമകാലീന മാധ്യമ പരിസരത്തിൽ പത്രപ്രവർത്തനമായിരുന്നോ എന്റെ ശരിയായ ആയുധമെന്ന് ഞാനിപ്പോഴും സംശയിക്കുന്നു. കഴിഞ്ഞ കുറച്ചുവർഷങ്ങളായി എന്റെ അനുഭവങ്ങൾ തീർത്തും വ്യത്യസ്തമാണ്. വിയന്ന, റിയാദ്, ഓസ്ലോ, ടോക്കിയോ തുടങ്ങി ലോകത്തിന്റെ വിവിധ കോണുകളിൽ എനിക്ക് ജീവിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. തീർത്തും വിരുദ്ധമായ സംസ്കാരങ്ങളിൽ , വ്യവസ്ഥകളിൽ, മാധ്യമങ്ങളിൽ, ഭരണസംവിധാനങ്ങളിൽ എനിക്ക് ഇറങ്ങിച്ചെല്ലേണ്ടി വന്നിട്ടുണ്ട്. പല രാജ്യങ്ങളും ചെയ്ത ഭീകരമായ തെറ്റുകൾ ഞാൻ കണ്ടിട്ടുണ്ട് സങ്കൽപ്പിക്കാൻ കഴിയാത്തത്ര വർണ്ണശബളമായ നേട്ടങ്ങൾ കൊയ്ത രാജ്യങ്ങളെയും എനിക്കറിയാം. ചോദ്യം ഇതാണ്, എന്തൊക്കെ തെറ്റുകളാണ് നാം ഒഴി വാക്കേണ്ടത് ? എന്തൊക്കെ പാഠങ്ങളാണ് പഠിക്കേണ്ടത് ? എങ്ങനെയാണ് നല്ല ആശയങ്ങൾ കടമെടുത്തു കൊണ്ട് നല്ല ഭരണസംവിധാനം നടത്തി ഇന്ത്യയെ പുരോഗതിയിലേക്ക് നയിക്കാനാവുക? ഇന്ത്യയിലും മറ്റെല്ലായിടത്തും ഗവൺമെന്റും വ്യവസ്ഥിതികളും എത്രത്തോളം ശക്തമാണെന്ന് ഞാൻ കണ്ടതാണ്. ആരാണ് ഡ്രൈവിങ് സീറ്റിൽ എന്ന തിനെ ആശ്രയിച്ചാണ് നേട്ടമാണോ നഷ്ടമാണോ ഉണ്ടാവുക എന്നു പറയാൻ കഴിയുക . കോർപറേറ്റുകളുടെ കാര്യത്തിലും ഇങ്ങനെയൊക്കെത്തന്നെയാണ് സംഭവിക്കുക . ഇപ്പോഴത്തെ എന്റെ ചോദ്യം, എങ്ങനെ നയങ്ങളെ നല്ലരീതിയിൽ സ്വാധീനിക്കാം, എങ്ങനെ ഗവൺമെന്റിനെക്കൊണ്ട് ശരിയായ കാര്യങ്ങൾ മാത്രം ചെയ്യിക്കാം എന്നുള്ളതാണ്. ഉൽസാഹഭരിതരും ഉദ്ദേശ ശുദ്ധിയുള്ളവരുമായ ആളുകളുടെ കഴിവും ഊർജ്ജവും അനുഭവസമ്പത്തും എങ്ങനെ എല്ലായ്പ്പോഴും മൂർച്ചകൂട്ടി വെക്കാം ? അങ്ങനെ നമുക്കൊരുമിച്ച് നമ്മുടെ സമൂഹത്തെ എല്ലാ ഇന്ത്യക്കാർക്കും നല്ല രീതിയിൽ ജീവിക്കാൻ അനുയോജ്യമായ നല്ലൊരിടമാക്കി മാറ്റാം. ഞാൻ ഈ ചിന്തകളെ ഇപ്പോൾ മുറുകെ പിടിച്ചിരിക്കുകയാണ്. അർത്ഥപൂർണ്ണമായ മാറ്റങ്ങൾക്കു വേണ്ടി എനിക്കെന്തൊക്കെ ചെയ്യാൻ കഴിയും? അധികാരം, പ്രൗഢി, വിശേഷാവകാശങ്ങൾ തുടങ്ങിയവ എന്നെ ഒരിക്കലും ഭ്രമിപ്പിച്ചിട്ടില്ല . അവയെല്ലാം എനിക്കുണ്ടായിരുന്നെങ്കിൽ കൂടി , എങ്ങനെ എനിക്കെന്റെ സ്വതസിദ്ധമായ കഴിവുകൾ , തൊഴിലിലെ പ്രാഗൽഭ്യം , വ്യക്തിപരമായ അനുഭവങ്ങൾ തുടങ്ങി യവ രാജ്യത്തിന്റെ നല്ല മാറ്റങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയും എന്നതാണ് എന്റെ ഏറ്റവും ലളിതമായ ചോദ്യം. എവിടെ നിന്ന് ഉത്തരം കണ്ടെത്താനാവും എന്നെനിക്കറിയില്ല . പക്ഷേ ഉത്തരം എന്നെ കണ്ടെത്തും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. അത് എല്ലായ്പ്പോഴും അങ്ങനെത്തന്നെയാണ്.

*(കേരള പ്രസ്സ് അക്കാദമി 2014 ൽ പ്രസിദ്ധീകരിച്ച അനുഭവ സഞ്ചാരങ്ങൾ : വനിത മാധ്യമ പ്രവർത്തകരുടെ ഓർമ്മകൾ എന്ന പുസ്തകത്തിൽ നിന്ന് എടുത്ത ലേഖനം) അനിതാ പ്രതാപ് 30 വർഷത്തോളമായി പത്രപ്രവർത്തക, എഴുത്തുകാരി, ഡോക്യുമെന്ററി ഫിലിം മേക്കർ എന്നീ നിലകളിൽ പ്രശസ്ത, ഇന്ത്യടുഡെ, ഇന്ത്യൻ എക്സ്പ്രസ്, ടൈം തുടങ്ങിയ മാധ്യമങ്ങളിൽ ജോലി ചെയ്തു. സി.എൻ.എൻ. സൗത്ത് ഏഷ്യ ബ്യൂറോ ചീഫ് ആയിരുന്നു. അഫ്ഗാനിസ്താനിലെ താലിബാൻ കയ്യേറ്റത്തെക്കുറിച്ചുള്ള റിപ്പോർട്ടിങ്ങിന് അവർക്ക് ജോർജ് പോൾക് അവാർഡ് ലഭിച്ചിട്ടുണ്ട്. 1997 ൽ ചമേലിദേവി ജെയിൻ അവാർഡ്, 2007 ൽ പത്രപ്രവർത്തനത്തിനുള്ള ലൈഫ് ടൈം അവാർഡ് തുടങ്ങി നിരവധി ഇന്ത്യൻ അമേരിക്കൻ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.*

ചർച്ചാവിഷയം


# മലയാളത്തിലെ ആദ്യകാല വനിതാപത്രപവർത്തകർ




**കെ.എ.ബീന**
എഴുത്തുകാരി,
പത്രപ്രവർത്തക


## കെ. എം. കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ

മലയാളത്തിലെ ആദ്യകാല എഴുത്തുകാരികളിൽ ഒരാളായി കണക്കാക്കാവുന്ന കെ.എം. കുഞ്ഞുലക്ഷ്മിക്കെട്ടിലമ്മ 1877-ൽ ബ്രിട്ടീഷ് മലബാറിലെ കോട്ടയം താലൂക്കിൽ കണ്ണാരത്തു മല്ലോളിൽ തറവാട്ടിൽ ജനിച്ചു. പ്രഗൽഭനായ അഭിഭാഷകൻ കൊയ്യോടൻ കുന്നത്തു കണ്ണൻ നമ്പിയാരായിരുന്നു അച്ഛൻ. അമ്മ ലക്ഷ്മിയമ്മ. കുഞ്ഞിലക്ഷ്മിക്ക് വിദ്യാഭ്യാസം നൽകുന്നതിൽ അവരുടെ മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നു. പണ്ഡിതശ്രേഷ്ഠനായി വടക്കേമലബാറിൽ അറിയപ്പെട്ടിരുന്ന കൊല്ലച്ചേരി കുഞ്ഞിരാമക്കുറുപ്പ് കാവ്യനാടകങ്ങളും അലങ്കാരങ്ങളും അവരെ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം അവർ രചിച്ച സദാശിവ സ്തോത്രം ഓടാട്ടിൽ കേശവമേനോൻ പ്രസിദ്ധീകരിച്ചിരുന്ന സ്തവരത്നമാലികയിൽ പ്രസിദ്ധീകരിച്ചു. പത്തൊമ്പതാമത്തെ വയസ്സിൽ കുഞ്ഞിലക്ഷ്മിയമ്മയുടെ വിവാഹം നടന്നു, കിഴക്കേടത്ത് ചന്ത്രോത്തു കുഞ്ഞിയനന്തൻ വലിയ നമ്പിയാർ ആയിരുന്നു ഭർത്താവ്. വിവാഹശേഷവും സംസ്കൃതപഠനം അവർ നിർത്തിയില്ല. ആ ദാമ്പത്യം അധികനാൾ നീണ്ടുനിന്നില്ല. കുടുംബങ്ങൾ തമ്മിലുണ്ടായ അഭിപ്രായവ്യത്യാസം കാരണം ബന്ധം അവസാനിപ്പിച്ച് കുഞ്ഞിലക്ഷ്മിയമ്മ പിന്നീട് അക്കാലത്തെ മൂപ്പനായിരുന്ന നീലകണ്ഠൻ തിരുമുമ്പിനെ കല്യാണം കഴിച്ചു. ആദ്യവിവാഹത്തിൽ ഒരു കുട്ടിയും രണ്ടാംവിവാഹത്തിൽ രണ്ടു കുട്ടികളും കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മക്കുണ്ടായി. രണ്ടാമത്തെ വിവാഹത്തോടെയാണ് അവരുടെ പേര് കെട്ടിലമ്മ എന്നായത്. 1921-ൽ അവരുടെ ഭർത്താവും ഏറെ വൈകാതെ മകളുടെ ഭർത്താവും മരിച്ചു.




കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മയുടെ കൃതികളിൽ സംസ്കൃതത്തിലുള്ള പ്രാർത്ഥനാഞ്ജലിയും മലയാളത്തിലുള്ള സാവിത്രീവൃത്തം കൈകൊട്ടിക്കളിപ്പാട്ടും കൗസല്യാദേവി, പുരാണചന്ദ്രിക എന്നീ കാവ്യങ്ങളും ഗോക്കണ്ണ പ്രതിഷ്ഠ, കടാകോട്ടുമാക്കം കിളിപ്പാട്ട് എന്നീ കൂട്ടുകവിതകളും എടുത്തു

പറയേണ്ടവയാണ്. ആഴ്വാഞ്ചേരി തമ്പ്രാക്കൾ (കവനകൗമുദി), കേളൻ (ആത്മപോഷിണി), ഏലക്കൻ കോരൻ (സമുദായ ദീപിക), ഒരു ഐതിഹ്യം (ശാരദ), ഒരത്ഭുതവൃത്തം (ദക്ഷിണദീപം) എന്നിവ കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ രചിച്ചതാണ്. 1947-ൽ അവർ അന്തരിച്ചു.

## കുട്ടിക്കുഞ്ഞുതങ്കച്ചി

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് മലയാളത്തിലെ എഴുത്തുകാരിയെന്ന നിലയിൽ പരിഗണിക്കാവുന്ന അപൂർവം സ്ത്രീകളിലൊരാളാണ് കുട്ടിക്കുഞ്ഞുതങ്കച്ചി (1820 ഫെബ്രുവരി 14-ന് ജനിച്ച അവർ 1904 ഫെബ്രുവരി 13-നാണ് മരിച്ചത്).



കുട്ടിക്കുഞ്ഞുതങ്കച്ചി

ഇരയിമ്മൻ തമ്പിയുടേയും ഇടക്കോട്ടു കാളിപ്പിള്ള തങ്കച്ചിയുടേയും മകളായ കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ യഥാർഥ പേര് ലക്ഷ്മിപ്പിള്ള എന്നായിരുന്നു. കുട്ടിക്കുഞ്ഞ് ഓമനപ്പേരായിരുന്നു. സംഗീതം, കാവ്യനാടകാലങ്കാരങ്ങൾ, തർക്കം, വ്യാകരണം എന്നിവ പഠിച്ച് വിദുഷിയായി. ചേർത്തല വാരനാട്ടു കോവിലകത്ത് തമ്പാനായിരുന്നു ആദ്യ ഭർത്താവ്. 1851-ൽ അദ്ദേഹം മരിച്ചു. 1861-ൽ അവർ കുഞ്ഞുണ്ണിതമ്പാനെ വിവാഹം കഴിച്ചു. സ്വാതിതിരുനാൾ മഹാരാജാവിനെയും ഇരയിമ്മൻതമ്പിയെയുംപോലെ മോഹിനിയാട്ടകൃതികൾ എഴുതിയവരിൽ പ്രമുഖയാണ് കുട്ടിക്കുഞ്ഞുതങ്കച്ചി. ചെറുപ്പത്തിലേ കാവ്യനാടകാലങ്കാരാദികളും പുരാണങ്ങളും പഠിച്ചും വായിച്ചും പരിചയിച്ച ഇവർക്ക് സംഗീതത്തിലും തർക്കത്തിലും വ്യാകരണത്തിലും ഒട്ടേറെ പാടവമുണ്ടായിരുന്നു. പിതാവ് ഇരയിമ്മൻ തമ്പിയായിരുന്നു പ്രധാന ഗുരുനാഥൻ. സംസ്കൃതത്തിലും മണിപ്രവാളത്തിലും അനേകം കൃതികൾ ഇവർ രചിച്ചു. ആട്ടക്കഥകൾ, തുള്ളൽക്കഥകൾ, കിളിപ്പാട്ടുകൾ, തിരുവാതിരപ്പാട്ടുകൾ, കുറത്തിപ്പാട്ടുകൾ, സങ്കീർത്തനങ്ങൾ, നാടകം തുടങ്ങി നിരവധി കൃതികൾ ഇവർ രചിച്ചു (കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ കൃതികൾ - കേരള സാഹിത്യ അക്കാദമി, തൃശൂർ, 1979). ഇവർ എഴുതിയ 'അജ്ഞാതവാസം' നാടകം 1890-ൽ പ്രസിദ്ധീകരിച്ചു (ഭാസ്കരൻനായർ വി., സമ്പാദകൻ, കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ കൃതികൾ, 1979, കേരള സാഹിത്യ അക്കാദമി, തൃശൂർ).

അക്കാലത്ത് നാടകമെഴുതിയ മറ്റ് രചയിതാക്കളെപ്പോലെ അറിയപ്പെടുന്ന ഒരു എഴുത്തുകാരിയായിട്ടും അവരുടെ രചന മലയാളനാടകചരിത്രത്തിൽ ചേർക്കപ്പെട്ടില്ല" (സജിതാമഠത്തിൽ, മലയാളനാടക സ്ത്രീചരിത്രം, മാതൃഭൂമി ബുക്സ്, 2010, പേജ് 49)

## തോട്ടയ്ക്കാട്ട് ഇക്കാവമ്മ

ആദ്യകാല കവയിത്രിയും നാടക രചയിതാവുമായിരുന്നു തോട്ടയ്ക്കാട്ട് ഇക്കാവമ്മ. 1864-ൽ എറണാകുളത്ത് ജനിച്ച തോട്ടയ്ക്കാട്ട് ഇക്കാവമ്മ ചെറുപ്പത്തിൽത്തന്നെ പുരുഷാധിപത്യത്തെ പിന്തള്ളി സ്വന്തം കഴിവുകളെ പരിപോഷിപ്പിക്കാനും ധൈര്യം കാട്ടിയിരുന്നു. എറണാകുളത്തെ തോട്ടയ്ക്കാട്ടു വീട്ടിൽ കുട്ടിപ്പാറു അമ്മയായിരുന്നു മാതാവ്. പിതാവ് ഇരിങ്ങാലക്കുട നന്തിക്കര വീട്ടിൽ ചാത്തു



തോട്ടയ്ക്കാട്ട് ഇക്കാവമ്മ

പ്പണിക്കർ ഇക്കാവമ്മയുടെ ആദ്യ ഗുരുവായി. കഥകളിനടനം, സംഗീതം, സാഹിത്യം, ശില്പശാസ്ത്രം എന്നിവയിൽ പ്രാവീണ്യമുള്ളയാളുമായിരുന്നു ചാത്തുപ്പണിക്കർ. കണയന്നൂർ താലൂക്കിലെ തഹസിൽ മജിസ്ട്രേറ്റ് ആയിരുന്നു.

വെന്നിമല ഉഴുത്തിരവാരിയർ, അച്ചൻകണ്ടത്ത് വാസു നമ്പിയാർ, മാക്കോത്ത് കൃഷ്ണമേനോൻ തുടങ്ങിയവർ തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ ഗുരുനാഥന്മാർ ആയിരുന്നു. വ്യാകരണം, പഞ്ചാംഗഗണനം, കാവ്യനാടകാദികൾ എന്നിവ അവർ പഠിച്ചെടുത്തു. 14 വയസ്സായപ്പോൾ കാരയ്ക്കാട്ട് നാരായണമേനോനുമായി അവരുടെ വിവാഹം നടന്നു. 1892–ൽ തൃശ്ശൂരിൽ ടി.സി. അച്യുതമേനോന്റെ സംഗീതനൈഷധത്തിന്റെ അവതരണത്തിൽ നളനായി ഇവർ അഭിനയിച്ചു. ആദ്യമായി മലയാളനാടകത്തിൽ അഭിനയിച്ച സ്ത്രീയായി ഇക്കാവമ്മയെ കണക്കാക്കാം (സജിതാമഠത്തിൽ, മലയാളനാടകചരിത്രം, 2010, പേജ് 50). സ്ത്രീകൾക്ക് വഴങ്ങുന്ന മേഖലയാണ് സാഹിത്യമെന്ന് വാദിച്ച എഴുത്തുകാരിയായിരുന്നു ഇക്കാവമ്മ. ഇവരുടെ 'സുഭദ്രാർജ്ജുനം' നാടകം എടുത്തുപറയേണ്ടതാണ്. "അക്കാലത്തെ സ്വതന്ത്രഭാഷാനാടകങ്ങളുടെ ഇടയിൽ സുഭദ്രാർജ്ജുനത്തിന് തികച്ചും അഭ്യർഹിതമായ സ്ഥാനത്തിനവകാശമുണ്ട്. മഹാകവി കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ മാത്രമേ അതിനുമുമ്പ് അത്തരത്തിലുള്ള നാടകങ്ങൾ രചിച്ചിരുന്നുള്ളൂ. അതിൽനിന്ന് വ്യത്യസ്തമായി പറയേണ്ടത് കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ 'അജ്ഞാതവാസ'ത്തെ മാത്രമാണ്. സ്ത്രീകൾ നിർമ്മിച്ച നാടകങ്ങളിൽ രണ്ടാമത്തേതാണ് സുഭദ്രാർജ്ജുനം. അത് 1891 ഒടുവിൽ പ്രസിദ്ധീകൃതമായി (ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരളസാഹിത്യചരിത്രം, ഢീഹ.4 (1974) കേരള സർവകലാശാല പ്രസിദ്ധീകരണവകുപ്പ്, പേജ് 681).

**ആദ്യമായി മലയാളനാടകത്തിൽ അഭിനയിച്ച സ്ത്രീയായി ഇക്കാവമ്മയെന്ന്കണക്കാക്കാം (സജിതാമഠത്തിൽ, മലയാളനാടകചരിത്രം, 2010, പേജ് 50). സ്ത്രീകൾക്ക് വഴങ്ങുന്ന മേഖലയാണ് സാഹിത്യമെന്ന് വാദിച്ച് എഴുത്തുകാരിയായിരുന്നു ഇക്കാവമ്മ. ഇവരുടെ 'സുഭദ്രാർജ്ജനം' നാടകം എടുത്തുപറയേണ്ടതാണ്. "അക്കാലത്തെ സ്വതന്ത്രഭാഷാനാടകങ്ങളുടെ ഇടയിൽ സുഭദ്രാർജ്ജനത്തിന്തികച്ചും അഭ്യർഹിതമായ സ്ഥാനത്തിനവകാശമുണ്ട്. മഹാകവി കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ മാത്രമേ അതിനുമുമ്പ് അത്തരത്തിലുള്ള നാടകങ്ങൾ രചിച്ചിരുന്നുള്ളൂ. അതിനെ ഒരു വ്യത്യസ്തമായി പറയേണ്ടത് കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ 'അജ്ഞാതവാസ'ത്തെ മാത്രമാണ്. സ്ത്രീകൾ നിർമ്മിച്ച നാടകങ്ങളിൽ രണ്ടാമത്തേതാണ് സുഭദ്രാർജ്ജനം.**

പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കും സാഹിത്യരചനക്ക് സാധിക്കുമെന്ന് ഇക്കാവമ്മക്ക് ഉറപ്പുണ്ടായിരുന്നു. സ്ത്രീജാതിയിൽ തുഞ്ചത്തെഴുത്തച്ഛനെന്ന സംജ്ഞക്ക് ഈ ഗ്രന്ഥകാരി അർഹയാണെന്ന് സി.പി. അച്യുതമേനോൻ 'വിദ്യാവിനോദിനി' മാസികയിൽ പരാമർശിച്ചിരുന്നു (തോട്ടയ്ക്കാട്ട് ഇക്കാവമ്മ, സുഭദ്രാർജ്ജുനം, ആദ്യപ്രതി (1891), പ്രൊഫ. പി. ശങ്കരൻ നമ്പ്യാർ ഫൗണ്ടേഷൻ, തൃശ്ശൂർ 2002).

അക്കാലത്തുതന്നെ സുഭദ്രാർജ്ജുനം പ്രശസ്ത പണ്ഡിതനായിരുന്ന കരമന കേശവശാസ്ത്രി സംസ്കൃതത്തിലേക്ക് വിവർത്തനം ചെയ്തു. അന്നത്തെ പ്രധാന മാസികകളും പത്രങ്ങളും ഈ നാടകത്തെക്കുറിച്ച് എഴുതിയിരുന്നു. സുഭദ്രാർജ്ജുനം വായിക്കുന്നവർക്ക് നാടകരചനയുടെ സങ്കേതം ഇക്കാവമ്മക്ക് അറിയാമായിരുന്നു എന്നുറപ്പാവും. തരംഗചലനങ്ങൾ, അഭിനയം എന്നിവയെക്കുറിച്ച് കൃത്യമായ നിർദ്ദേശങ്ങൾ ഇതിലുണ്ട്. സന്മാർഗോപദേശം ഓട്ടൻതുള്ളൽ, രാസക്രീഡ കുറത്തിപ്പാട്ട്, പുരാണ ശ്രവണ മാഹാത്മ്യം കിളിപ്പാട്ട് (തർജമ), കൽക്കിപുരാണം കിളിപ്പാട്ട് നളചരിതം നാടകം, ആര്യശതകം തുടങ്ങി നിരവധി കൃതികൾ ഇക്കാവമ്മ രചിച്ചു. സ്ത്രീകളുടെ അഭിമാനം കാത്തുസൂക്ഷിക്കുന്നതിനെക്കുറിച്ച് അവർ ബോധവതിയായിരുന്നു. തന്റെ സാഹിത്യരചനകളെ അതിനുള്ള പ്രതിരോധ ആയുധമാക്കി അവർ മാറ്റി (എ. കൃഷ്ണകുമാരി, വനിതാപത്രപ്രവർത്തനം – ചരിത്രവും വർത്തമാനവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2010, പേജ് 43). അരുതരുതീ സഖ്യം സ്ത്രീകളോടൊട്ടുമാകാ' എന്ന 'കേരളനന്ദിനി'യിൽ ഒരു സമസ്യക്ക് വന്ന പൂരണം സ്ത്രീകളെ ഇടിച്ചുതാഴ്ത്തുന്നതാണ് എന്ന് കണ്ട് ഇക്കാവമ്മ എഴുതി:

"അരുതരുതൊരുനാളും നിന്ദയീ സ്ത്രീജനത്തിൽ

പുരുഷരിലഖിലർക്കും സൽഗുണം സിദ്ധമാമോ?

കരുതുകിലതിമാത്രം ദുഷ്കരത്രേ പുമാന്മാർ
വരനെ വിപിനദേശേ ഭൈമിതനോ ചതിച്ചു?
തൻകാര്യം കൈവരുത്താൻ ശിവ, ശിവാ
മടിയില്ലെത് ചെയ്‌വാനുമിന്നീ
വങ്കന്മാരോടു സഖ്യം പറക തരുണിമാർക്കെങ്ങനെ സംഭവിക്കും?"

അവരുടെ ഉള്ളിലെ സ്ത്രീചിന്തയെ പ്രതിഫലിപ്പിക്കുന്ന സുഭദ്രാർജ്ജുനത്തിലെ ഈ വരികൾ പ്രസിദ്ധമാണല്ലോ.

"മല്ലാരിപ്രിയയായ ഭാമ സമരം ചെയ്തീലയോ?
തേർ തെളിച്ചില്ലേ പണ്ടു സുഭദ്ര?
പാരിതു ഭരിക്കുന്നില്ലെ വിക്ടോറിയ?
മല്ലാക്ഷീ മണിമാർക്കു പാടവമിവ
യ്ക്കെല്ലാം ഭവിച്ചീടുകിൽ
ചെല്ലേറും കവിതയ്ക്കു മാത്രമിവരാള-
ല്ലെന്നു വന്നീടുമോ?

ഇത്ര ശക്തമായി അക്കാലത്തുതന്നെ ഇക്കാവമ്മ എഴുതിയെന്നത് അവരിലെ സ്ത്രീശക്തി വെളിവാക്കുന്നു. സ്ത്രീശക്തിയുടെ വിജയത്തിൽ അവർ വിശ്വസിച്ചു. സ്ത്രീകളോടുള്ള വിവേചനത്തിനെതിരെ അവർ നിരന്തരം ശബ്ദമുയർത്തി. പുരുഷന്മാർ ചെയ്യുന്നതെന്തും സ്ത്രീക്കും ചെയ്യാനാവും എന്ന് അവർ സ്വന്തംകൃതികളിലൂടെ തെളിയിച്ചു, അതിനെക്കുറിച്ച് നിരന്തരം സംസാരിച്ചു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ഇക്കാവമ്മയെ അതിരറ്റ് പ്രശംസിച്ചു. എന്നാൽ ഒരു സ്ത്രീക്ക് ഇത്ര അഹങ്കാരമോ എന്ന് ചിന്തിക്കാനായിരുന്നു മറ്റ് പലർക്കും താല്പര്യം. പ്രമാണികളായ പുരുഷന്മാരുടെ വിമർശനങ്ങൾക്കും കളിയാക്കലുകൾക്കുമെല്ലാം തെല്ലും കൂസാതെ ഇക്കാവമ്മ മറുപടി കൊടുത്തു.

## തരവത്ത് അമ്മാളുവമ്മ

എഴുത്തുകാരിയിൽനിന്ന് പത്രപ്രവർത്തകയിലേക്കുള്ള മലയാളസ്ത്രീയുടെ വളർച്ചയിൽ തരവത്ത് അമ്മാളുവമ്മയുടെ സ്ഥാനം വളരെ വലുതാണ്. മലയാളം, തമിഴ്, സംസ്കൃതം തുടങ്ങിയ ഭാഷകളിൽ അവർക്ക് വ്യുത്പത്തി ഉണ്ടായിരുന്നു.

ടിപ്പുവിന്റെ ആക്രമണകാലത്ത് വടക്കേ മലബാറിൽനിന്ന് പാലക്കാട്ട് അഭയംപ്രാപിച്ച തരവത്ത് ഭവനക്കാർ വടക്കുംതറയിലാണ് താമസമാരംഭിച്ചത്. മലബാറിൽ പലയിടത്തും മുൻസിഫായിരുന്ന കൊടുവായൂർ ചിങ്ങച്ചംവീട്ടിൽ ശങ്കരൻനായരുടേയും കുമ്മിണിയമ്മയുടേയും മകളായി 1873-ലാണ് അമ്മാളുഅമ്മ ജനിച്ചത്. 1936-ൽ അവർ മരിച്ചു. 'ലക്ഷ്മീഭായി' മാസികയിൽ തരവത്ത് അമ്മാളുഅമ്മ എഴുതിയ 'സ്ത്രീകളുടെ സാഹിത്യവാസന' എന്ന ലേഖനം ആ കാലത്ത് ഒരു സ്ത്രീഎഴുതിയതാണെന്ന് ഓർക്കുമ്പോൾ ആദരവുണ്ടാക്കും. ഇന്നുപോലും സ്ത്രീയെഴുത്തിനെ ഇത്ര ശക്തമായി പ്രതിഫലിപ്പിക്കാൻ കഴിയുന്നവർ ചുരുക്കമാണ്.

"സ്ത്രീകൾക്ക് സാഹിത്യവാസനയുണ്ടോ എന്ന് ചിലർ സംശയിച്ചുവരുന്നതായി അറിയുന്നു. എന്നാൽ സാഹിത്യവാസനയുടെ ഇരുപ്പുതന്നെ സ്ത്രീകളിലാണെന്നാണ് ഞാൻ പറയുന്നത്. സാഹിത്യത്തിന്റെ അധിഷ്ഠാനദേവത തന്നെ സ്ത്രീയായിരിക്കുന്നതിനാൽ ഇതുപറയാൻ പ്രത്യേകം അവകാശം ഉണ്ടല്ലോ? സാക്ഷാൽ പരാശക്തിയുടെ അംശം ലേശം സകല സ്ത്രീജനങ്ങളിലുമുണ്ടെന്ന് പുരാണങ്ങൾ ഘോഷിക്കുന്നു. അതിനാൽ സാഹിത്യത്തിന്റെ അധിഷ്ഠാനദേവതയും പരാശക്തിയുടെ ലേശം സ്ത്രീകളിൽ അന്തർലീനമായിരിക്കുന്ന ഈ ശക്തിവിശേഷത്തെ – പരമ്പരാസിദ്ധമായിരിക്കുന്ന ഈ സാഹിത്യവാസനയെ – നൂതനപരിഷ്കാര സമ്പ്രദായത്താൽ മൂടപ്പെട്ടിരിക്കുന്നു. ഈ ജ്ഞാദീപത്തെ അവിദ്യയുടെ ആവരണത്തിൽനിന്ന് യഥാർഥസംസ്കാരം നിമിത്തം വെളിപ്പെടുത്തുന്നതായാൽ ശാണഘർഷത്താൽ മാലിന്യം നീങ്ങി


തരവത്ത് അമ്മാളുവമ്മ

പ്രകാശിക്കുന്ന ദിവ്യരത്നംപോലെ അത് സ്ത്രീകളിൽ പ്രകാശിക്കുന്നതായിരിക്കും. സാഹിത്യവാസനാബലം സ്ത്രീകൾക്ക് സ്വതസിദ്ധമാണെന്ന് തെളിയിക്കുന്നവയായ അനവധി ദൃഷ്ടാന്തങ്ങൾ പുരാണങ്ങളിലുണ്ട്.''

ശക്തമായ ഈ എഴുത്ത് വേണ്ടവിധത്തിൽ അംഗീകരിക്കപ്പെട്ടില്ല എന്നത് ഇവിടെ നിലനിൽക്കുന്ന സ്ത്രീയെഴുത്തിന്റെ തമസ്കരണത്തിന് യഥാർഥ ഉദാഹരണമാണ്. സംസ്കൃതം, തമിഴ്, സംഗീതം, ഗണിതം ഒക്കെ അവർ പഠിച്ചു. അമ്മാളുഅമ്മ 1914-ൽ രചിച്ച 'കമലാഭായി അഥവാ ലക്ഷ്മീവിലാസത്തിലെ കൊലപാതകം' മലയാളത്തിൽ ഒരു സ്ത്രീ എഴുതിയ ആദ്യത്തെ അപസർപ്പകനോ

വൽ ആയി കണക്കാക്കുന്നു.

തിരുവിതാംകൂറിൽനിന്ന് നാടുകടത്തപ്പെട്ട സ്വദേശാഭിമാനി രാമകൃഷ്ണപിള്ളക്കും കുടുംബത്തിനും അഭയംനൽകിയത് അമ്മാളുഅമ്മയായിരുന്നു. മദ്രാസിൽ അരക്ഷിതസാഹചര്യത്തിൽ കഴിഞ്ഞിരുന്ന അവരെ പാലക്കാട് സ്വന്തം വീട്ടിൽ കൊണ്ടുപോയി താമസിപ്പിക്കാൻ അവർ ധൈര്യം കാട്ടി. സ്വദേശാഭിമാനിയുടെ ഭാര്യ ബി. കല്യാണിയമ്മയുടെ ആത്മകഥയായ 'വ്യാഴവട്ടസ്മരണകളി'ൽ ഇവരെക്കുറിച്ച് സ്നേഹപൂർവ്വം എഴുതുന്നുണ്ട്. കൊച്ചി മഹാരാജാവ് 'സാഹിത്യസഖി' ബിരുദം നൽകിയെങ്കിലും അവർ അത് സ്വീകരിച്ചില്ല. കൊച്ചിരാജാവിന്റെ സാഹിത്യസഖി ബഹുമതി നിരസിച്ച ഏക എഴുത്തുകാരി (1119) യാണ് തരവത്ത് അമ്മാളുഅമ്മ.

1927-ലെ തൃശ്ശൂർ സാഹിത്യപരിഷത്ത് സമ്മേളനത്തിൽ തരവത്ത് അമ്മാളുഅമ്മയായിരുന്നു അധ്യക്ഷ. രണ്ടുതവണ അവർ സാഹിത്യപരിഷത്ത് സമ്മേളനത്തിൽ അധ്യക്ഷപദം അലങ്കരിച്ചു.

ഇന്ത്യയിലെതന്നെ ആദ്യത്തെ സ്ത്രീവാരികയായ 'ശ്രീമതി'യുടെ പത്രാധിപസമിതിയിലും തരവത്ത് അമ്മാളുവമ്മ ഉണ്ടായിരുന്നു. പതിനഞ്ചാം വയസ്സിലെ ആദ്യവിവാഹമുൾപ്പെടെ മൂന്നുതവണ അമ്മാളുവമ്മ വിവാഹംകഴിച്ചു (തരവത്ത് അമ്മാളുവമ്മ - മലയാളത്തിന്റെ അഗതാക്രിസ്റ്റി - അനസ്നസീർഖാൻ), സാഹിത്യചക്രവാളം 2020, സെപ്റ്റംബർ).

പത്രപ്രവർത്തക, സാഹിത്യപരിഷത്ത് അധ്യക്ഷ, അനേകം സംസ്കൃത, ഇംഗ്ലീഷ് കൃതികളുടെ വിവർത്തക, നോവലിസ്റ്റ്, ബാലസാഹിത്യ രചയിതാവ്, യാത്രാവിവരണ എഴുത്തുകാരി എന്നിങ്ങനെ പല നിലകളിൽ അവർ സാഹിത്യപ്രവർത്തനം നടത്തി. ലീല (നോവൽ), ഭക്തമാല (മൂന്നു ഭാഗങ്ങൾ), ബുദ്ധചരിതം, ബാലബോധിനി, കോമളവല്ലി (നോവൽ, രണ്ടു ഭാഗങ്ങൾ), സർവ്വവേദാന്തസിദ്ധാന്ത സാരസംഗ്രഹം, കൃഷ്ണഭക്തിചന്ദ്രിക, ബുദ്ധഗാഥാചന്ദ്രിക, ഒരു തീർത്ഥയാത്ര (യാത്രാവിവരണം), ശ്രീശങ്കരവിജയം, ശിവഭക്തിവിലാസം എന്നിവയാണ് പ്രധാന കൃതികൾ. 1925-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'തീർത്ഥയാത്ര' മലയാളത്തിലെ ആദ്യത്തെ സ്ത്രീയാത്രാവിവരണമായി കണക്കാക്കുന്നു. അനുജനായ ഡോ. ടി.എ. നായരുടെ ഭൗതികാവശിഷ്ടങ്ങൾ ഗംഗയിൽ നിക്ഷേപിക്കുന്നതിനായി പോയ യാത്രയുടെ വിവരണമാണിത്.

"മദിരാശിയിൽനിന്ന് ആരംഭിക്കുന്ന യാത്ര ജഗന്നാഥപുരി, കൽക്കത്ത, ഗയ, കാശി, അലഹബാദ്, അയോധ്യ, രാമേശ്വരം എന്നീ സ്ഥലങ്ങൾ വിവരിക്കുന്നുണ്ടത്രെ (പെൺയാത്രകൾ, ഗീതാഞ്ജലീ കൃഷ്ണൻ, മാതൃഭൂമി ബുക്സ്, 2017, പേജ് 30).

## ടി.സി. കല്യാണിയമ്മ

1904-ൽ കൊച്ചിയിൽനിന്ന് പ്രസിദ്ധീകരണമാരംഭിച്ച 'ശാരദ'യുടെ പ്രസാധികമാരിൽ പ്രധാനിയായിരുന്നു ടി.സി. കല്യാണിയമ്മ (18791956). പത്രപ്രവർത്തക, എഴുത്തുകാരി എന്നീ നിലകളിൽ ഇവർ പ്രാഗത്ഭ്യം തെളിയിച്ചു. തെക്കേ കുറുപ്പത്ത് നാരായണിയുടേയും വടവക്കോട് മിത്രൻ ഭട്ടതിരിയുടേയും മകളായി തൃശ്ശൂർ തെക്കേ കുറുപ്പത്താണ് ടി.സി. കല്യാണിയമ്മ ജനിച്ചത്. എട്ടാംക്ലാസുവരെ പഠിച്ചതിനുശേഷം വടക്കാഞ്ചേരി മാധ്യമപാഠശാലയിലെ പ്രധാന അധ്യാപകനായിരുന്ന വിശ്വനാഥഅയ്യരുടെ ശിക്ഷണത്തിൽ കല്യാണിയമ്മ ഇംഗ്ലീഷ് പഠിച്ചു. പതിനേഴാമത്തെ വയസ്സിൽ തോട്ടയ്ക്കാട്ട് കുഞ്ഞിക്കൃഷ്ണമേനോനെ വിവാഹം കഴിച്ചു. കുഞ്ഞിക്കൃഷ്ണമേനോൻ കല്യാണിയമ്മയെ വീണ്ടും പഠിപ്പിച്ചു. അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ അവർക്ക് ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടാനായി.

**'കല്യാണിക്കുട്ടിയമ്മത്രയം' എന്നറിയപ്പെട്ടിരുന്ന 'ശാരദ'യുടെ പ്രസാധികമാരിൽ പ്രധാനിയായിരുന്നു, ടി.സി. കല്യാണിയമ്മ. മറ്റു രണ്ടുപേർ ബി. കല്യാണിയമ്മയും കെ. കല്യാണിക്കുട്ടിയമ്മയും ആയിരുന്നു. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് നിരവധി പുസ്തകങ്ങൾ ഇവർ പരിഭാഷപ്പെടുത്തി. 'ഈസോപ്പിന്റെ സാരോപദേശങ്ങൾ' ആണ് അത്തരത്തിൽ ആദ്യപുസ്തകം.**

'കല്യാണിക്കുട്ടിയമ്മത്രയം' എന്നറിയപ്പെട്ടിരുന്ന 'ശാരദ'യുടെ പ്രസാധികമാരിൽ പ്രധാനിയായിരുന്നു, ടി.സി. കല്യാണിയമ്മ. മറ്റു രണ്ടുപേർ ബി. കല്യാണിയമ്മയും കെ. കല്യാണിക്കുട്ടിയമ്മയും ആയിരുന്നു. ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് നിരവധി പുസ്തകങ്ങൾ ഇവർ പരിഭാഷപ്പെടുത്തി. 'ഈസോപ്പിന്റെ സാരോപദേശങ്ങൾ' ആണ് അത്തരത്തിൽ ആദ്യപുസ്തകം.

'നമ്മുടെ അമ്മമഹാറാണി' എന്ന പുസ്തകത്തെക്കുറിച്ച് കേരളകാളിദാസൻ കേരളവർമ്മ വലിയകോയിത്തമ്പുരാൻ എഴുതിയത് ഇങ്ങനെയായിരുന്നു: "അച്ചടിക്ക് മുമ്പായി ഈ പുസ്തകത്തെ ഞാൻ വളരെ സന്തോഷത്തോടെ വായിച്ചുനോക്കുകയും അല്പാല്പമായി ഓരോ ഭേദഗതികൾ വ

രുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കല്യാണിയമ്മയുടെ സരളമായ രീതിക്ക് ഭംഗിക്കുറവ് വന്നേക്കുമോ എന്ന ആശങ്കയിൽ കാര്യമായ യാതൊരു മാറ്റവും ഞാൻ ചെയ്തിട്ടില്ല. ഇത്ര ശ്ലാഘ്യമായ വിധത്തിൽ ഈ സാഹിത്യപരിശ്രമത്തെ നിറവേറ്റിയിരിക്കുന്ന കല്യാണിയമ്മയുടെ സാമർത്ഥ്യത്തെ കൊണ്ടാടി അനുമോദിക്കുന്നതിൽ സകല കേരളീയരും എന്നോടുകൂടി ചേരുമെന്ന് ഞാൻ മനപ്പൂർവമായി വിശ്വസിക്കുന്നു" ('സുമംഗല'യിൽവന്ന ലേഖനത്തിൽനിന്ന്). 'കഴുതയുടെ കഥ', 'ചില പഴയ കഥകൾ, 'കാദംബരി', 'വിഷവൃക്ഷം' എന്നീ പുസ്തകങ്ങളും നിരവധി ലേഖനങ്ങളും അവർ എഴുതി. എഴുത്തിനൊപ്പം പ്രഭാഷണങ്ങൾ നടത്തുന്നതിലും അവർക്ക് കഴിവുണ്ടായിരുന്നു. സ്ത്രീസമാജങ്ങളിൽ കല്യാണിയമ്മ താൽപര്യം കാട്ടി. ജാതിമത മാമൂലുകളെ എതിർത്ത് കല്യാണിയമ്മ ധാരാളം പ്രസംഗങ്ങൾ നടത്തി. സ്ത്രീസമൂഹത്തെ മുന്നോട്ടു കൊണ്ടുവരാൻ എഴുത്തിലൂടേയും പ്രസംഗങ്ങളിലൂടേയും അവർ നടത്തിയ ശ്രമങ്ങൾ ചെറുതല്ല.

## ബി. കല്യാണിയമ്മ (1884-1959)

എഴുത്തുകാരി, പത്രപ്രവർത്തക, അധ്യാപിക, സാമൂഹികപരിഷ്കർത്താവ് എന്നുതുടങ്ങി പല നിലകളിൽ സ്വന്തം ജീവിതത്തെ അടയാളപ്പെടുത്തിയ ബി. കല്യാണിയമ്മ പത്രപ്രവർത്തകനും എഴുത്തുകാരനുമായിരുന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ഭാര്യ എന്ന നിലയിലും പ്രശസ്തയാണ്.



തിരുവനന്തപുരത്ത് കുതിരവട്ടം കുഴിവിളാകത്ത് വീട്ടിൽ സുബ്ബയ്യർ പോറ്റിയുടേയും ഭഗവതിഅമ്മയുടേയും മകളായിട്ടാണ് ജനിച്ചത്. പ്രാഥമികവിദ്യാഭ്യാസം വീടിനടുത്ത് നടത്തിയശേഷം തിരുവനന്തപുരം സനാനാ മിഷൻ സ്കൂളിൽ മെട്രിക്കുലേഷൻ പൂർത്തിയാക്കി. തിരുവനന്തപുരം ഗവ. വിമൻസ് കോളേജിൽ എഫ്.എ. (ഇന്നത്തെ പ്ലസ് ടു അല്ലെങ്കിൽ പഴയ പ്രീ-ഡിഗ്രി കോഴ്സുകൾക്ക് തുല്യമായത്) കോഴ്സിന് പഠിക്കുമ്പോൾ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ വിവാഹം കഴിച്ചു. തുടർന്ന് പഠിച്ച് ബി.എ. ഡിഗ്രി നേടി. പിന്നീടവർ എൽ.ടിയും പാസായി.

സ്വദേശാഭിമാനിയുമായി കല്യാണിയമ്മയുടെ സൗഹൃദം ആരംഭിക്കുന്നത് 'രസികരഞ്ജിനി'യിൽ അവർ എഴുതിയ 'ലളിത' എന്ന പരിഭാഷക്കഥ വായിച്ചാണ്. അതിലൂടെ അവർ തമ്മിൽ കത്തെഴുത്തുബന്ധം ആരംഭിച്ചു. അത് വിവാഹത്തിലെത്തി. എഴുത്തുകാരായ ഭാര്യാഭർത്താക്കന്മാർക്കിടയിൽ അപൂർവമായി കാണുന്ന ഒരു അസാധാരണബന്ധം അവർക്കിടയിൽ നിലനിന്നിരുന്നു. കല്യാണിക്കുട്ടിയമ്മയെ ഭാര്യായി കാണുമ്പോഴും അവരുടെ പത്രപ്രവർത്തനരംഗത്തേയും എഴുത്തിന്റെ മേഖലയിലേയും കഴിവുകളെ അംഗീകരിക്കാനും ആദരിക്കാനും സ്വദേശാഭിമാനി മടിച്ചില്ല. ഇത് മനോഹരമായ ഒരു ബന്ധമായി അവരുടെ ദാമ്പത്യത്തെ നിലനിർത്തി. സ്വദേശാഭിമാനിയുടെ നാടുകടത്തലിനുശേഷം ഇവർ മദ്രാസിലും പാലക്കാട്ടും കണ്ണൂരിലുമൊക്കെ കല്യാണിയമ്മയും ഒപ്പം പോയി. 1912 പാലക്കാട്ട് തരവത്ത് അമ്മാളുവമ്മയുടെ വീട്ടിൽ താമസിക്കാൻ അവസരം കിട്ടിയത് അവർ തമ്മിലുള്ള ഗാഢമായ സൗഹൃദത്തിന് വഴിയൊരുക്കി. 'ശാരദ'യുടെ പ്രസാധികമാരിലൊരാൾ എന്ന നിലയിൽ കല്യാണിയമ്മ പ്രഗൽഭമായ പ്രവർത്തനമാണ് ചെയ്തിരുന്നത്. അധ്യാപികയായും അവർ അപ്പോൾ പണിയെടുത്തിരുന്നു. സ്വദേശാഭിമാനിക്കൊപ്പം മദ്രാസിൽ പോയപ്പോൾ അവർ ജോലി രാജിവച്ചു. പിന്നീട് 1915-ൽ മലബാർ ഡിസ്ട്രിക്ട് ഗവ. സെക്കൻഡറി ഗേൾസ് സ്കൂളിൽ അദ്ധ്യാപികയായി അവർ ജോലിക്കു ചേർന്നു. 1939-ൽ പെൻഷൻ ആയതിനുശേഷം കോഴിക്കോട് സ്ഥിരതാമസമാക്കുകയായിരുന്നു. 'വ്യാഴവട്ടസ്മരണകൾ' എന്ന പുസ്തകം സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുമായുള്ള ജീവിതത്തെക്കുറിച്ചുള്ള ഓർമ്മകളാണ്.

'വീട്ടിലും പുറത്തും' എന്നപേരിൽ മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ 'അഴ ഒീല മിറ ഛൗശേറല' എന്ന നോവൽ അവർ പരിഭാഷപ്പെടുത്തി.

കോട്ടക്കലിൽ നടന്ന സാഹിത്യപരിഷത്തിന്റെ മൂന്നാമത് യോഗത്തിൽ കല്യാണിയമ്മയായിരുന്നു അധ്യക്ഷ. തുടർന്നും പലവട്ടം അവർക്ക് അധ്യക്ഷസ്ഥാനം ലഭിച്ചുവെങ്കിലും അവർ സ്വീകരിച്ചില്ല.


1919-ൽ കൊച്ചി മഹാരാജാവ് കല്യാണിയമ്മയുടെ സാഹിത്യസംഭാവനകളെ മാനിച്ച് 'സാഹിത്യസഖി' ബിരുദം നൽകാൻ തീരുമാനിച്ചുവെങ്കിലും കല്യാണിയമ്മ അത് സ്വീകരിച്ചില്ല. വ്യക്തിത്വവും നിലപാടുകളോടുള്ള സ്ഥിരതയും അവരെ വ്യത്യസ്തയാക്കുന്നു. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്താണ് സ്വദേശാഭിമാനിയെ നാടുകടത്തിയത്. അദ്ദേഹം മരിക്കുന്നതുവരെ അവർ തിരുവിതാംകൂറിൽ തിരിച്ചുവരാൻ കൂട്ടാക്കിയില്ല.

## കെ. കല്യാണിക്കുട്ടിയമ്മ

(മിസിസ് സി. കുട്ടൻ നായർ, 1905-1997)

ഗാന്ധിജിയുടെയും രവീന്ദ്രനാഥടാഗോറിന്റെയും പ്രസംഗങ്ങളിൽ ആവേശംകൊണ്ട് മൂല്യവത്തായ ജീവിതത്തിനുവേണ്ടി പരിശ്രമിച്ച കല്യാണിക്കുട്ടിയമ്മ സാമൂഹികപ്രവർത്തക, അധ്യാപിക, വിദ്യാഭ്യാസപ്രവർത്തക, സ്ത്രീസ്വാതന്ത്ര്യവാദി, ജനന നിയന്ത്രണത്തിന്റെ വക്താവ് എന്നീ നിലകളിലൊക്കെ പ്രവർത്തിച്ചു

കൊച്ചുകുട്ടിയമ്മയുടെ തൃശ്ശൂർ മൂത്തേടത്ത് കൃഷ്ണമേനോന്റെയും മകളായ കല്യാണിക്കുട്ടിയമ്മ


കെ. കല്യാണിക്കുട്ടിയമ്മ

യ്ക്ക് അക്കാലത്ത് മദ്രാസിൽ പോയി ഉയർന്ന വിദ്യാഭ്യാസം നേടാൻ അവസരം കിട്ടി. മക്കൾക്ക് നൽകുന്ന ഏറ്റവും വിശേഷപ്പെട്ട സമ്പത്ത് വിദ്യയാകണമെന്ന് വിശ്വസിച്ചവരായിരുന്നു കല്യാണിക്കുട്ടിയമ്മയുടെ മാതാപിതാക്കൾ. പെൺകുട്ടിയായതുകൊണ്ട് വിവേചനം പാടില്ല എന്നും അവർക്ക് ഉറപ്പുണ്ടായിരുന്നു.

മഹാത്മാഗാന്ധി, ആനി ബസന്റ്, ജിദ്ദു കൃഷ്ണമൂർത്തി, വി.കെ. കൃഷ്ണമേനോൻ, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയവരുമായുള്ള അടുത്തബന്ധം ജീവിതത്തെ അഭിമുഖീകരിക്കാനുള്ള ധൈര്യം നൽകിയെന്ന് അവർ എഴുതിയിട്ടുണ്ട്.

അഖിലേന്ത്യാ സ്ത്രീജനസംഘടനയിലും വിദ്യാർത്ഥിസംഘടനയും പ്രവർത്തിച്ചിരുന്ന കെ. കല്യാണിക്കുട്ടിയമ്മ ദേശീയ-അന്തർദേശീയ വിദ്യാർത്ഥിസമ്മേളനങ്ങളിലും വനിതാസമ്മേളനങ്ങളിലും പങ്കെടുത്തു. രാജ്യത്തിനകത്തും പുറത്തും നിരവധി യാത്രകൾ നടത്തിയ എഴുത്തുകാരികൂടിയാണ് അവർ. പഠിച്ചിരുന്ന സ്കൂളിൽത്തന്നെ അധ്യാപികയായി ചേരാനും അവർക്ക് കഴിഞ്ഞു.

വിവാഹശേഷമാണ് സംഘടനാപ്രവർത്തനത്തിനും യാത്രകൾക്കുമുള്ള സാധ്യതകൾ അവർക്ക് പൂർണമായും ഉപയോഗപ്പെടുത്താൻ കഴിഞ്ഞത്. നല്ല പ്രാസംഗികയായിരുന്നു അവർ. 1929-ൽ ബോംബെയിൽ നടന്ന മഹിളാസമ്മേളനത്തിൽ വച്ച് അവർ സരോജിനി നായിഡുവുമായി അടുത്ത പരിചയത്തിലായി. ഗാന്ധിജിയുമായി സംഭാഷണം നടത്താനും കല്യാണിക്കുട്ടിയമ്മയ്ക്ക് അവസരം കിട്ടിയിരുന്നു. 1935 മെയ് മാസത്തിൽ ഇരുപതുപേരടങ്ങുന്ന ഒരു സംഘത്തിൽ അംഗമായി അവർ യൂറോപ്യൻ പര്യടനത്തിനു പോയി. ആ യാത്രയെക്കുറിച്ച് 'ഹിന്ദുസ്ഥാൻ ടൈംസ്', 'മനോരമ', 'ഗോമതി' എന്നിവയിൽ കല്യാണിക്കുട്ടിയമ്മ എഴുതി. അത് പിന്നീട് 'ഞാൻ കണ്ട യൂറോപ്പ്' എന്ന പേരിൽ യാത്രാവിവരണമായി പ്രസിദ്ധീകരിച്ചു. 'പഥികയും വഴിയോരത്തെ മണിദീപങ്ങളും' എന്ന പുസ്തകം അവരുടെ ജീവിതരേഖയാണ്. മലയാളത്തിലെ സ്ത്രീആത്മകഥാസാഹിത്യത്തിലെ വ്യത്യസ്തമായ ഒരു പുസ്തകമാണ് ഇത്. മിസിസ്സ് സി. കുട്ടൻ നായർ എന്ന പേരിലും അവർ എഴുതുമായിരുന്നു. 1994-ൽ 'പഥികയും വഴിയോരത്തെ മണിദീപങ്ങളും' എന്ന പുസ്തകത്തിന് അവർക്ക് കേരള സാഹിത്യഅക്കാദമി അവാർഡ് ലഭിച്ചു.

## കെ. പത്മം (1926)

ഗുരുവായൂർ നങ്ങാട്ടിൽ പുത്തൻവീട്ടിൽ കുട്ടിക്കൃഷ്ണൻ കുട്ടികൃഷ്ണമേനോന്റെയും കുഞ്ഞിലക്ഷ്മിയമ്മയുടെയും മകളായ കെ. പത്മം ഉയർന്ന മാർക്കോടെ ഇന്റർമീഡിയറ്റ് പാസ്സായി. കണ്ണൂരിൽ റവന്യൂ വകുപ്പിൽ ഉദ്യോഗസ്ഥയായി. 1946-ൽ കെ. ദാമോദരനെ വിവാഹം കഴിച്ചു. 1965-ൽ കെ. ദാമോദരൻ രാജ്യസഭാംഗമായപ്പോൾ അദ്ദേഹത്തോടൊപ്പം ഡൽഹിയിലേക്ക് താമസം മാറ്റി. 1976-ൽ ഭർത്താവിന്റെ മരണശേഷം നാട്ടിൽ മടങ്ങിയെത്തി എഴുത്തും പൊതുപ്രവർത്തനവും തുടർന്നു.

ഭർത്താവ് കെ. ദാമോദരനെ സഹായിച്ചുകൊണ്ടാണ് കെ. പത്മം പത്രപ്രവർത്തനരംഗത്തെത്തുന്നത്. 1950-കളിൽ കെ. പത്മമായിരുന്നു 'ന്യൂഏജി'?ലെ ലേഖനങ്ങൾ 'നവയുഗ'ത്തിനുവേണ്ടി പരിഭാഷപ്പെടുത്തിയിരുന്നത്. ഗുരുവായൂർ നഗരസഭയുടെ ആദ്യ കൗൺസിൽ അംഗമായിരുന്നു അവർ. തൃശ്ശൂർ ജില്ലാ കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. 'ജനയുഗ'ത്തിൽ വരുന്ന ലേഖന

ങ്ങളുടെ പ്രൂഫ് നോക്കുന്ന ജോലി അവർ ചെയ്തിരുന്നു. സി. ഉണ്ണിരാജാ, ഇ.എം.എസ്. നമ്പൂതിരിപ്പാട് തുടങ്ങിയവരുടെ രാഷ്ട്രീയലേഖനങ്ങളും പി.ആർ. നമ്പ്യാരുടെ അധ്യാപകപ്രശ്നങ്ങളുമായി ബന്ധപ്പെട്ട ലേഖനങ്ങളും 'കേരളീയൻ' എഴുതിയിരുന്ന കാർഷികപ്രശ്നങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും അവർ വായിച്ച് പ്രൂഫ് തിരുത്തിയിരുന്നു.

## അമ്പാടി കാർത്ത്യായനിയമ്മ

1980–ൽ 'ഗൃഹലക്ഷ്മി' മാസികയിൽ എഴുതിയ ഒരു ലേഖനത്തിൽ അമ്പാടി കാർത്ത്യായനിയമ്മ എഴുതി: "ഗൃഹലക്ഷ്മിക്ക് ഒരു പ്രത്യേക കർത്തവ്യം നിർവഹിക്കാനുണ്ട്. ഗൃഹത്തിലും സമൂഹത്തിലും രാഷ്ട്രത്തിലും പ്രത്യക്ഷപ്പെടുന്ന അനാശാസ്യപ്രവണതകൾക്കെതിരെ ശബ്ദമുയർത്തുന്ന സ്ത്രീകളുടെ എണ്ണം വിരളമാണ്. സ്വതന്ത്രമായി



അമ്പാടി കാർത്ത്യായനിയമ്മ

ചിന്തിക്കാനും ആദർശനിഷ്ഠയോടെ പ്രവർത്തിക്കാനുമുള്ള ധൈര്യവും ആത്മവിശ്വാസവും സ്ത്രീകൾക്ക് ലഭിക്കുന്നതിന് 'ഗൃഹലക്ഷ്മി'യുടെ സമ്പർക്കം കാരണമാകണം."

അമ്പാടി കാർത്ത്യായനിഅമ്മയുടെ ലേഖനങ്ങളിലൊക്കെ നിറഞ്ഞുതന്നത് സ്ത്രീകൾക്ക് ആത്മവിശ്വാസത്തിനു വേണ്ടിയുള്ള ആഹ്വാനമായിരുന്നു. വിദ്യാഭ്യാസപരിഷ്കരണം, സ്വതന്ത്ര ഭാരതത്തിലെ സ്ത്രീകൾ, ബാലസാഹിത്യനിർമാണം തുടങ്ങി നിരവധി വിഷയങ്ങൾ അവർ എഴുത്തിന് കാരണങ്ങളാക്കി.

ഗ്രാമീണ വിദ്യാലയത്തിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ കാർത്ത്യായനിയമ്മ ഏഴാം ക്ലാസുവരെ എറണാകുളത്തെ ബന്ധുവീട്ടിൽ താമസിച്ച് പഠിച്ചു. മലയാളഭാഷയിലുള്ള കാർത്ത്യായനി അമ്മയുടെ പ്രാവീണ്യംകണ്ട് സന്തോഷിച്ച് ടി.സി. കല്യാണിയമ്മ നിരവധി സമ്മാനങ്ങൾ നൽകി. കോൺവെൻറിൽ ചേർന്ന് തുടർപഠനം നിർവ്വഹിച്ച അവർ ഇംഗ്ലീഷ് ഭാഷയിലും വ്യുത്പത്തി നേടി. ആൺകുട്ടികൾ മാത്രം പഠിച്ചിരുന്ന എറണാകുളം മഹാരാജാസ് കോളേജിൽ ചേർന്നാണ് അവർ ഇൻറർ മീഡിയറ്റിനു പഠിച്ചത് തുടർപഠനത്തിന് മദ്രാസ് ക്വീൻ മേരീസ് കോളേജിൽ പോയി. പഠിത്തത്തിലും പാഠ്യേതരപ്രവർത്തനങ്ങളിലും പ്രതിഭ തെളിയിച്ച കാർത്ത്യായനിയമ്മയ്ക്ക് സരോജിനിനായിഡു, ഹരീന്ദ്രനാഥ് ചതോപാധ്യായ, ഡോ. കസിൻസ് തുടങ്ങിയ നിരവധി പ്രതിഭകളുമായി നേരിട്ട് സംവദിക്കാൻ അവസരം കിട്ടി. രവീന്ദ്രനാഥ ടാഗോർ കവിത ചൊല്ലുന്നതും മഹാത്മാഗാന്ധി പ്രസംഗിക്കുന്നതും അവർക്ക് കേൾക്കാൻ കഴിഞ്ഞു. മദ്രാസിൽനിന്ന് പഠനം കഴിഞ്ഞെത്തിയ അവർ എറണാകുളത്തെ സർക്കാർ ബാലികാവിദ്യാലയത്തിൽ പ്രധാനാധ്യാപികയായി. കൊച്ചിയിലെ ആദ്യത്തെ ബി.എ. ബിരുദധാരിണി എന്ന നിലയിൽ വിദ്യാലയസമാജങ്ങളിലും മറ്റും പ്രസംഗിക്കാൻ അവസരം കിട്ടിയത് അവരെ മലയാളവുമായി കൂടുതൽ അടുപ്പിച്ചു. ഇടപ്പള്ളിയിൽ നടന്ന സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ പ്രഥമ സമ്മേളനത്തിൽ ഇടപ്പള്ളി രാജാവിന്റെ ക്ഷണമനുസരിച്ച് 'സ്ത്രീകളും സാഹിത്യവും' എന്ന വിഷയത്തിൽ പ്രസംഗിച്ചു. തിരുവനന്തപുരത്ത് നടന്ന സാഹിത്യപരിഷത്ത് സമ്മേളനത്തിൽ ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ ക്ഷണപ്രകാരം കാർത്ത്യായനിയമ്മ പങ്കെടുക്കുകയും അധ്യക്ഷം വഹിച്ച് സംസാരിക്കുകയും ചെയ്തു. സാഹിത്യപരിഷത്തിന്റെ നിർവാഹകസമിതി അംഗമായും ഉപാധ്യക്ഷയായും അവർ പ്രവർത്തിച്ചു. സാഹിത്യ അക്കാദമിയുടെ നിർവാഹകസമിതി അംഗമായും ഉപാധ്യക്ഷയായും ആയി. അവർ മഹാകവി ജി.യുടെ അധ്യക്ഷതയിൽ ബാലസാഹിത്യനിർമാണത്തിന് ഒരു ഉപസമിതിയെ ഉണ്ടാക്കിയിരുന്നു. 'ബാലവാണി' എന്ന പേരിൽ മൂന്നുപുസ്തകങ്ങൾ കാർത്ത്യായനിയമ്മ ഇക്കാലത്ത് എഴുതി. പല പ്രധാന കൃതികളും ഇംഗ്ലീഷിൽനിന്ന് അവർ പരിഭാഷപ്പെടുത്തി.

## എ.വി. കുട്ടിമാളുഅമ്മ (1905-1985)

പ്രമുഖ സ്വാതന്ത്ര്യസമര നേതാവായ എ.വി. കുട്ടിമാളുഅമ്മ ശാന്തിനികേതനിൽ പോയി പഠനം നടത്തിയ അപൂർവ്വം സ്ത്രീകളിൽ പെടുന്നു. നിയമലംഘനസമരവുമായി ബന്ധപ്പെട്ട് രണ്ടുമാസം പ്രായമുള്ള കുഞ്ഞുമായി കുട്ടിമാളുഅമ്മ ജയിൽവാസം അനുഷ്ഠിക്കുകയുണ്ടായി. 1932, 40, 43 വർഷങ്ങളിലായി അഞ്ചുവർഷം അവർക്ക് ജയിൽവാസം നേരിടേണ്ടിവന്നു. പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമത്തിലെ വടക്കത്തു കുടുംബത്തിൽ പെരുമ്പിലാവിൽ ഗോവിന്ദമേനോന്റെയും അമ്മുഅമ്മയുടേയും മൂത്ത മകളായിരുന്നു കുട്ടിമാളുഅമ്മ.

കോഴിപ്പുറത്ത് മാധവമേനോനെയാണ് വിവാഹം കഴിച്ചത്. ഗാന്ധിജിയുമായി അടുത്തിടപഴകി പ്രവർത്തിച്ചിരുന്ന ഇവർ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സജീവ പ്രവർത്തകയായിരുന്നു. സമരരംഗത്ത് മാത്രമല്ല നിയമസഭാപ്രവർത്തനങ്ങളിലും അവർ കഴിവ് തെളിയിച്ചിട്ടുണ്ട്. അവിഭക്ത മദിരാശി അസംബ്ലിയിൽ അംഗമായിരുന്ന കാലത്ത് സഭയ്ക്കകത്ത് അവർ നടത്തിയ ഇടപെടലുകൾ രാജാജി, കാമരാജ് തുടങ്ങിയ നേതാക്കളെവരെ ആകർഷിച്ചു. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി തുടങ്ങി നിരവധി ദേശീയ നേതാക്കളുമായി അവർക്ക് ഉറ്റബന്ധമുണ്ടായിരുന്നു.



എ.വി. കുട്ടിമാളുഅമ്മ

എ.ഐ.സി.സി. അംഗമായിരുന്ന കുട്ടിമാളുഅമ്മ സാമൂഹികസേവനരംഗത്തും പ്രവർത്തിച്ചിരുന്നു. കോഴിക്കോട് അനാഥമന്ദിരത്തിന്റെ സ്ഥാപകപ്രസിഡൻറായിരുന്നു അവർ.

ഹരിജനക്ഷേമം, അയിത്തോച്ചാടനം, വിധവാ പുനർവിവാഹം, മിശ്രവിവാഹം, ഖാദിപ്രചരണം, മദ്യവർജനം തുടങ്ങി നിരവധി രംഗങ്ങളിൽ അവരുടെ സേവനം വിലപ്പെട്ടതായിരുന്നു. പത്രപ്രവർത്തനരംഗത്ത് കുട്ടിമാളുഅമ്മയുടെ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്. 'മാതൃഭൂമി'യുടെ ഡയറക്ടറായിരുന്നു അവർ. ഭർത്താവിന്റെ ഒപ്പം 'മാതൃഭൂമി' പത്രത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുംവേണ്ടി അവർ ആത്മാർത്ഥമായി പരിശ്രമിച്ചു. 1947 ജൂലായിലാണ് അവർ 'മാതൃഭൂമി' ഡയറക്ടറായത് ഇടക്കാലത്ത് കുറച്ചുനാൾ മാറിനിന്നതിനുശേഷം വീണ്ടും 1965–ൽ വീണ്ടും ഡയറക്ടറായി ചേർന്നു. 1936 മുതൽ 1946 വരെ മദിരാശി നിയമസഭാംഗമായും 1952 വരെ മദിരാശി യൂണിവേഴ്സിറ്റി സെനറ്റംഗമായും പ്രവർത്തിച്ചു. കുട്ടിമാളു അമ്മ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ മലയാള പ്രദേശ് കോൺഗ്രസ് കമ്മിറ്റി പ്രസിഡൻറ്, അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി അംഗം, 1955 മുതൽ നാലുവർഷം കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം എന്നീ നിലയിൽ പ്രവർത്തിച്ചു.

## എം ഹലീമാബീവി (1918-2000)

ചരിത്രത്തിൽനിന്ന് മാറ്റിനിർത്തപ്പെട്ട ഒരു പത്രപ്രവർത്തക –ഹലീമാബീവിയെ വിശേഷിപ്പിക്കാൻ മറ്റൊരു വാക്കില്ല. സ്ത്രീകൾക്ക് സ്വതവേ സംഭവിക്കുന്ന ചരിത്രനിരാസം ഹലീമാബീവിയുടെ കാര്യത്തിൽ ശക്തവും ക്രൂരമായിരുന്നു.

ഇരുപതാമത്തെ വയസ്സിൽ (1938) 'മുസ്ലിംവനിത' എന്ന മാസികയിലൂടെ പ്രസാധനരംഗത്തേക്കും പത്രപ്രവർത്തനരംഗത്തേക്കും എത്തിയ ഹലീമാബീവി 'മുസ്ലിംവനിത'യെ കൂടാതെ 'വനിത', 'ഭാരതചന്ദ്രിക', 'ആധുനികവനിത' തുടങ്ങി നാലു മാസികകൾ പ്രസിദ്ധീകരിച്ചു. മതവും ശാസ്ത്രവും രാഷ്ട്രീയവും ലളിതകലകളും നിത്യജീവിതവും സിനിമയും ഉൾപ്പെടെ ജീവിതത്തെ ബാധിക്കുന്ന വിവിധ വിഷയങ്ങൾ അവരുടെ പ്രസിദ്ധീകരണങ്ങൾ ചർച്ച ചെയ്തു.

അടൂരിൽ പീർമുഹമ്മദിന്റെയും മൈതീൻ ബീവിയുടെയും മകളായി ജനിച്ച ഹലീമാബീവിക്ക് വളരെ ചെറുപ്പത്തിലേ പിതാവിന്റെ മരണം സംഭവിച്ചു. അമ്മ മൈതീൻബീവിയുടെ ഇച്ഛാശക്തിയും




ധൈര്യവും ചിന്താശേഷിയും ഹലീമാബീവിയെ വ്യത്യസ്തയാക്കി. മൈതീൻബീവി മകൾക്ക് വിദ്യാഭ്യാസം നൽകി. അക്കാലത്തെ മുസ്ലിം പെൺകുട്ടികൾക്ക്വിദ്യാഭ്യാസം സാധാരണമായിരുന്നില്ല. വിവാഹത്തോടെയാണ് ഹലീമാബീവിക്ക് പത്രപ്രവർത്തനരംഗത്ത് എത്താൻ കഴിയുന്നത്. ഭർത്താവ് കെ.എം. മുഹമ്മദ് മൗലവി തിരുവല്ല സ്കൂളിൽ അറബി അധ്യാപകനായിരുന്നു. വക്കം മൗലവിയുടെ ശിഷ്യനായിരുന്ന മുഹമ്മദ് മൗലവി ഹലീമാബീവിക്ക്നവോത്ഥാനാശയങ്ങൾ പകർന്നുനൽകി. തന്റെ സ്വന്തം പ്രസിദ്ധീകരണങ്ങൾക്കൊപ്പം അൽ

മനാർ, അൻസാരി തുടങ്ങിയ നിരവധി പ്രസിദ്ധീകരണങ്ങളിലും സുവനീറുകളിലും ഹലീമാബീവി ലേഖനങ്ങളെഴുതി. പത്രാധിപ, പ്രസാധക എന്നീ നിലകൾക്കൊപ്പം രാഷ്ട്രീയത്തിലും അവർ സജീവയായിരുന്നു. രാഷ്ട്രീയപ്രവർത്തനത്തിലൂടെ ജയിൽശിക്ഷവരെ അവർക്ക് നേരിടേണ്ടിവന്നു. തിരുവല്ലയുടെ മുൻസിപ്പൽ കൗൺസിലറായിരുന്നു അവർ.

വാർത്താവിനിമയ സംവിധാനങ്ങളോ ഗതാഗത സംവിധാനങ്ങളോ സുഗമമല്ലാതിരുന്ന ഒരു കാലത്ത് നാടെങ്ങും നടന്ന് അവർ പത്രപ്രവർത്തന-രാഷ്ട്രീയ-സാമൂഹിക പ്രവർത്തനങ്ങൾ നടത്തി. ഇത്രയേറെ സജീവമായിരുന്ന ഹലീമാബീവി കേരളത്തിലെ മാധ്യമചരിത്രത്തിലോ രാഷ്ട്രീയചരിത്രത്തിലോ എന്തിന് മുസ്ലിംചരിത്രത്തിലോ പോലും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. നൂറ, നൂർജഹാൻ എന്ന രണ്ട് പത്രപ്രവർത്തകർ നടത്തിയ അന്വേഷണമാണ് ചൈതന്യവത്തായ ആ ജീവിതത്തെക്കുറിച്ച് വിശദമായ അറിവ് നൽകുന്നത്. 'പത്രാധിപ' എന്ന പേരിൽ അവർ പ്രസിദ്ധീകരിച്ച ഹലീമാബീവിയുടെ ജീവിതരേഖ (2020) ആവേശോജ്ജ്വലമായ ഒരു സ്ത്രീജീവിതത്തെ അനാവരണം ചെയ്യുന്നു.

മാനേജിങ് എഡിറ്റർസ്ഥാനത്തിനൊപ്പം പ്രിൻറിങ്ങുമായി ബന്ധപ്പെട്ട സാങ്കേതികജോലികളിലും ഹലീമാബീവി ശ്രദ്ധ ചെലുത്തിയിരുന്നുവെന്ന് ഈ പുസ്തകത്തിലൂടെ അറിയാനാവുന്നു. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ 'മുസ്ലിംവനിത'യെ വലച്ചു. ഒപ്പം യാഥാസ്ഥിതിക മുസ്ലിം സമൂഹത്തിന്റെ കടുത്ത എതിർപ്പും നേരിടേണ്ടിവന്നു.

എങ്ങനെയാണ് അക്കാലത്ത് പിടിച്ചുനിൽക്കാൻ ശ്രമിച്ചതെന്ന് ഹലീമാബീവി എഴുതിയിട്ടുണ്ട്.

"മുസ്ലിംവനിത'യുടെ ആറുലക്കം പുറത്തുവന്നപ്പോഴേക്കും അതിന്റെ നേർക്കുള്ള സന്ധിയില്ലാസമരം മൂർദ്ധന്യാവസ്ഥയിലെത്തി. അപ്പോഴാണ് അഭിവന്ദ്യനായ കെ.എം. മൗലവി സാഹിബ് ഞങ്ങളുടെ ഓഫീസിൽ വരികയും ഒന്നോ രണ്ടോ ദിവസത്തെ താമസത്തിനിടയ്ക്ക് മാസികയുടെ മുന്നോട്ടുള്ള നടത്തിപ്പിൽ ചില നയപരിപാടികൾ സ്വീകരിക്കാൻ നിർദ്ദേശങ്ങൾ നൽകുകയുംചെയ്തു. മതസംബന്ധമായ തർക്കവിഷയങ്ങളിൽനിന്നും 'മുസ്ലിംവനിത' ഒഴിഞ്ഞുമാറി. 'മുസ്ലിംവനിത' മുഖേന തിരുവിതാംകൂറിലെ മുസ്ലിം സ്ത്രീകളുടെ ഇടയിൽ വിപ്ലവകരമായ ഒരു ചിന്താസരണി രൂപം കൊണ്ടു എന്ന് അനന്തരഫലങ്ങൾ മുഖേന എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്" (അനുഭവങ്ങളിലേക്ക് ഒരെത്തിനോട്ടം, അൽമനാർ വിശേഷാൽപ്രതി, 1959).

1944ൽ 'ഭാരതചന്ദ്രിക' എന്ന മാസിക പ്രസിദ്ധീകരിച്ചുകൊണ്ടാണ് 'മുസ്ലിംവനിത'യ്ക്കുശേഷം ഹലീമാബീവി പ്രസാധനരംഗത്തെത്തുന്നത്.

'ഭാരതചന്ദ്രിക' സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി. സാഹിത്യവും ഇതിൽ പ്രാമുഖ്യംനേടി. മാനേജിങ് എഡിറ്ററും പത്രാധിപയും ഹലീമാബീവി തന്നെയായിരുന്നു. വൈക്കം മുഹമ്മദ് ബഷീർ, വക്കം അബ്ദുൽ ഖാദർ തുടങ്ങിയ പ്രമുഖർ പത്രാധിപസമിതിയിൽ ഉണ്ടായിരുന്നു. പുതിയ എഴുത്തുകാരുടെ ഒരു കളരിയായിരുന്നു 'ഭാരതചന്ദ്രിക'യെന്ന് ഹലീമാബീവി പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയമായിരുന്നു 'ഭാരതചന്ദ്രിക' ഗൗരവമായി ചർച്ച ചെയ്തിരുന്നത്.

1948-ൽ 'ഭാരതചന്ദ്രിക' ദിനപത്രമായി മാറി. ഇതിനിടെ പത്രം നടത്താനായി ഹലീമാബീവിയും കുടുംബവും തിരുവല്ലയിൽനിന്നും പെരുമ്പാവൂരേക്ക് താമസം മാറ്റി. എങ്കിലും 1952-ൽ സാമ്പത്തിക പ്രശ്നങ്ങൾ കാരണം പത്രം പൂട്ടേണ്ടിവന്നു.

'ഭാരതചന്ദ്രിക'യ്ക്കൊപ്പം 'വനിത' എന്നൊരു മാസിക കൂടി ഹലീമാബീവി പ്രസിദ്ധീകരിച്ചിരുന്നു. സാഹിത്യം, സ്ത്രീജീവിതം, കുടുംബം, ലോകവിശേഷങ്ങൾ, കഥകൾ തുടങ്ങി വിവിധ വിഷയങ്ങളിൽ കൈകാര്യം ചെയ്തിരുന്നു. ഭാരതചന്ദ്രിക ബുക്സ്റ്റാൾ, ആസാദ് മെമ്മോറിയൽ പ്രസ് തുടങ്ങിയ സ്ഥാപനങ്ങളും അവർ നടത്തിയിരുന്നു.

1970-ൽ 'ആധുനികവനിത' എന്ന ഒരു പ്രസിദ്ധീകരണം ഹലീമാബീവി തുടങ്ങി. മികച്ച കെട്ടും മട്ടും ഇതിന്റെ സവിശേഷതയായി കണക്കാക്കപ്പെടുന്നു. സ്ത്രീകളെ സംബന്ധിച്ച ഉപരിപ്ലവമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനപ്പുറം സ്ത്രീജീവിതവുമായി ബന്ധപ്പെട്ട ആഴമുള്ള സാമൂഹിക-സാംസ്കാരിക വിഷയങ്ങളിൽ കൈകാര്യം ചെയ്തിരുന്നു. സ്ത്രീകളായിരുന്നു എഴുത്തുകാരിൽ ഭൂരിപക്ഷവും. വ്യത്യസ്തതകളും ആർജ്ജവത്വവുമുണ്ടായിരുന്ന ഈ മാസികയും സാമ്പത്തികഞെരുക്കത്തിൽപെട്ട് ഏറെനാൾ കഴിയുംമുമ്പ് നിർത്തിവെക്കേണ്ടിവന്നു.

കേരളത്തിൽ ആദ്യമായി ഒരു മുസ്ലിം വനിതാ സമ്മേളനം നടന്നത് ഹലീമാബീവിയുടെ (1938) നേതൃത്വത്തിലായിരുന്നു. ദിവാൻ സർ സി.പി. രാമസ്വാമി അയ്യർക്കെതിരെ പ്രക്ഷോഭം നയിച്ചിരുന്നവർക്ക് ലഘുലേഖകളും നോട്ടീസുകളും അച്ചടിച്ച് നൽകി ഹലീമാബീവി ധൈര്യംകാണിച്ചു. അവർ സർ സി.പി.യുടെ നോട്ടപ്പുള്ളിയായി മാറി. അവരെ നേരിട്ട് വിളിച്ചുവരുത്തി 'രാഷ്ട്രീയപ്രവർത്തനം നിർത്തിയാൽ ജോലി കൊടുക്കാ'മെന്ന് സി.പി. പറഞ്ഞു. 'സ്വാതന്ത്ര്യം ബലികൊടുക്കാനില്ല' എന്നുപറഞ്ഞ് ഹലീമാബീവി അത് നിരസിച്ചു (ചന്ദ്രിക ആഴ്ചപ്പതിപ്പ്, 1995 ജൂലൈ). തിരുവിതാംകൂറിലെ ആദ്യത്തെ വനിതാ മുൻസിപ്പൽ കൗൺസിലറായിരുന്ന ഹലീമാബീവി തിരുവല്ല മുനിസിപ്പാലിറ്റിയിൽ അഞ്ചുവർഷം കൗൺസിലറായി പ്രവർത്തിച്ചു. തിരുവിതാംകൂറിലെ ഉത്തരവാദപ്രക്ഷോഭ

ത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിക്കുന്ന ആദ്യ മുസ്ലിംവനിതയും അവരായിരുന്നു.

## അമ്നിശിവറാം

പത്രപ്രവർത്തനരംഗത്തേക്ക് മൂവാറ്റുപുഴ കോഴയ്ക്കാട്ടുതോട്ടത്തിൽ വർക്കി മത്തായിയുടെ മക്കൾ അമ്മിണി എത്തുമ്പോൾ മുൻധാരണകളൊന്നുമില്ലായിരുന്നു. 1952-ൽ ബോംബെയിൽ നിന്നു പ്രസിദ്ധീകരിച്ചിരുന്ന 'ഫ്രീ പ്രസ് ജേണലി'ൽ സബ് എഡിറ്ററായി അവർ എത്തുമ്പോൾ അത് ഒരു 'ആൺലോകം' ആയിരുന്നു.

എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നിന്ന് ബിരുദവും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബിരുദവും പൂർത്തിയാക്കിയ അമ്മിണിക്ക് മുത്തച്ഛന്റെ വാക്കുകളായിരുന്നു എന്നും ഓർമ്മയിൽ.

"ഒരു വ്യക്തിയിൽനിന്ന് ആർക്കും മോഷ്ടിക്കാൻ കഴിയാത്ത രത്നമാണ് വിദ്യാഭ്യാസം."

തിരുവനന്തപുരത്ത്ടീച്ചേഴ്സ് ട്രെയിനിങ്ങിന്ചേരാൻ പോയ അമ്മിണിയെ സഹോദരി ബോംബെ




യ്ക്ക് ക്ഷണിച്ചു. അവിടെയെത്തിയപ്പോൾ കുടുംബസുഹൃത്ത് എം.യു. മാത്യു 'ഫ്രീ പ്രസ് ജേണലി'ലെ ൽ ഡയറക്ടർ ഇൻചാർജ് ആയിരുന്ന എ.ബി. നായർ വഴി അമ്മിണിക്ക് അവിടെ ജോലി വാങ്ങിക്കൊടുത്തു.

"എനിക്ക് പത്രപ്രവർത്തനം എന്താണെന്ന് അറിയില്ലായിരുന്നു. മാത്യു അങ്കിൾ പറഞ്ഞു, "കോമ്പോസിഷനുകളും പ്രിന്റുകളും കറക്ട് ചെയ്യലുമാണ് ജോലി." അമ്മിണി ചേരുന്ന കാലത്ത് 'അവരായിരിക്കും ഇന്ത്യയിലെ രണ്ടാമത്തെ വനിതാ പത്രപ്രവർത്തക' എന്ന് പി.കെ. രവീന്ദ്രനാഥ് അമ്മിണിയുടെ ആത്മകഥയ്ക്ക് എഴുതിയ അവതാരികയിൽ പറഞ്ഞിരിക്കുന്നു. 'ഫ്രീ പ്രസ് ജേണലി'ൽ ചേരാനെത്തുമ്പോൾ എഡിറ്റർ എം. ശിവറാം പറഞ്ഞത് ആത്മകഥയിൽ അമ്മിണി ഓർക്കുന്നത് ഇങ്ങനെയാണ്:

"ഞങ്ങളുടെ ഡെസ്കിൽ ഒരു സ്ത്രീ ഇതുവരെ ജോലി ചെയ്തിട്ടില്ല. പുരുഷന്മാർ പല ഷിഫ്റ്റിലാണ് ഇവിടെ പണിയെടുക്കുന്നത്. നിങ്ങളുടെ കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് നോക്കട്ടെ. നിങ്ങൾ ചരിത്രം മാറ്റിയെഴുതുകയാണ്."

പി.ടി.ഐ., യു.എൻ.ഐ. ടെലിപ്രിൻറർ വാർത്തകൾ അവർക്ക് മുന്നിൽ കുന്നുകൂടി. ഓരോന്നായി എഡിറ്റ് ചെയ്ത് മുകളിലുള്ളവരെ കാണിച്ചു. നിരന്തരമായി അവയൊക്കെ ചവറ്റുകുട്ടയിൽ പോയി. നിരാശ തോന്നിയെങ്കിലും അതൊക്കെ പരിശീലനത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിഞ്ഞ് അമ്മിണി പിന്മാറാതെനിന്നു.

ടി.ജെ.എസ്. ജോർജ്, എം. ശിവറാം, പി.കെ. രവീന്ദ്രനാഥ്, ബാൽതാക്കറെ തുടങ്ങി നിരവധി പ്രമുഖർ അവിടെ അമ്മിണിയുടെ സഹപ്രവർത്തകരായിരുന്നു. ആദ്യകാലത്ത് സഹപ്രവർത്തകരോടൊത്ത് കോഫി കുടിക്കാൻ പോകാൻപോലും പേടിയായിരുന്നുവെന്ന് അമ്മിണി അവരുടെ 'മൈ ടൗൺ, മൈ പീപ്പിൾ' എന്ന ആത്മകഥയിൽ എഴുതിയിട്ടുണ്ട്. പിന്നീട് അവരോടൊപ്പം സൗഹൃദത്തിലാകാനും പത്രപ്രവർത്തനത്തിന്റെ ആവേശം പങ്കുവെക്കാനും അവർക്ക് കഴിഞ്ഞു.

സ്വന്തം ജീവിതത്തിൽനിന്നുള്ള അനുഭവങ്ങൾ എഴുതിക്കൊണ്ടാണ് അവർ യഥാർഥ ജോലിയിലേക്ക് പ്രവേശിച്ചത്. 'മൈ മദർ ഈസ് മൈ ഡ്രീം' എന്ന ആദ്യലേഖനം കുട്ടിക്കാലത്ത് നഷ്ടപ്പെട്ട അമ്മയെ സ്വപ്നത്തിൽ കണ്ടതുമായി ബന്ധപ്പെട്ടായിരുന്നു. പിന്നീട് 'ഫ്രീ പ്രസ് ജേണലി'ലും വീക്കിലി മാഗസിനായ 'ഭാരത് ജ്യോതി' (റ്റി.ജെ.എസ്. ജോർജിനായിരുന്നു ഇതിന്റെ ചാർജ്) യിലും അമ്മിണി നിരന്തരം എഴുതാൻ തുടങ്ങി. സിനിമാഷൂട്ടിംഗുകൾ, അവിടുത്തെ വിശേഷങ്ങൾ എന്നിവ അവരുടെ എഴുത്തുവിഷയങ്ങളായി മാറി.

'ഫ്രീ പ്രസ് ജേർണലി'ൽ ഒപ്പം പ്രവർത്തിച്ചിരുന്ന കെ. ശിവറാമുമായുള്ള വിവാഹശേഷം (1957) അമ്മിണി ജോലി ഉപേക്ഷിച്ച് മുഴുവൻസമയ വീട്ടമ്മയായി മാറി. വ്യത്യസ്ത ഷിഫ്റ്റുകൾ കുടുംബജീവിതത്തിൽ വിരഹം സൃഷ്ടിച്ചപ്പോൾ ഭർത്താവ് ജോലി ഉപേക്ഷിച്ച് വീട്ടമ്മയാകാൻ ആവശ്യപ്പെട്ടുവെന്നും പൂർണ്ണമനസ്സോടെ താനത് ചെയ്തുവെന്നും അവർ ആത്മകഥ (പേജ് 229) യിൽ എഴുതിയിട്ടുണ്ട്. തന്റെ രാജിക്കത്ത് ഭർത്താവ് തന്നെ എഴുതി അദ്ദേഹം തന്നെ ഒപ്പിട്ട്പത്രമോഫീസിൽ നൽകിയതിനെക്കുറിച്ചും അവർ എഴുതിയിട്ടുണ്ട്.

"ഞാൻ ഒട്ടും സങ്കടപ്പെടില്ല. എനിക്ക് വീട്ടിൽ ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ടായിരുന്നു. പോരാഞ്ഞിട്ട് എന്റെ ആദ്യത്തെ കുഞ്ഞ് വരാറായിരുന്നു."

പിന്നീട് വർഷങ്ങൾക്കുശേഷം കുട്ടികൾ വലുതായിക്കഴിഞ്ഞ് 1974-ൽ അവർ കൊച്ചിയിൽ ഇന്ത്യൻ എക്സ്പ്രസ്സിൽ സബ് എഡിറ്ററായി പത്ര

പ്രവർത്തനരംഗത്ത് തിരിച്ചെത്തി. വിമൻസ് പേജ് സിനിമ, ചരിത്രം, ശാസ്ത്രം തുടങ്ങി നിരവധി വിഷയങ്ങൾ അവർ കൈകാര്യം ചെയ്തു. സിനിമാ റിപ്പോർട്ടിങ്ങിനുവേണ്ടി അവർ ധാരാളം യാത്ര ചെയ്തു. ബഹദൂർ, കമലഹാസൻ, പ്രേംനസീർ, അടൂർഭാസി, ഉമ്മർ, ജനാർദ്ദനൻ, ജയൻ, ഷീല തുടങ്ങി നിരവധി ചലച്ചിത്ര പ്രവർത്തകരെ കാണാനും അഭിമുഖം നടത്താൻ കഴിഞ്ഞതിലെ സന്തോഷം അവർ പങ്കുവെച്ചിട്ടുണ്ട്. ഭർത്താവ് ശിവറാമിന് അഹമ്മദാബാദിലേക്ക് മാറ്റമായതോടെ അവർ വീണ്ടും പത്രപ്രവർത്തനരംഗം വിട്ടു. 'അമ്നി ശിവറാം' എന്ന പേരിലാണ് വിവാഹശേഷം അവർ എഴുതിയിരുന്നത്. ഹോങ്കോങ്ങിൽ നിന്നുള്ള ഏഷ്യാവീക്കിലും മലയാളമനോരമയിലും മാതൃഭൂമിയിലും അവർ എഴുതുമായിരുന്നു. അവസാനകാലത്ത് അഹമ്മദാബാദിൽ സ്ഥിരതാമസമാക്കിയ അമ്നിശിവറാം 2020-ൽ അന്തരിച്ചു. പത്രത്തിന്റെ ഒന്നാംപേജിൽ സോപ്പ് പൊടിയുടെ പരസ്യം പ്രസിദ്ധീകരിച്ചതിൽ പ്രതിഷേധിച്ച് 'ഫ്രീ പ്രസ് ജേർണലി'ലെ പത്രപ്രവർത്തകർ രാജിവച്ചപ്പോൾ അമ്മിണിയും ഒപ്പംചേർന്നു.

## യശോദ ടീച്ചർ

മലയാളത്തിലെ ആദ്യം 'സ്വന്തം ലേഖിക' ആയിരുന്നു യശോദ ടീച്ചർ. പലതുകൊണ്ടും ദേശചരിത്രത്തിൽ ഇടംപിടിച്ച ഒരു വനിതയാണ് അവർ.

വടക്കൻ മലബാറിലെ സ്വാതന്ത്ര്യസമരസേനാനി, അധ്യാപിക, പത്രപ്രവർത്തക. കമ്യൂണിസ്റ്റ് നേതാവ് വനിതാനേതാവ് ഇങ്ങനെ പലതരത്തിൽ അവരെ വിശേഷിപ്പിക്കാം. കല്യാശ്ശേരി ഹയർസെക്കൻഡറി എലിമെന്ററി സ്കൂളിൽ ഏക വിദ്യാർഥിയായിട്ടാണ് അവർ എട്ടാംതരത്തിൽ ചേർന്നത്. 1933-35 കാലഘട്ടത്തിൽ അധ്യാപകപരിശീലനം പൂർത്തിയാക്കുകയും 1976 വരെ അധ്യാപക ജോലി ചെയ്യുകയും ചെയ്തു. ടി.സി. നാരായണൻ നമ്പ്യാർ, പി.ആർ. നമ്പ്യാർ, പി. രാമനുണ്ണി എന്നിവരോടൊപ്പം രാഷ്ട്രീയപ്രവർത്തനം നടത്തി. 1952-ൽ കമ്യൂണിസ്റ്റ് നേതാവും സഹപ്രവർത്തകനുമായ കാന്തലോട്ട് കുഞ്ഞമ്പുവിനെ വിവാഹംകഴിച്ചു.

ദേശാഭിമാനി പത്രത്തിന്റെ ലേഖികയായിരുന്നു അവർ. കണ്ടക്കൈ സമരപോരാളി കുഞ്ഞാക്കമ്മയുടെയും കാവുമ്പായി സമരത്തിന്റെ വീരവനിത ചെറിയമ്മയുടെയും ചെറുത്തുനിൽപ്പിന്റെ കഥകൾ അവർ റിപ്പോർട്ട് ചെയ്തു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് കണ്ണൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞിരുന്ന കയ്യൂർ സഖാക്കളെ ജയിലിൽ സന്ദർശിച്ച് റിപ്പോർട്ട് ചെയ്ത ഏകവനിതയായിരുന്നു യശോദ ടീച്ചർ. വിവിധ സമ്മേളനങ്ങളുടെ റിപ്പോർട്ടുകൾ, സ്ത്രീകളുടെ വിവിധ വിഷയങ്ങൾ, യാത്രാവിവരണങ്ങൾ എന്നിവയൊക്കെ അവർ 'ദേശാഭിമാനി' പത്രത്തിനുവേണ്ടി എഴുതി.

## കെ. തങ്കം മേനോൻ (1924)

മലയാള ദിനപത്രങ്ങളിലെ ആദ്യ ന്യൂസ് എഡിറ്ററായിരുന്നു തങ്കം മേനോൻ. കോഴിക്കോട് ബിലാത്തിക്കുളത്തെ കോലിയത്ത്‌വീട്ടിൽ ലക്ഷ്മിക്കുട്ടിയമ്മയുടെയും പുന്നയൂർകുളത്തെ ടി.വി. കൃഷ്ണമേനോന്റെയും മകളായിരുന്നു കെ. തങ്കം മേനോൻ. ബി.എ. ഓണേഴ്സ് ബിരുദമെടുത്ത് തൃശ്ശൂർ സെൻറ് ഫിലോമിനാസ് കോളേജിലും ബാംഗ്ലൂർ മൗണ്ട് കാർമ്മൽ കോളേജിലും അധ്യാപികയായി ജോലി നോക്കി.

1952-ലാണ് കെ. തങ്കം മേനോൻ 'മാതൃഭൂ


കെ. തങ്കം മേനോൻ

മി'യിൽ സബ് എഡിറ്ററായി ചേരുന്നത്. അക്കാലത്ത് പത്രപ്രവർത്തനരംഗത്ത് സ്ത്രീകൾ പ്രവർത്തിക്കുന്നത് അത്ഭുതത്തോടെയാണ് കണ്ടിരുന്നത്. 'മാതൃഭൂമി' പത്രത്തിലും ആഴ്ചപ്പതിപ്പിലും സാമൂഹിക രാഷ്ട്രീയപ്രശ്നങ്ങളെ സംബന്ധിച്ച് നിരവധി ലേഖനങ്ങൾ അവർ എഴുതിയിരുന്നു. മാതൃഭൂമി വാരാന്തപ്പതിപ്പിന്റെ ചുമതല നിർവ്വഹിച്ചുകൊണ്ട് കഴിവ് തെളിയിച്ച അവർ ശ്രീശാരദാസംഘം, രാമകൃഷ്ണമിഷൻ എന്നിവയിൽ പ്രവർത്തിച്ചിരുന്നു.

1973-ൽ കുറച്ചുകാലം അവർ 'മാതൃഭൂമി'യുടെ ന്യൂസ് എഡിറ്ററായി പ്രവർത്തിച്ചു. മലയാള ദിനപത്രത്തിലെ ആദ്യത്തെ ന്യൂസ് എഡിറ്ററാണ് തങ്കം മേനോൻ. 1976-ൽ അസിസ്റ്റൻറ് എഡിറ്ററായി സ്ഥാനക്കയറ്റം ലഭിച്ചു. ഉറച്ച ദേശീയപാതയും ഗാന്ധിഭക്തയുമായിരുന്ന തങ്കം മേനോൻ പഠിക്കുന്ന കാലംമുതൽ ഖാദിവസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. കെ.പി. കേശവമേനോന്റെ ഗ്രന്ഥരചനകളിൽ ഇവരുടെ സഹായം നിർണായകമായിരുന്നു.

കൽക്കത്തയിലെ രാമകൃഷ്ണമിഷൻ സ്ഥാപനങ്ങളും കാശി, ഗയ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ച് പുന്നയൂർകുളത്തേക്ക് മടങ്ങുന്ന വഴിയിൽ മദ്രാസിൽ വച്ച് തങ്കം മേനോൻ നിര്യാതയായി. മലയാളപത്രങ്ങളിൽ ആദ്യകാലത്ത് എഡിറ്റോറിയൽ എഴുതാൻ അവസരം ലഭിച്ച വനിതയായിരുന്നു തങ്കം മേനോൻ.

## പാർവ്വതി അയ്യപ്പൻ

തൃശ്ശൂർ ജില്ലയിലെ കൂർക്കഞ്ചേരിയിൽ ജഡ്ജിയായിരുന്ന ഇ.കെ. അയ്യക്കുട്ടിയുടെ മകളായി ജനിച്ച പാർവ്വതി അയ്യപ്പൻ കേരളത്തിന്റെ നവോത്ഥാന പ്രസ്ഥാനത്തിലെ പ്രധാനപ്പെട്ട ഒരു വ്യക്തിയാണ്. മദ്രാസ് ക്വീൻ മേരീസ് കോളേജ്, ലേഡി വെല്ലിംഗ്ടൺ കോളേജ് എന്നിവിടങ്ങളിൽ പഠനം പൂർത്തിയാക്കി തൃശ്ശൂർ വിവേകോദയം സ്കൂളിൽ അധ്യാപികയായി. ശ്രീലങ്കയിലും അധ്യാപികയായി ജോലി ചെയ്തു. ബുദ്ധമതം കേരളത്തിൽ പ്രചാരം നേടിക്കൊണ്ടിരുന്ന കാലത്ത് അതിനെക്കുറിച്ചുള്ള കൂടുതൽ അന്വേഷണമാണ് പാർവ്വതി അയ്യപ്പനെ ശ്രീലങ്കയിലേക്ക് പോകാൻ പ്രേരിപ്പിച്ചത്.

പാർവ്വതി അയ്യപ്പന്റെ ജീവിതത്തിൽ സഹോദരൻ അയ്യപ്പനുമായുള്ള സൗഹൃദം വലിയ മാറ്റങ്ങൾക്ക് കാരണമായി. 1930-ലാണ് വിവാഹം നടന്നത്. ആദർശപരവും ലാളിത്യവും ആയിരുന്നു ലളിതവുമായിരുന്നു വിവാഹം. പക്ഷെ ജാതിക്കെതിരെയുള്ള സഹോദരൻ അയ്യപ്പന്റെ പ്രതിഷേധം സ്വവിവാഹത്തിൽ സ്വീകരിക്കാത്തത് ചർച്ചകൾ കാരണമായി. 'സഹോദരൻ' പത്രത്തിന്റെ വരിക്കാർ പലരും പിൻവാങ്ങി. പിന്നീട് സാമൂഹികസേവനരംഗത്ത് സഹോദരൻ അയ്യപ്പനും പാർവ്വതിയും നടത്തിയ പ്രവർത്തനങ്ങൾ കാരണം അവർ സമൂഹത്തിന് പ്രിയങ്കരരായി. സാമൂഹിക പ്രവർത്തനരംഗത്ത് അവർ പരസ്പരപൂരകങ്ങളായി വർത്തിച്ചു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. അതുപോലെതന്നെ പത്രപ്രവർത്തനരംഗത്ത് പാർവ്വതി നൽകിയ സംഭാവനകളും എടുത്തുപറയേണ്ടിയിരിക്കുന്നു. 'സ്ത്രീ' എന്നൊരു മാസിക അവരുടെ പത്രാധിപത്യത്തിൽ പുറത്തുവന്നിരുന്നു. പാർവ്വതീഅയ്യപ്പന്റെ പത്രക്കുറിപ്പുകൾ ശ്രദ്ധേയമായിരുന്നു. വളരെ കുറച്ചുനാൾ മാത്രമേ പ്രസിദ്ധീകരിക്കപ്പെട്ടുള്ളൂ എങ്കിലും 'സ്ത്രീ' പ്രത്യേകതകളുള്ള ഒരു വനിതാമാസികയായിരുന്നു.

## **അന്നാചാണ്ടി** (1905-1996)

"ജീവിതത്തിൽ ഞാൻ സംതൃപ്തയാണ്. സ്ത്രീകൾക്ക് വേണ്ടി ഞാൻ പടവെട്ടി വളരെയധികം സാഹസങ്ങൾ ചെയ്തു. അവർക്ക് ഞാൻ ഒരു പുതിയ പാത വെട്ടിത്തുറക്കുകയും ചെയ്തു." ഇന്ത്യയിലെ ആദ്യത്തെ വനിത ജഡ്ജി അന്നാചാണ്ടി സ്വന്തം ജീവിതത്തെ വിലയിരുത്തിയത് ഇങ്ങനെയായിരുന്നു.

പത്രപ്രവർത്തക എന്ന നിലയിലും അവർ കഴിവ് തെളിയിച്ചു എന്നത് എടുത്തുപറയേണ്ടതാണ്. ഇന്ത്യയിലെ ആദ്യത്തെ വനിതാജഡ്ജി എന്നതിനുപുറമെ ലോകത്തിലെ തന്നെ രണ്ടാമത്തെ വനിതാ ജഡ്ജിയും അന്നാചാണ്ടിയാണെന്ന് കണക്കാക്കപ്പെടുന്നു. കേരളത്തിൽ നിയമബിരുദം നേടിയ ആദ്യത്തെ വനിതയാണവർ. കേരളത്തിലെ ആദ്യത്തെ സ്ത്രീവാദി എന്ന നിലയിലും അവർ അറിയപ്പെടുന്നു.

ഇന്ത്യയിലെ ആദ്യത്തെ വാരികയായ 'ശ്രീമതി'യുടെ ചീഫ് എഡിറ്റർ എന്ന നിലയിൽ സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് പൊതുജനങ്ങളെയും ഗവൺമെന്റിനെയും ബോധവൽക്കരിക്കുക,


അന്നാചാണ്ടി

ഗൃഹഭരണത്തിലും ശിശുപരിചരണത്തിലും വിദ്യാഭ്യാസകാര്യങ്ങളിലും അറിവ് പകരുക, ഇന്ത്യയിലെയും വിദേശത്തെയും സ്ത്രീകളെ കുറിച്ചുള്ള വിവരങ്ങൾ നൽകുക ഇവയൊക്കെ ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന 'ശ്രീമതി'യുടെ അമരത്ത് അന്നാചാണ്ടിയ്ക്കൊപ്പം തരവത്ത് അമ്മാളുഅമ്മയും മറ്റും ഉണ്ടായിരുന്നു. വക്കീൽ പണി അവസാനിപ്പിച്ച് മുൻസിഫ് ആയി ചാർജ് എടുക്കുന്നതുവരെ അവർ 'ശ്രീമതി'യുടെ പ്രസിദ്ധീകരണരംഗത്ത് തുടർന്നു. അഖിലഭാരത വനിതാസംഘടനയുടെ തിരുവിതാംകൂർ ശാഖയിൽ അവർ പ്രവർത്തിച്ചിരുന്നു. നാടകരംഗത്തും അവർ തന്റെ സാന്നിധ്യം തെളിയിച്ചിരുന്നു. ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാലയുടെ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് ശ്രീചിത്തിരതിരുനാളിന്റെ ആട്ടതിരുനാളിന് അവതരി

പ്പിച്ച നാടകത്തിൽ പ്രധാനവേഷം അന്നാചാണ്ടി അവതരിപ്പിച്ചു. അക്കാലത്ത് പുരുഷന്മാരാണ് സ്ത്രീവേഷങ്ങൾ അവതരിപ്പിച്ചിരുന്നത്. അമ്മമഹാറാണിയുടെ നിർദ്ദേശപ്രകാരമാണ് അന്നാചാണ്ടി നാടകത്തിൽ അഭിനയിച്ചത്.

1938-ൽ ഇന്ത്യയിലെ ആദ്യത്തെ വനിതാ മുൻസിഫായി അന്നാചാണ്ടി നിയമിതയായി. 1945-ൽ സെഷൻസ് ജഡ്ജിയായും 1948-ൽ സബ് ജഡ്ജിയായും അവർക്ക് നിയമനം കിട്ടി. 1959-ൽ കേരള ഹൈക്കോടതി ജഡ്ജിയായി.

## ആനി തയ്യിൽ (1918-1993)

തിരു-കൊച്ചി നിയമസഭാംഗം, പത്രപ്രവർത്തക, എഴുത്തുകാരി, രാഷ്ട്രീയ സാമൂഹിക സേവന രംഗങ്ങളിൽ സജീവമായി ഇടപെട്ടിരുന്ന അഭിഭാഷക - ആനി തയ്യിൽ കേരള ചരിത്രത്തിൽ പല നിലകളിൽ തിളങ്ങിനിൽക്കുന്നു. തൃശ്ശൂർ ജില്ലയിലെ ചെങ്ങലൂർ കാട്ടുമാൻ വീട്ടിൽ ജോസഫിന്റെയും മേരിയുടെയും മകളായി ജനിച്ചു. ബി.എ. പഠനം കഴിഞ്ഞ് നിയമബിരുദവും നേടി. ഇന്ത്യൻ നാഷണൽ കോൺഗ്രസിലും കേരള കോൺഗ്രസിലും പ്രവർത്തിച്ചു. 1948-ൽ തൃശ്ശൂരിൽനിന്ന് കോൺഗ്രസ് ടിക്കറ്റിൽ മത്സരിച്ചു ജയിച്ച തിരു-കൊച്ചി നിയമസഭയിൽ അംഗമായി. കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലും അംഗമായിരുന്നു (19461947).

പത്രപ്രവർത്തനരംഗത്ത് 'പ്രജാമിത്രം' എന്ന സായാഹ്നപത്രം നടത്തിയാണ് അവർ കഴിവ് തെളിയിച്ചത്. 'വനിത'യുടെ എഡിറ്റർ പദവിയും അവർ വഹിച്ചു. ജോസഫ് മുണ്ടശ്ശേരിയോടൊപ്പം ചേർന്നാണ് അവർ 'പ്രജാമിത്രം' നടത്തിയത്. 'പ്രജാമിത്രം' എഡിറ്റർ എന്ന നിലയിൽ അവർക്കെതിരെ ധാരാളം മാനനഷ്ടക്കേസുകളുണ്ടായി. പലപ്പോഴും രാജ്യദ്രോഹക്കുറ്റത്തിന് അറസ്റ്റിലായി. അതിനെക്കുറിച്ച് അവർ തന്റെ 'ഇടങ്ങഴിയിലെ കുരിശ്' എന്ന പുസ്തകത്തിൽ എഴുതിയിട്ടുണ്ട്.

"1948-ലും കൊച്ചിയിൽ ഇലക്ഷൻ നടന്നു. അന്നും ഞാനൊരു സ്ഥാനാർത്ഥിയായിരുന്നു. തൃശ്ശൂര് തന്നെ. അത്തവണയും ജയിച്ചു. അപ്പോഴേക്കും ഞാൻ കുറേക്കൂടി തന്റേടിയായി. അക്കാലത്താണ് ഞാൻ പത്രം തുടങ്ങിയത് - പ്രജാമിത്രം. പത്രത്തിൽ റിപ്പോർട്ടെഴുതാൻപോലും കഴിവില്ലാതിരുന്ന എന്നെ ഒരു പത്രപ്രവർത്തകയാക്കിയതിന് എനിക്ക് അദ്ദേഹത്തോട് (ജോസഫ് മുണ്ടശ്ശേരി) കടപ്പാടുണ്ട്. പത്രം സാമ്പത്തികമായി പരാജയപ്പെട്ടു എന്നത് ശരി തന്നെ. പക്ഷേ എഴുതാൻ എന്റെ കൈക്ക് വശം കിട്ടി എന്നുള്ളതാണിതിലെ നേട്ടം. പത്രപ്രവർത്തനരംഗത്തെപ്പറ്റിയും ഒരു പ്രത്യേക ശൈലി സ്വന്തമാക്കിയെടുക്കാനൊത്ത കാര്യത്തിലും എനിക്കദ്ദേഹത്തോടുള്ള കടപ്പാട് ഞാൻ മറക്കില്ല. തന്ന നിർദ്ദേശങ്ങൾ പ്രായോഗികമാക്കാൻ ഞാൻ ശരിക്ക് ശ്രമിക്കുകതന്നെ ചെയ്തു. എഴുതാനിരിക്കുമ്പോൾ ഒരിക്കലും ഞാനത് മറക്കാതെ ഫലിപ്പിച്ചെടുക്കാൻ നോക്കിയിട്ടുണ്ട്. ഒന്ന് കിട്ടിയത് കൊണ്ടായില്ലല്ലോ. നടപ്പിലാക്കണമെന്നുള്ള എന്റെ സ്ഥിരോത്സാഹം കൊണ്ടാണതെനിക്ക് കുറെയെങ്കിലും നേടിയെടുക്കാൻ ഒത്തതും."

എഴുത്തുകാരി എന്ന നിലയിലും അവർ കഴിവ് തെളിയിച്ചു. കേരള സാഹിത്യ അക്കാദമി, കേന്ദ്ര സാഹിത്യ അക്കാദമി എന്നിവയിൽ അംഗമായിരുന്നു. 78 ഓളം പുസ്തകങ്ങൾ അവർ എഴുതിയിട്ടുണ്ട്. നോവലുകൾ, ജീവചരിത്രങ്ങൾ, ലോക ക്ലാസിക്കുകളുടെ വിവർത്തനങ്ങൾ, യാത്രാവിവരണങ്ങൾ തുടങ്ങി പല വിഭാഗങ്ങളിൽ അവർ പുസ്തകങ്ങൾ എഴുതി. ഇംഗ്ലീഷിലും മലയാളത്തിലും പ്രസംഗിക്കാനും എഴുതാനും അവർക്ക് കഴിഞ്ഞിരുന്നു. രാഷ്ട്രീയരംഗത്ത് സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന വിവേചനത്തെക്കുറിച്ച് അവർ ശക്തമായി പ്രതികരിച്ചിരുന്നു.

## വി. പാറുക്കുട്ടിയമ്മ (1923-2013)

ലൈബ്രേറിയനായി 'മാതൃഭൂമി'യിൽ ചേർന്ന് പത്രപ്രവർത്തകയായ വി. പാറുക്കുട്ടിയമ്മ പത്രത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കാൻ കഴിഞ്ഞ വനിതയാണ്. 1968 മുതൽ 1981 വരെയാണ് അവർ 'മാതൃഭൂമി'യിൽ പ്രവർത്തിച്ചത്.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത രാഷ്ട്രീയ പ്രവർത്തക, ആധ്യാപിക, പത്രപ്രവർത്തക, പ്രഭാഷക തുടങ്ങി നിരവധി തലങ്ങളിൽ മലബാറിലെ പൊതുജീവിതത്തിൽ പ്രസക്തയായിരുന്നു പാറുക്കുട്ടിയമ്മ. കോഴിക്കോട്ടെ നെച്ചൂളി അച്യുതൻ നായരുടെയും മലപ്പുറം അരിയല്ലൂർ വടക്കുംതാന്നി



വി. പാറുക്കുട്ടിയമ്മ

ലക്ഷ്മിക്കുട്ടിയമ്മയുടേയും മകളായിരുന്നു കോഴിക്കോട് ബി.എം. സ്കൂളിൽനിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കിയ പാറുക്കുട്ടിയമ്മ മലബാർ ക്രിസ്ത്യൻ കോളേജിലും മദ്രാസ് ക്രിസ്ത്യൻ കോളേജിലും നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദവും ബി.എഡും നേടി. അധ്യാപികയായി ബി.എം സ്കൂളിൽ ജോലി ചെയ്തുകൊണ്ടിരിക്കെ പൊതുരംഗത്തും സജീവയായിരുന്നു. പല കോൺഗ്രസ് നേതാക്കളുടെയും പ്രസംഗങ്ങൾ പരിഭാഷപ്പെടുത്താൻ അവരുടെ ഇംഗ്ലീഷ് പരിജ്ഞാനം സഹായിച്ചു.

23 കൊല്ലം അധ്യാപികയായി ജോലിയെടുത്ത ശേഷമാണ് അവർ 'മാതൃഭൂമി'യിൽ എത്തുന്നത്. കെ.പി. കേശവമേനോൻ, എൻ.വി. കൃഷ്ണവാര്യർ, കെ. ദാമോദരൻ, കെ. ഉദയഭാനു തുടങ്ങിയവർക്കൊപ്പം ജോലി ചെയ്യാൻ കഴിഞ്ഞത് ഭാഗ്യമായി അവർ പറഞ്ഞിട്ടുണ്ട്.

'മാതൃഭൂമി' ദിനപത്രത്തിലെ ആദ്യ ന്യൂസ് എഡിറ്ററായിരുന്ന കെ. തങ്കത്തോടൊപ്പം മലബാർ ക്രിസ്ത്യൻ കോളേജിൽ അവർ പഠിച്ചിട്ടുണ്ട്. രാഷ്ട്രീയ-സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ശക്തമായ ലേഖനങ്ങളും എഡിറ്റോറിയലുകളും അവർ 'മാതൃഭൂമി'യിൽ എഴുതിയിരുന്നു. മലയാള ദിനപത്രങ്ങളിൽ എഡിറ്റോറിയലുകൾ  എഴുതാൻ അവസരം കിട്ടിയ ആദ്യകാല പത്രപ്രവർത്തകരിൽ വി. പാറുക്കുട്ടിയമ്മയ്ക്ക് പ്രമുഖ സ്ഥാനമുണ്ട്.

രാഷ്ട്രീയരംഗത്ത് ആത്മബലത്തോടെ അവർ പ്രവർത്തിച്ചു. ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി തുടങ്ങിയ കോൺഗ്രസ് നേതാക്കൾ കേരളത്തിലെത്തുമ്പോൾ നിരവധി തവണ അവരുടെ പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തിയത് വി. പാറുക്കുട്ടിയമ്മയായിരുന്നു. രാഷ്ട്രീയ പ്രവർത്തനവുമായി ബന്ധപ്പെട്ട് ധാരാളം യാത്ര ചെയ്തിരുന്ന ഒരു സ്ത്രീയായിരുന്നു അവർ. കെ.പി.സി.സി., മഹിളാകോൺഗ്രസ് എന്നിവയിൽ സംസ്ഥാന ഭാരവാഹി എന്ന നിലയിൽ ഏറെ നാൾ പ്രവർത്തിച്ചിട്ടുണ്ട്. രാഷ്ട്രീയരംഗവുമായി ബന്ധപ്പെട്ട നിരവധി ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. ജീവിതം മുഴുവൻ ഖദർ മാത്രം ഉപയോഗിച്ചിട്ടുള്ള പാറുക്കുട്ടിയമ്മ 65 കൊല്ലത്തോളം കോൺഗ്രസിൽ പ്രവർത്തിച്ചു.

തന്റെ പത്രപ്രവർത്തന ജീവിതത്തെക്കുറിച്ച് വി. പാറുക്കുട്ടിയമ്മ പറയുന്നത് "1923-ലാണ് 'മാതൃഭൂമി' ആരംഭിച്ചത്. ഞാൻ ജനിച്ചതും 1923- ലാണ്. ഞാൻ കുട്ടിയായിരുന്ന കാലത്ത് വീട്ടിൽ സ്ഥിരമായി പത്രം വരുത്തിയിരുന്നില്ല. പീടികയിൽനിന്നും സാധനങ്ങൾ പൊതിഞ്ഞുകൊണ്ടുവരുന്ന പത്രക്കഷണങ്ങൾ സൂക്ഷിച്ചുവച്ച് സ്ഥിരമായി വായിക്കുമായിരുന്നു. ഞാൻ അധ്യാപികയായിരുന്ന കാലത്ത് കടം വാങ്ങിയാണ് പത്രം വായിച്ചിരുന്നത്. അന്നുമുതൽ തന്നെ 'മാതൃഭൂമി'യുമായി നേരിട്ടല്ലെങ്കിലും അസാമാന്യമായ ഒരു സൗഹൃദബന്ധമുണ്ടായിരുന്നു. വാസ്തവത്തിൽ 'മാതൃഭൂമി'യാണ് എന്റെ ജീവിതത്തെ രൂപപ്പെടുത്തിയതെന്ന് പറയാം. 'മാതൃഭൂമി'യുടെ സത്യം, സമത്വം, സ്വാതന്ത്ര്യം എന്ന മുദ്രാവാക്യം എന്റെയും ജീവിതദർശനമായി. 'മാതൃഭൂമി'യുടെ ആദർശപുരുഷൻ എന്റെയും സമാരാധ്യനായ ജീവിതഗുരു മഹാത്മാഗാന്ധിയായിരുന്നു.

"മാതൃഭൂമി ആഴ്ചപ്പതിപ്പ് സാഹിത്യപരമായ താൽപര്യങ്ങൾ വളർത്താനും മലയാളഭാഷയുടെ മാഹാത്മ്യം മനസ്സിലാക്കാനും അന്നത്തെ യുവതലമുറയെ സഹായിച്ചു. അതിൽ ഭാഗഭാക്കാകാൻ എനിക്ക് കഴിഞ്ഞു എന്നത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു (കെ. കൃഷ്ണകുമാരി, വനിതാ പത്രപ്രവർത്തനം - ചരിത്രവും വർത്തമാനവും. കേരളസാഹിത്യഅക്കാദമി, മാർച്ച് 2010, പേജ് 94-95).

മാതൃഭൂമിയുടെ പിൽക്കാല നിലപാടുകളിൽ പ്രതിഷേധിച്ച് വി. പാറുക്കുട്ടിയമ്മ രാജിവച്ച് പോകുകയായിരുന്നുവെന്ന് കെ. കൃഷ്ണകുമാരി (പേജ് 95) അവരുടെ പുസ്തകത്തിൽ എഴുതിയിട്ടുണ്ട്.

## തുളസി ഭാസ്കരൻ

'ദേശാഭിമാനി' പത്രത്തിലെ ആദ്യ പത്രപ്രവർത്തകയാണ് തുളസി ഭാസ്കരൻ. സബ് എഡിറ്ററായി 1984-ൽ ചേർന്ന തുളസി ഭാസ്കരൻ 'ദേശാഭിമാനി'യിലെ ആദ്യത്തെ ന്യൂസ് എഡിറ്റർ കൂടിയാണ്. തിരുവനന്തപുരത്ത് മരുതംകുഴിയിൽ കൃഷ്ണൻ നായരുടെയും നെടുമങ്ങാട് സ്വദേശി സരോജിനിയമ്മയുടെയും മകൾ. കരമന എൻ.എസ്.എസ്. കോളേജ്, യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ പഠിച്ച അവർ വിദ്യാർത്ഥിപ്രസ്ഥാനത്തിലൂടെ  രാഷ്ട്രീയജീവിതത്തിലേക്കെത്തി. 1977-ൽ 'ചിന്ത'യിലാണ് ആദ്യം ജോയിൻ ചെയ്തത്. പ്രൂഫ്റീഡിങ്ങിൽ തുടങ്ങിയെങ്കിലും പരിഭാഷ, എഡിറ്റിംഗ് മേഖലകളിൽ തുളസി പ്രാവീണ്യം നേടി. 1988-ൽ  'ദേശാഭിമാനി'യുടെ തിരുവനന്ത



തുളസി ഭാസ്കരൻ

പുരം യൂണിറ്റിൽ എത്തിയ തുളസി വിരമിക്കുന്ന തുവരെ അവിടെ തുടർന്നു. 'ദേശാഭിമാനി'യുടെ 'അനന്തപുരി കാഴ്ച' എന്ന പുൾഔട്ടിന്റെ ചുമതല അവർക്കായിരുന്നു. കാർഗിൽ യുദ്ധത്തിന്റെ സമയത്ത് സെൻട്രൽ ഡെസ്കിന്റെ ചുമതല ലഭിച്ച തുളസി മികവുറ്റ രീതിയിൽ ആ ദിവസത്തെ പത്രങ്ങൾ ഇറക്കി. 'ദേശാഭിമാനി' ദിനപത്രത്തിന്റെ 'സ്ത്രീ' പതിപ്പ് അവരുടെ മേൽനോട്ടത്തിലാണ് ഇറങ്ങിയിരുന്നത്. സ്ത്രീവിഷയങ്ങളെ ആഴത്തിൽ സമീപിച്ചിരുന്ന 'സ്ത്രീ' പതിപ്പ് അത്തരത്തിൽ ആദ്യത്തേതായിരുന്നു.

"ഉത്തരവാദിത്വത്തോടെയും ആത്മാർത്ഥതയോടെയും എന്നും പത്രം ഇറക്കാൻ ഞാൻ ശ്രമിച്ചു. സ്ത്രീകൾക്ക് എത്ര കഴിവുണ്ടെങ്കിലും വളർന്നു വരാനനുവദിക്കാത്ത ഒരു സമൂഹമാണ് നമ്മുടേത് -പ്രത്യേകിച്ചും പത്രപ്രവർത്തനരംഗം. പ്രസംഗിക്കുന്നതിനേക്കാൾ പ്രവൃത്തിയിലൂടെ കഴിവ് തെളിയിക്കുകയാണ് പത്രപ്രവർത്തകർ ചെയ്യേണ്ടത്" എന്ന് തുളസിഭാസ്കരൻ അഭിപ്രായപ്പെട്ടിട്ടുണ്ട് (കെ. കൃഷ്ണകുമാരി 2010, പേജ് 98).

ഹർകിഷൻ സിംഗ് സുർജിത്തിന്റെ 'കമ്യൂണിസ്റ്റ് പ്രസ്ഥാനചരിത്രത്തിന്റെ രൂപരേഖ', ശിവശർമയുടെ 'സുസ്മരണകൾ', 'ആഗ്നേയസ്മരണകൾ', സരോജ് മുഖർജിയുടെ 'സ്ത്രീവിമോചന പ്രസ്ഥാനം' തുടങ്ങി നിരവധി പുസ്തകങ്ങൾ അവർ പരിഭാഷപ്പെടുത്തി. ഭർത്താവ് സി. ഭാസ്കരനുമൊത്ത് ഇ.കെ. നായനാരെക്കുറിച്ച് 'സ്നേഹിച്ച് മതിവരാതെ' എന്നൊരു പുസ്തകവും അവർ രചിച്ചു.

## ഡോ. പി.ബി. ലൽകാർ

പത്രപ്രവർത്തനത്തോടുള്ള അഭിനിവേശംമൂലം പത്രപ്രവർത്തനമേഖലയിലും അക്കാദമിക് രംഗത്തും കഴിവ് തെളിയിക്കാൻ കഴിഞ്ഞ വനിതയാണ് ഡോ. പി.ബി. ലൽകാർ. 1979-ൽ 'മാതൃഭൂമി'യുടെ വനിതാമാസികയായ 'ഗൃഹലക്ഷ്മി' മാസികയിൽ ചേർന്ന ലൽകാർ 1980-ൽത്തന്നെ 'ഗൃഹലക്ഷ്മി'യുടെ സ്വതന്ത്രചുമതല ഏറ്റെടുത്തു. പാലക്കാട് സ്വദേശിയായ ലൽകാർ മലയാളത്തിലും പത്രപ്രവർത്തനത്തിലും ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. 'കഴിഞ്ഞ 50 വർഷക്കാലത്ത് കേരളത്തിലെ സ്ത്രീകളുടെ അവസ്ഥ മാധ്യമങ്ങൾ എങ്ങനെ റിപ്പോർട്ട് ചെയ്യുന്നു' എന്ന വിഷയത്തെക്കുറിച്ചുള്ള അവരുടെ ഗവേഷണപ്രബന്ധം ഈ മേഖലയിലെ ആദ്യത്തേതും വിശദവുമായ ഒരു പഠനമാണ്.

1979-ൽ 'ലൽകാർ' എന്നൊരു ഹിന്ദി മാസിക അവർ പ്രസിദ്ധീകരിച്ചിരുന്നു. ഈ മാസികയ്ക്കുവേണ്ടി അവർ നിരവധി മലയാളകവിതകൾ ഹിന്ദിയിലേക്ക് പരിഭാഷപ്പെടുത്തി. 'ഗൃഹലക്ഷ്മി'യിൽ പ്രവർത്തിച്ച കാലത്ത് അടിസ്ഥാനമേഖലയിലെ നിരവധി സ്ത്രീകളെ അവർ അവതരിപ്പിച്ചു. മത്സ്യതൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, ടെലിഫോൺ ഓപ്പറേറ്റർമാർ, ഇഷ്ടിക ഫാക്ടറി തൊഴിലാളികൾ, വീട്ടുജോലിക്കാർ, അങ്കണവാടി പ്രവർത്തകർ തുടങ്ങി നിരവധി മേഖലകളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ സർക്കാരിന്റെയും സമൂഹത്തിന്റെയും മുന്നിൽ കൊണ്ടുവരാൻ അവർ ശ്രമിച്ചു.


ഡോ. പി.ബി. ലൽകാർ

ഇന്ദിരാഗാന്ധി കൊല്ലപ്പെട്ട ദിവസം 'മാതൃഭൂമി'യുടെ പ്രത്യേക പതിപ്പിറക്കാൻ പ്രശസ്ത പത്രപ്രവർത്തകൻ വേണുക്കുറുപ്പിനെ സഹായിക്കാൻ അവസരം ലഭിച്ചത് ലൽകാറിന്റെ ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമാണ്. 1995-ൽ മാതൃഭൂമി വാരാന്ത്യത്തിൽ അസിസ്റ്റൻറ് എഡിറ്ററായി ചേർന്ന ലൽകാർ 1999-ൽ ദിനപത്രത്തിലേക്ക് മാറി, ഡെപ്യൂട്ടി എഡിറ്ററായി വിരമിച്ചു. സൂഫിസം, കുട്ടികളെ നല്ലവരാക്കാൻ, വീട്ടമ്മമാർക്കൊരു ഗൈഡ്, ഉത്തരേന്ത്യൻ പാചകവിധികൾ, ദക്ഷിണേന്ത്യയിലെ 108 ക്ഷേത്രങ്ങൾ തുടങ്ങി നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

## ലീലാമേനോൻ (1932-2018)

ഇംഗ്ലീഷ് പത്രപ്രവർത്തനരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച മലയാളിവനിത - ലീലാമേനോനെക്കുറിച്ച് ആദ്യം പറയാവുന്നത് അതാണ്. 1978-ൽ ഇന്ത്യൻ എക്സ്പ്രസ്സിൽ സബ് എഡിറ്ററായി തുടങ്ങി 'ജന്മഭൂമി'യുടെ ചീഫ് എഡിറ്ററായിവരെ ഉയർന്ന ലീലാമേനോൻ ദി ഹിന്ദു, ഔട്ട്ലുക്ക്, വനിത, മാധ്യമം, മലയാളം തുടങ്ങി നിരവധി പ്രസിദ്ധീകരണങ്ങൾക്കുവേണ്ടി എഴുതിയിട്ടുണ്ട്. നിരവധി ശ്രദ്ധേയമായ സ്റ്റോറികൾ അവർ ചെയ്തിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട വിവിധ സമൂഹങ്ങളെപ്പറ്റി ലീലാമേനോൻ ധാരാളം എഴുതി.

രാഷ്ട്രീയ റിപ്പോർട്ടിങ് സ്ത്രീകൾക്ക് വഴങ്ങുന്നതല്ല എന്ന ധാരണ അവർ തിരുത്തിയെഴുതി. തങ്കമണി സംഭവം, നാദാപുരം സംഭവം ക്രിസ്ത്യൻ സ്ത്രീകൾക്ക് തുല്യാവകാശം വേണമെന്ന് വാദിച്ച് മേരി റോയ് സുപ്രീംകോടതിയിൽ കേസ് കൊടുത്തത്, ഒളിച്ചോടുന്ന കന്യാസ്ത്രീകൾ, 1988-ൽ പാലക്കാട്ട് സ്ത്രീധനം നൽകാനില്ലാത്തതിനാൽ തൂങ്ങിമരിച്ചതിനെക്കുറിച്ച് ഒക്കെ അവർ റിപ്പോർട്ട് ചെയ്തു.

സൂര്യനെല്ലി പെൺകുട്ടിയുടെ അഭിമുഖം ആദ്യമായി എഴുതിയത് ലീലാമേനോൻ ആയിരുന്നു. 1982-ൽ കൊച്ചി ഇന്ത്യൻ എക്സ്പ്രസിൽ സബ് എഡിറ്ററായി കേരളത്തിലേക്കെത്തിയ ലീലാമേനോൻ 1990 വരെ കോട്ടയത്ത് ബ്യൂറോചീഫ് ആയി തുടർന്നു. കേരള മിസ്ഡേ ടൈം, കോർപ്പറേറ്റ് ടുഡേ എന്നിവയിൽ എഡിറ്ററായിരുന്നു.


ലീലാമേനോൻ

ലീലാമേനോന്റെ പത്രപ്രവർത്തന ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് നിലമ്പൂരിലെ അരുവിക്കോട് ഗ്രാമം ടെറാക്കോട്ട ഗ്രാമമായി പരിണമിച്ചത്. കേരളത്തിന്റെ ലൈംഗിക തലസ്ഥാനം എന്ന പേരുണ്ടായിരുന്ന ആ ഗ്രാമത്തെ ലീലാമേനോന്റെ റിപ്പോർട്ടിലൂടെ പോലീസുകാരും മനുഷ്യസ്നേഹികളും ഇടപെട്ട് ടെറാക്കോട്ടാ ഗ്രാമമാക്കി മാറ്റുകയായിരുന്നു.

ഡൽഹിയിൽനിന്ന് കൊച്ചിയിലെത്തിയ കാലത്ത് സ്ത്രീയായതുകൊണ്ട് നൈറ്റ് ഡ്യൂട്ടി ചെയ്യണ്ട എന്ന് എഡിറ്ററുടെ തീരുമാനത്തെ അവർ ശക്തിയായി എതിർത്തു.

“വളരെയേറെ ശ്രമപ്പെട്ടതിനുശേഷമാണ് രണ്ടു മുതൽ എട്ടു വരെയുള്ള ഷിഫ്റ്റെങ്കിലും കിട്ടിയത്. സ്ത്രീ 10-5 ഡ്യൂട്ടിയിലിടുന്നതായിരുന്നു അന്നത്തെ രീതി. അക്കാലത്ത് ഉച്ചവരെയുള്ള സമയം പാഴാക്കാതെ ഞാൻ ഫീച്ചറുകൾ ചെയ്തുകൊണ്ടേയിരുന്നു” എന്ന് അവർ പറഞ്ഞിട്ടുണ്ട്.

ജീവിതത്തിലെ പ്രതിസന്ധികളെ നേരിടുന്നതിനെക്കുറിച്ചും അവർക്ക് തന്റേതായ രീതിയുണ്ടായിരുന്നു.

“എല്ലാ പ്രതിസന്ധികളിൽനിന്നും ഞാൻ രക്ഷപ്പെടുന്നത് മുന്നോട്ടുമാത്രം നോക്കുക എന്ന സ്വഭാവത്തിലൂടെയാണ്. കാൻസർ വന്നപ്പോൾ ഞാൻ ചിന്തിച്ചിരുന്നത് എന്റെ രോഗത്തെക്കുറിച്ചായിരുന്നില്ല. രോഗക്കിടക്കയിൽനിന്ന് എഴുന്നേറ്റ് ഞാൻ ചെയ്യാൻ പോകുന്ന ‘സ്റ്റോറി’കളെക്കുറിച്ചായിരുന്നു. ആറുമാസമാണ് ഡോക്ടർ എനിക്ക് പറഞ്ഞിരുന്ന ജീവിത കാലാവധി. പക്ഷേ അതിനപ്പുറത്തേക്കും ജീവിതം എന്നെ കാത്തുകിടന്നിരുന്നു. എത്ര സ്റ്റോറികളാണ് ഞാൻ ചെയ്യാൻ വേണ്ടി കാത്തിരിക്കുന്നത് എന്നാണ് എപ്പോഴും എന്റെ ചിന്ത” (സ്റ്റേറ്റ് ലൈൻ, കെ.എ. ബീന, ഗീതാബക്ഷി, കറന്റ് ബുക്സ്, തൃശ്ശൂർ 2010, പേജ് 148).

ജീവിതത്തിൽ തളർന്നുപോയ നിമിഷത്തെക്കുറിച്ച് അവർ ഈ പുസ്തകത്തിന് വേണ്ടി നടത്തിയ അഭിമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

“എന്നെ ഞാനാക്കിയ എന്റെ സ്ഥാപനത്തിൽനിന്നും രാജിവച്ചപ്പോൾ സത്യത്തിൽ ഞാൻ തളർന്നുപോയി. എന്റെ ഉറ്റസുഹൃത്തും ആത്മധൈര്യം നൽകിയ മാർഗ്ഗദർശയും ഒക്കെയായിരുന്നു ഭർത്താവ് ഭാസ്കരൻ മരിച്ച ശൂന്യതയെയും കാൻസർ രോഗത്തെയുമൊക്കെ ഞാൻ തരണം ചെയ്തത് ഇ

**“എല്ലാ പ്രതിസന്ധികളിൽ നിന്നും ഞാൻ രക്ഷപ്പെടുന്നത് മുന്നോട്ടു മാത്രം നോക്കുക എന്ന സ്വഭാവത്തിലൂടെയാണ്. കാൻസർ വന്നപ്പോൾ ഞാൻ ചിന്തിച്ചിരുന്നത് എന്റെ രോഗത്തെക്കുറിച്ചായിരുന്നില്ല. രോഗക്കിടക്കയിൽനിന്ന് എഴുന്നേറ്റ് ഞാൻ ചെയ്യാൻ പോകുന്ന ‘സ്റ്റോറി’കളെക്കുറിച്ചായിരുന്നു. ആറുമാസമാണ് ഡോക്ടർ എനിക്ക് പറഞ്ഞിരുന്ന ജീവിത കാലാവധി. പക്ഷേ അതിനപ്പുറത്തേക്കും ജീവിതം എന്നെ കാത്തുകിടന്നിരുന്നു. എത്ര സ്റ്റോറികളാണ് ഞാൻ ചെയ്യാൻ വേണ്ടി കാത്തിരിക്കുന്നത് എന്നാണ് എപ്പോഴും എന്റെ ചിന്ത”**

"ഹു ആർ യു റ്റു മീറ്റ് ദ സി എം ഡി? ഹീ ഈസ്മൈ സി എം ഡി, നോട്ട് യുവർ സി എം ഡി" എന്ന് ആക്രോശിച്ച അപേക്ഷ എന്റെ മുഖത്തേക്ക് വലിച്ചെറിഞ്ഞുപറഞ്ഞു:
"ഡോണ്ട്പ്ലേ വിത്ത്കുട്ടി. കുട്ടി ഈസ് ഡെയഞ്ചറസ്"
ആ നിമിഷം രാജിക്കത്തെഴുതി ഞാൻ ഇന്ത്യൻ എക്സ്പ്രസിന്റെ പടിയിറങ്ങി. പുരുഷാധിപത്യത്തിന്റെ ഇര എന്ന മട്ടിൽ പത്രപ്രവർത്തന ലോകത്ത്എന്റെ രാജി കണക്കാക്കപ്പെട്ടു. പലരും എഴുതുകയും ചെയ്തു"

ന്ത്യൻ എക്സ്പ്രസിലെ പത്രപ്രവർത്തനം വഴിയായിരുന്നു. എന്നാൽ എം.കെ. ദാസ് റിട്ടയർ ചെയ്ത് എൻ. മാധവൻകുട്ടി എഡിറ്ററായതോടെ ഞാൻ പല തരത്തിലും അവഗണിക്കപ്പെട്ടു. എന്റെ ലേഖനങ്ങൾക്ക് പലപ്പോഴും പ്രാധാന്യമില്ലാതെയായി. പലതും പ്രസിദ്ധീകരിക്കാതെ മാറ്റിവയ്ക്കപ്പെട്ടു. ഇന്ത്യൻ എക്സ്പ്രസ്സന്റെ സി.എം.ഡി. മനോജ് സന്താലിയയോട് കാര്യങ്ങൾ പറഞ്ഞു. അദ്ദേഹമെന്നോട് സൺഡേ മാഗസിനിലേക്ക് മാറിക്കൊള്ളാൻ പറഞ്ഞു. അതിനുള്ള അപേക്ഷയുമായി മാധവൻകുട്ടിയെ കണ്ടപ്പോൾ ഒരിക്കലും മറക്കാനാവാത്ത അനുഭവമാണ് എനിക്കുണ്ടായത്. അപേക്ഷ വായിച്ച് മാധവൻകുട്ടിയുടെ മുഖം ചുവന്നു. പേശികൾ വലിഞ്ഞുമുറുകി.

"ഹു ആർ യു റ്റു മീറ്റ് ദ സി എം ഡി? ഹീ ഈസ് മൈ സി എം ഡി, നോട്ട് യുവർ സി എം ഡി" എന്ന് ആക്രോശിച്ച അപേക്ഷ എന്റെ മുഖത്തേക്ക് വലിച്ചെറിഞ്ഞുപറഞ്ഞു:

"ഡോണ്ട് പ്ലേ വിത്ത് കുട്ടി. കുട്ടി ഈസ് ഡെയ്ഞ്ചറസ്"

ആ നിമിഷം രാജിക്കത്തെഴുതി ഞാൻ ഇന്ത്യൻ എക്സ്പ്രസിന്റെ പടിയിറങ്ങി. പുരുഷാധിപത്യത്തിന്റെ ഇര എന്ന മട്ടിൽ പത്രപ്രവർത്തന ലോകത്ത് എന്റെ രാജി കണക്കാക്കപ്പെട്ടു. പലരും എഴുതുകയും ചെയ്തു" (സ്റ്റേറ്റ് ലൈൻ, പേജ് 48–49).

'നിലയ്ക്കാത്ത സിംഫണി' എന്ന അവരുടെ ആത്മകഥ അവരുടെ പൊരുതലിന്റെ കഥകൂടിയാണ്.

## ഉദയ്താരാ നായർ (1947)

സിനിമാപത്രപ്രവർത്തനരംഗത്താണ് തിരുവനന്തപുരം സ്വദേശിയായ ഉദയ് താരാ നായർ കഴിവ് തെളിയിച്ചത്.

തിരുവനന്തപുരം കോർപ്പറേഷൻ കമ്മീഷണറായിരുന്ന എസ്. അയ്യപ്പൻപിള്ളയുടെയും ജബലാബായിയുടേയും മകൾ ഉദയ് താര തിരുവനന്തപുരത്തും മുംബൈയിലുമായിട്ടാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1967–ൽ 'സ്ക്രീൻ' വാരികയിലാണ് ഉദയ് താര തുടക്കം കുറിക്കുന്നത്. അമിതാഭ് ബച്ചൻ എന്ന പുതുമുഖ നടന്റെ അഭിമുഖം ഉദയ് താരയാണ് ആദ്യം നൽകിയത്.

ചലച്ചിത്ര പത്രപ്രവർത്തനരംഗത്തെത്തിയതിനെക്കുറിച്ച് ഉദയ് താരാ പറയുന്നത് ഇങ്ങനെയാണ്:

"പത്രപ്രവർത്തകയാകണം എന്ന് തീവ്രമായ ആഗ്രഹം എനിക്കുണ്ടായിരുന്നു. ബോംബെയിലെ റാം നാരായൺ റൂയി കോളേജിൽ ഡിഗ്രി പഠിച്ചു കഴിഞ്ഞപ്പോഴായിരുന്നു ഇന്ത്യൻ എക്സ്പ്രസ്സിൽ ട്രെയിനി ജേണലിസ്റ്റുകളെ ആവശ്യമുണ്ടെന്ന പരസ്യം കണ്ടത്. എന്റെ കൊച്ചച്ഛൻ എസ്.എസ്. പിള്ള അന്ന് 'സ്ക്രീനി'ന്റെ പത്രാധിപരാണ്. കൊച്ചച്ഛൻ ഇടപെടില്ല എന്ന് ഉറപ്പിച്ചുപറഞ്ഞു. ഭാഗ്യത്തിന് മെറിറ്റിൽത്തന്നെ സെലക്ഷൻ കിട്ടി. അതിപ്രശസ്തനായ ഫ്രാങ്ക്മൊറെയ്സ് ആണ് ഇന്ത്യൻ എക്സ്പ്രസിന്റെ പത്രാധിപർ.

ഡെയ്ലി ആയതുകൊണ്ട് രാത്രി ഷിഫ്റ്റ് ഒഴിവാക്കാനാവുമായിരുന്നില്ല. അറുപതുകളുടെ മധ്യത്തിലാണ്. അർധരാത്രി നേരത്ത് പെൺകുട്ടികൾ യാത്രചെയ്യുന്നത് സാധാരണമല്ല. അച്ഛന്റെയും അമ്മയുടെയും പേടി കണക്കിലെടുത്ത് ഇന്ത്യൻ എക്സ്പ്രസ്സ് സിനിമാപ്രസിദ്ധീകരണമായ 'സ്ക്രീനി'ലേക്ക് മാറുകയായിരുന്നു. ഹിന്ദി ചലച്ചിത്രലോകത്തെ നാലു തലമുറയുമായി ഉദയ് താരയുടെ സൗഹൃദം വ്യാപിച്ചുകിടക്കുന്നു. ദിലീപ്കുമാറിന്റെ ജീവിതകഥ 'ദി സബ്സ്റ്റൻസ് ആൻഡ് ദി ഷാഡോ' അവരാണ് എഴുതിയത്. അമിതാഭ് ബച്ചൻ, നർഗീസ്, നൂതൻ, സൈറാബാനു, ജയാഭാദുരി, രേഖ, അശോക്കുമാർ തുടങ്ങി ഷാറൂഖ്ഖാൻ തലമുറവരെ അവരുടെ കൂട്ടുകാരാണ്. തെന്നിന്ത്യൻ സിനിമാലോകവും ഉദയ്താരയ്ക്ക് അന്യമല്ല. "ഇന്ത്യൻ എക്സ്പ്രസ്സിൽ ലോക്കൗട്ട് നടന്നപ്പോൾ രാംനാഥ് ഗോയങ്ക 'സ്ക്രീൻ' മദിരാശിക്ക് കൊണ്ടുപോയി. അങ്ങനെയാണ് ഞാൻ തെന്നിന്ത്യൻ സിനിമാലോകത്ത് എത്തിയത്"

റിപ്പോർട്ടിങ് മാത്രമല്ല എഡിറ്റിങ്ങും ഫോട്ടോഗ്രാഫിയും മേക്കപ്പുമൊക്കെ ഉദയ് താര 'സ്ക്രീ

**1995–ൽ 'സ്ക്രീൻ' ചലച്ചിത്ര അവാർഡുകൾ ആരംഭിച്ചത് ഉദയ്താരയുടെ ചുമതലയിലായിരുന്നു.**
**1996–ൽ 'സ്ക്രീൻ' പുതിയ കച്ചവട തന്ത്രങ്ങളിലൂടെ കടന്നുപോയപ്പോൾ അവർ രാജിവച്ചു പോയി. എന്നാൽ രണ്ടുവർഷങ്ങൾക്കുശേഷം വീണ്ടും 'സ്ക്രീനി'ലെത്തി. ഇതിനിടെ തകർന്നുപോയ 'സ്ക്രീനി'നെ കെട്ടിലും മട്ടിലും സർക്കുലേഷനിലും നന്നാക്കിയെടുത്തു.**

നി'ൽ വച്ച് പഠിച്ചു. 1988–ൽ അവർ 'സ്ക്രീൻ' പത്രാധിപരായി. കാമ്പും കഴമ്പും കാര്യബോധവുമുള്ള നിഷ്പക്ഷവും ക്രിയാത്മകവുമായ പത്രപ്രവർത്തനശൈലിയാണ് ഞങ്ങൾ സ്വീകരിച്ചിരുന്നത്. സിനിമാവാരികകൾക്ക് പിടിച്ചുനിൽക്കാൻ തരംതാണ രീതികളൊന്നും ആവശ്യമില്ല എന്ന് ഞങ്ങൾ തെളിയിച്ചു" എന്ന് അവർ പറയുന്നു.

1995–ൽ 'സ്ക്രീൻ' ചലച്ചിത്ര അവാർഡുകൾ ആരംഭിച്ചത് ഉദയ് താരയുടെ ചുമതലയിലായിരുന്നു.

1996–ൽ 'സ്ക്രീൻ' പുതിയ കച്ചവടതന്ത്രങ്ങളിലൂടെ കടന്നുപോയപ്പോൾ അവർ രാജിവച്ചു പോയി. എന്നാൽ രണ്ടുവർഷങ്ങൾക്കുശേഷം വീണ്ടും 'സ്ക്രീനി'ലെത്തി. ഇതിനിടെ തകർന്നുപോയ 'സ്ക്രീനി'നെ കെട്ടിലും മട്ടിലും സർക്കുലേഷനിലും നന്നാക്കിയെടുത്തു.

'സ്ക്രീൻ' വിട്ട് കുറെനാൾ സഹാറാ ടൈംസിന്റെ എന്റർടെയ്ൻമെന്റ് പേജിന്റെ ചുമതല അവർ നിർവ്വഹിച്ചിരുന്നു. ഫാർമസ്യൂട്ടിക്കൽ എക്സിക്യൂട്ടീവായ വി.പി. നായർ ആണ് അവരുടെ ഭർത്താവ്. മകൾ വസന്ത്മാലിനി.

**ഉടൻ പ്രസിദ്ധീകൃതമാവുന്ന കെ .എ. ബീനയുടെ 'മലയാളപെൺമാധ്യമചരിത്രം' എന്ന പുസ്തകത്തിൽ നിന്ന്.**

**സഹായകഗ്രന്ഥങ്ങൾ**


1. Changes in the status of women as reflected in Women's Magazines of Kerala during the past Fifty years.. Thesis submitted by P B Balakrishna Lalkar January.1992 University of Kerala

2. മലയാളത്തിലെ സ്ത്രീ മാസികകളുടെ ഉള്ളടക്കം..അന്നും ഇന്നും.. ഒരു വിശകലനം.. പി.ബി.ലൽകാർ (മലയാള പത്രപ്രവർത്തനത്തിന്റെ അമ്പതുവർഷം.1947–1997)കേരളം പ്രസ് അക്കാദമി, കൊച്ചി.

3. മലയാള സ്ത്രീ മാസികകൾ.. ചരിത്രവും ഭാവുകത്വ പരിണാമവും, ഡോ.സംഗീത തിരുവൾ പി പി, ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാംസ്കൃട്ട്, കാലടി, 2019

4. വനിതാപത്രപ്രവർത്തനം, ചരിത്രവും വർത്തമാനവും, കൃഷ്ണകുമാരി എ., കേരളം സാഹിത്യ അക്കാഡമി, തൃശൂർ, 2010

5. കല്പനയുടെ മാറ്റൊലി, ദേവിക.ജെ, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്. തിരുവനന്തപുരം, 2011

6. ആദ്യകാലമാസികകൾ, പ്രിയദർശൻ.ജി കേരളം സാഹിത്യ അക്കാദമി, തൃശൂർ, 2007

7. മണ്മറഞ്ഞ മലയാള മാസികകൾ, പ്രിയദർശൻ ജി. സാഹിത്യപ്രവർത്തക സഹകരണ സംഘം,കോട്ടയം, 2011

8. കേരള പത്രപ്രവർത്തന ചരിത്രം, പുതുപ്പള്ളി രാഘവൻ, കേരളം സാഹിത്യ അക്കാദമി, തൃശൂർ,1985

9. പത്രാധിപ, എം.ഹലീമാബീവിയുടെ ജീവിതം നൂറ, നൂർജഹാൻ, ബുക്കഫേ, കോട്ടയ്ക്കൽ 2020

10. ഡേറ്റ് ലൈൻ, ചരിത്രത്തെ ചിറകിലേറ്റിയവർ കെ.എ.ബീന, ഗീതാബക്ഷി, കറന്റ് ബുക്സ്, തൃശൂർ, 2010

11. My Town, My People, Amni Shivaram Published by the author 2007

12. Women and Journalism in the colonial India Thesis submitted by Rekha.P Sree Shankaracharya university, Kalady, 2016

13. പള്ളിപ്പാട്ടു കുഞ്ഞു കൃഷ്ണന്റെ സമ്പൂർണ്ണ കൃതികൾ(ഒന്നാം ഭാഗം) പള്ളിപ്പാട്ടു കുഞ്ഞികൃഷ്ണൻ ശതാബ്ദി ആഘോഷകമ്മിറ്റി, 2005.

പെൺപക്ഷം



# കെ.റെയിൽ എന്ന വികസന മാതൃക?



അജിത കെ.

കേരളത്തിന് വികസനം വേണോ? എങ്കിൽ ഏതുതരത്തിലുള്ള വികസനം? ഈ ചോദ്യത്തിന് മറുപടി പറയുക എളുപ്പമല്ല. മാർക്സിയൻ സങ്കല്പം പറയുന്നത് ഉല്പാദന മേഖല–കാർഷികം, വ്യാവസായികം– എന്നിവയുടെ വികസനമാണ് ഒരു നാടിന്റെ വികസനത്തെ നിർണയിക്കുന്ന പ്രധാന ഘടകങ്ങൾ എന്നാണ്. ഗാന്ധിജി പറഞ്ഞിരുന്നു ഇന്ത്യ നാട്ടിൻപുറങ്ങളിൽനിന്നാണ് വികസിക്കേണ്ടത്. ജനങ്ങളുടെ സ്വാശ്രയത്വം, സ്വയംപര്യാപ്തത എന്നതായിരിക്കണം പ്രധാന മുദ്രാവാക്യം. ഗ്രാമ സ്വരാജ് എന്നതായിരിക്കണം നമ്മുടെ മുഖ്യലക്ഷ്യം എന്നായിരുന്നു ആ സങ്കല്പത്തിന്റെ ചുരുക്കം.








പക്ഷെ ഇപ്പോഴത്തെ വികസന നയങ്ങൾ മുകളിൽ പറഞ്ഞ ജനകീയ വികസന നയങ്ങളുമായി ഒരു ബന്ധവുമില്ലാത്തതാണെന്ന് കാണാം. കേരളംപോലെ മലകളും കാടുകളും പുഴകളും സുലഭമായുള്ള ഒരു സംസ്ഥാനത്ത് പരിസ്ഥിതിക്ക് ആഴമേറിയ ആഘാതമേല്പ്പിക്കുന്ന, നമ്മുടെ പ്രകൃതിവിഭവങ്ങളെ ചവുട്ടിമെതിക്കുന്ന വിധമുള്ള വികസന നയമാണ് നമുക്ക് വേണ്ടതെന്ന് സർക്കാർ പറയുന്നു. ദശകങ്ങളായി അത്തരം വികസന പദ്ധതികളാണ് ഇവിടെ നടപ്പിലാക്കുന്നത്.

സ്വകാര്യവല്ക്കരണവും ഉദാരവല്ക്കരണവും ആഗോളവല്ക്കരണവും ലക്ഷ്യം വെക്കുന്ന ലോക കോർപറേറ്റ് മുതലാളിത്തത്തിന്റെ താല്പരങ്ങൾക്കു വേണ്ടി സ്വന്തം ജനതയുടെ അടിസ്ഥാന താല്പര്യങ്ങളെ പൂർണമായും ബലികഴിക്കുന്ന വികസന പരിപാടികളാണ് സർക്കാർ, ഇടതുപക്ഷമായാലും വലതുപക്ഷമായാലും നടപ്പിലാക്കാൻ താല്പര്യപ്പെടുന്നത്. 2018 ലെ പ്രളയദുരന്തത്തിന്റെ ഒരു മുഖ്യ കാരണം ഈ കടിഞ്ഞാണില്ലാത്ത ‘വികസന’ നയങ്ങളാണെന്ന് സമൂഹം വളരെ ഗൗരവത്തോടെ ചർച്ച ചെയ്തതാണ്. ഗാഡ്ഗിൽ നിർദ്ദേശങ്ങളെ ഏറ്റവുമധികം സ്വീകാര്യതയോടുകൂടി ചർച്ച ചെയ്ത ഒരു സമയമായിരുന്നു അത്. എന്നിട്ടും ഇതാ പുതിയൊരു അഭിമാന പദ്ധതിയുമായി സർക്കാർ ജനങ്ങളോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. കാസർകോടുനിന്ന് 4 മണിക്കൂർകൊണ്ട് തിരുവനന്തപുരത്തെത്താൻ ഇങ്ങനെ ഒരു റെയിൽപാതയല്ലാതെ മറ്റു മാർഗങ്ങളില്ലേ?

നേരത്തെ ഇത്തരം അഭിമാന പദ്ധതികൾക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട കുറേ കുടുംബങ്ങൾ ഇന്നും സ്വന്തം നാട്ടിൽ അഭയാർത്ഥികളെപ്പോലെ കഴിയുന്നു. ഇത്തരം വികസന കാഴ്ചപ്പാടിൻെറ ഇരകളായ എൻഡോസൾഫാൻ പീഡിത ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഇന്നും മഹാദുരന്തമായി തുടരുന്നു. ആ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കാണാൻ മാറിമാറിവന്ന സർക്കാറുകൾ താല്പര്യമെടുത്തില്ല. എന്നിട്ടും പുതിയ പദ്ധതികൾക്കുവേണ്ടി നാം നാടിനെ വിദേശകടത്തിലും കോർപറേറ്റ് ഭരണത്തിലും മുക്കിക്കൊണ്ടിരിക്കുന്നു.

ഈ ജനവിരുദ്ധമായ, തലകീഴായ വികസന നയം നമുക്ക് ഉപേക്ഷിക്കാനായില്ലേ? സ്വന്തം നാടിന്റെ വികസനമെങ്ങനെ വേണമെന്ന് തീരുമാനിക്കാനുള്ള അവകാശം ജനങ്ങൾക്കില്ലേ? രാജ്യത്തിന്റെ ആസൂത്രണത്തിൽ ജനങ്ങളുടെ പങ്കാളിത്തത്തെക്കുറിച്ച് വലിയ അവകാശവാദങ്ങൾ ഉന്നയിക്കുന്ന ജനകീയാസൂത്രണ സംവിധാനങ്ങൾ ഉണ്ടായിട്ടും ഇത്തരം വികസനങ്ങൾ നടപ്പിലാക്കുമ്പോൾ എന്തുകൊണ്ടാണ് പരിഗണിക്കപ്പെടാത്തത്? അപ്പോൾ ഇവിടെ എന്തു ജനാധിപത്യമാണ് നിലനില്ക്കുന്നത്?

ചർച്ചാവിഷയം

# പത്രപ്രവർത്തന യാത്രകൾ...

ജാതിയുടേയും മതത്തിന്റേയും ലിംഗവർഗ ബോധങ്ങളുടേയും ഇരുളടഞ്ഞ ചിന്തകളിൽ മനുഷ്യർ എത്ര നിസ്സഹായരാണ് എന്ന് മനസ്സിലാക്കി തന്നത് ഞാൻ നടത്തിയ പത്രപ്രവർത്തന യാത്രകൾ ആയിരുന്നു.




**കെ.എ.ബീന**
എഴുത്തുകാരി,
പത്രപ്രവർത്തക


പത്രപ്രവർത്തനം എന്ന വാക്ക് ആദ്യം കേട്ടത് അല്ല കണ്ടത് അച്ഛന്റെ കത്തുകളിലാണ്... അന്നെനിക്ക് വലിയ പ്രായം ഒന്നും ഇല്ല. ഏഴോ എട്ടോ വയസ്സ് കാണും. 'പത്രപ്രവർത്തനം നടത്തി കുടുംബസ്വത്ത് വിറ്റ് നാട് വിട്ട കഥ' അച്ഛൻ കത്തിൽ എഴുതിയതാണ്. മർച്ചന്റ് നേവി ഉദ്യോഗസ്ഥനായ അച്ഛൻ ഓരോരോ രാജ്യത്ത് നിന്ന് അയക്കുന്ന കത്തുകളിലൂടെ പത്രപ്രവർത്തനം എന്ന ജ്വരം കുട്ടിക്കാലത്ത് തന്നെ എന്നെ പിടികൂടി..

സ്കൂൾ കാലത്ത് തന്നെ പത്രപ്രവർത്തനം തുടങ്ങുക എന്നത് ഇന്നോർക്കുമ്പോൾ എന്നെത്തന്നെ അത്ഭുതപ്പെടുത്തുന്നു...

ഒൻപതാം ക്ലാസ്സിൽ തിരുവനന്തപുരം കോട്ടൻ ഹിൽ സ്കൂളിൽ പഠിക്കുമ്പോഴാണ് സോവിയറ്റ് യൂണിയനിലേക്കുള്ള ഒരു മാസക്കാലത്തെ യാത്ര 'പ്രകാശരേഖ' എന്ന യാത്രാ വിവരണമായി എഴുതുന്നതും മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതും. 10 ലക്കങ്ങൾ തുടർച്ചയായി പ്രസിദ്ധീകരിച്ച് കഴിഞ്ഞപ്പോൾ മാതൃഭൂമിയിൽ നിന്ന് ഒരു കത്ത് വന്നു. സാക്ഷാൽ എം.ടി. വാസുദേവൻ നായർ അയച്ച ആ കത്തോടെയാണ് എന്റെ പത്രപ്രവർത്തന ജീവിതം ആരംഭിക്കുന്നത്.

ആ കത്ത് ഇങ്ങനെയായിരുന്നു. ഗൃഹലക്ഷ്മി എന്നൊരു മാസിക മാതൃഭൂമി പബ്ലിക്കേഷൻസ് തുടങ്ങുന്നു. പി ബി ലൽകാറാണ് എഡിറ്റോറിയൽ കാര്യങ്ങൾ നോക്കുന്നത്. ബീന കൃത്യമായി അതിൽ എഴുതണം. ഫീച്ചറുകളും അഭിമുഖങ്ങളും നടത്തി ഗൃഹലക്ഷ്മിക്ക് അയക്കണം.ലൽകാർ നേരിട്ട് എഴുതും.

എം.ടിയുടെ ആ കത്ത് എനിക്ക് ഒരു അപ്പോയിന്റ്മെന്റ് ലെറ്റർ തന്നെയായിരുന്നു. പിന്നാലെ ലൽകാറിന്റെ കത്തും കിട്ടി. 'എം.ടി പറഞ്ഞിട്ട് എഴുതുകയാണ്. അഭിമുഖങ്ങളും ഫീച്ചറുകളും ചെയ്തു തരണം.'

പത്രപ്രവർത്തക ആകണം എന്നത് ജന്മ മോഹം തന്നെയായി കൊണ്ടു നടക്കുന്ന ഒരു അച്ഛനും സ്കൂൾ കുട്ടിയായ മോൾക്കും ഇതിൽപ്പരം ഒരു സന്തോഷം ഉണ്ടാകാനുണ്ടോ?

അന്ന് സ്ത്രീകൾക്ക് പറ്റിയ മേഖലയായി പത്രപ്രവർത്തനത്തെ ആരും കരുതിയിരുന്നില്ല. മലയാളത്തിൽ അങ്ങനെയൊരാളെ അക്കാലത്ത് കാണാനും ഇല്ലായിരുന്നു. ലോകം ചുറ്റി ജോലി ചെയ്തിരുന്ന അച്ഛൻ പല നാടുകളിലും വനിതാ പത്രപ്രവർത്തകർ ഉണ്ടെന്ന് മോളെ ധൈര്യപ്പെടുത്തി. പത്രപ്രവർത്തകയാകണം എന്ന കാര്യത്തിൽ സംശയം ഒന്നും ഉണ്ടായിരുന്നില്ല.. എന്നാൽ എങ്ങനെ എഴുതും എന്ന് ഒരു ഐഡി

യയും ഇല്ലായിരുന്നു.

കുറേ ദിവസം ആ കത്തിന്റെ പിന്നാലെ അതോർത്തു നടന്നു. ഒടുവിൽ ക്ലാസ്സിൽ ഒപ്പം പഠിച്ചിരുന്ന അന്ധയായ ആലീസിനെ കുറിച്ച് ഒരു ലേഖനം എഴുതാമെന്നു തീരുമാനിച്ചു.

ആലീസിനെ അഭിമുഖം നടത്തി ലേഖനം എഴുതി. നന്നായി പാട്ടുപാടുന്ന, വളരെ ആഴത്തിലുള്ള ജീവിതവീക്ഷണം ഉള്ള ,മിടുക്കിയായി പഠിക്കുന്ന ആലീസിന്റെ കഥ ഗൃഹലക്ഷ്മി പ്രസിദ്ധീകരിച്ചു . എന്തൊരു ത്രിൽ ആയിരുന്നു. ഇന്നും ഓരോ ലേഖനവും എഴുതുമ്പോഴും പ്രസിദ്ധീകരിക്കുമ്പോഴും ആ ത്രിൽ ഞാൻ അനുഭവിക്കുന്നുണ്ട്.

പഠനകാലത്ത് മാതൃഭൂമി, ഗൃഹലക്ഷ്മി, കേരളകൗമുദി, കലാകൗമുദി കുങ്കുമം, കലാലയം അങ്ങനെ നിരവധി പ്രസിദ്ധീകരണങ്ങളിൽ സ്ഥിരമായി എഴുതി. കോളേജ് ജീവിതകാലത്ത് പോക്കറ്റ് മണി തന്നിരുന്നത് എഴുത്തായിരുന്നു. ചെറിയ ചെറിയ തുകകൾ ആണെങ്കിൽ കൂടി ഓരോ പത്ര സ്ഥാപനവും നൽകുമ്പോൾ അഭിമാനത്തോടുകൂടി ഞാനൊരു പത്രപ്രവർത്തകയാണ് എന്ന് സ്വയം കരുതി ജീവിച്ചു.

പത്രപ്രവർത്തനത്തിൽ ബിരുദാനന്തര ബിരുദമെടുത്ത് നേരെ ചേർന്നത് കേരളകൗമുദിയിൽ ആയിരുന്നു. കലാകൗമുദിയിലും കേരളകൗമുദിയിലും മലയാള പത്രപ്രവർത്തനത്തിലെ മഹാരഥന്മാർ ആയിരുന്നു അന്ന് ഉണ്ടായിരുന്നത്. എസ് ജയചന്ദ്രൻ നായർ, എൻ ആർ എസ് ബാബു ,എം എസ് മണി, എം പി നാരായണപിള്ള ,എ പി വിശ്വനാഥൻ, എൻ എൻ സത്യവ്രതൻ തുടങ്ങിയ പ്രഗത്ഭരായ പത്ര പ്രവർത്തകർക്കൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞത് വളരെയേറെ അവസരങ്ങളും അനുഭവസമ്പത്തും നൽകി.

മാവൂർ റയോൺസ് സമരത്തെ കുറിച്ച് ഫീച്ചർ, സ്നേഹലത റെഡ്ഢിയുടെ മകൾ നന്ദന റെഡ്ഢിയുമായുള്ള അഭിമുഖം,കമലഹാസൻ, എം എസ് സുബ്ബലക്ഷ്മി, ഹേമമാലിനി, അരവിന്ദൻ തുടങ്ങി ധാരാളം പ്രതിഭകളെ അന്ന് അഭിമുഖം ചെയ്യാൻ കഴിഞ്ഞു.

കേരള കൗമുദി പത്രത്തിനു വേണ്ടി സൂര്യഫെസ്റ്റിവൽ, 1988 ലെ അന്താരാഷ്ട്ര ചലച്ചിത്രമേള തുടങ്ങി നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യാൻ പറ്റി . പലയിടത്തും ഏക സ്ത്രീ പത്രപ്രവർത്തക എന്ന നിലയിൽ കൂടുതൽ പരിഗണനയും ഉണ്ടായിരുന്നു. കേരളകൗമുദിയിലെ എഡിറ്റോറിയൽ പേജിലും വാരാന്ത പതിപ്പിലും വളരെയേറെ ലേഖനങ്ങളും ഫീച്ചറുകളും അഭിമുഖങ്ങളും പ്രസിദ്ധീകരിച്ചു .

അന്ന് അച്ചടിയും ടൈപ്പ് സെറ്റിങ്ങും ഒക്കെ ഇന്നത്തെ പോലെ ആധുനികമല്ല..കലാകൗമുദി പ്രസ്സിൽ ഓരോ അക്ഷരമായി പെറുക്കി വച്ച് ഫോറം കെട്ടുന്ന രീതി ഇന്നും ഓർക്കുന്നു. ഫോട്ടോകൾ ബ്ളോക്ക് ഉണ്ടാക്കിയാണ് അച്ചടിച്ചിരുന്നത്.

കേരളകൗമുദിയിലെ ജോലി പ്രസവത്തോടെ ഞാൻ വേണ്ടെന്നു വെച്ചു ..പ്രസവ അവധി ഒന്നും അന്ന് ആർക്കും ശീലമില്ല . അതിനു മുൻപ് വനിതാ പത്രപ്രവർത്തകർ ആരും തന്നെ ഉണ്ടായതുമില്ലല്ലോ. അവധി ലഭിക്കാത്തത് അവധിക്കുള്ള നിയമങ്ങളില്ലാത്തതു മൂലം ആയിരുന്നു. രണ്ടു വർഷം കേരളകൗമുദിയിൽ പ്രവർത്തിച്ച ശേഷം മാതൃഭൂമി യിൽ ചേർന്നു.

ഗൃഹലക്ഷ്മി മാസികക്ക് വേണ്ടി തിരുവനന്തപുരത്ത് പാർട് ടൈം റിപ്പോർട്ടർ ആയി പ്രവർത്തിക്കാമോ എന്ന എംടിയുടെ ഒരു ഫോൺകോൾ ആണ് അതിനിടയാക്കിയത്. എം ടി ഇടക്കാലത്ത് മാതൃഭൂമിയിൽ നിന്ന് മാറി നിന്നിട്ട് തിരികെ വന്ന കാലമായിരുന്നു. 'ഗൃഹലക്ഷ്മിയിൽ ചേരുന്നോ?'എന്ന എം.ടിയുടെ ചോദ്യത്തിന് 'മകനെ ഞാൻ തന്നെ നോക്കി വളർത്തണം' എന്ന ആഗ്രഹം ഞാൻ പറഞ്ഞു.

അപ്പോഴാണ് എം.ടി പാർട് ടൈം ഓഫർ പറഞ്ഞത്. 'വീട്ടിലിരുന്ന് ജോലി ചെയ്താൽ മതി.അത്യാവശ്യം വരുമ്പോൾ റിപ്പോർട്ടിംഗിന് പുറത്തു പോവുക. അത് മാത്രം മതിയാവും.'

എം.ടിയുടെ ഒപ്പം ജോലി ചെയ്യാൻ കിട്ടിയ അവസരം സന്തോഷത്തോടെ സ്വീകരിച്ചു. എം ടി വ്യത്യസ്ഥ മായ നിരവധി അസൈൻമെന്റുകൾ ഗൃഹലക്ഷ്മി ക്കുവേണ്ടി ചെയ്യാൻ നിർദ്ദേശങ്ങൾ നൽകി. തുടർച്ചയായി പല പല വിഷയങ്ങളെക്കുറിച്ചുള്ള ഫീച്ചറുകൾ അക്കാലത്ത് എഴുതാൻ കഴിഞ്ഞു.

സ്ത്രീകളുടെ മദ്യപാനം, കുട്ടികൾ വേണ്ടെന്ന് തീരുമാനിക്കുന്ന ദമ്പതിമാർ, ആത്മഹത്യ പെരുകുന്ന കേരളം അങ്ങനെ പലതും. 1991 ൽ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഇന്ത്യൻ ഇൻഫോർമേഷൻ സർവീസിൽ ചേർന്നു. എന്നിലെ പത്രപ്രവർത്തകത്വര ഒഴിഞ്ഞു പോയില്ല, കൂടിയതേയുള്ളൂ. മാതൃഭൂമി, മലയാളമനോരമ, കേരളകൗമുദി,ദേശാഭിമാനി, കലാകൗമുദി, മാധ്യമം, ചന്ദ്രിക, യാത്രമാസിക, വനിത, ഗൃഹലക്ഷ്മി, കന്യക തുടങ്ങി മിക്ക പ്രസിദ്ധീകരണങ്ങളിലും എഴുതുവാനും കോളം ചെയ്യുവാനും എനിക്ക് കഴിഞ്ഞിട്ടുണ്ട് . തിരുവനന്തപുരം ആകാശവാണി നിലയം, ദൂരദർശൻ കേന്ദ്രം എന്നിവിടങ്ങളിൽ ന്യൂസ് എഡിറ്റർ ആയി ജോലി ചെയ്യാൻ കഴിഞ്ഞ ആദ്യത്തെ സ്ത്രീ എന്ന നിലയിൽ ആ മേഖലകളിലെ അനുഭവങ്ങൾ വിലപ്പെട്ടതാണ്. പതിമൂന്ന് വർഷം ആകാശവാണിയിലും മൂന്ന് വർഷം ദൂരദർശനിലും വാർത്താ വിഭാഗത്തിൽ ജോലി ചെയ്തു.

ജോലിക്കൊപ്പം സ്വതന്ത്ര പത്രപ്രവർത്തനം നടത്തുന്നതിൽ നിന്ന് ഒരു കാലത്തും ഞാൻ മാറി നിന്നിട്ടില്ല. നിരന്തരം യാത്രചെയ്ത് എഴുതിക്കൊ

ണ്ടേയിരുന്നു.

ആളുകൾ ,അനുഭവങ്ങൾ ,സ്ഥലങ്ങൾ കാഴ്ചകൾ. യാത്ര ചെയ്യാൻ തയ്യാറാകുന്ന പത്രപ്രവർത്തകക്ക് ജീവിതം കരുതി വെക്കുന്നത് മറ്റാർക്കും ലഭ്യമാകാത്ത അനുഭവങ്ങളുടെ വലിയ ലോകം ആണ്. കറുപ്പിലും വെളുപ്പിലും ചാരനിറത്തിലും ഒക്കെ ചലച്ചിത്രത്തെക്കാൾ അത്ഭുതകരമായി പത്രപ്രവർത്തകക്ക് മുന്നിൽ ജീവിതം ചുരുൾ നിവരും.

വാർത്തകൾക്ക് വേണ്ടി നടത്തിയ യാത്രക്കിടയിൽ കണ്ടുമുട്ടിയ മനുഷ്യർ ജീവിതത്തിലെ തന്നെ ഏറ്റവും വലിയ അനുഭവ സമ്പത്താണ്.

2013 –14 കാലത്ത് ഇന്ത്യൻ ഗ്രാമങ്ങളിലേക്ക് നടത്തിയ യാത്രകൾ 'നൂറ് നൂറ് കസേരകൾ 'എന്ന ഒരു പുസ്തകം എഴുതുക എന്ന ഉദ്ദേശത്തോടെയായിരുന്നു. ത്രിതല പഞ്ചായത്തുകളിൽ ദലിതർക്കും സ്ത്രീകൾക്കും ഏർപ്പെടുത്തിയ സംവരണം എങ്ങനെയാണ് ഗ്രാമങ്ങളിലും വ്യക്തി ജീവിതങ്ങളിലും മാറ്റങ്ങൾ ഉണ്ടാക്കിയത് എന്ന ചോദ്യവുമായി നടത്തിയ യാത്രകളിൽ മുന്നിൽ എത്തിയവർ പലരും മറക്കാനാവാത്ത അനുഭവങ്ങളാണ് നൽകിയത് .

രാജസ്ഥാൻ ,ഗുജറാത്ത് ,ബീഹാർ,മധ്യപ്രദേശ്, തമിഴ്നാട് ,ഉത്തർപ്രദേശ്, മണിപ്പൂർ ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലേക്ക് നടത്തിയ യാത്രകളിലെ കണ്ടെത്തലുകൾ കേരളകൗമുദി ദിനപത്രത്തിൽ 2015 ഒക്ടോബറിൽ ആറു ദിവസം നീണ്ടു നിന്ന ഒരു പരമ്പരയായി പ്രസിദ്ധീകരിച്ചു. ആ പരമ്പരക്ക് 2016 ലെ യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട് ലാഡ്‌ലി മീഡിയ പ്രാദേശിക ദേശീയ അവാർഡുകൾ ,വി കെ മാധവൻകുട്ടി പത്രപ്രവർത്തക അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചു .

യാത്രകളിൽ കണ്ട ഇന്ത്യൻ അവസ്ഥ യഥാർത്ഥത്തിൽ എനിക്കും വായനക്കാർക്കും അമ്പരപ്പാണ് സമ്മാനിച്ചത് .

അപ്പോഴും, ഇപ്പോഴും, എപ്പോഴും...

ആ യാത്രകൾക്കിടയിൽ ഉണ്ടായ ഒരു അനുഭവം വെച്ച് എഴുതിയ 'എന്താണ് സാനിറ്ററി പാഡിന്റെ അന്തിമ രഹസ്യം?' എന്ന ലേഖനം 2014 ലെ ലാഡ്‌ലി മീഡിയ അവാർഡ് നേടിത്തന്നു. ഇന്ത്യയിലെ സ്ത്രീകൾ എങ്ങനെയാണ് ആർത്തവകാലം പിന്നിടുന്നത് എന്നുള്ള അന്വേഷണമായിരുന്നു അത്.

ഇന്ത്യൻ അവസ്ഥ മറനീക്കി മുന്നോട്ടുവന്ന ഒരു ഫീച്ചർ ആയിരുന്നു അത്. ഇന്ത്യയിലെ 80 ശതമാനത്തിലേറെ വരുന്ന സ്ത്രീകൾക്ക് ആർത്ത



വ കാലത്ത് പോലും അവരുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ല എന്ന ക്രൂരമായ യാഥാർഥ്യം നേരിട്ട് അറിഞ്ഞ നാളുകൾ.

ഭൂരിപക്ഷം മനുഷ്യജീവിതങ്ങൾ ദിനരാത്രങ്ങൾ മുന്നോട്ട് നീക്കുന്നത് എങ്ങനെ എന്ന് ഞാൻ തിരിച്ചറിഞ്ഞ നാളുകൾ...

ജാതിയുടേയും മതത്തിന്റേയും ലിംഗ വർഗ ബോധങ്ങളുടേയും ഇരുളടഞ്ഞ ചിന്തകളിൽ മനുഷ്യർ എത്ര നിസ്സഹായരാണ് എന്ന് മനസ്സിലാക്കി തന്നത് ഞാൻ നടത്തിയ പത്രപ്രവർത്തന യാത്രകൾ ആയിരുന്നു.

'നൂറ് നൂറ് കസേരകൾ' എഴുതാൻ വേണ്ടിയുള്ള യാത്രക്കിടയിൽ കണ്ടുമുട്ടിയ നിരൂപട്ടേൽ' പഞ്ചായത്ത് പ്രസിഡണ്ട് ആയത് കൊണ്ട് ഉണ്ടായ

ഏറ്റവും വലിയ നേട്ടം മുഖം മറക്കാതെ പുറത്തിറങ്ങി നടക്കാൻ  കഴിയുന്നു എന്നതാണ്' എന്ന് എന്നോട് പറഞ്ഞു.

അവരുടെ മരുമകൾ പറയുമത്രേ 'അമ്മക്ക് എത്ര ഭാഗ്യമാണ്, മുഖം മറച്ചല്ലാതെ നടക്കാമല്ലോ' എന്ന്. എത്ര ആഹ്ലാദത്തോടെയാണ് നീരൂ അത് പറഞ്ഞതെന്നോർക്കുമ്പോൾ ഇന്നും അത്ഭുതമാണ്.

മധ്യപ്രദേശിലെ പിപ്ര പഞ്ചായത്തിലെ സർപഞ്ച് ഗുണ്ടികഭായിക്കും തമിഴ്നാട്ടിലെ തിരുവള്ളൂരിലെ സുജാതക്കും സ്വാതന്ത്ര്യ ദിനത്തിൽ പതാക ഉയർത്താൻ ചെന്നപ്പോൾ ഉള്ള അനുഭവം വ്യത്യസ്തമായിരുന്നില്ല എന്ന്  മനസ്സിലാക്കിയതും ഇത്തരം പത്രപ്രവർത്തന യാത്രകളിലാണ്. രണ്ടു പേരും പറഞ്ഞത് ഒരേ വാക്കുകൾ. ചുറ്റുംനിന്ന് ജനം കൂകിയാർത്തത്  അവർ രണ്ടുപേരും ഒരിക്കലും മറക്കില്ല .

'നീ പതാകയിൽ തൊടരുത്. നീ താഴ്ന്നജാതിക്കാരിയാണ്.'

തമിഴ്നാട്ടിലെ മധുര പഞ്ചായത്തിൽ 2014 ൽ എത്തുമ്പോൾ 17 വർഷങ്ങൾക്ക് അപ്പുറത്ത് ജൂൺ 30ന്റെ നടുക്കത്തിൽ നിന്ന്  അപ്പോഴും പലരും വിമുക്തരായിരുന്നില്ല.  1996 വരെ മേലെ വളവു ജനറൽ പഞ്ചായത്ത് ആയിരുന്നു. 1996 ൽ ദലിത് പഞ്ചായത്താക്കി. ആദ്യഘട്ടത്തിൽ  തെരഞ്ഞെടുപ്പ് തന്നെ നടന്നില്ല. രണ്ടാമത്തെ തവണ അക്രമങ്ങളും ബൂത്ത് പിടുത്തവും കൊണ്ട് ബഹളമായി.

ഡിസംബർ 30ന് നടന്ന തിരഞ്ഞെടുപ്പിൽ പ്രബല വിഭാഗമായ കല്ലാർമാർ പങ്കെടുത്തില്ല. ആറു സീറ്റുകളിൽ ദലിത് മെമ്പർമാർ ഉണ്ടായി. അതിൽ അസഹ്യരായ  തേവർമാർ ജൂൺ 30ന് പ്രസിഡണ്ട് മുരുകേശനെയും വൈസ് പ്രസിഡണ്ട് മൂക്കനെയും ആക്രമിച്ചു. ആറുപേരെ കൊലചെയ്തു. നിരവധിപേർക്ക് പരിക്കേറ്റു. വിചാരണക്കോടതി കുറ്റക്കാരെന്ന് കണ്ട അഴകർസ്വാമിക്കൊപ്പം മറ്റു 16 പേർക്കും ജീവപര്യന്തം ശിക്ഷ വിധിച്ചു.ഹൈക്കോടതിയും ശിക്ഷ വിധിച്ചു.

അത്രയേറെ വർഷങ്ങൾക്കു  ശേഷവും പഴയ കഥകൾ ഓർത്തെടുത്ത് പറയുമ്പോൾ മുക്കയ്യൻ വിറക്കുന്നുണ്ടായിരുന്നു. ദലിത് കോളനിക്കരികിലെ പൊതുവഴിയിൽ ആറ്  മൃതദേഹങ്ങളും ഒരുമിച്ചു സംസ്കരിച്ച കാഴ്ച ഇന്നും നടുക്കുന്ന ഓർമ്മയാണ്. അന്നത്തെ കൂട്ടക്കൊല ഗ്രാമത്തെ പല തലങ്ങളിൽ  തകർത്തു.

ഗ്രാമത്തിലെ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും അതോടെ ജോലി ഇല്ലാതായി. 'ഒന്നും ചോദിക്കാൻ ആളില്ല മാഡം' എന്നോട് ഇത്  പറഞ്ഞത് ഉസലാംപെട്ടിയിലെ കീരിപ്പെട്ടി  പഞ്ചായത്ത് മുൻ പ്രസിഡന്റ്  ബാലു സ്വാമിയാണ് .

2006 ൽ  ജീവൻ പണയം വച്ചാണ് ബാലുസ്വാമി  കീരിപ്പെട്ടിയിലെ പഞ്ചായത്ത് പ്രസിഡണ്ട് ആയത്. എനിക്കു മുൻപ് പഞ്ചായത്ത് പ്രസിഡൻറ് ആകാൻ തുടങ്ങിയവർ മരിച്ചു വീഴുന്നതു കണ്ടു മനസ്സ് തകർന്ന് ആണ്  2006ൽ നോമിനേഷൻ കൊടുത്തത്. നോമിനേഷൻ നൽകിയ അടുത്ത നിമിഷം ഞാൻ മധുരക്ക് പോയി .കളക്ടർ എനിക്ക് സംരക്ഷണം തന്നു. ഞാൻ പ്രസിഡണ്ടായത് ഉയർന്ന ജാതിക്കാരായ തേവർമാർക്ക് ഉൾക്കൊള്ളാൻ പറ്റുന്നതായിരുന്നില്ല. ദലിതുകൾക്ക് പേടിയായിരുന്നു.ആരും എന്നോട് മിണ്ടാൻ കൂടി തയ്യാറായില്ല.

അഞ്ചുവർഷം പോലീസ് സംരക്ഷണത്തിലാണ് ഞാൻ കഴിഞ്ഞത്. പഞ്ചായത്ത് പ്രസിഡണ്ട്  സ്ഥാനം  ഇല്ലാതായെങ്കിലും ഇപ്പോഴും ഗ്രാമത്തിൽ ഞാൻ ഒറ്റപ്പെട്ടവൻ ആണ്. എന്നോട് മിണ്ടാൻ എല്ലാവർക്കും പേടിയാണ്  'എന്ന് പറഞ്ഞ ബാലു സ്വാമി യെ എങ്ങനെയാണ് മറക്കുക?

ബാലു സ്വാമിയെ പോലെയുള്ള പലരും അധികാരത്തിലേക്ക് വരാൻ മടിക്കുന്നത് ജീവിതം പ്രശ്നമായി മാറും  എന്ന് പേടിച്ചാണ്. പാപ്പാപ്പെട്ടിയിലെ പെരിയകറുപ്പൻ  ദാരിദ്ര്യത്തിൽ ആയത് പഞ്ചായത്ത് പ്രസിഡൻറ് ആകാൻ തീരുമാനിച്ചതോടെയാണ്. ദലിതൻ ആയതുകൊണ്ട് ഉയർന്ന ജാതിക്കാർ പെരിയകറുപ്പന് വധ ഭീഷണി ഉയർത്തി.

കളക്ടർ സംരക്ഷണത്തിന് പോലീസിനെ വിട്ടു. മൂന്ന് പോലീസുകാർ ഗ്രാമത്തിലെത്തി. ഒരു മുറി ഓലപ്പുരയിൽ കുടുംബത്തോടൊപ്പം  കഴിഞ്ഞിരുന്ന പെരിയകറുപ്പന്  പൊലീസ് ഏമാന്മാരെ താമസിപ്പിക്കുവാൻ വഴിയില്ലായിരുന്നു. ഒടുവിൽ വഴി കണ്ടെത്തിയത് ഒരു പുതിയ മുറി പണിഞ്ഞാണ്. സ്വന്തം വീടിനടുത്ത് ഒരു മുറി കോൺക്രീറ്റിൽ പണിതു. സ്വന്തം  സംരക്ഷകരെ താമസിപ്പിച്ചു. പോലീസുകാർക്ക്  വീട്  ഉണ്ടാക്കാൻ പണം പലിശക്ക് വാങ്ങുകയായിരുന്നു. പഞ്ചായത്ത് പ്രസിഡണ്ട് ആയതിനാൽ പണം കൊടുക്കാൻ ആളുണ്ടായിരുന്നു. അഞ്ചു വർഷം കഴിഞ്ഞപ്പോൾ പ്രസിഡൻറ് സ്ഥാനം പോയി. പോലീസുകാരും പോയി.

കടക്കാർ പിടിമുറുക്കി .പെരിയ കറുപ്പനും ഭാര്യ അഴക് പെണ്ണും കഠിനാധ്വാനം ചെയ്തു കടം വീട്ടാനുള്ള ശ്രമത്തിലായിരുന്നു ഞാൻ കണ്ടപ്പോൾ .

മറ്റൊരു പത്രപ്രവർത്തന യാത്രയിലാണ് താരാ ശുക്ലയെ കണ്ടുമുട്ടിയത്. ഉത്തർപ്രദേശിലെ ഫൈസാബാദിൽ പഹാഗഞ്ചു ഗ്രാമപഞ്ചായത്ത് സർപഞ്ചായ താരയെ  കാണാൻ ചെല്ലുമ്പോൾ വീട്ടുപണികളുടെ  തിരക്കിലായിരുന്നു .വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയ ഭർത്താവ് വീരേന്ദ്ര വഴിയരികിൽ 'ഇത് ഞാൻ സ്ഥാപിച്ച പൈപ്പ് ,ഇത് ഞാൻ പണിത റോഡ്' എന്നൊക്കെ പറഞ്ഞ് ഒരുപാട്  കാര്യങ്ങൾ കാണിച്ചുതന്നു കൊണ്ടിരുന്നു .താൻ ആ

ണ് പ്രധാൻ എന്ന ഭാവത്തോടുകൂടി തന്നെ അയാൾ ഭാര്യയെ ചൂണ്ടിക്കാട്ടി എന്നോട് പറഞ്ഞു

'ഫോട്ടോയെടുത്തു കൊള്ളൂ..ഇവരാണ് പ്രധാൻ. പഞ്ചായത്ത് കാര്യങ്ങൾ ചെയ്യുന്നത് ഞാനാണ് എന്നേയുള്ളൂ'. താരയുടെ ഫോട്ടോ എടുക്കുമ്പോൾ ചുവരിൽ നിർമ്മൽ ഗ്രാമ പുരസ്കാരത്തിന്റെ അവാർഡ് വാങ്ങുന്ന ഫോട്ടോ.

ടോയ്‌ലറ്റുകൾ ഉത്തർപ്രദേശിൽ വലിയ ആർഭാടമായ കാര്യമാണ്. പല യാത്രകളിലും സമീപത്തുള്ള പറമ്പുകളും പാടങ്ങളും ഒക്കെ മൂത്രമൊഴിക്കാൻ വേണ്ടി വന്ന അനുഭവം ഓർത്ത് ഞാൻ താരാ ശുക്ലയോട് ചോദിച്ചു.

' 100% വീടുകളിൽ ടോയ്‌ലറ്റ് ഉണ്ടെങ്കിൽ മാത്രം കിട്ടുന്ന നിർമൽ ഗ്രാമ പുരസ്കാരം നിങ്ങൾക്ക് എങ്ങനെ കിട്ടി?'

താര മറുപടി പറഞ്ഞത് ഇങ്ങനെയായിരുന്നു .

> **ഗുജറാത്തിലെ കനിജ് പഞ്ചായത്തിലെ പ്രസിഡന്റായ നീരുവിനോട് ഞാൻ ഒരിക്കൽ ചോദിച്ചു**
> **'സർപഞ്ച് എന്ന നിലയിൽ നിങ്ങൾ ചെയ്ത ഏറ്റവും നല്ല കാര്യം എന്താണ്?' അവരുടെ മറുപടി ഞെട്ടിക്കുന്നതായിരുന്നു. 'ഇവിടെ ഗ്രാമത്തിൽ ഉയർന്ന ജാതിക്കാരുടെ അമ്പലത്തിൽ ഒരു ദലിത് പെണ്ണ് ശിവരാത്രി പ്രാർത്ഥിക്കാൻ വന്നു .ആളുകൾ അവളെ അമ്പലത്തിൽ കയറ്റിയില്ല. ബഹളമുണ്ടാക്കി .ഞാൻ അവരെ പിന്താങ്ങി . അന്ന് രാത്രി അവളുടെ വീട് ആക്രമിക്കാൻ കുറെ ആളുകളെ അവർ പറഞ്ഞു വിട്ടു.' 'നിങ്ങൾ ഗ്രാമത്തലവ അല്ലെ. തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാനത്തല്ലേ? ദലിത്, ഉയർന്ന ജാതി എന്നൊക്കെ പറയാൻ പാടുണ്ടോ..ഇങ്ങനൊക്കെ ചെയ്യാൻ പാടുണ്ടോ?'**
> **അമ്പരപ്പോടെ ഞാൻ ചോദിച്ചു .**
> **'എന്താ പറഞ്ഞാൽ ?ദലിതൻ ചെരുപ്പ് പോലെയാണ് . ചെരുപ്പ് ആരെങ്കിലും തലയിൽ വെക്കുമോ ?വെച്ചാൽ നിങ്ങൾ ക്ഷമിക്കുമോ? പിന്നെങ്ങനെ ദൈവം ക്ഷമിക്കും ?'**

ഒരിക്കൽ വീട്ടിന് പിന്നിലെ വെളിമ്പ്രദേശത്ത് രാത്രി മൂത്രമൊഴിക്കുമ്പോൾ ഞാൻ ആക്രമിക്കപ്പെട്ടു .വീട്ടിൽ വന്നു പറഞ്ഞപ്പോൾ ഭർത്താവ് പറഞ്ഞു.

'നിനക്ക് ഈ ഗതിയാണെങ്കിൽ മറ്റുള്ളവർക്ക് എന്ത് കഷ്ടമായിരിക്കും? നമുക്ക് ടോയ്‌ലറ്റുകൾ ഉണ്ടാക്കണം. നമ്മുടെ വീട്ടിൽ മാത്രമല്ല എല്ലാ വീടുകളിലും ടോയ്‌ലറ്റുകൾ ഉണ്ടാക്കണം'.

അങ്ങനെയാണ് ടോയ്‌ലെറ്റു കൾ ഉണ്ടാക്കിയത്. എല്ലാ വീടുകളിലും ടോയ്‌ലറ്റ് ഉണ്ടാക്കാൻ പഞ്ചായത്ത് പ്രധാൻ എന്ന നിലയിൽ കഷ്ടപ്പെടേണ്ടി വന്നു .എങ്കിലും ഞങ്ങൾക്ക് അതിനു കഴിഞ്ഞു. അപ്പോൾ നിർമൽ പുരസ്കാരവും കിട്ടി.

എത്ര എത്ര മനുഷ്യർ..എന്തെല്ലാം കഥകൾ..ഇന്ത്യൻ യാത്രകൾ എനിക്ക് തന്ന വിസ്മയങ്ങൾക്ക് കണക്കില്ല.

ഗുജറാത്തിലെ കനിജ് പഞ്ചായത്തിലെ പ്രസിഡന്റായ നീരുവിനോട് ഞാൻ ഒരിക്കൽ ചോദിച്ചു

'സർപഞ്ച് എന്ന നിലയിൽ നിങ്ങൾ ചെയ്ത ഏറ്റവും നല്ല കാര്യം എന്താണ്?' അവരുടെ മറുപടി ഞെട്ടിക്കുന്നതായിരുന്നു.

'ഇവിടെ ഗ്രാമത്തിൽ ഉയർന്ന ജാതിക്കാരുടെ അമ്പലത്തിൽ ഒരു ദലിത് പെണ്ണ് ശിവരാത്രി പ്രാർത്ഥിക്കാൻ വന്നു .ആളുകൾ അവളെ അമ്പലത്തിൽ കയറ്റിയില്ല. ബഹളമുണ്ടാക്കി .ഞാൻ അവരെ പിന്താങ്ങി . അന്ന് രാത്രി അവളുടെ വീട് ആക്രമിക്കാൻ കുറെ ആളുകളെ അവർ പറഞ്ഞു വിട്ടു.'

'നിങ്ങൾ ഗ്രാമത്തലവ അല്ലെ. തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാനത്തല്ലേ? ദലിത്, ഉയർന്ന ജാതി എന്നൊക്കെ പറയാൻ പാടുണ്ടോ..ഇങ്ങനൊക്കെ ചെയ്യാൻ പാടുണ്ടോ?' അമ്പരപ്പോടെ ഞാൻ ചോദിച്ചു .

'എന്താ പറഞ്ഞാൽ? ദലിതൻ ചെരുപ്പ് പോലെയാണ്. ചെരുപ്പ് ആരെങ്കിലും തലയിൽ വെക്കുമോ ?വെച്ചാൽ നിങ്ങൾ ക്ഷമിക്കുമോ? പിന്നെങ്ങനെ ദൈവം ക്ഷമിക്കും?'

നീരു ചോദിച്ച ചോദ്യം കേട്ട് ഞാൻ ഞെട്ടി പ്പോവുകയാണ് ചെയ്തത്. ഇത്തരം നിരവധി നീരുമാരെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടെത്താൻ എന്നെ സഹായിച്ചത് പത്രപ്രവർത്തക യാത്രകളാണ്. ജാതിയുടെയും പുരുഷാധിപത്യത്തിന്റേയും ഇന്ത്യയെ ഞാൻ തൊട്ടറിഞ്ഞത് ഇത്തരം നിരവധി യാത്രകളിലാണ്.

പത്രപ്രവർത്തക ആയതുകൊണ്ട് മാത്രം എനിക്ക് കിട്ടിയ അനുഭവങ്ങൾ ആണിത്.



# നിരാശക്കും പ്രത്യാശക്കുമിടയിൽ



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

അഞ്ചോ ആറോ വർഷങ്ങൾക്കു മുൻപ് ഞാൻ പഠിപ്പിക്കുന്ന സ്ഥാപനത്തിൽ നിന്ന് എം എ ബിരുദം നേടിയിറങ്ങിയ വിദ്യാർത്ഥിനിയാണ്. ഒരു മുന്നറിയിപ്പുമില്ലാതെയാണ് പൊടുന്നനെ ഒരു ദിവസം അവൾ വന്നത്. മാർച്ചു ഒൻപതാം തിയതി. സാർവദേശീയ വനിതാദിനത്തിന്റെ ആരവങ്ങൾ നിലച്ചിട്ടില്ല. അത് ഒരു മാസവും അതിനപ്പുറവും ഇപ്പോൾ നീളാറുണ്ടല്ലോ. സ്വന്തം ഇടം വിട്ടു ഒരുപാട് നാൾക്കു ശേഷം ആ പ്രിയപ്പെട്ട സ്ഥലത്തേക്ക് തിരിച്ചുവരുമ്പോൾ ഉണ്ടാവാറുള്ള അമ്പരപ്പും, സന്ദേഹങ്ങളും, കൗതുകവും, വികാരാധിക്യവും എല്ലാം അവളുടെ നോട്ടത്തിലും, നടത്തത്തിലും, മൊഴിയിലും, സ്വരത്തിലും തുടിക്കുന്നുണ്ട്.ഒരു പെൺകുട്ടിക്ക് അവൾ പഠിക്കുന്ന ഇടം ,അല്ലെങ്കിൽ അവൾ പഠിച്ചു കഴിഞ്ഞു ഇറങ്ങിപ്പോയ ഇടം എത്രമാത്രം പ്രിയപ്പെട്ടതാണെന്നു നമ്മൾ ഇനിയും ആഴത്തിൽ അറിഞ്ഞിട്ടില്ല. എന്ത് കൊണ്ടാണത് അത്രയും പ്രിയപ്പെട്ടത് ആവുന്നത് എന്നും നമ്മൾ ചോദിക്കാറില്ല.

കാരണം എത്ര തടസ്സങ്ങൾക്കും പ്രതിബന്ധങ്ങൾക്കും ഇടയിലും അവളുടെ വ്യക്തിത്വത്തിന്റെ അനവധി സാധ്യതകളിലേക്ക് അവളെ നയിക്കുന്നത് വിദ്യാലയവും കലാലയവുമാണ്. ഈ ആത്മബന്ധം ഹൃദയഭേദകമായി ആവിഷ്കരിച്ചത് ടീ വീ ചന്ദ്രൻ സംവിധാനം ചെയ്ത 'പാഠം ഒന്ന്: ഒരു വിലാപം' എന്ന ചിത്രത്തിലായിരുന്നു. അതിന്റെ ചെറിയ ലാഞ്ഛനകൾ വീണ്ടും കണ്ടത് മഞ്ജു വാര്യരെ സ്ക്രീനിലേക്ക് തിരിച്ചെത്തിച്ച 'ഹൗ ഓൾഡ് ആർ യു?' എന്ന പടത്തിലാണ്. കലകൂറായ പഴയ സഹപാഠിയുടെ കൂടെ, തന്റെ മനസ്സിൽ സ്വപ്നങ്ങൾ വിരിയിച്ച കലാലയത്തിലേക്കു തിരിച്ചുപോകുന്ന ഒരു വീട്ടമ്മ തിരിച്ചെത്തുന്നത് താൻ മറന്ന് പോയ തന്നിലേക്ക് തന്നെയാണ്. എത്ര മാത്രം നിയന്ത്രണങ്ങളും പരിമിതികളും ഉണ്ടെങ്കിലും വിവാഹ ജീവിതത്തിനപ്പുറം തങ്ങളുടെ കഴിവുകളെ വികസിപ്പിക്കാനുള്ള സാദ്ധ്യതകൾ കലാലയങ്ങൾ

നൽകുന്നത് കൊണ്ടാണ് ചില പെൺകുട്ടികൾക്കെങ്കിലും ആ ഇടങ്ങൾ അമൂല്യമായ  തണൽ വൃക്ഷങ്ങൾ ആകുന്നത്.

ഇത്രയും എനിക്ക് ഓർമ്മ  വന്നത് ആ വിദ്യാർത്ഥിനിയുടെ തിരിച്ചുവരവിൽ നിറഞ്ഞു നിന്ന ക്ഷോഭവും പിരിമുറുക്കവും കണ്ടിട്ടാണ്.കഴിഞ്ഞ അഞ്ചാറ് വർഷങ്ങൾ അവളുടെ ഉള്ളിൽ നിറച്ച   കയ്പ് അണപൊട്ടി ഒഴുകുകയായിരുന്നു. വിവാഹം കഴിയാതെ സ്വന്തമായ അന്വേഷണങ്ങളുമായി  മുന്നോട്ടു പോകുവാൻ കൊതിക്കുന്ന യുവതികൾ അനുഭവിക്കുന്ന പിരിമുറുക്കങ്ങൾ ചെറുതല്ല. നെറ്റ് പരീക്ഷ ജയിച്ച സന്തോഷത്തിലാണ് വീണ്ടും അവൾ യൂണിവേഴ്സിറ്റി ക്യാമ്പസ് ഒന്ന് സന്ദർശിക്കാൻ ആഗ്രഹിച്ചത്.ആ ആഗ്രഹം വീട്ടിൽ പങ്കുവെച്ചപ്പോൾ കേൾക്കേണ്ടി വന്ന വീട്ടുകാരുടെ പ്രതികരണമാണ് അവളെ ഏറെ ചൊടിപ്പിച്ചതും, വേദനിപ്പിച്ചതും : "അവിടെ എന്താ വല്ല കാമുകന്മാരും കാത്തു നിൽക്കുന്നുണ്ടോ?" അതിനുള്ള ഉത്തരം ഒരു മറുചോദ്യമാണ്. അതവൾ ചോദിച്ചത് എന്നോടാണ്. പഴയ അധ്യാപികയോട്. സ്ത്രീ രചനകളിലൂടെ ഞങ്ങൾ ഒപ്പം സഞ്ചരിച്ച അനുഭവ സ്ഥലികളെ ഓർമിപ്പിച്ചു കൊണ്ട് അവൾ എന്നോടും സമൂഹത്തോടും ചോദിക്കുന്നു: "കാമുകന്മാർ മാത്രമാണോ ജീവിതത്തിലെ ഏക സന്തോഷം ? ഇന്നലെയല്ലേ ടീച്ചർ നമ്മൾ വലിയ കോലാഹലത്തോടെ വനിതാ ദിനം ആഘോഷിച്ചത്. ഇന്നു  ഇങ്ങോട്ടിറങ്ങുമ്പോഴാണ് ഞാനിതു കേൾക്കേണ്ടി വന്നത്. ഇന്നലെ മുഴുവൻ ടെലിവിഷനിലും പത്രങ്ങളായിലും  ആവർത്തിച്ചാവർത്തിച്ചു കേട്ട വാക്കുകളാണ്– പെൺകുട്ടിയെ പറക്കാൻ അനുവദിക്കുക എന്ന്,അവൾക്കു ചിറകുകൾ നൽകുക എന്നൊക്കെ. എനിക്ക് ആകാശത്തിൽ പറക്കണം എന്നൊന്നുമില്ല. ഭൂമിയിലൂടെ അന്തസ്സോടെ ഒന്ന് നടന്നാൽ മതി!" വർഷങ്ങൾക്കു മുൻപ് യാത്ര പറഞ്ഞു പോയവൾക്കു ഇന്നും ഒന്ന് വന്നു പൊട്ടിത്തെറിക്കാൻ ഈ ഇടമുണ്ടല്ലോ എന്ന ആശ്വാസം അവളുടെ തിരിച്ചു നടത്തിലുണ്ടായിരുന്നോ?

അതെ വലിയ വാഗ്ദാനങ്ങൾ നൽകി വാചാടോപങ്ങൾ നടത്തി ബുദ്ധിമുട്ടിക്കാതെ, അഭിമാനത്തോടെയും അന്തസ്സോടെയും ദൈനംദിന ജീവിതം സുരക്ഷിതമായി ജീവിക്കാൻ കഴിയണം . മികവുറ്റ നേട്ടങ്ങളിലേക്കുള്ള പ്രയാണം മാത്രമല്ല സ്ത്രീയുടെ സ്വാതന്ത്ര്യ സമരം.അക്രമരഹിതമായ സാധാരണ ജീവിതവും അതിന്റെ ലക്ഷ്യമാണ്.നമ്മൾ ഒരുപാടു നേടി എന്ന് അവകാശവാദം നടത്താതെ യുവശബ്ദങ്ങളെ  കേൾക്കുക.അവരുടെ മുന്നിൽ പലപ്പോഴും ശിരസ്സ് കുനിച്ചു നിൽക്കാനേ നമുക്ക് കഴിയൂ.

അവളുടെ പേര് ബോധപൂർവം മറച്ചു വെച്ചതാണ്. ഈ വരവ് എങ്ങിനെയാണ് കുടുംബം ഉൾക്കൊണ്ടിട്ടുള്ളത് എന്ന് അറിയാത്തതു കൊണ്ട് തന്നെ ! അവളുടെ പിന്മുറക്കാർ  സർഗ്ഗാത്മകമായി വെല്ലുവിളികളെ നേരിടുന്നത് തുടരുകയാണ്. ഇരട്ടത്താപ്പുകളും ജീർണ്ണതയും അവർ അറിയുന്നു. അവരുടേതായ രീതികളിൽ നെറികേടുകളോട് എതിരിടുന്നു.കവിത എഴുതുക എന്നത് അവർക്കു ആത്മ പ്രകാശനം മാത്രമല്ല ഒരിടപെടൽ തന്നെയാണ്.ഞങ്ങളുടെ ഇന്നത്തെ പ്രിയ വിദ്യാർത്ഥിനി ദാനിയയെ പോലെ.ഞങ്ങളുടെ ഡിപ്പാർട്മെന്റിൽ മലയാള ദിനം ആചരിച്ചപ്പോൾ ആണ് ഇംഗ്ലീഷ് വിദ്യാർഥികൾക്കുളിലെ മലയാള കവിതാരചന സ്വപ്നങ്ങൾ വെളിപ്പെട്ടത്. അന്ന് ദാനിയ ചൊല്ലിയ സ്വന്തം രചനകൾ  ഇന്നത്തെ യുവത്വത്തിന്റെ നിശിതമായ സ്വരങ്ങളായി  'വഴിത്താരകൾ' അറിയുന്നു.ദാനിയയോട് കടപ്പാട് രേഖപെടുത്തികൊണ്ടു അതിലെ "കുമ്പസാരം"എന്ന ഗദ്യകവിതയെ   ഈ പംക്തിയുടെ ഭാഗമാക്കുന്നു.അതെ നിരാശകൾക്കും പ്രത്യാശകൾക്കും ഇടയിൽ നമ്മൾ അന്വേഷണങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു.



ദാനിയ പി.

**കുമ്പസാരം**

'കുമ്പസരിക്കാൻ വന്നതാണ് '.'ബിഷപ്പ് ജയിലിലാണല്ലോ'.  ' ഓഹോ.  ഇനിയിപ്പോ ഞാനെങ്ങനെ കുമ്പസരിക്കും? '. അയാൾ തലപുകഞ്ഞാലോചിച്ചു. ഒടുവിൽ, നീളത്തിലൊരു പേപ്പറെടുത്ത് അതിൽ നിറയെ കുമ്പസരിച്ചു– തന്റെ പേനകൊണ്ട്. ശേഷം അതുമായി നടന്ന് ജയിലിനു മുന്നിലെ  റോഡിലേക്ക് നീണ്ടുവന്ന കുമ്പസാര വരിയിൽ പോയി നിന്നു.വലിയ പെട്ടിയുമായി ആപ്പീസർ നടന്നുവരുന്നുണ്ടായിരുന്നു. അയാൾ കുമ്പസാര പേപ്പറുകൾ വാങ്ങാൻ വരികയാണ്. പെട്ടി പിടിച്ച കൈ തന്റെ നേരെ നീണ്ടപ്പോൾ അയാൾ ഭക്തിനിർഭരമായ മുഖത്തോടെ തന്റെ പേപ്പറുകൾ അതിലിട്ട് തിരിഞ്ഞ് നടന്നു – താൻ ശുദ്ധനായി എന്ന സമാശ്വാസത്തോടെ.



# ആദ്യകാല സ്ത്രീലേഖനങ്ങൾ


വിദ്യാവിനോദിനി.

മംഗളം.

## സ്ത്രീവിദ്യാഭ്യാസ ദോഷനിഷേധം

**എൻ. എ. അമ്മ**

(‘വിദ്യാവിനോദിനി’ 8, 11 കൊല്ലവർഷം 1073 ചിങ്ങം (1897 ആഗസ്റ്റ് – സെപ്തംബർ) : 427–31. ലേഖികയെപ്പറ്റി വിവരങ്ങളൊന്നും ലഭ്യമല്ല.)

ഇക്കഴിഞ്ഞ വൃശ്ചികത്തിലെ വിദ്യാവിനോദിനിയിൽ ‘സ്ത്രീവിദ്യാഭ്യാസം’ * എന്ന തലവാചകത്തോടുകൂടി ഒരു മഹാൻ എഴുതിയിരുന്നതിനെ വിദ്യാവിനോദിനി പത്രബന്ധുക്കൾ വായിച്ചിട്ടുണ്ടായിരിക്കുമല്ലോ.

എന്നാൽ നമ്മുടെ കൂട്ടത്തിൽ എഴുതുവാനും വായിക്കാനും അറിയാത്തവർ ചുരുക്കമേ ഉണ്ടാവുകയുള്ളൂ എന്നാണ് എന്റെ വിശ്വാസവും അറിവും. അതിലും വിശേഷിച്ച് പദ്യത്തിലും ഗദ്യത്തിലും നിപുണതയോടുകൂടിയ സ്ത്രീകളും പുരുഷന്മാരും ഇപ്പോഴും ധാരാളം ഉണ്ട് എന്നിരിക്കെ മേൽ എഴുതിയ ലേഖനത്തെപ്പറ്റി ആരും ഇതുവരെയും എഴുതികണ്ടില്ല. അതിൽ എനിക്ക് അത്ഭുതവും വ്യസനവും തോന്നിയതിനാൽ ഞാൻ ഇവിടെ അൽപ്പമൊന്ന് എഴുതുന്നു.

1. “സ്ത്രീകൾക്ക് അക്ഷരവിന്യാസരൂപമായ മാർഗം ഒരിക്കലും ഒരു വിധത്തിലും ഉപയോഗമുള്ളതായി കാണുന്നില്ല” എന്നാണ് ഒന്നാമത്തെ സംഗതി. ”വിദ്യയില്ലാത്ത മനുഷ്യൻ മൃഗങ്ങളിൽ ഒരു വകഭേദം എന്നു മാത്രം പറയാം.” എന്ന് ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ആയത് എത്രയോ ശരി എന്നത് നമുക്ക് അനുഭവം കൊണ്ടും തെളിയുന്നു. സകല വിദ്യാഭ്യാസത്തിനും അക്ഷരജ്ഞാനം മുഖ്യമായിട്ടും വേണ്ടതാണ്. മനുഷ്യർക്ക് ആ അക്ഷരവിദ്യപോലെ ഉപകാരപ്രദമായ വിദ്യ വേറെ ഉണ്ടോ എന്നുകൂടി സംശയമാണ്. ആ വിദ്യയെ വഴിപോലെ അഭ്യസിച്ചാൽ ഒരു മനുഷ്യന് വേണ്ടത്തക്ക ഗുണങ്ങൾ എന്തെല്ലാമോ ആ ഗുണങ്ങൾ ഉണ്ടാകാവുന്നതാണ്. ഇതിന് ദൃഷ്ടാന്തം നാരയണീയകർത്താവായ മേൽപ്പത്തൂർ ഭട്ടതിരിയുടേയും മറ്റും ചരിത്രത്തെ ആലോചിച്ചാൽ പൂർണബോധ്യം വരുന്നതാണ്. ഭട്ടതിരി ആദ്യകാലത്ത് ശുദ്ധമേ മുഠാളനായിരുന്നു. പിന്നീട് അക്ഷവിദ്യാഭ്യാസം കൊണ്ടുതന്നെയാണ് അദ്ദേഹത്തിന്റെ ഖ്യാതി വിശ്വവിശ്രുതമായിത്തീർന്നത്. അതിനാൽ ആ വിധം മന്ദബുദ്ധികളെ ഉന്നതബുദ്ധികളാക്കി കീർത്തിമത്തുക്കളാക്കുന്നതിലും അക്ഷരാഭ്യാസം തന്നെ മുഖ്യമായിട്ടും വേണ്ടത് എന്ന് തെളിയുന്നു. അക്ഷരവിദ്യയുടെ മാഹാത്മ്യം വാചാമഗോചരം തന്നെ. അതിനാൽ അനേകഗുണസമ്പൂർണ്ണമായ അ

ക്ഷരവിദ്യയെ ചിലർക്ക് വേണമെന്നും മറ്റു ചിലർക്ക് വേണ്ട എന്നും ഒരിക്കലും പറയാൻ പാടുള്ളതല്ല.

2. "രാജ്യകാര്യങ്ങൾ നടത്തുന്നതിൽ മാത്രമേ അക്ഷരവിദ്യ ഉപയുക്തമായി തീരുന്നുള്ളൂ" എന്നു പറയുന്നു. ഈ വാക്ക് എത്രയോ തെറ്റാണ്. നമ്മുടെ രാജ്യങ്ങളിൽ മിക്കവാറും ജനങ്ങൾ അക്ഷരവിദ്യയോടുകൂടിയവരാണ്. എന്നാൽ ആ ജനങ്ങളിൽ ഏകദേശം പകുതി ജനങ്ങൾ രാജ്യകാര്യം കൂടാതെ കാലയാപനം ചെയ്യുന്നവരാണ്. ഒരു മനുഷ്യന് അക്ഷരവിദ്യകൊണ്ട് തനിക്കും അന്യനും ഇഹത്തിനും പരത്തിനും ഉപയോഗമുള്ളതായിട്ടാണ് ഇപ്പോഴും കണ്ടുവരുന്നത്. എലിസബത്ത് റാണി മുതലായി അന്നും ഇന്നും രാജ്യഭരണം കൂടി സ്ത്രീകൾ ചെയ്തുവരുന്ന കഥ കേൾക്കാഞ്ഞിട്ടായിരിക്കാം "രാജ്യകാര്യങ്ങൾ നടത്തുന്നതിനായി ഒരിക്കലും സ്ത്രീകളെ നിയമിക്കുന്നത് വിഹിതമല്ലെന്ന്" ഈ മനുഷ്യൻ പറയുന്നത്. രാജ്യകാര്യങ്ങൾ നടത്തുന്നതിൽ ഇംഗ്ലണ്ടിൽ എലിസബത്തിനേയും വിക്ടോറിയാ മഹാരാജ്ഞിയേയും രണ്ടാമതാക്കത്തക്കവിധം രാജ്യഭാരം ചെയ്ത രാജാക്കന്മാരുകൂടി ഉണ്ടായിരുന്നില്ല എന്ന് പ്രസിദ്ധമാണ്. ഇദ്ദേഹം നിശ്ചയിച്ച പ്രകാരം രാജ്യകാര്യങ്ങൾ നടത്തുവാനുള്ള അവകാശം പുരുഷന്മാർക്ക് ജന്മം സിദ്ധിച്ചിട്ടുണ്ടെങ്കിൽ അത് അങ്ങനെത്തന്നെ ഇരിക്കട്ടെ. ഗൃഹകാര്യങ്ങൾ നടത്തുന്നവൾക്കാണ് ഗൃഹിണി എന്ന നാമം സിദ്ധിക്കുന്നത്. ഗൃഹകൃത്യങ്ങൾ വേണ്ടതുപോലെ നടത്തേണമെന്നാൽ സാമാന്യം ബുദ്ധിയും പഠിപ്പുമുണ്ടായിരിക്കണം. മനുഷ്യർക്ക് ഗൃഹഭരണത്തിലാണ് ഗുണദോഷങ്ങളുടെ ഉത്ഭവം. ഒരു മാതാവിന്റെ സംരക്ഷണയിലാണ് ബാലന്മാരുടെ നന്മയും തിന്മയും വിളയുന്നത്.


"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം."

എന്നതു വാസ്തവമാണ്. അതിനാൽ ഗൃഹകൃത്യങ്ങൾ നടത്തുന്നതിനും സ്ത്രീകൾക്ക് അക്ഷരാഭ്യാസം നിശ്ചയമായിട്ടും വേണം. "ആഹാരജന്യമായ രക്തത്തിൽ ഒരു ഭാഗം തടുക്കുവാൻ പാടില്ലാത്തവിധം വെളിയിൽ പോകുന്നതിനാൽ സ്ത്രീകൾ "ബലഹീനകൾ" എന്നു പറയുന്നു. എന്നാൽ തടുക്കുവാൻ പാടില്ലാത്തവിധം വെളിയിൽ പോകുന്ന രക്തം ദേഹത്തിൽ ദുഷിച്ചുനിൽക്കുന്ന രക്തമാണ്. ശരീരശാസ്ത്രപ്രകാരം സ്ത്രീകൾക്ക് ആ രക്തം ഒഴിഞ്ഞുപോകാതിരുന്നാൽ അനേകവിധ രോഗങ്ങൾക്ക് ആ ദേഹം പാത്രമാകും. ആയതു ക്രമപ്രകാരം വെളിയിൽ പോയ്ക്കൊണ്ടിരുന്നാൽ ശരീരത്തിന് ഏറ്റവും സുഖവും ബുദ്ധിക്കു വികാസവും ഉണ്ടാകും. "പഠിപ്പുകൊണ്ട് സ്ത്രീകൾക്ക് ഭൂഷണമായ ലജ്ജ ഇല്ലാതാകയും വ്യഭിചാരാദികുത്സിത കർമങ്ങളിൽ അത്യഭിരുചി ജനിക്കുകയും ചെയ്യുന്നു" പോൽ.

പഠിപ്പുകൊണ്ട് വ്യഭിചാരാദിദോഷങ്ങൾ ഉണ്ടാകുന്നുവെങ്കിൽ, ലജ്ജയില്ലാതാകുന്നതിനാൽ ദോഷം ഒന്നും ഇല്ലെന്നാലും വ്യഭിചാരാദികുത്സിത കർമങ്ങൾ പുരുഷന്മാർക്ക് ഗുണപ്രദമാണോ? ഒരുവൻ ഒരു കുത്സിതകർമ്മം ചെയ്താൽ ജനങ്ങൾ അവനെ അറിവില്ലാത്തവൻ എന്നു പറയുന്നു. അറിവുണ്ടാകേണമെന്നാൽ പഠിപ്പു നിശ്ചയമായും വേണം. അതിനാൽ പഠിപ്പിനും വ്യഭിചാരാദികുത്സിത കർമങ്ങൾക്കും തമ്മിൽ ഒരുകാലത്തും സംബന്ധം ഉണ്ടാകുന്നതല്ല. പഠിപ്പുകൊണ്ട് ആ വക ദോഷങ്ങൾ നീങ്ങിപ്പോകുമെന്നാണ് എന്റെ അറിവും. ശകുന്തള മുതലായ പൂർവ സ്ത്രീകൾക്ക് അക്ഷരവിന്യാസമാർഗമായ വിദ്യാഭ്യാസം ഉണ്ടായിരുന്നില്ലെന്നും ശാകുന്തളം മൂന്നാമങ്കത്തിൽ ശകുന്തളയുടെ "അയിപടൂധിഷണാ..." എന്ന ശ്ലോകം കവി കഥാരചനക്കു വേണ്ടി ഘടിപ്പിച്ചതാണെന്നും, അതിനു ദൃഷ്ടാന്തമായി മേപ്പടി നാലാം അങ്കത്തിൽ ശകുന്തള ഭർത്തൃഗൃഹത്തിലേക്കു പോകുന്ന സമയം കണ്വൻ 'ഭക്ത്യാസേവിക്കപൂജ്യാൻ' എന്ന ശ്ലോകം വാങ്മൂലമായിട്ടാണ് ഉപദേശിച്ചിരിക്കുന്നത് എന്നും മുൻപ്രസ്താവിച്ച ലേഖകൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇത് എത്രമേൽ ശരിയാണ്. മേപ്പടി ഒന്നാം അങ്കത്തിൽ ശകുന്തളയും സഖിമാരും രാജാവും കൂടിയുള്ള സംഭാഷണത്തിൽ രാജാവ് ഇവളുടെ കടം വീട്ടുന്നതിനു ഞാൻ ഈ മുദ്രമോതിരം തന്നേക്കാം എന്നു പറഞ്ഞു മുദ്രമോതിരം ഊരിക്കാണിച്ചപ്പോൾ അതിൽ കൊത്തിയിരിക്കുന്ന വാമാക്ഷരങ്ങളെ കണ്ട് സഖിമാരും ശകുന്തളയും അന്യോന്യം അത്ഭുതത്തോടെ നോക്കുന്നത് രാജാവ് കണ്ട് നിങ്ങൾ അന്യഥാ ശങ്കിക്കേണ്ട, ഈ മോതിരം രാജാവിങ്കൽ നിന്നും ലഭിച്ചതാണെന്ന് അദ്ദേഹം പറയുന്നു. അതിനാൽ ശകുന്തളക്കും സഖിമാർക്കുംകൂടിയും അക്ഷരവിദ്യ ഉണ്ടെന്നു തെളിയുന്നു. കണ്വൻ 'ഭക്ത്യാസേവിക്ക' എന്ന ശ്ലോകം വാങ്മൂലം ഉപദേശിച്ചത് ശകുന്തളക്ക് അക്ഷരജ്ഞാനം ഇല്ലാഞ്ഞിട്ടു പതിവ്രതാധർമ്മം അറിയാത്തതുകൊണ്ടും അല്ല. ഒരുത്തൻ മരത്തിന്റെ മുകളിൽ കയറുന്ന സമയം താഴെ നിൽക്കുന്നവൻ കൈവിട്ടുപോകരുതെന്ന് പറയുന്നത് മരത്തിൽ കയറുന്നവന് കൈ മുറുക്കിപിടിക്കേണമെന്ന് അറിയാഞ്ഞിട്ടല്ല. അങ്ങനെ പറയുന്നത് ലോകസ്വഭാവമാണ്. എന്നതുപോലെ കണ്വനും പറഞ്ഞതാണ്. പിന്നെയും ശകുന്തളയുടെ ശ്ലോകം കവി കഥാരചനക്കുവേണ്ടി ഘടിപ്പിച്ചതാണെങ്കിൽ കണ്വന്റെ ശ്ലോകവും ആ വിധം വന്നുകൂടയോ.

ശാകുന്തളകർത്താവായ മനുഷ്യന് കാളിദാസൻ എന്ന പേര് സിദ്ധിക്കുവാൻ കാരണഭൂതനായ വിദുഷി, തന്നെ ജയിക്കുന്നവരെ താൻ വിവാഹം ചെയ്യുമെന്നുള്ള നിശ്ചയപ്രകാരം അക്കാലത്തുള്ള സ

കല വിദ്വാന്മാരും ആ വിദുഷിയോട് തോറ്റതിന്റെ ശേഷം അസൂയ നിമിത്തം ആടുമേക്കുന്ന ഒരുവനെ ദുസ്തർക്കത്താൽ ഭർത്താവാക്കിയതിൽ വാസ്തവം ആ വിദുഷി ആലോചിച്ച് അറിഞ്ഞ് ആ അജപാലകനെ കാളിശോഷ്ഠത്തിലേക്ക് ഉപദേശത്തോടുകൂടി അയച്ചതും ആ മനുഷ്യൻ സാക്ഷാൽ കാളിദാസനായിത്തീർന്നതും സാധാരണ എല്ലാവരും അറിയുന്ന കഥയാണ്. അതിനാൽ പണ്ട് വിദുഷികൾ ഉണ്ടായിരുന്നു എന്ന് തെളിയുന്നുണ്ട്. പ്രാചീനാവ്യാവർത്തത്തിൽ സ്ത്രീകൾക്ക് എഴുതുവാനും വായിക്കാനും അറിഞ്ഞിരുന്നു എന്നും മഹാകാവ്യകാലത്തിൽ 400 കൊല്ലങ്ങൾക്കു മുമ്പുതന്നെ സ്ത്രീകൾ മാന്യപദവിയെ പ്രാപിച്ചിരിക്കുന്നു എന്നും, വലിയ സമാജങ്ങളിലും രാജവീഥികളിലും മറ്റും അക്കാലത്ത് സ്ത്രീകൾ പോകുന്നതിൽ വിരോധം ഉണ്ടായിരുന്നില്ലെന്നും രാജ്യകാര്യങ്ങളിൽ സ്ത്രീകൾ പ്രവേശിച്ചിരുന്നു എന്നും പറയുന്നുണ്ട്. ”ഉത്തരരാമചരിത”ത്തിൽ ആത്രേയി വനദേവതയോട് ”ഉപനിഷത്തു പഠിക്കുവാൻ ഞാൻ വാല്മീകി പാർശ്വമതിൽ നിന്നു വരുന്നതാണ്” എന്നു പറയുന്നതുകൊണ്ടും മറ്റും പണ്ട് സ്ത്രീകൾ ഈ വിഷയങ്ങളിൽ പരിശ്രമിച്ചിരിക്കുന്നു എന്നും തെളിയുന്നു. ഈ വിധം അനേകദൃഷ്ടാന്തങ്ങൾ പറവാൻ ഉണ്ട്. അതുകൾ ഇനി ഒരു അവസരത്തേക്ക് നീട്ടിവെച്ചിരിക്കുന്നു.



1068 ലെ വിദ്യാവിനോദിനികളിൽ ഒന്നിൽ ''വ്യഭിചാരസാമാന്യം” എന്നും 69 ൽ ഒന്നിൽ ”മലയാള സ്ത്രീകൾ'' എന്നും 70-ൽ ഒന്നിൽ ”സ്ത്രീകളുടെ സ്വഭാവവും ധാരണാശക്തിയും'' എന്നും ആയി തലവാചകങ്ങളുള്ള ലേഖനങ്ങളിൽ നിഷ്പക്ഷവാദികളായ മേപ്പടി ലേഖനകർത്താക്കൾ എഴുതിയതിൽ സ്ത്രീകൾക്ക് അക്ഷരവിദ്യ മുതലായ വേണ്ടപ്പെട്ട ഗുണങ്ങൾ വിവരിച്ചിരിക്കുന്നതിനാൽ ”പിഷ്ടപേഷണ” ന്യായേനേ ഇപ്പോൾ ഞാൻ വിസ്മരിച്ചിരിക്കുന്നില്ല. ദൈവം സ്ത്രീപുരുഷൻ എന്നിങ്ങനെ രണ്ടു സംഘമായി സൃഷ്ടിച്ചിരിക്കുന്നു എങ്കിലും രണ്ട് കൂട്ടക്കാർക്കും ബുദ്ധി ഒരുപോലെ കൊടുത്തിട്ടുണ്ട്. അതിൽ ബുദ്ധി വർധിപ്പിക്കേണമെന്നാൽ ആയതിന് പഠിപ്പ് അത്യാവശ്യമാണ്. പഠിപ്പ് ബുദ്ധിക്കു വികാസത്തെ കൊടുക്കുന്നു. എങ്കിൽ പഠിപ്പിന് അക്ഷരജ്ഞാനം കൂടാതെ കഴിയുന്നതല്ല. ഇഹപരലോകത്തിനും ഭുക്തിമുക്തിപ്രദമായ അക്ഷരവിദ്യയെ സാർവത്രിക സ്ത്രീപുരുഷന്മാരും ദ്വൈതമായോ അദ്വൈതമായോ സ്വീകരിച്ചാൽ ആ വിദ്യയാലുണ്ടാകുന്ന മഹിമ അനിർവചനീയം തന്നെ. വിദ്യയെപ്പറ്റി അധികം എഴുതാമെങ്കിലും ലേഖനദീർഘഭയം നിമിത്തം ഞാൻ ഇത്രമാത്രം എഴുതി വിരമിക്കുന്നു.

** 'വിദ്യാവിനോദിനി' 8, 2, 1896, 73–77 ”സ്ത്രീവിദ്യാഭ്യാസം'' എന്ന തലക്കെട്ടിൽ എൻ ആർ വി എന്ന പേരിൽ പ്രസിദ്ധീകരിച്ച ലേഖനം..*

## പുരുഷധർമം

**കെ ലക്ഷ്മി അമ്മ**

*('ശാരദ' 1, 8 കൊല്ലവർഷം 1081 മിഥുനം (1906 ജൂൺ - ജൂലായ്) 175–77)*

ഭാര്യാധർമം, സ്ത്രീധർമം മുതലായ ധർമങ്ങളെപ്പറ്റി അനേകം ലേഖനങ്ങൾ ഈയിടെ കാണുന്നുണ്ട്. എന്നാൽ അതുപോലെ തന്നെ ഭർത്തൃനാമത്തെയോ പുരുഷധർമത്തെയോ പറ്റി യാതൊന്നും പ്രസിദ്ധപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് ഞാൻ പലപ്പോഴും ആലോചിക്കാറുണ്ട്. സ്ത്രീകൾക്കു മാത്രമാണോ അവരുടെ മുറയെപ്പറ്റി ഓർമയില്ലാതിരിക്കുന്നത്? അല്ലെങ്കിൽ പുരുഷന്മാർക്ക് യാതൊരു ചുമതലയും ഇല്ലെന്നുണ്ടോ? ഇങ്ങനെ ചില സംശയങ്ങളാണുണ്ടാകുന്നത്. സ്ത്രീ പുരുഷന്മാർക്കുള്ള ചുമതലകൾ ഏകദേശം സമമാണ്. ഒരു കക്ഷിക്ക് കൂടുതൽ എന്നും മറ്റെ കക്ഷിക്കു കുറവെന്നും പറയാവുന്നതല്ല.

പുരാതനകാലത്തു മനുഷ്യനു നാലു കൈകളും നാലു കാലുകളും രണ്ടു മുഖങ്ങളും മറ്റും ഉണ്ടായിരുന്നുവെന്നും ശക്തരായ ഇവരുടെ നേരെ ദേവന്മാർക്ക് ഈൗർഷ്യയുണ്ടാകയാൽ ഈ ആകൃ

തി രണ്ടായി, സ്ത്രീ എന്നും പുരുഷനെന്നും, ഭാഗിച്ചു എന്നും ഗ്രീക്കുകാരുടെ ഐതിഹ്യത്തിൽ കാണുന്നുണ്ട്. ഇത് വിശ്വാസയോഗ്യമല്ലെങ്കിലും 'പാതിയും മനുഷ്യനു ഭാര്യയെന്നറിയേണം' എന്നുള്ള് ഹിന്ദുശാസ്ത്രന്യായവും ഇതിനെ ഏറെക്കുറെ പ്രണമിക്കുന്നുണ്ട്. ഇങ്ങനെയാണെങ്കിൽ സ്ത്രീക്കും പുരുഷനും യാതൊരു വ്യത്യാസവും കൽപ്പിക്കപ്പെടാൻ പാടില്ല. ഭർത്താവിനെ ശുശ്രൂഷിക്കുന്നത് ഭാര്യയുടെ ചുമതലയാണെങ്കിൽ അതുപോലെതന്നെ അവശ്യം ഭാര്യയെ ശുശ്രൂഷിക്കുന്നതു ഭർത്താവിന്റേയും ചുമതലയാണെന്നതിൽ സംശയമില്ല. മനുഷ്യരുടെ ജീവിതത്തിൽ പ്രധാനമായത് ദാമ്പത്യമാണ്.

സ്ത്രീ കേവലമൊരു പ്രജാവർധനയന്ത്രമല്ല. സ്വതേ അബലകളും കാലാന്തരത്തിൽ ക്ഷീണകാരണങ്ങൾക്കു വശംഗതകളുമായ സ്ത്രീജനങ്ങൾക്കുണ്ടാകുന്ന കഷ്ടപ്പാടുകൾക്കെല്ലാറ്റിനും ഹേതുഭൂതന്മാർ പുരുഷന്മാരാണെന്ന് അനുഭവമുള്ളവർക്കെല്ലാം അറിയാമല്ലോ. ഭാര്യ മരിച്ചുപോയാൽ വേറെ വിവാഹം ചെയ്യുന്നതിന് പുരുഷന് അധികാരമുണ്ടെങ്കിലും വിധവാവിവാഹം അവിഹിതിമായിരിക്കുന്നു! 'ഭാര്യാദുഃഖം പുനർഭാര്യാ' എന്നു പറയുന്നതിൽ നിന്ന് ഒരു ഭാര്യയെ സംബന്ധിച്ചിടത്തോളം എത്ര നിസ്സാരമായ വികാരമാണ് ഉള്ളത് എന്ന് അനുമാനിക്കാമല്ലോ. ഈ തത്വം ഒരു സ്ത്രീയാണ് പറഞ്ഞിരുന്നതെങ്കിൽ അറിവില്ലാതെ പറഞ്ഞതാണെന്നു പറയുമായിരുന്നു. ഇത് പുരുഷന്റെ കൃത്രിമം തന്നെ! 'നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നു വിധിച്ചതും ഒരു പുരുഷൻ തന്നെ. പാർലമെന്റിൽ തങ്ങൾക്കും സാമാജികസ്ഥാനം കിട്ടണമെന്ന് അപേക്ഷിക്കാൻ ചെന്നിരുന്ന ആംഗ്ലേയ സ്ത്രീയെ കാണുവാൻപോലും സമയമില്ലെന്നു പറഞ്ഞ പ്രധാനമന്ത്രിയും പുരുഷൻ തന്നെ! ഈ സംഗതിയെപ്പറ്റി സംസാരിക്കുന്ന മധ്യ ഇംഗ്ലണ്ടിലെ പുരുഷന്മാർ തങ്ങൾക്ക് അധികാരവും സ്വാതന്ത്ര്യവും കുറേക്കൂടെ കിട്ടേണ്ടതിനു പലമാതിരി പ്രയത്നങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ അവരുടെ അമ്മമാരെ വിസ്മരിക്കുന്ന കൃതഘ്നതയെപ്പറ്റി ആശ്ചര്യപ്പെടുന്നതായി പ്രസിദ്ധനായ മിസ്റ്റർ ഡബ്ള്യൂ ടി സ്റ്റെഡ് പറഞ്ഞത് വളരെ രസകരമായിരിക്കുന്നു.1

ഏതാദൃശന്മാരായ വിധികർത്താക്കന്മാർ സ്ത്രീവർഗത്തിനോടു കാണിച്ചിരിക്കുന്ന അപരാധങ്ങളെ ശാന്തകളായ വധൂജനങ്ങൾക്ക് മാത്രമേ സഹിച്ചുകൂടൂ. വിധവാവിവാഹത്തിനു യത്നിക്കുന്ന മഹാത്മാക്കളുടെ ശ്രമങ്ങളെ യോഗ്യന്മാർ എന്നു പറയപ്പെടുന്ന ചില സമുദായാംഗങ്ങളുടെ സ്വാഭാവികമായ പരിഷ്കാരവൈമുഖ്യം ശിഥിലീകരിക്കുന്നു! വിവാഹം സാധാരണയായി പുരുഷന് വലിയ ശുഭാവസരമായിട്ടാണ് കണ്ടുവരുന്നത്. ദാമ്പത്യസുഖം അനുഭവിച്ചു തുടങ്ങിയാൽ പുരുഷൻ നാനാമാർഗങ്ങളിൽക്കൂടി പ്രയത്നിക്കുന്നതിനു വിവാഹം നല്ലവണ്ണം പ്രേരിപ്പിക്കുന്നതാണ്. സന്മാർഗാനുഷ്ഠാനത്തിൽ നിന്നു പുരുഷൻ വ്യഭിചരിക്കാതിരിക്കുന്നതിനും വിവാഹം ഉപകരിക്കുന്നു. വിവാഹം ദുഃഖഹേതുകമാണെന്നും മറ്റും പറയുന്ന ലോകോപകാരികളെപ്പറ്റി പറഞ്ഞിട്ടാവശ്യമില്ല. ഈ കൂട്ടുകാർക്കു ലൗകിക കാര്യങ്ങളുടെ ദുർഭാഗത്തെ പറ്റി വ്യസനിക്കാൻ മാത്രമേ കഴിവുള്ളൂ. അവരെപ്പറ്റി ലോകത്തിനു വ്യസനിക്കുന്നതിനല്ലാതെ അനുമോദിക്കുന്നതിന് അവകാശമില്ല. വിവാഹത്തിന്റെ വിശിഷ്ട ഗുണങ്ങളെപ്പറ്റി വിസ്മരിക്കുന്നതിന് ഇവിടെ ആവശ്യമില്ല. ദാമ്പത്യത്തിൽ ഉണ്ടാകുന്ന എല്ലാ സുഖങ്ങൾക്കും ഭാര്യയാണ് കാരണം. ഭാര്യ നന്നായി വർത്തിക്കണമെങ്കിൽ ഭർത്താവും ഭാര്യയോട് അപ്രകാരം തന്നെയായിരിക്കണം. പ്രകൃതിശാസ്ത്രപ്രകാരം എല്ലാ ശക്തികൾക്കും അങ്ങോട്ടും ഇങ്ങോട്ടും സമമായ പ്രവൃത്തിയുള്ളതുപോലെ മനുഷ്യരുടെ ചിത്തവികാരങ്ങൾക്കും പരസ്പരം തുല്യമായ പ്രവൃത്തിയുണ്ട്. എത്രതന്നെ ദുഃഖം പുരുഷനിൽ നിന്നും താൻ അനുഭവിച്ചാലും ഭർത്താവിനെ കർത്താവായി കരുതി പരിചരിച്ചുപോരുന്ന സ്ത്രീജനങ്ങളോടു നിർവ്യാജമായി വർത്തിക്കേണ്ടത് എത്രയോ ആവശ്യമാണ്. ഇതിനെ മനസ്സിലാക്കി പ്രവർത്തിക്കാത്തവർ ദ്രോഹികളാണെന്നുള്ളതിനു സംശയമില്ല. 'സപത്നിജീവനത്തിൽ വിപ്രിയം ചെയ്യരുതുനികൃതയെന്നാകിലും' എന്ന് ഒരു സ്ത്രീരത്നത്തിനോടുപദേസിച്ച മഹാൻ 'പത്നീജനത്തിനോടും വിപ്രിയം ചെയ്യരുതെ' ന്നു പുരുഷനോടും ഉപദേശിച്ചിരുന്നെങ്കിൽ ശകുന്തളയുടെ ദുഃഖം വായനക്കാരുടെ മനസ്സിനെ തപിപ്പിക്കുകയില്ലായിരുന്നു. തനിക്ക് എത്ര കഷ്ടപ്പാടുകൾ ഉണ്ടായാലും ഭർത്താവിന്റെ സുഖത്തിനു വേണ്ടി സദാ സമയവും യത്നിക്കുന്ന സ്ത്രീവർഗത്തോടു നന്ദിയില്ലാതിരിക്കുന്നത് പുരുഷധർമത്തെപ്പറ്റി ആരും സിദ്ധാന്തിക്കാത്തതുകൊണ്ടായിരിക്കുമോ? ശീലാവതിയുടെ ഭർത്താവായ ഉഗ്രതപസ്സിനെ ആരെങ്കിലും ബഹുമാനിക്കുന്നുണ്ടോ? സ്ത്രീയോടു സൗജന്യം കാണിച്ചല്ലാതെ അവളിൽ നിന്നും അതിനെ പുരുഷന് ആഗ്രഹിക്കാമോ? ഭാര്യ ദുഷ്ടയാണെന്നു പറയുന്ന ഭർത്താവല്ലെ സാധാരണയായി ദുഷ്ടനായി കാണപ്പെടുന്നത്? തനിക്ക് സ്വാതന്ത്ര്യം വേണമെന്നു പുരുഷനു തോന്നുന്നതുപോലെ സ്ത്രീക്കും കൊടുക്കണമെന്നു പുരുഷനു തോന്നേണ്ടതല്ലെ? അതോ പുരുഷന്റെ സ്വാതന്ത്ര്യം സ്ത്രീയുടെ ദാസ്യത്തെ പ്രബലപ്പെടുത്താൻ മാത്രമോ?

സംസർഗം കൊണ്ടാണ് മനുഷ്യർക്കു ശീലഭേദങ്ങൾ ഉണ്ടാകുന്നതെന്നു പ്രസിദ്ധമാണല്ലോ. ഇതു നാം ആരോടുകൂടി സഹവാസം ചെയ്യുന്നുവോ അവരെ നാം അനുകരിക്കുന്നതിലാകുന്നു. മാതാപിതാക്കന്മാരുടെ അധീനത്തിൽ ഇരുന്ന സ്ത്രീയു

ടെ സ്വഭാവം എത്രതന്നെ ചീത്തയായിപ്പോയാലും ഭർത്താവിന്റെ സ്വഭാവത്തെ പകർത്തുന്നതിനു ഭാര്യക്കു പ്രയാസമില്ല. സ്ത്രീയുടെ മനസ്സ് ശാന്തവും ലളിതവും ആകുന്നു. ഇവരുടെ സ്വഭാവത്തെ അതിസരസനായ ഒരു ഇംഗ്ലീഷ് കവി ഒരു ശുദ്ധജലാശയത്തോടു ഉപമിച്ചിരിക്കുന്നു. സ്ഫടികസമാനമായ അതിനെ കലക്കിയാൽ കലുഷമായും വ്യത്തികേടായും കാണുന്നതുപോലെ, പ്രസന്നമുഖികളായ സ്ത്രീകളും കലുഷമതികളായിത്തീർന്ന് ദുഃഖത്തിനും ആശാഭംഗത്തിനും ഇടയാകുന്നതാണ്. ഈ അവസ്ഥയെ പ്രാപിക്കുന്നതിന് ഇടകൊടുക്കുന്നതു പുരുഷന്റെ സാമർത്ഥ്യക്കുറവാണ്. പുരുഷന്മാർ വ്യഭിചാരം ചെയ്യുന്നതായി കേൾക്കുന്നത് ദുർല്ലഭമാകുന്നു; എന്നാൽ സ്ത്രീകളിൽ വ്യഭിചാരാപരാധം സാധാരണയായി കേൾക്കുന്നുണ്ട്. നിശ്ചയിക്കപ്പെട്ട നിയമങ്ങളിൽ നിന്നു തെറ്റി നടക്കുന്നതിനാണ് വ്യഭിചാരം എന്നു പറയുന്നത്. പുരുഷന്മാർ കൽപ്പിച്ചിട്ടുള്ള ഈ നിയമങ്ങളിൽ നിന്നു പലപ്പോഴും സ്ത്രീകൾ അവരുടെ അജ്ഞത കൊണ്ടു തെറ്റിപ്പോകുന്നതിനു സൂക്ഷ്മത്തിൽ കാരണം എന്താണെന്ന് നല്ലവണ്ണം ഈ വിധികർത്താക്കന്മാർ തന്നെ ആലോചിച്ചിരുന്നെങ്കിൽ വ്യഭിചാരദോഷം സമുദായങ്ങളിൽ ഉണ്ടാകുന്നതല്ല. പുരുഷന്റെ സ്വാർത്ഥപ്രതിപത്തിയാണ് ഈ വകദോഷങ്ങൾക്കുകാരണം. അതുകൊണ്ട് ഏതു സമുദായത്തിലാണോ സ്ത്രീകൾ വ്യഭിചാരിണികളായി കാണപ്പെടുന്നത് അതിലെ പുരുഷന്മാരെയാണ് നാം കുറ്റം പറയേണ്ടത്. അതുകൂടാതെ പിതാവിന്റെ നിലയിലും ഭർത്താവിന്റെ നിലയിലും സ്ത്രീയുടെ സന്മാർഗനിഷ്ഠയിൽ പുരുഷന്മാർ സദാ ജാഗരൂകന്മാരായിരിക്കേണ്ടതിനു പകരം അവർ സ്വാർത്ഥതൽപ്പരന്മാരായിത്തീരുന്നതാണ് മനുഷ്യവർഗത്തിനു വലുതായ ശാപം. അതുകൊണ്ടു സ്ത്രീധർമത്തെ ഉപദേശിക്കുന്ന മഹാത്മാക്കൾ അവരവരുടെ കർത്തവ്യകർമങ്ങളെ ശരിയായി നിർവഹിക്കുന്നതായാൽ ഇരുകക്ഷികൾക്കും ആക്ഷേപത്തിനു വഴിയുണ്ടാവില്ലെന്നു മാത്രമല്ല, വളരെ ഗുണം ഉണ്ടാവുന്നതുമാകുന്നു.

## സ്ത്രീകളുടെ തൊഴിലില്ലായ്മ

**എൽ മീനാക്ഷിക്കുട്ടി അമ്മ**

("മഹിളാമന്ദിരം" വോള്യം 1102-1103 (1927 28)

തൊഴിലില്ലായ്മ സ്ത്രീകൾക്കായാലും പുരുഷന്മാർക്കായാലും അഭിമാനകരമല്ല, ശ്രേയസ്കരവുമല്ല. നിയമേന ചെയ്യുന്നതും ആദായകരവുമായ പ്രവൃത്തിയാണ്, തൊഴിൽ എന്നു പറയുന്നത്. പ്രതിഫലം കൂടാതെ മതോപദേശം ചെയ്തും സന്മാർഗോപദേശം ചെയ്തും ജീവിക്കുന്ന മഹാമനസ്കരായ ജനങ്ങൾ ഉണ്ടായേക്കാം. അവരുടെ പ്രവൃത്തിയും തൊഴിൽ തന്നെ എങ്കിലും അതിന്റെ പ്രതിഫലം ആദായമെന്ന് പറഞ്ഞുകൂടാ. പുണ്യമെന്നോ സന്തോഷമെന്നോ ചരിതാർത്ഥതയെന്നോ വേണം അതിനു പേർ പറവാൻ. പക്ഷേ, ഇങ്ങനെ കേവലം പുണ്യത്തിനു മാത്രമായി ചെയ്യുന്ന തൊഴിൽ ലോകത്തിൽ അത്യന്തം അപൂർവമാണ്. അതിനാൽ തൊഴിൽ എന്നതിന്, പതിവായി ഒരാൾ ചെയ്യുന്ന ആദായകരമായ പ്രവൃത്തി എന്നേ അർത്ഥമുള്ളൂ. ഇങ്ങനെ ഉള്ള ഒരു പ്രവൃത്തിയും ചെയ്യാതെ ജീവിക്കുന്ന ആൾ അന്യരുടെ പ്രയത്നഫലത്തെ അനുഭവിച്ച്, ഭൂമിക്ക് ഭാരമുണ്ടാക്കാനായി ജീവിക്കുന്ന ഒരു സത്വമാണെന്ന് വേണം പറയാൻ.

ഈ വിധമുള്ള ജീവിതമത്സരത്തിൽ സ്ത്രീകളുടെ പങ്ക് എന്താണ്. ലോകത്തിലാകെയുള്ള ജനസംഖ്യ മുൻ പറഞ്ഞപ്പോൾ അതിൽ പകുതിയിൽ വളരെ അധികം സ്ത്രീകളാണെന്നു കൂടി പറയുവാൻ വിട്ടുപോയി. അപ്പോൾ ലോകത്തിൽ സ്ത്രീജനങ്ങളുടെ സംഖ്യ ചില്ലറവല്ലതുമാണോ. പുരുഷന്മാർ മാത്രം വേലചെയ്ത് തങ്ങളെയും ഭൂരിപക്ഷക്കാരായ സ്ത്രീകളെയും സംരക്ഷിക്കയെന്നുള്ളത് സാധ്യമായിട്ടുമില്ല. സ്ത്രീവർഗം തന്നെയാണ് ലോകത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനും പ്രസരിപ്പിനും ആവശ്യമുള്ള ശക്തിയെ നിരന്തരം നൽകിക്കൊണ്ടിരിക്കുന്നത്. ഒരു മാതാവിന്റെ നിലക്കോ സോദരിയുടെ നിലക്കോ ഭാര്യയുടെ നിലക്കോ സഖിയുടെ നിലക്കോ സ്ത്രീയാൽ പ്രോത്സാഹിപ്പിക്കപ്പെടാത്തവനായ പുരുഷൻ ലോകത്തിൽ ആരാണുള്ളത്? അനേകവിധം വിശേഷപ്പെട്ട വേലകൾ ചെയ്യുന്ന ഒരാവിയന്ത്രത്തോട് മനുഷ്യവർഗത്തെ സാമ്യപ്പെടുത്തുകയാണെങ്കിൽ സ്ത്രീവർഗം ആവിശക്തിയും പുരുഷന്മാർ വേല ചെയ്യുന്ന വിവിധഭാഗങ്ങളും ആണെന്നുള്ളത് സ്ത്രീകളാകട്ടെ പുരുഷന്മാരാകട്ടെ വിസംവദിക്കയില്ലെന്ന് മാത്രമല്ല സ്ത്രീകൾ അഭിമാനപൂർവമായും പുരുഷന്മാർ സന്തോഷപൂർവമായും അതിനെ സമ്മതിക്കതന്നെ ചെയ്യുമെന്നുള്ളത് നിശ്ചയമാണ്. അതിനാൽ ജീവിതമത്സരത്തിൽ സ്ത്രീകളുടെ പങ്ക് അലസതയല്ല അത്യധികമായ ജാഗ്രതയാണ്.

വിദ്യാഭ്യാസവും പരിഷ്കാരവും കുറവായും ദാരിദ്ര്യം അധികമായുമുള്ള ജനങ്ങളുടെ ഇടക്ക് പുരുഷന്മാരോടൊപ്പം സ്ത്രീകളും നിത്യവൃത്തിക്കായി വേല ചെയ്യുന്നവരാണ്. സ്ത്രീകളുടെ പ്രത്യേകമായ കൃത്യം ഗൃഹജോലി നോക്കുന്നതാണെങ്കിലും അതിദരിദ്രരായ ജനങ്ങളുടെ ഇടക്ക് അങ്ങനെ പ്രത്യേകമായി ഒരു കൃത്യം സ്ത്രീകൾക്കുള്ളതായി പറയാനില്ല. നാഴിയരിയിട്ട് കാച്ചിക്കുടിച്ച് നിലത്ത് ഒരു തഴപ്പാ നിവർത്തിയിട്ട് കിടന്നുറങ്ങുന്നതു മാത്രമാണ് അവരുടെ ജീവിതം. പുരുഷന്മാരോടൊപ്പം വേലക്കുപോയി തിരിച്ചുവന്ന് സാധിക്കാവുന്ന

തല്ലാതെ അവർക്ക് ഗൃഹകൃത്യമൊന്നുമില്ല. കുട്ടികളെ വളർത്തിക്കൊണ്ടു വരുന്നതും പ്രയാസമുള്ള ഒരു കാര്യമല്ല. ആയുസ്സുണ്ടെങ്കിൽ കിടക്കും അല്ലെങ്കിൽ പോകും എന്നാണ് അവരുടെ സമാധാനം. അവരുടെ ആവശ്യങ്ങൾ തുലോം കുറവും അൽപ്പമായി കിട്ടുന്ന വേലക്കൂലികൊണ്ട് അവ ധാരാളമായി നിവർത്തിക്കുന്നവയുമാണ്. അതുകൊണ്ട് മറ്റുള്ളവരെക്കാൾ കൂടുതൽ സംതൃപ്തി അവർക്കുണ്ടായിരിക്കുകയും തൊഴിലില്ലായ്മയുടെ ഉപദ്രവം അവരെ ബാധിക്കാതിരിക്കുകയും ചെയ്യുന്നു. നേരെമറിച്ച്, പഠിപ്പും പരിഷ്കാരവുമുള്ള ജനങ്ങളുടെയിടക്ക് തൊഴിലില്ലായ്മയും അസംതൃപ്തിയും ക്രമേണ വർധിച്ചുകൊണ്ടിരിക്കുന്നു. പരിഷ്കൃതജനങ്ങളുടെയിടയിൽ വേല ചെയ്യുന്നതും ധനസമ്പാദനം ചെയ്യുന്നതും പുരുഷന്മാരുടെ ചുമതലയും ഗൃഹകാര്യങ്ങൾ നോക്കുകയെന്നത് സ്ത്രീകളുടെ ചുമതലയും ആണ്. എന്നാൽ ജാഗ്രതയായും കണിശമായും ഗൃഹകൃത്യങ്ങൾ നോക്കുന്ന സ്ത്രീകൾക്കുപോലം ആ വക കൃത്യങ്ങൾ ചെയ്തുകഴിഞ്ഞ് വളരെ സമയം അധികം വരുന്നുണ്ട്. അതെല്ലാം അവർ പാഴാക്കി കളയുകയാണെന്നുള്ളത് എത്രയും പരിതാപകരമായ പരമാർത്ഥമല്ലയോ? ലോകത്തിലെ ജീവിതമത്സരത്തിന്റെ സ്വഭാവം ഞാൻ മുൻപ് പറഞ്ഞിട്ടുള്ളവിധം തീക്ഷ്ണമായിരിക്കുന്ന സ്ഥിതിക്ക് ശ്രേയസ്സിനെ കാംക്ഷിക്കുന്ന ഏതൊരാളെങ്കിലും തന്റെ സമയത്തിൽ ഏതെങ്കിലും ഭാഗത്തെ പാഴ്ചെലവ് ചെയ്തു കളയുന്നത് നീതീകരിക്കത്തക്കതാണോ, എന്ന് നിങ്ങൾ സദയം ആലോചിച്ചു നോക്കുവിൻ. "സമയം പണമാണെ"ന്നാണ് പഴമൊഴി ഗൃഹഭരണം തങ്ങളുടെ തൊഴിലുകളായി വരിച്ചിരിക്കുന്ന സ്ത്രീകൾ അവരുടെ ജീവിതത്തതിൽ എത്ര കുറച്ചു സമയം മാത്രമേ അതിനായി ഉപയോഗിക്കുന്നുള്ളൂ എന്ന് അവർ തങ്ങളുടെ മനസ്സാക്ഷിയോട് ചോദിച്ചറിയേണ്ടതാണ്. പേരിനു മാത്രമാണെങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചു പോയിട്ടുള്ളതിൽ പലരും ഗൃഹനായികാവേഷം ധരിച്ചശേഷം ഗൃഹകൃത്യങ്ങൾ നോക്കുന്നത് തങ്ങളുടെ അന്തസ്സിനു കുറവാണെന്ന് വിചാരിക്കുകയും ഭാവിക്കുകയും ചെയ്യുന്നത് അവരുടെ അറിവിന്റെ കുറവെന്നല്ലാതെ മറ്റെന്താണ് പറയേണ്ടത്. ഗൃഹനായിക ആയ സ്ത്രീകൾ തന്നെയാണ് യഥാർത്ഥമായി ലോകത്തിന്റെ ശ്രേയസ്സിനെ വർധിപ്പിക്കേണ്ടവർ. ആ വിധം ശ്രേഷ്ഠമായ ചുമതലയുള്ള അവർ അവരുടെ സമയത്തിൽ കഴിയുന്നിടത്തോളം മുഴുവനും പ്രയോജനകരവും ആദായകരവും ആക്കിത്തീർക്കണമെന്നുള്ളതിന് അസംഖ്യം കാരണങ്ങൾ പറയാവുന്നതാണ്. ഒന്നാമത് വർധിച്ചുവരുന്ന കുടുംബാവശ്യങ്ങളെ നിർവഹിക്കുന്നതിന് ചുമതലക്കാരായ പുരുഷന്മാർക്ക് ഗൃഹനായിക അൽപ്പമെങ്കിലും ധനസഹായം ചെയ്യാൻ സ്വപ്രയത്നം കൊണ്ട് ശേഷിയുള്ളവളായിത്തീരുന്നത് അവൾക്ക് ഏറ്റവും അഭിമാനകരമായിട്ടുള്ളതാണ്. രണ്ടാമത് അവൾ നിമിത്തം തന്നെ പല ചെലവുകളും കുടുംബത്തിൽ ഉണ്ടാകാവുന്നതിനാൽ അവൾക്കും കൂടി ഗൃഹത്തിലിരുന്ന് ധനസമ്പാദത്തിന് സാധിക്കുന്ന പക്ഷം അത്രക്ക് അവൾ സ്വതന്ത്രയായിരിക്കും. മൂന്നാമത് തന്റെ സമയം മുഴുവനും ഓരോ പ്രവൃത്തിയിൽ മനസ്സു പ്രവേശിപ്പിച്ച് ചെലവു ചെയ്യുന്നതിനാൽ അവൾക്ക് ജീവിതം യാതൊരു സമയത്തും ഒരു ഭാരമായോ മുഷിവുള്ളതായോ തോന്നുകയില്ല. നാലാമത് അവൾക്ക് സൽബുദ്ധി വർധിക്കുകയും ദുർബുദ്ധി കുറയുകയും ചെയ്യും. അലസമായ തലച്ചോറ് പിശാചിന്റെ പണിപ്പുരയാണല്ലോ .നല്ല കാര്യങ്ങളിൽ മനസ്സ് പ്രവേശിപ്പിച്ചുകൊണ്ടാൽ അന്യജനങ്ങളുടെ ദൂഷ്യം പറയുന്നതിനും ഏഷണി കൂട്ടുന്നതിനും കലഹങ്ങൾ ഉണ്ടാക്കുന്നതിനും തരമില്ലാതെ വരുന്നത് എത്ര ഭാഗ്യമാണ്. അഞ്ചാമത്, പകലുറക്കം കുറഞ്ഞ് ഭക്ഷണത്തിനുള്ള രുചി വർധിച്ച് രാത്രിയിലുള്ള വിശ്രമം പൂർണസുഖമുള്ളതായിത്തീർന്ന് ആരോഗ്യവും മുഖപ്രസന്നതയും വർധിക്കുകയും അവളുടെ സംഭാഷണം കാര്യഗൗരവമുള്ളതും അസംബന്ധങ്ങളില്ലാത്തവയുമായി തീരുകയും ചെയ്യും. ആറാമത്, തന്റെ കുഞ്ഞുങ്ങൾക്കും ഗൃഹത്തിലെ ഭൃത്യന്മാർക്കും അവൾ ഒരു ഉത്തമമാതൃകയായിത്തീർന്ന് വാർധക്യത്തിൽ മറ്റുള്ളവരാൽ ഭക്തിപൂർവം ആരാധിക്കപ്പെടും. അതിനാൽ ഗൃഹനായിക തൊഴിലില്ലാത്തവളായി ഒരു നേരവുമിരിക്കാതെ, സമയം പ്രയോജനകരവും ആദായകരവും ആക്കിത്തീർപ്പാൻ സദാ ജാഗരൂകയായിരിക്കേണ്ടത് അവളുടെ ശ്രേഷ്ഠമായ കർത്തവ്യമാണ് ധനികരായ ജനങ്ങൾ ആദായത്തിനായി ഒരിക്കലും വേല ചെയ്യേണ്ട ആവശ്യമില്ലെന്ന് ചിലർ ഒരുവേള പറഞ്ഞേക്കാം. ധനം ചെലവു ചെയ്യാൻ മാത്രമായി ഒരാൾ ജീവിച്ചിരിക്കുന്നത് അത്യന്തം കഷ്ടമായിട്ടുള്ളതല്ലെ? പിന്നെ തന്റെ സമയത്തെ തനിക്ക് ദോഷകരമാം വണ്ണം അലസമായി ചെലവു ചെയ്യുന്നതിനു പകരം ധനികയായ ഒരു ഗൃഹനായിക, അതിനെ ആദായകരമാക്കിത്തീർത്താൽ ധനഹീനരായ നല്ല ആളുകളെ അതുകൊണ്ട് അവൾക്ക് സഹായിച്ചുകൂടെ? ധനികരായാലും അല്ലെങ്കിലും എല്ലാ സ്ത്രീകളും കഴിയുന്നിടത്തോളം പ്രയോജനകരമായ പ്രവൃത്തി നിരന്തരം ചെയ്തുകൊണ്ടിരിക്കണമെന്നാണ് ഞാൻ പറയുന്നതിന്റെ സാരം. വിദ്യാഭ്യാസ വിഷയത്തിൽ സ്ത്രീകൾ പ്രാപിക്കുന്ന അഭിവൃദ്ധിയെ നോക്കിയാൽ ബുദ്ധിയുടെ വിഷയത്തിൽ പുരുഷന്മാർ പുറകിലല്ലെ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്ക് എനിക്ക് പറയാൻ കഴിയുന്നതിൽ എത്രയോ മടങ്ങ് വിശിഷ്ടമായ ജോലികൾ ചെയ്യുന്നതിനും സ്ത്രീകൾക്ക് സാധിക്കു

ന്നതാണ്. വിശ്രമ സമയങ്ങളിൽ വല്ലതും ചെയ്യുവാൻ മനസ്സുള്ള സ്ത്രീകളും എന്തു ചെയ്യണമെന്നറിയാതെ സമയം ദുർവ്യയം ചെയ്യുന്നുണ്ടെന്നുള്ളതിനാലാണ് ഞാൻ ഈ വിഷയത്തെപ്പറ്റി പറയാമെന്ന് വിചാരിച്ചത്. ഉന്നതവിദ്യാഭ്യാസം ചെയ്തിട്ടുള്ള സ്ത്രീകൾക്ക് തങ്ങളുടെ വിദ്യാഭ്യാസത്തിന് ചേർന്ന ജോലി ചെയ്യണമെങ്കിൽ പുസ്തകങ്ങൾ എഴുതി ഉണ്ടാക്കുകയോ പത്രങ്ങളിലും മാസികകളിലും ലേഖനങ്ങൾ എഴുതി പ്രസിദ്ധം ചെയ്യുകയോ ആകാം. സ്വഭാഷയിൽ നിന്ന് അന്യഭാഷകളിലേക്കും അന്യഭാഷകളിൽനിന്ന് സ്വഭാഷയിലേക്കും തർജിമ ചെയ്യാവുന്നതായി അനേകം ഗ്രന്ഥങ്ങൾ ഉണ്ട്. ഇംഗ്ലീഷ് മുതലായ വിദേശഭാഷ പഠിക്കുന്നവർ തങ്ങളുടെ ജ്ഞാനസമ്പത്തിനെ പഠിപ്പ് കുറഞ്ഞവർക്ക് പ്രയോജനമാകത്തക്കവണ്ണം സ്വഭാഷയിലാക്കുന്നത് എത്രയോ നല്ലതാണ്. ഗൃഹഭരണം, ആരോഗ്യം, ശിശുസംരക്ഷണം, ആതുരശുശ്രൂഷ പ്രഥമമായ വൈദ്യ സഹായം മുതലായ സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട പ്രത്യേക വിഷയങ്ങളെക്കുറിച്ചോ, സമുദായ പരിഷ്കാരങ്ങൾ, വ്യവസായ കാര്യങ്ങൾ, സാന്മാർഗിക തത്വങ്ങൾ മുതലായ സാമാന്യവിഷയങ്ങളെ കുറിച്ചോ സരസമായ ലേഖനങ്ങളെഴുതി പ്രസിദ്ധപ്പെടുത്തുന്നതും അതുപോലെ ഗുണകരമായിട്ടുള്ളത്. ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിക്കാത്ത സ്ത്രീകളാണെങ്കിൽ പലതരത്തിലുള്ള അവരവരുടെ ഗൃഹങ്ങളിലിരുന്ന് ചെയ്യാവുന്നവയുണ്ട്. ചിത്രവേലകൾ, ചായവേലകൾ, കളിപ്പാട്ടങ്ങൾ, കൈസഞ്ചികൾ, വിശറികൾ മുതലായി ജപ്പാൻ സ്ത്രീകളും മറ്റും ചെയ്തുണ്ടാക്കുന്ന അസംഖ്യ സാമാനങ്ങൾ നമ്മുടെ കച്ചവട സ്ഥലങ്ങളിൽ വിറ്റഴിയുന്നത് നാം കാണുന്നുണ്ടല്ലോ. വട്ടികൾ, കുട്ടകൾ, പായകൾ മുതലായവ ഉണ്ടാക്കി നമ്മുടെ നാട്ടിൽ തന്നെ എത്രയോ ദരിദ്രസ്ത്രീകൾ കാലയാപനം ചെയ്യുന്നുണ്ട്. ഈ വക വേലകളും കന്നുകാലി വളർത്തൽ കോഴി വളർത്തൽ മുതലായവയും മറ്റും കുടിൽ വ്യവസായങ്ങളിൽ ഉൾപ്പെടും. ഇങ്ങനെയുള്ള കുടിൽ വ്യവസായങ്ങൾ നാട്ടിൽ പരക്കുകയും അതുകൊണ്ട് ഓരോ കുടുംബത്തിന് പ്രയാസം കൂടാതെ കൂടുതൽ ആദായം ലഭിക്കുകയും ചെയ്യാൻ സാധിക്കുകയും ചെയ്യുന്ന പക്ഷം അത് നാട്ടിന് എത്ര അഭിവൃദ്ധികരമാണ്. വലിയ വ്യവസായ ശാലകൾ സ്ഥാപിച്ച് ലങ്കാസ്റ്റർ, മാഞ്ചസ്റ്റർ മുതലായ പട്ടണങ്ങളെപ്പോലെ യന്ത്രവേലകൾ നടത്തുന്നത് ധനികരായ മുതലുടമസ്ഥന്മാർ കൂടുതൽ ധനമുണ്ടായി കോടീശ്വരന്മാരായിത്തീരുന്നതിന് മാത്രമേ കൊള്ളാവൂ. നേരെ മറിച്ച്, ഏത് ഗൃഹത്തിലും സ്ത്രീകൾക്ക് വിശ്രമ സമയങ്ങളിൽ നാട്ടിൽ പരന്നാൽ അസംഖ്യം കുടുംബങ്ങൾക്ക് അത് നിത്യമായ ആദായമാർഗമായി തീരുന്നതാണ്. ഇതു നിമിത്തമാണ് മഹാത്മാഗാന്ധി, ഖദർവേല ഇന്ത്യയിൽ പരക്കുന്ന കാലത്തേ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ, എന്നു പറഞ്ഞിട്ടുള്ളത്. ഒരു നാട്ടിൽ ധനികരായ കുറേ ആളുകളുടെ പണം കോടിക്കണക്കിന് വർധിക്കുന്നു എന്നു പറഞ്ഞാൽ ദരിദ്രരായ അനേകം ലക്ഷം ആളുകളുടെ വായിൽ അവർ മണ്ണിടുന്നു എന്നാണ് താൽപ്പര്യം. അതുകൊണ്ട് കുടിൽ വ്യവസായങ്ങളെ പോഷിപ്പിക്കുന്നവരാണ് യഥാർത്ഥത്തിൽ ഒരു നാട്ടിനെ അനുഗ്രഹിക്കുന്നവർ. അതിനാൽ സ്ത്രീകളുടെ തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനും അവർക്ക് ക്ഷേമം വർധിപ്പിക്കുന്നതിനും ആയി ആദായകരങ്ങളായ പ്രത്യേക പ്രവൃത്തികൾ അവരുടെ വാസനക്കും മാനത്തിനും മര്യാദക്കും അന്തസ്സിനും പഠിപ്പിനും തക്കവണ്ണം കണ്ടുപിടിച്ച്, അവരെക്കൊണ്ട് ചെയ്യിപ്പിച്ച് അവർ ഉണ്ടാക്കുന്ന സാധനങ്ങളെ വിറ്റഴിക്കുന്നതിനുള്ള ഏർപ്പാട് ചെയ്ത് നടപ്പിൽ വരുത്തുന്നത് നമ്മുടെ ഇടയിലുള്ള വിദുഷികളായ സ്ത്രീകളുടെ ഉത്തമകൃത്യങ്ങളാകുന്നു. യൂറോപ്യൻ സ്ത്രീകൾ ഈ നാട്ടിൽ വന്ന് പാവപ്പെട്ട സ്ത്രീകൾക്ക് ശമ്പളം കൊടുത്ത് കുറഞ്ഞ തരത്തിൽ ഇങ്ങനെയുള്ള വേലകൾ അവരെക്കൊണ്ട് ചെയ്യിക്കുകയും അതിൽ നിന്ന് ആദായം ഉണ്ടാക്കി നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്. രണ്ടു കൊല്ലം മുമ്പ് ഞാൻ നെയ്യൂർ ആശുപത്രിയിൽ ചികിത്സക്കായി താമസിച്ചിരുന്നപ്പോൾ അവിടെ സ്ത്രീകളെ കിടത്തി ചികിത്സിക്കാനായി പണിതീർന്ന ഒരു രണ്ടുനില കെട്ടിടം തുറക്കുന്നതിനെ സംബന്ധിച്ച് ഒരു യോഗം കൂടുകയുണ്ടായി. അപ്പോൾ ആ കെട്ടിടത്തിലേക്ക് പതിനായിരം രൂപ മിസ്സിസ് പാർക്കർ എന്ന മദാമ്മ സംഭാവന ചെയ്തിട്ടുള്ളതായും യോഗത്തിൽ പ്രസ്താവിച്ചുകേട്ടു. ഈ പണം മുഴുവനും അവർ ഈ നാട്ടിലെ പാവപ്പെട്ട സ്ത്രീകൾക്ക് ശമ്പളം കൊടുത്ത് തയ്യൽ വേല ചെയ്യിച്ച് യൂറോപ്പിലയച്ചു കിട്ടിയ ലാഭത്തിൽ നിന്നും ആയിരുന്നു കൊടുത്തത്. ഈ മാതിരിയിലുള്ള വേലകളെപ്പറ്റി വേണ്ട വിവരങ്ങളെല്ലാം എഴുത്തുകുത്തുകൾ മൂലം ശേഖരിച്ച് വേണ്ട വ്യവസ്ഥകൾ ചെയ്ത് നമ്മുടെ ഇടയിലുള്ള തൊഴിലില്ലാത്ത സ്ത്രീകളെ തൊഴിലുള്ളവരാക്കിത്തീർത്ത് നന്നാക്കേണ്ട ഭാരം പഠിപ്പുള്ളവരായ സ്ത്രീകളുടേത് തന്നെയാണ്. വിദ്യാഭ്യാസം കൊണ്ട് ലഭിക്കുന്ന അറിവിനെ ഉചിതമാംവണ്ണം പ്രയോജനപ്പെടുത്തി തങ്ങളുടെ ചുറ്റുമുള്ള അവസ്ഥകളെ നന്നായി തങ്ങൾക്കും മറ്റുള്ളവർക്കും നന്മയുണ്ടാക്കുകയാണല്ലോ പഠിക്കുന്നവരുടെ കർത്തവ്യം. അതുകൊണ്ട് ഈ സംഗതിയെപ്പറ്റി വേണ്ടുംവണ്ണം സഹോദരിമാർ ആലോചിച്ചു നോക്കണമെന്നും കാലാന്തരത്തിലെങ്കിലും യഥാശക്തി അവർ ഈ മാർഗത്തിൽ പ്രവർത്തിച്ചു കാണണമെന്നുമാണ് എന്റെ ആഗ്രഹം.

## വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ സ്ഥാനം

**കെ ചിന്നമ്മ**

യഥാർത്ഥമായ വിദ്യാഭ്യാസം ഒരുവന്റെ മനോവികാസത്തെയും ബുദ്ധി സംസ്കരണത്തേയുമാണല്ലോ ഉദ്ദേശിക്കുന്നത്. തന്നിമിത്തം മനുഷ്യന്റെ ജന്മം മുഴുവൻ ഒരു വിദ്യാർത്ഥിയുടെ നിലയിൽ തന്നെ കഴിച്ചുകൂട്ടേണ്ടിയിരിക്കുന്നു. എന്നാൽ ഈ കാലമൊക്കെയും ഒരു പള്ളിക്കൂടത്തിൽ പഠിക്കണമെന്ന് അർത്ഥമാക്കരുത്. ലോകജീവിതം മുഴുവൻ ഒരു പള്ളിക്കൂടം തന്നെയാണ്. ഒന്നാമത് നമ്മുടെ ഗൃഹത്തിലും, രണ്ടാതു പള്ളിക്കൂടങ്ങളിലും പിന്നീട് സ്വപ്രയത്നം കൊണ്ടുമാണ് നമ്മുടെ വിദ്യാഭ്യാസം പൂർത്തിവരുത്തുവാനുള്ളത്. ഇവയിൽ ഓരോന്നിലും അവശ്യങ്ങളായ കൃത്യങ്ങളെ ചുമതലക്കാരെല്ലാം ശരിയായി അനുഷ്ഠിച്ചെങ്കിൽ മാത്രമേ നമ്മുടെ ജന്മോദ്ദേശ്യം സഫലമായി പരിണമിക്കൂ. ഗൃഹമാകുന്ന വിദ്യാലയത്തിൽ നാം പഠിക്കുന്ന പാഠങ്ങൾക്കു മറ്റെല്ലാറ്റിനേക്കാൾ ഒരു അസാധാരണ ശക്തിയുള്ളതും, സാധാരണ വിദ്യാലയങ്ങളിൽ നിന്നു സിദ്ധിക്കുന്ന വിദ്യാഭ്യാസം അതിനെ ആശ്രയിച്ചിരിക്കുന്നതും ആകുന്നു. പള്ളിക്കൂടത്തിൽ നിന്നു ലഭിക്കുന്ന വിദ്യാഭ്യാസം മാത്രമേ സാധാരണ ജനങ്ങൾ വകവെക്കാറുള്ളൂ. ഇതു കേവലം തെറ്റായ ധാരണയാകുന്നു. ഗൃഹവിദ്യാഭ്യാസം ശരിയാക്കാതെ മറ്റുള്ളതിന് ഒരുമ്പെടുന്നത് അടിസ്ഥാനം ഉറപ്പിക്കാതെ കെട്ടിപ്പടുക്കുന്ന കോട്ടകൾ, വീടുകൾ മുതലായവ പോലെ ആയിത്തീരുമെന്നുള്ളതു തർക്കമറ്റ സംഗതിയാകുന്നു. ഒരു ശിശു ഇഹലോകത്തു ജനിക്കുമ്പോൾ അത് ഏറ്റവും നിരപരാധിയായും, യാതൊരു വിവേചന ശക്തിയില്ലാതെയുമാണ് ഇരിക്കുന്നത്.

## ആധുനിക വനിതാരത്നങ്ങളും അവരുടെ ഭർത്താക്കന്മാരും

**മിസ്സിസ് കെ കണ്ണൻ മേനോൻ**

'മഹിളാരത്ന'ത്തിന്റെ കഴിഞ്ഞ ലക്കത്തിൽ മേൽപ്പറഞ്ഞ ഉപന്യാസം വായിച്ചപ്പോഴാണ് ദാമ്പത്യദശയിൽ ഇക്കാലത്തുകൂടി ഉപന്യാസത്തിൽ പറയപ്പെട്ടതായ ചില നിത്യദുഃഖങ്ങൾക്ക് പലരും പാത്രീഭവിക്കുന്നുണ്ടെന്ന് എനിക്ക് മനസ്സിലായത്.

എന്നാൽ പ്രസ്തുത ലേഖനത്തിൽ വിവരിക്കപ്പെട്ട ദോഷങ്ങൾ ഇപ്പോഴത്തെ എല്ലാ സ്ത്രീകൾക്കും ഉണ്ടോ? അവർ അതിന് ഉത്തരവാദികളാണോ?

ഉപന്യാസകർത്താവായ മിസ്റ്റർ എം.കൃഷ്ണമേനോൻ ഒന്നാമതായി ആധുനികയുവതികളിൽ ആരോപിക്കുന്ന കുറ്റം 'ലോകനീതിയെ' അവർ അശേഷം പരിത്യജിക്കുവാൻ തുടങ്ങിയിരിക്കുന്നു' എന്നാണ്. മനുഷ്യജീവികളിൽ ആരും സുബോധത്തോടുകൂടിയിരിക്കെ ലോകനീതികളെ കേവലം ത്യജിക്കയില്ല. പഴയതുകളെ തള്ളി പുതുതായുള്ളവയെ സ്വീകരിക്കുമായിരിക്കാം. അത് യുവതികൾ മാത്രമല്ല, യുവാക്കന്മാരും ഭൂമിയിലുള്ള എല്ലാ മനുഷ്യരും ചെയ്യുന്നത് ലോക'നീതി'യല്ലെങ്കിൽ 'ലോക'രീതിയാണ്. പിന്നെയുള്ള കുറ്റങ്ങൾ ഇവർക്ക് ഭർത്താക്കന്മാരിൽ എന്തെന്നില്ലാത്ത ഒരു വെറുപ്പും സ്നേഹക്കുറവും കാണപ്പെടുന്നതും ഭർത്താക്കന്മാരെ ബഹുമാനമില്ലായ്മയും ആണ്. 'ഇപ്പോഴത്തെ' യുവതികൾ എന്നാണ് ലേഖകൻ പറയുന്നത്. ഇത് ശരിയാണോ? യുവതികൾ എല്ലാവരും ഒന്നുപോലെ ഭർത്താക്കന്മാരെ വെറുക്കുന്ന കാലം ഇതുവരെ ഉണ്ടായിട്ടും ഇനി ഉണ്ടാകയും ഇല്ല. പക്ഷേ, ചിലർക്ക് വെറുപ്പുണ്ടെങ്കിൽ അതിന് തക്കതായ പല സംഗതികളും ഉണ്ടായിരിക്കയും ചെയ്യും.

നമ്മുടെ ഇടയിൽ സാധാരണയായി സംബന്ധം ചെയ്യുന്നതും ചെയ്യിക്കുന്നതും സ്ത്രീയുടെ അനു


പ്രസ്താവന.

വാദത്തോടും താൽപ്പര്യത്തോടും കൂടി ആയിരിക്കയില്ല. അച്ഛനോ, കാർണ്ണവനോ, വല്ല ഒരുത്തനേയും തരത്തിൽ കണ്ടുകിട്ടിയാൽ ഉടനെ സംബന്ധം നടത്തിക്കഴിയും. തന്റെ ഭർത്താവാവാൻ പോകുന്ന ആൾ ദുസ്വഭാവിയോ, സൽസ്വഭാവിയോ, സുഭഗനോ, ദുർഭഗനോ എന്നൊന്നും ചിലപ്പോൾ അറിയുന്നേ ഇല്ല. സംബന്ധ മുഹൂർത്തത്തിൽ നിശ്ചിത സ്ഥലത്ത് ഹാജരായിരിക്കയും, പിന്നെ ആ ഭർത്താവ് ഹേതുവായിട്ടുണ്ടാകുന്ന കഷ്ടതകൾക്കും ആശാഭംഗത്തിനും പാത്രമായിരിക്കയും ആണ് സ്ത്രീയുടെ ചുമതല.

ചിലപ്പോൾ മധ്യവയസ്സ് കഴിഞ്ഞിട്ടുള്ള ഒരു പുരുഷന് യാതൊരു മടിയും കൂടാതെയാണ് യൗവനാരംഭത്തിലുള്ള ഒരു ബാലികയെ വിവാഹം ചെയ്തുകൊടുക്കുന്നത്. ഇതും പോരെങ്കിൽ ഭർത്താവ് എത്രയോ സംഗതികളിൽ ഒരു ഹീനചിത്തനായിരിക്കയും ഭാര്യ സാമാന്യം വിദ്യാഭ്യാസമുള്ള ഒരു സ്ത്രീയായിരിക്കയും ചെയ്യും. ആ ഭർത്താവിന്റെ ഹീനസംസർഗത്തിലും സംസാരത്തിലും ഭാര്യക്ക് വെറുപ്പുണ്ടാകാതിരിക്കുന്നുണ്ടെങ്കിൽ അതാണ് അത്യാശ്ചര്യം. പിന്നത്തെ സംഗതി ബഹുമാനമാണ്.

ഇത് ആർക്കും തന്നെ ശാസിച്ചോ, യാചിച്ചോ, വിലയക്കോ വാങ്ങാൻ സാധിക്കുന്നതല്ലെന്ന് എല്ലാവരും മനസ്സിലാക്കേണ്ട ഒരു സംഗതിയാണ്. ഒരാൾക്ക് മറ്റൊരാളിൽ ബഹുമാനം ജനിക്കുന്നത്, തനിക്ക് ഇല്ലാത്തതായോ, അപ്രാപ്യമായിട്ടോ ഇരിക്കുന്ന ഒരു ഗുണം മറ്റെ ആളിന് ഉണ്ടെന്നറിയുമ്പോഴാണ്. സ്ത്രീയായാലും പുരുഷനായാലും ഇതിന് യാതൊരു വ്യത്യാസവുമില്ല. ശ്രീമതി സരോജിനി നായിഡുവിനേയും മിസ്സിസ് ഗാന്ധിയേയും ബഹുമാനിക്കാത്തവർ ഇന്ന് ഇന്ത്യാരാജ്യത്ത് വളരെ അപൂർവമാണ്. ഒരാൾക്ക് ബഹുമാനിക്കത്തക്ക ഒരു ഗുണം പ്രകൃത്യാ ഉണ്ടെങ്കിൽ ആയതിനെ ആരും ബഹുമാനിക്കാതിരിക്കയില്ല. കാലത്ത് എഴുന്നേറ്റാൽ ഉടൻ തന്റെ ചില്ലറ സൗകര്യക്കുറവുകൾ വല്ലതും ഉണ്ടെങ്കിൽ അതെല്ലാം കണ്ടുപിടിച്ച് കുപിതനായി, കുറെ ശകാരിച്ച്. താന്താങ്ങളുടെ ജോലിക്കു പോകയും വൈകുന്നേരം ശീട്ടുകളിയിലോ മദ്യപാനത്തിലോ കാലയാപനം ചെയ്ത് രാത്രി പന്ത്രണ്ടുമണിക്ക് മടങ്ങിവരികയും ചെയ്യുന്ന പുരുഷന്മാർ ഒട്ടും അപൂർവദർശനീയന്മാരല്ല. ഇങ്ങനെയുള്ളവർ 'എന്നെ ആരും ബഹുമാനിക്കാതെയും ആയോ, ഞാൻ എന്തുചെയ്താലെന്താ നോക്കരുതോ, പുരാണങ്ങൾ 'മൂർഖനാകിലും ഭർത്താനാരിമാർക്കെല്ലാം ദൈവം എന്നല്ലെ പറയുന്നത്' എന്നും മറ്റും ഘോഷംകൂട്ടി ഈ വക പാസ്പ്പോർട്ടുകൾ ചൂണ്ടിക്കാണിച്ചതുകൊണ്ട് വല്ല പ്രയോജനവും ഉണ്ടോ?

മനുഷ്യസൃഷ്ടിയിൽ ഓരോരുത്തർക്കും ജനനാൽത്തന്നെ ലഭിക്കുന്നതായ ചില ഗുണങ്ങൾ ഉണ്ട്. ഇവയിൽ മുഖ്യമായ ഒന്ന് ബുദ്ധിശക്തിയാണ്. ഒരു മാതാപിതാക്കന്മാരുടെ സന്താനങ്ങളായ സഹോദരീസഹോദരന്മാരിൽ എല്ലാവരിലും ഒരുപോലെ ബുദ്ധിശക്തി എല്ലായ്പ്പോഴും കാണുന്നില്ല. ചിലപ്പോൾ പെൺകുട്ടികൾക്ക് ആൺകുട്ടികളേക്കാൾ ബുദ്ധി കുറഞ്ഞും ചിലപ്പോൾ നേരെ മറിച്ചും കാണുന്നത് സാധാരണയാണ്. പ്രകൃതിയായിരിക്കുന്ന നമ്മുടെ മാതാവ് സ്ത്രീയെന്നും പുരുഷനെന്നും ഉള്ള വ്യത്യാസമോ, അവരിൽ പക്ഷഭേദമോ കാണിക്കുന്നില്ല. പക്ഷേ, പുരുഷന്മാരുടെ ബുദ്ധിയെ വിദ്യാഭ്യാസം കൊണ്ട് വികസിപ്പിക്കാൻ ശ്രമിക്കയും സ്ത്രീകളുടേത് ചിലത് അതേ സ്ഥിതിയിൽ ഇരിക്കയോ അല്ലെങ്കിൽ പ്രകൃത്യാ തന്നെ വികസിക്കയോ ആണ് ചെയ്യുന്നത്. ഒരു പുരുഷൻ എന്തെല്ലാം വിജയവിരുതുകൾ നേടിയവനായാലും, ആത്മസ്ഥൈര്യവും ബുദ്ധിശക്തിയും സ്വതെയുള്ള ഒരു സ്ത്രീയുടെ ബഹുമാനത്തെ ആകർഷിക്കുമെന്നു തോന്നുന്നില്ല. ഇതുപോലെ തന്നെ ഒരു പുരുഷൻ എത്രതന്നെ സുന്ദരഗാത്രനായാലും ധനവാനായാലും ഒരു സ്ത്രീയുടെ ബഹുമാനത്തിനു പാത്രീഭവിക്കുന്നതല്ല. ആത്മസ്ഥൈര്യവും സ്വഭാവഗുണങ്ങളും ആണ് എല്ലാവരും ബഹുമാനിക്കുന്നത്. ബഹുമാന്യങ്ങളായ ഗുണങ്ങൾ വളരെ ഇല്ലാത്ത പുരുഷൻമാരും ഭാര്യമാരാൽ ഹൃദയപൂർവമായി സ്നേഹിക്കപ്പെടുകയും ഇങ്ങനെയുള്ള നിഷ്കളങ്കസ്നേഹമില്ലാതെ ഭാര്യമാരുടെ അളവറ്റ ഭക്തിബഹുമാനങ്ങളെ അനുഭവിക്കയും ചെയ്യുന്ന ഭർത്താക്കന്മാർ സാധാരണയാണ്. അന്യോന്യം നിർവ്യാജസ്നേഹവും ബഹുമാനവും ചേർന്നിരുന്നാലാണ് ദാമ്പത്യം ഭംഗിയായും ആനന്ദകരമായും ആയി പരിണമിക്കുന്നത്. എങ്കിലും ഇത് എത്രയോ അപൂർവമാണ്. സ്നേഹവും ബഹുമാനവും ദമ്പതിമാരുടെ ഓരോരുത്തരുടെയും ഗുണദോഷങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.

'ഭർത്താവാണ് പ്രത്യക്ഷദൈവം' എന്നാണ് മിസ്റ്റർ മേനോന്റെ മറ്റൊരു സംഗതി. ഇത് ശാസ്ത്രപ്രകാരമുള്ളതാണെന്നും പറയുന്നു. ഈ വകശാസ്ത്രങ്ങൾ അനുസരിച്ചു ലേഖകൻ തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ? ശാസ്ത്രങ്ങളിൽ വർണാശ്രമധർമങ്ങളെ വിവരിച്ചിട്ടുണ്ടല്ലോ. ഇവയെ നാം അനുഷ്ഠിക്കേണ്ടതല്ലയോ? ശൂദ്രരെന്നു പറയപ്പെടുന്ന നമുക്ക് അക്ഷരാഭ്യാസം നിഷേധിക്കപ്പെട്ടിട്ടില്ലെ? ഇനി ഭർത്താവിൽ ഈശ്വരാംശം എത്രത്തോളമുണ്ടെന്നാണ് അറിയേണ്ടത്. വിവാഹകർമത്തിനു യാതൊരു നിയമവും ബന്ധവും ഇല്ലാത്ത മലയാളികളുടെ ആവശ്യത്തിന്നായിരിക്കാം പുരാണങ്ങളും സ്മൃതികളും മറ്റും മുപ്പത്തുമുക്കോടി ഈശ്വരന്മാരെ സങ്കൽപ്പിച്ചിട്ടുള്ളത്. ഇന്ന് വിവാഹം ചെയ്യുന്ന ഈശ്വരൻ നിർധനനാണെങ്കിൽ നാ

ളെ ധനികനായ ഒരീശ്വരനെ വരിക്കാം. ആ ഈശ്വരൻ രോഗിയാണെങ്കിൽ പിറ്റെ ദിവസം ദൃഢഗാത്രനായ മറ്റൊരീശ്വരനെ കണ്ടുപിടിക്കാം. അതിന്നും വല്ല അറ്റകുറ്റവും ഉണ്ടായെങ്കിൽ ഉടനെ ആവശ്യം പോലെയുള്ള ഈശ്വരനെ തേടി നടക്കാനും സ്വാതന്ത്ര്യമുണ്ട്. ഏകോദരന്മാരായി ജനിച്ചു കുറേക്കാലത്തേക്കു യാതൊരു പക്ഷഭേദവും കൂടാതെ വളർന്നതിന്റെ ശേഷം ഒരാൾ ഈശ്വരനായും മറ്റെ ആൾ അബലയായും പരിണമിക്കുമെന്നുള്ള തത്വം ഇനിയുള്ള സ്ത്രീകളെ വിശ്വസിപ്പിക്കാൻ കുറച്ചു പ്രയാസമാണ്. 'ഭർത്താക്കന്മാർക്ക് അനിഷ്ടമായി പ്രവർത്തിച്ചാൽ ദൈവം വെറുക്കു'ഥമെന്ന് ലേഖകൻ പറയുന്നതു വാസ്തവമാണ്. ഈശ്വരൻ മനുഷ്യനായിരിക്കെ മറിച്ചുവരാൻ തരമില്ലല്ലോ.

'തങ്ങളുടെ യൗവനകാലം മുഴുവൻ സ്ത്രീകൾ ഭർത്താക്കൻമാർ പറയുന്നതിനെകേട്ട് അവരുടെ കീഴിൽ ഇരിക്കേണ്ടതാണു' പോൽ. ഇതിന്റെ താൽപ്പര്യം എന്താണ്? യൗവനാസ്തമനത്തിൽ സ്ത്രീയുടെ മേൽ പുരുഷനുള്ള ഭരണശക്തിയും നശിച്ചുപോകുമോ? അല്ല, ഈ ദശയിൽ സ്ത്രീക്ക് ഭാര്യയായിരിക്കുമ്പോഴുള്ള ബന്ധങ്ങളിൽ നിന്നും മോചനം ലഭിക്കുമോ?

'ഏതു സംഗതിയിലും ഒരു നായകനുണ്ടായാലേ ഒരു പ്രവർത്തി നന്നായി പരിണമിക്കയുള്ളൂ' എന്നും മിസ്റ്റർ മേനോൻ അഭിപ്രായപ്പെടുന്നു. ഒരു നായികയായാലും മതിയാകയില്ലെ? തിയോസഫി എന്ന പുതിയ മതം സ്ഥാപിച്ച 'മാഡം ബ്ലവോസ്കി'യും ആ യോഗത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റായിരിക്കുന്ന മിസ്സിസ് ആനിബെസന്റും ഇംഗ്ലീഷ് പാർലമെന്റിൽ പ്രവേശനത്തിനായി ഭഗീരഥപ്രയത്നങ്ങൾ ചെയ്തുവരുന്ന മിസ്സിസ് പാങ്കഴ്സ്റ്റും അവരുടെ മകളും, ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ എന്നീ മൂന്നു രാജ്യങ്ങളിലെ യോദ്ധാക്കന്മാരേയും ഒന്നായി തടഞ്ഞുനിർത്തുന്ന ജർമൻ വലിയ തോക്കുകൾ നിർമ്മിക്കുന്ന യന്ത്രശാലയുടെ മേലധികാരിയായ മിസ് ക്രപ്പും എല്ലാം സ്ത്രീകളാണ്. അബലകളാണെങ്കിലും ഇവർക്കെല്ലാം കാര്യനിർവഹണപ്രാപ്തിയില്ലെന്ന് ആരാണ് സ്ഥാപിക്കുന്നത്?

വിവാഹബന്ധം മനുഷ്യജീവിതത്തിലെ ഒരു പ്രധാന ഘട്ടമാണ്. ഇത് കേവലം മനുഷ്യനിർമിതമല്ലെന്ന് ഏതു ജീവപ്രാണിയും അതിന്റെ ഇണയോടു ചേർന്നു നടക്കുന്നതിലുള്ള താൽപ്പര്യം കാണിക്കുന്നതു കൊണ്ടു തന്നെ നമുക്കറിയാം. മനുഷ്യന് വിശേഷബുദ്ധിയുള്ളതുകൊണ്ട് തന്റെ ചങ്ങാതിയിൽ ചില വിശേഷഗുണങ്ങളെ ആവശ്യപ്പെടുകയും അതു ലഭിച്ചാൽ തൃപ്തരാകയും അല്ലാത്ത പക്ഷം തൃപ്തികേടു ജനിക്കയും ചെയ്യുന്നു എന്നേ ഉള്ളൂ. ഓരോ സ്ത്രീയേയും തന്റെ ദേഹപ്രയത്നം കൊണ്ട് സംരക്ഷിച്ചും ഹൃദയപൂർവമായി സ്നേഹിച്ചും വരുന്ന ഭർത്താക്കന്മാരെ ഭക്തിസ്നേഹബഹുമാനപുരസ്സരം ശുശ്രൂഷിച്ച് അവരുടെ സൗകര്യം ശരിയായി നിർവഹിക്കുന്നത് തങ്ങളുടെ ചുമതലയാണെന്നറിഞ്ഞ് ഏതു കാര്യത്തിനും സന്നദ്ധകളായിരിക്കുന്ന സ്ത്രീകൾ ഇപ്പോൾ ഒട്ടും തന്നെ ദുർലഭമല്ല. ഭർത്താവിന്റെ ആജ്ഞയനുസരിച്ച് നടക്കേണമെന്നും അദ്ദേഹത്തെ സ്നേഹിക്കേണമെന്നും ഏതു സ്ത്രീക്കും ആരും ഉപദേശിക്കേണ്ട ആവശ്യമില്ല. ഇതു പ്രകൃതി സ്ത്രീഹൃദയത്തെ ആദ്യമായി പഠിപ്പിക്കുന്ന ഒരു വിഷയമാണ്. പുരാണഗ്രന്ഥങ്ങളും ഞങ്ങൾക്ക് വായിക്കേണമെന്നില്ല. ഓരോ ബാലികയും തന്റെ യൗവനാരംഭത്തോടുകൂടി ഒരുവനെ ആഗ്രഹിച്ചു തുടങ്ങും. അവരവരുടെ ബുദ്ധിശക്തിയും സ്വഭാവഗുണങ്ങളെ ആശ്രയിച്ചായിരിക്കും ഓരോരുത്തരും പുരുഷമാതൃകകളെ നിർമിക്കയും, പിന്നീട് ഈ മാതൃകകളെ രൂപീകരിച്ച് ഭർത്താവിൽ കാണ്മാൻ ആഗ്രഹിക്കുകയും ചെയ്യുന്നത്. ഈ ആശയങ്ങളും ആഗ്രഹങ്ങളും സഫലമായാൽ ഒരു സ്ത്രീ 'ഭാര്യ' എന്ന പദവിയെ അർഹിക്കയും അതിന്റെ ചുമതലകൾ ശരിയായി നിറവേറ്റുകയും ചെയ്യുമെന്നു മാത്രമല്ല, വിഫലമായിത്തീരുന്ന പക്ഷം ആ വിശിഷ്ടപദത്തെ മലിനപ്പെടുത്തുകയും ചെയ്യും.

പുരുഷന്മാരുടെ ഇടയിൽ ചില വിടന്മാരുള്ളതു പോലെതന്നെ സ്ത്രീകളുടെ ഇടയിൽ ചല കുലടകളും ഉണ്ടാകാതിരിക്കയില്ല. അവരെ ശാസിച്ച് അടക്കുന്നതിന് മനക്കരുത്തില്ലാതെ അവരുടെ ശകാരങ്ങൾക്കും മർദനങ്ങൾക്കും വഴിപ്പെടുന്ന ഭർത്താക്കന്മാർ എല്ലാ സ്ത്രീകളും ദുസ്വഭാവികളാണെന്നോ, താന്തോന്നികളാണെന്നോ തീരുമാനിക്കരുത്. സ്ത്രീകളെ ഒട്ടുക്ക് ദുഷിക്കുന്ന ഈ മാതിരി ലേഖനങ്ങൾ ഇനിയും ഉണ്ടെങ്കിൽ ഒരു വിശിഷ്ടനാമധേയധാരിണിയായി സഞ്ചരിക്കുന്ന ഈ മാസികയിൽ അവയെ പുറപ്പെടുവിക്കരുതെന്ന് മാത്രം ഒരപേക്ഷയുണ്ട്.

## സ്ത്രീത്വം
## സരോജിനി

പുരുഷത്വം എന്താണെന്ന് എല്ലാവർക്കും അറിയാം. സ്ത്രീത്വം എന്താണെന്ന് സ്ത്രീധർമത്തെക്കുറിച്ച് പ്രസംഗമോ പുസ്തകമോ എഴുതീട്ടുള്ളവർ തന്നെ വളരെ ആലോചിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരു സ്ത്രീക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാമെന്ന് ഒരു ചോദ്യമിട്ടാൽ എല്ലാവരും പറയുന്ന ഉത്തരം ഒരുപോലെ ആയിരിക്കുമോ എന്ന് സംശയമാണ്. "കാര്യേഷുമന്ത്രി കരണേഷു ദാസി" ഇത്യാദിപദ്യത്തിലാണ് നീതിസാരക്കാരൻ സ്ത്രൈണഗുണങ്ങളുടെ ലിസ്റ്റ് കുറിച്ചുവെച്ചിരിക്കുന്നത്. "ഭക്ത്യാസേവിക്കപൂജ്യാൻ" പദ്യത്തിലാണ്

കണ്വമുനി ഗൗരവമായി ആലോചിച്ചു ഗൃഹിണികളുടെ യോഗ്യതകളെ അടക്കിയിരിക്കുന്നത്. ഒരാൾ ആവശ്യപ്പെടുന്ന ഗുണങ്ങൾ തികച്ചും മറ്റൊരാൾക്കു ആവശ്യമില്ല. ആ മറ്റൊരാൾ മറ്റു ചില ഗുണങ്ങളെ കൂടുതലായോ 'ആദേശ' മായോ ആവശ്യപ്പെട്ടാലുമായി. 'രൂപേഷുലക്ഷ്മി'യായെങ്കിലേ 'കുലധർമപത്നി' യാകയുള്ളൂ എങ്കിൽ മറ്റുള്ള 'മൂധേവികളൊക്കെ വിഷം കുടിച്ചു ചാവുകയോ താണകുലത്തിൽ പൊയ്ക്കൊള്ളുകയോ ചെയ്യാതെ തരമുണ്ടോ? മനുഷ്യപ്രയത്നം കൊണ്ട് തീർച്ചയായി സമ്പാദിക്കാൻ കഴിയുന്ന ഗുണങ്ങളൊക്കെ സ്ത്രീകൾ സമ്പാദിച്ചിരിക്കണമെന്ന് പറഞ്ഞാൽ അതിലൊരു ഞായമുണ്ട്. അസാധ്യമായത് ആവശ്യപ്പെട്ടാൽ ആവശ്യപ്പെട്ടത് കിട്ടാതെ പോകുന്നതിന് തന്റെ ദുർമോഹത്തെയല്ലാതെ മറ്റാരെയെങ്കിലും കുറ്റപ്പെടുത്താനുണ്ടോ? സ്ത്രീകൾക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാമെന്ന് സ്ഥിരമായ ഒരു അഭിപ്രായം പുരുഷന്മാർക്കില്ലെങ്കിൽ സ്ത്രീകൾ എന്തൊക്കെ സമ്പാദിച്ചാൽ പുരുഷന്മാർ പ്രസാദിക്കുമെന്ന് സ്ത്രീകൾക്ക് എങ്ങനെ അറിയാം?

അസ്ഥിരതയെയാണല്ലോ ചപലതയെന്ന് പറയുന്നത്. ചപലത പുരുഷന്മാർക്കോ സ്ത്രീകൾക്കോ? കന്യക 'ചപല' യാണെങ്കി ലും കന്യകക്ക് ഇച്ഛ ഒന്നിലേ ഉള്ളെന്നു തെളിയിക്കാൻ നീതിസാരം ഒന്നക്കം രേഖാത്തെളിവാണ്. അതിൽ കൂടുതൽ അവർ ആവശ്യപ്പെടുമെന്നു പറയാൻ പുരുഷന്മാർക്ക് വാദതടസ്സമുണ്ട്. വിദ്യ അച്ഛന്റേയും ധനം അമ്മയുടേയും കുലം ബന്ധുക്കളുടേയും ആവശ്യമാണ്. കന്യകക്ക് രൂപം മാത്രം മതി! അതുകൂടിയേ തീരൂതാനും. അക്കഥ അറിഞ്ഞിരുന്നിട്ടും രൂപംകെട്ട പുരുഷന്മാർ വില്ലങ്കത്തിനു തയ്യാറായി നിൽക്കുന്നു. നോക്കാത്ത തമ്പുരാട്ടിയെ കുമ്പിടാത്ത പുരുഷന്മാരെ ഒരു പുകിയ ബ്രഹ്മാവ് ഇനി പുത്തനായി സൃഷ്ടിക്കണം. 'ആടീടുന്നവനിലും പാടീടുന്നവനിലും' എന്നൊക്കെ വിദുരർ കുറിച്ചിട്ടുള്ള ഷഡങ്ങുകഷായത്തിന്റെ ഡാപ്പു വായിച്ചിട്ടില്ലാത്ത പുരുഷന്മാരുണ്ടോ എന്നു സംശയമാണ്. പണ്ഡിതന്മാർക്കൊക്കെ ഈ കഷായം ബഹുപഥ്യമാണ്. 'രൂപേഷുലക്ഷ്മി'യായിരിക്കണമെന്നു കേൾക്കുമ്പോൾ ഒന്നു മേനിമിനുക്കിയാലോ എന്നു തോന്നും. ഉടൻ 'ഭാര്യാരൂപവതീശത്രു' എന്നു പ്രമാണം കാട്ടി അതിനുള്ള ഉത്സാഹത്തെ ഉരസലാക്കും. ആഭരണഭ്രാന്തി അരുതെന്നെ വിലക്കും. അണിയാഞ്ഞാൽ 'സന്തത്യുൽപാദനം സംഭവിക്കയില്ലെന്നു' പ്രമാണവും എടുത്തു കാണിക്കും. ഉണ്ണുന്നതിനും ഉറങ്ങുന്നതിനുമൊക്കെ സ്ത്രീപുരുഷന്മാർക്ക് പ്രമാണങ്ങൾ വേറെ വേറെ വേണം. ഭർത്താവുണ്ടേ ഭാര്യ ഉണ്ണാവൂ. വിശന്നു തളർന്നാലും 'അഗ്രാശനം' പാടില്ല. 'നേരത്തെ ഉറങ്ങുകയും കാലത്തെ ഉണരുകയും' ചെയ്താൽ കനകം പൊഴിക്കാമെന്ന് ഇംഗ്ലീഷ് പഴമൊഴി തർജ്ജമ ചെയ്ത് കേൾപ്പിക്കും. ഭർത്താവുറങ്ങിയിട്ടേ ഉറങ്ങാവൂ. അദ്ദേഹം ഉണരും മുമ്പേ ഉണരണം എന്നു ശ്ലോകവും ചൊല്ലി കേൾപ്പിക്കും. കുറച്ചുറങ്ങുന്നവൾ കുലധർമപത്നിയെന്നു പറഞ്ഞാൽ ചുരുക്കത്തിലൊക്കെ കഴിക്കാമല്ലോ.

ഇനി നമുക്ക് ശ്ലോകക്കാരെ വിട്ടുപുരാണക്കാരെ എടുക്കാം. നമ്മുടെ പുരാണേതിഹാസങ്ങളിൽ വർണിക്കപ്പെട്ടിട്ടുള്ള നായികമാരുടെ കഥകൾ വായിച്ചു നോക്കിയാൽ സ്ത്രീകൾ എന്തു കഷ്ടത സഹിക്കുന്നതിനും ഏതു സങ്കടം അനുഭവിക്കുന്നതിനും ഏതവസ്ഥയിലും ജീവിക്കുന്നതിനും സന്നദ്ധകളായിരിക്കണമെന്ന് കഥാകർത്താക്കൾക്ക് അഭിപ്രായമുണ്ടായിരുന്നതായി കാണാം. സീതാദേവി പന്തീരാണ്ടുകാലം സ്വഭർത്താവിനോടൊരുമിച്ചു വനവാസം ചെയ്തു കഷ്ടപ്പെട്ടു. പിന്നെ രാവണാലയത്തിൽ പാർത്ത് ഒരാണ്ടുകാലത്തെ വിരഹം സഹിച്ചു. രാവണാലയവാസം കൊണ്ട് അശുദ്ധി ഭവിച്ചിട്ടില്ലെന്ന് ജനസമക്ഷം തീയിൽചാടി തെളിയിച്ചു. അതുകൊണ്ടും ഭർത്താവിനും നാട്ടുകാർക്കും ഉണ്ടായ ശങ്കതീരാഞ്ഞ് പൂർണഗർഭിണിയായിരിക്കുമ്പോൾ വനത്തിൽ നിരാധാരയായി ഉപേക്ഷിക്കപ്പെട്ടു. രാജകൊട്ടാരത്തിൽ പ്രസവിക്കേണ്ട സീത കാട്ടിൽ മുനിയുടെ പർണശാലയിൽ പ്രസവിച്ചു. ഭർത്താവിന്റേയും ബന്ധുജനങ്ങളുടേയും സഹായമുണ്ടായാൽ തന്നെ ഒരു കുഞ്ഞിനെ പെറ്റു വളർത്തുന്ന അമ്മയുടെ സങ്കടം ചില്ലറയല്ല. വേണ്ടപ്പെട്ടവരിൽ ആരുടെയും സഹായം കൂടാതെ സീതാദേവി രണ്ടു കുഞ്ഞുങ്ങളെ എരട്ട പെറ്റു വളർത്തി.

റാണിയായിരുന്ന ചന്ദ്രമതി ഭർത്താവിന്റെ ഒരു അർത്ഥമില്ലാത്ത വാഗ്ദാനത്തെ നിറവേറ്റാൻ തന്നെ വിറ്റു, തന്റെ മകനെ വിറ്റു. അമ്മയും മകനും വീടുപണി ചെയ്തു വലഞ്ഞു. തന്നെ വിലക്കു വാങ്ങിയ ബ്രാഹ്മണന്റെ ഇല്ലത്തിൽ "നെല്ലുകുത്തി കൈകൾ പൊട്ടി ഉതിരം ചിന്തി'' എന്നിട്ടും കാട്ടിൽവെച്ചു മൂർഖൻ കൊത്തിയ മകനെ ഒരു നോക്കു കാണാൻ ദയാലുവായ സ്വാമി പാതിരായ്ക്കേ ചന്ദ്രമതിക്ക് അനുവാദം കൊടുത്തുള്ളൂ.

സാവിത്രി ഒരു രാജകുമാരിയായിരുന്നു. അവൾ മനസ്സുകൊണ്ടു സത്യവാനെ ഭർത്താവായി വരിച്ചു. സത്യവാന് പണമില്ല, നാട്ടിലെങ്ങും പാർക്കാൻ ഇടമില്ല. കണ്ണില്ലാത്ത അമ്മയച്ഛന്മാരെ കാട്ടിൽവെച്ച് പോറ്റിപ്പുലർത്തണം. അങ്ങനെയൊക്കെയാണ് അവസ്ഥകളെന്നറിഞ്ഞിരുന്നിട്ടും അവൾ സത്യവാന്റെ പണം നോക്കാതെ ഗുണം മാത്രം നോക്കി അയാളെ മനസ്സാ വരിച്ചു. സത്യവാൻ അൽപ്പായുസ്സാണ്; അയാളെ വരിച്ചാൽ വൈധവ്യം വന്നുകൂടും എന്ന് ത്രികാലവേദിയായ നാരദമഹർഷി ഗുണദോഷിച്ചു. അരുതെന്ന് അവളുടെ അച്ഛനും വിലക്കി. ഒരു ജന്മത്തിൽ ഹൃദയം രണ്ടുപേരിൽ അ

നുരക്തമാവുക അസാധ്യമെന്ന് ഖണ്ഡിച്ചു പറഞ്ഞ് സാവിത്രി സത്യവാനെതന്നെ വിവാഹം ചെയ്തു. സത്യവാന്റെ മരണദിവസം അടുത്തു. കാലൻ കയറും ദണ്ഡുമായിട്ടു പുറപ്പെട്ടു ചെന്നു. സത്യവാന്റെ സമീപം ചെല്ലാൻ സാവിത്രിയുടെ ചാരിത്രതേജസ്സ് അനുവദിച്ചില്ല. കഥ നീട്ടുന്നില്ല. കാലനെ പ്രസാദിപ്പിച്ചു സാവിത്രി സത്യവാന്റെ ജീവനെ തിരികെ വാങ്ങിച്ചു. വേണ്ട വരങ്ങളും വാങ്ങി. അനുരാഗത്തിന്റെ ശക്തിയും പരിശുദ്ധിയും ഇങ്ങനെയാണെന്ന് ലോകത്തിന് സാവിത്രി വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തു.

"ശീലാവതിയുടെ ചാരിത്രശുദ്ധിയും ശീലഗുണങ്ങളും" ഇവക്കൊക്കെ മേലേയാണ്. എങ്ങനെ നിത്യവും ശുശ്രൂഷ ചെയ്താലും അങ്ങുള്ളിലേതും പ്രസാദമില്ലാത്ത" ഉഗ്രതപസ്സായിരുന്നു ആ സ്വാധിയുടെ ഭർത്താവ്. അങ്ങനെത്തെ അദ്ദേഹം ഒരു മഹാകുഷ്ഠരോഗിയുമായിരുന്നു. 'ഓരോ കൈവിരലറ്റു വീണു കൃമിയും ചാടും ചലക്കട്ടയും നോക്കാൻ മറ്റുള്ളവർക്കറയ്ക്കും. എങ്കിലും അദ്ദേഹം ഉണ്ട ചോറ്റിന്റെ ഉച്ഛിഷ്ടം അതിൽ അറ്റുവീണു കിടന്നിരുന്ന വിരലിനെ ആദരപൂർവം മാറ്റിയെടുത്തുവെച്ച്, പതിവ്രത പഞ്ചാമൃതം പോലെ ഭക്ഷിച്ചു.

സ്ത്രീലോകത്തിൽ ഇങ്ങനെ ചില നക്ഷത്രങ്ങൾ ഉദിക്കയും അസ്തമിക്കയും ചെയ്തിട്ടുണ്ട്. ഇപ്പോഴും ഉദിക്കയും അസ്തമിക്കുകയും ചെയ്യുന്നുമുണ്ട്. ധൂമകേതുക്കളെ കാണാൻ പരമോത്സാഹം കാട്ടുന്നവരുടെ ദൃഷ്ടിയിൽപ്പെടാതെ അവ അണഞ്ഞുപോകുന്നു. മനുഷ്യന്റെ കൽപ്പനാശക്തിക്കു കഷ്ടത എത്രത്തോളം സങ്കൽപ്പിക്കാൻ കഴിയുമോ അതിന്റെ അങ്ങേ അറ്റം വരെ സങ്കൽപ്പിച്ചു പുരാണകർത്താക്കൾ കഥകളുണ്ടാക്കി പതിവ്രതകൾക്ക് ദൃഷ്ടാന്തങ്ങളെ കാട്ടിക്കൊടുത്തിട്ടുണ്ട്. ഈ ദൃഷ്ടാന്തങ്ങളൊക്കെ നിത്യം വായിച്ചും പഠിച്ചും മനസ്സിലാക്കി ആ പുരാണവനിതകളെ പുകഴ്ത്തിക്കൊണ്ടിരിക്കുന്ന കേരളമഹിളകൾ "പാതിവ്രത്യം പരമയി പയോജം ക്ഷിയീ നാട്ടിലെ സ്ത്രീ ജാതിക്കില്ലെന്നൊരു പഴി" യാണ് സമ്പാദിച്ചു വെച്ചതെങ്കിൽ കഷ്ടമെന്നല്ലാതെ എന്തു പറയട്ടെ. ഇത് യഥാർത്ഥത്തിൽ അവർ സമ്പാദിച്ചതോ പുരുഷന്മാർ അവർക്ക് ഉണ്ടാക്കിക്കൊടുത്ത കൃത്രിമസമ്പാദ്യമോ എന്ന് ബുദ്ധിയുള്ളവർ ആലോചിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ തരത്തിൽപ്പെട്ട് വനിതാരത്നങ്ങൾ പുരാണങ്ങളിലെങ്കിലും ഉണ്ടെന്നറിഞ്ഞിട്ടും സ്ത്രീകൾ അബലകളും ചപലകളുമാണെന്ന് പ്രാസമൊപ്പിച്ചു പറയാൻ പലർക്കും വളരെ വിരുതുണ്ട്. 'യോഷമാരുടെ വാക്ക് സത്യമെന്നോർക്കുന്നവൻ ഭോഷനെത്രയുമെന്ന്" സീതാദേവിയുടെ ഭർത്താവുകൂടിയും സ്ത്രീകൾക്ക് സർട്ടിഫിക്കറ്റു കൊടുത്തിട്ടുണ്ട്. അത്തിക്കു പൂവുണ്ടായാലും കാക്കക്ക് വെണ്മയുണ്ടായാലും മത്സ്യത്തിനു കാലുണ്ടായാലും സ്ത്രീഹൃദയത്തിനു ഉറപ്പുണ്ടാവില്ലെന്ന് നല്ല ഗീർവാണപദ്യങ്ങൾ എഴുതാനും അത് പഠിച്ചു പാടാനും അതിന്റെ പൊരുളറിഞ്ഞു രസിക്കാനും അതുതന്നെ വേദമെന്നു ശരിവെക്കാനും പിന്നെയും പാവപ്പെട്ട ചപലകളെ പഴിക്കാനും ചാപല്യമില്ലാത്ത പുരുഷന്മാർക്ക് ബഹു ഉത്സാഹമാണ്. പുരുഷത്വം എന്താണെന്ന് അവർക്ക് അറിവുണ്ടുതാനും!

പുരുഷന്മാരുടെ പരിഹാസത്തെ സഹിക്കുന്നതും അവർ ഉണ്ടാക്കിവെച്ച ചട്ടങ്ങളെ അനുസരിക്കുന്നതും അവരെ ദൈവമെന്നു വണങ്ങുന്നതും, അവരെ താന്തോന്നിത്തം കാട്ടാൻ അനുവദിച്ചു കൊടുക്കുന്നതും അവർ വഴിയാധാരമാക്കിത്തള്ളിക്കളഞ്ഞാലും അവർ കെട്ടിവെച്ച ഭാരം ചുമക്കുന്നതുമാണ് സ്ത്രീത്വമെന്ന് കാര്യഗൗരവത്തോടെ പുരുഷന്മാർ സിദ്ധാന്തിക്കും. കണ്ടാൽ സുന്ദരിയായിരിക്കണം, കേശത്തിനു കറുപ്പും ഞെറിവും ഒടിവും ധാരാളം നീളവും ഉണ്ടായിരിക്കണം. കാറ്റില്ലെങ്കിലും അളകങ്ങൾ ഇളകിക്കൊണ്ടിരിക്കണം. കണ്ണുകൾ വെള്ളത്താമരയിൽ കാർവണ്ടുരുളും പോലെ എപ്പോഴും വിരണ്ടുകൊണ്ടിരിക്കണം. ശരീരം ആകപ്പാടെ വെയിലേറ്റാൽ വാടിപ്പോകാൻ തക്കവണ്ണം കൊത്തറ്റ തളിരുപോലെ കോമളമായിരിക്കണം. നിറം ചെമ്പരുത്തിപ്പൂപോലെയോ ചെറുനാരങ്ങാപ്പഴം പോലെയോ ഇരിക്കണം. നിവർന്നു നിന്നാൽ ഒടിഞ്ഞുവീഴാൻ തക്കവണ്ണം മധ്യം സന്ദേഹഗോചരമായിരിക്കണം. വെണ്മണലിൽ നടന്നാൽ ഉപ്പൂറ്റി തറഞ്ഞിരിക്കാൻ തക്കവണ്ണം പിൻഭാഗത്തിനു തൂക്കം ജാസ്തിയായിരിക്കണം. ഇത്രയുമൊക്കെ സാരള്യവും പ്രാസവുമുള്ള പദ്യങ്ങളിൽ എഴുതിയൊപ്പിക്കാൻ സാധിച്ചു എങ്കിൽ നഗരാർണവശൈലത്തുവർണ്ണനക്കാരനായ മഹാകവിക്കു തൃപ്തിയാകും. കുലീനത കൂടിയുണ്ടെങ്കിൽ ധീരോദാത്തനായ നായകനെക്കൊണ്ട് മരം മറഞ്ഞുനിന്നു മനോജവ്യഥയനുഭവിപ്പിക്കാൻ നാടകക്കാരനു വിരോധമില്ല. വ്യഥയനുഭവിക്കുന്നതു മുമ്പും കുലീനത അറിയുന്നത് പിമ്പും ആയിപ്പോയി എങ്കിൽ 'വിചികിത്സിതങ്ങളിൽ ചിത്തവൃത്തി പ്രമാണ' മെന്നു പ്രമാണവുമുണ്ടല്ലോ. ബി എ പരീക്ഷയും ജാക്കറ്റും ധാവണിയും കൂടെയുണ്ടെങ്കിൽ നോവലെഴുത്തുകാർക്കു തൃപ്തിയായി. അവർക്ക് കുലീനത കൂടിയേ തീരൂ എന്നില്ല. കാമത്തിനു കണ്ണില്ല മൂക്കില്ല എന്നൊക്കെ വ്യവഹാരങ്ങൾ ധാരാളമുണ്ട്. അനുരാഗത്തിന്റെ ശരിയായ മർമം ഗ്രഹിച്ചു നോവലെഴുത്തുകാർ പ്രഭുകുമാരിയെ പിച്ചക്കാരന്റെ പിന്നാലെ പുറപ്പെട്ടുപോകാൻ തപാൽവണ്ടിക്കു വേഗം കൂട്ടുന്നതും അന്വേഷിച്ചു പുറപ്പെട്ട രക്ഷകർത്താവിന്റെ കുതിരയുടെ ലാടം പൊട്ടിച്ചു വണ്ടി മറിക്കുന്നതും നാം ഇക്കാലത്തു ധാരാളം കാണുന്നുണ്ടല്ലോ. കാ

വ്യക്കാരും നാടകക്കാരുമൊക്കെ സ്ത്രീത്വം ഇതിലൊക്കെയാണെന്നു വർണിച്ചുകൊള്ളട്ടെ. നവനീതം പോലെ അലിയുന്ന ശരീരത്തിലും, പ്രഭുകുടുംബത്തിലെ ഈറ്റില്ലത്തിലും ചീനത്തെ പട്ടിലും കോട്ടാറ്റെ നേര്യതിലും യൂണിവേഴ്സിറ്റിയിലെ ഡിപ്ലോമയിലും അല്ല സ്ത്രീത്വം ഇരിക്കുന്നതെന്ന് കവിതക്കാരും നോവലെഴുത്തുകാരും അവയൊക്കെ വായിച്ചു ശരിവെക്കുന്ന മാലോകരും മനസ്സിലാക്കിയിട്ടില്ലെങ്കിൽ മറ്റുള്ള സ്ത്രീകളെങ്കിലും അത് മനസ്സിലാക്കിയിരിക്കേണ്ടതാണ്.

പുരുഷന്മാരോടും സ്ത്രീകളെ പരിഹസിക്കരുതെന്ന് പറയാനും, പകരം പരിഹസിക്കാനും സ്ത്രീകൾക്ക് ആവതില്ല. പുരുഷന്മാർക്ക് തന്നെ ദയതോന്നി അവർ പരിഹാസം ഇനിയെങ്കിലും മതിയാക്കിവെക്കട്ടെ എന്ന് ഈശ്വരനെ പ്രാർത്ഥിക്കാം. മൃഗജാതിയിൽ നിന്നു മനുഷ്യജാതിയെ വേർതിരിക്കുന്ന ചില പ്രത്യേക ഗുണങ്ങൾ മനുഷ്യർക്കുണ്ട്. അതിനെയാണ് മനുഷ്യത്വം എന്നു പറയുന്നത്. മനുഷ്യത്വം സ്ത്രീപുരുഷന്മാർക്കൊപ്പമുണ്ടായിരിക്കേണ്ടതാണെങ്കിലും ഒപ്പവും ഒപ്പത്തിൽ മിച്ചവും സ്ത്രീകൾക്കുണ്ടെന്ന് അവർ ''നീതിക്കൊക്കും നിജ നടപടിച്ചെയ്തി" കളെ കൊണ്ടു തെളിയിച്ചിട്ടുണ്ട്.

സ്നേഹം മനുഷ്യത്വത്തെ തെളിയിക്കുന്ന ഒരു വിശിഷ്ടഗുണമാണ്. ഈ ഗുണം സ്ത്രീകളിൽ കാണുംപോലെ പുരുഷന്മാരിൽ കാണുന്നില്ല. അമ്മയച്ഛന്മാരേയും, സഹോദരങ്ങളേയും ബന്ധുക്കളേയും കുറിച്ചു പുരുഷന്മാർക്ക് സ്ത്രീകളോടൊപ്പം സ്നേഹമുണ്ടെന്നു വാദിക്കാൻ പുരുഷന്മാർ തയ്യാറാവുമെന്നു തോന്നുന്നില്ല. പുത്രവാത്സല്യം പിതാവിനുള്ളതിന്റെ പതിന്മടങ്ങു മാതാവിനുണ്ടെന്നു പറഞ്ഞാൽ കവിതക്കാരുടെ അലങ്കാരങ്ങളിലൊന്ന് അതിലുണ്ടെന്നു ശങ്കിച്ചേക്കാം. ഇരട്ടിയുണ്ടെന്നു പറഞ്ഞാൽ വഴക്കൊഴിഞ്ഞു. അച്ഛന്റെ വക പകുതിക്കേ, പരിഷ്കാരം വന്നിട്ടും മക്കൾക്കു അവകാശമുള്ളൂ. അമ്മയുടെ വക മക്കൾക്കല്ലാതെ പരിഷ്കാരമില്ലാത്ത കാലത്തും മറ്റാർക്കും പോകയുമില്ല. ഭാര്യാഭർത്തൃബന്ധത്തിൽ ചെല്ലുമ്പോഴാണ് പുരുഷന്മാരുടെ സംശയത്തിന് അറുതിവരാത്തത്. "പഞ്ചഭിർദശഭിഃപു ഭിഃ" എന്നും മറ്റും സ്ത്രീകളുടെ രക്ഷക്കുള്ള കോട്ടകളെ തകർക്കുന്ന 'ഭീ'രങ്കികൾ സംസ്കൃതപണ്ഡിതന്മാരാകുന്ന കുപ്പുകമ്പനിക്കാർ വാർത്തു ശേഖരിച്ചിട്ടുണ്ട്. സീത രാവണാലയത്തിൽ ഒരാണ്ടു പാർത്ത് സംശയം പോക്കാൻ തീയിൽ ചാടിയിട്ടും ശ്രീരാമനും മാലോകർക്കും സംശയം നീങ്ങിയില്ല. ലക്ഷ്മണൻ പന്തീരാണ്ടുകാലം തന്നെപ്പിരിഞ്ഞു പാർത്തിട്ടും കള്ളു കുടിച്ച തണ്ടാൻ തെങ്ങിൽ കേറിയ മാതിരി ശൂർപ്പണഖയുടെ മൂക്കിലും മറ്റും പാഞ്ഞിട്ടും ഊർമ്മിളക്ക് ഒരു സംശയവുമുണ്ടായില്ല. വേശ്യാഗൃഹത്തിൽ പോകണമെന്നു ആവശ്യപ്പെട്ട കുഷ്ഠക്കാരനെ ശീലാവതി തോളിൽ ചുമന്നാണ് കൊണ്ടുപോയത്. വഴിക്കുവെച്ച് മരിച്ചുപോയ ആ മഹാമൂർഖനെ തിരികെ കൊടുത്തല്ലാതെ സൂര്യൻ ഉദിച്ചുകൂടെന്നു ശീലാവതി തറ്റുടുത്ത് നിന്നുകൊണ്ടാണ് തപസ്സുചെയ്തത്. സ്ത്രീകൾക്ക് ഭർത്താവ് ഒന്നേ പാടുള്ളൂ എന്നും റെഗുലേഷനുണ്ടാക്കിയ പുരുഷന്മാർക്ക് ഭാര്യ ഒന്നേ പാടുള്ളൂ എന്നു ചട്ടം വെക്കാൻ അവരുടെ ചാപല്യമില്ലാത്ത മനസ്സിന് ധൈര്യം വന്നില്ല. എന്നിട്ടും ഭീരങ്കികളൊക്കെ പാവപ്പെട്ട സ്ത്രീകൾക്കാണ്.

ബന്ധുസ്നേഹത്തിൽ പുരുഷന്മാരെക്കാൾ സ്ത്രീകൾക്ക് മെച്ചമുണ്ടെന്നു പറഞ്ഞാൽ "അമ്മായിപ്പഞ്ചതന്ത്ര" ക്കാരന് അത്ര ബോധിക്കുമെന്നു തോന്നുന്നില്ല. അമ്മാവിപ്പോരിൽ പരാജിതരാകുന്ന മരുമകളുടെ മനസ്സമാധാനത്തിനുള്ള മന്ത്രമാണല്ലോ "അമ്മാവിഅമ്മയെ അമ്മിമേൽവെച്ചിട്ടു മറ്റൊരു കല്ലോണ്ടു നാരായണ."

മഹാകവി വാത്മീകിക്ക് രാമായണകഥാബന്ധത്തിൽ ഒരു കണ്ണി വിട്ടു പോയിട്ടുണ്ട്. അതിനെ അമ്മാവിപ്പോരിൽ വിദഗ്ദ്ധനായ ഒരു മലയാളത്തുകാരൻ തിരുത്തിയതാണല്ലോ നമ്മുടെ സീതാദുഃഖം. സീതാദേവിയെ ദുഃഖിപ്പിച്ച കൗസല്യ അമ്മാവിയുടേയും കൊച്ചമ്മാവിമാരുടേയും നേരെ ആർക്കാണ് അരിശം തോന്നാത്തത്? മകനെ ചേർന്ന മരുമകളോടു മാത്രമേ അമ്മാവിക്കു വെച്ചരശുള്ളൂ. മകളെ, ചേർന്ന മരുമകനു കാളയെ കറന്ന് പാലു കൊടുത്തിട്ടാണ് അമ്മാവി അതിന്റെ പാപശാന്തി വരുത്തുന്നത്. നാത്തൂൻ വഴക്കിൽ അസാരം ഒരു നാണക്കേട് സ്ത്രീകൾക്കുണ്ടെന്ന് സമ്മതിക്കാതെ തരമില്ല.

സ്നേഹം പോലെ തന്നെ ജീവകാരുണ്യം, ഔദാര്യം, മുതലായ ഗുണങ്ങളും സ്ത്രീകൾക്ക് പുരുഷന്മാരെക്കാൾ ജാസ്തിയാണെന്ന് തെളിയിക്കാൻ കഴിയും. മനുഷ്യഹൃദയത്തിനു മാർദ്ദവം എന്നൊരു ഗുണമുണ്ടെങ്കിൽ ആ ഗുണം സ്ത്രീഹൃദയത്തിനാണുള്ളത്.

ഉത്തമ പുരുഷന്മാരുടെ
ചിത്തം വജ്രത്തിലും തുലോം കഠിനം,
നൽത്താരിലും മൃദുതരം
സത്യസ്ഥിതി പാർക്കിലാർക്കറിയാം?

മഹാകവി ഭവഭൂതിക്കു കൂടി ഉത്തമപുരുഷന്മാരുടെ ചിത്തസ്ഥിതി വ്യക്തമല്ല. എങ്കിലും "സ്ത്രീണാഞ്ചചിത്തം" എന്നുള്ള പ്രമാണമാണ് എല്ലാവർക്കും പഥ്യം. സ്ത്രീണാഞ്ചചിത്തം ദേവോനജാനാതിയെന്നാണ് പ്രമാണമെങ്കിലും അത് ചപലമെന്ന് അങ്ങാടിപ്പിള്ളരും പാടികൊണ്ടു നടക്കുന്നു! സ്ത്രീകളെ കൊതിച്ച് പുരുഷന്മാർ പൊരുതിമരിച്ചതായി


പുരാണങ്ങളും ചരിത്രങ്ങളും ഉണ്ട്. പുരുഷന്മാർക്കുവേണ്ടി സ്ത്രീകൾ വാക്കേറ്റം പോലും നടത്തിയതായി പുരാണവുമില്ല, ചരിത്രവുമില്ല. ലോകാവസാനകാലം വരെ സ്ത്രീകൾ അങ്ങനെ തന്നെ കഴിയണം. അതാണ് സ്ത്രീത്വം.

## സ്ത്രീകളും സ്വാതന്ത്ര്യവും

**ബി പാച്ചിയമ്മ**

(“മഹിള” 1, 3 മാർച്ച്,1921: 108–13 ൽ പ്രസിദ്ധീകരിച്ചത് )

ആവൂ! ഈ രണ്ടുപദങ്ങളും ഒന്നിച്ചു കാണുമ്പോൾ തന്നെ പലരും കണ്ണുചുവപ്പിക്കുകയും മുഖം ചുളിക്കുകയും ലേഖനം വായിക്കാതെ തള്ളിക്കളയാൻ തീർച്ചയാക്കുകയും ഒരു പക്ഷേ, മാസിക തന്നെ ദൂരത്തെറിയുകയും ചെയ്തേക്കാം. അക്കൂട്ടരോടു ലേഖനം മുഴുവനും വായിച്ചശേഷമേ എന്തെങ്കിലും സാഹസത്തിനൊരുമ്പെടാവൂ എന്ന് സാദരം അപേക്ഷിച്ചുകൊള്ളുന്നു.




ഇന്നത്തെ കേരളീയരിൽ പലതരക്കാരുണ്ട്. ഒരു കൂട്ടർ "നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നുള്ള വിധിയെ മർക്കടമുഷ്ടിയോടുകൂടി മുറുക്കെ പിടിച്ചു. "ഇപ്പോഴുള്ള സ്ത്രീകളെല്ലാം സ്വാതന്ത്ര്യപ്രസക്തകളാണ്. ഇത് കലിയുഗത്തിന്റെ ലക്ഷണമാണ്. നാശത്തിനുള്ള പ്രാരംഭമാണ്' എന്നെല്ലാം പിറുപിറുക്കുന്നു. മറ്റൊരു കൂട്ടർ സ്ത്രീകൾക്കു "സാത്വികമായ സ്വാതന്ത്ര്യം ഇപ്പോൾത്തന്നെയുണ്ട്." ഇതിൽ കൂടുതലൊന്നും അനുവദിച്ചുകൂടാ, ഇപ്പോഴത്തെ വിഷാത്മകമായ വിദ്യാഭ്യാസം അവരെ വിവാഹബന്ധശൂന്യകളാക്കുന്നു, ലോകം നശിക്കാൻ തുടങ്ങുന്നു എന്നെല്ലാം വാദിക്കുന്നു. ഇനിയും ചില ദേശാഭിമാനികളും സമുദായാഭിമാനികളുമായ സംസ്കൃതബുദ്ധികൾ സ്ത്രീകൾക്കു ന്യായമായ സ്വാതന്ത്ര്യം അനുവദിക്കേണ്ടതാണെന്ന് സിദ്ധാന്തിക്കുന്നു. ഇവരിൽ ആദ്യം പ്രസ്താവിച്ച രണ്ടു കൂട്ടക്കാരും തമ്മിൽ വലിയ വ്യത്യാസമില്ല. സ്ത്രീകൾക്കു സ്വാതന്ത്ര്യം അനുവദിച്ചുകൂടെന്നു ശഠിക്കുന്നത് തങ്ങളുടെ പരിഷ്കാരപ്പട്ടത്തിനു ന്യൂനതയായി ഭവിക്കുമെന്നു കരുതി അതിനെത്തന്നെ പ്രകാരാന്തരേണ പ്രസ്താവിക്കുന്നുവെന്നേയുള്ളൂ. ഏതായിരുന്നാലും ബുദ്ധിമാന്മാരായ പുരാതനഭാരതീയർ അവർക്ക് നൽകിയിരുന്ന സ്ഥാനം എന്ത്? സ്ത്രീകൾക്ക് സ്വാതന്ത്ര്യം അനുവദിക്കുമോ? അനുവദിക്കാമെങ്കിൽ എങ്ങിനെയെല്ലാം അഥവാ ഏതെല്ലാം കാര്യങ്ങളിൽ അനുവദിക്കാം എന്ന് നമുക്ക് അവധാനപൂർവം ആലോചിക്കാം.

അവർ സ്ത്രീകൾക്കു ന്യായമായ സ്വാതന്ത്ര്യം അനുവദിച്ചിരുന്നുവെന്നും അവരെ വേണ്ടുംവണ്ണം പൂജിച്ചിരുന്നുവെന്നും, നിഷ്പ്രയാസം തെളിയിക്കാം. സ്ത്രീപുരുഷന്മാരെ സംബന്ധിച്ചിടത്തോളം ഒന്നുപോലെ പ്രാധാന്യമേറിയ ഒരു കർമമാണ് വിവാഹം. ഈ വിവാഹവിഷയത്തിൽ നമ്മുടെ പൂർവികന്മാർ സ്ത്രീകൾക്കു നൽകിയിരുന്ന സ്വാതന്ത്ര്യം എന്തായിരുന്നുവെന്നു ചിന്തിക്കുക. ഗാന്ധർവവിവാഹം, സ്വയംവരം ഇവ അക്കാലത്ത് അനുവദിക്കപ്പെട്ടിരുന്നു. ഇങ്ങനെ ചെയ്തത് അജ്ഞതയാലല്ല; പ്രത്യുത അവരുടെ ബുദ്ധിശക്തിയുടെ കൂടുതലിനായിരുന്നു. വിവാഹവിഷയത്തിൽ വധൂവരന്മാരുടെ യോജിപ്പും സമ്മതവുമാണ് അവശ്യം വേണ്ടതെന്ന് അവർ ഗ്രഹിച്ചിരുന്നു. അന്ന് ദാമ്പത്യബന്ധം സുദൃഢമായിരുന്നതിന്റേയും പരമരഹസ്യം അതു തന്നെയാണ്. ഭർത്താക്കന്മാരെ ഉപേക്ഷിക്കുന്നതിനുള്ള അധികാരം അന്നത്തെ മഹിളകൾക്കു സിദ്ധിച്ചിരുന്നു. അവരുടെ ഉപദേശങ്ങൾ ആദരണീയങ്ങളായും കരുതിയിരുന്നു. അഭിപ്രായസ്വാതന്ത്ര്യം നിരോധിക്കപ്പെട്ടിരുന്നില്ല. രണാങ്കണങ്ങളിൽ പോലും പലരും സാദരം സന്നദ്ധരായിറങ്ങിയിട്ടുണ്ട്.

ശ്രീ പരമേശ്വരന്റെ അർധനാരീശ്വരത്വവും ഗംഗാദേവിക്ക് അദ്ദേഹം നൽകിയിരുന്ന സ്ഥാനവും സ്ത്രീകൾക്കു സിദ്ധിച്ചിരുന്ന സ്ഥാനവലിപ്പത്തിനു മൂർദ്ധാഭിഷിക്തോദാഹരണങ്ങളാണല്ലോ. എന്നാൽ അവരുടെ ആധുനികാവസ്ഥയോ? തുലോം നികൃഷ്ടമെന്ന് ഒരിക്കലല്ല ഒരായിരം പ്രാവശ്യം പറഞ്ഞാലും മതിയാകുന്നില്ല. സർവപ്രധാനമായ വിവാഹ

കർമത്തിൽ സ്വാഭിപ്രായപ്രകടനത്തിനു പോലും അവർക്കു സ്വാതന്ത്ര്യമില്ല. ഈ കാര്യത്തിൽ കേവലം ക്രിയവിക്രയാർത്ഥമുള്ള പദാർത്ഥങ്ങളുടെ അവസ്ഥയെ അവർക്കുള്ളൂ. കഷ്ടം! സ്വജീവിതത്തിന്റെ മുക്കാലേഅരക്കാൽ ഭാഗവും വ്യയം ചെയ്യേണ്ടതു ദാമ്പത്യബന്ധത്തിലാണ്. ഈ തത്വം ഗ്രഹിച്ച് അതുസുഖകരമാക്കി തീർക്കേണ്ടതിന് അവർക്ക് അർഹതയില്ലത്രേ കേരളത്തിലെ മിക്ക സമുദായങ്ങളിലേയും (അല്ല എല്ലാ സമുദായങ്ങളുടേയും തന്നെ) നടപ്പു നോക്കിയാൽ രക്ഷകർത്താക്കന്മാർ തെരഞ്ഞെടുക്കുന്നയാളുടെ ഭാര്യാപദം സ്വീകരിക്കുകയല്ലാതെ സ്ത്രീകൾക്കു ഗത്യന്തരമില്ല. അയാൾ വിദ്യാവിഹീനനായിരിക്കട്ടെ, കുഷ്ഠരോഗിയായിരിക്കട്ടെ, മദ്യപാനിയായിരിക്കട്ടെ. വേശ്യാലമ്പടനായിരിക്കട്ടെ, അച്ഛനമ്മമാരോ കാരണവന്മാരോ നിശ്ചയിച്ചു കഴിഞ്ഞാൽ ആ നിശ്ചയത്തെ അണുവും ഭേദപ്പെടുത്താൻ എന്നുവേണ്ട തന്റെ സങ്കടത്തെ അറിയിക്കുവാൻ പോലും, ഒരു കേരളീയവനിതക്ക് അവകാശമില്ല. (ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന സംസ്കൃതബുദ്ധികൾ അപൂർവമുണ്ടെന്നു സമ്മതിക്കുന്നു. പക്ഷെ ഭൂരിപക്ഷം നോക്കിയാണല്ലോ ഒരു അഭിപ്രായം രൂപീകരിക്കേണ്ടത്). ഇതിൽ കൂടുതൽ ഇന്നത്തെ സ്ത്രീകളുടെ സ്വാതന്ത്ര്യവിഹീനത്വത്തെ തെളിയിക്കുന്നതിന് എന്തുദാഹരണമാണ് വേണ്ടത്? മഹിളയുടെ ഒന്നാം ലക്കത്തിൽ ഭർത്താവ് എങ്ങോട്ടെങ്കിലും പോകുമ്പോൾ എവിടേക്കാണെന്നു പോലും ചോദിക്കാൻ ഭാര്യക്ക് അവകാശമില്ലാതിരിക്കുന്നുവെന്ന് ശ്രീമതി ഭാഗീരഥി അമ്മ അവർകൾ പ്രസ്താവിച്ചിരുന്നത് ലേശം പോലും അതിശയോക്തിയില്ല. ഇന്നും, പരിഷ്കാരസൂര്യൻ അത്യുച്ചനായിരിക്കുന്നതായിരിക്കുന്നുവെന്ന് ഘോഷിക്കപ്പെടുന്ന ഈ ഇരുപതാം നൂറ്റാണ്ടിലും, അതും പോരാ, ഈ 1921 മാർച്ചുമാസത്തിൽപോലും സ്ത്രീകളെ സൃഷ്ടിച്ചിട്ടുള്ളത് അടുക്കളവേലക്കും സന്തത്യുൽപാദനത്തിനും മാത്രമാണെന്നു ശഠിക്കുകയും തദനുസരണം വർത്തിക്കുകയും ചെയ്യുന്നവരാണ് നൂറ്റിനു തൊണ്ണൂറ്റഞ്ചും അതിലധികവും. ഈ സ്ഥിതിക്ക് കേരളീയവനിതാലോകത്തിൽ സ്വാതന്ത്ര്യാവകാശവാദം മുഴങ്ങുന്നുണ്ടെങ്കിൽ, അതിനും അവർ തുനിഞ്ഞിട്ടില്ല. അതിൽ എന്തിനത്ഭുതപ്പെടുന്നു? എന്തിനസൂയപ്പെടുന്നു? എന്തിനു കോപിക്കുന്നു?

സമുദായം എന്നു പറയുന്നതു പുരുഷന്മാർ മാത്രം ചേർന്ന ഒരു കൂട്ടത്തെയല്ല. സ്ത്രീപുരുഷന്മാർ ചേർന്നാൽ മാത്രമേ ഒരു സമുദായമാകയുള്ളൂ. ഈ സ്ഥിതിക്ക് സമുദായാഭിവൃദ്ധി എന്നു പറയുന്നത് സ്ത്രീപുരുഷന്മാരുടെ ഒന്നുപോലെയുള്ള അഭിവൃദ്ധിയാണെന്നു സ്പഷ്ടമാണല്ലോ. പുരുഷന്മാർ മാത്രം വിദ്യാഭ്യാസവും, മനഃപരിഷ്കാരവും സമ്പാദിക്കുകയും സ്ത്രീകൾ അടുപ്പിനുഴിഞ്ഞുവിട്ട കോഴികളെപ്പോലെ, അഥവാ ഹോമകുണ്ഡത്തിനരികെയിരുന്നു യാഗം ദീക്ഷിക്കുന്ന യോഗികളെപ്പോലെ, അടുക്കളപ്പൂച്ചകളാക്കി കഴിഞ്ഞുകൂടുകയും ചെയ്താൽ എങ്ങിനെ സമുദായം അഭിവൃദ്ധി പ്രാപിക്കും?

കേരളീയരുടെ ഈ ദുശ്ശാഠ്യത്തെ പാശ്ചാത്യർ മുറുക്കെപ്പിടിച്ചിരുന്നുവെങ്കിൽ അവരുടെ ഇന്നത്തെ അവസ്ഥ എന്തായിരിക്കും? യുദ്ധോദ്യുക്തരായി പോർക്കളത്തിലിറങ്ങിയ പുരുഷന്മാർ വഹിച്ചിരുന്ന മിക്ക ചുമതലകളും നിർവഹിച്ചതാര്? സ്ത്രീകൾ. നമ്മുടെ കേരളത്തിനും അതുപോലെ ഒരു ആവശ്യം നേരിടുന്നു എന്ന് – ദൈവമേ! ഒരിക്കലും നേരിടാതിരിക്കട്ടെ – വിചാരിക്കുക നമ്മുടെ സ്ത്രീകളെക്കൊണ്ട് എന്തിനെങ്കിലും കൊള്ളുമോ? തോക്കിന്റെ ശബ്ദം കേൾക്കുമ്പോഴേക്ക് അവരുടെ അവസ്ഥ എന്തായിരിക്കും? ഇതിനു കാരണമെന്ത്? അവരുടെ ഭീരുത്വത്തിന് "കൊള്ളിക്കരുതാഴിക" ഉണ്ടെങ്കിൽ അതിനും ഉത്തരവാദികൾ ആര്? പുരുഷന്മാർ തന്നെ. മേൽപ്പറഞ്ഞ പ്രകാരം അടുക്കളയിലിട്ടു പൂട്ടി അവരെ വളർത്തുകയാലാണ് അവർ കൊള്ളിക്കരുതാത്തവരായിട്ടുള്ളത്... എന്തിനധികം; സ്ത്രീജനങ്ങൾക്കു ന്യായമായ സ്വാതന്ത്ര്യം അനുവദിക്കേണ്ടത് അത്യാവശ്യമാണ്.

ഇനിയും എനിക്ക് അൽപ്പം പ്രസ്താവിക്കാനുള്ളത് സ്വാതന്ത്ര്യം എന്ന പദത്തെക്കുറിച്ചാകുന്നു. കഴിഞ്ഞ ലക്കത്തിൽ ഒരു മാന്യസുഹൃത്തായ വടക്കുംകൂർ രാജാരാജവർമ്മ രാജ അവർകൾ ''സ്വാതന്ത്ര്യപദത്തെ ദുർഭഗമായ ഒരു അർത്ഥത്തിൽ വ്യാഖ്യാനിച്ച് തല്ലാഭത്തിനായി സ്ത്രീകൾ ശ്രമിക്കാൻ തുടങ്ങുന്നതും യുക്തമല്ല" എന്ന് എഴുതിയിരിക്കുന്നു. അങ്ങനെ ആരെങ്കിലും ദുർവ്യാഖ്യാനം ചെയ്യുകയോ അതനുസരിച്ചു പ്രവർത്തിക്കാൻ തുടങ്ങുകയോ ചെയ്യുന്നുവെങ്കിൽ നിശ്ചയമായും യുക്തമല്ലെന്നു മാത്രമല്ല, ഉടൻ തടയേണ്ട ഒരു ദുഷ്കൃത്യം കൂടിയാണ് എന്നാണ് എന്റെ പക്ഷം. എന്നാൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഒരൊറ്റ കേരളീയ സഹോദരിയും ഇതേവരെ അതിനു തുടങ്ങിയിട്ടില്ലെന്നും ഇനിയും തുടങ്ങുകയില്ലെന്നുമാണ് എന്റെ സുദൃഢമായ വിശ്വാസം. രാജാ അവർകൾ വീണ്ടും പറയുന്നു. "സാത്വികമായ സ്വാതന്ത്ര്യം സ്ത്രീകൾക്കിപ്പോൾ തന്നെ പരിപൂർണമായി ലഭിച്ചിട്ടുണ്ട്. എന്നാൽ വെള്ളക്കാരത്തികളെപ്പോലെ തനിച്ചുദ്യാനങ്ങളിലും നാടകശാലകളിലും പ്രവേശിക്കുന്നതിനും, ആട്ടമാടുന്നതിനും, കൂലിവേലകളുടേയും ഉദ്യോഗങ്ങളുടേയും അടിമകളാകുന്നതിനും സ്വാതന്ത്ര്യമില്ലാതിരിക്കുക തന്നെയാണ് നന്ന്.'' ഇവിടെ എനിക്കു പല സംശയങ്ങളും നേരിടുന്നുണ്ട്. ഒന്നാമതായി സാത്വികമായ സ്വാതന്ത്ര്യം എന്നതിന് അദ്ദേഹം വിവക്ഷിച്ചിട്ടുള്ള അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. അസ്വാതന്ത്ര്യങ്ങൾ എന്തെല്ലാമെന്നും അറിയുന്നില്ല. കേരളീയസഹോദരിയുടെ

സ്വാതന്ത്ര്യവാദത്തോട്, ജീവിതാദർശനം തന്നെ വിഭിന്നമായിരിക്കുന്ന പാശ്ചാത്യവനിതകളുടെ "ആട്ടമാടലും" ഉദ്യാനത്തിലു ലാത്തലും നാടകശാല പ്രവേശവും മറ്റും സംഘടിപ്പിച്ചത് ഒരു മഹാസാഹസമായിപ്പോയി. തങ്ങൾക്കു സ്വാതന്ത്ര്യം വേണമെന്നു പറയുന്ന ഒരു കേരളീയസഹോദരിയും ഈ വകകൾക്കു ഇച്ഛിക്കുമെന്നു ഞാൻ കരുതുന്നില്ല. കേരളത്തിൽ ഉത്കൃഷ്ട പരീക്ഷാവിജയികളായി സ്ത്രീസ്വാതന്ത്ര്യത്തിനായി ശ്രമിക്കുന്ന പല മഹതികളും ഉണ്ട്. അവരിൽ പലരും എന്റെ വർഗത്തിൽ പ്പെട്ടവരാണെന്നും ഞാൻ സാഭിമാനം അറിയുന്നുണ്ട്. അറിയുന്നവരിൽ പലരുടേയും ജീവിതചര്യകളും നമ്മിൽ പലർക്കും അറിവുള്ളതാണ്. എന്നാൽ അവരും മേൽപറഞ്ഞ തരത്തിൽ ഉള്ള സ്വാതന്ത്ര്യത്തിന് ഇച്ഛിക്കുന്നില്ല. ഇന്നത്തെ പുരുഷന്മാരുടെ വേഷമാറ്റം കണ്ട് സ്ത്രീകളെയും ആ തോതിനു ഗണിക്കരുത്.

രാജാ അവർകളുടെ പുറപ്പാടു കണ്ടിട്ട് ഇപ്പോൾ ഉണ്ടെന്ന് അദ്ദേഹം പറയുന്ന സാത്വികസ്വാതന്ത്ര്യം കൊണ്ട്, അതായത് ഞാൻ ആദിയിൽ വിവരിച്ചിട്ടുള്ള ആധുനികാവസ്ഥ കൊണ്ട് സ്ത്രീകൾ തൃപ്തിപ്പെടുകയാണ് വേണ്ടത്. ഇതിന് എത്രപേർ തയ്യാറാകുമെന്ന് ദൈവത്തിനുതന്നെ അറിയാം.

കൂലിവേലകളുടെ അടിമകളായി കഴിഞ്ഞുകൂടാൻ ഇച്ഛിക്കരുതെന്ന് പറയുന്നത് ആദരണീയമായ ഒരു ഉപദേശമാണ്. ഇതിന് ഇപ്പോഴത്തെ നിലയിൽ കഴിഞ്ഞുകൂടാൻ ഇവർ ഇച്ഛിക്കരുതെന്നേ അർത്ഥമുള്ളൂ. എന്തെന്നാൽ അവർ ഇപ്പോൾ കൂലിവേലകൾക്ക് അടിമകളാണ്; പക്ഷേ, സാധാരണ കൂലിവേലകളെ സംബന്ധിച്ചിടത്തോളം കൂലിക്കു വ്യവസ്ഥയുണ്ട്. ഇവിടെ അതില്ലെന്നേയുള്ളൂ. നമ്മുടെ സഹോദരികളുടെ ജോലി പ്രധാനമായി അടുക്കലപ്പണിയാണ്. കൂലി ഭർത്താവിന്റെ ധനസ്ഥിതിയെ, അല്ല മനസ്ഥിതിയെ ആശ്രയിച്ചിരിക്കും. രാജാ അവർകളുടെ ലേഖനത്തിൽ കാണുന്ന മറ്റൊരു പ്രസ്താവന ദുർഗ്രാഹ്യമായിത്തീർന്നിരിക്കുന്നു. "ഇന്നു പ്രചരിച്ചുവരുന്ന വിഷാത്മകമായ വിദ്യാഭ്യാസം പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകളെക്കൂടിയും വിവാഹബന്ധശൂന്യതയുള്ളവരാക്കിത്തീർക്കുന്നു." ഇതിൽ എത്രകണ്ടു യാഥാർത്ഥ്യമുണ്ടെന്നറിയുന്നില്ല. ഇന്നത്തെ വിദ്യാഭ്യാസരീതി ദോഷഭൂയിഷ്ടമാണെന്നു സമ്മതിക്കാൻ ഞാൻ തയ്യാറുതന്നെ. പക്ഷേ, സ്ത്രീകളെ വിവാഹവിരാഗിണികളാക്കിത്തീർക്കുന്നുവെന്നു ഞാൻ കരുതുന്നില്ല. വിവാഹത്തിനു പ്രായമായ സ്ത്രീയോ പുരുഷനോ അതിൽ വൈമുഖ്യം കാണിച്ചു വരാറില്ല. ഉണ്ടെങ്കിൽ അതിനു മറ്റുവല്ല കാരണവും കാണും. വിശിഷ്ടമായ നമ്മുടെ ദാമ്പത്യം തന്നെ ഇപ്പോൾ കച്ചേരികളിൽ വക്കീലന്മാർക്കും വിധികർത്താക്കന്മാർക്കും യഥേഷ്ടം വിനോദത്തിനു പയോഗപ്പെടുന്ന ഒരു തട്ടുപന്തായി തീർന്നിട്ടുണ്ടെന്നാണ് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളത്. അപൂർവമായുണ്ടാകുന്ന സമറിക്കേസ്സുകളെയോ വിവാഹമോചനാപേക്ഷകളെയോ ഉദ്ദേശിച്ചായിരിക്കണം. രാജാ അവർകളുടെ ഈ പ്രസ്താവം സ്ത്രീകൾക്കു സ്വാതന്ത്ര്യം നൽകേണ്ടതിന്റേയും പുരുഷന്മാരെ കുറേക്കൂടി കർത്തവ്യബോധവും സന്മാർഗപ്രസക്തിയും ഉള്ളവരാക്കിത്തീർക്കേണ്ടതിന്റെയും അത്യാവശ്യകതയെ തെളിയിക്കുന്നു. എന്തെന്നാൽ സ്ത്രീകൾ ചെലവിന്നു കിട്ടാൻ കേസ്സുകൊടുക്കുന്നത് ഭർത്താക്കന്മാർ അവരെ രക്ഷിക്കാതെ നിർദയം ഉപേക്ഷിക്കുന്നതിനാലും വിവാഹമോചനാപേക്ഷ സ്ത്രീകളിൽ നിന്നുണ്ടാകുന്നത് അവരുടെ പ്രിയമറിയാതെ വരന്റെ യോഗ്യതായോഗ്യതകളെ നിർണയിക്കാതെ വിവാഹം നടത്തിയതിനാലും ആകുന്നു. അതിനാൽ ദാമ്പത്യം കോടതിയിലെ 'തട്ടുപന്താ' കുന്നതു അധികവും അവരുടെ കുറ്റം കൊണ്ടല്ല. ഇത്രയും രാജാ അവർകളുടെ ലേഖനത്തെക്കുറിച്ചു സന്ദർഭവശാൽ പ്രസ്താവിച്ചതാണ്. അല്ലാതെ എന്റെ ലേഖനം അതിനൊരു പ്രത്യാഖ്യാനമല്ല.


## പരിഷ്കൃതരീതിയിലുള്ള മലയാളി വിവാഹം

**കെ പത്മാവതി അമ്മ**

**('ലക്ഷ്മിഭായി '9,7.(1923 ഒക്ടോബർ –നവംബർ :231–47 )**

സൗന്ദര്യോദാര്യ ശൗര്യപ്രഭൃതി പലഗുണം ചേർന്നു വിഖ്യാതി തേടും മാന്യന്മാരും യുവാക്കൾക്കു ചിതമിഹ കൊടുക്കേണ്ടതും സ്ത്രീജനത്തെ. 'എന്നാണ് ഒരു വിദുഷി അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇതുപ്രകാരം സ്ത്രീജനങ്ങൾക്കു ഭർത്താക്കന്മാരായി യുവാക്കന്മാരെ അന്വേഷിക്കാൻ പുറപ്പെട്ടാൽ ഇക്കാലത്ത് നേരിടുന്ന ദുർഘടങ്ങൾ ചില്ലറയൊന്നുമല്ലെന്നുള്ള സംഗതി ഇപ്പോൾ പരസ്യമായ രഹസ്യമാണ്. നമ്മുടെ ഇടയിൽ – ഹിന്ദുക്കളുടെ ഇടയിൽ – പണ്ടു നടപ്പുണ്ടായിരുന്ന മാതിരി "ഗാന്ധർവമായി വേളികഴിക്കുന്ന" വരോ അല്ലെങ്കിൽ 'ഇന്ദുലേഖ' യിൽ പറഞ്ഞപ്രകാരം 'അന്തഃകരണ വിവാഹം' കഴിക്കുന്നവരോ ആയി അധികം ആളുകൾ ഇല്ലെന്നു മാത്രമല്ല ഉണ്ടാവാൻ പ്രയാസവുമാണ്. അതൊക്കെ പോട്ടെ – സാധാരണ നാട്ടുനടപടി പ്രകാരം ഉള്ള ഒരു സംബന്ധാലോചനയ്ക്കു ശ്രമിച്ചാൽ ചെറുപ്പക്കാരായ പുരുഷന്മാരുടെ ഒന്നാമത്തെ ചോദ്യം "പണം എത്ര തരും?" എന്നായിരിക്കും. ഇതു താൻ നേരിട്ടു ചോദിച്ചില്ലെങ്കിൽ മറ്റുവല്ലവരെക്കൊണ്ടും ചോദിപ്പിക്കുകയായി. ആവശ്യപ്പെടുന്ന സംഖ്യയുടെ വലിപ്പവും ചെറുപ്പവും ഇരുകക്ഷികളുടെയും സ്ഥിതിക്ക് അനുസരിച്ചിരി

ക്കാം. സാധാരണയായി ഇതിനുള്ള ഒരു ലിസ്റ്റ് താ
ഴെപ്പറയും പ്രകാരമാണ്. ശുദ്ധനാടനാണെങ്കിൽ -
(ഇത് ആവശ്യപ്പെടുന്ന ആൾക്കുതന്നെ അറിവുള്ള
താണേ) കുറഞ്ഞത് ഇരുന്നൂറ് ഉറുപ്പിക മുതൽ ഏ
താണ്ട് അഞ്ഞൂറ് ഉറുപ്പിക വരെ - അവസ്ഥ പോ
ലെ കുറച്ചുകൂടി കവിയാം. ഇത് നാലാം ക്ലാസ്സിൽ
പ്പെട്ടവരാണ്. മൂന്നാം ക്ലാസ് - അൽപ്പം ഇംഗ്ലീഷ്




വിദ്യാഭ്യാസം ഉണ്ടായിട്ടും വല്ലതും പത്തോ പതി
നഞ്ചോ ഉറുപ്പിക മാസപ്പടി ഉണ്ടായിട്ടും ഒരാളണെ
ങ്കിൽ സംഖ്യയുടെ സ്ഥാനം നാലിൽ എത്തും. ഇം
ഗ്ലീഷ് അറിഞ്ഞിരുന്നാൽ മതി. എത്രത്തോളം അ
റിയേണമെന്നു ശാഠ്യമില്ല. കഷ്ടിച്ചു മേൽവിലാസം
എഴുതാനും വായിക്കാനുമെങ്കിലും അറിഞ്ഞിരിക്ക
ണം. പോരെങ്കിൽ ഒപ്പിടുന്നതും ഇംഗ്ലീഷിലായിരി
ക്കണം. ഷർട്ട് - കോട്ട് - ടൈ - ഷൂസ് മുതലായവ
ഉപയോഗിക്കുന്ന ആളായിരിക്കണം. ഇതൊക്കെ
ഇംഗ്ലീഷിന്റെ ചിഹ്നങ്ങളാണ്. ഇതു കഴിഞ്ഞാൽ പി
ന്നെ ഉള്ളതാണ് ബി.ഏക്കാർ. ഇവരെ രണ്ടാം ക്ലാ
സ്സിൽ ചേർക്കാം. ബി.എ പാസ്സുകാർ ഒരു ഗവൺ
മെന്റ് ഉദ്യോഗത്തിനു ശ്രമിച്ചാൽ ഇക്കാലത്ത് വള
രെ ചുരുങ്ങിയ ഒരു മാസപ്പടിയേ കൊടുത്തുകാ
ണുന്നുള്ളൂ. എങ്കിലും സംബന്ധത്തിന് ആലോചി
ച്ചു ശ്രമിച്ചാൽ ഇവരുടെ വിലപിടിക്കൽ എത്രയോ
കലശലാണ്. ഇവരെ ലേലം വിളിക്കുന്നത് സാധാ
രണ ആയിരത്തിൽ കുറഞ്ഞ സംഖ്യയ്ക്കു പാടി
ല്ലെന്നാണ് വെച്ചിരിക്കുന്നത്. അതിനു മേൽപോട്ട്
എത്രയ്ക്കെങ്കിലും ആവാം. ഇതിൽ ഒരു വിശേഷ
വിധി കൂടിയുണ്ട്. ചില സമർത്ഥന്മാർ ബിഎ പാ
സ്സായാൽ പിന്നെ ഏതെങ്കിലും ഒരു സംബന്ധം
ആലോചിച്ചു തീർച്ചപ്പെടുത്തുന്നതുവരെ പിന്നീടു
ള്ള പഠിപ്പിന്റെ കാര്യത്തെപ്പറ്റി ആലോചിക്കുക പോ
ലും ഇല്ല. സംബന്ധത്തിന് ആവശ്യപ്പെടുന്നു എ
ന്നു വന്നാൽ പഠിപ്പിന്നും അതിജാഗ്രതയായി. ഉട
നെ ബി.എൽ ന് വായിക്കാനോ എം.ഓ, ബി.എൽ
ആവാനോ ഉള്ള പണം മുഴുവൻ കരാറു ചെയ്തു
കൊടുക്കണം എന്നായി സംസാരം. എന്താണ്? ത
രക്കേണ്ടുണ്ടോ? "പാതിയും പുരുഷനു ഭാര്യയെ
ന്നറിഞ്ഞാലും'' എന്നല്ലെ പറഞ്ഞിരിക്കുന്നത്? അ
തുവരെയുള്ളത് സ്വന്തം പരിശ്രമംകൊണ്ടു സാധി
ച്ചു. ബാക്കിയുള്ളത് ഭാര്യയുടെ ബാധ്യതയാണെ
ന്നു പുരാണങ്ങളിൽ കൂടെ പറഞ്ഞിരിക്കുന്നു. നാ
ട്ടുകാരുടെ പണം അന്യായമായിട്ടും അനാവശ്യമാ
യിട്ടും ഗവൺമെന്റിലേക്കു കൊടുക്കുന്നതിൽ മു
ഖ്യമായ ഒരു ഭാഗം ഈ വകക്കാരുടെ വിദ്യാഭ്യാ
സവിഷമയമായിട്ടുള്ളതാണ് എന്നു പറഞ്ഞാൽ അ
ത്ര തെറ്റായിരിക്കയില്ലെന്നാണ് തോന്നുന്നത്. ഈ
വകക്കാരിൽ മിക്കപേരും പഠിപ്പിന്നാണെന്നു പേ
രും പറഞ്ഞ് മദിരാശി, കൽക്കത്ത മുതലായ സ്ഥ
ലങ്ങളിൽ പോയി താമസിച്ചു സുഖിക്കുന്നതല്ലാതെ
വേറെ വിശേഷിച്ച് ഒരു പ്രയോജനവും ഉണ്ടായ
തായി കാണുക പതിവില്ല. ഇനി ഉള്ളത് ഒന്നാം
ക്ലാസ്സുകാരാണ്. മേൽപറഞ്ഞ പ്രകാരമുളള ദുർ
ഘടങ്ങളും ബുദ്ധിമുട്ടുകളും തീർന്ന് ഏതെങ്കിലും
ഒരു ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥന്മാരായിട്ടോ അ
ല്ലെങ്കിൽ വക്കീൽമാരായിട്ടോ ഉള്ളവരാണ് ഈ ത
രത്തിൽ പെട്ടവർ. ഇവരുടെ അവസ്ഥ എല്ലാവരി
ലും വെച്ചു കവിഞ്ഞതാകയാൽ ഇവർക്കുള്ള സം
ഖ്യയുടെ തുകയും കവിഞ്ഞതായിരിക്കും. സാമാ
ന്യക്കാരൊന്നും ഇവരുടെ കാര്യത്തെപ്പറ്റി ആലോ
ചിക്കുകയേ വേണ്ട. ഇവരുടെ ആവശ്യങ്ങൾ പലേ
വിധത്തിലുമാണ്. ചിലർക്ക് കുറെ കടം ഉണ്ടാകും,
അതു തീർക്കാനാണ്; ചിലർക്ക് തറവാട്ടു വക വ
സ്തു കടത്തിലാണ്, അതു വീണ്ടെടുക്കണം; ചി
ലർക്ക് ഒരു വ്യവഹാരം നടത്താനുണ്ട്, അതിന്റെ
ചെലവിലേക്കും മറ്റും; ചിലർക്ക് അമ്മയെയോ അ
ച്ഛനെയോ സന്തോഷിപ്പിച്ചു സമ്മതം വാങ്ങണം;
അതിന് ഒരു സംഖ്യ അവർക്കു കൊടുക്കണം. വേ
റെ ചിലർക്ക് ഇത് ആവശ്യത്തിനു കാരണവർക്ക്
ഒരു ദക്ഷിണ; എന്നുവേണ്ട ഏതു വിധത്തിലാണ്
സമയോചിതമായി പറഞ്ഞ് പണം വാങ്ങാൻ കഴി
വുള്ളത് എന്നുവെച്ചാൽ അതുപോലെ ഒക്കെയും
പറയും. ചുരുക്കു പറയമല്ലോ; സംബന്ധം കൊ
ണ്ടു കുറെ പണം സമ്പാദിച്ചേ കഴിയബ എന്നാ
ണ് ഇക്കാലത്ത് പുരുഷന്മാർ ഒത്തൊരുമിച്ചു പാ

സ്സാക്കീട്ടുള്ള റൂള്. അതുകൊണ്ട് സംബന്ധത്തിന് അപേക്ഷക്കാരുടെ ഹർജി വന്നാൽ ഒന്നാമതായി ഇവർ ആലോചനയ്ക്ക് എടുക്കുന്നതു സംഖ്യയുടെ ഭാഗമാണ്. ഈ പ്രധാന വകുപ്പ് എടുത്ത് വിസ്തരിച്ച് ആ സംഗതിയിൽ തൃപ്തിപ്പെട്ടാൽ എല്ലാം തൃപ്തിപ്പെട്ടു. മുഖ്യമായി ആലോചിക്കേണ്ടുന്നവയായ "രൂപയൗവനകുലശീലാദി" കളെപ്പറ്റിയെല്ലാം അതിന്നുശേഷമേ ആലോചിക്കുകകൂടിയുള്ളൂ. അഥവാ ആലോചിച്ചില്ലെന്നു വരാം; എന്തുകൊണ്ടെന്നാൽ സ്ത്രീപുരുഷന്മാരെ സംബന്ധിച്ചിടത്തോളം രണ്ടുകൂട്ടരും അന്യോന്യം ആവശ്യപ്പെടുന്നതും ആഗ്രഹിക്കുന്നതും, സ്ത്രീയുടെ കക്ഷികൾ പുരുഷൻ ഇംഗ്ലീഷ് അറിയുന്ന (അവസ്ഥാനുസരണം) ആളായിരിക്കണമെന്നും, പുരുഷന്റെ കക്ഷികൾ കുറെ പണം (അതും അവസ്ഥാനുസരണം) തങ്ങൾക്കു കിട്ടണമെന്നും മാത്രമായതുകൊണ്ട് അന്യചിന്ത യാതൊന്നും ഇവർ ആരുടെയും ആലോചനയ്ക്കോ ബുദ്ധിശക്തിക്കോ വിഷയീഭവിക്കാറില്ല. ഏതായാലും കാര്യത്തിന്റെ തിടുക്കം പോലെ ഇരുകക്ഷികളും ഒരുവിധം പറഞ്ഞു യോജിച്ചാലും ആയി; അല്ലെങ്കിൽ സംഖ്യയെപ്പറ്റി അന്യോന്യം പറഞ്ഞു തെറ്റിപ്പോയാലും ആയി. സംബന്ധകാര്യങ്ങളെല്ലാം തീർച്ചപ്പെടുത്തുന്നതും നടത്തുന്നതും ഈ കാലത്ത് ഈ സമ്പ്രദായത്തിലാണ്. പ്രോനോട്ട്, വാക്കാൽ കരാർ, ആധാരം, രജിസ്ട്ര്, (ഇനിയും വല്ലതും ഉണ്ടോ എന്നറിഞ്ഞുകൂടാ) മുതലായവയെപ്പറ്റിയെല്ലാം വേണ്ടുന്ന വാദപ്രതിവാദങ്ങളും മധ്യസ്ഥം സംസാരിക്കലും മറ്റുമാണ് ഈ പുതിയ പരിഷ്കാരരീതിയിലുള്ള വിവാഹത്തിനു നിയമിക്കപ്പെട്ടവയും ഒഴിച്ചുകൂടാത്തവയുമായ മുഖ്യകൃത്യങ്ങൾ.

എന്റെ പ്രിയ സഹോദരിമാരെ! ഈ വിധത്തിൽ ഒരു സമ്പ്രദായം നടപ്പാക്കിയിരിക്കുന്നത് പുരുഷന്മാർ എന്തുദ്ദേശത്തിന്മേലാണെന്നും (പുരുഷന്മാർ നടപ്പാക്കി എന്നു പറവാൻ കാരണം പണത്തിന്റെ കാര്യത്തിൽ ശാഠ്യം അവർക്കായതുകൊണ്ട്) അതുകൊണ്ടുള്ള ഗുണം എന്താണെന്നും ഞാൻ ആലോചിക്കാതിരുന്നിട്ടില്ല. പുരുഷന്മാർ ഒരു യുക്തിയും കാണാതെയല്ല ഇങ്ങനെ തുടങ്ങിയിരിക്കുന്നത് എന്നു പ്രിയസഹോദരിമാരെ, അൽപ്പം ആലോചിച്ചാൽ നിങ്ങൾക്കു തന്നെ അറിവാൻ കഴിയും. വില കൊടുത്തുവാങ്ങിയ ഒരു സാധനത്തിലോ, അതല്ല വെറുതെ കിട്ടിയ ഒരു സാധനത്തിലോ നിങ്ങൾക്ക് അധികം പ്രിയമുണ്ടായിരിക്കുക? ഏതിനെയാണ് നിങ്ങൾ അധികം കരുതലോടും ശ്രദ്ധയോടും കൂടി സൂക്ഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക? വിലയ്ക്കു വാങ്ങിയ സാധനം നിങ്ങളുടെ ദൃഷ്ടിയിൽ പ്രത്യേകം പ്രിയമുള്ളതായും അതിനെ യാതൊരു കേടുപാടും കൂടാതെ സൂക്ഷിക്കുന്നതിൽ നിങ്ങൾ അതിനിഷ്കർഷയുള്ളവരായുമിരിക്കയില്ലെ? പുരുഷന്മാർ നിങ്ങളിൽ നിന്ന് മുഖ്യമായി ആവശ്യപ്പെടുന്നത് ഇതുതന്നെയാണ്. ചിലർ പറയും "പണം വാങ്ങി സംബന്ധം തുടങ്ങിയതാൽ പുരുഷന്മാർ സ്ത്രീകൾക്ക് അടിമപ്പെട്ടവരായി" എന്ന്. ഇത് സാധുക്കലായ സ്ത്രീകളുടെ കണ്ണിൽ പൊടി ഇടുവാൻ വേണ്ടി പുരുഷന്മാർ പ്രയോഗിക്കുന്ന ന്യായങ്ങൾ മാത്രമാണ്. പണം കൊടുത്ത് ഒരു ഭർത്താവിനെ സമ്പാദിച്ചാൽ അദ്ദേഹത്തെ വേണ്ടപോലെ സൂക്ഷിക്കേണ്ടുന്ന ഭാരം ആർക്കാണ് എന്ന് ആലോചിച്ചു നോക്കുവിൻ. സൂക്ഷിച്ചില്ലെങ്കിൽ നമ്പൂതിരിയുടെയും വാലിയക്കാരന്റെയും കഥ പോലെയാകും. വാലിയക്കാരൻ പോയാൽ നമ്പൂതിരിയുടെ മൂക്കും പോയി. എന്തു ബുദ്ധിമുട്ടാണ്? വാലിയക്കാരനും മൂക്കും കൂടി പോയിട്ടു രണ്ടുവിധം നഷ്ടം സഹിക്കാതെ കഴിച്ചുകൂട്ടേണ്ടുന്ന ഭാരം നമ്പൂരിക്കായിത്തീർന്നതുപോലെ ഭർത്താവും പോയി ചെലവു ചെയ്ത പണവും പോയി എന്നുള്ള നഷ്ടം സഹിക്കാതെ കഴിച്ചുകൂട്ടേണ്ടുന്ന ഭാരം ഭാര്യക്കാണ്. അഥവാ സൂക്ഷ്മം പോരാതെ കൈവിട്ടു പോയാലും ബുദ്ധിമുട്ടു ഭാര്യയ്ക്കുതന്നെ. ആദ്യത്തെ ഭർത്താവിനെ സമ്പാദിക്കാൻ തന്നെ ഇത്രയെല്ലാം വൈഷമ്യമായിരിക്കുമ്പോൾ പിന്നെ രണ്ടാമത്തേത് ആകുമ്പോഴത്തെ സ്ഥിതി പറയേണമോ? ഏതു വിധത്തിൽ ശ്രമിച്ചാലും 'സെക്കന്റ് ഹാൻഡ്' അല്ലെ സാരമില്ല എന്നായി ആക്ഷേപം. സൈക്കിൾ വിൽക്കാൻ പുറപ്പെടുമ്പോലെയാണ് ഇത്. സൈക്കിൾ എത്ര മേത്തരമായിരുന്നാലും ആയത് ഉപയോഗിച്ചാൽ വില പോയി. ആർക്കും സാരമില്ല. എന്നതുപോലെ ആദ്യം എത്രയോ പണം ചെലവു ചെയ്തിട്ടാണ് ഒരു ഭർത്താവിനെ ഒരു സ്ത്രീക്കു സമ്പാദിക്കുന്നത്. അയാൾ വല്ല സംഗതിവശാലും (അയാളുടെ വഷളത്വം കൊണ്ടോ തുമ്പില്ലായ്മകൊണ്ടോ തന്നെ ആയിരിക്കും) വേറെ ഭാര്യയെ അന്വേഷിച്ചു പോകുന്നതായാൽ തന്നെ നഷ്ടകഷ്ടങ്ങൾ മുഴുവൻ നേരിടുന്നത് സ്ത്രീക്കു തന്നെയാണ്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഈ നടപടികൊണ്ടു യാതൊരു ഗുണവും ഇല്ലെ എന്നു ചോദിക്കുന്നതായാൽ – ഉണ്ട് എന്നു സമ്മതിക്കാം. അത് എന്തെന്നാൽ, സ്ത്രീകൾക്ക് സ്വന്തമായിട്ടു സ്വത്തു ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ തങ്ങൾക്കുവേണ്ടി പണം ചെലവു ചെയ്യാൻ തക്കവർ ഉണ്ടായിരിക്കയോ ചെയ്താൽ അവർക്ക് ഒരു വിധത്തിലും നിരാശപ്പെടുവാൻ അവകാശമില്ല. ഏതു വിധത്തിലോ ഏതു സ്ഥിതിയിലോ ഉള്ള ഭർത്താവിനെയാണ് ഈ തരക്കാർ ആവശ്യപ്പെടുന്നത് എന്നുവെച്ചാൽ അതേ പ്രകാരത്തിൽ – ഇതിനെ ഒന്നുകൂടി വ്യാഖ്യാനിക്കുന്നതായാൽ – കൃഷി പ്രവൃത്തി, സ്വസ്ഥ പ്രവൃത്തി, ഉദ്യോഗം, സ്വയാധികാരം, ഇതിൽ ഏതു വേണമെങ്കിൽ ആ സ്ഥിതിയിലുള്ള ഭർത്താവിനെ നിഷ്പ്രയാസം ലഭിക്കാ

നായിട്ട് അവർ പണം മാത്രം ചെലവു ചെയ്യാൻ ഒരുക്കമുണ്ടായാൽ മതി. എന്താണിത്? കന്നുകാലിക്കച്ചവടം പോലെയോ എന്ന് ആരും ലഹള കൂട്ടരുത്. സൂക്ഷ്മം ആലോചിച്ചാൽ ഒരു സമയം ഇതും അതിനോടു സാമ്യപ്പെടുത്താം. പക്ഷേ, അതു പച്ചയിൽ പറയണ്ടാ എന്നു നിശ്ചയിച്ചാൽ പോരെ? ഏതായാലും സ്വകാര്യസ്വത്തുള്ള സ്ത്രീകളുടെ കാര്യത്തിന് ഒരുമാതിരി ഗുണമുണ്ട്. തറവാട്ടിൽ സ്വത്തുണ്ടായാൽ കൂടി പോരാ. സ്വകാര്യസ്വത്ത് തന്നെ വേണം. എന്നാൽ അവരെല്ലാം ഭർത്തൃമതികളായി ഭവിക്കും. സ്വത്തില്ലാത്ത – അതായത് ഒരു ഭർത്താവിനെ ലഭിച്ചാൽ പിന്നീട് ആ മനുഷ്യനു വേണ്ടുന്നത് യഥോചിതം ചെലവു ചെയ്യാനും കഴിവില്ലാത്ത സ്ഥിതിയിലുള്ള – പെൺകിടാങ്ങളുടെ കാര്യം 'മൂന്നു ഗോപി' എന്നുതന്നെ കരുതാം. ഇവർക്കു (പെൺകിടാങ്ങൾക്കു) സ്വത്തില്ലെങ്കിൽ പിന്നെ എന്തു ഗുണഗണങ്ങൾ ഉണ്ടായിട്ടും ഫലമില്ല. ദുഷ്യന്തൻ പറഞ്ഞപോലെ "കണ്ടാലത്ഭുതമായ ചിത്രമെഴുതിസ്സതം കൊടുത്തെന്ന" പോലുള്ള രൂപലാവണ്യത്തോടു കൂടിയവരായാലും ശരി, ശൂർപ്പണഖയെപ്പോലെയുള്ള ലാവണ്യാതിശയമുള്ളവരായാലും ശരി – മലയാളത്തിനു പുറമെ ഇംഗ്ലീഷ്, സംസ്കൃതം മുതലായ ഭാഷകളിലും സംഗീതം മുതലായ കലാവിദ്യകളിലും നൈപുണ്യമുള്ളവരോ അതല്ലെങ്കിൽ നിരക്ഷരകുകുക്ഷികളോ ഏതു വിധത്തിലായാലും ശരി, പണം റൊക്കം കൊടുക്കാൻ ഒരുക്കമുണ്ടെങ്കിൽ എല്ലാം ഗുണപ്പെടും; ഇല്ലെങ്കിൽ ഒക്കെ ഗ്രഹപ്പിഴ തന്നെ.

എന്താണ് ഇത്ര സങ്കടം? "ഗതിയും വരുമിഹലോകസൗഖ്യവും വരും പതിശുശ്രൂഷണം കൊണ്ടെന്നു ചൊല്ലെന്നു വേദം.'' ഇത് അത്ര എളുപ്പത്തിൽ സാധിക്കുമോ? കാര്യം ഉപായമാണോ? അതുകൊണ്ട് ഇഹലോക സുഖവും മരണാനന്തരം ഗതിയും സിദ്ധിക്കാവുന്ന ഒരു സ്ഥിതിയെ ലഭിക്കാനായിട്ട് – അതായത് ഭാര്യാപദത്തെ പ്രാപിക്കാനായിട്ടു – കുറെ പണം മാത്രം ചെലവു ചെയ്യുന്നതിൽ എന്തിനു സങ്കടപ്പെടുന്നു?

ഈ നടപടിയാൽ പുരുഷന്മാർക്കുണ്ടാകുന്ന മുഖ്യമായ ഗുണങ്ങൾ, ഒന്നാമതു ദ്രവ്യലാഭം, രണ്ടാമതു ഭാര്യാലാഭം, മൂന്നാമത് ആവക ഭാര്യമാർ തങ്ങളെ പ്രത്യേകം സ്നേഹിക്കും; വല്ല രോഗമോ മറ്റോ പിടിപെടുന്നതായാൽ ഭാര്യയും പോരെങ്കിൽ ഭാര്യവീട്ടുകാരും കൂടി വളരെ ജാഗ്രതയായി ശുശ്രൂഷിക്കും. നാലാമതു ഭാഗ്യവശാൽ തന്റെ ഭാര്യ മരിച്ചുപോകയോ അല്ലെങ്കിൽ ഭാര്യയെ താൻ ഉപേക്ഷിക്കുകയോ ചെയ്താൽ തനിക്ക് ഇതൊക്കെ വീണ്ടും അഭിനയിച്ചു കുറച്ചുകൂടി പണം സമ്പാദിക്കാം. ഇതൊക്കെയാണ് കാര്യമായിട്ടുണ്ടാകാവുന്ന ഗുണങ്ങൾ.

ഹാ കഷ്ടം! വിവാഹം എന്നും ദാമ്പത്യം എന്നും ഉള്ള സ്ഥിതികളിൽ സ്ത്രീപുരുഷന്മാർ അന്യോന്യം നിർവഹിക്കപ്പെടേണ്ടുന്ന കൃത്യങ്ങളും ബാധ്യതകളും എന്തെല്ലാമെന്നോ ആ വക ബാധ്യതകളും കൃത്യങ്ങളും എത്ര മഹത്വമുള്ളവയെന്നോ അറിവാനുള്ള വിശേഷബുദ്ധി ദൈവസൃഷ്ടികളിൽ മനുഷ്യന്നു മാത്രമേ നൽകപ്പെട്ടിട്ടുള്ളൂ എന്നിരിക്കെ തുച്ഛബുദ്ധികളായ മനുഷ്യർ തങ്ങൾക്കു ദൈവകാരുണ്യത്താൽ സിദ്ധിച്ചിട്ടുള്ള ഈ വിശേഷഗുണത്തെ ലേശവും ഗണ്യമാക്കാതെ കേവലം മൃഗങ്ങളെപ്പോലെ തന്നെ ബുദ്ധിശൂന്യമായും ഗുണദോഷവിചാരജ്ഞാനം കൂടാതെയും പ്രവർത്തിക്കുന്നത് എത്ര പരിതാപകരമാണ്? നാഗരികത്വമോ വിദ്യാഭ്യാസമോ അണുമാത്രം ലഭിച്ചിട്ടുള്ള ജനങ്ങളുടെ സമ്പ്രദായങ്ങളും നടപടികളും ഈ വിധത്തിൽ തന്നെയോ? നിങ്ങളിൽ ഓരോരുത്തർക്കും ഉള്ള ശരിയായ ബാധ്യതകളെ അറിഞ്ഞ് അവയെ വേണ്ടതുപോലെ നിർവഹിക്കുവാൻ ശ്രമിക്കാതിരിക്കുന്ന കാലത്തോളം നിങ്ങളുടെ സമുദായം അഭിവൃദ്ധി പ്രാപിക്കുമോ? അഥവാ, നായന്മാർക്ക് സമുദായസ്നേഹമുണ്ടെങ്കിൽ ഈ വിധമുള്ള ദുരാചാരങ്ങളെ പ്രബലപ്പെടുത്തുവാൻ അവർ ശ്രമിക്കുമോ? വിദ്യാഭ്യാസമോ പരിഷ്കാരമോ നാഗരികത്വമോ ഇല്ലാതെയും യാതൊരു വിധത്തിലും ബുദ്ധിവികാസം വരാതെയും കേവലം അജ്ഞാനാന്ധകാരത്തിൽ നിമഗ്നന്മാരായും ഉള്ളവരാണ് ഈ വക ദൈന്യമായ നടപടികൾ ഏർപ്പെടുത്തി നിലനിർത്തിപ്പോരുന്നത്. എങ്കിൽ അതിനെപ്പറ്റി അത്ഭുതപ്പെടുവാൻ അവകാശമില്ല. ഇപ്പോൾ കണ്ടു വരുന്നതേ അങ്ങിനെയല്ല. തങ്ങൾ പരിഷ്കാരികളും സമുദായത്തിന് അഭിവൃദ്ധി വരുത്തുന്നതിനായി സർവഥാ പരിശ്രമിക്കുന്നവരുമാണ് എന്നു നടിച്ചു ഞെളിയുന്നവരാണല്ലോ ഈ വക കുത്സിതമായ ഏർപ്പാടുകൾ നടപ്പിൽ വരുത്തുന്നത്. ഇത് ആ വക ആളുകൾക്കു ഭൂഷണം തന്നെയോ?

താഴെ പറയുന്ന വാചകങ്ങൾ ''ലക്ഷ്മീഭായി" യിൽ കാണപ്പെട്ടതും എന്റെ ആത്മസ്നേഹിതയായ ശ്രീമതി. ചെറുവാരി രുഗ്മിണി അമ്മയാൽ എഴുതപ്പെട്ടിരുന്ന ഒരു ലേഖനത്തിൽ പ്രസ്താവിക്കപ്പെട്ടതുമാണ്. ഇത് സ്ത്രീകളായ നാമെല്ലാവരും പ്രത്യേകം ഓർമ വെക്കേണ്ടുന്ന ഒരു സംഗതിയാണെന്നും അതിനാൽ ഇവിടെ എടുത്തു ചേർക്കുന്നത് അനുചിതമായിരിക്കയില്ലെന്നും ഉള്ള വിശ്വാസത്തിന്മേലാണ് ഇപ്രകാരം ചേർക്കുവാനിടവന്നത്. ''ഇച്ഛയ്ക്കും യോഗ്യതയ്ക്കും തക്കതായ വരനെ ലഭിക്കാത്തപക്ഷം തങ്ങളെ സർവാരിഷ്ടങ്ങളിൽ നിന്നും ത്രാണനം ചെയ്തു തീറ്റിപ്പോറ്റിയ മാതാപിതാക്കളുടെ ശുശ്രൂഷയെ ചെയ്തു പുണ്യം സമ്പാദിക്കുകയോ, അവരവരുടെ ബുദ്ധിശക്തിക്കും സൗകര്യത്തിനും അനുസരിച്ചതായ വിദ്യാഭ്യാസവും സമ്പാദിച്ച് അവസ്ഥാനുസരണമായ വല്ല ജോ

ലികളിൽ ഏർപ്പെടുകയോ ചെയ്യുന്നത് തന്നെയാണ് ശ്രേയസ്കരം ... ഇപ്രകാരം സുഖാനുഭവത്തിനും ധർമസമ്പാദനത്തിനും മോക്ഷത്തിനും പലേ പന്ഥാവുകളോടു കൂടിയ ഈ പ്രപഞ്ചത്തിൽ പത്നിത്വം ഒന്നുമാത്രമാണ് സ്ത്രീധർമ്മം എന്ന മൂഢവിശ്വാസത്തോടുകൂടി ആധിവ്യാധിദാരിദ്ര്യാദിപരിപൂർണമായ ഭവാംബുധിയിൽ മുഴുകി കര കാണാതെ ഉഴന്നു ജന്മം വൃഥാ നശിപ്പിക്കുന്നതു മഹാപാതകമാകുന്നു."

ഏതായാലും നമ്മുടെ ഇടയിലുള്ള ഈ പുതിയ പരിഷ്കാര രീതിയിലുള്ള വിവാഹ സമ്പ്രദായത്തെ തീരെ നിർത്തൽ ചെയ്യുകയോ അല്ലെങ്കിൽ കാലോചിതമായും യുക്തമായും ഉള്ള ഭേദഗതികൾ വരുത്തുകയോ ചെയ്യേണ്ടത് എത്രയും ആവശ്യമാണെന്നുള്ള എന്റെ താഴ്മയോടുകൂടിയ അഭിപ്രായത്തെ മഹാജനങ്ങളുടെ മുമ്പാകെ വെച്ചുകൊണ്ട് ഈ ഉപന്യാസം അവസാനിപ്പിക്കുന്നു.

## സമുദായത്തിൽ സ്ത്രീകളുടെ സ്ഥാനം

**വി. കെ. ചിന്നമ്മാളു അമ്മ, മദിരാശി**

("മഹിള" 4,7, 1924,(25057)

ഒരു സമുദായത്തിന്റെ യോഗ്യത തീർച്ചപ്പെടുത്തുവാനുള്ള ലക്ഷണങ്ങളിൽ പ്രധാനമായ ഒന്ന് അതിൽ സ്ത്രീകൾക്കുള്ള സ്ഥാനമാണ്. ഭാരതീയരായ നമ്മുടെ പുരാതന ആചാര്യന്മാരും പാശ്ചാത്യവിദ്വാന്മാരും ഈ കാര്യത്തിൽ ഒരേ അഭിപ്രായക്കാരാണ്. കവികളുടെയും തത്വജ്ഞാനികളുടെയും വാക്കുകൾ മാത്രമല്ല, ഇന്ന് ലോകത്തിലെ സ്ഥിതിഗതികളും ഈ അഭിപ്രായത്തിന് അനുസരിച്ചിരിക്കുന്നുണ്ട്. പ്രസിദ്ധദേശഭക്തനായ ലാലാ ലജ്പത്റായ് അമേരിക്കയിൽ സഞ്ചരിച്ച് തന്റെ അനുഭവങ്ങളെയെല്ലാം പുസ്തക രൂപേണ പ്രസിദ്ധം ചെയ്ത കൂട്ടത്തിൽ അമേരിക്കയിലെ പരിഷ്കാരത്തിന് ഹേതുഭൂതകൾ പുരുഷന്മാരെക്കാൾ അധികം ശ്രദ്ധാലുക്കളായിരിക്കുന്നത്. പുരാതനഭാരതത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ സ്ത്രീകൾ പൂർണസ്വാതന്ത്ര്യത്തോടെ ഇരുന്നിരുന്ന ഒരു സമുദായമാണെന്ന് പുരാണേതിഹാസങ്ങളിൽ നാം കാണുന്നു. അന്നത്തെ നമ്മുടെ കഥയും ഇന്നത്തെ നമ്മുടെ കഥയും താരതമ്യപ്പെടുത്തി നോക്കുന്നതായാൽ അന്നുള്ളവരുടെ സന്തതികളാണ് നാം എന്നു പറയാൻ പോലും ലജ്ജിക്കണം. സ്വഗൃഹത്തിന്നപ്പുറമുള്ള കാര്യങ്ങളിൽ സ്ത്രീക്ക് പ്രവേശിക്കാൻ അധികാരമില്ലെന്നുള്ള അഭിപ്രായം പുരാതനഇന്ത്യയിൽ ഉണ്ടായിരുന്നില്ല; അത് നമ്മുടെ ദുഷ്ക്കാലത്ത് അധഃപതന ഹേതുവായി ഭാരതീയ സമുദായത്തിൽ പ്രചരിച്ച ഒരു വിശ്വാസമാണ്.

മനുഷ്യജീവിതം സ്വഗൃഹത്തിൽ മാത്രം ഇട്ടടച്ചുവെക്കാനുള്ള ഒന്നല്ല. തന്റെ വീട്ടിനപ്പുറത്തുള്ള യാതൊരു കാര്യത്തിലും മനുഷ്യന്ന് പ്രവേശമില്ലെന്നു വരുമ്പോൾ മാത്രമേ സ്ത്രീക്ക് വീട്ടിന്നപ്പുറമുള്ള കാര്യങ്ങളിൽ പ്രവേശമില്ലെന്ന് പറയാൻ പാടുള്ളൂ. ഗൃഹം ഒരു ചെറിയ കുടുംബമായിരിക്കുന്നതുപോലെ സമുദായം ഒരു വലിയ കുടുംബമാണ്. ഒരു വീട്ടിലെ കാര്യങ്ങളിൽ സ്ത്രീകൾക്കോ ഒരു വർഗക്കാർക്ക് മാത്രമേ പ്രവേശമുള്ളൂ എന്നു വന്നാൽ പലേ കുഴപ്പങ്ങളും ആ വീട്ടിൽ വന്നുചേരുമെന്ന് നമുക്ക് ആലോചിച്ചാൽ എളുപ്പം മനസ്സിലാക്കാം. ഭാരതീയസമുദായത്തിലും ഇന്ന് സ്ത്രീയുടെ ബുദ്ധിയും അഭിപ്രായങ്ങളും ശോഭിച്ചുകാണാത്തത് കൊണ്ട് വലിയ കുഴപ്പങ്ങളുണ്ട്. നിത്യപരിചയം കൊണ്ടു നാം ആ വക കുഴപ്പങ്ങളെ ഗൗനിക്കുന്നില്ലെന്നേയുള്ളൂ.

സ്ത്രീകൾക്ക് പൊതുജനകാര്യങ്ങളിൽ പ്രവേശനമില്ലാത്തതുകൊണ്ട് സമുദായത്തിനാകെ ഉടവു തട്ടുന്നതിൽ അത്ഭുതപ്പെടാനാവില്ല. ഈശ്വരസൃഷ്ടി ഇപ്പോഴുള്ള നിലയിൽ നിൽക്കുന്നിടത്തോളം കാലം സ്ത്രീപുരുഷന്മാർ തമ്മിൽ ബുദ്ധിയിലും സ്വഭാവത്തിലും ദേഹപ്രകൃതിയിലും വലിയ വ്യത്യാസമുണ്ടായിരിക്കും. ഈ രണ്ടു വർഗങ്ങളെയും അന്യോന്യക്ഷേമത്തിനും സുഖത്തിനും വേണ്ടിയാണ് ഈശ്വരൻ സൃഷ്ടിച്ചിട്ടുള്ളത്. ഒന്നിൽ ഇല്ലാത്ത ഗുണങ്ങൾ മറ്റെതിൽ കണ്ടുവരുന്നു. രണ്ടുവർഗക്കാരുടെയും ബുദ്ധിക്കും സ്വഭാവത്തിനുമുള്ള ഗുണങ്ങൾ ലോകോപകാരമായിത്തീരണമെന്നാണ് ഈശ്വരമതം. സ്ത്രീക്ക് രാഷ്ട്രീയവും സാമൂദായികവുമായ കാര്യങ്ങളിൽ പ്രവേശമില്ലെന്ന് തീർച്ചപ്പെടുത്തുമ്പോൾ ഈശ്വരനിയതിയെ ലംഘിക്കയാണ് ചെയ്യുന്നത്. പുരുഷന് ഓരോ കാര്യങ്ങളിൽ കർത്തവ്യമെന്തെന്ന് ആലോചിച്ചു കണ്ടുപിടിക്കാനുള്ള സാമർത്ഥ്യം സ്ത്രീയെക്കാളധികമുണ്ട്. എന്നാൽ കാര്യനിർവഹണശക്തി സ്ത്രീയെ അപേക്ഷിച്ചു കുറയും.

ഏതു കാര്യവും ഫലോന്മുഖമാവണമെങ്കിൽ ആലോചനാശക്തിയും നിർവഹണശക്തിയും ഒരുപോലെ വേണ്ടതാണ്. ഇതേപ്രകാരം തന്നെ സ്ത്രീബുദ്ധിക്ക് ഓരോ കാര്യത്തിന്റെ വിഭാഗങ്ങളെയും പ്രത്യേകം പ്രത്യേകമായി സൂക്ഷിച്ചു ഗുണദോഷം കാണുവാൻ സാധിക്കും. എന്നാൽ കാര്യം ഒന്നായി ഗ്രഹിക്കാൻ പ്രയാസമാണ്. സ്ത്രീ ബുദ്ധിക്കു പ്രത്യേക ജ്ഞാനവും പുരുഷബുദ്ധിക്കു സമഷ്ടി ജ്ഞാനവുമാണ് സ്വാഭാവികമായി കണ്ടുവരുന്നത്. രണ്ടും ഏതു കാര്യത്തിലും അത്യാവശ്യമാണ്. ഒന്ന് മറ്റേതിനെക്കാൾ മുഖ്യമെന്നു പറയാൻ പാടില്ല. ഇപ്രകാരം പുരുഷനില്ലാത്ത അനേക ഗുണങ്ങൾ സ്ത്രീബുദ്ധിക്കും സ്വഭാവത്തിനും നാം കണ്ടുവരുന്നു. സ്ത്രീക്കു ബഹിർലോകത്തിൽ കാണുന്ന കാര്യങ്ങളെ സൂക്ഷ്മമായി നോക്കി അറി

യുവാനാണ് ജാഗ്രത. പുരുഷൻ തന്റെ മനസ്സിലുള്ള വിചാരങ്ങളിലും വികാരങ്ങളിലും മുഴുകിയിരിക്കുന്നു. പുറമെ കാണുന്ന കാര്യങ്ങളിൽ അവന്റെ ദൃഷ്ടി അത്ര് പതിയുന്നില്ല. ഇതു നിമിത്തം സ്ത്രീക്ക് പുരുഷനേക്കാൾ സൂക്ഷ്മനോട്ടം വളരെ അധികമുണ്ട്. സ്വഭാവത്തിനും ഇതേ പ്രകാരം തന്നെ വലിയ വ്യത്യാസങ്ങൾ കാണും. സ്ത്രീക്കു സഹനശക്തി പുരുഷനെക്കാൾ അധികമാണ്. ധൈര്യം പ്രദർശിപ്പിക്കാനും ധീരകൃത്യങ്ങൾ ചെയ്യാനും പുരുഷന് ധാരാളം സാധിക്കും. എന്നാൽ നിരന്തരമായ കഷ്ടതയും ശല്യവും അനുഭവിക്കേണ്ടി വന്നാൽ അതിനു വേണ്ടുന്ന ധൈര്യവും സഹനശക്തിയും അവനുണ്ടാകുന്നതല്ല. ഇത് സ്ത്രീബുദ്ധിക്കുള്ള ഉത്തമഗുണങ്ങളിൽ ഒന്നാണ്. പ്രകൃതി തന്നെയും തന്റെ നിയതികൊണ്ട് ഈ കാര്യത്തെ ഉദാഹരിക്കുന്നു. പുതുതായി ഭൂമിയിൽ അവതരിക്കുന്ന ഓരോ ജീവനും സ്ത്രീയുടെ ഈ സഹനശക്തിക്കു സാക്ഷിയാണ്. ജീവിതത്തെയും മരണത്തെയും വേർപെടുത്തുന്ന ആ വൈതരണി വരെ പോയിട്ടാണ് സ്ത്രീ ഒരു പുതിയ ജീവനെ ലോകത്തിനു നൽകുന്നത്. പുതുതായി ജനിച്ച ജീവൻ ശൈശവത്തിൽ അവളുടെ ശുശ്രൂഷയില്ലെങ്കിൽ സമുദായത്തിനു നഷ്ടമായിപ്പോകും. സ്ത്രീയുടെ ക്ലേശമാണ് പ്രപഞ്ചഹേതു എന്നു പറയുന്നതിൽ ഒരു അതിശയോക്തിയുമില്ല. താൻ ക്ലേശമനുഭവിച്ച് പ്രസവിച്ച് വളർത്തുന്ന സന്താനങ്ങളുടെ - സമുദാംഗങ്ങളുടെ ഭാവി നിയന്ത്രണം ചെയ്യുന്നതിൽ സ്ത്രീക്കും ഒരു സ്ഥാനം കൽപ്പിക്കേണ്ടത് ന്യായവും അത്യാവശ്യമാണ്. സ്ത്രീക്കു മാതൃത്വം വഹിക്കേണ്ടതുകൊണ്ട് സമുദായകാര്യങ്ങളിൽ പ്രവേശിച്ചുകൂടാ എന്നാണ് ചിലരുടെ അഭിപ്രായം.

എന്നാൽ വാസ്തവത്തിൽ കാര്യം നേരെ മറിച്ചാണ്. മാതൃത്വം സ്ത്രീക്കു മാത്രം നിറവേറ്റുവാൻ കഴിയുന്ന ഒരു അവസ്ഥയായി എത്രത്തോളം കാലം ഈശ്വരൻ നിശ്ചയിക്കുന്നുവോ അത്രത്തോളം കാലം സമുദായത്തിലെ എല്ലാ കാര്യങ്ങളിലും സ്ത്രീബുദ്ധിയും സ്ത്രീയുടെ അഭിപ്രായങ്ങളും പ്രബലപ്പെട്ടു കാണേണ്ടതാണ്. കാരണം, മനുഷ്യജീവന്റെ വില സ്ത്രീ അറിയുന്നതു പോലെ ഒരു കാലത്തും പുരുഷൻ അറിയുന്നതല്ല. പുരുഷൻ സമുദായത്തിന്റെ ധനസ്ഥിതി, അന്യരാജ്യങ്ങളുമായുള്ള ഇടപാട്, മുതലായവയെക്കുറിച്ച്, സ്ത്രീകളെക്കാൾ അധികം അറിയുമായിരിക്കും. എന്നാൽ ഈ കാര്യങ്ങൾ കൊണ്ടുമാത്രം യാതൊരു സമുദായമാവട്ടെ ലോകമാവട്ടെ ഉന്നതിയെ പ്രാപിക്കുന്നതല്ല. ഒരു ഉദാഹരണം കൊണ്ട് ഇത് വ്യക്തപ്പെടുത്തുവാൻ ശ്രമിക്കാം. യുദ്ധം എങ്ങനെയാണ് ഇല്ലാതാക്കേണ്ടത് എന്ന് ലോകത്തിൽ സകല രാജ്യക്കാരും ആലോചിച്ചുവരുന്നു. എങ്കിലും സമാധാനദേവത ഇതുവരെ നമ്മുടെ ഭൂമിയിൽ അവതരിച്ചിട്ടില്ല. ഇതിന്റെ കാരണം എന്താണെന്ന് അറിയാൻ അധികം പ്രയാസമില്ല. ഇന്നത്തെ പുരുഷന്മാരായ രാജ്യഭരണനേതാക്കന്മാരുടെ മനസ്സിൽ, സൈന്യങ്ങളും മറ്റും വേണ്ടെന്നുവച്ചാൽ തങ്ങളുടെ രാജ്യത്തിനു ഭാവിയിൽ മറ്റുള്ള രാജ്യങ്ങളെ യുദ്ധം ചെയ്ത് തോൽപ്പിക്കുവാനും കച്ചവടം വർധിപ്പിക്കാനും കഴിയുകയില്ലല്ലോ എന്ന വിചാരമാണ് പ്രധാനമായി നിൽക്കുന്നത്. യുദ്ധക്കപ്പലുകൾ കുറയ്ക്കണമെന്നു പറയുമ്പോൾ കാണുന്ന വൈമനസ്യത്തിനും അവിശ്വാസത്തിനും ഇതുതന്നെയാണ് കാരണം. സ്ത്രീകൾക്കും പുരുഷന്മാരെപ്പോലെ സാമുദായികകാര്യങ്ങളിൽ പ്രാബല്യമുണ്ടെങ്കിൽ ഈ അവസ്ഥ ഒരിക്കലും വരുന്നതല്ല. ഭൂമി മനുഷ്യരക്തം കൊണ്ടു നനയുന്നതു കണ്ട് മേലിലുണ്ടാവാൻ പോകുന്ന ധനവും കച്ചവടലാഭവും ആലോചിച്ച് സ്ത്രീക്ക് സന്തോഷിക്കാൻ കഴിയുന്നതല്ല. പൂർണ ബലത്തോടുകൂടിയ ഒരു മനുഷ്യന്റെ ശവശരീരം ഉണ്ടയേറ്റ് കണ്ണുമിഴിച്ചു കിടക്കുന്നതുകണ്ട് "സാരമില്ല'' എന്നു പറഞ്ഞ് ദാക്ഷിണ്യമില്ലാതെ കടന്നുപോവാൻ സ്ത്രീക്കു സാധിക്കുന്നതല്ല. അങ്ങനെ മരിക്കുന്ന ഓരോ മനുഷ്യന്റെ ജീവനും സ്ത്രീയുടെ ക്ലേശത്താൽ ഉണ്ടായതാണെന്നു അവർക്ക് ഓർമവരും.

ഇപ്രകാരം സ്ത്രീകളുടെ സഹകരണത്താൽ ഗുണപ്പെടുന്ന പല കാര്യങ്ങളുമുണ്ട്. വിസ്താരഭയത്താൽ അവയെ ഇവിടെ പ്രസ്താവിക്കുന്നില്ല. സ്ത്രീകൾ പൊതുജനകാര്യങ്ങളിൽ പ്രവേശിക്കുന്നതിനെപ്പറ്റി ചിലർ കൊണ്ടുവരുന്ന വിരോധാഭിപ്രായങ്ങളും ഇവിടെ ആലോചനയോഗ്യമാണ്. ഒന്നാമത്തെ വിരോധം പൗരകാര്യങ്ങളിൽ പ്രവേശിച്ചാൽ മാതൃത്വവും ഭാര്യാത്വവും സ്ത്രീകൾക്കു കുറഞ്ഞുപോകുമെന്നാണ്. അവ സ്വീകരിച്ചാൽ തന്നെയും വേണ്ടുംവണ്ണം നിർവഹിക്കയില്ലെന്നാണ് പിന്നത്തെ വാദം. പ്രഥമദൃഷ്ടിയിൽ ഈ ന്യായങ്ങൾക്ക് വളരെ അടിസ്ഥാനമുണ്ടെന്നു തോന്നിപ്പോകും. പക്ഷെ അൽപ്പം ആലോചിച്ചാൽ അവ നിസ്സാരങ്ങളെന്നും കാണാം. ഒരു സമുദായത്തിൽ ജനിച്ച എല്ലാ സ്ത്രീകളും മാതൃത്വത്തെയും ഭാര്യാപദത്തെയും വഹിക്കുന്നില്ല. ചിലർ വിധവകളായി പോകുന്നുണ്ട്. ചിലർ കന്യകകളായിത്തന്നെ ഇരിക്കുന്നു. സമുദായത്തിന്റെ നിലനിൽപ്പിന് എല്ലാ സ്ത്രീകളും ആ പദവികൾ വഹിക്കണമെന്നും ഇല്ല. നാം ഇപ്പോൾ അപരിഷ്കൃതകാലത്തല്ല ജീവിച്ചിരിക്കുന്നത്. അങ്ങനെ ഒരു കാലമായിരുന്നുവെങ്കിൽ ഏതു മാർഗവും പ്രയോഗിച്ച് സമുദായത്തിലെ ജനസംഖ്യ വർധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പക്ഷെ ഈ ഇരുപതാം നൂറ്റാണ്ടിൽ സമുദായത്തിന്റെ എണ്ണമല്ല ഗുണമാണ് ഉൽക്കർഷത്തിന്റെ ലക്ഷണം. മുപ്പതുകോടി ഇന്ത്യക്കാരെ നാലുകോടി ഇംഗ്ലീഷുകാർ കീഴടക്കി ഉള്ളംകൈയിൽ അമർത്തി വച്ചിട്ടില്ലോ? ബലഹീനന്മാരും വിദ്യാഹീനന്മാരും

ആയ അനേകം പ്രജകളെക്കാൾ ബുദ്ധിമാന്മാരും ശക്തന്മാരുമായ അൽപ്പം പേരാണ് നല്ലത്. സ്ത്രീകൾക്ക് പരക്കെ മാതൃത്വത്തിൽ വൈമനസ്യം തോന്നുമെന്ന വിചാരവും അസ്ഥാനത്താണ്. എന്തെന്നാൽ മാതൃത്വത്തിലുള്ള ആഗ്രഹം സ്ത്രീക്ക് പ്രകൃതിദത്തമായിട്ടുള്ളതാകുന്നു. അപൂർവം ചിലർ ആ ആഗ്രഹത്തെ ഒരു സമയം ബലമായി ഒതുക്കിവെച്ചുമെന്ന് വരാം. എന്നാൽ സമുദായത്തിലുള്ള സ്ത്രീകളെല്ലാം അപ്രകാരം ചെയ്യുമെന്നോ അവർക്ക് പ്രകൃതിദത്തമായ ആ സ്വഭാവത്തെ ഒതുക്കുവാൻ കഴിയുമെന്നോ പറയുന്നത് വിഡ്ഢിത്തമത്രേ. പിന്നെ ഗൃഹകൃത്യങ്ങളിൽ നിന്ന് ഒഴിവുള്ള സമയം ഒരു സ്ത്രീക്കു ധാരാളമുണ്ട്. ഇന്ന് പരദൂഷണം കൊണ്ടും തുച്ഛസംഭാഷണം കൊണ്ടുമാണ് ആ സമയം കഴിച്ചുകൂട്ടുന്നത്. അതു പൊതുജനകാര്യങ്ങളിലും സമുദായസേവനത്തിനും ചെലവഴിക്കുന്നതുകൊണ്ട് ഗുണമേ ഉണ്ടാകുവാനുള്ളൂ. ഇതിനും പുറമെ മധ്യവയസ്സിനെ അതിക്രമിച്ചു കഴിഞ്ഞാൽ പിന്നെ മാതൃത്വം വഹിപ്പാൻ സാധിക്കുന്നതല്ല. പുത്രന്മാരും പുത്രിമാരും ഗൃഹകൃത്യം നിറവേറ്റുവാൻ പ്രാപ്തരാകും. ആ കാലം സ്ത്രീകൾ പൊതുകൃത്യങ്ങളിൽ പ്രവേശിക്കുന്നതുകൊണ്ട് അവരുടെ ജീവിതപരിശീലനം പ്രയോജനപ്രദമായിത്തീരുന്നതിനാണ് ഇടയുള്ളത്. ഇവയെല്ലാം പാശ്ചാത്യാദർശനങ്ങളാണെന്നു ധരിച്ച് അവയിൽ നിന്നു നാം പിൻതിരിയരുത്. ആരിൽ നിന്നും നല്ലവ പഠിക്കേണ്ടത് അത്യാവശ്യമാണ്.

## കേരളീയ ഹിന്ദുസ്ത്രീകളോട് ഒരഭ്യർത്ഥന

## വടക്കേച്ചെരുവിൽ പി.കെ.കല്യാണി

(മലയാള മനോരമ 1924 ജൂലൈ 24 )

വൈക്കത്തു നടക്കുന്ന സത്യാഗ്രഹം മനുഷ്യന്റെ പ്രാഥമികാവകാശങ്ങളിലൊന്നായ സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒരു സമരമാണല്ലോ. രണ്ടുമൂന്നു ശതം ജനങ്ങളുടെ ജീവച്ഛക്തിയിൽ ഒരു വലിയ ഭാഗം ഇതിലേക്കു വേണ്ടി ഈ ചുരുങ്ങിയ കാലത്തിനിടയ്ക്ക് ഇവിടെ ചെലവായിരിക്കുന്നു.

പ്രിയ സഹോദരികളെ ഈയവസരത്തിൽ നമ്മുടെ കടമയെന്താണ്? സഞ്ചാരസ്വാതന്ത്ര്യം ആർക്കും ലഭിക്കേണ്ടതല്ലയോ? വഴിനടക്കേണ്ടതു സ്ത്രീകളുടെയും ആവശ്യമാണല്ലോ. സ്ത്രീകളിൽ ഒരു വലിയ ഭാഗത്തിനുള്ള ഈ അസ്വാതന്ത്ര്യം നീക്കിക്കൊടുക്കേണ്ടത് മറ്റുള്ളവരുടെ കടമയല്ലയോ?

ക്ഷേത്രത്തിന്റെ നാലു നടയ്ക്കലും ഒരു പ്രാവശ്യം സത്യാഗ്രഹമനുഷ്ഠിക്കുന്നതിന് പതിനഞ്ചുപേർ ആവശ്യമാണ്. സവർണരിലും അവർണരിലും കൂടിയാണ് പതിനഞ്ച് പേർ ഉണ്ടായിരിക്കേണ്ടത്. കേരളത്തിലെ സവർണ വനിതകൾ ആരും സത്യാഗ്രഹം അനുഷ്ഠിക്കുന്നതിന് ഇതുവരെ മുന്നോട്ടുവന്നിട്ടില്ല. അതുകൊണ്ട് നമുക്ക് എത്രത്തോളം അഭിമാനക്കുറവുണ്ടെന്ന് ഓർക്കുന്നില്ലായിരിക്കാം. ഇപ്പോൾ പടിഞ്ഞാറും വടക്കും ഭാഗങ്ങളിൽ മാത്രമേ ഞങ്ങൾ സത്യാഗ്രഹം അനുഷ്ഠിക്കുന്നുള്ളൂ. പത്തുപേർ കൂടി നാലുഭാഗത്ത് ഒരു പ്രാവശ്യം സ്ത്രീകൾക്കുമാത്രം സത്യാഗ്രഹം അനുഷ്ഠിച്ചു നമ്മുടെ അഭിമാനം രക്ഷിക്കാവുന്നതാണ്. മനുഷ്യരക്തമാണല്ലോ നമ്മുടെ ശരീരത്തിലും ഓടുന്നത്. നമുക്ക് എന്തുകൊണ്ട് ഇറങ്ങിപ്രവർത്തിച്ചുകൂടാ. സത്യാഗ്രഹത്തിനും ധർമത്തിനും വേണ്ടി ത്യാഗം സഹിക്കാൻ ഇടയാകുന്നത് എത്രയോ ഭാഗ്യമാണ്. എത്ര ഉയർന്നവരാണോ ത്യാഗം സഹിക്കാൻ ഇറങ്ങുന്നത്, അത്ര പ്രവൃത്തിക്കു ഫലവുമുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസം കൊണ്ടും മറ്റും നിലയിൽ വിലയും സിദ്ധിച്ച കുറേപ്പേർ ഉടനെ ഈ സംഗതിക്ക് ഇറങ്ങണം.




## സഹവിദ്യാഭ്യാസം

## എൻ. മാലതി

ഇപ്പോൾ പാഠശാലകളിൽ സഹവിദ്യാഭ്യാസരീതിയല്ല അഭ്യസിപ്പിക്കപ്പെട്ടുവരുന്നത്. ബാലികാബാ

ലന്മാർ രണ്ടു വിദ്യാലയം, രണ്ടു മുറി എന്നിവക ളാൽ വളരെ അകന്നാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ സ്വഭാവരൂപീകരണത്തിലും ഇവർക്ക് ഗണ്യമായ ഒരു വ്യത്യാസം കണ്ടുവരുന്നു. ഓരോ വിദ്യാലത്തിലേയും ബഞ്ചുകളിന്മേൽ സ്ഥിതിചെയ്യുന്ന ചെറുപൈതങ്ങളാണ് ഭാവിയിലെ സമുദായാംഗങ്ങൾ. അതിനാൽ ഈ ശിശുക്കളെ പരോപകാരാർത്ഥം ജീവിതം നയിക്കുവാനായി പ്രോത്സാഹിപ്പിക്കേണ്ടത് അധ്യാപികാധ്യാപകന്മാരുടെ എത്രയും ഭാരമേറിയ ഒരു ചമതലയാണ്. സേച്ഛപോലെ രൂപീകരിക്കപ്പെടാവുന്ന ഈ പൈതങ്ങളുടെ ബുദ്ധിയെ ഭാവിലോകത്തിനുതകുന്ന വിധത്തിൽ രൂപീകരിക്കപ്പെടേണ്ടതാണ്. ആ ചുമതലാബോധം സദാ മനസ്സിൽ ജ്വലിപ്പിച്ചു വേണം ഓരോരുത്തരും അധ്യാപകവൃത്തിയിലേർപ്പെടുവാൻ.

ചില പാഠശാലകളിൽ ഇപ്പോൾ ഏറിയ പക്ഷം നാലാം ക്ലാസുവരെ സഹവിദ്യാഭ്യാസം പരിശീലിപ്പിക്കുന്നുണ്ട്. അതിനുശേഷം അവർ തമ്മിൽ സർവകലാശാലാക്ലാസുകളിലോ മറ്റോ മാത്രമേ കണ്ടുമുട്ടുവാൻ ഇടവരുന്നുള്ളൂ. ഈ ചെറു ക്ലാസ്സുകളിൽ ബാലികാബാലന്മാർക്ക് വിദ്യാഭ്യാസം കൊണ്ട് യാതൊരു ഗുണവും സിദ്ധിക്കുന്നില്ല. അൽപ്പം കൂടി ഉയർന്ന ക്ലാസ്സുകളിലാണ് ഈ സഹവിദ്യാഭ്യാസം പരിശീലിക്കുന്നതെങ്കിൽ ആയതുകൊണ്ട് വിലയേറിയ അനവധി ഗുണങ്ങൾ നാം അറിയാതെ തന്നെ ഓരോരുത്തർക്കും സിദ്ധമാകുന്നതാണ്. പെൺകുട്ടികൾക്കാണ് ഇത്തരം വിദ്യാഭ്യാസം കൊണ്ട് കൂടുതൽ ഗുണം കാംക്ഷിക്കേണ്ടത്. എന്തുകൊണ്ടെന്നാൽ അവരിൽ അധികഭാഗവും ജന്മനാ ശാന്തസ്വഭാവവും വിനയവും, ലജ്ജയും ഉള്ളവരായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. സഹവിദ്യാഭ്യാസം കൊണ്ട് ഇത്തരം സ്ത്രീപ്രകൃതിക്ക് ഒരു വലിയ അന്തരം നേരിടുന്നു.

സഹവിദ്യാഭ്യാസം യഥാർത്ഥ സ്ത്രീത്വം നശിപ്പിച്ച് പുരുഷത്വം നേടുവാനുള്ള ഒരു മാർഗമാണെന്ന് ഒരു പക്ഷെ ചിലർ ആക്ഷേപിക്കുമായിരിക്കാം. പരമാർത്ഥം നോക്കുകയാണെങ്കിൽ സ്ത്രീത്വം നശിക്കുന്നില്ലെന്ന് മാത്രമല്ല ഇന്നത്തെ നിലയ്ക്ക് ആവശ്യമായ ചില പുരുഷ ഗുണങ്ങൾ സിദ്ധിക്കുകയും ചെയ്യുന്നു.

സഹവിദ്യാഭ്യാസരീതി അഭ്യസിപ്പിക്കാത്തതുകൊണ്ട് ദുർല്ലഭം ചില ദോഷങ്ങൾ സംഭവിക്കുന്നില്ലെന്നല്ല. ഉപരിപഠനാർത്ഥം വിദ്യാർത്ഥിനികൾ സർവകലാശാലകളിൽ പ്രവേശിക്കുമ്പോൾ അവിടെ സഹവിദ്യാഭ്യാസമാണ് കണ്ടു വരുന്നത്. അതേവരെ ബാല്യലീലകൾക്കടിമപ്പെട്ടു വളർന്നുവന്ന വിദ്യാർത്ഥിനികൾക്ക് പെട്ടെന്ന് പുരുഷസമുദായവുമായി ഇടപെടേണ്ടിവരുന്നു. വെറും കൂപമണ്ഡൂകങ്ങളെപ്പോലെ വർത്തിച്ചിരുന്ന അവരാകട്ടെ, അപ്പോൾ മാത്രമേ ബാഹ്യലോകത്തിൽ കൂടി ചരിക്കുവാൻ തുടങ്ങുന്നുള്ളൂ. സഹപാഠികളായ വിദ്യാർത്ഥികളുടെ മുമ്പിൽ വെച്ച് തങ്ങൾക്ക് മനസ്സിലാകാത്ത ഭാഗങ്ങളെ ചോദിക്കുവാൻ പോലും ഓരോരുത്തരുടെയും സങ്കുചിതമനസ്സ് അവരെ അനുവദിക്കുന്നില്ല. മറ്റുള്ളവരുടെ പരിഹാസത്തിന് പാത്രമായെങ്കിലോ എന്നുള്ള ആശങ്ക ഒന്നു മാത്രമാണ് അവരെ ഇതിൽ നിന്ന് വിരമിപ്പിക്കുന്നത്. ഇതിനും പുറമെ ബാല്യാവസാനത്തോടുകൂടി പുരുഷസമുദായവുമായി ഇടപെടേണ്ടിവരുന്ന വിദ്യാർത്ഥിനികൾക്ക് അവർ അറിയാതെ തന്നെ സ്വഹൃദയങ്ങളിൽ സ്നേഹാനുരാഗങ്ങൾക്ക് സ്ഥലം കൊടുക്കേണ്ടിവരുന്നു. എന്നാൽ മാഹാത്മ്യമേറിയ ഈ പരസ്പരാനുരാഗം ചില ആധുനിക സന്താനങ്ങൾക്കു മാത്രമേ ആജീവനാന്തം നിലനിർത്തിക്കൊണ്ടുവരുവാൻ സാധിക്കുന്നുള്ളൂ. ആയതിനുള്ള മുഖ്യകാരണം അവർ രണ്ടുപേരും ആയരിക്കണമെന്നില്ല; അധികഭാഗവും അവരുട പരിതഃസ്ഥിതികളാണ് ഇതിനു വിഘാതം വരുത്തുന്നത്. പക്ഷേ, ഇത്തരം ദാമ്പത്യജീവിതത്തിനാണ് ലോകത്തിൽ ഭാവി ശ്രേയസ്കരമായിട്ടുള്ളതെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇതുകൊണ്ട് ദമ്പതികൾ മാത്രമല്ല അവരിൽ നിന്നുണ്ടാകുന്ന സന്താനങ്ങളും യഥാർത്ഥസൗന്ദര്യം കൊണ്ട് പ്രശോഭിക്കുന്നവരായിരിക്കും.

## സ്ത്രീ സ്വാതന്ത്ര്യം
## കെ. മേരി തോമസ്

മനുഷ്യരെല്ലാം സ്ത്രീപുരുഷഭേദമെന്യെ സമസൃഷ്ടികളാണ്. ഈ തത്വം എല്ലാവരും സമ്മതിക്കുന്നുണ്ട്. പക്ഷെ, പുരുഷന്മാരിൽ ഒരു വലിയ വിഭാഗം ഈ വസ്തുത ബോധ്യപ്പെട്ടിട്ടും സ്വാർത്ഥം ഹേതുവായി സ്ത്രീകൾക്കും സമത്വവും സ്വാതന്ത്ര്യവും അനുവദിക്കുന്നതിൽ വിമുകന്മാരായിട്ടാണ് കാണപ്പെടുക. ലോകത്തിൽ എവിടെ നോക്കിയാലും സ്ത്രീകളുടെ പുരോഗതിയിൽ, അസൂയാഭരിതരായും, ശങ്കാധീനരായും സംവീക്ഷണം ചെയ്തുകൊണ്ടിരിക്കുന്ന പുരുഷന്മാരെ കാണാം. ഇത്രയും പറഞ്ഞതുകൊണ്ട് പുരുഷന്മാരെല്ലാം സ്വാർത്ഥതത്പരന്മാരാണെന്നോ, സ്ത്രീകളുടെ സ്വാതന്ത്ര്യശ്രമത്തിൽ അസൂയാലുക്കളാണെന്നോ അർത്ഥമാക്കരുത്. സ്ത്രീകളുടെ സ്വാതന്ത്ര്യപ്രാപ്തിക്കായി സഹർഷം പ്രയത്നിക്കുന്ന പുരുഷന്മാർ ഏതു രാജ്യത്തും ഉണ്ട്.

പുരുഷനും സ്ത്രീയും തമ്മിൽ പല വ്യത്യാസങ്ങൾ ഉണ്ടെന്നുള്ളത് സമ്മതിക്കുക തന്നെ വേണം. ഈ വ്യത്യാസം പാരമ്പര്യമായി പിൻതുടർന്നു വരുന്ന വൃത്തിഭേദം കൊണ്ടും, ജീവിതതസമ്പ്രദായം കൊണ്ടും ഉണ്ടായിട്ടുള്ളതാണെന്ന് നിസ്സംശയം അഭിപ്രായപ്പെടാം. സ്ത്രീഗൃഹകാര്യങ്ങളിൽ

തന്നെ സദാ വ്യാപൃതയായിരിക്കുന്നതിനാൽ അവൾക്കു പുറമെയുള്ളു കാര്യങ്ങളിൽ ദൃഷ്ടി പതിക്കുന്നതിനോ ലോകസമരത്തിൽ നേരിട്ടു പ്രവേശിക്കുന്നതിനോ സമയവും സൗകര്യവും ലഭിക്കുന്നില്ല. പുരുഷനാകട്ടെ ഇങ്ങനെയുള്ള യാതൊരു പ്രതിബന്ധവും ഉണ്ടാകുന്നില്ല. തന്നിമിത്തം പുരുഷൻ ലോക രണാങ്കണത്തിൽ നിർഭയനായി ഇറങ്ങി പോരാടി ഓരോ ബിരുദം സമ്പാദിച്ചുവരുന്നു. സ്ത്രീകൾക്കും ഇതു വയ്യാത്തതാണെന്നു പറയുവാൻ ആരാണ് ധൈര്യപ്പെടുന്നത്. പക്ഷേ, അവൾക്ക് അതിനു സൗകര്യമോ ആവശ്യമോ ഉണ്ടാകുന്നില്ലെന്നു മാത്രമേയുള്ളൂ. എങ്കിലും വളരെ ചുരുക്കം സ്ത്രീകൾ പുരുഷന്മാരെപ്പോലെ ഏതിനും എന്തിനും സമർത്ഥകളായി തീർന്നിട്ടുള്ളതായി നാം അറിയുന്നുണ്ട്.

പഞ്ജരസ്ഥയായ ഒരു പൈങ്കിളിയാണ് സ്ത്രീയെന്നത്രെ പുരുഷന്റെ ധാരണ. ആ കിളി കൂട്ടിൽ കിടന്നു മനോഹരമായി പാടി ഗൃഹനാഥനെ സന്തോഷിപ്പിക്കുന്നതുപോലെ സ്ത്രീയും ഗൃഹവൃത്തികൾക്കകമെ മാത്രം വസിച്ചുകൊണ്ട് ഗൃഹത്തിനും ഗൃഹനാഥനും ആനന്ദം വളർത്തുകയാണ് വേണ്ടതെന്ന് പലരും ഘോഷിക്കുന്നു. ഇവർ ഇങ്ങനെ അഭിപ്രായപ്പെടുന്നത്. സ്ത്രീകളുടെ മനഃസ്ഥിതി അറിയാതെയാണ്, അതിനാൽ ഞാൻ അവരെ കുറ്റപ്പെടുത്തുവാൻ തയ്യാറാകുന്നില്ല. ഒരു പുരുഷൻ എത്ര വിദ്യാഭ്യാസമുള്ളവനായാലും സ്ത്രീയുടെ മനഃസ്ഥിതി അറിയുവാൻ വിദഗ്ദ്ധനായി തീരുന്നില്ല. ഒരു സ്ത്രീയുടെ മനസ്സിന്റെ യഥാർത്ഥ സ്ഥിതിയും ഗതിയും ഒരു സ്ത്രീക്കു മാത്രമേ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. സ്ത്രീകൾ തങ്ങളുടെ സന്തോഷത്തിനും സൗഭാഗ്യത്തിനുമുള്ള കളിപ്പണ്ടങ്ങളാണെന്ന് കരുതുന്ന പുരുഷന്മാരെ നോക്കി സ്ത്രീകൾ മന്ദഹാസം തൂവുകയാണ് ചെയ്യുന്നത്. അവരുടെ അജ്ഞതയിൽ സ്ത്രീകൾ വളരെ പരിതപിക്കുക തന്നെ ചെയ്യും.

സ്ത്രീ ആവശ്യപ്പെടുന്നത് പഞ്ജരസ്ഥയായ പൈങ്കിളിയുടെ നിലയല്ല. സമത്വവും സ്വാതന്ത്ര്യവുമാണ്. ഈ രണ്ട് അവസ്ഥകളും ലഭ്യമായാൽ സ്ത്രീകളെക്കൊണ്ട് ലോകത്തിനുള്ള ഗുണവും പ്രയോജനവും വർധിക്കും. ലോകത്തിന്റെ സ്ഥിതിഗതികൾ ആകപ്പാടെ മാറും. ഒരു നവയുഗം തന്ന സംപ്രാപ്തമാകുന്നത് കാണാം. ഒരു ശകടത്തിനു രണ്ടു ചക്രമാണാവശ്യം. ഇതിൽ ഒരു ചക്രം മാത്രം ഭ്രമണം ചെയ്താൽ ശകടം മുമ്പോട്ട് ഒരടി പോലും ഗമിക്കുന്നതല്ലാ. ഇതുപോലെയാണ് ഇന്ന് ലോകത്തിന്റെ ഗതി. ലോകമഹാശകടത്തിന്റെ രണ്ടു ചക്രങ്ങൾ, സ്ത്രീയും പുരുഷനുമാണ് ഇവർ ഒന്നിച്ചു മുന്നേറിയാൽ മാത്രമേ ലോകവും പുരോഗമനം ചെയ്യുകയുള്ളൂ. ഇപ്പോൾ ലോകശകടം മുന്നോട്ടു കൊണ്ടുപോകുവാൻ പുരുഷന്മാർ തന്നെ വലിക്കുകയാണ്. അവൻ എത്ര വലിച്ചാലും ആ മഹാശകടം അത്രമാത്രം മുമ്പോട്ടു മാറുന്നതല്ല. അവൻ തന്റെ അർധാംഗമായ സ്ത്രീയെക്കൂടി വിളിക്കട്ടെ. സ്ത്രീയുടെ സഹായം അഭ്യർത്ഥിക്കട്ടെ. അപ്പോൾ കാണാം അതു മുമ്പോട്ട് അതിശീഘ്രം പറയുന്നത്.

പുരുഷന്മാർക്ക് സാധിക്കുന്നതെല്ലാം സ്ത്രീകൾക്കും കഴിയും. ഒരു കാര്യത്തിലെങ്കിലും സ്ത്രീയെ തോൽപ്പിക്കുവാൻ പുരുഷനു കഴിഞ്ഞിട്ടില്ല. സാഹിത്യത്തിലായാലും സമരാങ്കണത്തിലായാലും സ്ത്രീ ശോഭിക്കും. ഇക്കഴിഞ്ഞ മഹായുദ്ധം സ്ത്രീശക്തിയുടെ യഥാർത്ഥരൂപം ലോകത്തിനു കാണിച്ചു കൊടുത്തിരിക്കുന്നു. അതിനോടു കൂടി സ്ത്രീകളെല്ലാം അബലകളാണെന്നു പണ്ടത്തെപ്പോലെ ഉദ്ഘോഷിക്കുവാനുള്ള ധൈര്യം പുരുഷന്മാർക്ക് ഇല്ലാതെയായിട്ടുണ്ട്. ഈയവസരത്തിൽ സ്ത്രീകൾ പുരോഗതിക്കായി ശ്രമിച്ചാൽ പുരുഷന്മാർ പഴയ പടി അതിനെ തടസ്സപ്പെടുത്തുവാൻ ഒരുമ്പെടുന്നതല്ല. എന്റെ സഹോദരിമാർ ഈ സുവർണാവസരം നഷ്ടപ്പെടുത്തുകയില്ലെന്നു വിശ്വസിക്കുന്നു. നമുക്ക് ഒരു കയ്യായി നിന്നു മുമ്പോട്ടു പ്രയാണം ചെയ്യാം. നമ്മുടെ അവകാശസ്വാതന്ത്ര്യസ്ഥാപനാർത്ഥം പോരാടേണ്ടവർ നാം തന്നെ. ന്യായമായ കാര്യങ്ങൾക്കായി പോർ നടത്തുന്നതിനു നാം പുരുഷന്മാരെ ഭയപ്പെട്ടിട്ട് ആവശ്യമില്ല, അതിന് കാര്യവുമില്ല.

## സ്ത്രീകൾ ഇനിയും ഉണരുകയില്ലേ?

(എഡിറ്റോറിയൽ ,"വനിതാകുസുമം '1927)

24ാമത് ശ്രീമൂലം പ്രജാസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പും നോമിനേഷനും കഴിഞ്ഞിരിക്കുന്നു. ഇതിൽ ഒരു ഒറ്റ സ്ത്രീമെമ്പറിനെയെങ്കിലും നിയമിക്കുവാൻ തിരുവിതാംകൂർ ഗവൺമെന്റിനു സന്മനസ്സുണ്ടായില്ല. രാജ്യത്തെ ജനസംഖ്യയിൽ ഭൂരിപക്ഷക്കാരായ സ്ത്രീകളിൽ നിന്നു ഒരു മെമ്പറിനെയെങ്കിലും ഇത്തവണ നിയമിക്കുവാൻ സന്നദ്ധത പ്രദർശിപ്പിക്കാത്തതിൽ ഞങ്ങൾ ഗവൺമെന്റിനെക്കാൾ അധികം സ്ത്രീജനങ്ങളെയാണ് കുറ്റപ്പെടുത്തുന്നത്. തങ്ങളുടെ ന്യായമായ അവകാശങ്ങളെ ധൈര്യസമേതം പോരാടി കണക്കുപറഞ്ഞു വാങ്ങേണ്ട ചുമതല സ്ത്രീകൾക്കാണുള്ളത്. യാഥാസ്ഥിതികമനഃസ്ഥിതി എല്ലാ കാര്യത്തിലും പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റ് നീതിധർമത്തെയും കാലസ്ഥിതിയേയും പരിഗണിച്ചു തങ്ങളുടെ അവകാശാധികാരങ്ങൾ വകവെച്ചുതരുമെന്നു സ്ത്രീകൾ സമാധാനിച്ചു അടങ്ങിപ്പാർക്കുന്നതിൽപരം ഭോഷത്വം മറ്റൊന്നില്ല. എല്ലാ രാജ്യങ്ങളിലും സ്ത്രീകൾ അവരുടെ സ്വാതന്ത്ര്യത്തെ


യും, അവകാശങ്ങളെയും സമ്പാദിച്ചിട്ടുള്ളത് പ്രക്ഷോഭം കൊണ്ടുമാത്രമാണ്. "കരയും പിള്ളയ്ക്കു മാത്രമേ പാലുള്ളൂ'' എന്ന് ഈ പ്രക്ഷോഭം കൊണ്ട് സുവിദിതമായിട്ടുമുണ്ട്. ഇതരരാജ്യങ്ങളിൽ നിന്നു തിരുവിതാംകൂർ ഒന്നുകൊണ്ടും വ്യത്യസ്തമല്ല. ഇവിടെയും കുറെ പോരാടാതെ മഹിളാജനങ്ങൾക്കു തങ്ങളുടെ പൗരാവകാശത്തെയും രാഷ്ട്രീയ സ്വാതന്ത്ര്യത്തെയും കൈക്കലാക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. തിരുവിതാംകൂറിന്റെ ആധുനിക സ്ഥിതിഗതികളെ സൂക്ഷ്മനിരീക്ഷണം ചെയ്തതിന്റെ ഫലമായി ഉണ്ടായിട്ടുള്ള ഒരു അഭിപ്രായം മാത്രമാണിത്. ഇവിടത്തെ നിയമസഭയിൽ ഒരു സ്ത്രീമെമ്പറിനെ ഉദ്യോഗസ്ഥയെങ്കിലും നിയമിച്ചതോടു കൂടി വനിതാലോകത്തിന്റെ രാഷ്ട്രീയസ്വാതന്ത്ര്യ പ്രതിഷ്ഠാപനം പൂർത്തിയായി എന്ന് പലരും വിചാരിച്ചിരിക്കണം. എന്നാൽ അത് അബദ്ധമായി എന്ന് ഇക്കൂട്ടരും സമ്മതിക്കാതിരിക്കുന്നതല്ല. രാജ്യസേവനാവകാശം പുരുഷന്മാർക്കായിട്ടു മാത്രമുള്ളതല്ല. അതിനു സ്ത്രീകൾക്കും അവകാശവും സ്വാതന്ത്ര്യവുമുണ്ട്. പാശ്ചാത്യവനിതകൾ അത് പ്രത്യക്ഷപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അവരെ അനുകരിച്ചു പൗരസ്ത്യമഹിളാലോകവും ഈ അവകാശത്തിനായി പ്രയത്നം തുടങ്ങുകയും അതിന്റെ ഫലം അൽപ്പാൽപ്പമായി ആസ്വദിക്കുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ, സ്ത്രീ വിദ്യാഭ്യാസ വിഷയത്തിൽ എത്രയും ഉൽക്കൃഷ്ടമായ സ്ഥാനത്തിൽ പരിലസിക്കുന്നു. വിദ്യാവിശാരദകളായ സ്ത്രീകളുടെ സംഖ്യ ഇവിടെ ഒട്ടും കുറവല്ല. സമുദായനേതൃത്വത്തെ, രാഷ്ട്രീയമേധാവിത്വത്തെ വഹിക്കുന്നതിനു ശേഷിയും ശേമുഷിയുമുള്ള പുത്രിമാരുടെ മാതൃപദവിക്ക് വഞ്ചിമാതാവ് അർഹയായിട്ടാണ് പരിലസിക്കുന്നത്. ഈ സ്ഥിതിക്കു പ്രജാസഭ, നിയമസഭ, നഗരസഭകൾ, പഞ്ചായത്തുസ്ഥാപനങ്ങൾ എന്നിവയിലെല്ലാം പ്രവേശിക്കുവാനും പൊതുസേവനം നടത്തുവാനും യോഗ്യതയും സാമർത്ഥ്യവുമുള്ള യോഷാരത്നങ്ങൾ ഇവിടെ അപൂർവമല്ലെന്നു നിശ്ചയമായും പറയാം. പക്ഷേ, ഈ വസ്തുത സമ്മതിക്കുവാനോ സമ്മതിച്ചാലും തദനുസരണം പ്രവർത്തിക്കുവാനോ ഗവൺമെന്റ് തയ്യാറാകുന്നില്ല എന്നു പറഞ്ഞാൽ മതിയല്ലോ. ഓരോ സമുദായക്കാരും തങ്ങളുടെ എണ്ണം കാണിച്ചു സർക്കാർ സർവീസിലും പൊതു സമിതികളിലും പ്രാതിനിധ്യം ആവശ്യപ്പെടുകയും ഗവൺമെന്റ് അതിനെ സശിരകമ്പം സമ്മതിച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അതേ ന്യായം തന്നെ ചൂണ്ടിക്കാണിക്കുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം ആ പ്രാതിനിധ്യനയം അംഗീകരിക്കുവാൻ ഗവൺമെന്ററിന് ഒരുക്കമുള്ളതായി കാണപ്പെടുന്നില്ല. ഈ അവസരത്തിൽ തിരുവിതാംകൂറിലെ സ്ത്രീജനങ്ങളോടു ഞങ്ങൾക്ക് ഉപദേശിക്കുവാനുള്ളത് ഇത്രമാത്രമാണ്. നിങ്ങൾ ആലസ്യനിദ്രയിൽ ഇനിയും കാലം കഴിച്ചുകൂട്ടരുത്. കണ്ണുതുറന്നു ലോകത്തിന്റെ യഥാർത്ഥ സ്ഥിതിഗതികൾ നിരീക്ഷണം ചെയ്ത് നിങ്ങളുടെ ആവശ്യങ്ങളും അവകാശങ്ങളും എന്തെല്ലാമെന്നു മനസ്സിലാക്കുകയും അവയെ സമാർജിക്കുവാൻ ഒത്തു പരിശ്രമിക്കുകയും ചെയ്യുവിൻ. മറ്റുള്ളവർ നിങ്ങൾക്കുവേണ്ടി വാദിച്ചു നിങ്ങളുടെ വീതം വാങ്ങിത്തരുമെന്ന് സ്വപ്നേപി വിചാരിക്കേണ്ട. ലോകത്തിൽ ഒരിടത്തും അങ്ങനെ സംഭവിച്ചിട്ടുള്ളതായി ചരിത്രഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നില്ല. അതിനാൽ നിങ്ങൾ ഉണർന്നു രാഷ്ട്രീയസ്വാതന്ത്ര്യത്തിനായി പോരാടുവിൻ.

ഉൽപ്പതിഷ്ണുക്കളായ പുരുഷന്മാരുടെ അനുഭാവവും ആനുകൂല്യവും ഇതിൽ നിങ്ങൾക്ക് നിശ്ചയമായും ഉണ്ടാകും. ഇത്തവണത്തെ പ്രജാസഭയിൽ നിങ്ങൾക്ക് യാതൊരു സ്ഥാനവുമില്ലാതായി. വരുന്ന നിയമസഭയിലും ഈ അനുഭവം തന്നെ ഉണ്ടാകാതിരിക്കണമെങ്കിൽ അതിനായിട്ടുള്ള ശ്രമങ്ങൾ ഇപ്പോൾ ത്നെ ആരംഭിക്കേണ്ടതാണ്.

## സ്ത്രീസ്വാതന്ത്ര്യത്തെപ്പറ്റി
## അന്നാ ചാണ്ടി

(സഹോദരൻ വിശേഷാൽ പ്രതി. 1929,133–46)

ഈ കേസിൽ പ്രധാനമായി ഞങ്ങൾക്ക് വാദിക്കുവാനുള്ളത് ഈ അന്യായത്തിന് അശേഷം ഉത്തമവിശ്വാസം ഇല്ലെന്നുള്ളതാണ്. ഇത് ഇപ്പോൾ സ്ത്രീജനങ്ങൾക്കനുകൂലമായി ഉണ്ടായ അധികൃതമനസ്ഥിതിയെ നശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ളതും ന്യായത്തിനും നീതിക്കും ചേരാത്തതുമാണ്. കൂടാതെ ഈ അന്യായത്തിന് കാലഹരണദോഷം ഉണ്ടെന്നാണ് ഞങ്ങൾക്കുള്ള വേറൊരു ആക്ഷേപം. സുദീർഘമായ അന്യായത്തിൽ നിന്ന് സ്ത്രീകൾ പുരുഷന്മാ



രുടെ ഗൃഹജീവിതസുഖത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഒരു കൂട്ടം ജീവികളാണെന്നും പരിശുദ്ധമായ അടുക്കളമന്ദിരങ്ങൾക്ക് വെളിയിലുള്ള അവരുടെ ജീവിതം കുടുംബക്ഷേമത്തിന് ഹാനികരമാണെന്നും അതിനാൽ അവരുടെ ഉദ്യോഗസംരംഭങ്ങൾ എല്ലാം നാശഹേതുകമാണെന്നും കണ്ട് അതിനെ നിരോധിക്കണമെന്നുമാണ് അന്യായക്കാരന്റെ അത്യാവശ്യമെന്നു കാണാൻ കഴിയും.

"സ്ത്രീകൾക്ക് വിദ്യാഭ്യാസം അത്യാവശ്യമാണ്. യോഗ്യതയുള്ളവർക്കും ഉദ്യോഗങ്ങളിലും തൊഴിലുകളിലും പ്രവേശിക്കുവാൻ സൗകര്യം ഉണ്ടാകണം" എന്ന് അന്യായക്കാരൻ തന്നെ പൂർവാപരവിരുദ്ധമായി സമ്മതിക്കുന്നു. പഞ്ജരസ്ഥരായ പൈങ്കിളികളെപ്പോലെ ഗൃഹാന്തർഭാഗങ്ങളിൽ ജീവിതം കഴിച്ചുവന്നിരുന്ന സാധുസ്ത്രീകളെ അന്യായത്തിൽ വർണിച്ചിരിക്കുന്ന മാതിരി പൗരസ്ത്യവിദ്യാഭ്യാസപരമായ ഒരു ശീലാവതിത്വത്തിന്റെ പാടെ നശിപ്പിക്കുന്ന പാശ്ചാത്യവിദ്യാഭ്യാസത്തിനായി ഫീസ് സൗജന്യം ചെയ്യുകയും ഒരു സ്ത്രീ ബി എ പാസ്സായാൽ ഉടൻ നൂറുരൂപാ ശമ്പളത്തിൽ സർക്കാർ ഉദ്യോഗത്തിന് ആക്കുകയും ചെയ്തിരുന്ന കാലത്ത് ഈ പരിഷ്കാരവാദികൾ എവിടെയായിരുന്നു എന്നാണ് ഞങ്ങൾക്ക് ആദ്യമായി ചോദിക്കാനുള്ളത്. സ്ത്രീകളുടെ ഉന്നതവിദ്യാഭ്യാസത്തിന്റെ ആവശ്യഫലമാണ് ഇപ്പോഴത്തെ അവരുടെ തൊഴിലില്ലായ്മയും ഉദ്യോഗഭ്രമവും. വീട്ടിലിരിക്കേണ്ടവർ സ്ത്രീകളാണെന്ന് സ്ഥാപിക്കുന്നതിന് വലിയ വ്യവഹാരം വേണ്ടെന്നു പ്രസംഗകർത്താവുതന്നെ വിധിച്ചിട്ടുണ്ട്. സ്ത്രീധർമത്തെ പുകഴ്ത്തുന്നതിന് അദ്ദേഹം ശകുന്തളയുടെ ഉപന്യാസം മുതൽ ശങ്കരാചാര്യരുടെ വേദാന്തവ്യവഹാരം വരെ ഉദ്ധരിച്ചിട്ടും ഉണ്ട്. എന്നാൽ ഈ ധർമത്തിന് അശേഷം ചേരാത്ത വിധത്തിലുള്ളതും പൗരസ്ത്യാ ദർശനഹ്ങളെ നശിപ്പിക്കുന്നതുമായ ഒരു വിദ്യാഭ്യാസ സരണിയിൽ കൂടി കണ്ണുമടച്ചുകൊണ്ട് എന്തിന് വിദ്യാർത്ഥിനികളെ അടിച്ചുവിട്ടു.

കേരളത്തിൽ സ്ത്രീ അടിമയല്ലാ എന്ന് എങ്ങിനെ പറയും? കേരളത്തിൽ അധിവസിക്കുന്ന വിവിധ ജാതിമതസ്ഥരിൽ സ്ത്രീകളുടെ നില പല വിധത്തിൽ ആണ്. വൃഷലിയും വട്ടക്കുടയും ഓട്ടുവളകളും അന്തർഗൃഹങ്ങളുമായിക്കഴിയുന്ന അന്തർജനങ്ങൾ, തൊണ്ടക്ക് മുഴയില്ലാത്തതിനാൽ ആത്മാവില്ലാത്ത കൂട്ടമെന്ന് അപഹസിക്കപ്പെട്ട് ഗോഷാവലയത്തിൽ നിത്യനരകമനുഭവിക്കുന്ന മുഹമ്മദീയ സഹോദരികൾ, മണ്ണുവാരിക്കളിക്കുന്ന ഇളം പ്രായത്തിൽ വിവാഹബന്ധത്തിൽപ്പെട്ടു താരുണ്യത്തിൽ പ്രവേശിച്ചു യൗവനത്തിൽ കാലൂന്നുമ്പോഴേക്കും വൈധവ്യം സംഭവിച്ചു മൊട്ടച്ചികളായി ജീവിതത്തെ പഴിച്ചു കഴിയുന്ന ബ്രാഹ്മണ ബാലികമാർ, സ്ത്രീധനമേർപ്പാടിന്റെ കാർക്കശ്യത്താൽ ആജീവനാന്തം ശപിക്കപ്പെട്ടവരായി കഴിയുന്ന ക്രിസ്തീയ വനിതകൾ, ഇവരൊക്കെ കേരളത്തിൽ അധിവസിക്കുന്ന അടിമകൾ തന്നെ. ഇനിയും മരുമക്കത്തായ കുടുംബങ്ങളിലെ ഗൃഹചക്രവർത്തിനികളുടെ കാര്യവും ഒന്നു പരിശോധിക്കാം. രാഷ്ട്രീയപരിവർത്തനങ്ങളുടെയോ, സാമൂഹ്യവിപ്ലവത്തിന്റെയോ അനന്തരഫലമായി യാദൃച്ഛികമായി ഉണ്ടായ സമുദായ സ്ഥിതി എന്നല്ലാതെ മരുമക്കത്തായം സ്ത്രീസ്വാതന്ത്ര്യക്കൊടിയാണെന്ന് പറയുന്നതിൽ വലിയ അർത്ഥമൊന്നുമില്ലെന്ന് അനുഭവസ്ഥർക്ക് അറിയാം. വിവാഹവിഷയത്തിൽ എന്ത് സ്വാതന്ത്ര്യമാണ് ഈ സാധു സഹോദരികൾ അനുഭവിച്ചിരുന്നത്. അമ്മാവന്റെയോ സഹോദരന്റെയോ ദുരാഗ്രഹത്തിന്റെ ഫലമായി ആലോചിച്ചുറച്ച വിവാഹത്തിൽ "Yours is not to reason why, yours is to do and die" എന്നുള്ള സുഗ്രീവാജ്ഞക്കധീനരായി ദുരന്തജീവിതം അനുഭവിക്കുന്ന സഹോദരികൾ ഇല്ലെന്നാണോ പ്രസംഗകർത്താവ് വാദിക്കുന്നത്. വസ്തുവകകൾ സ്ത്രീകളുടെ സന്താനങ്ങൾക്കു മാത്രമേ ഉള്ളൂ എന്നഭിമാനിക്കുന്ന സ്ത്രീകൾ എന്തു സ്വാതന്ത്ര്യമാണ് യഥാർത്ഥത്തിൽ അനുഭവിച്ചിരുന്നത്. അമ്മാവനോ, സഹോദരനോ ഒപ്പുവെക്കുവാൻ പറയുന്നിടത്ത് ഒപ്പുവെച്ച് സ്വത്തനുഭവിക്കുന്ന ഏർപ്പാടാണ് സാധാരണ കണ്ടുവരുന്നത്. ഏതായാലും ഈ ദായക്രമം കാലോചിതമല്ലെന്ന് കണ്ട് സമുദായാഭിമാനികൾ മാറ്റിവച്ചിരിക്കുന്ന സ്ഥിതിക്കു മരുമക്കത്തായ ക്രമത്തെ സ്ത്രീസ്വാതന്ത്ര്യത്തിന്റെ അഭിമാനസ്തംഭമാക്കാൻ ഒന്നുമില്ല. നായർ സുദായത്തിലെ സ്ത്രീകൾക്ക് അവശ്യം വേണ്ട സ്വാതന്ത്ര്യം ലഭിച്ചിട്ടില്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം. അഥവാ എന്റെ അഭിപ്രായത്തിനു വിലയില്ലെന്നു വന്നാൽ ഞങ്ങളുടെ ഭാഗം സാക്ഷിയായി സുപ്രസിദ്ധ സമുദായനേതാവായ ശ്രീമാൻ മന്നത്തുപദ്മനാഭപിള്ളയെത്തന്നെ ഞങ്ങൾക്കു വിസ്തരിക്കണം. സ്വാതന്ത്ര്യം അനുഭവിക്കുന്നതായി പ്രബന്ധകർത്താവ് ചിത്രീകരിച്ചിരിക്കുന്ന മരുമക്കത്തായ കുടുംബത്തിലെ സ്ത്രീകൾക്ക് അത്യാവശ്യമായ സമുദായോദ്ധാരണ ശ്രമങ്ങളിൽ പങ്കുകൊള്ളുവാൻ യഥേഷ്ടം സാധിച്ചിട്ടുണ്ടോ എന്ന് അദ്ദേഹം സത്യത്തിന്മേൽ മൊഴി കൊടുക്കട്ടെ. ഈയിടെ ഗാന്ധിജിയുടെ ജന്മദിനം ആഘോഷിച്ച ഒരു ഗ്രാമപ്രദേശത്തുവച്ച് എനിക്ക് മരുമക്കത്തായ കുടുംബത്തിലെ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെപ്പറ്റി സ്വൽപ്പം ഒരറിവുണ്ടായി. സ്ത്രീകളോട് രണ്ടുവാക്ക് സംസാരിക്കുവാനായി യോഗം ഭാരവാഹികളുടെ അനുപേക്ഷണീയമായ നിർബന്ധംമൂലം ഇറങ്ങിപ്പുറപ്പെട്ട എനിക്ക് ആ വിശാലമായ ഹാളിൽ ഒറ്റ പെൺകുഞ്ഞിനെപ്പോലും കാണാനിടയായില്ല. കാര്യം അന്വേഷിച്ചപ്പോൾ ഉത്സവത്തിനും മറ്റും പോകുമെങ്കിലും ആ സ്ഥലത്തു

ള്ള സ്ത്രീകളെ പൊതുയോഗങ്ങളിൽ ഹാജരാകാൻ പുരുഷന്മാർ സമ്മതിച്ചു തുടങ്ങിയിട്ടില്ലെന്ന് അറിഞ്ഞു. സ്ത്രീകളുടെ സ്വാതന്ത്ര്യചരിത്രം ഈ വിധത്തിൽ ഇരിക്കുമ്പോൾ അവരെ ഗൃഹസാമ്രാജ്യചക്രവർത്തിനികൾ എന്നോ, ആരാധ്യദേവതമാരെന്നോ നാമകരണം ചെയ്യുന്നതിൽ യാതൊരർത്ഥവുമില്ല. ഉത്സവത്തിനു ഹാജരായി തിക്കും തിരക്കും അനുഭവിക്കുന്ന ഈ ചക്രവർത്തിനിമാർക്ക് ആവക അസുഖങ്ങളൊന്നും ഉണ്ടാവാനിടയില്ലാത്ത പരസ്യയോഗങ്ങളിൽ സംബന്ധിക്കുന്നതിനു സ്വാതന്ത്ര്യമില്ലെന്നു വെച്ചാൽ ഈ ചക്രവർത്തിനിപദവി കൊണ്ടുള്ള പ്രയോജനമെന്ത്? സ്ത്രീകളെ ദേവന്മാരെപ്പോലെ പൂജിക്കുന്നു എന്നും ഭാരതപിതാവിനെയല്ല ഭാരതമാതാവിനെയത്രെ എല്ലാവരും ആരാധിക്കാറുള്ളത് എന്നും പ്രസംഗകർത്താവ് പ്രശംസിച്ചിരിക്കുന്നു. സ്ത്രീകൾ ദേവിയായി ആരാധിക്കപ്പെടാതെ വെറും മനുഷ്യജീവികൾ എന്ന നിലയിൽ മാത്രം കരുതപ്പെട്ടാൽ മതിയാകും എന്നാണ് എന്റെ ആഗ്രഹം. ദേവിയായി ആരാധിച്ചു സ്ത്രീയെ അബദ്ധത്തിൽ അധഃപതിച്ചിട്ടു പുരുഷൻ എന്താണ് ചെയ്യുക? സാധുസ്ത്രീയെ ദുരന്തദുരിതത്തിൽ തള്ളിയും വെച്ച് സമർത്ഥരായ പുരുഷന്മാർ പുരുഷനിർമിതമായ സമുദായനീതിയിൽ അഭയം പ്രാപിക്കുന്നു. അസാന്മാർഗികാചാരത്തിൽ പെട്ടാൽ സ്ത്രീ നിത്യനരകത്തിലും പുരുഷൻ പരിശുദ്ധനിലയത്തിലുമിരിക്കുന്നു. ഇതാണ് ദേവിയായി ആരോധിക്കപ്പെട്ടാലുള്ള വൈഷമ്യം.

"അത്യാവശ്യമായ പരിഷ്കാരം" പ്രബന്ധത്തിന്റെ രത്നച്ചുരുക്കം വിവാഹിതകൾക്കു സർക്കാർ ഉദ്യോഗം കൊടുക്കരുതെന്നും ഉദ്യോഗം വേണമെങ്കിൽ സ്ത്രീകൾ അവിവാഹിതകളായി ഇരിക്കണമെന്നും ആണല്ലോ. ഈ ഒരു അപ്രമേയചിന്താശകലം സ്ഥാപിച്ചിരിക്കുന്നത് പല കാരണങ്ങൾ കൊണ്ടാണ്. അവയെ ഓരോന്നായി പരിശോധിക്കാം.

1. സ്ത്രീ കഷ്ടപ്പെട്ടു സമ്പാദിച്ചു കൊണ്ടുവന്ന ആദായം സ്വീകരിക്കുവാൻ അഭിമാനമുള്ള പുരുഷന് സാധിക്കയില്ലെന്നുള്ളതാണ് ഒരു കാരണം. എത്ര അഹങ്കാരദ്യോതകമായ ഒരു അസമത്വചിന്തയാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്നത്. അഭിമാനം പുരുഷന്മാർക്ക് മാത്രമേയുള്ളൂ പോലും. പുരുഷന്റെ സുഖദുഃഖങ്ങളിൽ പങ്കുകാരിയായിരിക്കേണ്ട ഭാര്യ ചിലപ്പോൾ മേലുദ്യോഗസ്ഥന്റെ കാരുണ്യലേശമില്ലാത്ത ദുഷ്പ്രവൃത്തിയിൽ ഹൃദയം നീറിയും ചിലപ്പോൽ ദേഹസുഖമില്ലാതെയും ഭർത്താവ് കഷ്ടപ്പെട്ടു സമ്പാദിച്ചുകൊണ്ടുവരുന്നതിനെ മാനമറ്റ മനുഷ്യകീടംപോലെ അടുക്കളയിൽ ഇരുന്ന് തിന്നു മുടിക്കമമെന്നാണോ പറയുന്നത്. ആവശ്യത്തിനുള്ള അഭിമാനം രണ്ടുകൂട്ടർക്കും വേണം. അങ്ങനെയായാൽ ആർക്കും അഭിമാനഹാനിയുണ്ടാകുകയില്ലല്ലോ.

2. വിവാഹിതകൾക്കു ഉദ്യോഗം പാടില്ലെന്നുള്ള ഈ കലിയുഗ "മനുസ്മൃതി" ക്കുള്ള വേറൊരു ന്യായം ഉദ്യോഗസ്ഥരായ സ്ത്രീപുരുഷന്മാർ വൈകീട്ടു വീട്ടിൽ വരുമ്പോൾ ക്ഷീണവും പ്രക്ഷീണവുമായ രണ്ടു വ്യക്തികളുടെ സമാഗമം കൊണ്ടുള്ള അസുഖം അവർ അനുഭവിക്കേണ്ടിവരും എന്നുള്ളതാണ്. ഈ അഭിപ്രായം എത്രകണ്ട് ആദരണീയമാണെന്ന് ഇവിടെ ചിന്തിക്കേണ്ടതില്ലെങ്കിലും ഒന്നുരണ്ടു വാക്കും അതേപ്പറ്റി പറയേണ്ടിയിരിക്കുന്നു. പ്രബന്ധകർത്താവിന്റെ ദൃഷ്ടാന്തത്തിലെ പുരുഷൻപേഷ്ക്കാരുടെ ഭാര്യ ഡോക്ടർ ആയതോ, സ്ത്രീ ഡോക്ടറുടെ ഭർത്താവ് പേഷ്ക്കാരായതോ എന്ന് അറിയാൻ നിവൃത്തിയില്ല. ഭർത്താവിന്റെ വൈകുന്നേരത്തുള്ള സമാഗമത്തിൽ ഭാര്യ ചെരുപ്പൂരി വിയർപ്പ് തുടച്ചു ശുശ്രൂഷിക്കുന്നതിന് വീട്ടിൽ ഇല്ലെന്നുള്ള അസൗകര്യം തോന്നാത്തവരും ഭാര്യയുടെ അധ്വാനഫലമായ ശമ്പളവും കൂടി തട്ടിച്ചു നോക്കിയാൽ തന്റെ ശമ്പളമാണ് കൂടുതൽ ആകർഷണീയമെന്നു തോന്നുന്നവരുമായ ഭർത്താക്കളായിരിക്കണം ഭാര്യമാരെ ഉദ്യോഗത്തിനയക്കുന്നതും. അതുകൊണ്ട് ഈ ആക്ഷേപം വെറും ബാലിശമായ ഒന്നു മാത്രമാണ്.

ഉദ്യോഗസ്ഥലത്തുനിന്നു തന്നെ ചീട്ടുകളി ക്ലബിലേക്ക് യാത്രയായി, പലവിധ ആനന്ദാനുഭൂതിയും കഴിഞ്ഞ് കോഴി കൂകുമ്പോൾ വീട്ടിൽ വരുന്ന ഉദ്യോഗസ്ഥന്മാർക്ക് ലേഡി ഡോക്ടർമാർ തന്നെ വേണം ഭാര്യമാരാകാൻ. നേരെ മറിച്ച് വിവിധ ഉദ്യോഗങ്ങളിൽ നിന്ന് തിരിച്ചെത്തി അവരുടെ അനുഭവങ്ങളെപ്പറ്റി വാദപ്രതിവാദം കഴിച്ചു ഭാര്യാഭർത്താക്കന്മാർ യഥാർത്ഥ സഹധർമചാരികളായി കവിക്കുന്നതിലെന്താണാക്ഷേപം? ഉദ്യോഗസ്ഥയായ ഭാര്യയോട് വിസ്കിയുടെ നാറ്റം യൂക്കാലിപ്റ്റസിന്റെ വാസനയാണെന്ന് പറഞ്ഞാൽ വിശ്വസിക്കുകയില്ലായിരിക്കാം. ഭർത്താവിന്റെ രാത്രി സഞ്ചാരം ഉദ്യോഗത്തിന് ആവശ്യമുല്ല കൃത്യനിർവഹണമാണെന്ന് പറഞ്ഞാൽ ചെല്ലുകയില്ലായിരിക്കും. രണ്ടുപേർക്കും സാമ്പത്തികസ്വാതന്ത്ര്യമുല്ലപ്പോൾ ഒരാളിന്റെ മർദ്ദനപരമായ കലഹങ്ങളും സുഗ്രീവാജ്ഞകളും സാധിക്കുകയില്ലായിരിക്കാം. അതുകൊണ്ട് ഭാര്യയെ ഉദ്യോഗത്തിനയക്കുന്ന ഭർത്താവ് സദ്വൃത്തനും സ്ത്രീയെ സഖിയായി കരുതുന്ന ആളും ആകേണ്ടി വരുന്നു. ഇത് ലോകനന്മയ്ക്ക് ഹാനികരമോ?

ഭാര്യയും ഭർത്താവും പണം സമ്പാദിച്ചാൽ അത് യമുനാഗംഗാപ്രവാഹംപോലെ ഒരു വീട്ടിൽ തന്നെ ക്രമത്തിലധികം ധനം വന്നുചേരുവാൻ ഇടയാക്കുമെന്നുള്ളതാണ് പ്രസംഗത്തിന്റെ വേറൊരു ആക്ഷേപം. അഹോ! എന്തൊരു സ്ഥിതിസമത്വവാദം! ഈ വാദം പുരുഷന്മാരുടെ ഉദ്യോഗദാനവിഷയത്തിലും അവലംബിച്ചിരുന്നു എങ്കിൽ ലക്ഷോപ

ലക്ഷത്തിന്റെ ഏകാവകാശിയും ദാരിദ്ര്യദേവതയുടെ ഉത്തമഭക്തന്റെ പ്രഥമസന്താനവും കൂടി ഒരു സർക്കാരുദ്യോഗത്തിന് അപേക്ഷിച്ചാൽ ധനികന്റെ മകന് ഉദ്യോഗത്തിനാവശ്യമില്ലെന്നും ഉദ്യോഗം ആവശ്യമുള്ളത് ദരിദ്രനാണെന്നും ഇതുവരെ ആരെങ്കിലും വാദിച്ചിട്ടുണ്ടോ? അതനുസരിച്ചാണോ ഉദ്യോഗദാനം ചെയ്തവരുന്നത്. അങ്ങനെ ഒരു "ബാൾഷേവിക്ക്" അഭിപ്രായം നാട്ടിൽ പരക്കുന്ന കാലത്ത് മാത്രമേ യമുനാഗംഗാപ്രവാഹത്തെ ഭയപ്പെടാനുള്ളൂ. യഥാർത്ഥത്തിൽ 10 രൂപാക്കാരന്റെ ഭാര്യ 15 രൂപ ശമ്പളമുള്ള ക്ലാർക്കായാൽ 25 രൂപ മാത്രമെ ഒരു കുടുംബചെലവിനു കിട്ടുന്നുള്ളൂ. ഇതിൽ ഭയപ്പെടത്തക്ക ധനാധിക്യം എന്തിരിക്കുന്നു. ഇതും വെറും അർത്ഥമില്ലാത്ത ഒരു വാദമായിട്ടാണ് എനിക്ക് തോന്നുന്നത്.

സ്ത്രീകൾ ഉദ്യോഗത്തിനു പോയാൽ അവരുടെ കുഞ്ഞുങ്ങളെ ശരിയായി പരിചരിക്കാൻ സാധിക്കുകയില്ലെന്നാണ് വേറൊരാക്ഷേപം. പ്രഥമദൃഷ്ടിയിൽ ഇതിൽ അൽപ്പം വാസ്തവമുണ്ടെന്ന് തോന്നിയാലും സൂക്ഷ്മം ആലോചിച്ചാൽ സ്ത്രീകളെ ഉദ്യോഗഗത്തിൽ നിന്നകറ്റി നിർത്തത്തക്ക ന്യായമല്ല ഇതെന്നു കാണാം. ശിശുപരിചരണത്തിൽ അമ്മയുടെ സാന്നിധ്യം ഒഴിച്ചുകൂടുവാൻ പാടില്ലാത്തത് പ്രവസവശേഷമുള്ള കുറച്ചുകാലം മാത്രമാണ്. സ്കൂളിലയച്ചു തുടങ്ങിയാൽ പിന്നെ അടുക്കളമൂർത്തികളായവരുടെ കുട്ടികൾക്കുപോലും മാതൃപരിചരണം രാത്രി മാത്രമേ ലഭിക്കുന്നുള്ളൂ. ഉദ്യോഗസ്ഥകൾക്കും അനുദ്യോഗസ്ഥകൾക്കും ആവശ്യത്തിനുള്ള ശിശുപരിചരണം സാധ്യമാണെന്നാണ് എനിക്ക് തോന്നുന്നത്. അഥവാ സ്വൽപ്പം കുറഞ്ഞു പോയാലും അത് രാജ്യനന്മയ്ക്ക് നല്ലതാണെന്നാണ് എന്റെ അഭിപ്രായം. രമ്യഹർമ്യങ്ങളിലെ ഹംസതൂലികാശയ്യയിൽ കിടത്തി കമ്പിളിത്തുണികളിൽ പൊതിഞ്ഞു സദാസമയവും തീറ്റിക്കൊഞ്ചിക്കുന്ന ശിശുക്കളെയും കാലത്തെ വല്ലടത്തും തള്ളിയും വെച്ചു പാടത്തുപോകുന്ന കൃഷീവലദമ്പതിമാരുടെ ശിശുക്കളെയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ കൂടുതൽ ദേഹദൈർഢ്യവും ആരോഗ്യവും ആർക്കാണെന്ന് ബോധ്യമാകും. ശിശുസംരക്ഷണത്തിൽ നാം അനാവശ്യമായി ശ്രദ്ധിക്കാതിരുന്നെങ്കിൽ ഇന്ന് തള്ളയുടെ പാൽ കുടിച്ചുവളരുന്ന ഭാരതീയർ പരിചാരികയുടെ സംരക്ഷണയിൽ വളരുന്ന ഒരു പാശ്ചാത്യ ജാതിയുടെ അടിമകളാകില്ലായിരുന്നു. വെള്ളക്കാരുടെ അഞ്ചു വയസ്സായ ഒരു കുട്ടിയുടെ സാഹസബുദ്ധിയും ക്ലേശസഹിഷ്ണുതയും അടുക്കളജീവികളായ നമ്മുടെ 50 കുട്ടികൾക്ക് പോലും ഇല്ലാതെയാണ് കാണുന്നത്. പ്രസംഗകർത്താവ് പിപീലികാദി ജന്തുലോകത്തിലേക്ക് ഉദാഹരണത്തിനിറങ്ങിയ സ്ഥിതിക്ക് ഞാനും പ്രകൃതി ലോകത്തിലേക്ക് ഒന്നു കണ്ണോടിച്ചുകൊള്ളട്ടെ. പ്രസവിച്ചു കുറച്ചുകാലം കഴിഞ്ഞാൽ ഒരു പശു അതിന്റെ കിടാവിനെ കുത്തി ഓടിക്കുന്നതു പലരും കണ്ടിരിക്കും. ഇതിന്റെ അർത്ഥം എന്താണ്? 'സംരക്ഷിക്കുന്ന കാലം കഴിഞ്ഞു തന്നത്താൽ കരുതിക്കൊള്ളുക, ഭക്ഷണം തേടിക്കൊള്ളുക എന്നാണ് തള്ളപ്പശു പ്രസംഗിക്കുന്നത്. അതുപോലെ തന്നെ ഏതാണ്ട് നിസ്സഹായാവസ്ഥയിൽ നിന്ന് ഒരു ശിശുവിനെ കരകയറ്റണമെന്നുള്ള ഉത്തരവാദിത്വമേ മാതാപിതാക്കന്മാർക്കുള്ളൂ എന്ന് നാം വിചാരിച്ചാൽ നമ്മുടെ കുട്ടികൾ സ്വാശ്രയശക്തിയുള്ളവരും ബിഎ പരീക്ഷാഫലത്തിനു കമ്പി കിട്ടുമ്പോൾ ഹൃദയം സ്തംഭിച്ചു മരിച്ചുപോകാത്തവരും ആകും. മാതാവിന്റെ ആരോഗ്യസ്ഥിതിയോ പിതാവിന്റെ സംരക്ഷണശക്തിയോ മൂത്തകുട്ടിയുടെ പരിചരണസൗകര്യമോ സ്വപ്നത്തിൽപോലും ഓർക്കാതെ പ്രവർത്തിക്കുന്ന മാതാപിതാക്കന്മാരുടെ ക്രൗര്യവും മാതാവിന്റെ ഉദ്യോഗകാലത്തുള്ള പരിചാരികയുടെ ശിശുസംരക്ഷണത്താൽ ഉണ്ടാകുന്ന ചില്ലറ ദൂഷ്യവും തമ്മിൽ ഏതാണ് സമുദായത്തിന് കൂടുതൽ ഹാനികരമെന്ന് സന്താനനിയന്ത്രണവാദികൾ തന്നെ തീർച്ചപ്പെടുത്തട്ടെ. അഥവാ തങ്ങളുടെ ഉദ്യോഗസൗകര്യത്തെ ഓർത്ത് മാതാപിതാക്കന്മാർ സ്വൽപ്പം ഒരു ആത്മസംയമനതപസ്സ് ചെയ്താൽ അതിൽ ആക്ഷേപയോഗ്യമായി എന്താണുള്ളത്.

അതുകൊണ്ട് ശിശുസംരക്ഷണത്തിനായി മാത്രം സ്ത്രീകൾ വീട്ടിലിരുന്ന് നരകിക്കണമെന്ന് ശഠിക്കരുത്. മാതൃസ്നേഹം അതിരു കവിഞ്ഞുള്ളവർ ഒരു കാലത്തും കുട്ടികളെ വെടിഞ്ഞ് ഉദ്യോഗത്തിനു പോവാൻ ഇടയില്ല. ചുരുക്കത്തിൽ യാതൊരു സ്ത്രീയേയും അവളുടെ ആഗ്രഹത്തിനും ദേഹപ്രകൃതിക്കും ശക്തിക്കും വിരോധമായി ഉദ്യോഗത്തിനു വിടരുതെന്നാണ് എന്റെയും അഭിപ്രായം. എന്നാൽ യോഗ്യതയുള്ളവർക്ക് ഉദ്യോഗം ആവശ്യമുള്ളവർക്ക് സ്ത്രീ എന്നോ വിവാഹിതയെന്നോ ഉള്ള ഒരു കാരണം കൊണ്ടുമാത്രം ഉദ്യോഗം കൊടുക്കുവാൻ പാടില്ല എന്ന് വാദിക്കരുതെന്നേ എനിക്കു ശാഠ്യമുള്ളൂ. വിവാഹിതകളായ ചില സ്ത്രീകൾക്ക് ഉദ്യോഗം അത്യാവശ്യമായി വന്നേക്കും. രോഗശയ്യാവലംബിയായ ഭർത്താവിനേടും പ്രിയശിശുക്കളേയും സംരക്ഷിക്കുവാൻ സ്ത്രീയുടെ ശമ്പളം കൊണ്ടേ സാധിക്കുകയുള്ളൂ എന്ന ഘട്ടം വരുമ്പോൾ സ്ത്രീ വിവാഹിതയായതുകൊണ്ട് ഉദ്യോഗം കൊടുക്കുകയില്ല എന്ന് അധികൃതർ ശഠിച്ചാൽ അതെത്ര മർമഭേദകമായി തോന്നും. അതു പാടില്ല. ഉദ്യോഗസ്ഥസ്വാതന്ത്ര്യം വിവാഹിതാവിവാഹിതഭേദം കൂടാതെ യോഗ്യതയുള്ള സ്ത്രീകൾക്കെല്ലാം ആവാം എന്നു സ്ഥാപിക്കണം.

വിവാഹിതകളായ എത്ര മാന്യകളാണ് അവർക്കുള്ള ഉദ്യോഗം കൊണ്ട് കുടുംബം പുലർത്തി

പ്പോകുന്നത്. വഞ്ചിരാജ്യത്തിലെ അധർമ്മത്തോടുള്ള പോരാട്ടത്തിൽ നാടുകടത്തൽശിക്ഷ അനുഭവിച്ച ആ സുപ്രസിദ്ധദേശാഭിമാനിയുടെ കുടുംബത്തെ ആരുടെ ശമ്പളമാണ് അതിമാന്യമായ നിലയിൽ ആക്കിയത്? വിവാഹിതകൾക്ക് ഉദ്യോഗമില്ലെന്ന് അധികൃതർ ശഠിച്ചെങ്കിൽ ഈ വിധത്തിൽ ഉള്ള കുടുംബസംരക്ഷണം ആരാധ്യയായ ആ പതിവ്രതാ രത്നത്തിന് സാധിക്കുമായിരുന്നോ? മദ്രാസ് നിയമനിർമ്മാണ സഭയിലെ ഡെപ്യൂട്ടി പ്രസിഡന്റ് മിസ്സിസ് മുത്തുലക്ഷ്മി റഡ്ഡിയും വിവാഹിതയാണെന്നുള്ളതുകൊണ്ട് നല്ല അയോഗ്യതയും അവർക്ക് വന്നിട്ടുണ്ടോ? പ്രസംഗകർത്താവുപോലും ദേവിയെന്നു പുകഴ്ത്തുന്ന ആ ഭാരതകോകിലം തന്റെ കത്തിജ്വലിക്കുന്ന ദേശാഭിമാന്യതയെ പാശ്ചാത്യരാജ്യം മുഴുവനും പരത്തി ഭാരതമാതാവിനെ സന്തുഷ്ടയാക്കുന്ന ശ്രീമതി സരോജിനി നായിഡു വിവാഹിതയും മാതാവും അല്ലയോ? ബലവത്തായ അടുക്കള അഴികളിൽ ബന്ധിക്കപ്പെട്ടിരുന്നുവെങ്കിൽ ഈ ശ്രീമതിക്ക് ഭാരതീയ പുരുഷപ്പും ഗവന്മാർക്കുപോലും അപ്രാപ്യമായ രാഷ്ട്രീയ ഔന്നത്യത്തെ പ്രാപിക്കുവാൻ സാധിക്കുമായിരുന്നോ? ലോകത്തിലെ സുപ്രസിദ്ധകളായ മാന്യമഹിളാരത്നങ്ങൾ ആരും വിവാഹിതകളെന്നും പറഞ്ഞ് അടുക്കള അഴികളിൽ ബന്ധിക്കപ്പെട്ടവരല്ല. അപ്രതീക്ഷിതമായ ശക്തിയോടുകൂടി പാഞ്ഞുവരുന്ന സ്ത്രീ സ്വാതന്ത്ര്യപ്രവാഹത്തെ അടുക്കളവാദച്ചിറകെട്ടി തടുക്കുവാൻ സാധിക്കുകയില്ലതന്നെ. തിരുവിതാംകൂർ കൊച്ചി നിയമസഭാ സാമാജികകളായ ശ്രീമതിമാരും വിവാഹിതകളല്ലയോ?

ആരാധ്യമായ പൊതുജനസേവകൊണ്ടും അത്ഭുതമായ വൈദ്യശാസ്ത്ര പ്രവീണതയാലും പ്രകീർത്തിനികളായ ശ്രീമതി ചിന്നമ്മയും മിസ്സിസ് ലൂക്കോസും ഭർത്തൃമതികലാകകൊണ്ട് രാജ്യത്തിനെന്തു ദോഷം വന്നു. സർവോപരി സന്താനവതികളായ സ്ത്രീകൾക്ക് മാതൃത്വപദവിയും രാഷ്ട്രീയജീവിതവും യഥായോഗ്യം നടത്തുവാൻ സാധിക്കുമെന്ന് നാം ആരുടെ തിരുനാൾ ആഘോഷത്തിനു സന്നദ്ധരായിരിക്കുന്നുവോ ആ മഹാമനസ്വിനിയായ മഹാറാണി റീജന്റ് തിരുമനസ്സിലെ ജീവിത ദൃഷ്ടാന്തം തന്നെ തെളിയിച്ചു തരുന്നില്ലയോ? അതിനാൽ വിവാഹിതയാണെന്നും പറഞ്ഞ് ഒരു സ്ത്രീയെയും അടുക്കളയിലടയ്ക്കുവാൻ ശ്രമിക്കാതെ ഉദ്യോഗസ്വാതന്ത്ര്യവും ധനസമ്പാദനത്തിനുള്ള മാർഗങ്ങളും വിവാഹിതാവിവാഹിതഭേദം കൂടാതെ എല്ലാ സ്ത്രീകൾക്കും കൊടുക്കുക. ആവശ്യവും സൗകര്യവും ശക്തിയും ഉള്ളവർ ഉദ്യോഗത്തിനായി പൊയ്ക്കൊള്ളും. അല്ലാത്തവർ അവരുടെ പുത്രവാത്സല്യത്തിന്റെ തോതനുസരിച്ച് പ്രവർത്തിച്ചു കൊള്ളും. ഭാര്യ ഉദ്യോഗത്തിനു പോകുന്നത് കുടുംബത്തിന് ദോഷമാണെന്ന് കരുതുന്ന ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ ഉദ്യോഗത്തിന് അയക്കേണ്ട. കൂടാതെ വിവാഹിതയയായ ഉദ്യോഗസ്ഥയ്ക്ക് അവിവാഹിതയായ ഉദ്യോഗസ്ഥയേക്കാൾ പുരുഷ സഹായം കൊണ്ടുള്ള മേന്മയും ഉണ്ട്. കോളേജ് ക്ലാസ്സിൽ പഠിപ്പിക്കുന്ന സ്ത്രീ അധ്യാപികയുടെ ഭർത്താവ് ബി എ ക്ലാസ്സിൽ പഠിപ്പിക്കുന്ന ഒരു പ്രൊഫസറാണെങ്കിൽ അധ്യായനവിഷയത്തിൽ ഭർത്താവിന്റെ സഹായം ഭാര്യക്കു ലഭിക്കയില്ലയോ. ഒരു ലേഡി ഡോക്ടറുടെ ഭർത്താവും ഒരു ഡോക്ടർ ആണെങ്കിൽ അവിവാഹിതയായ ലേഡി ഡോക്ടറെക്കാൾ ദീനചികിത്സയിൽ വിവാഹിതയ്ക്കല്ലയോ സാമർത്ഥ്യം അധികമുണ്ടാകുക. ഇങ്ങനെ പലതും പറയാൻ കാണും. ചുരുക്കത്തിൽ ഭാര്യയെ ഉദ്യോഗത്തിന് അയക്കുന്നത് ഭർത്താവിന്റെ സമ്മതത്തോടുകൂടിയാകാനേ തരമുള്ളൂ. ആ ഭാര്യാഭർത്താക്കന്മാർ പരസ്പരവിശ്വാസത്തോടു ജീവിതം കഴിച്ചാൽ എന്തു ഗൃഹഛിദ്രമാണുണ്ടാകാനുള്ളത്. ഏതു സാമുദായിക  വിപ്ലവമാണ് ഭയപ്പെടാനുള്ളത്. എന്തു വർഗീയ മത്സരമാണ് ഭാവിയിൽ ദർശിക്കാനിടയുള്ളത്.

സ്ത്രീകൾ ഉദ്യോഗത്തിനു പോയാൽ വന്നുകൂടുന്ന വേറൊരു വൈഷമ്യം അവരുടെ ഉദ്യോഗമേലധ്യക്ഷനേയും അദ്ദേഹത്തിന്റെ വിദ്യാവിഹീനയായ ഭാര്യയെയും ആദരിക്കേണ്ടതിൽ ബി എ ബിരുദധാരിണികൾക്ക് നേരിടാവുന്ന അപമാനമാണുപോലും. മേലുദ്ധ്യോഗസ്ഥയായ ഒരു സ്ത്രീയുടെ വിദ്യാവിഹീനനായ ഭർത്താവിനെ ആദരിച്ചു നമസ്കരിക്കുന്നതിൽ പുരുഷനു നേരിടുന്ന അഭിമാനഹീനതയിൽ സ്ത്രീകളും പങ്കുകൊള്ളുകയല്ലെ എന്നോർത്തു ഞങ്ങൾ സമാശ്വസിച്ചുകൊള്ളാം.

സ്ത്രീകളെ ഉദ്യോഗത്തിലാക്കിയാൽ അവരെല്ലാം പുരുഷന്മാർക്ക് മാനക്കേട് വരുത്തക്കവിധത്തിൽ ഡഫേദാരന്മാരായും മറ്റും നടക്കുന്നതായി കാണേണ്ടിവരുമെന്നുള്ളതാണ് പ്രസംഗകർത്താവിന്റെ വേറൊരു ഭയം. പുരുഷന്മാരെല്ലാം ഡഫേദാരാകാത്ത കാലത്തോളം എല്ലാ സ്ത്രീകളും പ്യൂണ്മാരും ആകയില്ല. ചക്രവർത്തി മുതൽ തൂപ്പുക്കാരൻ വരെയുള്ളവർ പുരുഷവർഗത്തിലുണ്ടെങ്കിൽ മഹാറാണി മുതൽ തൂപ്പുകാരി വരെയുള്ളവർ സ്ത്രീകളുടെ ഇടയിലും കാണും. എല്ലാ സ്ത്രീകളും മഹാറാണിമാരാകണമെന്നോ ഹജൂർ സെക്രട്ടറിമാരാകണമെന്നോ അവർ ശഠിക്കുമോ? ശഠിച്ചാൽ അതു സാധിക്കുമോ? സംഗതികൾ ഇങ്ങനെ ഇരിക്കുമ്പോൾ സ്ത്രീകളെ പെട്ടി എടുത്തു നടക്കുന്ന ഡഫേദാരന്മാരായി കാണുമെന്ന് ഭയന്ന് അവർക്ക് ഉദ്യോഗം കൊടുക്കരുതെന്ന ശഠിക്കുന്നത് ശരിയോ? സ്ത്രീ ഉദ്യോഗത്തിന് പോകേണ്ടിവരുന്നത് ഒന്നുകിൽ പിതാവിന്റെയോ അല്ലെങ്കിൽ സഹോദരന്റെയോ അല്ലെങ്കിൽ ഭർത്താവിന്റയോ ആവശ്യത്തിനോ സംരക്ഷണത്തിനോ ആണ്. അങ്ങ

നെയുള്ള രക്ഷാകർത്താക്കൾ – പുരുഷന്മാർ – അഭിമാനഭഞ്ജകമായ തൊഴിലിലേക്ക് സ്ത്രീകളെ പ്രേരിപ്പിക്കുകയില്ല. അഥവാ അവർ പ്രേരിപ്പിച്ചാൽ തന്നെയും സ്വജനങ്ങൾക്കുവേണ്ടി ഇങ്ങനെ ഒരു മഹാത്യാഗത്തിന് ഒരുമ്പെട്ടാൽ അതിൽ എന്താണ് ആക്ഷേപകരമായിട്ടുള്ളത്. കൂടാതെ സ്ത്രീഡഫേദാരന്മാരെ കാണുന്നതുകൊണ്ടുള്ള മാനക്കേട് എന്നാണ് തുടങ്ങിയത് എന്നു മനസ്സിലാകുന്നില്ല.

നിത്യവൃത്തിക്കായി നെല്ലും ചുമ്മിചാലക്കമ്പോളത്തിലേക്ക് പോയിട്ടു ദുർവൃത്തരായ ചില പുരുഷന്മാരുടെ അധർമസംഭാഷണങ്ങളാലും മറ്റും സങ്കടം അനുഭവിച്ച് തിരിച്ചുപോവുന്ന അനേകായിരം സ്ത്രീകളെ കണ്ടിട്ട് മാനക്കേട് സങ്കൽപ്പലോകത്തിലെ സ്ത്രീ ഡഫേദാരന്മാരുടെ പെട്ടി എടുപ്പു കൊണ്ടുണ്ടാകുന്നുപോലും. ഇനിയും സ്മൃതിശ്രുതികളിൽ നിന്നു ശ്ലോകം ചൊല്ലുന്ന പതിവിനെപ്പറ്റി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഏതാവശ്യത്തെയും ശ്ലോകം ചൊല്ലി സാധൂകരിക്കുന്ന സുഖക്കേട് നമ്മിൽ മിടുമിടുക്കന്മാരെയും അഗാധപണ്ഡിതന്മാരെയും പിടിപ്പെട്ടിട്ടുള്ള ഒരു പകർച്ചവ്യാധിയാകുന്നു. ഋതുമതീവിവാഹം നിഷ്ദ്ധമാണെന്ന് തെളിയിക്കണമെങ്കിൽ അതിൽ ഒരു സ്മൃതികഥനം. അധികാരികളുടെ മതം മാറ്റാൻ അതിരുദ്രം വേണമെന്നു തോന്നുമ്പോൾ അതിനും ഒരു ശ്രുതി പഠനം. വർണാശ്രമധർമ പരിപാലനത്തിന് ഒരു അതോറിറ്റി വേണമെങ്കിൽ ശങ്കരസ്മൃതിയിൽ ഉണ്ട്. വിധവാവിവാഹം നിഷേധിക്കുമ്പോഴും ശ്ലോകക്ഷണങ്ങൾ ധാരാളം. ഈ സുഖക്കേട് എന്നു മാറുമോ അന്ന് മാത്രമെ ഭാരതത്തിന് രക്ഷയുണ്ടാകൂ. അതുപോലെ തന്നെ വിവാഹിതകളെ അടുക്കളയിൽ ഇരുത്താനുള്ള വാദത്തിനു വേണ്ടി കൊണ്ടുവന്നിരിക്കുന്ന കുന്നിക്കുരുവിന്റെ ഉപമയും അതു സ്ഥാപിക്കാനുള്ള ശ്ലോകക്ക്ഷണവും സ്ത്രീകളെ ആക്ഷേപിക്കുന്നതിനായി കരുതിക്കൂട്ടിക്കൊണ്ടു വന്നിട്ടുള്ളതാകുന്നു. ത്രേതദ്വാപരയുഗങ്ങൾ കഴിഞ്ഞു. അന്നുള്ള ശ്ലോകങ്ങളും പൊടിഞ്ഞു. അതിനാൽ മാമൂലിനെ സംരക്ഷിക്കാനുള്ള ശ്ലോകോച്ചാരണം ഉടൻ നിറുത്തേണ്ടതാകുന്നു.

ചുരുക്കത്തിൽ പുരുഷസംരക്ഷണത്തിനായി ഉദ്യോഗം വഹിക്കുവാൻ ഭാവിക്കുന്ന സ്ത്രീകളെ ഗൃഹചിദ്രത്തിന് ഉത്തരവാദികളാക്കുവാൻ ശ്രമിക്കുന്നത് എന്തുകൊണ്ടും നല്ലതല്ല തന്നെ. വിവാഹിത എന്നുള്ള വ്യത്യാസം ഉണ്ടാകുന്നതാണ് നാട്ടിന് നാശമുണ്ടാക്കുന്ന പരിഷ്കാരം. അനാവശ്യമായ ഈ പരിഷ്കാരം വേണ്ട എന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. വിവാഹിതകളെ ഉദ്യോഗത്തിനയക്കുവാൻ ആരും നിർബന്ധിക്കുന്നില്ല. അനാരോഗ്യം, ആവശ്യമില്ലായ്മ മുതലായ കാരണങ്ങളാൽ ഉദ്യോഗം വേണ്ട എന്നുള്ളവർ അതിനു പോകണ്ട. വിശല്യകരണിയും സഞ്ജീവനിയും കൂടിടചേർന്ന മനസ്വിനികൾ മാതൃത്വപദവിയും സർക്കാർ ഉദ്യോഗവും ഒരുമിച്ചു യഥായോഗ്യം നടത്തിക്കൊള്ളും.

ജന്മസിദ്ധങ്ങളായ ശക്തികളെ ലോകക്ഷേമാർത്ഥം വിനിയോഗിക്കുവാൻ അവരെ അനുവദിച്ചാൽ മാത്രംമതി. സ്ത്രീയും അഭിമാനമുള്ള ജീവിയാണെന്നും കുടുംബസംരക്ഷണത്തിൽ അവൾക്കും ഒരു ഭാരമുണ്ടെന്ന് വകവച്ച് സ്ത്രീപുരുഷന്മാർ പരസ്പരവിശ്വാസത്തോടും ആത്മൈക്യത്തോടും പെരുമാറിയാൽ സംഗ്രാമകോലാഹലത്തെ ഭയന്ന് നിയമസൃഷ്ടിക്ക് ആവശ്യമുണ്ടാകയില്ല. പാർലമെന്റിലും ഗവൺമെന്റിലും സർവീസിലും മറ്റും പ്രവേശം വേണമെന്ന് വാദിക്കുന്ന സീമന്തിനിമാർ സൈന്യത്തിൽ ചേരണമെന്നും ഫ്രഞ്ച് യുദ്ധത്തിന് തങ്ങളെ നിയോഗിക്കണമെന്നും ആവശ്യപ്പെടാത്തതുതന്നെ അവരുടെ ഔചിത്യബുദ്ധിക്കും കാര്യവിവേചനത്തിനും ഒരുത്തമ ദൃഷ്ടാന്തമല്ലയോ? പ്രസംഗകർത്താവും പ്രശംസിക്കുന്ന ഈ ഔചിത്യബുദ്ധി സ്ത്രീകൾക്കുള്ളിടത്തോളം കാലം സ്ത്രീകൾ തങ്ങളുടെ സ്ത്രീത്വത്തിന് ഹാനികരമായോ പുരുഷന്മാർക്കു ലജ്ജാകരമായോ ഉള്ള പട്ടാളപരിശീലനത്തിനും കൊലപ്പുള്ളിയുടെ പുറകെ പോകുന്നതിനും വാറ്റുചാരായം കണ്ടുപിടിക്കുന്നതിനു പുറപ്പെടുകയില്ലെന്നു വിശ്വസിക്കരുതോ? അഥവാ വാക്കുമൂലം പറഞ്ഞാൽ ഉറപ്പു പോരാ എന്നുണ്ടെങ്കിൽ തക്കതായ ജാമ്യം കൊടുത്തു കാര്യം ബോധ്യപ്പെടുത്താനും ഞങ്ങൾ തയ്യാറാണ്.

സ്ത്രീസ്വാതന്ത്ര്യസൗധത്തിന്റെ അടിസ്ഥാനശില സാമ്പത്തിക സ്വാതന്ത്ര്യമാണല്ലോ. സ്ത്രീകൾ ഉദ്യോഗത്തിന് കാംക്ഷിക്കുന്നത് ഈ സാമ്പത്തിക സമത്വം സമ്പാദിപ്പാനാണ്. സ്ത്രീകൾ സർവതന്ത്രസ്വതന്ത്രകളാണെന്ന് സ്ഥാനത്തും അസ്ഥാനത്തും അഭിമാനിക്കുന്ന കൂട്ടർ സ്ത്രീകൾക്ക് സാമ്പത്തിക സമത്വത്തിനുള്ള മാർഗമായ സർക്കാർ ഉദ്യോഗങ്ങളും മറ്റും അവർക്ക് ലഭിക്കാതിരിക്കണമെന്ന് വിചാരിച്ച് പ്രസംഗങ്ങൾ പൊടിപൊടിക്കുന്നത് കാണുമ്പോൾ ഈ പൂർവാപരവിരുദ്ധതയെ ഓർത്ത് ഹാസ്യസ്മിതം തൂകാനേ തരമുള്ളൂ. ഉദ്യോഗനിർവഹണത്തിൽ സ്ത്രീക്ക് പ്രാപ്തിപോരാ എന്നുള്ള സംശയം വല്ലവർക്കുമുണ്ടെങ്കിൽ വെറുതെ "സൊള്ളി" സമയം കളയുന്ന പുരുഷന്മാരേക്കാൾ ക്ലേശസഹിഷ്ണുതയും തന്മൂലമുള്ള സാമർത്ഥ്യവും സ്ത്രീകൾക്കാണ് കൂടുതലെന്ന് കഴിഞ്ഞ 70 വർഷക്കാലംവരെ ഒരു കടുത്ത സ്ത്രീജനവിദ്വേഷിയായി കഴിഞ്ഞ ജോർജ് ബെർണാഡ് ഷാ ഈയിടെ അഭിപ്രായപ്പെട്ടിരിക്കുന്നത് ആ സംശയനിവാരണത്തിന് മതിയാകുമെന്ന് വിചാരിക്കുന്നില്ല. അതിനാൽ ഈ അനാവശ്യമായ അന്യായം തള്ളി കോട്ടയത്തു നിന്നുള്ള വഴിച്ചെലവെങ്കിലും അനുവദിച്ച് തീരുമാനിക്കണമെന്ന് നിയമജ്ഞനും പരിഷ്കൃതമാനസനും ആയ ന്യായാധിപ അധ്യക്ഷൻ

അവർകളോടു അപേക്ഷിച്ചുകൊള്ളുന്നു. മണക്കാട്ടു വെച്ചു നടന്ന ഒരു മീറ്റിംഗിൽ വാദിഭാഗത്തേക്ക് അനുകൂലമായി ഏതോ ചില അഭിപ്രായങ്ങൾ പ്രസ്താവിച്ച ന്യായാധിപതിയുടെ വിധി പ്രതിഭാഗത്തേക്ക് അനുകൂലമായിരിക്കുകയില്ല എന്ന് ചില പ്രതിഭകൾക്ക് ഭയം ഉണ്ടെങ്കിലും ഒരു വക്കീൽ എന്ന നിലയിൽ ആവക ഭയം അടിസ്ഥാനരഹിതമായി കരുതി എന്റെ കർത്തവ്യം ഞാൻ അനുഷ്ഠിച്ചു കഴിഞ്ഞു. അഥവാ വിധി ഞങ്ങൾക്കു വിപരീതമാണെങ്കിൽ ശാരദാബില്ലിനും വിരോധികൾ ഉണ്ടല്ലോ എന്ന് വിചാരിച്ചു സമാശ്വസിച്ചുകൊള്ളാം.

ഈ ലേഖനം തിരുവനന്തപുരത്തെ വിദ്യാഭിവർധിനി സഭയിൽ ലേഖിക നടത്തിയ ഒരു പ്രസംഗമാണ്. തിരുവിതാംകൂറിലെ പ്രമുഖബുദ്ധിജീവിയും നിയമസഭാംഗവും എഴുത്തുകാരനുമെല്ലാമായ സദസ്യതിലകം ടി കെ വേലുപ്പിള്ള (1882 1950) ചെയ്ത ഒരു പ്രസംഗത്തിനുള്ള വിമർശനാത്മക പ്രതികരണമാണ് ഇത്.

## സ്ത്രീത്വം
## പാർവതി നെൻമിനി മംഗലം

(‘സ്ത്രീ’ 1, 1, 1108,(1933 മെയ് , ജൂൺ ):1516

മഹാകവികൾക്ക് വർണിക്കുവാൻ ഉണ്ടാക്കിവെച്ച ഒരേർപ്പാട്, പുരുഷന്മാർക്ക് കൺകുളിർപ്പിക്കാൻ ഉണ്ടാക്കിത്തീർത്ത ഒരാകൃതി. വെറും കൃത്രിമം. എന്നാൽ നമ്മൾ ആരാധിക്കുന്ന ഒരു സുന്ദരസമ്പ്രദായം. അതേ, ”സ്ത്രീത്വം” എന്നാൽ അസ്വാതന്ത്ര്യത്തെ ആത്മാഭിമാനത്തോടുകൂടി ആരാധിക്കുന്ന ഒരു സത്വം.

ഞാൻ ചോദിക്കുന്നു, നമ്മളിന്നഭിമാനിക്കുന്നില്ലെ, നാം അബലകളാണ്, അസ്വതന്ത്രകളാണ്, ആഡംബരഭ്രമമുള്ളവരാണ്. പുരുഷന്മാർ പണിയെടുക്കണം, പണം സമ്പാദിക്കണം, പണ്ടങ്ങൾ പണിചെയ്യിച്ചു തരണം, ധൂളിമെത്തയുണ്ടാക്കിത്തരണം, വില്ലീസുജാക്കറ്റു തുന്നിച്ചു തരണം, നമ്മൾ അവയെല്ലാം അണിഞ്ഞ് അനങ്ങാതെ ധൂളിമെത്തയിൽ അങ്ങനെ കഴിയണം എന്നെല്ലാം. അതാണ് പുരുഷനിഷ്ടം, സ്ത്രീക്കഭിമാനം! ഒരു സ്ത്രീ വയലിൽ ഇറങ്ങി പണിയെടുത്താൽ അവൾ ചെറ്റയായി! ഒരു സ്ത്രീ വില്ലീസ് ജാക്കറ്റ് ധരിച്ചിട്ടില്ല; ആഭരണങ്ങൾ കഴുത്തുനിറയെ അണിഞ്ഞിട്ടില്ല, കസവു സാരി ഉടുത്തിട്ടില്ല എങ്കിൽ അവൾ പോരാത്തവളായി! പിന്നെ എവിടെയാണ് നമുക്ക് സ്വാതന്ത്ര്യം.

നാം സ്വാതന്ത്ര്യം സ്വാതന്ത്ര്യം എന്ന് ഉച്ചത്തിൽ പറയുന്ന നാവുകൊണ്ടുതന്നെ ഭർത്താവിന്റെയടുക്കൽ കസവുസാരിക്കും സ്വർണാഭരണങ്ങൾക്കും അസ്വാതന്ത്ര്യത്തിനും അലട്ടുന്നു! പുരുഷന്മാരെ വശീകരിക്കാൻ വേണ്ടിമാത്രമല്ലയോ നാം ഇന്ന് ഇത്തരം വസ്ത്രധാരണം ചെയ്യുന്നതും ആരണങ്ങൾ അണിയുന്നതും. ദൈവം സൃഷ്ടിച്ചപ്പോൾ തന്നെ വേർതിരിച്ചിട്ടുണ്ട്, സ്ത്രീയെന്നും പുരുഷനെന്നും. പിന്നെ എന്തിനു കൃത്രിമങ്ങളെക്കൊണ്ട് വീണ്ടും വേർതിരിക്കുന്നു? പരസ്പരം വഞ്ചിക്കുവാൻ മാത്രം.

നാം തലമുടി വളർത്തുന്നതിന്റെ ആവശ്യമെന്ത്? വേറിടുക്കാനും ചീന്തിമിനുക്കുവാനുമായി ദിവസത്തിൽ മൂന്നുമണിക്കൂർ ദുർവ്യയം ചെയ്യാൻ മാത്രം. പന്തം ചുറ്റുന്നതുപോലെ ഇത്രയധികം തുണികൾ വെച്ചു കെട്ടുന്നതെന്തിന്? ദേഹരക്ഷാദനത്തിന്നല്ല. ബ്ലൗസിന് ഒരിഞ്ചിലധികം കയ്യിറക്കമരുത്. കഴുത്തിന് വിസ്താരം കുറയരുത്, എണ്ണത്തിന് രണ്ടോ മൂന്നോ ധരിക്കുന്നെങ്കിൽ കൂടി ദേഹം പകുതിയേ മറയാവൂ എന്നതിന്ന്. അതത്രെ ഉത്തമമായ വസ്ത്രധാരണം!

കഴുത്തുനിറയെ സ്വർണ്ണാഭരണങ്ങൾ അണിയുന്നത് പണത്തിന്റെ പലിശ മുടക്കുവാനും ആഭരണവ്യാപാരികൾക്കു പണം സമ്പാദിക്കാനും. കാതുകുത്തുന്നതും മൂക്കു കുത്തുന്നതും രത്നഖചിത്രങ്ങളായ ആണികൾ ഇട്ടയ്ക്കുവാൻ വേണ്ടിമാത്രം. ഇങ്ങനെ നോക്കിയാൽ ആഭാസങ്ങളും അനാവശ്യങ്ങളുമായ എന്തെല്ലാം കൃത്രിമങ്ങളിലാണ്, നാം അഭിമാനത്തോടുകൂടി അടിമപ്പെട്ടിരിക്കുന്നത്.



ഇവയെല്ലാം നശിപ്പച്ചല്ലാതെ നമുക്കു സ്വാതന്ത്ര്യ മെവിടെ?

ഇത്തരം കൃത്രിമസമ്പ്രദായം പുരുഷന്മാർ നിയമമാക്കിത്തീർത്തതോ സ്ത്രീകൾ സ്വബുദ്ധികൊണ്ടു കണ്ടുപിടിച്ചതോ, ഏതായിരുന്നാലും ഇതു പുരുഷന്മാരെ വശീകരിക്കുവാനല്ലാതെ മറ്റു യാതൊന്നിനും ഉപകരിക്കുന്നില്ല. നമുക്ക് പുരുഷന്മാരെ വശീകരിക്കേണ്ടാവശ്യമില്ല; അത് നിന്ദ്യവും ആഭാസവുമാണ്. ഒരു സ്ത്രീ തന്റെ ഭർത്താവിനെ മാത്രം വശീകരിക്കണം. അത് കൃത്രിമവേഷം കൊണ്ടല്ല. കൃത്രിവേഷം കൊണ്ടുമാത്രം വശീകൃതനായ പുരുഷനെ ഭർത്താവായി സ്വീകരിച്ചാൽ തീർച്ചയായും നാം വ്യസനിക്കേണ്ടിവരും; തീർച്ചയായും നമുക്കുറയ്ക്കാം നമ്മുടെ വേഷഭൂഷണങ്ങളിൽ അഴുക്കു തട്ടിയാൽ അയാൾ പിന്തിരിയുമെന്ന് നിഷ്കളങ്കമായ സ്നേഹം – പ്രേമം – കൊണ്ടുമാത്രമേ വശീകരിക്കേണ്ടതുള്ളൂ. ആ പരിശുദ്ധമായ പ്രേമം ഏതൊരു സ്ത്രീക്കും സ്വാധീനമുണ്ട്. അതൊന്നേ ഭർത്താവിനെ വശീകരിക്കാൻ ആവശ്യമുള്ളൂ.

ഞാൻ പറകയാണെങ്കിൽ, നാം അബലകളാവുക എന്ന സമ്പ്രദായം വലിച്ചെറിഞ്ഞെങ്കിൽ മാത്രമേ സ്വതന്ത്രകളാവൂ. നമ്മുടെ ഈ വേഷഭൂഷണങ്ങൾ തീരെ മാറ്റണം. ആഛാദനം അത്യാവശ്യമാണ്; അത് ആഡംബരത്തിന്നാവരുത്. സ്ത്രീക്കും പുരുഷനും വസ്ത്രധാരണത്തിൽ വ്യത്യാസം ആവശ്യമേയില്ല.

വിദ്യാഭ്യാസം ഒഴിച്ചുകൂടാത്തതാണ്, സ്കൂളിൽ തന്നെ പഠിക്കണമെന്ന് നിർബന്ധമില്ല; ഗൃഹപരിപാലനം, ബാലപരിചരണം ഇതുകൾ സ്ത്രീകൾ പ്രത്യേകം അഭ്യസിച്ചിരിക്കേണ്ടതാണ്. പ്രവൃത്തിയെടുക്കുന്നതു അപമാനമല്ല, അഭിമാനമാണ്. അവന്നവന് ഉപജീവനത്തിന്നുള്ള പണം, അവനവൻ തന്നെ സമ്പാദിക്കുന്നതാണ് ഏതൊരു സ്ത്രീക്കും പുരുഷനും അഭിമാനം. ശരിയായി പുരുഷന്മാരോടൊപ്പം പ്രവർത്തിയെടുത്തെങ്കിൽ, അധ്വാനിച്ചെങ്കിൽ മാത്രമേ, സ്ത്രീകൾക്കു യഥാർത്ഥമായ സ്വാതന്ത്ര്യവും സ്ത്രീത്വവും ഉണ്ടാവുകയുള്ളൂ.

## സ്ത്രീധർമ്മത്തെപ്പറ്റി
## പാർവതി അയ്യപ്പൻ

(ശ്രീമതി വാർഷികപ്പതിപ്പ് 1935,44 )

ഈയിടെ ചില പത്രങ്ങളിൽ സീനിയർ മുസ്സോളിനിയുടെ ഭാര്യയുടെ ജീവിതരീതിയെപ്പറ്റി പല വിവരങ്ങൾ പ്രസിദ്ധം ചെയ്തുകണ്ടു. അവർ പൊതുകാര്യങ്ങളിൽ ഒരു പങ്കും എടുക്കാറില്ല. സ്വന്തം ഗൃഹകാര്യങ്ങൾ മാത്രം അവരുടെ കൃത്യമാക്കിയിട്ടാണ് അവർ കഴിച്ചുകൂട്ടുന്നത്. സ്ത്രീകൾക്ക് പ്രത്യേകിച്ച് ഗൃഹിണികൾക്ക് ഒരു മാതൃക എന്ന ഭാവത്തിലാണ് ഈ വിവരങ്ങൾ പ്രസിദ്ധം ചെയ്തിരിക്കുന്നത്. മുസ്സോളിനിയുടെ രാജ്യകാര്യപ്രവർത്തനങ്ങളിൽ അദ്ദേഹത്തെ സഹായിക്കുവാനോ മറ്റു പൊതുകാര്യങ്ങളിൽ ഇറങ്ങി പ്രവർത്തിക്കുവാനോ ഉള്ള വാസനയും ത്രാണിയും അവർക്ക് ഇല്ലായിരിക്കണം. അങ്ങനെയാണെങ്കിൽ അവർ അവർക്ക് സാധിക്കുന്നതായ ഒരു ഒതുങ്ങിയ പ്രവൃത്തിരംഗത്തിൽ പ്രയോജനകരമായ ജീവിതരീതി കൈകൊണ്ടത് അഭിനന്ദനീയമാണ്. പക്ഷേ, അത് സ്ത്രീകൾക്ക് പൊതുവെ മാതൃകയായി എടുത്തു കാണിക്കേണ്ട ആവശ്യമില്ല. അങ്ങനെ കാണിക്കുവാൻ ഇടവരുന്നത് ഭാര്യജോലിയും ഗൃഹഭരണവും സ്ത്രീകളുടെ ഏറ്റവും വലിയ കഴിവും ധർമവുമാണെന്നുള്ള തെറ്റിദ്ധാരണ കൊണ്ടാണ്. ഭാര്യാത്വവും ഭർതൃത്വവുമല്ല സ്ത്രീകളുടെയും പുരുഷന്റെയും ഏറ്റവും വലിയ കഴിവും ധർമവും. വർഗം നിലനിറുത്തിക്കൊണ്ട് പോകുന്നതിനു പ്രകൃതി വ്യക്തികളിൽ ചില വാസനയും വളർത്തിക്കൊണ്ടുവന്നിട്ടുണ്ട്. ആ വാസനകളുടെ പ്രേരണാഫലമായി ചില സ്ത്രീപുരുഷ ബന്ധങ്ങളും ഉണ്ടായിട്ടുണ്ട്. അവയുടെ നാഗരികമായ ഒരു പരിണാമമാണ് ഭാര്യാഭർതൃബന്ധവും പരിഷ്കൃത ഗൃഹജീവിതവും. സ്ത്രീക്കും പുരുഷനും ഇതിലും കവിഞ്ഞ പല ധർമ്മങ്ങളും നിറവേറ്റാനുണ്ട്. മനുഷ്യസമുദായത്തിന്റെ പുരോഗതിക്കു സ്ത്രീകളും പുരുഷന്മാരും ഒരുപോലെ വേല ചെയ്യണം. അതിന് ഏറ്റവും ആവശ്യമായിട്ടുള്ളത് സ്ത്രീയിലും പുരുഷനിലും അന്തർലീനമായി  കിടക്കുന്ന ബുദ്ധിപരമായും മറ്റുമുള്ള കഴിവുകളെ ആവിഷ്കരിക്കുകയാണ്. ഈ സംഗതിയിൽ സ്ത്രീപുരുഷ ഭേദമില്ല. സ്ത്രീപുരുഷവ്യത്യാസം താഴ്മയെയോ ബുദ്ധിയെയോ സംബന്ധിക്കുന്നതല്ല. അതിലും താണസംഗതികളെ സംബന്ധിക്കാനുള്ളതു മാത്രമാണ്. പ്രസവം പ്രകൃത്യാ സ്ത്രീധർമ്മമായതുകൊണ്ട് പ്രസവം ശിശുപരിപാലനം, ഗൃഹഭരണം മുതലായതിൽ തന്നെ സ്ത്രീകളുടെ ശക്തിയും ശ്രദ്ധയും സമയവും മുഴുവൻ വിനിയോഗിക്കേണ്ടിവന്നു. അതുകൊണ്ടു പുരുഷന്മാരെപ്പോലെ തന്നെ ബുദ്ധിപരമായും മറ്റുമുള്ള കഴിവുകൾ ആവിഷ്കരിക്കാൻ സമയവും സൗകര്യവും ഉണ്ടാക്കുകയാണെങ്കിൽ ഇപ്പോൾ പുരുഷന്മാർ പ്രവേശിച്ചു ശോഭിക്കുന്ന ജീവിത വശങ്ങളിൽ എല്ലാം അവർക്കും ശോഭിക്കുവാൻ സാധിക്കുന്നതാണ്. അത് സാധിക്കണമെങ്കിൽ ഗൃഹവും അടുക്കളയുമാണ് സ്ത്രീകളുടെ ധർരംഗമെന്നുള്ള അബദ്ധധാരണ ജനങ്ങളുടെ ഇടയിൽ നിന്നു പോകണം. മുസ്സോളിനിയുടെ ഭാര്യയുടെ മാതൃകയല്ല സ്ത്രീകൾക്ക് കാണിച്ചു കൊടുക്കേണ്ടത്. പിയറി ക്യൂറിയുടെ ശാസ്ത്രീയാന്വേഷണങ്ങളിൽ പങ്കുകാരിയായി റേഡിയം കണ്ടുപിടിച്ച് ലോകത്തെ അനുഗ്രഹിച്ച മാഡം ക്യൂറിയുടെ മാതിരി ഒരു ഭാര്യയാകാൻ കഴിവുള്ള സ്ത്രീകൾ മുസ്സോളിനിയുടെ

ഭാര്യയെ അനുകരിക്കുന്നത് സമുദായത്തിനും ലോകത്തിനും നഷ്ടമായിരിക്കും. പുരാതന ഇന്ത്യയിലെ യജ്ഞവൽക്യനോടുകൂടി തത്വശാസ്ത്രവാദങ്ങൾ നടത്തിയ സ്ത്രീകളും മാഡം മുസ്സോളിനിമാരാകരുത്. ലെനിന്റെ ബന്ധങ്ങളിലും, റഷ്യയിൽ നിന്നു നാടുകടത്തി യൂറോപ്യൻ രാജ്യങ്ങളിൽ ഓരോന്നിലായി ദാരിദ്ര്യം അനുഭവിച്ചും ഒളിച്ചും ജീവിക്കുന്ന കാലങ്ങളിലും അദ്ദേഹത്തിന്റെ കൂട്ടുകാരിയായും ഭാരമേറിയ വേലകളിൽ സെക്രട്ടറിയായും ശോഭിച്ചു അദ്ദേഹത്തിന്റെ ഭാര്യ നടേഷ്കാ ക്രൂപ്സ്കായുടെ ദൃഷ്ടാന്തം എത്ര മനോഹരമായിട്ടുള്ളതാണ്. പണ്ഡിറ്റ് ജവഹർലാലിന്റെ ഭാര്യ കമലാ നെഹ്റു ആനന്ദഭവന ഭരണം കൊണ്ടു മാത്രം തൃപ്തിപ്പെട്ടിരുന്നെങ്കിൽ ഇന്ത്യയ്ക്ക് ഒരു സമുദായസേവക നഷ്ടപ്പെടുമായിരുന്നു. കഴിയുന്നതും ഭർത്താക്കന്മാരുടെ വേലകളിൽ സഹകരിക്കുന്ന ഭാര്യമാരും ഭർത്താക്കന്മാരും യോജിക്കുന്ന ദാമ്പത്യങ്ങളാണ് ഉത്തമമായിട്ടുള്ളത്. അതാണ് ആദർശമായി ജനങ്ങൾക്ക് കാണിച്ചുകൊടുക്കേണ്ടത്.

## പെണ്ണുങ്ങളും പരിഷ്കാരവും അവശ്യവും അനാവശ്യവുമായ കാര്യങ്ങൾ

## ഇട്ടിച്ചിരിയമ്മ

( 'മഹിള', 1936 മാർച്ച്, 16 )

എന്റെ പേർ നിങ്ങൾക്കാർക്കും പിടിക്കുമെന്നു തോന്നുന്നില്ല. വല്ല ശാരദാമാധവൻ എന്നോ കല്യാണികൃഷ്ണൻ എന്നോ ഉള്ള ആണും പെണ്ണുമല്ലാത്ത പേരുകളായാൽ നിങ്ങൾക്കു ബോധ്യമാവും. എന്റെ പേർ തന്നെ "ഇട്ടിച്ചിരികൃഷ്ണ" നായാൽ നിങ്ങൾ തൃപ്തിപ്പെടും. പക്ഷെ ഞാൻ എന്റെ സ്ത്രീത്വം കളഞ്ഞു നപുംസകത്വം ഏറ്റെടുക്കാൻ ഭാവമില്ല.

പണ്ടത്തെ ''രാധാകൃഷ്ണ''നെപ്പറ്റി നിങ്ങൾ പറയുമായിരിക്കാം. പതിനാറായിരത്തെട്ടു ഭാര്യമാരുണ്ടായിരുന്ന ഒരു പുരുഷൻ സ്ത്രീത്വത്തിലേക്കു പെട്ടുപോയിട്ടുണ്ടെങ്കിൽ അത്ഭുതമില്ല എന്നുതന്നെയല്ല. ''രാധാകൃഷ്ണൻ'' എന്നുള്ളത് കൃഷ്ണന്റെ പോരായിരുന്നുവെന്നും രാധയ്ക്ക് ആ പേര് ബാധകമല്ലെന്നും കൂടി നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. രാധ അന്നും ഇന്നും രാധ തന്നെ.

മിസ്സിസ്സിനോട് എനിക്കു പണ്ടേ വെറുപ്പാണ്. മിസ്സിസ് കണാരൻ എന്നും മറ്റും പറയുന്നതിന് എന്താണർത്ഥം? ഒരു ചെറോട്ടിക്കോ കുഞ്ഞമ്മയ്ക്കോ എന്തുകൊണ്ട് ചെറോട്ടിയും കുഞ്ഞമ്മയും തന്നെയായിരുന്നുകൂടാ? വിവാഹം കഴിക്കുമ്പോഴേക്കും അവർ മിസ്സിസ്സ് ചാപ്പനോ, കോരപ്പനോ ആയിത്തീരുന്നു. ഇതാണുപോൽ പരിഷ്കാരം. സ്ത്രീകൾ പുരുഷന്മാരോട് സമത്വം നേടുന്നത് അവരുടെ പിന്നിൽ തൂങ്ങിട്ടാണുപോലും. ഇതുകൊണ്ടായോ

> **പുരാതന ഇന്ത്യയിലെ യജ്ഞവൽക്യനോടുകൂടി തത്വശാസ്ത്രവാദങ്ങൾ നടത്തിയ സ്ത്രീകളും മാഡം മുസ്സോളിനിമാരാകരുത്. ലെനിന്റെ ബന്ധങ്ങളിലും, റഷ്യയിൽ നിന്നു നാടുകടത്തി യൂറോപ്യൻ രാജ്യങ്ങളിൽ ഓരോന്നിലായി ദാരിദ്ര്യം അനുഭവിച്ചും ഒളിച്ചും ജീവിക്കുന്ന കാലങ്ങളിലും അദ്ദേഹത്തിന്റെ കൂട്ടുകാരിയായും ഭാരമേറിയ വേലകളിൽ സെക്രട്ടറിയായും ശോഭിച്ചു അദ്ദേഹത്തിന്റെ ഭാര്യ നടേഷ്കാ ക്രൂപ്സ്കായുടെ ദൃഷ്ടാന്തം എത്ര മനോഹരമായിട്ടുള്ളതാണ്.**

വൈഷമ്യം? ഇന്നു കണാരൻ മരിച്ചാൽ കണാരന്റെ മിസ്സിസ് നാളെ അമ്പുവിനെയായിരിക്കും മാലയിടുന്നതും. അപ്പോഴോ ഇന്നസത്തെ മിസ്സിസ് കണാരൻ ഇന്നത്തെ മിസ്സിസ് അമ്പുവായി. പോരാ മറ്റന്നാൾ അവൾ ഒരു കോപ്പനെ സ്വീകരിക്കുന്നു. അപ്പോഴോ അവൾ മിസ്സിസ് കോപ്പനാവണം. അപ്പോൾ ഒരു ജീവിതത്തിൽ ഒരുവൾക്ക് പേരെത്ര തവണ മാറും കൂട്ടരേ? ഇതാണോ പരിഷ്കാരം. മാത്രമോ ഈ കള്ളിയൊന്നും അറിയാതെ ഒരു മനുഷ്യൻ മിസ്സിസ് കണാരന്റെ മേൽവിലാസവും വെച്ച് അവൾക്കൊരു കത്തയച്ചാലോ? സാധു കോപ്പന് എത്ര മനസ്താപമാവും? ആ ചെറോട്ടിക്ക് എന്നും ചെറോച്ചി തന്നെയായി തന്റെ പേര് നിലനിർത്തരുതോ? എനിക്ക് ഇത്തരം പരിഷ്കാരികളോട് അറപ്പും വെറുപ്പുമാണ് തോന്നുന്നത്. എന്നിലധികം ഭാര്യമാരുള്ളവരായാലത്തെ കുഴപ്പം പറയാനില്ല. എല്ലാവരും മിസ്സിസുകൾ!

സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ആവശ്യകതയെപ്പറ്റി എനിക്ക് ഒട്ടും സംശയമില്ല. നമുക്കു തികച്ചും സ്വാതന്ത്ര്യവും വിദ്യാഭ്യാസവും സമുദായത്തിൽ ബഹുമതിയും വേണം. അത്രത്തോളം ഞാൻ പരിഷ്കാരികളോടു യോജിക്കും. പക്ഷെ ഒരു കാര്യം പറയാം. നമ്മുടെ ഗൗരവം എവിടെയാണ്? കേവലം തെരുവിലിറങ്ങി തെണ്ടുന്നതിനു ഗൗരവമുണ്ടോ? ഇല്ല. എന്നാലോ? മുഹമ്മദീയ പ്രമാണിമാരുടെ സ്ത്രീകളെപ്പോലെ നെടുമൂടൽ മൂടി പാളത്തൊപ്പിക്കു തുളയുണ്ടാക്കുന്ന മാതിരി കണ്ണിന്റെ സ്ഥാനത്തു രണ്ടു ദ്വാരങ്ങളും ഉണ്ടാക്കി കാറ്റുതട്ടാതെ പൊതിഞ്ഞുവെച്ചാൽ അതു ഗൗരവമായോ?

ഇല്ല! ഒരിക്കലും ഗൗരവമായില്ല. അത് രണ്ടുമല്ലാതെ പഴയ സമ്പ്രദായമുണ്ടല്ലോ – തറവാട്ടിലമ്മ – ആ സ്ഥാനത്തിന്നാണ് ഞാൻ ഗൗരവം കാണുന്നത്. നമുക്ക് ആരെയും കണ്ടുകൂടെന്നില്ല. കാണാം കാര്യങ്ങൾ പറയാം. കാര്യങ്ങൾ നടത്തിക്കാം, ലോകവർത്തമാനങ്ങൾ മനസ്സിലാക്കും. പക്ഷേ, വെറും വെടിക്കൂട്ടങ്ങളിൽ കൂടി അട്ടഹസിക്കാതിരുന്നാൽ മതി.

വിദ്യാഭ്യാസമോ? അത് അത്യാവശ്യം. പക്ഷേ, നർസാവാനും (നേഴ്സ്) മിസ്സറസ്സാവാനും ക്ലാർക്കാവാനുമുള്ള വിദ്യാഭ്യാസമല്ല. നമ്മുടെ സന്താനങ്ങളെ നല്ല രീതിയിൽ വളർത്തുന്നതിനും ഭർത്താക്കന്മാരെ നേർവഴിക്കു നയിക്കുന്നതിനും കുടുംബകാര്യങ്ങൾ കുഴപ്പം കൂടാതെ ഭരിക്കുന്നതിനും ഉള്ള വിദ്യാഭ്യാസമാണ് നമുക്ക് അത്യാവശ്യം. ഗൃഹഭരണമെന്നു പറഞ്ഞാൽ വെപ്പും ശാപ്പാടും മാത്രമല്ലെന്നു മനസ്സിലാക്കണം. വെപ്പും ശാപ്പാടും കുടുംബഭരണത്തിലെ എത്രയോ ചെറിയ ഒരു ഭാഗം മാത്രമാണ്.

നമ്മുടെ പരിഷ്കാരത്തിൽ ആ തറവാട്ടിലമ്മയുടെ സ്ഥാനം നഷ്ടപ്പെട്ടു. ഇപ്പോൾ തറവാട്ടിലമ്മയുടെ സ്ഥാനം വാലിയക്കാരത്തിക്കും ഗൃഹനാഥന്റെ സ്ഥാനം വാലിക്കാരനുമാണ്. എന്നിട്ടോ കൂട്ടുകാർ അവരുടെ അടിമകളായി കഴിയുന്നു. ഈ വക സംഗതികളിലാണ് നാം അഭിമാനവും സ്വാതന്ത്ര്യവും കാണിക്കേണ്ടത് എന്നാണ് എന്റെ അഭിപ്രായം. മിസ്സിസ് കസിൻസും, സന്ത് നിഹാൾസിംഗും മറ്റും മലയാളി സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ കണക്കില്ലാതെ സ്തുതിക്കുന്നു. കഴിഞ്ഞ സ്ത്രീസമ്മേളനത്തിലും കേരളീയ മഹിളകളുടെ നിസ്തുല്യമായ സ്വാതന്ത്ര്യത്തെപ്പറ്റി ഘോഷിക്കയുണ്ടായി. ഈ സ്തുതികൾക്കെല്ലാം നാം പാത്രമായത് നമ്മുടെ പണ്ടത്തെ തറവാട്ടിലമ്മമാരുടെ അന്തസ്സും പ്രൗഢിയും നിമിത്തമാണെന്നുള്ളത് ഒരിക്കലും വിസ്മരിക്കാൻ പാടില്ല. അങ്ങനെയുള്ള നമ്മുടെ പ്രാചീനമഹിമയെ നിലനിർത്തുന്നതിന്നുതകുന്ന പരിഷ്കാരവും വിദ്യാഭ്യാസവുമാണ് നമുക്ക് ആശാസ്യവും അത്യാവശ്യവുമായിട്ടുള്ളതെന്നു ഞാൻ വീണ്ടും പറയുന്നു.

## സ്വാഗതപ്രസംഗം
## എം. ഹലീമാബീവി

(മുസ്ലിം വനിത, 1113,മിഥുനം , 103–7)

ഒരഭൂതപൂർവമായ ആനന്ദത്തിന്റെയോ അത്യുൽകൃഷ്ടമായ സാഹോദര്യത്തിന്റെയോ അനുഗൃഹീതമായ അഴകാണ് ഇന്നിവിടെ നമുക്ക് അനുഭവിക്കുവാൻ ഇടയായിട്ടുള്ളത്. അറിവില്ലായ്മയുടെ അടിത്തട്ടിൽ, അസ്വതന്ത്രമായ അടുക്കളയിൽ കൂരിരുൾ തിരകളിൽ മുങ്ങിമറിഞ്ഞ് ഇതികർത്തവ്യതാമൂഢരായി കാലം കഴിക്കേണ്ടി വന്ന നമ്മൾക്ക്, അന്തഃപുരം വിട്ട് പുറത്തിറങ്ങാനോ അഭിപ്രായഗതികളെപ്പറ്റി ആലോചിക്കാനോ കഴിയാതെ ഏറ്റവും അടിമകളായി കാലം കഴിക്കേണ്ടിവന്ന നമ്മൾക്ക്, ഇങ്ങനെ ഒരു സമ്മേളനം നടത്തുന്നതിനുണ്ടായിട്ടുള്ള മഹാഭാഗധേയം തന്നെയാണ് ആ മഹാസൗന്ദര്യം.

പരിഷ്കാരത്തിന്റെ പരമകാഷ്ഠയിലെത്തിയിരിക്കുന്ന ഈ ഇരുപതാം നൂറ്റാണ്ടിൽ നാഗരികത്വം ലേശം പോലും തൊട്ടുതെറിക്കാത്ത ജനവിഭാഗത്തെപ്പറ്റി ചരിത്രവശങ്ങൾ വിവരിക്കുന്നുവെങ്കിൽ അതിൽ പ്രാഥമ്യം മുസ്ലീം സ്ത്രീകൾക്കായിരിക്കുമെന്നുള്ള വസ്തുത നമ്മക്കേവർക്കും മർമഭേദകമായിട്ടുള്ളതാണ്. സ്വരാജ്യത്തിനും സ്വസമുദായത്തിനും സ്വസഹോദരങ്ങൾക്കും വേണ്ടി സന്മാർഗാദർശമായ ജീവിതാദ്ധ്വാവിൽ കാലുവെക്കുവാൻ നമുക്ക് കഴിവില്ലെന്നോർക്കുമ്പോൾ ഈ പൈശാചികമായ ദുഷ്കാലം നമ്മളെ എത്ര മാത്രം അധഃപതിപ്പിച്ചിട്ടുണ്ടെന്ന് പറഞ്ഞറിയിക്കേണ്ടതില്ല.

സ്ത്രീകൾ, അതെ, ലോകത്തിന്റെ സകലവിധമായ അഭ്യുദയങ്ങൾക്കും കാരണക്കാതലായ വനിതകൾ അബലകളെന്ന അപഖ്യാതി അണിഞ്ഞ് അന്തസ്സാരവിഹീനകളായിത്തീർന്നിരിക്കുമ്പോൾ ഒരു സമുദായം എങ്ങനെ പരിഷ്കാരമുള്ളതായി പരിണമിക്കും? അഭിവൃദ്ധിയുള്ളതായിത്തീരും? രാജ്യം പുരുഷന് മാത്രമുള്ളതല്ല; ഒരു പുരുഷന് വ്യക്തിപരമായ കർത്തവ്യങ്ങൾ എന്തെല്ലാമുണ്ടോ, അതിനെല്ലാം സ്ത്രീക്കും അവകാശമുണ്ടെന്നുള്ളത് ഒരിക്കലും മറച്ചുവെക്കാവുന്നതല്ല. പരിശുദ്ധ ഇസ്ലാം നമ്മുടെ സ്വാതന്ത്ര്യത്തെയോ സംസ്കാരത്തെയോ വിദ്യാഭ്യാസത്തെയോ ഒരിക്കലും തടയുന്നില്ല. “സ്ത്രീകൾക്ക് ആത്മാവില്ല, അവർക്ക് സ്വാതന്ത്ര്യമില്ല, മോക്ഷപ്രാപ്തിയില്ല, കുടുംബത്തിനവകാശമില്ല” എന്നപ്രകാരമുള്ള അഭിപ്രായങ്ങൾക്കും വിധികൾക്കും ലോകം വശംവദമായിരുന്ന ഒരു കാലത്ത്, ജനിക്കുന്ന കുഞ്ഞ് പെണ്ണായിരുന്നാൽ അത് കുടുംബത്തിനു അപമാനകരമായിക്കരുതി അതിനെ ജീവനോടെ കുഴിച്ചുമൂടിയിരുന്ന ഒരു രാജ്യത്ത് ജാതനായ റസൂൽ കരീം (സ) എന്താണ് ചെയ്തത്?

വളർത്തുമൃഗത്തെക്കാൾ നികൃഷ്ടമായി കരുതിയിരുന്ന വനിതാ ലോകത്തെ ഏതുവിധമാണ് ആ പുണ്യപുമാൻ രക്ഷിച്ചത്. സ്ത്രീകൾ പുരുഷന്മാരുടെ സഹോദരികളാണ്. നന്മതിന്മകളുടെ ഫലം രണ്ടു കൂട്ടരിലും തുല്യമാണ്. അവർക്കും ആത്മാവുണ്ട്. ഈദൃശ സന്ദേശങ്ങൾ ലോകത്തു വരുത്തിയ പരിവർത്തനങ്ങൾ എത്ര അത്ഭുതാവഹങ്ങളായിരുന്നു. പരിശുദ്ധ ഇസ്ലാം പോലെ മഹിളാലോകത്തെ ബഹുമാനിച്ചിട്ടുള്ള ഒരു സമുദായം ഇന്ന് വിരളമായിട്ടേ കാണുകയുള്ളൂ. സ്വർഗം മാതൃപാദ

ങ്ങളിലാണ് സ്ഥിതി ചെയ്യുന്നതെന്നുള്ള റസൂർ കരീമിന്റെ ദിവ്യസന്ദേശം നമുക്ക് അഭിമാനജനകം തന്നെ. വാസ്തവം ഇപ്രകാരമായിരിക്കെ നമ്മുടെ ഇന്നത്തെ നില എത്ര പരിതാപകരമാണ്. അസ്വാതന്ത്ര്യകാരാഗാരത്തിൽ വലയുന്ന സ്ത്രീകളുള്ള് സമുദായത്തിലെ പുരുഷന്മാർക്ക് ഒരിക്കലും അവരുടെ പ്രവൃത്തികളുടെ സുന്ദരമായ ഫലം അനുഭവിക്കുന്നതിനു സാധിക്കയില്ല. ഭാവി പൗരന്മാരുടെ ധിഷണാവിലാസത്തിൽ ഉത്തരോത്തരം പ്രശോഭനമായിത്തീരേണ്ടുന്ന ലോകം കേവലം ഭൂഭാരത്തിനു മാത്രം അവശേഷിക്കുന്ന യുവാക്കളെയും ശിശുക്കളെയും ആരാധിച്ച് കഴിയണമെന്ന് വന്നാൽ അത് പ്രകൃത്യാ നിഷ്പ്രഭമായിത്തീർന്നുപോകും. അവരെ ചുമതലാബോധമുള്ളവരും വിവേകികളും വിജ്ഞാനികളും ആക്കിത്തീർക്കേണ്ട ഭാരം ആർക്കാണുള്ളതെന്നും അൽപം ആലോചിച്ചുനോക്കുവിൻ.

"തൊട്ടിലാട്ടുന്ന കൈതന്നെയാണ് വിഷ്ടപം ഭരിക്കുന്ന'' തെന്നുള്ള വസ്തുത നിങ്ങൾ ഒരിക്കലും മറന്നുകളയാവുന്നതല്ല. വിജ്ഞാനസമ്പന്നരും പരിഷ്കൃതാശയന്മാരുമായ പൗരന്മാർ ഉണ്ടാകണമെങ്കിൽ അവർ പഠനം ചെയ്യുന്ന സ്തന്യാമൃതത്തിനും അതേ ഗുണങ്ങൾ അനുപേക്ഷണീയമായിട്ടുള്ളതാണ്. മാതാക്കളാണല്ലോ ആ ശിശുക്കളെ പൗരന്മാരാക്കിക്കൊണ്ടുവരേണ്ടത്. നമ്മുടെ സമുദായത്തിലെ സ്ത്രീകൾക്കുള്ളതുപോലെ അടിമത്തം മറ്റൊരു സമുദായത്തിലും ഇല്ലെന്നുള്ളത് പരമാർത്ഥമായിരിക്കുമ്പോൾ മുസ്ലീംകളുടെ നാഗരികത്വത്തെക്കുറിച്ചോർത്ത് നമുക്ക് ലജ്ജ തോന്നിപ്പോകുന്നു. പരാന്നം ഭുജിച്ച് സ്ത്രീത്വം നശിച്ച് അവശതകളനുഭവിച്ച് നമുക്ക് ഇനിയും അടിമത്തം കൈക്കൊണ്ട് സ്വസമുദായത്തെയും സഹോദരന്മാരെയും അധഃപതിപ്പിക്കാൻ പാടില്ല. ഒരു സമുദായത്തിന്റെ അഭിവൃദ്ധിക്ക് ഒരു പുരുഷനെക്കാൾ ശക്തിമത്തായി ഒരു സ്ത്രീക്ക് പ്രവർത്തിക്കാൻ കഴിയുമെന്നുള്ളത് സത്യമാണ്. ഈ വാസ്തവം ഗ്രഹിക്കാൻ നമ്മുടെ സഹോദരങ്ങൾക്ക് വളരെനാൾ വേണ്ടിവന്നേക്കാം. ആദർശശുദ്ധിയും പ്രവർത്തനചാതുരിയുംകൊണ്ട് നമ്മൾ മുന്നോട്ടുവരുമ്പോൾ അവരെല്ലാം നമ്മുടെ പന്ഥാവിൽ പൂവിരിച്ചാചരിക്കും.

അക്ഷരാഭ്യാസം നിഷിദ്ധമായും അപരാധമായും കരുതിയിരുന്ന നമ്മളിൽ പലരും ഇന്ന് അഭ്യസ്തവിദ്യകളായിത്തീർന്നിരിക്കുന്നതുകൊണ്ടു തന്നെയാണ് ഈദൃശചിന്തകൾ നമ്മിൽ ഉദയം ചെയ്യാനിടയായിട്ടുള്ളത്. സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിക്കുന്നുവെങ്കിൽ അവർ വഴിപിഴക്കുമെന്നുള്ള തെറ്റിദ്ധാരണ ഇന്ന് ഭൂരിഭാഗവും നശിച്ചിട്ടുണ്ടെന്നുള്ളത് ആശ്വാസകരമാണ്. അവരവരുടെ ആശയങ്ങൾ വിപുലീകരിക്കുവാനും വിശദീകരിക്കുവാനും സ്വാഭിപ്രായം രേഖപ്പെടുത്തുവാനും പ്രഖ്യാപനം ചെയ്യുവാനും വിദ്യാഭ്യാസമാണ് നമുക്കു സഹായമായിത്തീർന്നിട്ടുള്ളത്. അതിന്റെ മഹച്ഛക്തിയിൽ അന്തർലീനമായ വിശാലഹൃദയത്വം തന്നെയാണ് പുറത്തിറങ്ങാതിരുന്ന നമ്മൾ എല്ലാവരെയും ഭീതിയും ലജ്ജയും വിട്ട് ഇന്നിവിടെ ഈ യോഗത്തിൽ സന്നിഹതരാകുന്നതിന് ഇടയാക്കിത്തീർത്തിട്ടുള്ളതെന്ന് ഞാൻ വിസ്മരിക്കുന്നില്ല. പ്രബുദ്ധരായിത്തീർന്നിട്ടുള്ള നമ്മുടെ അത്യുൽകൃഷ്ടമായ പ്രവർത്തനപദ്ധതികളും അഭിപ്രായങ്ങളും കേവലം വിദ്യാലയഗമനം കൊണ്ടുമാത്രം സാധിക്കുന്നതുമല്ല. നമ്മുടെ ആവശ്യങ്ങളെ വെളിപ്പെടുത്തുന്നതിനും അവകാശങ്ങളെ വ്യക്തമാക്കുന്നതിനും നമ്മുക്ക് അധികാരമുണ്ട്. പുരുഷൻ ജീവിതഭാരത്തിൽ വലയുന്നുണ്ടെങ്കിൽ സ്ത്രീ കുടുംബഭാരത്തിനു ചുമതലപ്പെട്ടവളാണെന്ന് നിങ്ങൾ ഒരിക്കലും വിസ്മരിക്കരുത്. പുരുഷന്റെ സകല പ്രവൃത്തികളും ശുഭപൂർണമായിത്തീരുന്നതിന് സ്ത്രീയുടെ അനുകമ്പാപൂർണമായ ആശിസ്സ് അത്യാവശ്യമാണ്. നമ്മൾ ജീവിതത്തിൽ എന്താണ് ചെയ്യേണ്ടത്? അത് നമുക്ക് എങ്ങനെ സാധിക്കും? അറിവുകൊണ്ടും ആദർശശുദ്ധികൊണ്ടും അനുഗ്രഹിക്കപ്പെട്ട അനേകം സഹോദരികൾ നമുക്കുണ്ട്. അവരുമായി അടുത്തു പെരുമാറുകയും അവരെ അനുസരിക്കുകയും ചെയ്യുന്നതിന് നമുക്ക് അവസരമുണ്ടാക്കുകയാണ് അത്യാവശ്യമായിട്ടുള്ളത്. അതിന് ഒരു സമ്മേളനം പോലെ മഹത്തായ കാര്യപരിപാടി മറ്റൊന്നുമില്ല. പല കാരണങ്ങളാലും അവശത അനുഭവിച്ച് അധഃപതിച്ചുകിടക്കുന്ന നമ്മൾക്കുണ്ടാകേണ്ട ആത്മാഭിമാനത്തെ പുരസ്കരിച്ചാണ് ഈ സമ്മേളനം നടത്താൻ സന്നദ്ധയായതെന്ന് സവിനയം അറിയിച്ചുകൊള്ളുന്നു.

അഖിലതിരുവിതാംകൂർ മുസ്ലിം വനിതാസമാജം രൂപവത്കരിക്കണമെന്ന അത്യാകാംക്ഷ അതിരുകടന്നതാണെന്ന് എനിക്ക് തോന്നുന്നു. പക്ഷേ, നമ്മളെ സംബന്ധിച്ചിടത്തോളം അത് അത്യന്താപേക്ഷിതമാണ്. തിരുവിതാംകൂർ മുഴുവൻ തിരഞ്ഞാലും അതിന് സന്നദ്ധതയുള്ളവർ എത്രകണ്ട് കാണുമെന്ന് എനിക്ക് നിശ്ചയമില്ല. അവരെല്ലാവരും അത്ര പെട്ടെന്ന് ഒരുമിക്കുക എന്ന് പറയുന്നതും പ്രായോഗികമായിത്തീരാൻ പ്രയാസമാണ്. എന്നാൽ, ഒരു പൊതുസംഘടന നമുക്ക് ആവശ്യവും ആയിരിക്കുന്നു. അതിന് ഓരോ താലൂക്കുതോറും, കരകൾതോറും വനിതാസമാജം വേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാര്യബോധമുള്ള ഓരോ സഹോദരിയെങ്കിലും ഒരു ദിക്കിലുണ്ടായാൽ മതിയാകും നമ്മുടെ ഉദ്ദേശ്യം ശരിയാകുവാൻ.

ഇങ്ങനെയുണ്ടാകുന്ന യോഗങ്ങളെല്ലാം സ്വരൂപിച്ച ഒരഖിലതിരുവിതാംകൂർ അഥവാ ഒരഖിലരാജ്യ സമ്മേളനത്തിനു വലിയ പ്രയത്നം ഒന്നും വേണ്ടിവരുകയില്ല. തിരുവിതാംകൂർ മുസ്ലിംവനിതകൾ

ക്കുള്ള സമുന്നതയെ വെളിപ്പെടുത്തുന്നതിന് അങ്ങനെ ഒരു സമാജം ഉണ്ടാകാതെ ഒരിക്കലും സാധിക്കുന്നതല്ല. പല സ്ഥലങ്ങളിൽ നിന്നും ഇന്നിവിടെ സന്നിഹിതരായിരിക്കുന്ന സഹോദരികൾ, അവരവരുടെ ഏറ്റവും വലിയ കർത്തവ്യം തങ്ങളുടെ സഹോദരികളെ പരിഷ്കൃത മനസ്വിനികളാക്കിത്തീർക്കുന്നതിന് ഉടൻ അവരവരുടെ ദിക്കുകളിൽ സമാജം സ്ഥാപിക്കുകയാണ് വേണ്ടത്. മറന്നുപോകയില്ലെന്ന് ഞാൻ വിശ്വസിക്കുന്നു.

മാന്യസഹോദരികളേ! കുലത്തിന് ശിരോവതസമമായ നമ്മളുടെ കൊച്ചുബാലികമാരെ പാഠശാലകളിൽ അയക്കുന്നതിന് നിങ്ങൾ ഒരിക്കലും വിമുഖരായിത്തീരരുതെന്നാണ് സമാജരൂപവത്കരണ പരിപാടിയിലെ പ്രധാനചടങ്ങായി എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കാവാനുള്ളത്. നമ്മളുടെ സത്യമതവും പുണ്യാത്മാവായ റസൂൽകരീമും(സ) ഒരിക്കലും സ്ത്രീകളെ അധഃകൃതരായി ഗണിച്ചിട്ടില്ല. നബി തിരുമേനിക്ക് ആദ്യമായി സിദ്ധിച്ച ദൈവസന്ദേശം തന്നെ അതിന് സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. "പേനകൊണ്ടെഴുതാൻ പഠിപ്പിച്ച നിന്റെ ദൈവനാമത്തിൽ നീ വായിക്കുക." എന്ന് വിശുദ്ധ ഖുർആനിൽ ആജ്ഞാപിച്ചിരിക്കുന്നതിന്റെ പരമരഹസ്യം നിങ്ങൾ ചിന്തിക്കണം.

വിദ്യാഭ്യാസത്തിന്റെ പ്രഥമമാർഗം എഴുത്തും വായനയും പഠിക്കുകയാണ്. ഒരു പിതാവിന്റെ കടമയെപ്പറ്റിയുള്ള പരിശുദ്ധനബിവചനം നിങ്ങൾ ഓർമിക്കണം: 'കുട്ടിയെ എഴുത്തുപഠിപ്പിക്കുക; നല്ല പേരിടുക; പ്രായം തികഞ്ഞാൽ വിവാഹം ചെയ്യിക്കുക' ഇത്രയും പിതാവിന്റെ കടമയായി പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടെല്ലാം വിദ്യാഭ്യാസത്തെ മതം ഒരിക്കലും നിഷേധിച്ചിട്ടില്ലെന്ന് മനസ്സിലാക്കാവുന്നതാണ്. നമ്മൾ രൂപവത്കരിക്കുന്ന സമാജം വിദ്യാഭ്യാസത്തിനുവേണ്ടി മാത്രമുള്ളതല്ല. ശുചിത്വം, ശിശുസംരക്ഷമം, ഗൃഹഭരണം, ആത്മീയാനന്ദത്തിനും പരിഷ്കരണത്തിനും വേണ്ടി സാഹിത്യം എന്നതെല്ലാം നമ്മുടെ പെൺകുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുക, വിദ്യാഭ്യാസത്തിലും ഉദ്യോഗത്തിലും നമുക്കുള്ള അവശതകളെ അറിയിച്ച് ബഹുമാനപ്പെട്ട ഗവൺമെന്റിൽനിന്നും വേണ്ട സഹായങ്ങൾ ചോദിച്ചു വാങ്ങിക്കുക മുതലായവയാകുന്നു. കരയുന്ന കുഞ്ഞിനു മാത്രമേ മുലകൊടുക്കുകയുള്ളൂ എന്നത് പരമാർത്ഥമാണ്. എന്നാൽ, കരഞ്ഞാലും കൊടുക്കാൻ സമയമുണ്ടാകാത്ത ഒരു കാലമാണിത്. നിറുത്താതെ കരയുകയും നമ്മുടെ ആവശ്യങ്ങൾ ചോദിക്കുകയും ചെയ്തില്ലെങ്കിൽ നമുക്കൊരിക്കലും ഒന്നും കിട്ടുന്നതല്ല. കൃത്യാന്തര ബഹുലതയുള്ള ഗവൺമെന്റിന് പ്രതിപക്ഷ മനഃസ്ഥിതിയോ പ്രത്യേകതയോ ഉണ്ടാകാൻ തരമില്ല. നമ്മളുടെയിടയിൽ പരീക്ഷ പാസ്സായിട്ടുള്ളവർ എല്ലാ ഉദ്യോഗത്തിനു അപേക്ഷ കൊടുക്കണം. ഒരു പ്രാതിനിധ്യപദ്ധതിയോ അവകാശവാദമോ അല്ല ഞാനുദ്ദേശിക്കുന്നത്. നമ്മളുടെ രക്തം കുതിച്ചുയർന്നു വറ്റി മിന്നിത്തെളിയുന്നതാണ് നമ്മുടെ രാജ്യം. അതിനെ സേവിക്കേണ്ട കർത്തവ്യം നമുക്കുമുണ്ട്. നമ്മുടെ രാജ്യത്തിൽ ഉദ്യോഗം സ്വീകരിക്കുക നമ്മുക്ക് അഭിമാനകരമാണ്. ആത്മാഭിമാനം വളർത്തിക്കൊണ്ടുവരുന്നതിനാണ് നമ്മൾ ഉദ്യോഗവതികളായിത്തീരണമെന്ന് ഞാൻ പറയുന്നത്. ഗവൺമെന്റ് നമുക്കു ചില പ്രത്യേകസൗകര്യങ്ങൾ ചെയ്തുതരേണ്ടതുമുണ്ട്. പരിഷ്കൃതമനസ്കനും മഹാനുഭാവനുമായ നമ്മുടെ പൊന്നുതമ്പുരാനും രാജ്യക്ഷേമോത്സുകനായ സചിവോത്തമനും മറ്റു രാജ്യസ്നേഹികളും അതിൽ സന്തുഷ്ടരായിത്തന്നെ ഇരിക്കും. തൽക്കാലം സന്നദ്ധതയും കഴിവും നമ്മളെ സംബന്ധിച്ചിടത്തോളം സർട്ടിഫിക്കറ്റും ഡിഗ്രിയുമായി ഗവൺമെന്റ് പരിഗണിക്കേണ്ടതാണ്.

പൊതുവെ മുസ്ലീംസ്ത്രീകൾക്ക് രാജ്യത്ത് ഒരുണർവും ഉണ്ടായിട്ടില്ലാത്തതിനാൽ സ്വരാജ്യബോധവും പ്രതിപത്തിയും ഉണ്ടാക്കേണ്ട കർത്തവ്യം അറിവുള്ള സഹോദരികൾക്കുണ്ട്. നമ്മിൽ ഓരോരുത്തരിലും തിങ്ങിവിങ്ങുന്ന ഭൂതദയയുടെയും സഹോദരീത്വത്തിന്റെയും പ്രഭാങ്കുരത്താൽ സമുദായം അത്യന്തം ചൈതന്യം ചാർത്തി വിജയിച്ചരുളത്തക്കവിധം പ്രവൃത്തി സമ്പൂർണമായ ഒരു സമാജരൂപവത്കരണമാണ് നമുക്ക് അത്യാവശ്യമായിട്ടുള്ളത്. അതിന്റെ ആവശ്യകതയെ നല്ലപോലെ ഗ്രഹിച്ച്, ദുഷിച്ച മാമൂൽകോട്ടകളുടെ ശക്തിയേറിയ ഭിത്തികളെ തട്ടിത്തകർത്ത് യാഥാസ്ഥിതികപാതകളിൽക്കൂടി നിർഭയം സഞ്ചരിച്ച് ത്യാഗത്തിന്റെ മുൾക്കിരീടം ധരിച്ച് വളരെ കഷ്ടനഷ്ടങ്ങളും സഹിച്ച്, വിദൂരസ്ഥലങ്ങളിൽ നിന്നുപോലും ഇവിടെ എത്തിച്ചേർന്നിട്ടുള്ള സഹോദരികളോട് എന്റെ അടിത്തട്ടിൽനിന്നും ഉദിച്ചുയരുന്ന നന്ദിയെ രേഖപ്പെടുത്തുന്നതിന് ഈ എളിയ സഹോദരിക്കു കഴിവില്ലെന്ന് സലജ്ജം സമ്മതിക്കുന്നതോടുകൂടി ഹൃദയപൂർവ്വം നിങ്ങൾക്ക് ഓരോരുത്തർക്കും സ്വാഗതം പറഞ്ഞുകൊള്ളുന്നു.

*(ഈ ലേഖനങ്ങൾക്ക് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച കല്പനയുടെ മാറ്റൊലി (എഡിറ്റർ ജെ. ദേവിക) 2011 എന്ന പുസ്തകത്തോട് കടപ്പാട് .*



**വി.പി.റജീന**
രണ്ട് പതിറ്റാണ്ടിനടുത്തായി മാധ്യമ രംഗത്ത് പ്രവർത്തിക്കുന്നു. നിലവിൽ 'മാധ്യമം' ദിനപത്രത്തിൽ സീനിയർ സബ് എഡിറ്റർ.

# ഒരു പത്രപ്രവർത്തകയുടെ ഓർമ്മകൾ

"പരിസ്ഥിതി,സ്ത്രീ,മനുഷ്യാവകാശം, സാങ്കേതികം, രാഷ്ട്രീയം അടക്കമുള്ള വിഷയങ്ങളിൽ അച്ചടി- ഓൺലൈൻ - സമൂഹ മാധ്യമങ്ങളിൽ ഒട്ടേറെ എഴുതി. ഇപ്പോഴും സജീവമായി എഴുതിക്കൊണ്ടിരിക്കുന്നു. പരിസ്ഥിതി സംബന്ധ വിഷയങ്ങളിൽ പ്രത്യേക ഊന്നൽ കൊടുത്ത് എഴുതുന്നു.




കോഴിക്കോട് നഗരത്തിന്റെ മാലിന്യങ്ങൾ തള്ളുന്ന ഞെളിയൻ പറമ്പിനെ കുറിച്ച് 'ഇങ്ങനെയാണ് നഗരം ഒരു ഗ്രാമത്തെ വിഴുങ്ങുന്നത് ' എന്ന പേരിൽ മാധ്യമത്തിൽ ചെയ്ത പരമ്പരക്ക് 2012ൽ 'രാംനാഥ് ഗോയങ്കെ ദേശീയ പുരസ്കാരം' തേടിയെത്തി. ഡൽഹിയിൽ നടന്ന ചടങ്ങിൽ അന്നത്തെ ഉപരാഷ്ട്രപതി ഹാമിദ് അൻസാരിയിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി. മലയാളത്തിൽ ഗോയങ്കെ പുരസ്കാരം ലഭിച്ച ആദ്യ വനിതാ മാധ്യമ പ്രവർത്തകയായി.

നഗര മാലിന്യപ്രശ്നത്തിന്റെ വിവിധ തലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ചെയ്ത ഇതേ പരമ്പര 'കേരള ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫ് അസോസിയേഷന്റെ' പരിസ്ഥിതി പുരസ്കാരത്തിനും അർഹയാക്കി. കോഴിക്കോട് മെഡിക്കൽ കോളജിന്റെ മാലിന്യം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട മായനാട് എന്ന ഗ്രാമത്തിന്റെ തീരാദുരിതം പകർത്തിയ 'മെഡിക്കൽ കോളജ് ഒരു ദേശത്തോട് ചെയ്യുന്നത് ' എന്ന പരമ്പര 'കേരളീയം' മാസികയുടെ പ്രഥമ ഫെല്ലോഷിപ്പിന് അർഹമായി. കേരളത്തിലെ ആശുപത്രികളുൽപാദിപ്പിക്കുന്ന ബയോ മെഡിക്കൽ മാലിന്യങ്ങളുയർത്തുന്ന ഗുരുതര പ്രതിസന്ധികളെ കുറിച്ച് വിശദമായ പഠന-പ്രവർത്തനങ്ങൾ നടത്തുന്നതിലേക്ക് ഇത് നയിച്ചു.

ഏഷ്യയിലെ ആദ്യ ന്യൂസ് പേപ്പർ ഡിസൈൻ വെബ് സൈറ്റായ 'ന്യൂസ് പേപ്പർ ഡിസൈൻ. ഇൻ' 2021 ലെ ടോക്യോ ഒളിമ്പിക്സിനോട് അനുബന്ധിച്ച് ഏർപ്പെടുത്തിയ പത്ര രൂപകൽപന മൽസരത്തിൽ ഒളിമ്പിക്സ് ദിന ഒന്നാം പേജൊരുക്കി 'മാധ്യമ'ത്തിന് രാജ്യാന്തര പുരസ്കാരം നേടിക്കൊടുത്തു. 33 രാജ്യങ്ങളിൽ നിന്നായി 450 പത്രങ്ങൾ മൽസരിച്ചതിൽ മാധ്യമത്തെ തേടി വെള്ളി മെഡലെത്തി.


മുസ്ലിം സ്ത്രീകളുടെ സാന്നിധ്യം തുലോം തുച്ഛമായിരുന്ന 2000ത്തിന്റെ തുടക്കത്തിൽ തന്നെ തീർത്തും സാധാരണമായ കുടുംബ പശ്ചാത്തലത്തിൽ നിന്ന് പഠനത്തിനായി ജേർണലിസം സ്വയം തെരഞ്ഞെടുത്ത് ഈ തൊഴിൽ മേഖലയിലേക്ക് കാലെടുത്തു വെച്ചു. അന്നുതൊട്ട് സ്ത്രീ വിഷയങ്ങൾ, പ്രത്യേകിച്ച് മുസ്ലിം സ്ത്രീകളുടെ പ്രശ്നങ്ങൾ നിരവധി എഴുത്തുകളിലൂടേയും ചർച്ചകളിലൂടേയും സമൂഹത്തിന്റെ ശ്രദ്ധയിലേക്ക് ക്ഷണിച്ചു വരുന്നു. അതിന്റെ ചില ഘട്ടങ്ങളിൽ രൂക്ഷമായ സൈബർ ആക്രമണങ്ങൾക്കിരയാവുകയും അതിനെ അതിജീവിക്കുകയും ചെയ്തു.

കോഴിക്കോട് നല്ലളമാണ് സ്വദേശം. മാധ്യമം സീനിയർ സബ് എഡിറ്റർ കെ.എ സൈഫുദ്ദീൻ ആണ് ജീവിത പങ്കാളി. സൈറ, റയാൻ എന്നീ രണ്ടു മക്കളുണ്ട്.

**പഠനം**



**മായ എസ്.**
അദ്ധ്യാപിക, ഫിലോസഫി വിഭാഗം,
ശ്രീ കേരള വർമ്മ കോളേജ്, തൃശ്ശൂർ




# സ്ത്രീയുടെ അസ്തിത്വത്തെക്കുറിച്ചുള്ള ബുവേറിയൻ നിലപാട്

നവജാതശിശു ഒരു പെൺകുട്ടിയോ ആൺകുട്ടിയോ ആയി ജനിക്കുന്നതായി തിരിച്ചറിയുന്നില്ല. അതിന് പെണ്ണത്തമോ ആണത്തമോ ഇല്ല. ലിംഗവ്യവസ്ഥയെക്കുറിച്ചുള്ള തിരിച്ചറിവൊന്നുമില്ലാതെ ജനിക്കുന്ന കുട്ടി പെൺകുട്ടിയോ ആൺകുട്ടിയോ ആയി മാറുകയാണ് എന്നതാണ് ഫ്രഞ്ച് തത്വചിന്തകയായ സിമോൺ ഡി ബുവ്വർ എന്ന ഫെമിനിസ്റ്റ്, സെക്കന്റ് സെക്സ് എന്ന പുസ്തകത്തിലൂടെ വിശദീകരിക്കുന്നത്. ലിവ്ഡ് എക്സ്പീരിയൻസ് എന്ന തലക്കെട്ടോടെ പുസ്തകത്തിന്റെ രണ്ടാം വാല്യത്തിൽ തുടക്കത്തിൽത്തന്നെ പറയുന്ന ഒരു വാചകം ഇപ്പോൾ നമ്മുടെ നാട്ടിലും അല്പം പ്രസിദ്ധമായിരുന്നു. One is not born, but becomes a woman- എന്നതാണ് ആ ആപ്തവാക്യം. ഈ വാക്യത്തോടെ ഡി ബിവ്വോർ തുറന്നു വെക്കുന്നത് സ്ത്രീയുടെ വിവിധജീവിതഘട്ടങ്ങളിലെ അനുഭവങ്ങളിലേക്കുള്ള വിമർശനാത്മകമായനോട്ടമാണ്. ആ വിശകലനത്തെ, അതൊരു വിശദീകരണം മാത്രമാണ് പ്രതിഷേധാത്മക പ്രതികരണം അല്ല എന്ന് ചില അഭിമുഖങ്ങളിൽ ഡി ബുവ്വർ പറയുന്നുണ്ടെങ്കിലും, സ്ത്രീയനുഭവങ്ങളെ വിശദീകരിക്കുക വഴി അതിനെ വിമർശനാത്മകമായി കാണുന്നതിനും മാറ്റിയെടുക്കുന്നതിനുമുള്ള ആഹ്വാനം അതിലുൾക്കൊണ്ടിട്ടുണ്ട്. ഒരു പക്ഷെ അന്നത്തെ ഫ്രാൻസിൽ അക്കാദമികബൗദ്ധിക രംഗത്ത് നിൽക്കുന്ന ഒരാളെന്ന നിലയിൽ, ഒരു സ്ത്രീ-തത്വചിന്തക എന്ന നിലക്ക് ചെയ്യാൻ പറ്റുന്ന ഈ എഴുത്തുപ്രവർത്തനം, പ്രതിഷേധപ്രവർത്തനമാണ് എന്ന് കടുത്ത വിമർശനരോഷത്തോടെ പറയുവാൻ അവർക്ക് ബുദ്ധിമുട്ടുണ്ടായിരുന്നിരിക്കാം. അതിനാൽത്തന്നെയാകണം, വളരെ നർമം കലർന്ന രീതിയിലാണ് പല വിമർശനഭാഗങ്ങളും എഴുതപ്പെട്ടിട്ടുള്ളതും വിശകലനങ്ങൾ നടത്തിയിട്ടുള്ളതും. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും മധ്യത്തിൽത്തന്നെയും ഫ്രാൻസിലേയും പൊതുവേ യൂറോപ്പിലേയും സാമൂഹ്യവ്യവസ്ഥയിൽ സ്ത്രീയനുഭവങ്ങൾ എത്ര രണ്ടാം കിടയായിരുന്നു എന്നതിന്റെ വിശദീകരണം ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിലും പ്രസക്തമാണ്.

കൊടിയ അപകർഷതയും അതേസമയം അസന്ദിഗ്ദ്ധമായ ശ്രേഷ്ഠതയും ആണ് പുരുഷന്മാരുടെ സിദ്ധാന്തങ്ങളാലും സാഹിത്യങ്ങളാലും സ്ത്രീ

കളിൽ ആരോപിക്കപ്പെടുന്നത് എന്ന് അവർ അഭിപ്രായപ്പെടുന്നുണ്ട്. ഫ്രഞ്ച് സാഹിത്യത്തിലും യൂറോപ്യൻ തത്വചിന്തകരിലും കാണുന്ന, തിരിച്ചറിയപ്പെടാതെ സമൂഹത്തിലലിഞ്ഞിരിക്കുന്ന, ഈ പ്രശ്നം അവർ എടുത്തു കാണിക്കുന്നു. ശാരീരികമായും മാനസികമായും അപകർഷതയുടെ അസ്തിത്വവും ജീവിതാവസ്ഥകളും അതേസമയം മാതൃത്വത്തേയും സ്ത്രീത്വത്തേയും മഹത്വവൽക്കരിക്കപ്പെടുത്തുന്ന ആശയങ്ങളും ആരോപിക്കപ്പെട്ട് ആവാഹിക്കപ്പെട്ട സ്ത്രീകൾ, എങ്ങനെ ഇത്തരത്തിൽ ആയിത്തീരുന്നു എന്ന ജീവിതസാഹചര്യാനുഭവങ്ങളെക്കുറിച്ചാണ് ബുവ്വോർ വിവരിക്കുന്നത്. അനുഭവങ്ങളുടെ അർത്ഥങ്ങളേയും ബോധതലങ്ങളേയും വിവരിക്കുകഎന്ന പ്രതിഭാസവിജ്ഞാനീയത്തിന്റെ രീതിശാസ്ത്രമാണ് ഇവിടെ ബുവ്വോർ എഴുത്തിൽ അനുവർത്തിക്കുന്നത് എന്ന് കാണാം. എന്നത് അസ്തിത്വവാദത്തിന്റെ തത്വമായ'ആയിരിക്കലും ആയിത്തീരലും' എന്നചർച്ചകളിലേക്ക് രീതി ശാസ്ത്രപരമായും ജ്ഞാനശാസ്ത്രപരമായും നയിക്കുന്നു.

മനുഷ്യക്കുട്ടി പിറക്കുമ്പോൾ അത് സ്ത്രീ ആയിരിക്കുന്നില്ല; ആ ജീവി അസ്തിത്വപ്രശ്നങ്ങളാൽ സ്ത്രീആയിത്തീരുകയാണ്. എങ്ങനെയൊക്കെയാണ് ആ ആയിത്തീരൽ നടക്കുന്നത് എന്നതാണ്, ഒരുയോനിയോടെ ജനിക്കുന്ന കുഞ്ഞിന്റെ പലജീവിതഘട്ടങ്ങളിലൂടെയുള്ള അനുഭവങ്ങളെ വിലയിരുത്തിക്കൊണ്ട് ഡിബുവ്വോർ വിശദീകരിക്കുന്നത്. ഒരുപക്ഷെ യോനിയോടെ ജനിക്കുന്നു എന്നുപോലും പ്രസക്തമല്ലാത്തതും, ലിംഗമില്ലാതെ ജനിക്കുന്നു എന്ന ഭാഷമാത്രം പ്രയോഗിക്കുന്നതുമായ പുരുഷകേന്ദ്രിത ജ്ഞാനവ്യവസ്ഥയിലിരുന്നുകൊണ്ടാണ് അവർ അതിനെ വിമർശനാത്മകമായിവിലയിരുത്തുന്നത് എന്നത് ശ്രദ്ധേയമാണ്. അരിസ്റ്റോട്ടിൽ എന്ന പുരാതന ഗ്രീക്ക് തത്വ ചിന്തകനായ അരിസ്റ്റോട്ടിൽ തുടങ്ങി, ഫ്രോയിഡ്, മാർക്സ് എന്നിങ്ങനെ മറ്റുപല ചിന്തകരുടേയും സാഹിത്യകാരന്മാരുടേയും പുരുഷകേന്ദ്രിത- സാമൂഹ്യസിദ്ധാന്തങ്ങളുടേയും ആശയങ്ങളുടേയും അടിസ്ഥാനത്തിൽ മെനഞ്ഞിട്ടുള്ള സാമൂഹ്യ വ്യവസ്ഥയിൽ, സ്ത്രീയെ നിർവചിച്ചത് പൂർണമല്ലാത്ത പുരുഷൻ (ൗശേഹമലേറ ാമി) എന്നും ലിംഗാസൂയ(ുലിശലി്്യ) യുള്ളവൾ എന്നുമൊക്കെയായിരുന്നു. ഇതേക്കുറിച്ചുള്ള വിശദമായ വിമർശനാവലോകനം ഡിബുവ്വോർ, സെക്കന്റ് സെക്സ് എന്ന പുസ്തകത്തിന്റെ ഒന്നാം വാല്യത്തിൽ ചെയ്യുന്നുണ്ട്. നിലവിലുണ്ടായിട്ടുള്ള തത്വങ്ങൾക്കൊന്നും സ്ത്രീയുടെ പ്രശ്നങ്ങളെ പരിഹരിക്കാനാവില്ല എന്ന് മാത്രമല്ല അവ സ്തീയെ പുരുഷക്കാഴ്ചയിലൂടെ നിർവചിക്കുന്നവയുമാണ് എന്ന യാഥാർഥ്യം വിമർശനാത്മകമായി തുറന്ന് കാണിക്കുന്നു. രണ്ടാം വാല്യത്തിലൂടെ പെൺകുട്ടി, യുവതി, വിവാഹിത, അമ്മ, സാമൂഹ്യജീവി എന്നിങ്ങനെ സ്ത്രീയുടെ വിവിധ ജീവിതഘട്ടങ്ങളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു.

ബാല്യത്തെക്കുറിച്ചുള്ള വിവരണത്തിൽ പെൺകുട്ടിയുടെ അനുഭവങ്ങളും ചിന്തകളും വികാരങ്ങളും വിശകലനം ചെയ്യുകവഴി, ഫ്രോയിഡ്പറഞ്ഞ തരംഅപകർഷതകളും അസൂയകളും പെണ്ണനുഭവങ്ങളിൽ ഉണ്ടായതല്ല പുരുഷാധിപത്യ സമൂഹം നിർമിച്ചെടുത്തതാണ് എന്ന് സ്ഥാപിക്കുന്നു. ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് മൂത്രമൊഴിക്കുമ്പോൾ ലിംഗം കാണാനായ പെൺകുട്ടികൾ പലപ്പോഴും വിശ്വസിക്കുന്നത്, തങ്ങളെ പെൺകുട്ടിയാക്കാനായി ലിംഗംമുറിച്ചു കളഞ്ഞതാകാം എന്നാകാം. അതല്ലെങ്കിലും ഇതേക്കുറിച്ച് പെനിസ് എൻവി ഉണ്ടാകേണ്ടുന്ന ഒരുകാര്യവും പെൺകുട്ടികളുടെ അനുഭവത്തിലില്ല. എന്നാൽ സ്വന്തംശരീരത്തെ ഭീതിയോടും രഹസ്യസ്വഭാവത്തോടുംമാത്രം നോക്കിക്കാണാൻ മാത്രമാണ് കൗമാരത്തിൽ പലപ്പോഴും പെൺകുട്ടികളെ പരിശീലിപ്പിക്കുന്നത് എന്നത് പാശ്ചാത്യകുടുംബങ്ങളിലും നിലനിന്നിരുന്നുഎന്നത്തിന്റെ തെളിവുകൾ ഡിബുവർ നിരത്തുന്നു. ലിംഗത്തിന് കൊടുക്കുന്ന അമിതപ്രാധാന്യം എങ്ങനെ ആൺകുട്ടികളെ അതിൽ രമിക്കുന്നവരും പെൺകുട്ടികളെ ലൈംഗികസുഖംഎന്ന് മാത്രമല്ല തങ്ങളുടെ ശരീരത്തെക്കുറിച്ചും അറിയാത്തവരും ആക്കുന്നുഎന്നത് എടുത്തു കാണിക്കുവാൻ ഇതിൽ ശ്രമിക്കുന്നുണ്ട്. സ്വന്തംശരീരത്തെക്കുറിച്ചു മാത്രമല്ല മനസ്സിനെക്കുറിച്ചുപോലും സ്ത്രീകളുടെ തന്നെ അജ്ഞതയെ ഉണ്ടാക്കുന്ന സാമൂഹികപരിശീലനംതകർക്കുകവഴിയേ പുരുഷനോടുള്ള സ്ത്രീയുടെഅടിമത്തം അവസാനിപ്പിക്കാൻ കഴിയൂ എന്ന് കാണിക്കുന്ന സാഹിത്യശകലങ്ങൾ ഉദാഹരിക്കുന്നുമുണ്ട്.

പിറന്ന ഒരുമനുഷ്യക്കുട്ടി എങ്ങനെ പെൺകുട്ടിയായും യുവതിയായും ഭാര്യയായും അമ്മയായും മെരുക്കിവളർത്തപ്പെടുന്നു എന്നത് വിവരിക്കുകവഴി സമൂഹത്തിലും കുടുംബത്തിലും സ്ത്രീക്ക് രണ്ടാംകിടസ്ഥാനമായിരിക്കുന്നത് എങ്ങനെയൊക്കെയാണ്എന്നത് വ്യക്തമാക്കുന്നു.കൂടാതെ പെണ്ണ് പ്രണയത്തിലാകുമ്പോൾ എങ്ങനെയൊക്കെ സ്വയം സമർപ്പിക്കുന്നു എന്നും പുരുഷൻ എങ്ങനെ എല്ലാത്തിനും അതീതനായി, അഥവാ തനിമയോടെ നിലകൊള്ളുന്നു എന്നും ഡി ബുവ്വോർ വിശദീകരിക്കുന്നു. എന്നും അടിമത്തത്തെ അംഗീകരിച്ചുകൊണ്ട്പ്രണയിനിയും ഭാര്യയുമൊക്കെയായിരിക്കുന്ന സാഹചര്യങ്ങൾ എങ്ങനെയാണ് എന്നുംഅവർ വിശദീകരിക്കുന്നു. സ്ത്രീപുരുഷബന്ധങ്ങളിൽ മാത്രമല്ല ലെസ്ബിയൻ എന്ന അവസ്ഥയിലും പെണ്ണിന്റെ അനുഭവം എന്തെന്ന് അവർ വിശദീകരി

ക്കുന്നു. വിവാഹം–കുടുംബം എന്ന സ്ഥാപനം ആശയപരമായി മാറിവരുന്നുണ്ടെങ്കിലും അതിന്റെ പ്രാമുഖ്യം അക്കാലത്ത് യൂറോപ്പിലും അമേരിക്കയിലും വളരെ ശക്തമായിരുന്നു എന്നും പരാമർശിക്കുന്നു. അവിവാഹിതയായി തുടരുന്നത് അംഗീകരിക്കപ്പെട്ടിരുന്നില്ല. കുട്ടികളെ ഉത്പാദിപ്പിക്കുന്നതിൽ വിവാഹിതകൾക്കേ അംഗീകാരം ഉണ്ടായിരുന്നുള്ളൂ. സിംഗിൾ മദർ എന്ന ആശയം അതിനാൽ അഭികാമ്യമായിരുന്നില്ല എന്ന് മാത്രമല്ല അവിവാഹിതയായ പെൺകുട്ടിയെ ഒരു ബാധ്യതയായി കുടുംബം കണ്ടിരുന്നുഎന്നും അവർ വിശദീകരിക്കുന്നു.

സ്ത്രീകളുടെ ലൈംഗികതയെ പുരുഷക്കാഴ്ചയിലൂടെവിശദീകരിക്കുന്ന തത്വങ്ങളെ നിശിതമായി വിമർശിച്ചു അപ്രസക്തമാക്കുന്നതിൽ കൗമാരം, ആദ്യലൈംഗികാനുഭവം, വിവാഹിതയുടെ അനുഭവം, അമ്മയുടെ അനുഭവംതുടങ്ങി എല്ലാഅനുഭവങ്ങളുടെവശങ്ങളെയും സ്ത്രീപക്ഷവിശകലനംചെയ്യുകവഴി സാധ്യമാണ്. സ്ത്രീയുടെ ആദ്യലൈംഗികസംഭോഗാനുഭവം പൊതുവേഅക്രമാസക്തവും വേദന നിറഞ്ഞതുമായി അനുഭവിച്ചിട്ടുള്ളതുമായിരിക്കുമെന്നു ഡിബുവ്വോർ വിശകലനംചെയ്യുന്നു. ഭഗശിശ്നകേന്ദ്രിതമായ സ്വയംപര്യാപ്തതയുടെ ആനന്ദത്തിലുള്ള പെൺകുട്ടിയിൽ നിന്ന്,വിവാഹിതയാകും വരെയുള്ള ജീവിതത്തിനിടെ യോനീകേന്ദ്രിതമായ സംഭോഗ–ലൈംഗികബന്ധത്തിന്റെ തുടക്കം അഥവാ ദീക്ഷാമുഹൂർത്തം എങ്ങനെയുള്ളതാണ് എന്ന് വിവരിക്കുന്നഭാഗത്ത്, അവ കൂടുതലും ബലാത്സംഗത്തിന്റെ രൂപത്തിലുള്ളതാണെന്നു കാണിക്കുന്നു. അക്കാലം വരെ സ്ത്രീകളും പുരുഷന്മാരും അറിഞ്ഞിട്ടില്ലാത്ത സ്ത്രീലൈംഗികത ഭഗശിശ്നകേന്ദ്രിതമായ അവലോകനത്തിൽ നടത്തുന്നതിന് സ്ത്രീപക്ഷ ചർച്ചയെ കൊണ്ടുപോകുന്നതിൽ ഈ ഭാഗം വലിയപങ്ക് വഹിക്കുന്നു. ഇതിനായി പല യൂറോപ്യൻ സ്ത്രീയെഴുത്തുകാരും കുറിച്ചിട്ടുള്ള അനുഭവങ്ങളെയും കഥകളെയും വിശകലനം ചെയ്തുകൊണ്ടാണ് ബുവ്വോർ സംഭോഗത്തിന്റേതായ ലൈംഗികബന്ധം എത്രമാത്രം പുരുഷകേന്ദ്രിതമാണെന്നു വിലയിരുത്തുന്നത്.

ഇത്തരത്തിൽ പെണ്ണിന്റെ ആയിത്തീരലിൽ, പലഘട്ടത്തിലുള്ള പല ജീവിതാനുഭവങ്ങളുടേയും വിശദീകരണത്തിലൂടെ ഈ ഭാഗം സ്വതന്ത്രസ്ത്രീയെന്ന തലക്കെട്ടോടെ ഉപസംഹരിക്കുന്നു ഡിബുവ്വോർ. പലതരത്തിലും പെൺജീവിതത്തിന്റെ എല്ലാഘട്ടങ്ങളിലും അവളെ വസ്തുവൽക്കരിക്കുക അന്യവൽക്കരിക്കുകയും ചെയ്യുന്നരീതികൾ തിരിച്ചറിയുന്നതിലൂടെ, എങ്ങനെയായിരിക്കണം ഒരുസ്വതന്ത്ര–സ്ത്രീ ഉരുത്തിരിഞ്ഞുവരിക എന്ന് അവസാനഭാഗത്തിൽ ചിത്രീകരിക്കുന്നു. ഭർത്താവിനോടുള്ള അടിമത്തം തന്റെ സന്തോഷമായി ചിത്രീകരിക്കുന്ന സ്ത്രീകൾക്ക് മാറ്റംവരുമെങ്കിലും, പ്രത്യുല്പാദനംഎന്നകർമത്തിൽ സ്ത്രീയുടെ പങ്കിനോടുള്ള ജൈവീകവാദങ്ങളും മനോഭാവവും സ്വാതന്ത്ര്യത്തിന് വിഘാതം നില്ക്കുന്നതരത്തിൽ കൂടുതൽ പ്രശ്നപരമായിക്കാണുന്നു ഡിബുവ്വോർ. ഗർഭച്ഛിദ്രമനുവദിക്കുന്ന നിയമങ്ങളും വോട്ടവകാശം ലഭിച്ചതും സ്ത്രീകളുടെ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നില്ല എന്ന് പറഞ്ഞുകൊണ്ടാണ് സ്വതന്ത്രസ്ത്രീയെക്കുറിച്ചുള്ള വിശകലനം തുടങ്ങുന്നത്. വളരെയധികം സ്ത്രീകൾക്ക് വിദ്യാഭ്യാസവും ജോലിയും സാമ്പത്തികസ്വാതന്ത്ര്യവും കിട്ടിത്തുടങ്ങി അക്കാലത്തെങ്കിലും അവർ സ്വതന്ത്രരല്ല എന്നവസ്തുത എടുത്തുകാണിക്കുന്നു. വിവാഹം കഴിക്കാതിരിക്കാനോ കുട്ടികളെ ഉണ്ടാക്കാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം അമേരിക്കയിലും ബ്രിട്ടനിലും ഉണ്ടായി വന്നതുപോലെ അപ്പോഴും, ഇരുപതാംനൂ

**സ്ത്രീയുടെ ആദ്യലൈംഗികസംഭോഗാനുഭവം പൊതുവേ അക്രമാസക്തവും വേദന നിറഞ്ഞതുമായി അനുഭവിച്ചിട്ടുള്ളതുമായിരിക്കുമെന്നു ഡിബുവ്വോർ വിശകലനംചെയ്യുന്നു. ഭഗശിശ്നകേന്ദ്രിതമായ സ്വയംപര്യാപ്തതയുടെ ആനന്ദത്തിലുള്ള പെൺകുട്ടിയിൽ നിന്ന്,വിവാഹിതയാകും വരെയുള്ള ജീവിതത്തിനിടെ യോനീകേന്ദ്രിതമായ സംഭോഗ – ലൈംഗികബന്ധത്തിന്റെ തുടക്കം അഥവാ ദീക്ഷാമുഹൂർത്തം എങ്ങനെയുള്ളതാണ് എന്ന് വിവരിക്കുന്നഭാഗത്ത്, അവ കൂടുതലും ബലാത്സംഗത്തിന്റെ രൂപത്തിലുള്ളതാണെന്നു കാണിക്കുന്നു. അക്കാലം വരെ സ്ത്രീകളും പുരുഷന്മാരും അറിഞ്ഞിട്ടില്ലാത്ത സ്ത്രീലൈംഗികത ഭഗശിശ്നകേന്ദ്രിതമായ അവലോകനത്തിൽ നടത്തുന്നതിന് സ്ത്രീപക്ഷ ചർച്ചയെ കൊണ്ടുപോകുന്നതിൽ ഈ ഭാഗം വലിയപങ്ക് വഹിക്കുന്നു.**

റ്റാണ്ടിന്റെ മധ്യകാലത്തും, ഫ്രാൻസിൽ ഉണ്ടായി വന്നിട്ടില്ലായിരുന്നു എന്നതിനാൽ പലസ്ത്രീകൾക്കും അബോർഷൻ നടത്തേണ്ടിവരുകയുംപലപ്പോഴും പ്രതീക്ഷിക്കാതെയുണ്ടായ കുഞ്ഞുങ്ങളെ നോക്കി വളർത്തിക്കൊണ്ട് കുടുംബജീവിതത്തിൽ വ്യാപൃതരാവേണ്ടിവരികയും ചെയ്യുന്നു എന്ന സാഹചര്യം വിമർശനാത്മകമായി പരാമർശിക്കുന്നു. ഒറ്റക്ക് പാർക്കിലോ മ്യൂസിയത്തിലോ പോകാനും പൊതുസ്ഥലങ്ങളിൽ സമയം ചിലവിടാനുമൊന്നും സ്ത്രീകൾക്കപ്പോഴും സ്വതന്ത്രമില്ലായിരുന്നു എന്ന സാഹചര്യം ഡിബുവ്വോർ എടുത്തുകാണിക്കുന്നു. ഇങ്ങനെ, പുരുഷാധിപത്യകുടുംബത്തിന്റേയും സമൂഹത്തിന്റേയും കെട്ടുപാടുകൾ സ്ത്രീകളെ സ്വന്തമായി വ്യക്തിത്വമുള്ള ക്രിയാത്മകജീവിതത്തിൽ നിന്നും പിന്തിരിപ്പിക്കുന്നു. അതിനെല്ലാം സ്വാതന്ത്ര്യമുള്ള ഒരുസ്ത്രീക്കെ പൂർണമനുഷ്യനായി സ്വതന്ത്രമായി ജീവിക്കാനാവൂ എന്നതാണ് ബുവ്വെറിയൻ നിലപാട്.

ഒരു സ്ത്രീ എന്ന അസ്തിത്വത്തിനും അങ്ങനെയുള്ള അംഗീകാരത്തിൽ ജീവിക്കുന്നതിനുള്ള ആഗ്രഹത്തിനും അടിസ്ഥാനമാണ്, എങ്ങനെ ഒരു സംസ്ക്കാരത്തിനൊത്ത ലക്ഷണമുള്ള പെൺകുട്ടിയായും സ്ത്രീയായും ഒരുയോനിയുള്ള മനുഷ്യജീവിമാറുന്നത്. സ്ത്രീത്വം എന്നത് പ്രകൃതിദത്തമല്ല എന്നും സാമൂഹ്യ നിർമിതിയാണ് എന്നുമുള്ള ആധുനികോത്തര ലിംഗപദവിതത്വങ്ങളിലേക്ക് ഡിബുവ്വോറിന്റെ ഈ വിശകലനം തിരികൊളുത്തുന്നുണ്ട്. പുരുഷ സൈദ്ധാന്തികരുടെ കാഴ്ചപ്പാടിൽനിന്ന് മാത്രം നിർവചിക്കപ്പെടുകയും വിശകലനം ചെയ്യപ്പെടുകയും വഴി സ്ത്രീയെക്കുറിച്ചുള്ള, സ്ത്രീകളടക്കമുള്ള സാമൂഹ്യമനഃസ്ഥിതി എത്ര മാത്രം വികലമാണ് എന്നതാണ് അവർ ഇതിലൂടെ വ്യക്തമാക്കുന്നത്. രണ്ടാംലിംഗം എന്നത് ഈ പുസ്തകത്തിന് തലക്കെട്ടായി കൊടുക്കുന്നത് തന്നെ, അക്കാലത്ത് ഫ്രാൻസിൽ മിശ്രലിംഗ/ മിശ്രലൈംഗികത ഉള്ളവരെ മൂന്നാംലിംഗം എന്ന് വിളിച്ചിരുന്നത് കൊണ്ടാണ് എന്ന് പറയുക വഴി, സ്ത്രീലിംഗം,പുരുഷലിംഗം എന്നിങ്ങനെയുള്ള തിരിവുകളും സ്ത്രീത്വം, പൗരുഷം എന്നിങ്ങനെയുള്ള തിരിവുകളും കൂടാതെ ഉഭയലൈംഗികത, സ്വവർഗ്ഗ ലൈംഗികത തുടങ്ങിയ വിഷയങ്ങളെല്ലാം സ്ത്രീകളുടെ അനുഭവാടിസ്ഥാനത്തിലുള്ള ഉദാഹരണങ്ങൾ വെച്ച് വിശകലനം ചെയ്യുന്ന ലിംഗപദവിസിദ്ധാന്തങ്ങൾക്ക് ഉറച്ച അടിസ്ഥാനമിടുകതന്നെയാണ് ബുവ്വോർ ചെയ്തിട്ടുള്ളത്.

പെൺകുട്ടിയെ മകളായും ഭാര്യയായും അമ്മയായും വ്യവസ്ഥാപിതസ്ത്രീത്വത്തെ പരുവപ്പെടുത്തിയുണ്ടാക്കി നിലനിർത്തുന്നതിൽ പാശ്ചാത്യനാട്ടിലും പൗരസ്ത്യനാട്ടിലും ഒരേ ചരിത്രമാണുള്ളതെന്ന് ബുവ്വോറിന്റെ വിശകലനങ്ങളിലൂടെ മനസ്സിലാക്കാം. വസ്ത്രധാരണത്തിൽ ഉള്ളനിയമങ്ങളാൽ, ട്രൗസർ ധരിച്ചതും മുടിവെട്ടിയതുമായ പെൺകുട്ടികളെ നോക്കി ഇത്പെണ്ണാണോ എന്ന്ചോദിച്ചിരുന്നു ഫ്രാൻസിൽ അക്കാലത്ത് എന്ന് കാണാം.അങ്ങനെയുള്ള ചോദ്യങ്ങൾ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ രണ്ടു ദശകം പിന്നിടുമ്പോഴും ഇക്കാലത്തു നമ്മുടെ നാട്ടിലും കേൾക്കാമല്ലോ.അതിനാൽ തന്നെ ഫെമിനിസം പാശ്ചാത്യമാണ് അതിവിടെ ഇന്ത്യൻ മണ്ണിൽ വേണ്ടതല്ല എന്നൊക്കെയുള്ളവാദഗതികൾ തള്ളേണ്ടതാണ്. സാമൂഹികകാര്യങ്ങളിൽ അതിന്റെ പ്രയോഗത്തിൽ പലവ്യതിയാനങ്ങളും വേണ്ടതുണ്ട് എങ്കിലും വ്യക്തിജീവിതവുമായിട്ടുള്ള അടിസ്ഥാന സ്ത്രീപുരുഷബന്ധത്തിന്റെ കാര്യങ്ങളിലുള്ള വിമർശനപ്രയോഗങ്ങൾ ലോകമൊട്ടുക്കും ഒരേതരത്തിൽത്തന്നെ പ്രയോഗിക്കേണ്ടതാണ്. കുടുംബം എന്ന അടിസ്ഥാന സാമൂഹ്യസ്ഥാപനത്തിനകത്തു തുടങ്ങേണ്ടുന്ന ലിംഗാടിസ്ഥാന വിവേചനങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ്, ലിംഗപദവിവിജ്ഞാനങ്ങൾ, എന്നിവയൊക്കെ ഇനിയും നമ്മുടെ നാട്ടിലെ മനുഷ്യർ ആർജ്ജിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ സ്ത്രീകളും പരുഷന്മാരും മറ്റെല്ലാ മനുഷ്യരും തുല്യരായിട്ടുള്ള വ്യക്തികളാകുന്നവിധം മാനവരാശിക്ക് ഉന്നമനം ഉണ്ടാകൂ.

**" വിവാഹം കഴിക്കാതിരിക്കാനോ കുട്ടികളെ ഉണ്ടാക്കാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം അമേരിക്കയിലും ബ്രിട്ടനിലും ഉണ്ടായി വന്നതുപോലെ അപ്പോഴും, ഇരുപതാംനൂറ്റാണ്ടിന്റെ മധ്യകാലത്തും, ഫ്രാൻസിൽ ഉണ്ടായിവന്നിട്ടില്ലായിരുന്നു എന്നതിനാൽ പലസ്ത്രീകൾക്കും അബോർഷൻ നടത്തേണ്ടിവരുകയുംപലപ്പോഴും പ്രതീക്ഷിക്കാതെയുണ്ടായ കുഞ്ഞുങ്ങളെ നോക്കി വളർത്തിക്കൊണ്ട് കുടുംബജീവിതത്തിൽ വ്യാപൃതരാവേണ്ടിവരികയും ചെയ്യുന്നു എന്ന സാഹചര്യം വിമർശനാത്മകമായി പരാമർശിക്കുന്നു.**

കഥ



എൻ.കെ.ഷീല
എഴുത്തുകാരി



# വലയണിയും ചില അനുബന്ധ ചിന്തകളും

എല്ലാചാനലുകളിലും ഏതെങ്കിലുമൊക്കെ സമയത്ത് പാനൽ ചർച്ചകളും സംവാദങ്ങളുമാണ്. എല്ലാസ്ത്രീജനങ്ങളും സീരിയൽ കണ്ട് കണ്ണീർ വാർക്കുമ്പോൾ സുപ്രഭക്ക് മാത്രം ഈ വകവാചക കസർത്തിനോടാണ് താല്പര്യം. അവളുടെ ഈ തർക്കാസക്തി കണ്ട് ഭർത്താവ് ദാമോദരൻ അല്പം കൊള്ളിച്ചു കൊണ്ട് പറയും . 'ഓ അവള് ലോ പോയിന്റ് പഠിക്ക്യാ നമ്മടെ മെക്കട്ട് കേറാൻ '! സരസ്വതിയമ്മ ജ്യോതിഷം അറിയുന്ന അമ്മായിയമ്മ ആയതു കൊണ്ട് കുറ്റം ജന്മനക്ഷത്രത്തിനാണ്. , 'ചിത്തിര്യല്ലെനാള് ഛിദ്രത്തിലായിരിക്കും പ്രിയം ' : ഇതിനേക്കാൾ ഭേദം വെടിവെക്കുന്ന എന്റെ ഗെയ്മു തന്നെയാ മോൻ സ്വയം ഉദാത്തീകരിക്കും. ഇതൊന്നും കേട്ട് കുലുങ്ങാത്ത മനസ്സുമായി സുപ്രഭ സെറ്റിയിൽ അമർന്നിരിക്കും.ചാടിയും തുള്ളിയും കയർത്തും ആടി തിമിർക്കുന്ന ചർച്ചകളിൽ മുഴുകും. എങ്ങനെയാണ് ഇത്തരമൊരു പ്രിയം തനിക്കു വന്നുപെട്ടതെന്ന് സുപ്രഭക്കും അറിയില്ല. താൻ വക്കീലാവാൻ ജനിച്ചതാണെന്നും എന്തോ ചില രാശി മോശം മൂലം നിങ്ങളുടെ അടുക്കളയിൽ വന്നുപെട്ടതാണെന്നും തന്റെ നിയന്ത്രിക്കാനാവാത്ത ആസക്തിക്ക് ഒരു ഗംഭീരൻ ന്യായം കണ്ടെത്തി അവൾ ഭർത്താവിനോട് വാദിക്കും. വാദപ്രതിവാദത്തിൽ സുപ്രഭയോളം റഫറൻസ് ഇല്ലാത്തതു കൊണ്ട് അവൾ നിനച്ചിരിക്കാത്ത നേരത്ത് പാസ്സീവായ് ആക്രമിച്ച് ഒന്നു സമാധാനപ്പെടും. അവൾ മിനക്കെട്ടു വരുമ്പോൾ ആക്ടീവായി അയാൾ രംഗത്തു വരാറേയില്ല. മൗനം വിഡ്ഢിക്കും വിദ്വാനും ഭൂഷണമെന്ന് കരുതി ഒന്ന് ഒതുങ്ങും.

അടുക്കളയിലെ ചില തിരക്കുകൾ മൂലം അല്പം വൈകിയാണ് മൂപ്പത്ത്യാര് ടി.വി ക്കു മുന്നിൽ എത്തിയത്. അപ്പോഴേക്കും അവതാരകന്റെ വിഷയാവതരണം കഴിഞ്ഞിരുന്നു. സുന്ദരനായ ആ അ

വതാരകന്റെ രൂപഭംഗിയോ വസ്ത്രവിധാന ഗാംഭീര്യമോ ഒന്നുമല്ല അവളെ ആകർഷിച്ചത് ആളുകളെ ചുഴിഞ്ഞ് കുത്താനുള്ള മിടുക്ക്, രഹസ്യങ്ങൾ ചോർത്തിയെടുക്കുന്ന വൈഭവം, എന്റെമ്മോ ഉരുളക്ക് ഉപ്പേരി പോലെ കൊഴിഞ്ഞു വീഴുന്ന വാക്ധോരണി. സമ്മതിക്കണം. അവൾ പലവട്ടം തല കുലുക്കി അംഗീകരിച്ചിട്ടുള്ളതാണ് ആ പ്രകടനം.

സംവാദത്തിൽ പങ്കെടുത്തവരുടെ അഭിപ്രായങ്ങളിൽ നിന്ന് വിഷയം സുപ്രഭക്ക് വാർന്നു കിട്ടി.മന്ത്രവാദവും, ജ്യോതിഷവും ആൾ ദൈവവും ഒക്കെ അന്ധവിശ്വാസങ്ങളാണോ ? ഇവയിൽ വല്ലശാസ്ത്രീയതയും ഉണ്ടോ? എന്നതാണ്.. അനുഭവസ്ഥർ അനുകൂലമായ് തെളിവുകൾ നിരത്തി. എതിരാളികൾ യുക്തിപൂർവ്വം നിരസിച്ചു. അവതാരകൻ ആശയങ്ങളുടെ കല്ലുകൾ ചേർത്തുരച്ച് അഗ്നിസ്ഫുലിംഗങ്ങൾ തീർത്തു. മന്ത്രങ്ങൾ കൃത്യമായ ഒരു താളത്തിൽ ആവർത്തിക്കുമ്പോൾ ഉണ്ടാകുന്ന മാസ്മരികതയും അതുണ്ടാക്കുന്ന ഊർജ്ജത്തെ കുറിച്ചും യുക്തിവാദിയെന്ന് സ്വയം പരിചയപ്പെടുത്തിയ വ്യക്തി ശാസ്ത്രത്തെയും മന്ത്രത്തെയും കോർത്തു കെട്ടി. എന്നാൽ മന്ത്രവാദവും ഒടിവിദ്യയും ജ്യോതിഷവും മഷിനോട്ടവുമൊക്കെ വെറും കൺകെട്ടു വിദ്യകളാണെന്ന് പരിഹസിച്ച് ഞെളിയുന്ന ഒരു യുവത്തന്റെ വാചക കസർത്തു കേട്ടപ്പോൾ സുപ്രഭ ഏതാണ്ട് ചെകുത്താനും കടലിനും ഇടയിലായി. അങ്ങനെ തിങ്ങി നിൽക്കുമ്പോഴാണ് അവതാരകന്റെ വരവ്.വിശ്വാസം ഒരിക്കലും അന്ധമാകരുതെന്നും എന്നാൽ യുക്തി കൊണ്ടളന്ന് ഒന്നിനെയും വിശ്വാസമില്ലാത്തത് ആക്കരുതെന്നും മെയ്യെ തൊടാതെ പറഞ്ഞ് അവതാരകൻ രക്ഷപ്പെട്ടു. സുപ്രഭ കലിയോടെ ചെന്ന് ടി.വി. ഓഫ് ചെയ്തു .രണ്ടു വഞ്ചീലും കാലിടല്ലേ മനുഷ്യാ അവൾ അവതാരകനോട് ഉച്ചത്തിൽ കയർത്തു. ഇത് എന്നും പതിവുള്ളതാണ്. അവതാരകന്റെ ഉളുപ്പില്ലാത്ത ഇത്തരം വൈൻഡ് അപ് തന്ത്രത്തോടുള്ള സുപ്രഭയുടെ രോഷപ്രകടനം .

**വിശ്വാസം ഒരിക്കലും അന്ധമാകരുതെന്നും എന്നാൽ യുക്തി കൊണ്ടളന്ന് ഒന്നിനെയും വിശ്വാസമില്ലാത്തത് ആക്കരുതെന്നും മെയ്യെ തൊടാതെ പറഞ്ഞ് അവതാരകൻ രക്ഷപ്പെട്ടു. സുപ്രഭ കലിയോടെ ചെന്ന് ടി.വി. ഓഫ് ചെയ്തു .രണ്ടു വഞ്ചീലും കാലിടല്ലേ മനുഷ്യാ അവൾ അവതാരകനോട് ഉച്ചത്തിൽ കയർത്തു. ഇത് എന്നും പതിവുള്ളതാണ്. അവതാരകന്റെ ഉളുപ്പില്ലാത്ത ഇത്തരം വൈൻഡ് അപ് തന്ത്രത്തോടുള്ള സുപ്രഭയുടെ രോഷപ്രകടനം .**

പതിവിൽ വിപരീതമായി ആ സംവാദം സുപ്രഭയിൽ നീറി പടർന്നു. അവൾ സ്വന്തം അരയിൽ തപ്പിനേക്കി. കാലങ്ങളായുള്ള ആ വലമണി അരയിൽ തന്നെ ഉണ്ടെന്ന് ഉറപ്പു വരുത്തി. കൈവന്ന ആത്മവിശ്വാസത്തോടെ ആ പഴങ്കഥയിലേക്ക് മനസ്സുപാഞ്ഞു. അവൾ ക്കന്ന് 12 ഓ 13 ഓ വയസ്സേ ഉള്ളു. വീട്ടുകാരെ മുഴുവൻ പകപ്പിച്ചു കളഞ്ഞ ആ സംഭവ പരമ്പര അരങ്ങേറുന്നു. ഇങ്ങനെയാണ് തുടക്കം. ചില ദിവസങ്ങളിൽ രാത്രി 12 മണിക്കു ശേഷം അവൾ പതുക്കെ വീടിനു പുറത്ത്ഇറങ്ങി നടക്കും. പകൽ പോലും ഒരു മുറിയിൽ നിന്ന് മറ്റൊരു മുറിയിലേക്ക് കടക്കാൻ ഭയമുള്ളവളാണ്. ഈ കൂറ്റാകൂരിരുട്ടത്ത് രാത്രി സഞ്ചാരം. അച്ഛനും അമ്മയുംവീട്ടുകാരും ആവലാതിയായി. വീട്ടിലെങ്ങും അടക്കിപിടിച്ച സംസാരം നീറി പടർന്നു.അമ്മ പണികൾക്കിടയിൽ നെടുവീർപ്പും കണ്ണീരുമായ് കഴിച്ചു കൂട്ടി. അച്ഛൻ ഇരുന്ന് ആലോചനയാണ് അധിക സമയം. ഇടയിൽ ചില ഇരുത്തി മൂളലുകൾ. ഏതോ ചില ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയ പോലെ. അച്ഛൻ പുറത്തുപോയി ആരെയൊക്കെയോ കണ്ട് തിരിച്ചു വരും.അമ്മയോട് ചിലത് പറഞ്ഞ് സമധാനിപ്പിക്കും. രാത്രിയിലെ നട്ട പ്പാതിരക്കുള്ള സവാരി അറിയാതെ വീട്ടിലെ അസ്വസ്ഥനാടകത്തിന്റെ ആസൂത്രക താനാണെന്നറിയാതെ സുപ്രഭ പകൽ പോലും ഒറ്റക്ക് പറമ്പിലിറങ്ങാൻ ഭയന്നു കഴിഞ്ഞു.


ആ സമയത്താണ് . അമ്മയുടെ വീട്ടിലെ തോറ്റം വന്നത് . രണ്ടാഴ്ചത്തെ പതിവു വ്രതം. ഞങ്ങൾ സഹോദരങ്ങൾക്ക് വലിയ ആശ്വാസമാണ്. ഇത്തവണ വെളിച്ചപ്പാട് തുള്ളി പന്തീരായി ( ചൂടുള്ളപ്പായസം ) വാരുമ്പോൾ അയലത്തെ ഗോപിച്ചേട്ടന്റെ കയ്യിൽ കൊടുത്തെങ്കിൽ എന്ന് സുപ്രഭ മോഹിച്ചു. ചൂടുള്ള പായസം ഭക്തികൊണ്ട് കളയാനും ചൂടുകൊണ്ട് കഴിക്കാനും പറ്റാതെ ഗോപി

ച്ചേട്ടൻ നിന്നു പിരിയണം. കൈകൾ മാറി മാറി പിടിച്ച് കുഴയണം' പൊള്ളൊന്നും വേണ്ട, അന്ന് ഞങ്ങൾ കൂട്ടുകാർ കുളത്തിനരികെ താമര പൂ പൊട്ടിക്കാൻ പോയത് വീട്ടിൽ പറഞ്ഞ് തല്ലുകൊള്ളിച്ചതിനാണ്. അന്ന് വിചാരിച്ചതാണ്. കൈ പൊള്ളണ്ടാട്ടൊ എന്ന് ഒന്നുകൂടി പ്രാർഥിച്ചു. . കളം പാട്ടും തുള്ളലും നടക്കുന്ന തോറ്റ മുറ്റത്തേക്ക് സുപ്രഭയേയും കൊണ്ടുപോയി. രാത്രി പാട്ടിനു ശേഷം മേളം മുറുകി.. ഉവ്വേ...... എന്ന വലിയ ശബ്ദം ഉയർന്നു. സുപ്രഭക്ക് രസമായി.പന്തീരായി ഗോപിച്ചേട്ടന് കൊടുക്കുന്നതോർത്തപ്പഴേ ചിരിവന്നു അവൾ ഇരുകവിളിലും അടിച്ചു. പാവം! പൊള്ളണ്ടട്ടോ. എന്നു പ്രാർഥിച്ചു. വെളിച്ചപ്പാടിന്റെ തുള്ളൽ മുറുകി. എല്ലാവരും തൊഴുതു നിന്നു. ചെവി കൂർമ്പിച്ചു. പറയുന്നതു കേൾക്കാൻ കണ്ണു വട്ടം പിടിച്ചു തങ്ങളെ വിളിക്കുമോ കല്പന

പറയാൻ എന്നോർത്ത്., വെളിച്ചപ്പാട്.നിൽക്കുന്ന ഭക്തർക്കിടയിൽ കൺകൾകൊണ്ട് തിരഞ്ഞു : സുപ്രഭയെ കണ്ടതും ഭയപ്പെടുത്തുന്ന ഒരു മുരൾച്ചയോടെ അടുത്തു ചെന്നു. അച്ഛനും അമ്മയും ഭക്തിയോടെ തൊഴുതു നിന്നു വാളിന്റെ തലപ്പ് സുപ്രഭയുടെ തലയിൽ മുട്ടിച്ചു. അവൾ അല്പം ഗമയോടെ കൂട്ടുകാരെ നോക്കി. എല്ലാവരുടെയും കണ്ണും കാതും അവ ൾക്കു നേരെ വെളിച്ചപ്പാട് ഉച്ചത്തിൽ പറഞ്ഞു. 'ഉണ്ണിക്ക് സങ്കടംണ്ട്ല്ലെ മടക്കാംട്ടൊ. നോം കാത്തോളം' ഇങ്ങനെ എന്തൊക്കെയോ പറഞ്ഞു. സത്യത്തിൽ ആ കളംപാട്ടിന്റെ അവകാശി താനാണെന്ന് തന്നെ സുപ്രഭക്ക് തോന്നി .അല്ലെങ്കിലും അച്ഛൻ വീട്ടിൽ തോറ്റമില്ല. അമ്മ വീട്ടിലേ ഉള്ളു. ആ അഹങ്കാരം മാമൻമാരുടെ മക്കൾക്കുണ്ട്. അതിനൊക്കെ ഒരു അറുതി വന്ന പോലെ സുപ്രഭക്ക് തോന്നി. വെളിച്ചപ്പാട് വകേലെ മാമനായിട്ടു കൂടി വാള് തന്റെ തലേലല്ലേ വെച്ചത്.വെളിച്ചപാട് ഭസ്മം പൂവ് നെൽമണി ഇവ തലയിൽ തൂകി.അവൾക്ക് മനസ്സിലാകാത്ത ഭഷയിൽ എന്തോ അച്ഛനോട് പറഞ്ഞു. അച്ഛന്റെ കയ്യിൽ എന്തോ ഒന്ന് കൊടുത്തു. വെളിച്ചപ്പാടായ് വന്നത് വകേലെ ഒരു മാമനാണ് : അതു കൊണ്ട് സുപ്രഭക്ക് ഭയമൊന്നും തോന്നിയില്ല. അടുത്ത ദിവസം അച്ഛൻ കൊടുത്ത് അമ്മ അവളുടെ അരയിൽ കെട്ടി കൊടുത്തതാണ് ആ വലമണി. ചരടു മാറ്റി ചരടു മാറ്റി വർഷങ്ങളായിരിക്കുന്നു. പിന്നീട് ഒരിക്കലും സുപ്രഭ രാത്രി സഞ്ചാരം നടത്തിയിട്ടില്ല. ആ വലമണി കാണുമ്പോഴൊക്കെ കരഞ്ഞു വീങ്ങിയ അമ്മയുടെ കണ്ണാണ് ഓർമ വരിക. തന്റെ. ആ നിശാസവാരി സോമ്നാബുലിസം എന്ന സൈക്കിക്ക് ഡിസോർഡർ ആകുമ്പോൾ ചികിത്സ എന്താകുമോ ആവോ? ഒന്നു സുപ്രഭക്ക് ഉറപ്പാണ് എന്തും വിശ്വസിക്കാൻ പാകത്തിന് യുക്തി താഴ്ന്നു കൊടുക്കണമെങ്കിൽ അനുഭവം അനുഭവമാകണം. സുപ്രഭ തന്റെ അരയിലെ വലമണിയിൽ ചേർത്ത് പിടിച്ച് തലയാട്ടി സമ്മതിച്ചു.





ഡോ.ജാൻസി ജോസ്

# വിനായകനെ വായിക്കുമ്പോൾ

വിനായകൻ തുറന്ന ഒരു പുസ്തകമാണോ എന്നതൊന്നും നമ്മുടെ വിഷയമല്ല.വിനായകൻ എന്തു പറഞ്ഞു എന്നതും നമ്മുടെ വിഷയമല്ല.കേരളത്തിലെ സകലമാന പ്രബുദ്ധ സ്ത്രീക്ഷേമമൊയ്‌ലാളിമാരുടെയും കൈയിലിരിപ്പും മനസ്സിലിരിപ്പും എല്ലാവർക്കും മനസ്സിലാക്കാൻ കഴിഞ്ഞു എന്നതാണ് ഈ വിഷയം കൊണ്ട് നമുക്ക് ഉണ്ടായ നേട്ടം. കൺസന്റ് ചോദിക്കുന്നവരും ചോദിക്കാത്തവരും, നടന്നത് തുറന്നു പറഞ്ഞവരും പറയാത്തവരും നാട്ടിലുണ്ടാവും. എല്ലാ പെണ്ണുങ്ങളും തങ്ങൾക്കു വഴങ്ങണമെന്നു ശഠിക്കുന്നവരും ആഗ്രഹിക്കുന്നവരും ഉണ്ടാവും.പെണ്ണുങ്ങളെ ബലാൽസംഘം ചെയ്യാനുള്ള അധികാരവും തങ്ങൾക്കുണ്ടെന്നു വിശ്വസിക്കുന്ന അനവധി പുംഗവൻമാരും ഇവിടെയുണ്ട്. വിനായകൻ അർഥമാക്കിയത്  എന്താണെന്ന് വിനായകന് മാത്രമേ അറിയൂ.തമാശയതല്ല,അത് വിനായകന് തന്നെ അറിയില്ല എന്നതാണ്.

മുഖത്തുനോക്കി സെക്സിനുവരുന്നോ എന്നുചോദിച്ചാൽ മുഖംനോക്കി അടികൊടുക്കാൻ കൈക്കെല്ലുള്ളവരായിരിക്കണം പെണ്ണുങ്ങൾ. എനിക്കു മനസ്സിലാവാത്ത ഒരുകാര്യം സ്ത്രീകളെ ബഹുമാനിക്കാനറിയാവുന്ന ആരാരുണ്ട് എന്നതാണ്. നമ്മൾ ഏതേതെല്ലാം തരത്തിൽ സംസ്കാരം പഠിപ്പിച്ചു? സമത്വം പഠിപ്പിച്ചു? പുരോഗമനവും വികസനവും കൊണ്ടുവന്നു? അവസാനം വന്നപ്പോൾ പഠിച്ചവരും പഠിപ്പിച്ചവരും എല്ലാം തഥൈവ. അടിസ്ഥാനപരമായ കാഴ്ചപ്പാട് ഇല്ലെങ്കിൽ ഒരുമാറ്റവും ഉണ്ടാവില്ല. അതുകൊണ്ടുതന്നെയാണ് അതിജീവിതയുടെ കൂടെ നിൽക്കാതെ കുറ്റം ചെയ്തവരുടെ  കൂടെ നിൽക്കാനുള്ള മനസ്സുണ്ടാവുന്നതും.നമ്മൾ പടവെട്ടി പടവെട്ടി മുന്നോട്ടു പോവുകതന്നെ ചെയ്യും.തുല്യതയുടെ അളവുകോൽ പാകപ്പെടുംവരെ.

**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ



# ആകാശ വിസ്മയങ്ങളിലേക്ക് മിഴിനട്ട
# സിസിലിയ ഗാപ്പോഷ്കിൻ



ജ്യോതിശാസ്ത്രത്തോടുള്ള അതീവ താല്പര്യം കാരണം 1920-കളിൽ കേംബ്രിജ് സർവ്വകലാശാലയിൽ ജ്യോതിശാസ്ത്രം പഠിക്കാനെത്തിയ പെൺകുട്ടി. ക്ലാസ്സിലെ ആൺകുട്ടികൾക്കൊപ്പം ഒരേ നിരയിൽ ഇരിക്കാനോ ലാബിലെ ഉപകരണങ്ങൾ ഉപയോഗിക്കാനോ അവൾക്ക് അനുവാദമുണ്ടായിരുന്നില്ല. എന്നിട്ടും മികച്ച രീതിയിൽ കോഴ്സ് പൂർത്തിയാക്കി. പക്ഷേ പെൺകുട്ടിയായതിന്റെ പേരിൽ ബിരുദം നൽകാൻ യൂണിവേഴ്സിറ്റി തയ്യാറായില്ല. പിൽക്കാലത്ത് ജ്യോതിർഭൗതികത്തിൽ വിസ്മയ നേട്ടങ്ങൾ കൈയെത്തിപ്പിടിച്ചപ്പോഴും പെണ്ണായതുകൊണ്ടു മാത്രം അവഗണനയുടെ കടലാഴങ്ങൾ താണ്ടേണ്ടി വന്ന ആ വനിതയാണ്  സിസിലിയ പേയ്ൻ ഗാപ്പോഷ്കിൻ.

1900-ൽ  ഇംഗ്ലണ്ടിൽ എമ്മ ഹെലെനയുടെയും എഡ്വേഡ് പേയ്നിന്റെയും മൂന്നു മക്കളിൽ ഒരാളായാണ് സിസിലിയയുടെ ജനനം. സിസിലിയക്ക് നാലു വയസ്സുള്ളപ്പോൾ പിതാവ് മരിച്ചു.കഷ്ടപ്പാടുകൾക്കിടയിലും മക്കളുടെ വിദ്യാഭ്യാസം മുടങ്ങാതെ മുന്നോട്ടു കൊണ്ടുപോവാൻ എമ്മ ഏറെ ശ്ര

ഢിച്ചു. സ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ശാസ്ത്രം പഠിക്കണമെന്ന സിസിലിയയുടെ ആഗ്രഹത്തെ പലരും തമാശയായാണ് അന്നു കണ്ടത്. അതൊന്നും പെൺകുട്ടികൾക്ക് പറഞ്ഞിട്ടുള്ളതല്ല, സംഗീതമോ മറ്റോ പഠിക്കൂ  തുടങ്ങിയ ഉപദേശങ്ങളൊന്നും സിസിലിയ ചെവിക്കൊണ്ടില്ല. സ്ക്കോളർഷിപ്പോടെ കേംബ്രിജിലെ ന്യൂൺഹാം കോളേജിൽ ബോട്ടണിയും ഫിസിക്സും കെമിസ്ട്രിയും പഠിക്കാൻ തുടങ്ങി. എന്നാൽ ഒരു വർഷത്തിനു ശേഷം ബോട്ടണി പഠനം ഉപേക്ഷിച്ചു. ആ സമയത്ത് പ്രശസ്ത ജ്യോതിശാസ്ത്രജ്ഞനായ ആർതർ എഡിങ്ടണിന്റെ ഒരു പ്രഭാഷണം കേട്ടതോടെ സിസിലയയുടെ ലോകം തന്നെ മാറിമറിഞ്ഞു. തന്റെ മേഖല ജ്യോതിശാസ്ത്രം തന്നെയെന്ന് ആ പെൺകുട്ടി ഉറപ്പിച്ചു. യു.കെ.യിൽ തുടർന്നാൽ തന്റെ സ്വപ്നങ്ങളൊന്നും യാഥാർഥ്യമാവില്ലെന്നു തിരിച്ചറിഞ്ഞ സിസിലിയ നേരെ യു.എസ്സിലേക്ക് ചേക്കേറി. ആ സമയത്താണ് ഹാർവാഡ് കോളേജ് ഒബ്സർവേറ്ററിയിൽ  ഹാർലോ ഷാപ്‌ലിയുടെ നേതൃത്വത്തിൽ വനിതകളെ ജ്യോതിശാസ്ത്ര പഠനത്തിലേക്ക് കൊണ്ടുവരാനായി ഫെല്ലോഷിപ്പോടെ ഒരു പ്രോഗ്രാം ആരംഭിക്കുന്നത്. 1922-ൽ അതിലേക്ക് തെരഞ്ഞെടുക്കപ്പെട്ട രണ്ടാമത്തെ വനിതയായതോടെ സിസിലിയയുടെ സ്വപ്നങ്ങൾക്ക് വീണ്ടും ചിറകു മുളച്ചു

നക്ഷത്രങ്ങളുടെ അന്തരീക്ഷ രഹസ്യങ്ങൾ ചുരുൾനിവർത്തുന്നതിൽ സിസിലിയയുടെ പ്രാഗൽഭ്യം തിരിച്ചറിഞ്ഞ ഷാപ്‌ലി അതിനെക്കുറിച്ചൊരു ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കാൻ നിർദ്ദേശിച്ചു. അങ്ങനെ 1925-ൽ ഹാർവാഡിലെ റാഡ്ക്ലിഫ് കോളേജിൽ നിന്നും ജ്യോതിശാസ്ത്രത്തിൽ പി.എച്ച്ഡി നേടുന്ന ആദ്യ വ്യക്തി എന്ന ബഹുമതിക്കു സിസിലിയ അർഹയായി. മേഘനാഥ സാഹയുടെ അയണൈസേഷൻ തിയറിയുടെ സഹായത്തോടെ നക്ഷത്രങ്ങളുടെ സ്പെക്ട്രൽ രേഖകളും അവയുടെ താപനിലയും തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ അവർക്കു സാധിച്ചു. നക്ഷത്ര ഘടനയിൽ ഭൂരിഭാഗവും ഹൈഡ്രജനും ഹീലിയവുമാണ് എന്നും സിസിലിയ കണ്ടെത്തി. എന്നാൽ ഭൂമിയും താരാഗണങ്ങളുമൊക്കെ ഒരേ പദാർഥങ്ങളാൽ നിർമ്മിതമാണെന്ന ധാരണ ശക്തമായിരുന്ന അക്കാലത്ത് സിസിലയുടെ ഈ കണ്ടെത്തലിനെ പരിഹാസത്തോടെയാണ് പല ശാസ്ത്രജ്ഞരും നോക്കിക്കണ്ടത്. എന്നാൽ ഏതാനും വർഷങ്ങൾക്കു ശേഷം സിസിലയുടെ കണ്ടെത്തൽ ശരിയായിരുന്നുവെന്ന് ഹെൻറി നോറിസ് റസ്സലിനെപ്പോലുള്ള ജ്യോതിശാസ്ത്രജ്ഞർക്ക് അടിവരയിട്ടു തന്നെ പറയേണ്ടി വന്നു. ജ്യോതിശാസ്ത്രത്തിൽ അന്നോളം കണ്ടതിൽ വച്ച് ഏറ്റവും മികച്ച പ്രബന്ധമെന്ന് ഓട്ടോ സ്ട്രൂവ് എന്ന ജ്യോതിശാസ്ത്രജ്ഞൻ

**നക്ഷത്രങ്ങളുടെ അന്തരീക്ഷ രഹസ്യങ്ങൾ ചുരുൾനിവർത്തുന്നതിൽ സിസിലിയയുടെ പ്രാഗൽഭ്യം തിരിച്ചറിഞ്ഞ ഷാഷ്ലി അതിനെക്കുറിച്ചൊരു ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിക്കാൻ നിർദ്ദേശിച്ചു. അങ്ങനെ 1925-ൽ ഹാർവാഡിലെ റാഡ്ക്ലിഫ് കോളേജിൽ നിന്നും ജ്യോതിശാസ്ത്രത്തിൽ പി.എച്ച്ഡി നേടുന്ന ആദ്യ വ്യക്തി എന്ന ബഹുമതിക്കു സിസിലിയ അർഹയായി.**

സിസിലിയയുടെ ഗവേഷണപ്രബന്ധത്തെ വിശേഷിപ്പിക്കുകയും ചെയ്തു.

ക്ഷീരപഥത്തിന്റെ ഘടന, ചര നക്ഷത്രങ്ങൾ, മെഗല്ലനിക് ക്ലൗഡ് തുടങ്ങി ജ്യോതിർഭൗതികത്തിൽ ഈ വനിത കൈവയ്ക്കാത്ത മേഖലകൾ ഇല്ലെന്നു തന്നെ പറയാം. ഹാർവാഡിൽ ആ സമയത്ത് സ്ത്രീകൾക്ക് പ്രഫസ്സർ തസ്തിക നൽകിയിരുന്നില്ല. അതുകൊണ്ടുതന്നെ കുറഞ്ഞ വേതനത്തിൽ വർഷങ്ങളോളം ഗവേഷകസംഘത്തിൽ ഒരാളായി മാത്രം ജോലി ചെയ്യേണ്ടി വന്നു സിസിലിയക്ക്. എന്നാൽ ഗവേഷണം ജീവവായുവായിക്കണ്ട ആ വനിത അവഗണനകൾക്കു മുന്നിൽ പതറാതെ ആകാശവിസ്മയങ്ങളിലേക്ക് മിഴിനട്ടു. ദ് സ്റ്റാർസ് ഓഫ് ഹൈ ലുമിനോസിറ്റി, വേരിയബിൾ സ്റ്റാർസ്, വേരിയബിൾ സ്റ്റാർസ് ആന്റ് ഗാലക്റ്റിക് സ്ട്രക്ചർ തുടങ്ങിയ പുസ്തകങ്ങളും രചിച്ചു.1938-ൽ മാത്രമാണ് ജ്യോതിശാസ്ത്രജ്ഞ എന്ന സ്ഥാനപ്പേരു സർവ്വകലാശാല അനുവദിച്ചുകൊടുത്തത്.ഒരു ഫുൾ ടൈം പ്രഫസർ എന്ന തസ്തിക സിസിലിയക്ക് നൽകിയതാവട്ടെ 1956-ലും! പിന്നീട് ഹാർവാഡിലെ ജ്യോതിശാസ്ത്രവിഭാഗത്തിന്റെ ആദ്യ വനിതാ മേധാവിയായി സിസിലിയ ഗാപ്പോഷ്കിൻ.

ജ്യോതിശാസ്ത്രജ്ഞനായ സെർജീ ഗാപ്പോഷ്കിനെയാണ് സിസിലിയ വിവാഹം കഴിച്ചത്. വിവാഹശേഷവും മൂന്നു കുട്ടികളുടെ അമ്മയായ ശേഷവും  അവർ ഗവേഷണങ്ങൾക്ക് അവധി കൊടുത്തതേയില്ല. ഹാർവാഡിൽ നിന്ന് ഔദ്യോഗികമായി വിരമിച്ച ശേഷവും ഗവേഷണങ്ങൾ തുടർന്നു. നിരവധി പെൺകുട്ടികളെ ഗവേഷണരംഗത്തേക്ക് കൊണ്ടുവന്നു. 1979 ഡിസംബർ 7-ന് പ്രതിഭാശാലിയായ ആ ശാസ്ത്രജ്ഞ അന്തരിച്ചു.  അതിനും ഏതാനും ദിവസങ്ങൾക്കു മുമ്പാണ് സിസിലിയ തന്റെ ആത്മകഥ എഴുതി പൂർത്തിയാക്കിയത്.

# നിങ്ങളുടെ കുടുംബത്തിനേകൂ യഥാർത്ഥ കാൻസർ പരിരക്ഷ

MASS CARE

കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്കിൽ 15,000 രൂപ നിക്ഷേപിച്ചാൽ എം.വി.ആർ. കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ

**അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ചികിത്സ.**

- 60 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് പദ്ധതിയിൽ അംഗമാകാം.
- അവർ നിലവിൽ കാൻസർ രോഗബാധിതരായിരിക്കരുത്.
- ചികിത്സാ ആനുകൂല്യം 70 വയസ്സ് വരെ.
- 15,000 രൂപ തിരിച്ചുകിട്ടുന്ന സ്ഥിരനിക്ഷേപം. എപ്പോൾ വേണമെങ്കിലും നിക്ഷേപം പിൻവലിക്കാം*



വ്യവസ്ഥകൾക്കും അപേക്ഷാഫോറത്തിനും ബാങ്കിന്റെ ശാഖകളുമായോ താഴെ പറയുന്ന നമ്പറുകളിലോ ബന്ധപ്പെടുക

+91 9446 383 311, +91 9446 034 311

ഓൺലൈനായും അപേക്ഷിക്കാം

masscare.calicutcitybank.com    masscare@mvrccri.co

MVR CANCER CENTRE & RESEARCH INSTITUTE
Vellalasseri P.O.,
Kozhikode - 673 601
www.mvrcancerhospital.com

CALICUT CITY SERVICE CO-OP BANK LTD.
H.O. Chalappuram, Kozhikode - 673 002

care FOUNDATION
CANCER & ALLIED AILMENTS RESEARCH FOUNDATION
Vellalasseri P.O., Chooloor
Kozhikode - 673 601